৪.৭
[illegible]

# ഗദ്യമാലിക

## ഒന്നാംഭാഗം.

ബി. വി. ബുക്ക്ഡിപ്പോ
തിരുവനന്തപുരം.

☞ പ്രകടനാധികൃതൻെറ മുദ്രയില്ലാത്ത പുസ്തകം
വ്യാജനിർമ്മിതമാകുന്നു.

വില ഉറുപ്പിക ൳

SRI KRISHNAVIL... READING ROOM MALAYINKEEL

# ഗദ്യമാലിക.

## ഒന്നാംഭാഗം.

1064—1070-വരെയുള്ള "വിദ്യാവിനോദിനി"യിൽ നിന്ന്.

മ. രാ. രാ. എസ്സ്. പരമേശ്വരയ്യർ എം. എ. ബി. എൽ., സി. എസ്സ്. ഗോപാല പണിക്കർ ബി. എ., നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള, ഒ. എം. ചെറിയാൻ ബി. ഏ. എൽ. റി., ജി. രാമൻമേനോൻ എം. ഏ. മുതലായവർ തിരഞ്ഞെടുത്ത് ഉണ്ടാക്കീട്ടുള്ളത്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. എം. ആർ. ഏ. എസ്സ്. എഫ്. ആർ. എച്ച്. എസ്സ്. തിരുമനസ്സിലെ അവതാരികയോടും കൊച്ചി രാമവർമ്മ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ മുഖവുരയോടും കൂടിയത്.

സർവ്വകലാശാലക്കാർ പാഠപുസ്തകമായി അംഗീകരിച്ചിട്ടുള്ളത്.

ബി. വി. ബുക്ക് ഡിപ്പോ,

തിരുവനന്തപുരം.

൨-ാം പതിപ്പ്—കാപ്പി ൩൦൦൦.

പ്രകടനാധികൃതൻ: കുളക്കുന്നത്ത് ഗോപാലമേനോൻ.

കാപ്പിറൈററ് രജിസ്റ്റർചെയ്തിരിക്കുന്നു.

☞ പ്രകടനാധികൃതന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

"വിദ്യാഭിവർദ്ധിനി" അച്ചുക്കൂടം കൊല്ലം.

വില—ഉറുപ്പിക—൧.

# To

His Highness Kerala Varma,

# VALIA KOIL TAMPURAN,

Who is universally admitted

To be

The Father of Malayalam Prose,

This compilation of some of the best

specimens of Malayalam Prose

Is by kind permission dedicated

By

His Highness's devoted servant,

The Publisher.

# അവതാരിക

ഒരു ഭാഷയുടെ ഉൽകർഷത്തെ പരിച്ഛേദിക്കുന്നത് അതിലുള്ള ഗദ്യഗ്രന്ഥങ്ങളുടെ എണ്ണംകൊണ്ടാണെങ്കിൽ മലയാളഭാഷയുടെ അവസ്ഥ അദ്യാപി ശോചനീയയായിത്തന്നെ ഇരിക്കുന്നു എന്ന് സമ്മതിക്കാതെ കഴികയില്ലാ. പ്രാചീനവിദ്വാന്മാർ മലയാളത്തിൽ പദ്യകൃതികളെ അല്ലാതെ പറയത്തക്ക യാതൊരു ഗദ്യകൃതികളേയും എഴുതീട്ടുള്ളതായി അറിയുന്നില്ലാ. തിരുവിതാംകൂർ ഗവർൺമേൻറു നാല്പതുകൊല്ലങ്ങൾക്കു മുൻപ് പാഠപുസ്തകങ്ങൾ എഴുതുന്നതിനായി ഒരു ബുക്കു കമ്മിററി ഏർപ്പെടുത്തി അതിൻെറ അദ്ധ്യക്ഷനായി എന്നെനിയമിച്ച അവസരത്തിൽ മലയാളഭാഷയ്ക്കു ഒരു സർവസംപ്രതിപന്നയായ ഗദ്യരീതി ഇല്ലാതിരുന്നതിനാലുള്ള ക്ലേശം എനിക്കു നല്ലവണ്ണം അനുഭവപ്പെട്ടിട്ടുണ്ട്.

സർവകലാശാലാധികൃതന്മാർ മലയാളഭാഷയേക്കൂടി ഉപഭാഷയായി സ്വീകരിച്ച് അതിൽ പാഠപുസ്തകങ്ങളെ നിശ്ചയിക്കേണ്ടതായി വന്നപ്പോൾ ഇതരഭാഷകൾക്കൊപ്പം മലയാളഭാഷയിലുംഗദ്യ ഗ്രന്ഥങ്ങളെ തിരഞ്ഞെടുക്കേണ്ടിവന്നതിനാൽ വളരെക്കാലത്തേക്കു യഥോചിതഗ്രന്ഥദാരിദ്ര്യത്താൽ കഥകളിപ്പാട്ടുകളേയും ഗുണ്ടർട്ടിൻെറ വ്യാകരണത്തേയും കൂടി ഗദ്യകൃതികളുടെ കൂട്ടത്തിൽ ഗണിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ അന്നുണ്ടായിരുന്ന അതികഠിനമായ ദുർഭിക്ഷം ഇപ്പോൾ ക്രമേണ കുറഞ്ഞുവരുന്നുണ്ടെന്നു നമുക്കു സമാധാനപ്പെടാൻ വേണ്ടുവോളം അവകാശമുണ്ട്.

വൃത്താന്തപത്രങ്ങളും മാസികകളും ഇപ്പോൾകുറെ അധികമായിപ്പോയിട്ടുണ്ടെങ്കിലേ ഉള്ളു. സഭകളും, യോഗങ്ങളും പ്രസംഗങ്ങളും, വാദപ്രതിവാദങ്ങളുമെല്ലാം ഇക്കാലത്തു ദൈനംദിനമായിട്ടെന്നപോലെ നടക്കുന്നുണ്ടു. ഗദ്യമെഴുത്തുകാർ ധാരാളംതന്നെ എങ്കിലും, സാരള്യം, പ്രൌഢത, ഗാംഭീര്യം, പ്രസാദം, കാന്തി, ഔജ്ജ്വല്യം, ഓജസ്സു മുതലായ ഗുണങ്ങൾ തികഞ്ഞ ഒരു ഗദ്യരീതി ഭാഷയിൽ സാർവത്രികമായി ഏർപ്പെട്ടിട്ടുണ്ടെന്നു് പറയുന്നതിനു മനസ്സു സമ്മതിക്കുന്നില്ലാ. പദ്യത്തിനുള്ളതു പോലെതന്നെ ഗദ്യത്തിനും രീതിഭേദങ്ങൾ ഉണ്ടു. എഴുത്തച്ഛൻ, ഉണ്ണായിവാര്യർ, നമ്പ്യാർമുതൽ പേരുടെ പദ്യരീതിയെല്ലാം പ്രത്യേകം ഭേദിച്ചിരിക്കുന്നതുപോലെ ഇ

ന്നവരുടെ ഗദ്യരീതിഎന്നു വേർതിരിച്ച് കാണിക്കുന്നതിന് ഒരു വ്യാഖ്യാത്തകധമ്മമെടുത്തു പറവാൻ മാഗ്ഗം കാണുന്നില്ല. ഇംഗ്ലീഷിൽ അഡിസൺ,മെക്കാളെ കാർലൈല്, മാത്യ അർണാൾഡ് മുതലായവരെപോലെ ഭാഷയിൽ ഗദ്യഗ്രന്ഥന പ്രസ്ഥാനത്തിൽ ചില മാഗ്ഗദർശകന്മാരെ ചൂണ്ടിക്കാണിക്കുന്നതിന് നിവ്വാഹമില്ലാതെ വന്നിരിക്കുന്നു. എങ്കിലും ഉള്ളതിൽ നല്ലതു ഗ്രഹിക്കുക എന്ന ന്യായത്തെ പ്രമാണീകരിച്ചു നോക്കുന്നതായാൽ അച്യുതമേനവൻ, ചന്തുമേനവൻ. ഇങ്ങിനെരണ്ടു മേനവന്മാരുടെ നാമധേയങ്ങളെ ആണ് ഭാഷയിൽ ഗദ്യരചനയിൽ രീതിപ്രവത്തകന്മാരായി പറയാവുന്നതു. ശാസ്ത്രീയവിഷയങ്ങളെ കാഠിന്യംകളഞ്ഞു ലളിതപ്പെടുത്തി കവിസൂക്തി സുലഭമായ മാധുൎയ്യത്തോടുകൂടെ എഴുതുന്നതിൽ അച്യുതമേനവനു വിശേഷസാമത്ഥ്യമുണ്ട്. തത്തൽപ്രകൃത്യനുസാരേണ കഥാപുരുഷന്മാരെ കെട്ടിച്ചമച്ചു താദാത്മ്യപ്രതീതി വരത്തക്കവിധത്തിൽ കഥാബന്ധം ചെയ്യുന്നതിൽ ചന്തുമേനവൻ അദ്വിതീയനാണ്.

തത്താദൃശനായ അച്യുതമേനവൻെറ പത്രാധിപത്യത്തിൽ പ്രചരിച്ചുകൊണ്ടിരുന്ന കാലത്തുള്ള "വിദ്യാവിനോദിനി"യിലെ പലവക ലേഖനങ്ങളിൽ നിന്നെടുത്തിട്ടുള്ള ഉപന്യാസങ്ങളെ കൊണ്ടു ചമയ്ക്കപ്പെട്ടതാകുന്നു "ഗദ്യമാലിക" എന്ന പ്രകൃതപുസ്തകം. ഇതിൽ അധികഭാഗവും പത്രാധിപൻെറ സ്വന്തം തന്നെയാകുന്നു. അതുകൂടാതെയുള്ള ലേഖനങ്ങൾ മ. രാ. രാ. എം. രാജരാജവമ്മരാജ എം. ഏ, ബി. എൽ, കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ രാജാ" മുതലായവർ എഴുതീട്ടുള്ളതാകുന്നു. ഇവ എല്ലാംതന്നെ തിരഞ്ഞെടുത്തിട്ടുള്ളതു് ഇദാനീന്തനഭാഷാഭിമാനികളിൽ പ്രഥമഗണനാഹന്മാരായ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ. ബി. എൽ, സി. എസ്സ്. ഗോപാലപ്പണിക്കർ ബി. ഏ, ജീ. രാമൻമേനോൻ എം. ഏ, ഓ. എം. ചെറിയാൻ ബി. ഏ. എൽ ടി, മുതലായവർ ആകുന്നു. ഇവയിൽ ഓരോന്നും പ്രത്യേകം, അത്ഥശാസ്ത്രം, ചരിത്രം, സാഹിത്യം, തത്വശാസ്ത്രം, ജീവചരിത്രം മുതലായ ഓരോ വിഷയവിശേഷത്തെ ക്രോഡീകരിക്കുന്നു. ആകപ്പാടെനോക്കുമ്പോൾ "ഗദ്യമാലിക"സംസ്കൃതത്തിൽ, "സുഭാഷിതാവലി" "സൂക്തിമുക്താവലി, സുഭാഷിതരത്നഭാണ്ഡാഗാരം"മുതലായപദ്യസൂക്തിസങ്കലനങ്ങൾപോലെ ഭാഷയിൽ ഒരു ഗദ്യസൂക്തി മുക്താവലിയാകുന്നു. ഇതിനെ വിദ്യാത്ഥികൾ ഹൃദിസ്ഥമാക്കിയാൽ ഭാഷയിലെ ഗദ്യദാരിദ്ര്യം അചിരേണ അവസാനിക്കാൻ ഇടവരുന്നതാണെന്നുള്ളതിൽ ലേശം സംശയം ഇല്ല.

ഈ ഒന്നാംഭാഗംപോലെതന്നെ ഗദ്യമാലികയുടെ ശേഷമുള്ള ഭാഗങ്ങളും ഉൽകൃഷ്ട ഗദ്യകൃതികളുടെ സരസസങ്കലനരൂപങ്ങളായിരിക്കുമെന്നു വിശ്വസിക്കുന്നു. അവയിൽ "രസികരഞ്ജിനി", "ഭാഷാപോഷിണി" മുതലായ മററു മാസികകളിൽനിന്നും "ഇന്ദുലേഖാ", "അക്ബർ", "ശാരദ" മുതലായ ആഖ്യായികകളിൽനിന്നും വിജ്ഞാനമഞ്ജരി, സന്മാർഗ്ഗപ്രദീപം മഹച്ചരിതസംഗ്രഹം മുതലായ ഇതരകൃതികളിൽനിന്നും കൂടി പാഠങ്ങളെ എടുത്തു ചേർത്താൽ നന്നായിരിക്കുമെന്നു തോന്നുന്നു. പ്രസാധകൻെറ ശ്ലാഘ്യമായ ഈ വ്യവസായത്തെ സർവ്വകലാശാലയിലും വിദ്യാഭ്യാസവകുപ്പിലും ഉള്ള അധികൃതന്മാർ വേണ്ടുംവണ്ണം അഭിനന്ദിച്ച് പരോപകാരനിരതനായി പരിശ്രമിക്കുന്ന ഇദ്ദേഹത്തെ യഥോചിതം പ്രോത്സാഹിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.

തിരുവനന്തപുരം }<br>
൧൦൮൩ മീനം ൨-ാം൹ }    കേരളവർമ്മാ.

# മുഖവുര.

„വിദ്യാവിനോദിനി" മാസികയുടെ നല്ല കാലത്ത് കൊള്ളാവുന്നവർ അറിഞ്ഞെഴുതിയിട്ടുള്ള നല്ലനല്ല ലേഖനങ്ങളെ തിരഞ്ഞെടുത്തു കൂട്ടി ഇണക്കി ഉണ്ടാക്കീട്ടുള്ള ഈ ഗദ്യമാലിക ഒന്നാംഭാഗത്തിന് മുഖവുര എഴുതുന്നകാര്യത്തിൽ പ്രത്യേകമായ ചാരിതാർത്ഥ്യത്തിനും സന്തോഷത്തിനും എനിക്കവകാശമുണ്ട്. മാസികാപ്രവർത്തനത്തിങ്കൽ അല്പമായ പരിചയവും ഇതിന്റെ പ്രസാധകനുമായിട്ടുള്ള നിഷ്കളങ്കസൌഹാർദ്ദവുമാകുന്നു അതിന്നു മുഖ്യകാരണങ്ങൾ. അതേ കാരണങ്ങളെക്കൊണ്ട് ഇങ്ങിനെ ഒരു പുസ്തകംകൊണ്ടുണ്ടാകാവുന്ന ഗുണങ്ങളും ഈ ഉദ്യമത്തിൽ പ്രസാധകന്റെ ആന്തരമായ ഫലോദ്ദേശ്യവും അറിഞ്ഞ് വിവരിക്കുവാൻ വേണ്ട സൌകര്യവും അധികാരവും എനിക്ക് തീരെ ശൂന്യമല്ലെന്ന് വിശ്വാസത്തിന്മേലാണ്, സാഹസശങ്കയുണ്ടെങ്കിലും അതിനെ വകവെയ്ക്കാതെ ഞാൻ ഈ മുഖവുര എഴുതുവാൻ ആരംഭിക്കുന്നത്.

കേവലവർത്തമാനപത്രങ്ങൾ, ഓരോ പ്രത്യേകവിഷയങ്ങളെ സവിസ്തരം പ്രതിപാദിക്കുന്ന പുസ്തകങ്ങൾ, വിവിധവിഷയങ്ങൾ അല്പാല്പം അടങ്ങീട്ടുള്ള മാസികകൾ, ഇവ മൂന്നുംതമ്മിലുള്ള വ്യത്യാസത്തേയും അവയുടെ താരതമ്യത്തേയും കുറിച്ചാണ് ആദ്യമെ പര്യാലോചിപ്പാൻ കാണുന്നത്. വർത്തമാനപത്രങ്ങളുടെ പ്രധാനോദ്ദേശ്യം വാർത്താനിവേദനം മാത്രമായതുകൊണ്ട് വാചകങ്ങളുടെ രീതി നിഷ്ഠമുതലായതും പ്രസ്താവിക്കുന്ന വിഷയങ്ങളുടെ ശാശ്വതമായ പ്രയോജനവും അവാന്തരഗുണങ്ങളായിട്ടേ ഗണിക്കേണ്ടതുള്ളൂ. സ്ഥലദൌർല്ലഭ്യം മുതലായ യാതൊരു പ്രതിബന്ധവുംകൂടാതെ ഉദ്ദിഷ്ടമായ ഒരു പ്രധാനവിഷയത്തെ ഉപന്യാസരൂപേണയോ, കഥാരൂപേണയോ യഥേഷ്ടം വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ വിഷയപൂർത്തി എന്ന ഗുണംകൊണ്ട് മുമ്പിട്ടുനിൽക്കുമെങ്കിലും ആയവ ഭിന്നരുചിയായ ലോകത്തിന് സാമാന്യേന രുചിപ്രദമായിരിക്കുമെന്ന് വിചാരിക്കുവാൻ ന്യായമില്ല. എന്നാൽ അതാതു വിഷയങ്ങളിൽ വിശേഷിച്ചും പണ്ഡിതന്മാരായ ലേഖകന്മാരുടെ വിവിധവിഷയകമായ ജ്ഞാനത്തെ കടഞ്ഞെടുത്ത് സാരം ആസ്വാദ്യമാകുംവണ്ണം ചേർത്തിട്ടുള്ള മാസികയാവട്ടെ എല്ലാപേർക്കും രസിയ്ക്കത്തക്കതും ചുരുങ്ങിയ മട്ടിലെങ്കിലും സർവ്വതോമുഖമായൊരറിവിനെ ഉണ്ടാക്കുവാനുതകുന്നതും ഉപരിജ്ഞാനസമ്പാദനത്തിന് മാർഗ്ഗദർശിയായി— അല്ലെങ്കിൽ, ആദിപാഠമായി—തീരാവുന്നതും പണ്ഡിതനെന്നും പാ

മരനെന്നും ഉള്ള ഭേദമില്ലാതെ എല്ലാപേക്ഷം വിദ്യാലാഭത്തിന് ഒ രു രാജവീഥിയായിത്തന്നെ വിചാരിക്കപ്പെടാവുന്നതും ആകുന്നു.

മലയാളത്തിൽ എഴുതാവുന്നവരും എഴുതുന്നവരും ആയ ഗ്രന്ഥകാരകന്മാരോ വായിക്കേണ്ടവയും വായിക്കുന്നവയും ആയ ഗ്രന്ഥങ്ങളൊ, പല ദിക്കിലും പലവിഷയങ്ങളിലുമായി ധാരാളമുണ്ടായിരുന്നുവെങ്കിൽ മാസികകളെക്കൊണ്ടുള്ള ഉദ്ദേശ്യംകുട്ടുമുക്കാലുംസാധിക്കാമായിരുന്നു എന്നു വരികിലും അല്പസമയംകൊണ്ട് സുഖവഴിക്ക് പലതിൻേറയും മുഖജ്ഞാനമുണ്ടാക്കുവാൻ മാസികാപുസ്തകം അത്യന്താപേക്ഷിതമാകുന്നു. മേൽപറഞ്ഞമാതിരി സർവ്വഗുണസമ്പന്നമായ ഒരു മാസിക മലയാളത്തിൽ ഉണ്ടെന്നൊ ഉണ്ടായിട്ടുണ്ടെന്നൊ ഞാൻ സിദ്ധാന്തിക്കുന്നില്ലാ. ഉള്ളതിൽഭേദമായിരുന്നു "വിദ്യാവിനോദിനി" എന്നു മാത്രമേ എനിക്കഭിപ്രായമുള്ളു. അതിൽതന്നെ ഏററവും ജീവനുള്ള ലേഖനങ്ങൾ പത്തിനെട്ടു വാശിയും വിനോദിനിയുടെ ഉച്ചസ്ഥിതിയിൽ പത്രാധിപത്യം വഹിച്ചിരുന്ന, സി, അച്യുതമേനവൻേറ ആകുന്നുവെന്നും സംശയിപ്പാനില്ല. അച്യുതമേനവൻേറ തർജ്ജമകൾക്കും സ്വയംകൃതങ്ങളായ ഉപന്യാസങ്ങൾക്കും കണ്ടുവരുന്ന ആസ്വാദ്യതയ്ക്കു് പ്രത്യേകകാരണങ്ങളുമുണ്ട്.

"തന്മയത്വമാണല്ലൊ ഭാഷാന്തരത്തിൻേറ ജീവൻ" മൂലഭാഷയുടെ രീതിഭേദം ചുവയ്ക്കാതെ അർത്ഥരസങ്ങളുടെ പകൎച്ചയാകുന്ന തന്മയത്വത്തിൻേറ മൎമ്മം. ഈ മൂലതത്വം പ്രത്യേകം ഓർമ്മവയ്ക്കാതെ ചെയ്യുന്നതർജ്ജമ കാപ്പിരികൾ യൂറോപ്യവേഷംധരിച്ചു കൂട്ടത്തിൽ ഇരിക്കുകയേയുള്ളു. വേഷപ്പകൎച്ച ഇല്ലാത്തവർ മുഖത്തു് തേച്ചു് ചാടിത്തുള്ളുന്നതുകൊണ്ടു് വേഷധാരിയാകുന്നതല്ലാതെ വേഷക്കാരനാകുന്നതല്ലാ. ഇതൊക്കെയും ഇതിലപ്പുറവും കണ്ടിട്ടാണ് അച്യുതമേനവൻ തർജ്ജമയ്ക്കു് ശ്രമിച്ചിട്ടുള്ളതെന്നു് ധനശാസ്ത്രസംബന്ധമായ ലേഖനങ്ങളിൽനിന്നു് പ്രത്യക്ഷപ്പെടുന്നതാണ്. മലയാളഭാഷയിൽ എന്നല്ലാ സംസ്കൃതത്തിൽകൂടി ഇല്ലാത്ത വിഷയങ്ങളെ സൂക്ഷ്മമാകുംവണ്ണം പ്രതിപാദിക്കുന്ന അനേകം പുസ്തകങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ കിടപ്പുള്ളപ്പോൾ സ്വഭാഷാഭിവൃദ്ധിക്ക് ആ വക പുസ്തകങ്ങൾ തർജ്ജമചെയ്യാതെ നിവൃത്തിക്കുന്നതുമല്ലാ. അങ്ങിനെ ഭാഷാന്തരപ്പെടുത്തുന്നതു് ഭാഷാദൂഷണമായി തീരാതിരിക്കേണ്ടതും അത്യാവശ്യംതന്നെ. ഇംഗ്ലീഷുവാക്കുകൾക്കു് തക്കതായ മലയാളവാക്കുകൾ സുലഭമല്ലാത്ത സ്ഥിതിക്കു് പുതിയവാക്കുകൾ സൃഷ്ടിക്കുന്നതിലൊ മൂലവാക്കുകളുടെ സാരം പകൎത്തുന്നതിലോ തർജ്ജമക്കാരൻേറ മനോധൎമ്മത്തെ വേണ്ടും വഴിയ്ക്കു തിരിച്ചില്ലെങ്കിൽ അതുകുസൃഷ്ടിയും നിസ്സാരവുമായി തീരുന്നതാണ്. പുസ്തകപരിശോധന മുത

ലായ ചില ഘട്ടങ്ങളിൽ അച്യുതമേനവൻ "മെക്കാളെ" എന്ന അംഗ്ലേയ ഗ്രന്ഥകൎത്താവിനെ പലപ്പൊഴും അനുകരിച്ചിട്ടുള്ളതായി ഞാൻഓൎക്കുന്നുണ്ട്. ആ അവസരങ്ങളിൽ അച്യുതമേനവൻ പുറപ്പെട്ടു എന്നല്ലാതെ "മെക്കാളെ" പുറപ്പെട്ടു എന്നു ഒരിക്കലും തോന്നിട്ടില്ല.

കേരളഭാഷയിൽ സ്ഥിരമായ ഒരു ഗദ്യരീതിയാകട്ടെ, രീതിക്കു വ്യവസ്ഥചെയ്യുന്നതായ ഗ്രന്ഥങ്ങളാകട്ടേ ഉണ്ടായിരുന്നതായൊ ഉള്ളതായൊ കേട്ടുകേളിയില്ലെങ്കിലും പണ്ടുള്ള ഗ്രന്ഥവരികളിലും വിധിപ്പകൎപ്പുകളിലും എഴുത്തുകളിലും സാമാന്യേന ഒരു വാചകസംപ്രദായം കാണുന്നുണ്ട്. അതിൽ വ്യാകരണശാസ്ത്രത്തെ അനുസരിച്ച് വേണ്ട പൂൎവ്വാപരബന്ധം തീരെ അഗണ്യമാക്കി വാചകങ്ങൾ വലിച്ചു നീട്ടിക്കാണുമെങ്കിലും കേൾവിക്കുള്ള സുഖം, അൎത്ഥത്തിന്റെ തികവ്, സ്തോഭത്തിന്റെ തെളിവ് മുതലായ ചില സംഗതികളിൽ ആ വാചകരീതിക്ക് ഒരു വകതിരിവുള്ളതായി കാണുന്നുണ്ട്. "അങ്കത്തട്ടി, അങ്കമാടിക്കരയേറി, കട്ടത്തില ഇടകടഞ്ഞ്, മുനകടഞ്ഞു, മുനയിലാദിത്യഭഗവാനെയും ദർശിപ്പിച്ച് നീട്ടകിൽ നെഞ്ചുപിളപ്പെൻ" എന്നും മററും സംഘക്കളിക്കാർ കറിശ്ലോകം എന്ന് പറഞ്ഞുവരുന്ന ഒരുമാതിരി ഗദ്യമാല ചൊല്ലുന്നതിലും പഴയ ഗ്രന്ഥവരികളിലും മേക്കൻസിയുടെ "കയ്യെഴുത്തുകളിലും" സചേതനമായി കാണുന്ന വാചകരീതി കാലംകൊണ്ട് മൃതപ്രായമായി തീൎന്നു. കേരളത്തിൽ വിദേശീയന്മാർ അക്രമിച്ചുണ്ടായ ക്ഷോഭത്തോട്ടുകൂടി കേരളീയരുടെ കാൎയ്യനിൎവ്വഹണാദി സമ്പ്രദായത്തിലും ദിനചൎയ്യയിലും കടന്നുകൂടിയ കലക്കം കേരളഭാഷയേയും ബാധിച്ച് മലയാളത്തിൽ ഗദ്യമെഴുത്തിന്നുള്ള അവകാശംതന്നെ വളരെ ചുരുങ്ങി. മലയാളികൾ ആയുധംവെച്ചതോട്ടുകൂടി 'അങ്കം, ചുങ്കം, ഏഴ, കോഴ' മുതലായ അവകാശങ്ങളും "ആളും വാളും ശേഖരിച്ച് കുററിയും വാടയും തീൎത്ത് കൊററവും കോളും കടത്താതെ കോട്ട കൊത്തളം, കാവൽ ചേവകവും" അവക വാക്കുകളും അസ്തമിച്ചു. ടിപ്പുവിന്റെ കലാപത്തിന്നു ശേഷം ഗ്രന്ഥവരി എഴുതുക എന്ന സംപ്രദായം കൂടി ഒട്ടു മുക്കാലും നഷ്ടപ്രായമായി. സ്വസ്ഥന്മാരായ കേരളീയവിദ്വാന്മാൎക്ക വിദ്യാവിനോദത്തിന്നായി പദ്യവിഷയത്തിലായി പരിശ്രമം മുഴുവനും. ഇംഗ്ലീഷുകാരുടെ സ്വായാധികാരത്തിന്നു പ്രാബല്യം വൎദ്ധിച്ചപ്പോൾ കച്ചേരി കോടതി മുതലായ പലേടങ്ങളിൽപോലും അതിന്റെ ഊഷ്മാവു് തട്ടി ആ വഴിക്കെങ്കിലും അല്പവൃത്തി നിലനിന്നുപോന്നിരു

ന്ന ഗദ്യശകലങ്ങളും ദുർല്ലഭമായിത്തീൎന്നു. സ്വാധീനത്തിൽ ഇരുന്നിരുന്ന വാചകരീതിയും വാക്കുകളും ഗ്രന്ഥവരികളിലും പഴയ റിക്കാർട്ടുകളിലും ഉപയോഗമില്ലാതെ കിടന്നു ജീൎണ്ണപ്പെട്ട് നിത്യവൃത്തിക്കുകൂടി അന്യഭാഷകളെ അപേക്ഷിക്കേണ്ടി വന്നുവെങ്കിലും ഇംഗ്ലീഷുഭാഷാസങ്കലനം സ്വഭാഷയ്ക്കു പിന്നീട് അഭിവൃദ്ധിക്കു കാരണമായിത്തീൎന്നിട്ടുണ്ട്. മലയാളഭാഷാഗദ്യത്തിനു ഒരു പുനർജന്മം സിദ്ധിച്ചതു് തിരുവിതാംകൂർ ബുക്കുകമ്മിററിയുടേയും, മാസികകളുടേയും, പത്രങ്ങളുടേയും ആവിർഭാവത്തോടുകൂടിയാണ്. ഈ കൂട്ടത്തിൽ ഒട്ടും അഗണ്യമായിട്ടുള്ളതല്ല "വിദ്യാവിനോദിനി" മുഖേന ഉള്ള അച്യുതമേനവൻെറ പരിശ്രമം.

സൎവ്വദേശസാമാന്യത്വം, അൎത്ഥപൂൎത്തി, വാചകത്തികവ്, സൌഷ്ഠവം, ഓജസ്സ്, ഫലിതം ഇവയാകുന്നു അച്യുതമേനവൻെറ വാചകങ്ങൾക്കുള്ള പ്രത്യേകത. ഈ ഗദ്യമാലിക വായിച്ചുനോക്കിയാൽ ഞാൻ പറഞ്ഞിട്ടുള്ളതിൻെറ വാസ്തവമറിവാൻ കഴിയുന്നതുകൊണ്ടു് ഓരോന്നിനും വെവ്വേറെ ഉദാഹരണങ്ങൾ എടുത്തു് കാണിച്ചിട്ട് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. "മലയാളികളായ വായനക്കാൎക്ക് ഗ്രന്ഥങ്ങളുടെ ഗുണദോഷം ചിന്തിപ്പാനുള്ള ശക്തി ജലദോഷം പിടിപെട്ട മൂക്കിൻെറപോലെയായിട്ടാണു് കാണുന്നതു്." ഈ ദോഷത്തിനുള്ള പരിഹാരം അച്യുതമേനവൻ ഒരാളാണു് ഗ്രന്ഥകൎത്താക്കന്മാൎക്കും വായനക്കാൎക്കും ഒരുപോലെ കാണിച്ചു കൊടുത്തിട്ടുള്ളതു്. "കണ്ടുസീതയെ", "ആതാകുന്നുകാൎയ്യം", എന്നപോലെ ആശയങ്ങൾക്ക് ജീവൻ വരുത്തുന്ന വാക്കുകൾ സാദൃശ്യംപോലെ ഉപയോഗിക്കുന്നതിലും വാചകങ്ങളിൽ അനാവശ്യപദം ചുരുക്കി വേണ്ടത്തക്ക തികവു് വരുത്തുന്നതിലും അൎത്ഥത്തിന്നു ഏററക്കുറവു കൂടാതെ വാക്കുകളെ തിരഞ്ഞെടുക്കുന്നതിലും ഫലിതത്തിൻെറ മൎമ്മം കണ്ടു് പ്രയോഗിക്കുന്നതിലും അച്യുതമേനവനുള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയാകുന്നു. അച്യുതമേനവൻേറയും മററു പല മഹാന്മാരുടേയും തൂലികയുടെ ഗുണംതന്നെയാണു് ഗദ്യപംക്തിയിൽ 'വിനോദിനി'യെ വിശേഷിച്ചു് പ്രകാശിപ്പിക്കുന്നതു. അങ്ങിനെയുള്ള ലേഖനങ്ങൾ നശിച്ചുപോകാതെ ശേഖരിച്ചു് പുസ്തകരൂപേണ പ്രസിദ്ധീകരിക്കുന്നതു് മാസികാപ്രവൎത്തകന്മാൎക്ക് ഉത്സാഹത്തിന്നും സ്വഭാഷയ്ക്കു ശ്രേയസ്സിന്നും അത്യന്തം ഉപകരിക്കുന്നതാകയാൽ പ്രസാധകൻെറ പരോപകാരാത്മമായ ഈ ഉദ്യമം സൎവ്വഥാ അഭിനന്ദിനീയവും അഭിമാനഹേതുകവുമാകുന്നു.

കുമാരമന്ദിരം, തൃശ്ശിവപേരൂർ
൧൦൮൩ ധനു. } രാമവൎമ്മ.

# വിജ്ഞാപനം.

സൎവ്വകലാശാലപരീക്ഷകൾക്കും മററും പാഠ്യപുസ്തകങ്ങളായി നിൎദ്ദേശിപ്പാൻ തക്കയോഗ്യതയുള്ള ഗദ്യഗ്രന്ഥങ്ങൾ ദുൎല്ലഭങ്ങളാണെന്നുള്ള ആക്ഷേപം മലയാളഭാഷയ്ക്കു വളരെ കാലമായിട്ടുള്ളതാകുന്നു. ഈ ന്യൂനതയെ പരിഹരിപ്പാനായി, മലയാളഭാഷയിൽ പ്രസിദ്ധിയും പ്രശസ്തതയും സമ്പാദിച്ചിട്ടുള്ള ഗദ്യകൎത്താക്കന്മാരുടെ പ്രബന്ധങ്ങളിൽ നിന്നു നമ്മുടെ പാഠശാലാവിദ്യാൎത്ഥികൾക്കും പൊതുജനങ്ങൾക്കും കൂടി മാതൃകാരൂപങ്ങളായ ഭാഗങ്ങളെ തിരഞ്ഞെടുത്തു് ഒരു ഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിനു കുറെ കാലമായി ഞങ്ങൾ വിചാരിച്ചുകൊണ്ടിരിക്കയായിരുന്നു. പ്രസ്തുതപുസ്തകം ആ ഗ്രന്ഥാവലിയിൽ ഒന്നാമത്തേതും, മ. രാ. രാ. സി. പി. അച്യുതമേനോൻ ബി. ഏ. അവൎകൾ പത്രാധിപരായിരുന്ന കാലത്തെ "വിദ്യാവിനോദിനി" മാസികയിൽനിന്നു് എടുത്തിട്ടുള്ള ലേഖനങ്ങൾ അടങ്ങിയിരിക്കുന്നതും ആകുന്നു. ഇതിൽ ചേൎത്തിട്ടുള്ള വിഷയങ്ങളെ കുറിച്ചു് ഒരു ജ്ഞാനം മലയാളികൾക്കു അന്യത്ര സുലഭമല്ലാത്തതും എന്നാൽ അത്യന്തം ആവശ്യകവും ആകുന്നു. ഇതിലെ ഗദ്യരീതി സുഗമവും ലാളിത്യാദി ഗുണങ്ങൾകൊണ്ടു് ഏററവും അനുകരണീയവും ആണെന്നു സഹൃദയന്മാർ സമ്മതിക്കുമെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ഗ്രന്ഥാവലിയിൽ ചേരുന്ന ഇതരഗ്രന്ഥങ്ങളും ഇതുപോലെതന്നെ വിഷയവൈശിഷ്ട്യം, രചനാസൗഷ്ഠവം, വാക്ചാതുൎയ്യം മുതലായ ഗുണങ്ങൾകൊണ്ടു സൎവ്വഥാ ആദരണീയങ്ങളും അനുകരണീയങ്ങളും ആയിരിക്കണമെന്നാണു ഞങ്ങളുടെ ഉദ്ദേശ്യം.

ഞങ്ങൾ പുറപ്പെടുവിക്കുന്ന ഗ്രന്ഥാവലിയിൽ ഉൾപ്പെടുന്ന ലേഖനങ്ങൾ മ. രാ. രാ. സി. എസ്സ്. ഗോപാലപ്പണിക്കർ. ബി. ഏ. ഒ. എം. ചെറിയാൻ. ബി. ഏ. എൽ. ററി. ഉള്ളൂർ. എസ്സ് പരമേശ്വരയ്യർ. എം. ഏ. ബി. എൽ. എം. ആർ. ഏ. എസ്സ്. * പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ. ജി. രാമൻമേനോൻ. എം. ഏ. നന്ത്യാരുവീട്ടിൽ പരമേശ്വരൻപിള്ള * കെ. ആർ. കൃഷ്ണപിള്ള. ബി. ഏ. * മൂളിയിൽ കൃഷ്ണൻ. ബി. ഏ. ബി. എൽ. എം. ആർ. ഏ. എസ്സ്. എഫ്. എം. യൂ. മുതലായവർ തിരഞ്ഞെടുക്കുന്നതായിരിക്കും.

ഞങ്ങളുടെ ഈ ഉദ്യമത്തിൽ ഞങ്ങളെ ഹൃദയപൂൎവ്വം പ്രോത്സാഹിപ്പിച്ചതിന്, മലയാള "ശാകുന്തളം" എന്ന പേരിനെ സൎവ്വദാ അൎഹിയ്ക്കുന്ന കവികുലശിരോമണിയും, അത്യുദാരമനസ്കനും സഹൃദയസാൎവ്വഭൌമനും ആയ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിനോടും, സാഹിത്യരസികന്മാരിൽവച്ച്, അഗ്രഗണ്യനും വിദ്വജ്ജനസുഹൃത്തും, കുശാഗ്രബുദ്ധിയും സൌജന്യദയാനിധിയും, കൊച്ചി രാജവംശത്തിൽ അലങ്കാരഭൂതനും ആയ രാമവൎമ്മ കൊച്ചു തമ്പുരാൻ തിരുമനസ്സിനോടും, പ്രസാധകന്മാരായ ഞങ്ങളെപ്പോലെ മററു കേരളീയരും അത്യന്തം കൃതജ്ഞതയുള്ളവരായിരിയ്ക്കേണ്ടതാണ്. ഈ മഹാത്മാക്കളുടെ തൂലികകളിൽ നിന്നു പുറപ്പെട്ടിട്ടുള്ള അവതാരികയും മുഖവുരയും ഈ പുസ്തകത്തെ എത്രമാത്രം പ്രശോഭിപ്പിക്കുന്നു എന്നുള്ളതിൽ അഭിജ്ഞന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായത്തിന് അവകാശമുണ്ടെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല.

ഞങ്ങളുടെ ഉദ്ദേശ്യസിദ്ധിക്കായിട്ട് ഞങ്ങൾക്ക് ചെയ്തിട്ടുള്ള അനൎഘമായ സദുപദേശത്തിന് വിദ്വന്മൌലിയും, ഭാഷാവിഷയങ്ങളിൽ സൎവ്വോപരി പ്രമാണഭൂതനും, മഹാനുഭാവനും, സൎവ്വസമ്മതനും, മലയാളഭാഷയ്ക്കു അമൂല്യമായ സ്വത്തിനെ സമ്പാദിച്ചിട്ടുള്ള മഹാനും, കുശാഗ്രബുദ്ധിയും ആയ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ. എം. ഏ. എം. ആർ. ഏ. എസ്സ്. തിരുമനസ്സിലെനോടും, "വിദ്യാവിനോദിനി" പ്രസ്ഥാപകനും സാഹിത്യരസജ്ഞന്മാരിൽ വച്ച് അദ്വിതീയനും മലയാളത്തിൽ അദൃഷ്ടപൂൎവ്വവും അസ്വാദ്യതമവുമായ ഒരു ഗദ്യരചനാരീതിയെ പ്രദൎശിപ്പിച്ച് സഹൃദയഹൃദയാഹ്ലാദനം ചെയ്ത ദേഹവും ആയ സി. പി. അച്യുതമേനോൻ. ബി. ഏ. അവർകളോടും ഞങ്ങൾ പ്രത്യേകം കൃതജ്ഞതയുള്ളവരായിരിയ്ക്കുന്നു.

പൊതുജനസുഹൃത്തും ഉദാരശീലനും ധൎമ്മതല്പരനും ആയ മ. രാ. രാ. പള്ളിയിൽ ഗോപാലമേനോൻ. ബി. ഏ. അവൎകൾ "വിദ്യാവിനോദിനി"യിൽ നിന്നു ലേഖനങ്ങൾ യഥേഷ്ടം തിരഞ്ഞെടുത്തു പുസ്തകരൂപമായി പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾക്ക അനുവാദംതന്നതിനെക്കുറിച്ച് ഞങ്ങൾ പ്രത്യേകം ഉപകാരസ്മരണയോടുകൂടെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

---

* ഇവക്ക് പ്രസ്തുതപുസ്തകത്തിലെ ലേഖനങ്ങൾ തിരഞ്ഞെടുക്കുന്നതിന് പരീക്ഷാസംബന്ധമായ തെരക്കുകളാൽ കഴിഞ്ഞിട്ടില്ലാ.

ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥാവലിയിൽ യഥോചിതലേഖനങ്ങൾ തിരഞ്ഞെടുത്തു് ഞങ്ങളെ സഹായിച്ചുംകൊണ്ടിരിക്കുന്ന, മുൻപറഞ്ഞ വിദ്വാന്മാരായ ഞങ്ങളുടെ മാന്യമിത്രങ്ങളോടുള്ള കൃതജ്ഞതയെ ഞങ്ങൾ ഇവിടെ പ്രകാശിപ്പിച്ചില്ലെങ്കിൽ ഞങ്ങൾ കൃതകൃത്യന്മാരാകുന്നതല്ലാ.

ഈ പുസ്തകം അച്ചടിപ്പിക്കുവാനുള്ള ഭാരവാഹിത്വം പൂൎണ്ണമായി സ്വീകരിച്ചു തന്റെ മേൽനോട്ടത്തോടുകൂടി ഇതിനെ അച്ചടിപ്പിച്ചു ഞങ്ങളെ സഹായിച്ച മ. രാ. രാ. ജീ. രാമൻമേനവൻ എം. ഏ. അവൎകളോടു ഞങ്ങൾ സവിശേഷം കടപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം
24-6-83. } പ്രസാധകൻ.

# സംഗതിവിവരം.


൧. ധനം.
൨. പണം.
൩. പ്രയത്നം.
൪. മൂലധനം.
൫. ധനവിനിമയം.
൬. വില.
൭. ധനവ്യംശനം.
൮. വ്യവസായിസംഘം.
൯. നാണയം.
൧൦. നികുതി.
൧൧. രാജ്യഭരണം.
൧൨. ഭൂരിപക്ഷഭൂരിസുഖം.
൧൩. ഇംഗ്ലീഷ്ഗവർമ്മെണ്ട്.
൧൪. ഭൂസ്വത്ത്.
൧൫. ദാരിദ്ര്യം.
൧൬. കേരളത്തിലെദ്രവ്യപുഷ്ടി.
൧൭. ആരോഗ്യരക്ഷ.
൧൮. നിദ്ര.
൧൯. സ്നാനം.
൨൦. സ്വയംഭരണം.
൨൧. സ്വയംപരിഷ്കാരം.
൨൨. സത്യം.
൨൩. സുശീലം.
൨൪. കേശവപിള്ള ദിവാൻജി.
൨൫. വെണ്മണി അച്ഛൻ നമ്പൂരിപ്പാട്
൨൬. വെണ്മണികടംബൻനമ്പൂരിപ്പാട്.
൨൭. സാഹിത്യവിവേചനം.
൨൮. കാവ്യോദ്ദേശം.
൨൯. കാവ്യം.
൩൦. സംഗീതം.
൩൧. ഭൂകമ്പം.
൩൨. കച്ചവടം.
൩൩. സ്വപ്നം.
൩൪. യോഗം.

SRI KRISHNAVILASA READING ROOM * MALAYINKEEL

# ഗദ്യമാലിക

## ഒന്നാംഭാഗം.

B.V. BOOK DEPOT. TRIVANDRUM.

### ൧. ധനം.

ഒരുവൻ വലിയ ധനികനാണെന്നും മറെറാരുവൻ വളരെ ദ്രവ്യം സമ്പാദിച്ചു എന്നും മററും പറയുമ്പോൾ അതിൻെറ അൎത്ഥം സാധാരണയായി എല്ലാപേൎക്കും മനസ്സിലാവാറുണ്ടു്. എന്നാൽ ധനം എന്നുവച്ചാൽ സൂക്ഷ്മത്തിൽ എന്താണെന്നു് ആലോചിച്ചിട്ടുള്ളവർ നമ്മുടെ കൂട്ടത്തിൽ വളരെ ഉണ്ടോയെന്നു് സംശയമാണു്. എങ്കിലും അതു് ആലോചിച്ചറിയുകയും അതിനെ സംബന്ധിച്ചു് വേറെ പല സംഗതികളുള്ളതിനെ മനസ്സിലാക്കുകയും, ചെയ്യുന്നതു് രാജ്യകാൎയ്യങ്ങളിൽ പ്രവേശിക്കുന്നവൎക്കും, കച്ചവടം മുതലായ പരിശ്രമങ്ങളിൽ ഏൎപ്പെടുന്നവൎക്കും മററും വളരെ ആവശ്യമായിട്ടുള്ളതാണെന്നു് മഹാന്മാരായ പല ഇംഗ്ലീഷ് പണ്ഡിതന്മാർ അഭിഃപ്രായപ്പെട്ടിട്ടുണ്ടു്. അവരുടെ അഭിഃപ്രായം പ്രായേണ ഇംഗ്ലീഷുകാർ സ്വീകരിച്ചിട്ടുണ്ടെന്നുതന്നേയല്ല ധനശാസ്ത്രത്തിൻെറ പരിജ്ഞാനമില്ലാത്തവർ രാജ്യഭാരം ചെയ്യുന്നതിനു് അയോഗ്യരാണെന്നുവച്ചു് അങ്ങിനെയുള്ളവരെ രാജ്യഭരണകൎത്താക്കന്മാരായി നിശ്ചയിക്കാറില്ല. ഈ ശാസ്ത്രത്തിൽ ഉൾപ്പെട്ട സംഗതികൾ എന്തെല്ലാമാണെന്നു് അറിഞ്ഞാൽതന്നെ അതിൻെറ ഉപയോഗവും ഗൌരവവും സ്പഷ്ടമാകുന്നതാണു്. ധനോല്പത്തി, പദാൎത്ഥങ്ങളുടെ വിലയിലുണ്ടാകുന്ന ഭേദഗതികൾ, ക്രയവിക്രയനിയമങ്ങൾ, വേല, കൂലി, പലിശ, പാട്ടം മുതലായവയുടെ സ്വഭാവങ്ങൾ, ജന്മി കുടിയാന്മാർ തമ്മിലുള്ള സംബന്ധങ്ങൾ, നികുതി പിരിക്കുന്നതിൻേറയും ചിലവു ചെയ്യുന്നരിൻേറയും ക്രമങ്ങൾ, കച്ചവടത്തിൻെറ സ്വഭാവവും ഗുണദോഷങ്ങളും, ജനങ്ങൾ വൎദ്ധിക്കുന്നതുകൊണ്ടും ക്ഷയിക്കുന്നതുകൊണ്ടും ഒരു രാജ്യത്തിലേക്കുണ്ടാകുന്ന ഗുണദോഷങ്ങൾ, മുതലായ പല സംഗതികൾ ഈ ശാസ്ത്രത്തിൽ അടങ്ങീട്ടുള്ളവയാകുന്നു. ഈ സംഗതികളെ പ്രത്യേകം വിവരിക്കുന്നതിനു് മുമ്പിൽ ധനത്തിൻെറ സൂക്ഷ്മമായ സ്വഭാവം എന്താണെന്നു് ധരിക്കുന്നതു് പ്രത്യേകം ആവശ്യമാണു്.

ധനം എന്നുവച്ചാൽ സ്വൎണ്ണം, വെള്ളി മുതലായ ലോഹ

ങ്ങളൊ അതുകളെക്കൊണ്ടുണ്ടാക്കിയ നാണ്യങ്ങളോ ആണെന്നാകുന്നു സാധാരണ ജനങ്ങൾ മനസ്സിലാക്കീട്ടുള്ളതു്. ഒരുവന് ലക്ഷം ഉറുപ്പികയ്ക്കു് മുതലുണ്ടെന്നും, മറെറാരുവന് മാസം ൫൦൦-ഉറുപ്പിക മുതലെടുപ്പുണ്ടെന്നും മററും നാം പതിവായി പറഞ്ഞുവരുമ്പോൾ ജനങ്ങൾ ഇങ്ങിനെ ധരിക്കുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. എങ്കിലും ഈ മതം അത്ര ശരിയായിട്ടുള്ളതാണെന്നു് വിചാരിപ്പാൻ പാടില്ല. സൂക്ഷ്മമായി വിചാരിക്കുമ്പോൾ ഒരു ധനവാനും ദരിദ്രനും തമ്മിൽ അനുഭവത്തിൽ എന്താണ് വ്യത്യാസം. ധനവാന് തൻെറ ഉപയോഗത്തിനും സുഖവൃത്തിക്കും വേണ്ട പദാൎത്ഥങ്ങൾ സ്വാധീനമാണ്. ദരിദ്രന് തൻെറ നിത്യവൃത്തിക്ക് വേണ്ടതിന്നുകൂടി വളരെ പ്രയാസമാണ്. എന്നിരിക്കുമ്പോൾ അവക പദാൎത്ഥങ്ങളെയല്ലെ ധനമെന്ന് പറയേണ്ടതു്? ഭക്ഷിപ്പാനുള്ള സാധനങ്ങൾ, ഇരിപ്പാനുള്ള ഭവനം, ഉടുപ്പാനുള്ള വസ്ത്രങ്ങൾ മുതലായതുകളെ അല്ലെ യഥാൎത്ഥത്തിൽ ധനമെന്നു് പറയേണ്ടതു്? നാണ്യം, ആഭരണം മുതലായവയെ ഉണ്ടാക്കുന്നതിനുള്ള സ്വൎണ്ണാദിലോഹങ്ങൾ നമ്മുടെ സുഖവൃത്തിക്ക് ആവശ്യമുള്ളതാകകൊണ്ടു് അതുകളേയും ഈ കൂട്ടത്തിൽ ഗണിക്കാമെന്നല്ലാതെ അതുതന്നെയാണ് ധനം, എന്നു് വ്യവഹരിക്കുന്നതു് അബദ്ധമായിരിക്കില്ലെ? ഒരു രാജ്യത്തിലെ നാണ്യങ്ങളോ, അതുകൾ ഉണ്ടാക്കുന്ന ലോഹങ്ങൾ തന്നേയോ ഇല്ലെന്നു് വരികിലും അവിടെയുള്ള ജനങ്ങൾക്ക് ഒരു മാതിരിയിൽ കഴിഞ്ഞുകൂടാമെന്നു് നമുക്ക് വിചാരിക്കാം. എന്നാൽ ഭക്ഷണസാധനം, വാസസ്ഥലം, മുതലായതില്ലെങ്കിൽ അവൎക്ക് ഒരുപ്രകാരത്തിലും കഴിഞ്ഞുകൂടുവാൻ പാടുള്ളതല്ലല്ലൊ.

പവൻ, ഉറുപ്പിക മുതലായ നാണ്യങ്ങൾ കയ്യിലുള്ളവന്ന് തൻെറ ഉപയോഗത്തിന് വേണ്ട സകലതും സ്വാധീനമാണെന്നു് എല്ലാവൎക്കും അനുഭവമായിരിക്കെ, ആ നാണ്യങ്ങളെ ധനമെന്നു് പറയുവാൻ പാടില്ലെന്നു് വ്യവഹരിക്കുന്നതു് ശരിയല്ലെന്നു് ചിലർ ആക്ഷേപിച്ചേക്കാം. ഇതിന് സമാധാനം എന്തെന്നാൽ ഉറുപ്പിക മുതലായ നാണ്യങ്ങൾ ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകൎയ്യത്തിനുവേണ്ടി മാത്രം നമ്മൾതന്നെ സാങ്കേതികമായ വിലയോടുകൂടി ഒരു ഉപകരണമായി നിൎമ്മിച്ചിട്ടുള്ളതാകകൊണ്ടു് ധനം സ്വാധീനമാക്കുന്നതിനുള്ള ശക്തി അതിന്നു് സിദ്ധിച്ചിട്ടുണ്ടെന്നല്ലാതെ അതുതന്നെയാണ് ധനമെന്നു് പറയുന്നതു് സാധുവാകുന്നതല്ല. ഗ്രന്ഥങ്ങൾ അറിവു് സമ്പാദിക്കുന്നതിനുള്ള ഒരു ഉപകരണമാണെന്നുവച്ച് ആ ഗ്രന്ഥങ്ങൾതന്നെയാണു് അറിവെന്നു് പറയുന്നതു് ശരിയായിട്ടുള്ളതാണോ? നാണ്യങ്ങ

ളാരെ് ധനമെന്നു പറയുന്നതു് ഇതുപോലെ ആകുന്നു. അതുകൊണ്ടു് ഈ ശാസ്ത്രത്തിൽ ഉപയുക്തസാധനങ്ങളെ മാത്രമേ ധനമെന്നു് പറയുള്ളൂ, ലോഹനിൎമ്മിതമായ ഈ ഉപകരണത്തിന്നു് പണമെന്നാകുന്നു പേർ.

മേല്പറഞ്ഞ സംഗതികളെക്കൊണ്ടു് ഉപയുക്തപദാൎത്ഥങ്ങളെല്ലാം ധനമെന്നാണു് സാധിക്കുന്നതു്. അങ്ങിനെയാണെങ്കിൽ മനുഷ്യനു് ഉപയോഗമുള്ളതാണെന്നു തന്നെയല്ല ജീവധാരണം ചെയ്വാൻപോലും അവശ്യം വേണ്ടതായ ജലം, വായു, അഗ്നി മുതലായവയേയും ധനമെന്നു പറയേണ്ടതല്ലേ? ഇതെല്ലാം ധനമാണെങ്കിൽ ഇതിനെ സംബന്ധിച്ചിടത്തോളം ധനികനും ദരിദ്രനും തമ്മിൽ എന്താണു് ഭേദം? ആണ്ടിൽ രണ്ടായിരപ്പറ നെല്ലു് പാട്ടമുള്ളവൻ ആയിരപ്പറ നെല്ലു് പാട്ടമുള്ളവനേക്കാൾ ഇരട്ടി ധനമുള്ളവനാണെന്നു് നമ്മൾ പറയാറുണ്ടു്. അങ്ങിനെ പറയുന്നതു ശരിയായിട്ടുള്ളതുമാണു്. എന്നാൽ രണ്ടടുപ്പിൽ പൂട്ടുവാൻ തീയുള്ളവൻ ഒരടുപ്പിൽ പൂട്ടുവാൻ തീയുള്ളവനേക്കാൾ ധനവാനാണെന്നു് ബുദ്ധിഭ്രമം ഇല്ലാത്തവരാരും പറകയില്ല. അതുകൊണ്ടു് ഉപയോഗിതമാത്രമല്ല, ധനത്തിന്റെ ലക്ഷണം. മനുഷ്യപ്രയത്നമോ, ധനവ്യയമൊ കൂടാതെ അവശ്യമുള്ളെടത്തോളം കിട്ടുന്ന സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും ധനമാണെന്നു പറവാൻ പാടില്ല. എന്നാൽ ശുദ്ധജലം കുറവായും, ജനങ്ങളുടെ അവശ്യത്തിന്നു് വേണ്ടതു് ദൂരദേശങ്ങളിൽ നിന്നു് കൊണ്ടുവരേണ്ടതായും ഉള്ള മദ്രാസ് മുതലായ പട്ടണങ്ങളിൽ വെള്ളത്തിന്നു് വില കൊടുക്കേണ്ടതായി വരുന്നു. അങ്ങിനെയുള്ള ദിക്കുകളിൽ വെള്ളത്തേയും ധനത്തിന്റെ കൂട്ടത്തിൽ ഗണിക്കേണ്ടതാണെന്നു് സ്പഷ്ടമാണല്ലോ. അതുപോലെ തന്നെ സാധാരണ കാലങ്ങളിൽ വളരെ കന്നുകാലികളുള്ളവൻ ധനികനാണു്. എന്നാൽ കൃഷിപ്പണി അസാദ്ധ്യമായ ക്ഷാമകാലങ്ങളിൽ കന്നുകാലികളെ ആൎക്കും അവശ്യമില്ലാത്തതിനാൽ അങ്ങിനെയുള്ള കാലങ്ങളിൽ എത്ര കന്നുകാലികളുള്ളവനേയും ധനികനെന്നു പറവാൻ പാടില്ല.

അതുകൊണ്ടു് എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും കൊടുത്താൽ വിലകിട്ടാത്ത സാധനങ്ങൾ ധനമല്ലെന്നുവരുന്നു. ഇപ്പോൾ ധനമെന്നുവച്ചാൽ എന്തെന്നുള്ളതു സ്പഷ്ടമായല്ലോ. മനുഷ്യനു ഉപയോഗമുള്ളതും ക്രയവിക്രയയോഗ്യവുമായ പദാൎത്ഥങ്ങളാകുന്നു ധനം. ധനശാസ്ത്രസംബന്ധമായ വാദങ്ങൾ മുഴുവൻ നല്ലവണ്ണം മനസ്സിലാകുന്നതിന്നു് ഇതു എല്ലാവരും ഓൎമ്മ വയ്ക്കേണ്ടതാണു്.

ധനത്തിന്റെ സ്വഭാവം ഇതാണെന്നു സൂക്ഷ്മമായി ധരിക്കുന്നതുകൊണ്ടു് എന്താണു് പ്രയോജനം? ഇതുകൊണ്ടു് ദ്രവ്യം സമ്പാദിക്കുന്നതിന്നോ സമ്പാദിച്ചാൽ അതു രക്ഷിക്കുന്നതിന്നോ വിശേഷിച്ചു് വല്ല സൌകൎയ്യവും ഉണ്ടാകുന്നതാണോ? ഒരം രണ്ടുകാൎയ്യമല്ലേ മനുഷ്യന്നു് മുഖ്യമായി ആലോചിപ്പാനുള്ളതു് എന്നു ചിലൎക്കു് തോന്നുമായിരിക്കാം. എല്ലാപേരും അവരവരുടെ കാൎയ്യം മാത്രമേ ആലോചിക്കേണ്ടുവെങ്കിൽ ഈ ആക്ഷേപത്തിന്നു് സമാധാനം ഒന്നും പറയുവാനില്ല. ഒരുത്തന്റെ കയ്യിൽ ആയിരം ഉറുപ്പിക ഉണ്ടായാലും മൂവ്വായിരപ്പറ നെല്ലുണ്ടായാലും അവന്റെ കാൎയ്യം മാത്രം സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഒരു രാജ്യത്തിന്നു് ധനസമൃദ്ധി വരുത്തുവാൻ എല്ലാപേരും യത്നിക്കേണ്ടതാണെങ്കിൽ ധനത്തിന്റെ സൂക്ഷ്മമായ സ്വഭാവം അറിയുന്നതു് വളരെ ആവശ്യമാണു്. എന്തുകൊണ്ടെന്നാൽ ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്കു് അതിൽ ഉറുപ്പിക മുതലായ നാണ്യങ്ങളെ അല്ല ഉപയുക്തസാധനങ്ങളെയാണു് വൎദ്ധിപ്പിക്കുവാൻ നാം ഉത്സാഹിക്കേണ്ടതു്. ഭൂമിയിൽ ഇപ്പോൾ ഉള്ള നാണ്യങ്ങളിൽ പകുതിയെ ഉണ്ടായിരുന്നുള്ളു എങ്കിൽ അതുകൊണ്ടു ജനങ്ങൾക്കു് ഒരു വലിയ ബുദ്ധിമുട്ടുണ്ടാകുന്നതല്ല. എന്നാൽ ഭൂമിയിൽ ഇപ്പോൾ ഉണ്ടാകുന്ന ഭക്ഷണസാധനങ്ങൾ ഒന്നു് പകുതിപ്പെട്ടു എങ്കിൽ അനേകലക്ഷം ജനങ്ങൾ പട്ടിണിയാകുമെന്നു് നിശ്ചയമാണല്ലോ. മഴയില്ലാതെ ഭക്ഷണസാധനങ്ങൾ കുറവാകുമ്പോഴാണു് ക്ഷാമം ഉണ്ടാകുന്നതു്. പണത്തിന്റെ വലിവുകൊണ്ടുമാത്രം ജനങ്ങൾ പട്ടിണിയാകുന്നതല്ല. അതുകൊണ്ടു് അവരവരുടെ നാട്ടുകളിൽ നാണ്യങ്ങളെ വൎദ്ധിപ്പാനല്ല ജനങ്ങൾ ഉത്സാഹിക്കേണ്ടതു്. കൃഷിചെയ്യാതെ കിടക്കുന്ന ഭൂമികളിൽ ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുകയും ഇപ്പോൾ നടന്നുവരുന്ന കൃഷികളിൽ വിളവു വൎദ്ധിക്കാൻ വേണ്ട പരിഷ്കാരങ്ങൾ ചെയ്കയും വസ്ത്രം മുതലായ മററു് ഉപയുക്തസാധനങ്ങളെ ഉണ്ടാക്കുന്നതിനു വേണ്ടുന്ന യന്ത്രങ്ങൾ സ്ഥാപിക്കുകയും മററും ചെയ്യുന്നതിന്നാണു് എല്ലാപേരും യത്നിക്കേണ്ടതു്.

# ൨. പണം

ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള
സൌകൎയ്യത്തിന്നുവേണ്ടി സാങ്കേതികമായ വിലയോടുകൂടെ നാം ത
ന്നെ നിൎമ്മിച്ച ഒരു ഉപകരണമാകുന്നു പണമെന്നു് ഇതിനുമുമ്പിൽ
പറഞ്ഞിട്ടുണ്ടല്ലൊ. ഒരു രാജ്യത്തിൽ ഈ ഉപകരണം ഇല്ലെങ്കിൽ
ജനങ്ങൾ സാമാനങ്ങൾ കൈമാററം ചെയ്യുന്നതു് എങ്ങിനെയാ
ണെന്നു നമുക്കു് ആലോചിക്കാം. ഒരാശാരി കുറെ മുണ്ടിന്നാവശ്യ
മായിട്ടു് ഒരു പെട്ടിയുണ്ടാക്കി അതുംകൊണ്ടു് ഒരു ചാലിയൻെറ വീ
ട്ടിൽ ചെന്നു എന്നിരിക്കട്ടെ. ചാലിയനു് അപ്പോൾ പെട്ടിക്കു്
ആവശ്യമില്ല. കുറെ എണ്ണകിട്ടിയാൽ കൊള്ളാമെന്നുണ്ടു്. ആശാ
രി പെട്ടിയുംകൊണ്ടു് ഒരു ചക്കാൻെറ അടുക്കൽ ചെല്ലുന്നു. അവ
നു പെട്ടിക്കല്ല കുറെ നെല്ലിന്നാണാവശ്യം. പിന്നെ ഒരു കൃഷിക്കാ
രൻെറ അടുക്കൽ പോകുമ്പോൾ അവൻ പെട്ടിവാങ്ങി കുറെ നെ
ല്ലുകൊടുത്തു എന്നിരിക്കട്ടെ. ആശാരി നെല്ലുകൊടുത്തു ചക്കാനോ
ടു് എണ്ണയും എണ്ണകൊടുത്തു പകരം ചാലിയനോടു് മുണ്ടും വാ
ങ്ങുന്നു. പണമില്ലാത്ത രാജ്യത്തിൽ ക്രയവിക്രയം അസാദ്ധ്യമല്ലെങ്കി
ലും അതു വളരെ ദുൎഘടവും ബുദ്ധിമുട്ടും, കാലദുൎവ്യയവുംകൊണ്ടു് വേ
ണ്ടിവരുന്നതുമാണെന്നു് ഈ ഉദാഹരണംകൊണ്ടു് സ്പഷ്ടമാകുന്നു
ണ്ടല്ലൊ. പണമെന്നൊരു വസ്തു ഉള്ളതുകൊണ്ടു് ഇപ്പോൾ ആശാ
രിക്കു് മുണ്ടിനാവശ്യമുണ്ടെങ്കിൽ അവനുണ്ടാക്കിയ പെട്ടി കൊടു
ത്തു പണവും പണംകൊടുത്തു മുണ്ടും വാങ്ങുന്നു. അങ്ങിനെയാകു
മ്പോൾ ക്രയവിക്രയം വളരെ സുകരമായി. കച്ചവടത്തിലുംമററും
പ്രത്യേകമായി പലതും ഏൎപ്പെട്ടിട്ടുള്ളതുകൊണ്ടു് അതിനു് ഇതില
ധികം സൌകൎയ്യം വന്നിട്ടുണ്ടെങ്കിലും അതെല്ലാം ഈ രീതിയെത്ത
ന്നെ അനുസരിച്ചിരിക്കുന്നതാണു്.

ഇതുകൂടാതെ പണംകൊണ്ടു് വേറെ ഒരു പ്രയോജനംകൂടിയു
ണ്ടു്. എല്ലാപദാൎത്ഥങ്ങളുടേയും വിലയുടെ താരതമ്യത്തെ കുറിക്കു
ന്നതിനു് ഇതു വളരെ ആവശ്യമാണു്. പണമെന്നൊരു വസ്തു ഇ
ല്ലാതിരുന്നാൽ ഒരു പെട്ടിയുടെ വില പത്തുപറനെല്ലെന്നോ ഒരു
ചോതന എണ്ണയെന്നോ ഒരു പശുക്കുട്ടിയെന്നോ അരപ്പലം വെ
ള്ളിയെന്നോ അതാതുസമയത്തെ ആവശ്യംപോലെ പറയേണ്ടിവ
രും. അങ്ങിനെ ചെയ്യേണ്ടിവരുന്നതു വളരെ ദുൎഘടമാണെന്നു് പ
റയേണ്ടതില്ലല്ലൊ. പണമെന്നൊരു സാധനം ഉണ്ടാക്കീട്ടുള്ളതു

കൊണ്ടു് ഓരോ പദാൎത്ഥങ്ങളുടെ വില ഇന്നതെന്നു പറയുമ്പോൾ അതും മററു പദാൎത്ഥങ്ങളുടെ വിലയോടുള്ള വ്യത്യാസവും വളരെ വിശദമായും എളുപ്പമായും ധരിക്കാവുന്നതാണു്.

ഈ ഉപകരണം സ്വൎണ്ണംകൊണ്ടോ, വെള്ളികൊണ്ടോ ഉണ്ടാക്കുന്നതാണു് ഉത്തമമെങ്കിലും ഇതിന്നു് ജനങ്ങളെല്ലാപേരും കൂടി നിശ്ചയിക്കുന്നതല്ലാതെ വേറെ ഒരു വിലയും ഇല്ലാത്തതുകൊണ്ടു് മറെറന്തുപദാൎത്ഥംകൊണ്ടെങ്കിലും ഉണ്ടാക്കാവുന്നതാണെന്നു് തന്നെയല്ല ചില രാജ്യങ്ങളിൽ അങ്ങിനെ ചെയ്തുവരുന്നതായും കാണുന്നുണ്ടു്. പണ്ടു് ഗ്രീസ് എന്ന രാജ്യത്തിൽ കന്നുകാലികളേയും ഇരുമ്പുകൊണ്ടുണ്ടാക്കിയ നാണ്യങ്ങളേയും ഇതിന്നു് ഉപയോഗിച്ചിരുന്നു. ചീനരാജ്യത്തു തേയിലകൊണ്ടു് ചുക്കണിയുടെ മാതിരിയിൽ ഉണ്ടാക്കി അതിനേയും ചില രാജ്യങ്ങളിൽ കവടി, മുത്തുശിപ്പി മുതലായതിനേയും, മററു ചില രാജ്യങ്ങളിൽ മരംകൊണ്ടും, തോലുകൊണ്ടും മററും ഉണ്ടാക്കിയ നാണ്യങ്ങളേയും ഇപ്പൊഴും ഉപയോഗിച്ചുവരുന്നുണ്ടു്. എന്നാൽ പല കാരണങ്ങളെക്കൊണ്ടും ഇതിന്നു സ്വൎണ്ണവും വെള്ളിയും മറെറല്ലാത്തിനെക്കാൾ ഗുണമുള്ളതാണെന്നു് അനുഭവസിദ്ധമാണു്. നാണ്യമായി ഉപയോഗിക്കുന്ന പദാൎത്ഥത്തിന്നു് ഏഴു ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നാണു് ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ആ ഗുണങ്ങളെല്ലാംകൂടി വെള്ളിയേയും സ്വൎണ്ണത്തേയും ഒഴിച്ചു് മറെറാരു പദാൎത്ഥത്തേയും ആശ്രയിച്ചിരിക്കുന്നില്ല. സഹജസാരത, സുവാഹ്യത, അനശ്വരത, സമാനജാതീയത, വിഭാജ്യത, സ്ഥിരമൂല്യത, സുജ്ഞേയത, ഇതുകളാകുന്നു ഏഴു ഗുണങ്ങൾ.

൧. സഹജസാരത:—നാണ്യമായി ഉപയോഗിക്കുന്ന വസ്തു സ്വതേതന്നെ വിലപിടിച്ചതായിരിക്കണം. മരം, തോലു് മുതലായതിന്നു് നാണ്യമാക്കിക്കല്പിക്കുമ്പോളുണ്ടാകുന്ന വിലയല്ലാതെ സ്വതേയുള്ള വില വളരെ ലഘുവാണു്. അങ്ങിനെയുള്ള നാണ്യങ്ങളിൽ ജനങ്ങൾക്കു് വിശ്വാസവും അതുകൾക്കു് അന്യരാജ്യങ്ങളിൽ പ്രചാരവും കുറവായിരിക്കും. പവൻമാററുള്ള ഒരു പവൻതൂക്കം സ്വൎണ്ണത്തിന്നും ഒരു പവന്നും വില ഏകദേശം തുല്യമാകകൊണ്ടു അതിനെ എല്ലാരാജ്യക്കാരും സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഒരു റുപ്പികത്തൂക്കം വെള്ളിക്കു് മുക്കാൽ ഉറുപ്പികയിലധികം വിലയില്ലാത്തതിനാൽ ഉറുപ്പികയ്ക്കു് അന്യരാജ്യങ്ങളിൽ പ്രചാരം വളരെ കുറവാകുന്നു. ഒരു ഉറുപ്പികയ്ക്കുള്ള ചക്രത്തിന്റെ വെള്ളിക്കു് മുക്കാലുറുപ്പികയിലധികവും, പുത്തന്റെ വെള്ളിക്കു് അര ഉറുപ്പികയിൽതാഴേയും വിലയാകകൊണ്ടാകുന്നു കൊച്ചിയിൽ ചക്രത്തിന്റെ പ്രചാ

രമുള്ളതുപോലെ തിരുവിതാംകൂറിൽ പുത്തന്റെ പ്രചാരമില്ലാത്തത്. എന്നിരിക്കുമ്പോൾ ഇരുമ്പ്, മരം മുതലായത് നാണ്യങ്ങളാക്കുവാൻ അശേഷം യോഗ്യതയുള്ളവയല്ലെന്ന് സ്പഷ്ടമാകുന്നു. സ്വർണ്ണവും വെള്ളിയും അതുകളുടെ ശോഭകൊണ്ടും അനശ്വരതകൊണ്ടും മററും എല്ലാദിക്കിലും എല്ലാകാലത്തും ബഹുമതങ്ങളും മൂല്യവത്തുകളുമാകുന്നു. വൈരം, പത്മരാഗം മുതലായ രത്നങ്ങൾ ഈ ഗുണങ്ങളോടു കൂടിയവയാണെങ്കിലും മററു ചില ഗുണങ്ങൾ ഇല്ലാത്തതിനാൽ പണമായി ഉപയോഗിക്കാവുന്നതല്ല.

൨. സുവാഹ്യത:—പണം എളുപ്പത്തിൽ കയ്യിൽ കൊണ്ടുപോകാവുന്നതായിരിക്കണം. ആറുപവൻ ഒരു സഞ്ചിയിലാക്കി ദൂരദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് അശേഷം പ്രയാസമില്ല. എന്നാൽ അത്ര വിലയുള്ള ഇരുമ്പുനാണ്യം അങ്ങിനെ കൊണ്ടുപോകുന്നതിന് വളരെ അസൌകര്യം ഉള്ളതാണെന്ന് പറയേണ്ടതില്ലല്ലോ. ഈ ഗുണം വെള്ളിക്ക് സ്വർണ്ണത്തോളമില്ലെങ്കിലും മറെറല്ലാലോഹങ്ങളെക്കാൾ അധികമുണ്ട്. രത്നങ്ങൾക്ക് ഈ ഗുണം സ്വർണ്ണത്തെക്കാളുമുണ്ട്. എന്നാൽ ഒരു തുശിയുടെ മൊട്ടിനോളംപോന്ന നല്ല വൈരക്കല്ലിന് ൨൰-ഉറുപ്പികയോളം വിലയുള്ളതുകൊണ്ട് അതു പെരുമാറുന്നതിനുള്ള പ്രയാസംകൊണ്ടും, കൈമോശം വന്നുപോകുവാനുള്ള എളുപ്പംകൊണ്ടും, ചില്ലറ കാര്യങ്ങൾക്ക് ഉപയോഗിപ്പാൻ വയ്യാത്തതുകൊണ്ടും മററു കാരണങ്ങളാലും അതുകളെ നാണ്യമായി ഉപയോഗിക്കാവുന്നതല്ല.

൩. അനശ്വരത:—അർത്ഥനാശം എല്ലാപേർക്കും അഹിതമായിട്ടുള്ളതാകയാൽ ഈ ഗുണംകൊണ്ടുള്ള ആവശ്യം എല്ലാപേർക്കും വളരെ സ്പഷ്ടമായിരിക്കും. സ്വർണ്ണവും വെള്ളിയും അഗ്നിബാധമുതലായതുകൊണ്ട് നശിച്ചുപോകയോ തുരുമ്പുപിടിച്ചു ക്ഷയിക്കുകയോ ചെയ്യാത്തതുകൊണ്ട് അതുകൾക്ക് ഈ ഗുണം അസാമാന്യമായി ഉള്ളതാകുന്നു.

൪. സമാനജാതീയത:—എന്നുവച്ചാൽ നാണ്യമായി ഉപയോഗിക്കുന്ന വസ്തു മുഴുവനും ഒരുപോലെയിരിക്കണം. പവനെല്ലാം ഒരേമാററായിരുന്നില്ലെങ്കിൽ എല്ലാററിനും ഒരേ വിലയായിരിക്കയില്ല. രത്നങ്ങളെ നാണ്യമായി ഉപയോഗിക്കുന്നതിന്ന് ഇതാകുന്നു ഒരു പ്രധാനവിരോധം. ഒന്നുപോലെയുള്ള രത്നങ്ങൾ വളരെ ദുർല്ലഭമാണ്. സ്വർണ്ണവും വെള്ളിയും മററു ലോഹങ്ങളുടെ സങ്കലനംകൊണ്ട് മാററു കുറയ്ക്കുകയും സ്ഫുടംചെയ്താൽ മാററുകൂട്ടുകയും ചെയ്യാവുന്നതാകകൊണ്ട് അതുകളെക്കൊണ്ടുണ്ടാക്കുന്ന നാ

ണ്യങ്ങൾക്ക് തുല്യരൂപതയും തുല്യമൂല്യതയും വരുത്താവുന്നതാണെന്ന് അനുഭവസിദ്ധമാണല്ലൊ.

൩. വിഭാജ്യത:—നാണ്യമാക്കുന്നതിന്നുള്ള വസ്തു വിലയ്ക്കു് ദോഷം വരാതെ വിഭാഗിക്കാവുന്നതായിരിക്കണം. സ്വർണ്ണവും വെള്ളിയും എത്രതന്നെ ഭാഗിച്ചാലും അതുകളുടെ വിലയ്ക്കു് ന്യൂനത വരുന്നതല്ലല്ലോ. രത്നങ്ങൾക്ക് ഈ ഗുണം അശേഷം ഇല്ലതന്നെ. ആയിരം ഉറുപ്പിക വിലയുള്ള ഒരു വൈരക്കല്ലു് രണ്ടായിഭാഗിച്ചാൽ ഓരോ ഭാഗത്തിന്നു് ൨൫൦-ഉറുപ്പികയിലധികവും നാലായി ഭാഗിച്ചാൽ ൪൦-ഉറുപ്പികയിലധികവും വിലയുണ്ടായിരിക്കയില്ല.

൪. സ്ഥിരമൂല്യത:—എല്ലാ പദാൎത്ഥങ്ങളേയും ക്രയവിക്രയംചെയ്യുന്നതിൽ മദ്ധ്യമതയെ വഹിച്ചിരിക്കുന്ന പദാൎത്ഥം വിലയിൽ കൂടക്കൂടെ ഏറ്റക്കുറച്ചിൽ വരാത്തതായിരിക്കേണ്ടതു പ്രത്യേകം ആവശ്യമാണു്. ആറുമാസത്തെ അവധിയായി കുറെ നെല്ലു് കടംവാങ്ങിയാൽ അതു തിരിയെ കൊടുക്കേണ്ടകാലം വരുമ്പോഴേക്ക് നെല്ലുവില വളരെ കൂടിയെന്നോ കുറഞ്ഞുവെന്നോ വന്നേക്കാം. അപ്പോൾ കടംകൊടുത്തവനോ വാങ്ങിയവനോ അധികമായനഷ്ടം സംഭവിക്കുന്നതാണു്. വിലയ്ക്കു് സ്ഥിരതയില്ലാത്ത പദാൎത്ഥങ്ങളെ പണമാക്കി ഉപയോഗിച്ചാൽ ഇങ്ങനെയുള്ള ദുൎഘടങ്ങളും വ്യാപാരങ്ങൾക്ക് അവ്യവസ്ഥയും ഉണ്ടാകുന്നതാണു്. എന്നാൽ വിലയിൽ ഏറ്റക്കുറച്ചിൽ വരാത്തപദാൎത്ഥം എന്തെങ്കിലും ഉണ്ടോ എന്നു് സംശയമാണു്. ഈ ദോഷം സ്വൎണ്ണത്തിനും വെള്ളിക്കും മറ്റെല്ലാപദാൎത്ഥങ്ങളേക്കാൾ കുറവാണെന്നല്ലാതെ അശേഷമില്ലെന്നു പറഞ്ഞുകൂടാ. അതുകളുടെ വിലയിൽ ഭേദഗതികൾ വരുന്നതുവളരെ സാവധാനത്തിലും അപ്പഴപ്പോൾ നാം അറിയാത്ത വിധത്തിലുമാകുന്നു.

൫. സുജ്ഞേയത:—നാണ്യം കൃത്രിമമാണോ എന്നു് അറിയത്തക്കതായിരിക്കണം. അതിന്നായി ഉപയോഗിക്കുന്ന പദാൎത്ഥം ഉറുപ്പികയും പവനും ഒരു പലകയിന്മേലോ ഉറച്ച നിലത്തോ എറിയുമ്പോളുണ്ടാകുന്ന ശബ്ദംകൊണ്ടു് അതു കള്ളനാണ്യമോ അല്ലയോ എന്നു് എളുപ്പത്തിൽ അറിയാം. രത്നങ്ങളുടേയും മറ്റും ഗുണദോഷം ഇങ്ങനെ എളുപ്പത്തിൽ അറിയുവാൻ ഒരുവഴിയുമില്ല.

എല്ലാ രാജ്യങ്ങളിലും സ്വൎണ്ണംകൊണ്ടും വെള്ളികൊണ്ടും ഉള്ള നാണ്യങ്ങൾ നടപ്പുണ്ടെങ്കിലും ഇതിൽ ഏതെങ്കിലും ഒരു ലോഹംകൊണ്ടുള്ളതുമാത്രമേ നിയമസമ്മതമായിട്ടുള്ളു. ആ ലോഹം ഇന്ത്യാരാജ്യത്തിൽ വെള്ളിയും ഇംഗ്ലണ്ടിൽ സ്വൎണ്ണവുമാണു്. ഈ രാജ്യത്തിൽ കുറെ ഉറുപ്പിക കടം വാങ്ങിയവൻ തിരിയെ സ്വൎണ്ണനാ

ണ്യംകൊടുത്താൽ കടംകൊടുത്തവൻ നിയമപ്രകാരം അതു വാങ്ങേണമെന്നില്ല. ചെമ്പുനാണ്യങ്ങൾ കാണുന്നതു ചില്ലറ വ്യാപാരങ്ങൾക്കുള്ള ആവശ്യത്തിന്നായിട്ടുണ്ടാക്കീട്ടുള്ളതെന്നല്ലാതെ വലിയ വ്യാപാരങ്ങൾക്കു് നിയമപ്രകാരം സമ്മതിച്ച നാണ്യമായി ഒരു രാജ്യക്കാരും സ്വീകരിച്ചിട്ടില്ല.

# ൩. പ്രയത്നം.

മനുഷ്യപ്രയത്നംകൂടാതെ ആവശ്യമുള്ളെടത്തോളം കിട്ടുന്ന സാധനങ്ങൾ ധനമല്ലെന്നും നദീതീരത്തിൽ താമസിക്കുന്നവക്കു് വെള്ളം ധനമാണെന്നു് വിചാരിച്ചുകൂടാ എന്നും അതിനെ ദൂരദേശങ്ങളിൽനിന്നു് കൊണ്ടുവരേണ്ടതായ പട്ടണങ്ങളിൽ വെള്ളം ധനമാണെന്നും ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു് പ്രയത്നം ധനോല്പാദനത്തിന്നു് പ്രത്യേകം ആവശ്യമാണെന്നു് സ്പഷ്ടമാകുന്നു. ധനമെന്നു് പറയാവുന്ന എല്ലാ ഉപയുക്തസാധനങ്ങളേയും ഉല്പാദിപ്പിക്കുന്നതിന്നു് അനേകജനങ്ങളുടെ പ്രയത്നംകൂടാതെ കഴിയുന്നതല്ലെന്നു് കുറച്ചാലോചിച്ചാൽ നമുക്കു് അറിയാം. അരി പാകംചെയ്ക, നെല്ലുകുത്തുക, കൊയിത്തു്, മെതി, മുതലായതു കഴിക്കുക, ഉഴുക, വളമിടുക, വിതയ്ക്കുക. ഉഴുന്നതിന്നും മററുമുള്ള ഉപകരണങ്ങളുണ്ടാക്കുക, കൃഷിസ്ഥലത്തുനിന്നു് നെല്ലു് വണ്ടിയിലൊ മററൊ കൊണ്ടുപോകുക, ആ വണ്ടിയും മററുംഉണ്ടാക്കുക—ഇങ്ങിനെ അനേകപ്രവൃത്തികൾ അനേകജനങ്ങൾ ചെയ്യുന്നതിൻെറ ഫലമാകുന്നു നാമുണ്ണുന്ന ചോറു്. ഇതുപോലെതന്നെ മററെല്ലാ ഉപയുക്തസാധനങ്ങളേയും ഉണ്ടാക്കുന്നതിന്നു് മനുഷ്യപ്രയത്നം ആവശ്യമാണു്.

ഠരം പ്രയത്നം സഫലമെന്നും നിഷ്ഫലമെന്നും രണ്ടുപ്രകാരത്തിലുണ്ടു്. സഫലപ്രയത്നത്തിന്നു് ധനോൽപാദകമായി പ്രയത്നമെന്നൎത്ഥമാകുന്നു. നിഷ്ഫലപ്രയത്നമെന്നുവച്ചാൽ അനാവശ്യമൊ നിഷ്പ്രയോജനമൊ ആയ പ്രയത്നമെന്നു് ഠരം ശാസ്ത്രത്തിൽ അൎത്ഥമില്ല. ഒരുപ്രകാരത്തിലും രാജ്യത്തെ ധനത്തിന്നു് അഭിവൃദ്ധിയുണ്ടാകാത്ത പ്രയത്നമെന്നെ അൎത്ഥമുള്ളു. കൃഷിക്കാരു്, നെയിത്തുകാരു്, കച്ചവടക്കാരു് മുതലായവരുടെ പ്രയത്നം സഫലപ്രയത്നത്തിൻെറ കൂട്ടത്തിലാണു്. യാചകത്തിന്നു് നടക്കുന്നവരുടെയും

മററും പ്രയത്നം തീരെ നിഷ്ഫലമാണ്. സംഗീതക്കാര്, ചിത്രമെഴുത്തുകാര് മുതലായവരുടെ പ്രയത്നം അനാവശ്യമൊ നിഷ്പ്രയോജനമൊ അല്ലെങ്കിലും ധനോൽപാദനത്തെ സംബന്ധിച്ചിടത്തോളം നിഷ്ഫലപ്രയത്നമാണ്. വിദ്യ അഭ്യസിപ്പിക്കുന്നവർ, രാജ്യഭരണം ചെയ്യുന്നവർ, മുതലായവരുടെ പ്രയത്നം ഈ രണ്ടുകൂട്ടത്തിൽനിന്നും ഭേദപ്പെട്ടതാണ്. അവരുടെ പ്രയത്നത്തിൻെറ തൽക്കാലഫലം ധനോൽപാദനമല്ലെങ്കിലും ഉത്തരകാലഫലമായിട്ട് അതും വരുന്നതാണ്. വിദ്യാഭ്യാസം കൊണ്ട് വേലചെയ്യുന്നവൎക്ക് പല ഗുണങ്ങളും സിദ്ധിക്കുന്നതാകയാൽ അവരുടെ പ്രയത്നത്തിന്ന് ധനോൽപാദകശക്തി അധികം ഉണ്ടാകുന്നതാണ്. അതുകൊണ്ട് അദ്ധ്യാപകന്മാരുടെ പ്രയത്നം തൽക്കാലഫലമുള്ളതല്ലെങ്കിലും നിഷ്ഫലമായിട്ടുള്ളതുമല്ല. ഇങ്ങിനെതന്നെയാണ് ഉദ്യോഗസ്ഥന്മാരുടേയും ഗ്രന്ഥകാരന്മാരുടേയും മററും പ്രയത്നത്തിൻെറയും ഫലം.

ഇതുപോലെതന്നെ ധനവ്യയത്തിൻെറ കാൎയ്യത്തിലും ഒരു വിഭേദമുണ്ട്. സഫലപ്രയത്നത്തിൽ ഏൎപ്പെടുന്നവർ അങ്ങിനെ ഏൎപ്പെടുന്നകാലം ഉപജീവനത്തിന്നായി ചിലവുചെയ്യുന്നത് സഫലവ്യയവും അവർ മററുകാലങ്ങളിലും മററാവശ്യങ്ങൾക്കും ചെയ്യുന്ന ചിലവും, നിഷ്ഫലപ്രയത്നത്തിൽ ഏൎപ്പെടുകയോ, ഒരു പ്രയത്നവും കൂടാതെ ഇരിക്കയൊ ചെയ്യുന്നവർ എല്ലാകാലങ്ങളിലും ചെയ്യുന്ന ചിലവും നിഷ്ഫലവ്യയവുമാകുന്നു. ധനോൽപാദനത്തിന്ന് ഒരുവിധത്തിലും ഉപയോഗപ്പെടാത്ത സകല ചിലവും ഈ കൂട്ടത്തിലാണ്. ഈ നിഷ്ഫലവ്യയത്തിൻെറ അവസ്ഥപോലെ ഇരിക്കും ഒരു രാജ്യത്തിലെ ധനപുഷ്ടിയുടേയും അവസ്ഥ. ഇത് വൎദ്ധിക്കുന്തോറും രാജ്യത്തു ക്രമേണ ദാരിദ്ര്യവും വൎദ്ധിക്കും. ഈ ന്യായപ്രകാരം നോക്കുമ്പോൾ ഊട്ടുകളിലും സത്രങ്ങളിലും മററും അസംഖ്യം ജനങ്ങളെ പോററുന്നതും പ്രയത്നം ചെയ്യുവാൻ ശേഷിയുള്ളവൎക്ക് മററുപ്രകാരങ്ങളിൽ ഭിക്ഷകൊടുക്കുന്നതും ഭാരതഖണ്ഡത്തിൻെറ ദ്രവ്യാഭ്യുദയത്തിന്ന് ഹാനികരമാണെന്ന് നിസ്സംശയമായി പറയേണ്ടിയിരിക്കുന്നു. ഈ അസ്ഥാനധൎമ്മമാകുന്നു നമ്മുടെ രാജ്യത്തു ദാരിദ്ര്യം വൎദ്ധിച്ചുവരുന്നതിന്ന് ഒരു പ്രധാനഹേതു എന്നാണ് ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഈ ധൎമ്മം കാരണമായിട്ട് വേലചെയ്യാതെ കാലം കഴിക്കുന്നവരുടേയും വേലചെയ്യുന്നവരുടേയും ഉപജീവനത്തിന്ന് വേണ്ടുന്ന സാധനങ്ങളെല്ലാം വേലചെയ്യുന്നവരുടെ പ്രയത്നംകൊണ്ടുതന്നെ ഉണ്ടാകേണ്ടതാണല്ലൊ. ഇപ്പോൾ വേലചെയ്യാതെ മററുള്ളവരുടെ പ്രയത്നത്തിൻെറ ഫലം അനുഭവിച്ച് കാലംകഴിക്കുന്നവരും അവരുടെ ഉപജീവനത്തിന്ന് പ്രയത്നം

ചെയ്യേണ്ടിവരുമ്പോൾ രാജ്യത്ത് ധനോൽപ്പാദനം ഇപ്പോളത്തെക്കാളധികമുണ്ടാകുന്നതാണെന്ന് സ്പഷ്ടമല്ലേ?

ഭൂമിയുടേതുപോലെതന്നെ പ്രയത്നത്തിന്റെയും ധനോൽപാദകശക്തിയെ വൎദ്ധിപ്പിക്കുന്നതിനു പലമാൎഗ്ഗങ്ങളുണ്ട്. യന്ത്രങ്ങൾ മുതലായ ഉപകരണങ്ങളെ ഉപയോഗിക്കുന്നതു് ഇതിലൊന്നാകുന്നു. എല്ലാ വേലകൾക്കും ഓരോമാതിരിയിലുള്ള ആയുധങ്ങൾ കൂടാതെ കഴികയില്ലല്ലോ. ആ ആയുധങ്ങളുടെ ഗുണംപോലെ വേലകൾക്ക് ഗുണവും വേഗവും ഉണ്ടാകുന്നതാണ്. ആവിയന്ത്രങ്ങളെ ഉപയോഗിക്കുന്നതുകൊണ്ട്, പത്താളുകൾക്ക് നൂറാളുകളുടെ പണി അതിവേഗത്തോടും പ്രയാസം കൂടാതെയും ചെയ്വാൻ കഴിയുന്നതിനു പുറമേ എത്ര ജനങ്ങൾ കൂടിയാലും അസാദ്ധ്യമായ വേലകൂടി ചെയ്യുന്നതിന്ന് സാധിക്കുന്നതാണ്. അനേകജനങ്ങളേയും അനവധി സാമാനങ്ങളേയും ഒന്നായി ഒരു മണിക്കൂറിൽ നാല്പതുനാഴികവീതം ദൂരദേശങ്ങളിലേക്ക് കൊണ്ടുപോകുന്നതിന്ന് ആവിയുടെ സഹായം കൂടാതെ മനുഷ്യപ്രയത്നംകൊണ്ടു് മാത്രം അസാദ്ധ്യമാണല്ലോ.

പ്രയത്നം ചെയ്യുന്നവരുടെ നിപുണതകൊണ്ടും സദ്വൃത്തികൊണ്ടും വിശ്വാസയോഗ്യതകൊണ്ടും പ്രയത്നത്തിന്റെ ധനോല്പാദകശക്തി വൎദ്ധിക്കുന്നതാണ്. സാധാരണയായി എല്ലാ വേലകൾക്കും ചില വേലകൾക്ക് പ്രത്യേകിച്ചും നല്ല വാസനയും അഭ്യാസവും പഴക്കവും കൂടാതെ നിപുണത ഉണ്ടാകുന്നതല്ല. അങ്ങിനെ നിപുണനായവന്റെ വേലയ്ക്കു് മററുള്ളവരുടെ വേലയേക്കാൾ വേഗവും വിലയും ഉണ്ടാകുന്നതാണെന്ന് അനുഭവമല്ലേ. ഘടികാരത്തിൽ ഉപയോഗിക്കുന്നതും തലമുടിനാരുപോലെ സൂക്ഷ്മവുമായ ഇരുമ്പു് തന്തികകൾ ഉണ്ടാക്കുന്നതിന്ന് അസാമാന്യമായ നൈപുണ്യവും കരകൌശലവും ആവശ്യമാണ്. അതുകൊണ്ട് ആത്തരം ഒരു റാത്തൽ തന്തിക്കും നാലായിരം റാത്തൽ ഇരുമ്പിന്നും ആറു് റാത്തൽ സ്വൎണ്ണത്തിന്നും വില ശരിയാണ്. ഈ ദൃഷ്ടാന്തംകൊണ്ട് വേലക്കാരുടെ നിപുണത ധനോല്പാദനത്തിന്ന് എത്രതന്നെ ആവശ്യമാണെന്ന് സ്പഷ്ടമാകുന്നു. ഇതുപോലെതന്നെയാണ് വേലക്കാരുടെ സദ്വൃത്തിയുടേയും വിശ്വാസയോഗ്യതയുടേയും ഫലം. മദ്യപാനം മുതലായ ദുർവൃത്തികൾകൊണ്ട് പ്രയത്നത്തിന്ന് ദോഷവും പ്രയത്നം ചെയ്യുന്നവൎക്ക് ശക്തിക്ഷയവും മററും ഉണ്ടാകുന്നതാണല്ലോ. വേലക്കാരു, വിശ്വാസയോഗ്യന്മാരാണെങ്കിൽ അവരെക്കൊണ്ട് ക്രമമായി പണിചെയ്യിപ്പിക്കുന്നതിന്ന് ആളുകളെ ആക്കുകയോ അതുകൊണ്ടുണ്ടാകുന്ന ദ്രവ്യവ്യയമോ വേണ്ടിവരുന്നില്ല. ഈ വക ഗുണങ്ങ

ളുണ്ടാകുന്നതിന്നു് വിദ്യാഭ്യാസത്തിന്റെ പ്രചാരം പ്രത്യേകം അവശ്യമാകുന്നു.

പ്രയത്നത്തിന്റെ ധനോല്പാദകശക്തിയെ വൎദ്ധിപ്പിക്കുന്നതിന്നുള്ള മാൎഗ്ഗങ്ങളിൽ പ്രധാനമായതു് പ്രയത്നവിഭജനമാകുന്നു. ഒരു പണി മുഴുവൻ ഒരാൾതന്നെ ചെയ്യുന്നതിന്നു പകരം അതിനെ പല ഭാഗമായിത്തിരിച്ച് ഓരോഭാഗം പണി ഓരോരുത്തർ കഴിച്ചാൽ പല ഗുണങ്ങളുണ്ടാകുന്നതാണു്. ഒരു പുര പണിയുന്നതിൽ കല്പണി, മരപ്പണി, ക്ലചിപ്പണി മുതലായതു് ഓരോ വേലക്കാർ ചെയ്യുന്നതുകൊണ്ടു് ആ പണികളെല്ലാം എല്ലാവരുംകൂടി ചെയ്യുന്നതിനേക്കാൾ പണിക്കു് അധികം രസികത്വവും, വേഗവും ഉണ്ടാകുന്നതാണല്ലോ. പ്രയത്നവിഭജനം നമ്മുടെ ഇടയിൽ ധാരാളമായിട്ടുണ്ടെങ്കിലും അതുകൊണ്ടുള്ള ഗുണങ്ങൾ മുഴുവൻ നമ്മൾ അറിഞ്ഞിട്ടില്ലാത്തതിനാൽ അതു് ഇംഗ്ലണ്ടിലും മററുള്ളതുപോലെതന്നെ ഇവിടെ നടപ്പില്ല. ഇംഗ്ലണ്ടിൽ ഒരു തൂശിയുണ്ടാക്കുന്നതു് എഴെട്ടാളുകൾ കൂടിയാണു്; ഇരുമ്പുകമ്പി ഉണ്ടാക്കുക, അതു് തൂശിക്കു് പാകത്തിൽ മുറിക്കുക, തുളയ്ക്കുക, ആ തുളമിനുക്കുക, മൂൎച്ചയുണ്ടാക്കുക മുതലായ ഓരോ വേലകൾ ഓരോരുത്തരാണു് ചെയ്യുന്നതു്. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് അതാതുഭാഗം വേലയ്ക്കും അതാതാളുകൾക്കു് അസാമാന്യമായ കൈവേഗവും നിപുണതയും ഉണ്ടാകുന്നു. യന്ത്രംകൊണ്ടു് സ്റ്റീൽപേന ഉണ്ടാക്കുന്നിടത്തു് പേന ഓരോന്നായി എടുത്തു് പാത്രങ്ങളിലാക്കുക മാത്രമാകുന്നു ചിലരുടെ പണി. അവർ അതു് ചെയ്യുന്നതുകണ്ടാൽ അത്യാശ്ചൎയ്യം തോന്നുമത്രേ. നോക്കിനില്ക്കുന്നവരുടെ കണ്ണിനുപോലും അവരുടെ കയ്യുടെ വേഗം അനുകരിപ്പാൻ പ്രയാസമാണുപോൽ. പ്രയത്ന വിഭജനംകൊണ്ടുള്ള ഗുണങ്ങൾക്കു് ഇതുപോലെ അനേക ദൃഷ്ടാന്തങ്ങൾ പറവാനുണ്ടു്. എന്നാൽ കുറെ ആലോചിച്ചാൽ വായനക്കാൎക്കു് പല ദൃഷ്ടാന്തങ്ങളും ഓൎമ്മവരുന്നതാകയാൽ ഇത്രേ പറയുന്നുള്ളൂ.

പ്രയത്നവിഭജനംകൊണ്ടു് പ്രധാനമായി നാലുകൂട്ടം ഗുണം ഉണ്ടെന്നാണു് ധനശാസ്ത്രജ്ഞന്മാർ പറഞ്ഞുവരുന്നതു്. ഒന്നാമതു്, വേലക്കാൎക്കു് അവരുടെ പണിക്കു് നിപുണതയും കൈവേഗവും വൎദ്ധിക്കും. രണ്ടാമതു് കാലദുൎവ്യയം വളരെ കുറയും, മൂന്നാമതു് അവരവരുടെ വാസനയ്ക്കും അഭ്യാസത്തിന്നും ചേൎച്ചയായ പണിയിൽ വേലക്കാൎക്കു് പ്രവേശിക്കാം. നാലാമതു് പണിക്കു് അദ്ധ്വാനം കുറയ്ക്കുന്നതിന്നു് വേണ്ടയന്ത്രങ്ങൾ കണ്ടുപിടിക്കുന്നതിന്നു് എളുപ്പമുണ്ടാകും. ഇതിൽ ആദ്യത്തെ മൂന്നുഗുണങ്ങളും മേല്പറഞ്ഞ സംഗതികളെക്കൊണ്ടു് സ്പഷ്ടമാകുന്നുണ്ടു്. നാലാമത്തെ ഗുണത്തിന്നു് പല ദൃഷ്ടാ

ന്ത്രങ്ങളുള്ളതിൽ ഒന്നുമാത്രം ഇവിടെ പറയുന്നു. ആവിയന്ത്രം ആദ്യം ഉണ്ടാക്കിയ കാലങ്ങളിൽ ഒരാൾ അതിൽ ആവിപോകുന്നതിനുള്ള ഒരടപ്പ് എപ്പോഴും അടയ്ക്കുകയും തുറക്കുകയും ചെയ്തുകൊണ്ടിരിക്കണം എന്നുണ്ടായിരുന്നു. അതിന്നു കുട്ടികളെയാണ് നിയമിച്ചുകൊണ്ടിരുന്നത്. അതിൽ ഒരു കുട്ടി ബുദ്ധിമുട്ടാതെ കൂലിവാങ്ങുവാൻ വല്ല വഴിയുമുണ്ടാകുമൊ എന്നു വളരെക്കാലം ശ്രദ്ധയോടുകൂടി ആലോചിച്ചപ്പോൾ ഒരുദിവസം അവന്ന് ഒരുപായം തോന്നി. മേല്പറഞ്ഞ അടപ്പിൽ നിന്നു യന്ത്രത്തിൻെറ മറെറാരു ഭാഗത്തേക്ക് ഒരു ചരടു കെട്ടിയാൽ ആ അടപ്പുതന്നെ അടയ്ക്കുകയും തുറക്കുകയും ചെയ്യുമെന്നു കണ്ടു് അവൻ അപ്രകാരം ചെയ്തു. അതിൽപിന്നെ ഈ വേലയ്ക്കുള്ള ചിലവു കൂടാതെ കഴിഞ്ഞു. ഒരു പണിയിൽതന്നെ ആജീവനാന്തം മനസ്സുവയ്ക്കുമ്പോൾ അതു് സുകരമാക്കുന്നതിനുള്ള ഉപായം ചിലക്കു തോന്നുന്നതിനെക്കുറിച്ചു് അത്ര അത്ഭുതപ്പെടുവാനില്ലല്ലൊ.

---

# ൪. മൂലധനം.

മൂലധനമെന്നു വച്ചാൽ ധനോല്പാദനത്തിന്നുവേണ്ടി പ്രയത്നം ചെയ്യുന്ന കാലത്തെ ചിലവിന്നായി സമ്പാദിച്ചുവച്ചിട്ടുള്ളതും അങ്ങിനെ ഉപയോഗപ്പെടുത്തുന്നതുമായ ധനമാകുന്നു. സകലവേലകളും തുടങ്ങീട്ടു് കുറെക്കാലം കഴിഞ്ഞതിൻെറ ശേഷമെ അതുകളുടെ ഫലമനുഭവിപ്പാൻ കഴിയൂ. വേലക്കാൎക്ക് ആ കാലത്തെ ചിലവിന്നു് ആ പ്രയത്നംകൊണ്ടുണ്ടാകുന്ന ഫലം അനുഭവിപ്പാൻ പാടില്ലെന്നു് സ്പഷ്ടമാണല്ലൊ. മുൻപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള ഉപയുക്തസാധനങ്ങളിൽ നിന്നു് തങ്ങളുടെ ആവശ്യത്തിന്നു് വേണ്ടതെല്ലാം എടുത്തതിൻെറ ശേഷമുള്ളതു് സമ്പാദിച്ചുവച്ചു്, അതിനെയാകുന്നു പ്രയത്നം ചെയ്യുന്ന കാലത്തെ ചിലവിന്നായ് ഉപയോഗപ്പെടുത്തുന്നതു്. അങ്ങിനെ ഉപയോഗപ്പെടുത്തുന്നതും ഓരോ വേലകൾക്കു വേണ്ട ഉപകരണങ്ങളുണ്ടാക്കുന്നതിന്നുവേണ്ടി ചിലവു ചെയ്യുന്നതുമായ ധനമാകുന്നു മൂലധനം.

ഈ മൂലധനം കൂടാതെ ധനോൽപാദനം അസാദ്ധ്യമാണെന്നു കുറെ ആലോചിച്ചുനോക്കിയാൽ സ്പഷ്ടമാകുന്നതാണു്. കൃഷിപ്പണിതുടങ്ങി വിളവെടുക്കുവാൻ ഏകദേശം മൂന്നുമാസത്തോളം വേണ്ടിവരുമല്ലൊ. ഈ മൂന്നുമാസം പ്രയത്നംചെയ്യുന്നവരുടെ ചില

ഴിന്നു് ആ വിളവു് ഉപയോഗപ്പെടുന്നതല്ലെന്നും അവരുടെയോ മ
റ്റുവല്ലവരുടെയോ മുൻപ്രയത്നംകൊണ്ടുണ്ടായിട്ടുള്ള ധനം അവ
ശ്യമാണെന്നും സ്പഷ്ടമാണല്ലോ. ഇതിന്നു പുറമെ കൃഷിപ്പണിക്കുവേ
ണ്ട കന്നുകാലികളേയും മററു് ഉപകരണങ്ങളേയും വാങ്ങുന്നതിന്നും
കയ്യാലമുതലായതു് പണിയിക്കുന്നതിന്നും മററും കൂടി മുൻപ്രയത്നം
കൊണ്ടുണ്ടായിട്ടുള്ള ധനം അവശ്യമാണു്. ഇതുപോലെതന്നെ മ
റെറല്ലാവേലകൾക്കും പൂർവ്വാർജ്ജിതമായ ധനം കൂടിയേകഴിയൂ എ
ന്നു് ആലോചിച്ചാൽ അറിയാവുന്നതാണു്. ഈ ധനത്തെയാകുന്നു
ധനശാസ്ത്രജ്ഞന്മാർ മൂലധനമെന്നു് പറയുന്നതു്. ഈ മൂലധനം
സൂക്ഷ്മത്തിൽ വെറും നാണ്യങ്ങളല്ലെന്നും ഉപയുക്തസാധനങ്ങളാ
ണെന്നും ധനവും പണവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചു് ഇ
തിന്നു മുമ്പിൽ പ്രസ്താവിച്ചിട്ടുള്ളതു കൊണ്ടു് സ്പഷ്ടമാകുന്നതാ
ണല്ലോ.

പ്രയത്നത്തിന്നും അതുകൊണ്ടുണ്ടാകുന്ന ധനോൽപാദനത്തി
ന്നും മൂലധനം ഇത്ര അവശ്യമാകകൊണ്ടു് അതിൻെറ സമൃദ്ധിപോ
ലെയും അതു് ചിലവു ചെയ്യുന്നതിൻെറ സമ്പ്രദായം പോലെയും
ഇരിക്കും ഒരു നാട്ടിലെ ഐശ്വര്യവും. നമ്മുടെ നാട്ടിൽ മൂലധ
നത്തിൻെറ ബാഹുല്യമില്ലെന്നതന്നെയല്ല ഉള്ളതു ക്രമേണ കുറഞ്ഞു
പോകുന്നതിനുള്ള വഴിയും കൂടിയുണ്ടു്. കല്യാണം ൬൮ാംമാസം മു
തലായ അടിയന്തിരങ്ങൾക്കും ഒരു വേലയും കൂടാതെ കാലക്ഷേപം
ചെയ്യുന്ന അസംഖ്യം ജനങ്ങളെ പോററുന്നതിന്നും മററു പല പ്ര
കാരത്തിലും നമ്മുടെ ആളുകൾ നിഷ്ഫലവ്യയം ചെയ്യുന്നതിനാൽ
അതാതുകൊല്ലത്തിലുണ്ടാകുന്ന ധനത്തിൽ നിന്നു് അതാതു കൊല്ല
ത്തെ ചിലവുകഴിച്ചു് മേലാൽ ധനോൽപാദനത്തിന്നായി ഉപയോ
ഗപ്പെടുത്താവുന്നതായ ബാക്കി ധനം ആണ്ടുതോറും കുറഞ്ഞുവരിക
യാണു ചെയ്യുന്നതു്. ധനവാന്മാരായിട്ടുള്ളവർ ധനം ഏതു വിധ
ത്തിൽ ഉപയോഗപ്പെടുത്തിയാലാണു് നാട്ടിൽ അധികമായി ധന
സമൃദ്ധിയുണ്ടാകുന്നതെന്നു് അറിയുകയൊ അറിഞ്ഞിട്ടുള്ളവർ ധൈ
ര്യപ്പെട്ടു അപ്രകാരം പ്രവൃത്തിക്കയൊ ചെയ്യുന്നില്ല. സാധാരണയാ
യി ഉപയുക്തസാധനങ്ങളെയെല്ലാം ഉൽപാദിപ്പിക്കുന്നതിന്നു് പല
രാജ്യക്കാരും അനവധി ദ്രവ്യം ഇറക്കി അവിയന്ത്രങ്ങളെ ഉപയോ
ഗിക്കുന്ന ഈ കാലത്തിൽ നമ്മുടെ വർത്തകന്മാർ ഇതിന്നു വേണ്ട
ധനവ്യയവും യത്നങ്ങളും ചെയ്യാഞ്ഞാൽ മററു രാജ്യക്കാരുമായിട്ടുള്ള
വ്യവസായസങ്കർഷണത്തിൽ നമ്മുടെ നാട്ടിൽ കാലക്രമംകൊണ്ടു്
ഇനിയും ദാരിദ്ര്യം വർദ്ധിച്ചു് വരുന്നതാണെന്നു് പറയേണ്ടതില്ലല്ലോ.
അങ്ങിനെ ചെയ്യാതെ നമ്മുടെ ധനികന്മാർ ഇപ്പോൾ അവ

രുടെ സമ്പാദ്യം മുഴുവൻ ഓരോ ആഡംബരങ്ങൾക്കു വേണ്ടി ചിലവുചെയ്യയൊ അല്ലെങ്കിൽ വെറുതെ കെട്ടിവയ്ക്കുകയോ ആണു് ചെയ്യുന്നതു.

ധനം വെറുതെ കെട്ടിവയ്ക്കുന്നതു് ഭോഷത്വമാണെന്നു് എല്ലാപേൎക്കും സമ്മതമാണെങ്കിലും ഓരോ ആഡംബരങ്ങൾക്കും സുഖോപഭോഗങ്ങൾക്കും വേണ്ടി ചിലവുചെയ്യുന്നതിനെപ്പററി അഭിപ്രായഭേദമുണ്ടായിരിക്കാം. ഒരുവന്റെ ആദായത്തിൽനിന്നു് തനിക്കാവശ്യമുള്ളതു് കഴിച്ചു് ബാക്കിയുള്ള ധനം ഏതുവിധത്തിൽ ചിലവുചെയ്താലും അതു് വല്ലവരുടേയും ഉപജീവനത്തിന്നായി ഉപയോഗപ്പെടുന്നതാണല്ലോ. അതുകൊണ്ടു് അയാൾ ആ ധനം വല്ല ചെപ്പടിവിദ്യക്കാൎക്കോ സ്തുതിപാഠകന്മാൎക്കോ കൊടുക്കുകയൊ വല്ല വ്യവസായത്തിൽ ഇറക്കുകയൊ ചെയ്യുന്നതിൽ സാധുക്കളുടെ ഉപജീവനത്തെ സംബന്ധിച്ചിടത്തോളം എന്താണു് വ്യത്യാസമെന്നു് ചിലൎക്കു് അഭിപ്രായമുണ്ടായിരിക്കാം. ഈ അഭിപ്രായം എത്രത്തോളം സ്വീകാരയോഗ്യമാണെന്നു് കാണിക്കുന്നതിന്നു് ഒരു ദൃഷ്ടാന്തം പറയാം. ഒരു വൎത്തകനായ നാട്ടുവാഴി മരിക്കുമ്പോൾ തന്റെ സ്വന്ത സമ്പാദ്യമായി അഞ്ചുലക്ഷം ഉറുപ്പിക കെട്ടിവച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ ആ ധനം സാധുക്കൾക്കു് ഉപകാരമാകുന്നവിധത്തിൽ ചിലവു ചെയ്യണമെന്നുവച്ചു് പലരോടും അഭിപ്രായം ചോദിച്ചതിൽ സേവകന്മാരിൽ ചിലർ ഒരു നാടകശാല കെട്ടിച്ചു് ദിവസംതോറും ഓരോ നേരമ്പോക്കിന്റെ വട്ടം കൂട്ടിയാൽ പലരുടേയും ഉപജീവനത്തിന്നും വിനോദത്തിന്നുമുള്ള ഒരു മാൎഗ്ഗമാകുമെന്നും മററു ചിലർ ആ ദ്രവ്യം വിശേഷമായ ഉടുപ്പുകളും ആഭരണങ്ങളും രത്നങ്ങളും വാങ്ങുന്നതിന്നായി ചിലവുചെയ്താൽ വളരെ വേലക്കാൎക്കു് ഉപകാരമാകുമെന്നും വേറെ ചിലർ അതു് ഊട്ടുപുരകളുണ്ടാക്കി ബ്രാഹ്മണൎക്കു് ഭക്ഷണംകൊടുക്കാനായി ഉപയോഗിച്ചാൽ വളരെ മഹാബ്രാഹ്മണൎക്കു് ഉപജീവനത്തിന്നും നാട്ടുവാഴിയുടെ ഇഹപരലോകങ്ങളിലെ ശ്രേയസ്സിന്നുംവഴിയാകുമെന്നും പറഞ്ഞു. അപ്പോൾ അതിവൃദ്ധനും വിദ്വാനുമായ ഒരാൾ ഇങ്ങിനെ പറഞ്ഞു. “അങ്ങയുടെ ഭൂമിയിൽ വെള്ളക്കുറവുകൊണ്ടു് കൃഷിപ്പണിക്കു് ദോഷമുള്ളതായ ചില പ്രദേശങ്ങളുണ്ടു്. ഈ ധനം അവിടങ്ങളിൽ തോടുകളും കുളങ്ങളും ഉണ്ടാക്കുന്നതിന്നായി ഉപയോഗിച്ചാൽ ദരിദ്രന്മാരായ അനവധി വേലക്കാരുടെ ഉപജീവനത്തിന്നു് വഴിയാകുന്നതിന്നു് പുറമെ ഭൂമിയിൽനിന്നുണ്ടാകുന്ന ധാന്യവും അങ്ങയുടെ ആദായവും നാട്ടിലെ സമ്പത്തും വൎദ്ധിക്കുന്നതാണു്. ഊട്ടുപുരയുണ്ടാക്കി ഒരു വേലയും കൂടാതെ കാലക്ഷേപം ചെയ്യുന്നവരെ

പോററുന്നതായാൽ നാട്ടിൽ ദാരിദ്ര്യവും മടിയന്മാരും വൎദ്ധിക്കുകയേ ഉള്ളു. നാടകശാലകളും ആഭരണങ്ങളും ഉണ്ടാക്കുന്നതാണ് ഇതിൽ നല്ലതു്. അതിനാൽ എന്തെങ്കിലും ഓരോ വേലകൾ ചെയ്യുന്നവൎക്കാണ് ഗുണം സിദ്ധിക്കുന്നതു്. എങ്കിലും ഈ ധനവ്യയംകൊണ്ടു് പൊതുവെ ജനങ്ങൾക്കു് ഉപകാരമോ മേലാൽ ധനത്തിന്റെ വൃദ്ധിക്കുള്ള വഴിയൊ ഉണ്ടാകുന്നതല്ല." ഈ പറഞ്ഞതു് ശരിയാണെന്നു് ധരിച്ചു് ആ നാട്ടുവാഴി അപ്രകാരം ചെയ്യുകയും അതിനാൽ അദ്ദേഹത്തിന്റെ ആദായത്തിന്നു് വൃദ്ധിയും വളരെ കുടിയാന്മാൎക്കു സമൃദ്ധിയും അനവധിവേലക്കാൎക്കു് ഉപജീവനത്തിന്നു് വഴിയും ഉണ്ടായി. ഈ ദൃഷ്ടാന്തംകൊണ്ടു് മൂലധനം ചിലവുചെയ്യേണ്ടതു് എങ്ങിനെ എന്നു് സ്പഷ്ടമാകുന്നുവല്ലൊ.

ചിലവുചെയ്യാതെ കെട്ടിവെയ്ക്കുകയൊ വല്ല നേരമ്പോക്കിന്നു വേണ്ടി ചിലവുചെയ്യുകയൊ ചെയ്യുന്ന ധനം മൂലധനമല്ല. ഒരു ധനത്തെ മൂലധനമെന്നു് പറയേണമെങ്കിൽ അതു് പിന്നെയും ധനം ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ചിലവുചെയ്യുന്നതായിരിക്കണം. അങ്ങിനെ ചിലവുചെയ്യുന്നതു് രണ്ടുപ്രകാരത്തിലാണ്. മൂലധനത്തിൽ ഒരുഭാഗം ധനോല്പാദനത്തിന്നു് ഒരിക്കലേ ഉപയോഗപ്പെടുകയുള്ളു. മറെറഭാഗം പല പ്രാവശ്യത്തേക്കും ഉപയോഗപ്പെടുന്നതാണ്. കൃഷിപ്പണിക്കുവേണ്ട വിത്തിനും വള്ളിക്കും ആവിയന്ത്രങ്ങൾകൊണ്ടും മററും സാമാനങ്ങളുണ്ടാക്കുന്നതിനു വേണ്ട വിറകിനും വേലക്കാരുടെ കൂലിക്കുമായി ചിലവുചെയ്യുന്ന ധനം ഒരിക്കലേയ്യൂ ഉപയോഗപ്പെടൂ. എന്നാൽ കന്നുകാലി, കരി, കയ്യാല, ആവിയന്ത്രം, അതു വെയ്പാനുള്ള കെട്ടിടം, മുതലായതിന്നുവേണ്ടി ഒരിക്കൽ ചിലവുചെയ്യുന്നതുകൊണ്ടു് പലകുറിയും ധനോല്പാദനത്തിന്നു് ഉപയോഗപ്പെടുന്നതാണ്. ഒരിക്കൽ മാത്രം ഉപയോഗപ്പെടുന്നധനത്തെ വ്യാവൎത്തകമൂലധനമെന്നും പലപ്രാവശ്യത്തേക്കുപയോഗപ്പെടുന്നതിനെ സ്ഥിരമൂലധനമെന്നുമാണ് ധനശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഒരുവൻ ചിലവുചെയ്യുന്ന വ്യാവൎത്തകമൂലധനം അതാതു കൊല്ലത്തിലും സ്ഥിരമൂലധനം വളരെക്കാലംകൊണ്ടും തിരിയെ കിട്ടുന്നതാണ്. വിത്തു്, വള്ളി, മുതലായതിന്നു് ചിലവുചെയ്യുന്നതു് അതാതുകൊല്ലത്തെ വിളവിൽനിന്നും, കന്നുകാലി, കയ്യാല മുതലായതിന്നു് ചിലവുചെയ്യുന്നതു് അതുകൾ എത്ര കാലത്തേക്കു് ഉപയോഗപ്പെടുന്നുവൊ അത്രകാലത്തെ വിളവിൽനിന്നും ഉണ്ടാകണമെന്നാണല്ലൊ ധനത്തിന്റെ ഉടമസ്ഥന്മാർ ഇച്ഛിക്കുന്നതു്.

ജനങ്ങൾ അവരവരുടെ ആദായത്തിൽനിന്നു് ചിലവിനുള്ള

ത്തു് കഴിച്ചു് ശേഷമുള്ളതു് സമ്പാദിച്ചു് വെക്കുന്നതിനാലാണല്ലൊ മൂലധനമുണ്ടാകുന്നതു്. മിതവ്യയശീലവും, ദീൎഘാലോചനയും ഉള്ളവരാണു് ഇങ്ങിനെ സമ്പാദിച്ചുവെയ്ക്കുന്നതു്. ഈ ഗുണങ്ങൾ സാധാരണയിലുള്ള ജനങ്ങൾക്കു് സിദ്ധിക്കുവാൻ വിദ്യാഭ്യാസത്തിന്റെ പ്രചാരം വളരെ ആവശ്യമാണു്. അതുകൊണ്ടു് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിന്നുവേണ്ടി യത്നംചെയ്യുന്നതു് നാട്ടിൽ ധനസമൃദ്ധിയും മറ്റുമുണ്ടാകണമെന്നു് ഇച്ഛിക്കുന്ന രാജാക്കന്മാരുടെ കൎത്തവ്യകൎമ്മങ്ങളിൽ മുഖ്യമായിട്ടുള്ളതാണെന്നു് സ്പഷ്ടമാകുന്നു. ഇതു തന്നെയുമല്ല രാജ്യഭരണത്തിന്നു് വ്യവസ്ഥയും നീതിന്യായങ്ങളും ഉണ്ടാകുന്നതും മൂലധനവൃദ്ധിക്കു് വളരെ ആവശ്യമായിട്ടുള്ളതാണു്. പൂൎവ്വകാലങ്ങളിൽ നമ്മുടെ രാജാക്കന്മാർ ധനവാന്മാരുടെ കയ്യിൽനിന്നും ദ്രവ്യം ബലാൽകാരേണ അപഹരിക്കുന്നതു് പതിവായിരുന്നു. അങ്ങിനെയാകുമ്പോൾ ധനം സമ്പാദിച്ചുവെയ്ക്കുന്നതിന്നു് ജനങ്ങൾക്കു് മനസ്സുവരാത്തതും ദുൎല്ലഭമായി ചിലർ അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ അവർ അതിനെ വൎദ്ധിപ്പിക്കുന്നതിന്നുവേണ്ടി വല്ല വ്യാപാരങ്ങളിൽ മുടക്കാതെ വെറുതെ കെട്ടിവെയ്ക്കുന്നതും സ്വാഭാവികമാണു്. എന്നാൽ ഇപ്പോൾ ആവക ദോഷങ്ങളൊന്നുമില്ലെങ്കിലും നാട്ടിൽ ധനപുഷ്ടിയുണ്ടാകേണ്ടതിന്നു് ധനവ്യയം എങ്ങിനെയാണു് ചെയ്യേണ്ടതു് എന്നു് ധരിച്ചിട്ടുള്ളവർ നമ്മുടെ കൂട്ടത്തിൽ വളരെ ചുരുക്കമാണു്. ഇംഗ്ലണ്ടിലും മറ്റും കച്ചവടത്തിന്നും മറ്റുമായി വളരെ ആളുകൾ കൂടിച്ചേൎന്നു് ചെറിയ ഓഹരികളായി പണമെടുത്തു് കൂട്ടുമുതൽ കമ്പനികൾ സ്ഥാപിക്കുന്ന സമ്പ്രദായം ഇവിടേയും നടപ്പായാൽ അതു് ജനങ്ങൾക്കു് ധനാൎജ്ജനത്തിന്നും, രാജ്യത്തുള്ള മൂലധനത്തിന്റെ വൃദ്ധിക്കും ഒരു ബലവത്തായ കാരണമാകുമായിരുന്നു.

# ൫. ധനവിനിമയം.

കൃഷിക്കാൎക്കും അവരുടെ പ്രയത്നംകൊണ്ടു് ധാന്യങ്ങൾ മാത്രമെ ഉണ്ടാകുന്നുള്ളൂ. ദുൎല്ലഭമായി ചിലൎക്കു് പാലും കറിസാമാനങ്ങളും കൂടെ ഉണ്ടാകും. ഇതുകളൊഴിച്ചു് അവൎക്കു് ആവശ്യമുള്ള മറ്റെല്ലാ സാധനങ്ങളും മറ്റു ചിലരുടെ പ്രയത്നംകൊണ്ടുണ്ടാകേണ്ടതാണെന്നു സ്പഷ്ടമാണല്ലോ. അവരുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന

നെല്ലിൽനിന്നു് അവൎക്കു് അവശ്യമുള്ളതെടുത്തുവച്ചു് ശേഷമുള്ളതു ഓരോരുത്തൎക്കു കൊടുത്തു് പകരം തങ്ങൾക്കു് അവശ്യമുള്ളതായ സാധനങ്ങളെ വാങ്ങുന്നു. ഇതുപോലെതന്നെയാകുന്നു മററെല്ലാവരുടെയും അവസ്ഥ. അവരവരുടെ ഉപജീവനത്തിന്നു് എല്ലാമനുഷ്യൎക്കും അന്യോന്യാശ്രയം അവശ്യമാണു്. ഇങ്ങിനെ മനുഷ്യർ ധനം കൈമാററം ചെയ്യുന്നതിനെയാകുന്നു ധനവിനിമയമെന്നു പറയുന്നതു്.

അവരവരുടെ സ്വന്തസ്വത്തിന്മേലുള്ള അവകാശം അവരവൎക്കുതന്നെ ആയിരുന്നാലെ ധനവിനിമയമുണ്ടാകയുള്ളു. നാട്ടുകോട്ടച്ചെട്ടികളുടെ ഇടയിൽ നടക്കുന്നതുപോലെ ഒരു നാട്ടിലുള്ള എല്ലാമുതലിന്റെയും അവകാശം എല്ലാപേൎക്കും കൂടീട്ടാണെങ്കിൽ ആ നാട്ടുകാർ തമ്മിൽ ധനം കൈമാററം ചെയ്വാനുള്ള അവശ്യമില്ലല്ലോ. നാട്ടുകോട്ടച്ചെട്ടികൾ പല കുടുംബക്കാരായിട്ടുണ്ടെങ്കിലും അവരുടെ മുതൽ എല്ലാപേരുടേയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാപേൎക്കും ഒരുപോലെ അവകാശമുള്ളതുമാണു്. അവരിൽ ആൎക്കെങ്കിലും തന്റെ വ്യാപാരംകൊണ്ടു് ലാഭമോ നാശമൊ ഉണ്ടായാൽ ആ ലാഭവും നാശവും എല്ലാപേൎക്കും സംബന്ധിക്കുന്നതാണു്. സ്വകാൎയ്യമായി ധനം സമ്പാദിച്ചു് കയ്യിൽ വയ്പാൻ ആൎക്കും അൎഹതയില്ല. അങ്ങിനെയാകുമ്പോൾ അവർ തമ്മിൽ ക്രയവിക്രയങ്ങളുണ്ടാവാൻ പാടില്ലല്ലൊ. അതുകൊണ്ടു് ധനവിനിമയത്തിന്നു് സ്വകാൎയ്യസ്വത്തുണ്ടായിരിക്കണമെന്നു് സ്പഷ്ടമാണു്.

ഈ ലോകത്തിൽ ചിലർ ക്ലേശിച്ചു ചിലവു കഴിക്കുന്നവരും മററു ചിലർ ക്ലേശിക്കാതെ ചിലവു കഴിക്കുന്ന ധനികന്മാരും, ചിലർ അശേഷം ചിലവിന്നു് മതിയാകാതെ ദാരിദ്ര്യസമുദ്രത്തിൽ കിടന്നു് മുങ്ങുന്നവരും, മററു ചിലർ സുഭിക്ഷമായി ചിലവിന്നു വേണ്ടതിലധികം മുതലുള്ളവരുമാണല്ലൊ. പ്രപഞ്ചത്തിലെ ഇപ്പൊഴത്തെ ഈ അവസ്ഥ വളരെ ശോചനീയമായിട്ടുള്ളതെന്നുകണ്ടു അതിന്റെ നിവാരണത്തിന്നുവേണ്ടി ഓരോരുത്തർ ഓരോ ഉപായങ്ങളെ ഘോഷിക്കുന്നുണ്ടു്. യൂറോപ്പിലുള്ള രാജ്യങ്ങളിൽ വളരെ ലഹളകൂട്ടുന്നതായ ഒരുവകക്കാരുടെ അഭിപ്രായത്തെ കുറിച്ചുമാത്രം ഇവിടെകുറെ പ്രസ്താവിക്കാം. അവരുടെ അഭിപ്രായത്തിൽ സ്വകാൎയ്യമായി ആൎക്കും തന്നെ മുതൽ സമ്പാദിച്ചുവച്ചുകൂടാ. ഒരു നാട്ടിലുള്ള എല്ലാമുതലും ആ നാട്ടിലുള്ള എല്ലാപേരുടെയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാപേൎക്കും ഒരുപോലെ അവകാശമുള്ളതും ആയിരിക്കണം. എല്ലാപേരെക്കൊണ്ടും അവരവരുടെ ശക്തിപോലെ പ്രയത്നം ചെയ്യിപ്പിച്ചു് സ

ക്കാരിൽനിന്നു് അവക്കാവശ്യമുള്ളതു കൊടുക്കണം. ഇങ്ങിനെയായാൽ നാട്ടിലുണ്ടാകുന്ന ധനത്തിൻെറ അവസ്ഥപോലെ എല്ലാപേക്കും ഒരേമാതിരിയിൽ ഉപജീവനം കഴിക്കാവുന്നതാണു്. ഈ വാദത്തിനു് സമുദായസ്വാതന്ത്ര്യവാദമെന്നാകുന്നു പറയുന്നതു്. ഇംഗ്ലീഷിൽ ഇതിനു് "സോഷ്യാലിസം" എന്നും "കൊമ്യൂണിസം" എന്നും പറയുന്നു.

സമുദായസ്വാതന്ത്ര്യവാദികളായിട്ടു് യൂറോപ്പിലും അമേരിക്കായിലും പലരുമുണ്ടെങ്കിലും ധനശാസ്ത്രജ്ഞന്മാരിൽ മിക്കവരും ഈ വാദത്തെ സ്വീകരിച്ചിട്ടില്ല. അതിനു് ബാധകങ്ങളായി പല സംഗതികളുമുണ്ടെന്നാകുന്നു അവരുടെ അഭിപ്രായം. അവയിൽ ഒന്നുരണ്ടു സംഗതികളെമാത്രം ഇവിടെ പറയാം. ഒന്നാമതു ജനങ്ങൾക്കു് പ്രയത്നം ചെയ്യുന്നതിനു് ഉത്സാഹമില്ലാതെയായിത്തീരും. ഇപ്പോൾ ഈ ഉത്സാഹത്തിനു് മുഖ്യകാരണമായതു മനുഷ്യക്കു സഹജമായ സ്വാൎത്ഥപരത്വമാണല്ലോ. തനിക്കും തൻെറ ആളുകൾക്കും ഉപജീവനത്തിനുവേണ്ട വഴിയുണ്ടാക്കുന്നതിന്നും, പല യോഗ്യതകളും ഇപ്പോൾ ധനംകൊണ്ടുണ്ടാകുന്നതാകയാൽ ആ യോഗ്യതകളെ സമ്പാദിക്കുന്നതിന്നുമാകുന്നു ജനങ്ങൾ സാധാരണയായി അതിപ്രയത്നംചെയ്യുന്നതു്. എന്നാൽ എങ്ങിനെയായാലും തനിക്കു് വേണ്ടതുകിട്ടുമെന്നും വേണ്ടതിലധികം കിട്ടുകില്ലെന്നും വരുമ്പോൾ ആൎക്കെങ്കിലും അതിപ്രയത്നം ചെയ്യുന്നതിന്നു് മനസ്സുവരുന്നതാണൊ? തൻെറ പ്രയത്നത്തിൻെറ ഫലം മുഴുവൻ തനിക്കുതന്നെ അനുഭവിക്കാമെന്നിരിക്കുമ്പോൾ ഒരുവൻ പ്രയത്നംചെയ്യുന്നതുപോലെ തന്നെ ആ ഫലം എല്ലാവരുംകൂടി അനുഭവിക്കണമെന്നുവരുമ്പൊഴും ചെയ്യുമെന്നു വിചാരിക്കുന്നതു് സ്വഭാവവിരുദ്ധമല്ലെ? രണ്ടാമതു് തുമ്പില്ലാതെ ധനവ്യയവും മററും ചെയ്യുന്നതിനു് ഇപ്പോഴുള്ള പ്രതിബന്ധങ്ങളൊന്നുമില്ലാതെയാകും. തങ്ങൾക്കും തങ്ങളുടെ സന്താനങ്ങൾക്കും ഒരിക്കലും പട്ടിണിവരരുതെന്നുള്ള വിചാരംകൊണ്ടും മററുമാണു് ഇപ്പോൾ സാധാരണജനങ്ങൾ സമ്പാദിപ്പാൻ ശക്തിയുള്ള കാലങ്ങളിൽ മിതവ്യയികളായും മററും ഇരുന്നു് മേലിലേക്കു് കരുതിവയ്ക്കുന്നതിനുള്ള ആലോചന അവക്കുണ്ടാകുന്നതു്. എന്നാൽ എങ്ങിനെയായാലും ചിലവിന്നു് മുട്ടുവരികയില്ലെന്നു വരുമ്പോൾ ഈ വക ദീൎഘാലോചനകളുണ്ടാവാൻ സംഗതിയില്ലല്ലോ. ജനങ്ങളെല്ലാവരും അവരവരെപ്പോലെതന്നെ മറെറല്ലാവരെയും വിചാരിക്കുന്നതായ (എന്നുവച്ചാൽ ഒരിക്കലും വരുമെന്നുവിചാരിപ്പാൻ പാടില്ലാത്തതായ) കാലത്തിലെ ഇതു് സാദ്ധ്യമാകയുള്ളു. അതുകൊണ്ടു് സമുദായസ്വാതന്ത്ര്യവാദം ഫലിക്കുന്ന

തായാൽ നാട്ടിലെ ധനം ക്ഷയിക്കുന്നതിന്ന് ഒരു മാൎഗ്ഗമാണെന്നു സ്പഷ്ടമാണല്ലൊ.

എങ്കിലും എല്ലാ രാജ്യങ്ങളിലും അതിധനികത്വത്തേയും അതിനിൎദ്ധനത്വത്തേയും അടുത്തടുത്തു കാണുമ്പോൾ സമജീവികളിൽ സ്നേഹമുള്ള സജ്ജനങ്ങൾ സമുദായസ്വത്വവാദികളാകുന്നതു് അതിശയമല്ല. അതുകൊണ്ടു് ജനങ്ങളിൽ ധനത്തെ സംബന്ധിച്ചിടത്തോളം ഉള്ള ഈ അസാമ്യം കഴിയുന്നതും കുറയ്ക്കുന്നതിന്നു മേല്പറഞ്ഞ ന്യൂനതകളൊന്നുമില്ലാത്ത ഒരുഉപായം കണ്ടുപിടിക്കുന്നതിന്നു മഹാന്മാരായിട്ടുള്ളവർ ഉത്സാഹിക്കേണ്ടതാണു്.

# ൩. വില.

വില എന്നു പറയുന്നതു് രണ്ടു പ്രകാരത്തിൽ വിചാരിക്കപ്പെടാവുന്നതാണു്. സാധാരണയായി വില എന്നു പറയുന്നതിന്റെ അൎത്ഥം ഒരു സാധനം വാങ്ങുകയൊ കൊടുക്കുകയൊ ചെയ്യുമ്പോൾ അതിന്നു പകരം കൊടുക്കുകയൊ വാങ്ങുകയൊ ചെയ്യുന്ന പണമെന്നാകുന്നു. എന്നാൽ ധനശാസ്ത്രത്തിൽ ഇതിന്നു കുറെ വ്യത്യസ്ഥമായ ഒരൎത്ഥവും കൂടിയുണ്ടു്. അതിൽ വില എന്നു പറയുന്നതു് പദാൎത്ഥങ്ങളുടെ താരതമ്യമാകുന്നു. ഈ അൎത്ഥത്തിലുള്ള വില കണക്കാക്കുന്നതു് ഓരോ സാധനങ്ങളെ മറ്റോരൊ സാധനങ്ങളോടു് ഒത്തുനോക്കുന്നതിന്നാലാകുന്നു. ഒരു പറ കോതമ്പു കൊടുത്താൽ മൂന്നുപറ നെല്ലു് കിട്ടുമെങ്കിൽ ഒരു പറ കോതമ്പിന്റെ വില മൂന്നു പറ നെല്ലാണെന്നു് പറയാവുന്നതാണു്. ഇപ്രകാരമുള്ള വിലയിൽ രണ്ടു വിധത്തിൽ ഭേദഗതികൾ വരാവുന്നതാണു്. ഒന്നു് അന്തരസ്ഥമായ കാരണംകൊണ്ടും, മററതു് ബഹിസ്ഥമായ കാരണംകൊണ്ടുമാണു് ഇങ്ങിനെ വരുന്നതു്. ഒരു പറ കോതമ്പിന്റെ വില സാധാരണയായി ഏകദേശം മൂന്നു പറ നെല്ലാകുന്നു. എന്നാൽ ചിലപ്പോൾ ഇതിൽ നിന്നു് വളരെ ഭേദപ്പെട്ടു കാണുന്നുണ്ടു്. ഒരു കൊല്ലത്തിൽ കോതമ്പു കൃഷിക്കു് പ്രത്യേകമായി വളരെ ഗുണമൊ ദോഷമൊ ഉണ്ടായാലും നെൽകൃഷിക്കു് അപ്രകാരം തന്നെ ഉണ്ടായാലും കോതമ്പിന്റെ വിലയിൽ ഭേദഗതികൾ വരുന്നതാണു്. ഇതിൽ ആദ്യത്തേതു് അന്തഃസ്ഥമായ കാരണംകൊണ്ടെന്നും രണ്ടാമത്തേതു ബാഹിസ്ഥമായ കാരണംകൊണ്ടെന്നുമാണു് പറഞ്ഞുവരുന്ന

ത്തു്. വിലയുടെ അൎത്ഥം ഇങ്ങിനെയാകുമ്പോൾ എല്ലാ സാധനങ്ങൾക്കും ൟ ആണ്ടിൽ വില അധികമാണെന്നു് പറഞ്ഞുകേൾക്കുന്നതു് അബദ്ധമാണെന്നു് സ്പഷ്ടമാണല്ലോ. നെല്ലു കൊട്ടത്താൽ കഴിഞ്ഞ കൊല്ലത്തേക്കാൾ അധികം കോതമ്പു കിട്ടുമെന്നും കോതമ്പു കൊട്ടത്താൽ കഴിഞ്ഞ കൊല്ലത്തേക്കാൾ അധികം നെല്ലു കിട്ടുമെന്നും ഏകകാലത്തിൽ വരുവാൻ പാടില്ലല്ലോ.

വിലയുടെ ൟ അൎത്ഥത്തിൽ സാധാരണയായി ഉപയോഗിച്ചുവരുന്ന അൎത്ഥവും ഉൾപ്പെടുന്നതാണു്. ഒരു പറ അരിക്കു് ഒരു ഉറുപ്പിക വിലയാണെന്നു് പറയുമ്പോൾ അരിയെന്ന സാധനത്തേയും, ഉറുപ്പിക എന്ന സാധനത്തേയും സാദൃശ്യപ്പെടുത്തുകയാണു് ചെയ്യുന്നതു്. ഇതിന്നു് കോതമ്പും നെല്ലും കൂടി സദൃശപ്പെടുത്തുന്നതിൽ നിന്നു് പറയത്തക്കതായ യാതൊരു വ്യത്യാസവും ഇല്ല. ൟ സംഗതി ഓൎമ്മ വച്ചാൽ നെല്ലുവില ഇപ്പോൾ പണ്ടത്തേക്കാൾ വളരെ അധികമാണെന്നു് പറഞ്ഞുവരുന്നതിന്റെ അൎത്ഥം കുറെ ഭേദപ്പെടുന്നതാണു്. നെല്ലു് പണ്ടത്തെപ്പോലെ വിളയുന്നില്ലെന്നു് പറവാൻ യാതൊരു തെളിവുമില്ലെന്നുതന്നെയല്ല പണ്ടത്തേക്കാൾ വളരെ അധികം ദിക്കുകളിൽ ഇപ്പോൾ കൃഷിചെയ്തുവരുന്നുണ്ടെന്നും സ്പഷ്ടമാണു്. അതുകൊണ്ടു് ൟ വ്യത്യാസത്തിനു് അന്തരസ്ഥകാരണമൊന്നുമുണ്ടാവാൻ പാടില്ല; ബഹിസ്ഥകാരണമാണുള്ളതു്. അമ്പതുകൊല്ലമായിട്ടു് ആകരങ്ങളിൽ നിന്നു് സ്വൎണ്ണവും വെള്ളിയും അധികമായി എടുത്തുവരുന്നുണ്ടു്. ഇതുകൾക്കു് മററു ചില സാധനങ്ങളെപ്പോലെ നാശവുമില്ല. അതുകൊണ്ടു് ഉറുപ്പികയുടെ വില കുറയുകയാണു്. നെല്ലിന്റെ വില കൂടുകയല്ല ചെയ്തിട്ടുള്ളതെന്നു സ്പഷ്ടമാകുന്നു.

പദാൎത്ഥങ്ങൾക്കു് വിലയുണ്ടാകുന്നതിനുള്ള കാരണമെന്താണെന്നു് ആലോചിപ്പാനുള്ളതാണു്. ഉപയോഗ്യത, പ്രയത്നസാദ്ധ്യത, എന്നീ രണ്ടു ലക്ഷണങ്ങളുണ്ടാകുന്നതിനാലാണു് പദാൎത്ഥങ്ങൾക്കു് വിലയുണ്ടാകുന്നതു് എന്നാകുന്നു ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. മനുഷ്യൎക്കു് ഒരു പ്രകാരത്തിലും ഉപയോഗപ്പെടാത്ത ഒരു പദാൎത്ഥത്തിന്നു് ആരും വിലകൊടുക്കുന്നതല്ലെന്നു് സ്പഷ്ടമാണല്ലോ. എന്നാൽ ചില സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും അതുകൾക്കു് ആരും വിലകൊടുക്കുന്നതായി കാണുന്നില്ല. കാററു, വെള്ളം, തീയ്യു് മുതലായവ കൂടാതെ മനുഷ്യൎക്കു് ജീവധാരണം ചെയ്യുന്നതിന്നു കൂടെ അസാദ്ധ്യമാണെങ്കിലും അതുകളെ സാധാരണയായി ആരും വിലകൊടുത്തു വാങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ അവ വളരെ ഉപയോഗമുള്ള പദാൎത്ഥങ്ങളാണെങ്കിലും

യാതൊരു പ്രയത്നവും കൂടാതെ ആവശ്യമുള്ളേടത്തോളം കിട്ടുന്നവയാകുന്നു. അതുകൊണ്ടു് പദാൎത്ഥങ്ങൾക്കു് വിലയുണ്ടാകുന്നതിന്നു് ഉപഭോഗ്യങ്ങളായിരിക്കേണ്ടതിന്നു പുറമെ പ്രയത്നസാദ്ധ്യങ്ങളുമായിരിക്കണം.

വിലയുള്ള എല്ലാ പദാൎത്ഥങ്ങളിലും ഈ രണ്ടു ലക്ഷണങ്ങളുമുണ്ടായിരിക്കുമെങ്കിലും ചിലതിൽ ഒരു ലക്ഷണം പ്രധാനമായും മറ്റു ചിലതിൽ മററതു് പ്രധാനമായും കാണാവുന്നതാണു്. ഒരു വലിയ മാവിന്റെ നാരായക്കൊമ്പത്തുനിന്നു് പറിച്ച മാങ്ങയ്ക്കു് നിലത്തു നിന്നു് പറിച്ച ഒരു ചെറിയ മാവിന്റെ മാങ്ങയേക്കാൾ അധികം വില ആരും കൊടുക്കയില്ല. മുമ്പിലത്തേതു് രണ്ടാമത്തേതിനേക്കാൾ അധികം പ്രയത്നം ചെയ്തു് കിട്ടിയതാണെങ്കിലും ഇവിടെ ഉപയോഗം പ്രധാനമാകകൊണ്ടു് അതു കിട്ടുന്നതിനുള്ള പ്രയത്നത്തെക്കുറിച്ചു് ആരും അത്ര വിചാരിക്കുന്നതല്ല. വളരെ വിലപിടിച്ച ഒരു വൈരക്കല്ലു മോതിരംകൊണ്ടുള്ള ഉപയോഗം എല്ലാവൎക്കും ഒരുപോലെ ആയിരിക്കാം. എന്നാൽ അതിന്റെ വിലകൊടുക്കുന്നതിന്നു് വേണ്ട ധനം സമ്പാദിപ്പാൻ പ്രയത്നംചെയ്യുന്നതിന്നു് എല്ലാവരും ഒരുപോലെ ഒരുങ്ങീട്ടുള്ളവരല്ല. ഇവിടെ പ്രയത്നസാദ്ധ്യതയാണു് പ്രധാനമെന്നുതന്നെയല്ല പലരും ഇതിന്റെ ഉപയോജ്യതയെക്കുറിച്ചു് വിചാരിക്കുകതന്നെ ചെയ്യുന്നില്ല.

ഒരു പദാൎത്ഥത്തിന്റെ വില സാധാരണയായി അതിന്റെ ഉല്പാദനത്തിന്നു് വേണ്ട വ്യയത്തെ അനുസരിച്ചിരിക്കും. ഉല്പാദനവ്യയം എന്തെല്ലാമാണെന്നു് ആലോചിപ്പാനുള്ളതാണു്. ഭൂമിയിൽനിന്നുണ്ടാകുന്ന പദാൎത്ഥമാണെങ്കിൽ അതിന്റെ ഉല്പാദനവ്യയം, ഭൂമിയുടമസ്ഥന്റെ ആദായമാകുന്ന പാട്ടവും വേലക്കാരുടെ കൂലിയും വിത്തു്, വള്ളി, കന്നുകാലി മുതലായതിന്നു് വേണ്ട മൂലധനം മുൻകൂറായി ചിലവുചെയ്യുന്നവന്റെ ആദായവുമാകുന്നു. കൈത്തൊഴിലുകൊണ്ടുണ്ടാക്കുന്ന വസ്ത്രം മുതലായ സാധനങ്ങളുടെ ഉല്പാദനവ്യയത്തിൽ കൂലിയും മൂലധനക്കാരന്റെ ആദായവും മാത്രമേ പ്രധാനമായി ഗണിപ്പാനുള്ളു. പഞ്ഞിയുടേയും വസ്ത്രത്തിന്റേയും വിലകളുടെ അന്തരം വിചാരിക്കുമ്പോൾ ഭൂമിയുടമസ്ഥന്റെ ആദായം വളരെ തുച്ഛമാകുന്നു. ഇതുകൾക്കു പുറമേ അതാതു സാധനങ്ങൾ ആവശ്യമുള്ളേടത്തേക്കു് കൊണ്ടുപോകുന്നതിനുള്ള ചിലവും ക്രയവിക്രയം ചെയ്യുന്നവരുടെ ആദായവും കണക്കാക്കേണ്ടതാണു്. വിലയെന്നു പറയുന്നതു് ഇതെല്ലാം കൂടിയതാണെന്നു് സാമാന്യമായി പറയാം.

വിലയെന്നതു് ഉല്പാദനവ്യയത്തെ അനുസരിക്കുന്നതിനു പുറ

മേ അവശ്യോല്പാദനങ്ങളേയും കൂടി അനുസരിച്ചിരിക്കുന്നതാണ്. അവശ്യത്തെ ഉല്പാദനത്തോട് സമമാക്കുന്നവിധത്തിലായിരിക്കും പദാൎത്ഥങ്ങളുടെ വില. ഒരു പദാൎത്ഥത്തിനുള്ള അവശ്യം വൎദ്ധിക്കുമ്പോൾ അതിന്റെ വില വൎദ്ധിക്കുകയും, ഉല്പാദനം വൎദ്ധിക്കുമ്പോൾ വില കുറയുകയും ചെയ്യും. അതുകൊണ്ട് അവശ്യം വൎദ്ധിക്കുമ്പോൾ വിലവൎദ്ധിക്കുമെന്ന് മുൻപറഞ്ഞത് ശരിയാണെങ്കിലും അവസാനത്തിൽ അവശ്യവൎദ്ധനകൊണ്ട് വിലയ്ക്കു കുറവാണ് ഉണ്ടാകുന്നത്. ഒരു വിശേഷമായ പാത്രം ഒരുവൻ ഉണ്ടാക്കി എന്നും, അതിന്ന് ൰ അവശ്യക്കാർ ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ തനിക്ക് കിട്ടണമെന്നുവച്ച് എല്ലാപേരും അതിന്റെ വില കൂട്ടിക്കൂട്ടിവരുന്നതാണല്ലോ. ഒടുവിൽ ഒൻപതാളുകൾ പിൻവാങ്ങി എല്ലാപേരെക്കാൾ അധികം വിലകൊടുക്കുന്നതായ പത്താമത്തെ ആൾക്ക് അതു കിട്ടും. ഈ ഉദാഹരണത്തിൽ നിന്ന് വില അവശ്യത്തെ ഉല്പാദനത്തോട് സമമാക്കുന്നു എന്നും, അവശ്യം വൎദ്ധിക്കുമ്പോൾ വിലയും വൎദ്ധിക്കുമെന്നും സ്പഷ്ടമാകുന്നു. ഈ പാത്രം ഉണ്ടാക്കീട്ടുള്ളവന്ന് അതിലാഭം കിട്ടീട്ടുണ്ടെന്ന് നിസ്സംശയമാണ്. വേലക്കാർ എല്ലാപ്പോഴും ലാഭമുള്ള വ്യാപാരം നോക്കിക്കൊണ്ടിരിക്കുന്നവരാകയാൽ പലരും ഈ പാത്രമുണ്ടാക്കുവാൻ യത്നിച്ചുതുടങ്ങുമെന്ന് പറയേണ്ടതില്ലല്ലോ. അപ്പോൾ ഉല്പാദനം വളരെ വൎദ്ധിക്കും. ഉല്പാദനം വൎദ്ധിക്കുമ്പോൾ അവശ്യക്കാർ മത്സരിച്ച് വിലകൂട്ടുകയില്ലെന്നുതന്നെയല്ല വേലക്കാർ താൻ ഉണ്ടാക്കിയത് മുമ്പിൽ വില്ക്കണമെന്നു മത്സരിച്ചു വില കുറയ്ക്കുകയും ചെയ്യും. അതുകൊണ്ട് അവശ്യം വൎദ്ധിക്കുമ്പോൾ വില വൎദ്ധിക്കുമെന്ന് പറയാമെങ്കിലും അവസാനത്തിൽ അവശ്യവൎദ്ധനംകൊണ്ട് വിലയ്ക്കു കുറവാണ് ഉണ്ടാകുന്നതെന്നു മുമ്പിൽപറഞ്ഞതും ഈ ഉദാഹരണംകൊണ്ട് സ്പഷ്ടമാകുന്നു.

വിലയെ സംബന്ധിച്ചിടത്തോളം പദാൎത്ഥങ്ങളെ മൂന്നുതരമായി ഭാഗിക്കാവുന്നതാണ്. ൧. അനന്യസാധാരണമായും ഉല്പാദനം വൎദ്ധിപ്പിപ്പാൻ വയ്യാത്തതുമായുള്ള സാധനങ്ങൾ. ൨. ഉല്പാദനം വൎദ്ധിക്കുന്നതിന്ന് ഉല്പാദനവ്യയവും വൎദ്ധിക്കേണ്ടതായ സാധനങ്ങൾ. ൩. ഉല്പാദനവ്യയം വൎദ്ധിക്കാതെ ഉല്പാദനം വൎദ്ധിപ്പിക്കാവുന്ന സാധനങ്ങൾ. ഇതിൽ മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഒന്നാമത്തതിന്റെയും, ഭൂമിയിൽനിന്നും അകരങ്ങളിൽ നിന്നും ഉണ്ടാകുന്ന സാധനങ്ങൾ ൨-ാമത്തതിന്റെയും, കൈത്തൊഴിൽകൊണ്ടുണ്ടാക്കുന്ന വസ്ത്രാദിസാധനങ്ങൾ മൂന്നാമത്തതിന്റെയും ഉദാഹരണങ്ങളാകുന്നു. ഇതിൽ ഓരോന്നിന്റെ വിലയെ നിൎണ്ണയിക്കുന്നതു താഴെ പറയുന്ന വിധത്തിലാണ്.

൫. ഒരു വസ്തുവിനുള്ള ആവശ്യം വൎദ്ധിക്കുന്തോറും അതിൻെറ ഉല്പാദനവും വൎദ്ധിക്കുമെന്നു് ഇതിന്നു് മുമ്പിൽ പറഞ്ഞിട്ടുള്ളതു സാമാന്യമായി ശരിയാണെങ്കിലും എത്രതന്നെ ആവശ്യമുണ്ടായിരുന്നാലും ഉല്പാദനത്തെ വൎദ്ധിപ്പിപ്പാൻ അസാദ്ധ്യമായ സാധനങ്ങളുമുണ്ടു്. മരിച്ചുപോയ ഒരു ചിത്രമെഴുത്തുകാരൻ എഴുതിയ ചിത്രം ഇതിന്നുദാഹരണമാണു്. എന്നാൽ ഈ സാധനങ്ങളുടേയും വിലയെ ക്ലിപ്തപ്പെടുത്തുന്നതും ആവശ്യത്തെ ഉല്പാദനത്തോടു തുല്യമാക്കുന്നതിനാലാകുന്നു. ഇവിടെ ആവശ്യമെന്നുവച്ചാൽ വെറും ആഗ്രഹമെന്നല്ല കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹമെന്നാണു് അൎത്ഥം. മേല്പറഞ്ഞമാതിരിയിലുള്ള ചിത്രം കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നവർ അനവധിയുണ്ടാകും. എന്നാൽ അതു കൈവശപ്പെടുത്തുന്നതിനുള്ള ശക്തിയോടുകൂടിയ ആഗ്രഹം ഒരുവനുമാത്രമേ ഉണ്ടാവാൻ പാടുള്ളൂ. അവൻ ആ ചിത്രത്തിന്നു് മറ്റെല്ലാവരെക്കാൾ അധികം വിലകൊടുപ്പാൻ തയ്യാറായിരിക്കും. അതുകൊണ്ടു് ഉല്പാദനത്തെ വൎദ്ധിപ്പിക്കുവാൻ വയ്യാത്ത സാധനങ്ങളുടെ വില ഉല്പാദനവ്യയത്തെ അനുസരിക്കാതെ ആവശ്യക്കാരുടെ ആഗ്രഹത്തേയും ശക്തിയേയും അനുസരിച്ചിരിക്കും. ആ ആഗ്രഹവും ശക്തിയും ഒരുവന്നു് മറ്റെല്ലാവരെക്കാളധികമുണ്ടാകുന്നതാകയാൽ ഉല്പാദനവും ആവശ്യവും തുല്യമായി വരുന്നതാണല്ലോ. ഇങ്ങിനെയുള്ള സാധനങ്ങൾക്കു് കൊടുക്കുന്ന വിലയ്ക്കാകുന്നു സാധാരണയായി മോഹവിലയെന്നു പറയുന്നതു്.

൬. ഉല്പാദനം വൎദ്ധിക്കുന്നതിന്നു് ഉല്പാദനവ്യയവും വൎദ്ധിക്കേണ്ടതായ സാധനങ്ങളുടെ വിലയെക്കുറിച്ചാണു് ഇനി ആലോചിപ്പാനുള്ളതു്. ഭൂമിയിൽനിന്നുണ്ടാകുന്ന ധാന്യാദികളും, ആകരങ്ങളിൽനിന്നുണ്ടാകുന്ന ലോഹങ്ങളും ഈ സാധനങ്ങൾക്കു് ഉദാഹരണങ്ങളാണെന്നു് പറഞ്ഞിട്ടുണ്ടല്ലോ. ഒരു ഗ്രാമത്തിൽ അഞ്ഞൂറു ജനങ്ങളുണ്ടെന്നും, അവൎക്കു് വേണ്ടതിന്നുമാത്രമുള്ള നെല്ലുണ്ടാകുന്നതിന്നു് ഫലവത്തായ ഭൂമി സമീപത്തിൽ തന്നെ ഉണ്ടെന്നും ഇരിക്കട്ടെ. അപ്പോൾ അവിടെയുണ്ടാകുന്ന നെല്ലിൻെറ വില ഭൂമിയുടമസ്ഥൻെറയും വിത്തു്, വല്ലി, മുതലായതിന്നു് ചിലവുചെയ്യുന്നവൻെറയും ആദായവും പ്രയത്നക്കാരുടെ കൂലിയും കൂടീട്ടുള്ള സംഖ്യയായിരിക്കും. ഇതുപ്രകാരം ഒരുപറനെല്ലിന്നു് കാൽ ഉറുപ്പികവിലയാണെന്നിരിക്കട്ടെ. അങ്ങിനെ കാലാന്തരത്തിൽ ആ ഗ്രാമത്തിൽ ജനങ്ങൾ വൎദ്ധിച്ചുവരുമ്പോൾ അവർ ഉപജീവനത്തിന്നു് എന്തുചെയ്യും. ഫലവത്തായും സമീപത്തിലിരിക്കുന്നതായും ഉള്ള ഭൂമിയിൽ മുഴുവൻ കൃഷിചെയ്തുവരുന്നുണ്ടു്. അതുകൊണ്ടു് അവൎക്കു വിളവുകുറ

ത്തെ ഭൂമിയിലോ കുറെ ദൂരത്തിലുള്ള ഭൂമിയിലോ രണ്ടിലുമോ കൃഷി ചെയ്യേണ്ടിവരും. രണ്ടിലേതുവിധമായാലും മുമ്പിലുണ്ടായിരുന്നതിൽ ഇരട്ടിനെല്ലുണ്ടാകുന്നതിന്നു മുമ്പുണ്ടായിരുന്ന ഉല്പാദനവ്യയത്തിൽ ഇരട്ടിയിലധികം വേണ്ടിവരും. വിളവുകുറഞ്ഞ ഭൂമിയിലാണെങ്കിൽ വളരെ അധികം ദിക്കിൽ കൃഷി ചെയ്യേണ്ടിവരും. അപ്പോൾ ഉല്പാദനവ്യയവും വളരെ വൎദ്ധിക്കും. കുറെ ദൂരത്തിലുള്ള ഭൂമിയിലാണെങ്കിൽ നെല്ല് അവിടുന്ന് ഗ്രാമത്തിലേക്കു കൊണ്ടുവരുന്നതിനുള്ള ചിലവുകൂടി വേണ്ടിവരും. അതുകൊണ്ട് ഏതുവിധമായാലും അഞ്ഞൂറിൽ അധികമായി വൎദ്ധിച്ച് ജനങ്ങൾക്കു വേണ്ട നെല്ലിന് ആദ്യമേ കൃഷിചെയ്തുവന്നിരുന്ന നിലത്തിലുണ്ടാകുന്നനെല്ലിനേക്കാൾ അധികം വില കൊടുക്കേണ്ടിവരും. എന്നാൽ ഗ്രാമക്കാരിൽ ചിലർ അങ്ങിനെ അധികവിലകൊടുത്ത് നെല്ലുവാങ്ങുന്നതു കാണുമ്പോൾ മുമ്പിലത്തെ കൃഷിക്കാരും ആ അധികവിലയെ നിസ്സംശയമായി ആവശ്യപ്പെട്ടുമെന്നു സ്പഷ്ടമാണല്ലോ. അപ്പോൾ ആ ഗ്രാമത്തിൽ വേണ്ട നെല്ലിനെല്ലാം പറെയ്ക്കു കാലുറുപ്പികയിലധികം കൊടുക്കേണ്ടിവരും. അതുകൊണ്ട് ഒരു രാജ്യത്തെയ്ക്കു ആവശ്യമുള്ള നെല്ലിൽ ഏതു ഓഹരിക്കോ ഉല്പാദനവ്യയം അധികംവേണ്ടിവരുന്നു ആ ഓഹരിയുടെ വിലയായിരിക്കും അവിടെ ആവശ്യമുള്ള മുഴുവൻനെല്ലിന്റേയും വില. മററു ധാന്യങ്ങളുടേയും സസ്യങ്ങളുടേയും ലോഹങ്ങളുടേയും വില ഇങ്ങിനെതന്നെ ഇരിക്കുന്നതാണ്.

മേല്പറഞ്ഞ സംഗതികളിൽ നിന്ന് ജനവൎദ്ധനം നെൽവില വൎദ്ധിക്കുന്നതിനുള്ള കാരണങ്ങളിലൊന്നാണെന്നു സ്പഷ്ടമാകുന്നു. ഉല്പാദനം ആവശ്യത്തോടു തുല്യമാകയും ഉല്പാദനവൎദ്ധനയ്ക്ക് ഉല്പാദനവ്യയം വൎദ്ധിക്കുകയും ചെയ്യേണ്ടിവരുമ്പോൾ ജനങ്ങൾവൎദ്ധിക്കുന്നതുകൊണ്ട് നെൽവില വൎദ്ധിക്കാതെ പാടില്ലല്ലോ. ഈ ദോഷത്തിന്റെ നിവാരണത്തിന്ന് രണ്ടുമാൎഗ്ഗമുണ്ട്. ൧-മററുരാജ്യങ്ങളിൽനിന്ന് ധാന്യങ്ങൾ കൊണ്ടുവരിക. ൨-കൃഷിപ്പണി സുകരമാകുന്നതിന്ന് വേണ്ട പരിഷ്കാരങ്ങൾ ചെയ്യുക, മററുരാജ്യങ്ങളിൽനിന്ന് ധാന്യങ്ങൾ കൊണ്ടുവരുന്നതിന്നു പകരം കൊടുപ്പാൻ ഉപയുക്തസാധനങ്ങൾ ധാരാളമായുണ്ടായിരിക്കണം. അതില്ലാത്തതിനാൽ നമ്മുടെ രാജ്യത്തിൽ ആദ്യത്തെ മാൎഗ്ഗം അസാദ്ധ്യമായിട്ടുള്ളതാണ്. അതുകൊണ്ടു നമ്മൾ രണ്ടാമത്തെ മാൎഗ്ഗമാണ് നോക്കേണ്ടത്. രസശാസ്ത്രനിൎദ്ദിഷ്ടങ്ങളായ വളങ്ങൾ ചേൎക്കുകയും ആവിയന്ത്രങ്ങൾ ഉപയോഗിക്കുകയും മററും ചെയ്തു കൃഷികാൎയ്യത്തിൽ ഉൽപാദനവ്യയം കുറയ്ക്കുകയും വിളവു വൎദ്ധിപ്പിക്കുകയും ചെയ്യുന്ന

തുകൊണ്ടു് വളരെ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്.

ഇനി ആലോചിപ്പാനുള്ളതു് കൈത്തൊഴില്ക്കൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ വിലയെ കുറിച്ചാകുന്നു. ഇതുകൾ ഉൽപാദനവ്യയം വൎദ്ധിക്കാതെ ഉൽപാദനം വൎദ്ധിപ്പിക്കാവുന്ന സാധനങ്ങളാകുന്നു. ഇതിൻെറ അൎത്ഥം എന്താണെന്നുവെച്ചാൽ ഏതെങ്കിലും പത്തു പാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചിലവു് അഞ്ചുപാത്രമോ മേശയോ ഉണ്ടാക്കുന്നതിനുള്ള ചിലവിൽ ഇരട്ടിയിലധികം വേണ്ടിവരില്ല. എന്നുതന്നെയല്ല വളരെ അധികം ഉണ്ടാക്കുമ്പോൾ ആവിയന്ത്രങ്ങളും മററും ഉപയോഗിക്കാവുന്നതുകൊണ്ടു് ശരാശരി ചിലവു് കുറവായ്വരുന്നതുമാണു്. കൃഷികാൎയ്യത്തിലിങ്ങിനെയല്ലെന്നു് മുമ്പിൽ കാണിച്ചിട്ടുണ്ടല്ലോ. ഇതാണു് വിലയെ സംബന്ധിച്ചിടത്തോളം ഈ വക സാധനങ്ങളും ധാന്യാദികളും തമ്മിലുള്ള വ്യത്യാസം.

കൈത്തൊഴിൽകൊണ്ടുണ്ടാകുന്ന സാധനങ്ങളുടെ ഉൽപാദനവ്യയത്തിൽ കാൎയ്യമായിട്ടു വേലക്കാരുടെ കൂലിയെ മാത്രമേ കണക്കാക്കുവാനുള്ളു. ഘടികാരത്തിൽ ഉപയോഗിക്കപ്പെടുന്ന ഇരിമ്പു് ശ്ലാഘ ഒരു റാത്തലിന്നും സാധാരണ ഇരിമ്പു് നാലായിരം റാത്തലിന്നും വില ശരിയാണെന്നു് ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ ശ്ലാഘയുടെ വില കണക്കാക്കുമ്പോൾ ഇരിമ്പിൻെറ വിലയെക്കുറിച്ചു് ആലോചിപ്പാനില്ലെന്നുതന്നെ പറയാം. അതുകൊണ്ടു് ഈ വക സാധനങ്ങളുടെ ഉൽപാദനവ്യയത്തിൻെറ പ്രധാനാംശം കൂലിതന്നെയാണു്. മൂലധനത്തിൻെറ ആദായം അതിൽ വളരെ താണതായ ഒരു അംശവുമാകുന്നു. ഈ രണ്ടു് ഇനങ്ങൾ കൂടിയതായിരിക്കും ഈ വക സാധനങ്ങളുടെ വിലയെന്നു് ഏകദേശം പറയാവുന്നതാണു്.

# ൭. ധനവ്യംശനം.

ഈ ലോകത്തിലുള്ള ധനം ജനങ്ങളുടെ ഇടയിൽ ഏതുവിധത്തിൽ വിഭാഗിക്കപ്പെട്ടിരിക്കുന്നു എന്നും, ഏതു വിധത്തിൽ വിഭാഗിക്കപ്പെട്ടുവരുന്നു എന്നും ഉള്ള സംഗതികളെ കുറിച്ചു് ധനശാസ്ത്രത്തിൽ പ്രതിപാദിക്കുന്നതു, ധനവ്യംശനം എന്ന ഘട്ടത്തിലാകുന്നു. ധനോൽപാദനത്തിന്നു വേണ്ടതു് ഭൂമിയും, പ്രയത്നവും, മൂലധനവും ആകുന്നു എന്നു് ഇതിന്നു മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അ

ത്തുകൊണ്ടു് ഭൂമി ഉടമസ്ഥൻ, പ്രയത്നംചെയ്യുന്നവൻ, മൂലധനക്കാരൻ—ഇവരുടെ ഇടയിലാകുന്നു ധനം അംഗീകരിക്കപ്പെട്ടിരിക്കുന്നതും അംശിക്കപ്പെട്ടുവരുന്നതുമെന്നു സ്പഷ്ടമാണു്. ഇതിൽ ഭൂമിഉടമസ്ഥന്റെ ഓഹരിക്കു് പാട്ടമെന്നും, പ്രയത്നക്കാരന്റെ ഓഹരിക്കു് കൂലി അല്ലെങ്കിൽ ശമ്പളമെന്നും, മൂലധനക്കാരന്റെ ഓഹരിക്കു് പലിശയെന്നും പറയുന്നു. ഇങ്ങിനെ ഭൂമിയുടെ പാട്ടമെന്നും, വേലയുടെ കൂലിയെന്നും, മൂലധനത്തിന്റെ പലിശയെന്നും മൂന്നായിട്ടാണു് എല്ലാധനവും വിഭാഗിക്കപ്പെട്ടിരിക്കുന്നതും വിഭാഗിക്കപ്പെട്ടുവരുന്നതും. ഈ ഘട്ടത്തിൽ ഈ മൂന്നുഭാഗങ്ങൾ തമ്മിലുള്ള താരതമ്യത്തെക്കുറിച്ചും ഒന്നു വദ്ധിക്കുമ്പോൾ മററതു് ക്ഷയിക്കുന്നതിനുള്ള സംഗതികളെക്കുറിച്ചും വിവരിക്കുന്നതാണു്.

പാട്ടവും, കൂലിയും, പലിശയും ഓരോ രാജ്യത്തു് ഓരോരുത്തരുടെ അധീനതയിലാണു്. നമ്മുടെ രാജ്യത്തു് സാധാരണയായി പാട്ടം മാത്രമെ ഭൂമിയുടമസ്ഥന്റേതായിട്ടുള്ളു. പ്രയത്നംചെയ്യുന്നതും മൂലധനം ചിലവിടുന്നതും പ്രായേണ ഒരുവൻതന്നെയാണു്. വിത്തു് 'വല്ലി' കന്നുകാലി മുതലായതിന്നു വേണ്ട മൂലധനവ്യയവും കൃഷിപ്പണിക്കു വേണ്ട പ്രയത്നവും സാധാരണ ചെയ്യുന്നതു് കുടിയാന്മാർതന്നെയാണല്ലൊ. അങ്ങിനെയുള്ളിടത്തു് ജന്മിക്കു് പാട്ടവും കുടിയാനു് കൂലിയും പലിശയും കിട്ടുന്നു. എന്നാൽ ചിലപ്പോൾ കുടിയാന്മാർ വസ്തു വേറെ ചിലക്കും പാട്ടത്തിന്നു കൊടുക്കുന്നുണ്ടു്. അങ്ങിനെ ഉള്ളിടത്തു് ജന്മിക്കു് പാട്ടവും കുടിയാനു് പലിശയും പാട്ടക്കാരനു് കൂലിയും കിട്ടുന്നതാണു്. ഇംഗ്ലണ്ടിലും ജമ്മനിയിലും മററും കൃഷിപ്പണി ചെയ്യുന്നതു് ജന്മികൾതന്നെയാകയാൽ പാട്ടവും, കൂലിയും, പലിശയും ഓരോക്കുതന്നെ കിട്ടുന്നു. അവിടെ വലിയ ജന്മികളില്ല. ഭൂമി മുഴുവൻ ചെറിയ ഖണ്ഡങ്ങളായി വിഭാഗിച്ചു് അസംഖ്യം ജനങ്ങളുടെ ജന്മമായി വിഭജിക്കപ്പെട്ടിരിക്കുന്നു.

---

# ൮. വ്യവസായിസംഘം.

ഭൂമിയിൽ ജനങ്ങൾ അനുഭവിച്ചുവരുന്ന ക്ഷേമങ്ങളുടെ പ്രധാനകാരണമായതു് പ്രയത്ന(വ്യവസായ)മാകകൊണ്ടും, ജനങ്ങൾ പരിശ്രമശീലന്മാരായിട്ടുള്ള രാജ്യങ്ങളിൽ സമ്പൽസമൃദ്ധിയും സുഖാനുഭവങ്ങളും അങ്ങിനെ അല്ലാത്തേടത്തു് നിൎദ്ധനത്വവും അരി

ഷ്ടങ്ങളും അധികമുള്ളതായി കാണുന്നതുകൊണ്ടും പ്രയത്നം ചെയ്യുന്നവരുടെ അഭിവൃദ്ധിക്കുള്ള മാൎഗ്ഗങ്ങളെന്തെല്ലാമാണെന്നു് ആലോചിപ്പാനുള്ളതാകുന്നു. അങ്ങിനെയുള്ള മാൎഗ്ഗങ്ങളിൽ പ്രധാനമായിട്ടുള്ളതാകുന്നു വ്യവസായസംഘങ്ങൾ ഏൎപ്പെടുത്തുന്നതു്. വ്യവസായസംഘം എന്നു പറയുന്നതു് ഏതെങ്കിലും ഒരു വേലയിൽ പ്രവേശിച്ചിട്ടുള്ള വേലക്കാരെല്ലാം കൂടി അന്യോന്യസഹായത്തിനും, അവരുടെ വേലയുടെ സൌകൎയ്യത്തിനുംവേണ്ടി ഏൎപ്പെടുത്തുന്ന സംഘമാകുന്നു. ഇംഗ്ലണ്ടിലും, യൂറോപ്പിലുള്ള മററു രാജ്യങ്ങളിലും ഉള്ള വ്യവസായികൾ മററു രാജ്യങ്ങളിലുള്ള വ്യവസായികളേക്കാൾ അഭിവൃദ്ധിയും സുഖവും അനുഭവിക്കുന്നതിൻെറ പ്രധാനകാരണം ഈ വക സംഘങ്ങളാകുന്നു. അവിടെ ആശാരി, തട്ടാൻ, മുതലായ ശില്പികൾക്കും സാധാരണ ഓരോമാതിരിക്കൂലിക്കാൎക്കും മറെറല്ലാ കൈത്തൊഴിൽ വേലക്കാൎക്കും അവരവരുടെ സംഘങ്ങളുണ്ടു്. ഓരോ സംഘത്തിലെ നിയമപ്രകാരം അതിൽ ചേരുന്ന അംഗങ്ങൾ (മെമ്പർമാർ) മാസംതോറും ആ സംഘത്തിലെ സമുദായസ്വത്തിലേക്കായിട്ടു് ഇന്ന സംഖ്യകൊടുക്കണമെന്നു് ക്ലിപ്തപ്പെടുത്തീട്ടുണ്ടു്. ഏതെങ്കിലും ഒരു മെമ്പർ കുറേദിവസം വേലകിട്ടാതെ പോകയൊ, ദീനത്തിൽ കിടന്നുപോകയോ, വാൎദ്ധക്യംകൊണ്ടോ മറെറാ വേല ചെയ്വാൻ അശക്തനായിത്തീരുകയൊ ചെയ്താൽ അവൻേറയും കുടുംബത്തിൻേറയും പ്രാണധാരണത്തിനുവേണ്ട സംഖ്യ മാത്രം സമുദായസ്വത്തിൽ നിന്നു് അവനു കൊടുക്കപ്പെടുന്നു. അതുപോലെ തന്നെ അവൻ മരിച്ചുപോയാൽ മക്കൾക്കു് വേലചെയ്തു് കുടുംബം പുലൎത്താനുള്ള പ്രായമാകുന്നതുവരെ ആ കുടുംബത്തെ സമുദായസ്വത്തുകൊണ്ടു് രക്ഷിക്കുന്നു. ഇങ്ങിനെയുള്ള സംഘങ്ങളിൽ ചിലതു് ലക്ഷത്തിൽപുറം മെമ്പർമാരോടുകൂടിയതും ആണ്ടുതോറും ലക്ഷത്തിൽ ചില്വാനം പവൻ മുതലെടുപ്പുള്ളതും, ആയിട്ടുള്ളതാകുന്നു. ഇപ്രകാരമുള്ള സമുദായങ്ങൾക്കു് അതിൽ ചേരുന്ന മെമ്പറന്മാരെ സഹായിക്കുന്നതിനുള്ള ത്രാണി എത്രത്തോളം ഉണ്ടായിരിക്കുമെന്നുള്ളതു് പറയേണ്ടതില്ലല്ലോ.

പിന്നെ ഈ വക സംഘങ്ങൾ വേലക്കാരുടെ ഹിതസിദ്ധിക്കുള്ള മാൎഗ്ഗത്തേയും അതു നിമിത്തമായി അവരുടെ വേലയ്ക്കു് സൌകൎയ്യത്തേയും ഉണ്ടാക്കുന്നു. അവരുടെ ആവശ്യം വേലചെയ്യുന്നതിനുള്ള സമയം കുറയ്ക്കണമെന്നും കൂലി ആവുന്നിടത്തോളം കൂട്ടണമെന്നും ആകുന്നു. എന്നാൽ അവരെക്കൊണ്ടു് വേല ചെയ്യിപ്പിക്കുന്ന മുതലാളന്മാരുടെ ആവശ്യം ഇതിനു് നേരെ വിപരീതവും ആണു്. എങ്കിലും ഒരു വേലയിൽ ഏൎപ്പെട്ടിട്ടുള്ളവരെല്ലാം ഒരേ സം

ഘത്തിൻെറ അംഗങ്ങളാകുമ്പോൾ അവക്ക് വേണ്ട കാൎയ്യത്തെ ഏകമനസ്സായി നടത്തുവാൻ കഴിയുന്നതും മുതലാളന്മാർ അവരുടെ ആവശ്യങ്ങളെ സാധിപ്പിച്ചുകൊടുത്തില്ലെങ്കിൽ എല്ലാവക്കും ഒന്നായി പണിനിൎത്താവുന്നതുമാകുന്നു. അങ്ങിനെ പണി നിൎത്തിയിരിക്കുന്ന കാലത്തെ ചിലവിന്ന് സമുദായസ്വത്തുള്ളതുകൊണ്ടു് അവക്ക് വളരെ ദോഷമൊന്നും സംഭവിക്കയില്ലാ. എന്നാൽ മുതലാളന്മാക്ക് അതു വലിയനഷ്ടത്തിന്ന് കാരണമാകയും ചെയ്യും. ഒരു നാട്ടിലുള്ള വെളുത്തേടന്മാരെല്ലാവരും കൂടി ഒരു സംഘം ഏൎപ്പെടുത്തി, മാസംതോറും ഓരോ സംഖ്യ എല്ലാവരും എടുത്തു് ഒരു സമുദായ സ്വത്തുണ്ടാക്കുവാനും അവരുടെ കാൎയ്യത്തിന്ന് എല്ലാവരും കൂടിനില്ക്കത്തക്കവണ്ണവും നിശ്ചയിച്ചു എന്നിരിക്കട്ടെ. രണ്ടു കൊല്ലംകൊണ്ടു് അവക്ക് ഒന്നുരണ്ടുമാസത്തേക്കു് എല്ലാവരുടേയും ചിലവു് കഴിപ്പാൻ വകയുണ്ടാകും. അപ്പോൾ അവരെല്ലാവരും കൂടി ഇപ്പോൾ കൊടുക്കുന്ന കൂലിയിൽ അധികം കൊടുക്കാതെ അലക്കുവാൻ കഴികയില്ലെന്നു് നൈരാശ്യപ്പെട്ടാൽ മറ്റുള്ളവക്ക് അവർ ആവശ്യപ്പെടുന്ന സംഖ്യ കൊടുക്കാതെ എന്താണു് നിവൃത്തി. എന്നാൽ ജനസാമാന്യത്തിൻെറ ഇടയിൽ കൂടി പഠിപ്പും പരിഷ്കാരവും ഉണ്ടാകുമ്പോഴല്ലാതെ ഇങ്ങിനെ ഏകമനസ്സായി കാൎയ്യം നടത്തുന്നതിന്ന് സാധിക്കുന്നതല്ല. കുറെക്കാലമായിട്ടു് വിദ്യാഭ്യാസത്തിൻെറ പ്രചാരം തന്നെയുണ്ടാക്കുവാൻ ഗവൎമ്മെണ്ടിൽനിന്നും യത്നിച്ചതുകൊണ്ടാണു് ബ്ളാത്തിയിൽ ഇപ്പോൾ അതു് സാധിച്ചുവരുന്നതു്. അവിടെ നാലുമാസം മുമ്പെ ആകരങ്ങളിൽ വേല ചെയ്യുന്നതായ ഒന്നരലക്ഷം ജനങ്ങൾ ഒന്നായി വേലയിൽനിന്നു് പിൻവാങ്ങിനിന്നു് ദിവസംതോറും എട്ടു മണിക്കൂറിൽ അധികം പണിയെടുപ്പാൻ കഴികയില്ലെന്നും കൂലി കൂട്ടിക്കൊടുക്കണമെന്നും നിൎബ്ബന്ധിക്കുകയും അങ്ങിനെ ഐകമത്യത്തോടുകൂടി നിന്നതുകൊണ്ടു് അവരുടെ കാൎയ്യം സാധിക്കുകയും ചെയ്തു.

മേലുപറഞ്ഞതുകൊണ്ടു് വേലക്കാരുടേയും മുതലാളന്മാരുടേയും സാദ്ധ്യങ്ങൾക്കു് (അല്ലെങ്കിൽ പ്രയത്നവും മൂലധനവുംതമ്മിൽ) അന്യോന്യവിരോധമുണ്ടെന്നു് സ്പഷ്ടമാണല്ലോ. മുതലാളന്മാരും വേലക്കാരെപ്പോലെ സംഘമായി നിന്നു് അവരുടെ അഭിപ്രായങ്ങളെ സാധിപ്പിക്കുന്നുണ്ടു്. വേലക്കാക്ക് എതൃത്തു നില്ക്കുന്നതിന്ന് തരമില്ലാത്ത അവസരംനോക്കി മുതലാളന്മാർ എല്ലാവരും ഒന്നായി അവരുടെ കൂലി കുറയ്ക്കുകയും അതിനെ സമ്മതിക്കാത്തവരെ ഉടനെ വേലയിൽനിന്നു പിരിക്കുകയും മററാരും അവരെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നു. അപ്പോൾ കൊടുത്ത കൂലിവാങ്ങി അവർ

പിന്നെയും വേലയിൽ പ്രവേശിക്കുന്നു. എന്നാൽ കുറെക്കാലമായിട്ടു വ്യവസായികളുടെ സംഘങ്ങൾക്കു പ്രബലതയും ധനപുഷ്ടിയും അധികമായിരിക്കുന്നതിനാലും വേലകൂടാതെ കഴിക്കുന്ന ദിവസങ്ങളിൽ ഉണ്ടാകുന്ന നഷ്ടം മുതലാളിക്ക് വേലക്കാരെക്കാൾ അധികമാകയാലും ഇപ്പോൾ ഈ വക വ്യവഹാരങ്ങളിൽ സാധാരണമായി വേലക്കാർതന്നെയാണ് ജയിച്ചുനില്ക്കുന്നതു്.

പ്രയത്നവും മൂലധനവും തമ്മിലുള്ള മത്സരംകൊണ്ടു വളരെ ദോഷങ്ങൾ വരുന്നതിനാൽ ഈ മത്സരം ഇല്ലായ്മ ചെയ്യുന്നതിനു ബിലാത്തിയിലും മററുംചില മുതലാളന്മാർ ഓരോ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുവരുന്നുണ്ട്. ഇതുകൾ അവരുടെ ഉദ്ദേശ്യത്തെ പൂർണ്ണമായി സാധിപ്പിക്കുന്നുണ്ടോ എന്നു സംശയമാണ്. എങ്കിലും അനുഭവത്തിൽ ഇതുകളെക്കൊണ്ടു വളരെ ഗുണം ഉണ്ടാകുന്നതായി കാണുന്നുണ്ട്. ഇവയിൽ പ്രധാനമായതു് സഹോദ്യോഗവും സഹാംശിയും ആദായവിഭജനവും ആകുന്നു. ഈ മൂന്നു ഏപ്പാടിനും സാധാരണമായ ഉദ്ദേശ്യം ഓരോ പരിശ്രമങ്ങളിൽ ഏൎപ്പെടുന്ന മുതലാളികളുടേയും വേലക്കാരുടേയും സാൎത്ഥം ഒന്നുതന്നെ ആക്കുകയാകുന്നു. ഇതിൽ സഹോദ്യോഗം എന്നുപറഞ്ഞതു് വേലക്കാർതന്നെ വരിയിട്ടു എടുത്തുണ്ടാക്കിയ സ്വത്തുതന്നെ മൂലധനമായി ഉപയോഗിച്ചു് ഓരോ പരിശ്രമങ്ങൾ നടത്തിവരുന്ന സമ്പ്രദായമാണ്. ഈ സമ്പ്രദായത്തിൽ മുതലാളിയും വേലക്കാരും ഒരേവകക്കാരാകകൊണ്ടു മൂലധനവും പ്രയത്നവും തമ്മിലുള്ള മത്സരം തീരെ നശിച്ചുപോകുന്നു. സഹാംശിതമെന്നു പറഞ്ഞ സമ്പ്രദായത്തിൽ ഒരുവ്യാപാരത്തിൽ ഇറക്കിയിരിക്കുന്ന മൂലധനത്തിൽ അധികം ഭാഗം മുതലാളന്റെ വകയും ശേഷംഭാഗം വേലക്കാരുടെവകയും ആയിരിക്കും. ഈ സമ്പ്രദായത്തിൽ വേല നല്ലവണ്ണം നടക്കുന്നതുകൊണ്ടുണ്ടാവുന്ന ലാഭത്തിൽ ഒരുഭാഗം തങ്ങൾക്കും കിട്ടുന്നതാകകൊണ്ടു വേലക്കാൎക്കു ജാഗ്രതയും മുതലാളനുമായി ഐകമത്യവും ഉണ്ടാകുന്നതാണ്. എന്നാൽ മുതലാളന്റെ അവകാശത്തിനു പ്രബലത അധികം ഉള്ളതിനാൽ ഇതിൽ മൂലധനവും പ്രയത്നവും തമ്മിലുള്ള മത്സരം തീരെ നശിച്ചുപോകയില്ലാ. ആദായവിഭജനം എന്നുപറഞ്ഞ സമ്പ്രദായത്തിൽ വേലക്കാരുടേതായിട്ടു മൂലധനത്തിൽ ഒരുഭാഗവുമില്ലാ, എന്നാൽ വേലക്കാൎക്കു ഇന്നദിവസക്കൂലിയെന്നും മൂലധനക്കാരനു അതിൽ ഇന്നലാഭമെന്നും കാലെ തീൎച്ചപ്പെടുത്തിയതിന്റെശേഷം അതിലധികം ഉണ്ടാകുന്ന ലാഭത്തിൽ ഓഹരി മുതലാളൻ എടുക്കുകയും ശേഷം വീതിച്ചു് വേലക്കാൎക്കു കൊടുക്കുകയും ചെയ്യുന്നു. ഇങ്ങിനെ ആകുമ്പോൾ ലാഭമുണ്ടാക്കുവാൻ വേലക്കാൎക്കു ജാഗ്രതയു

ണ്ടാകും. മുതലാളന്റെയും ആവശ്യം അതുതന്നെയാകകൊണ്ട് അവർ തമ്മിൽ മത്സരം വളരെക്കുറവ് ആയിരിക്കും. എങ്കിലും ലാഭം വളരെക്കുറവുള്ള കാലങ്ങളിൽ മുതലാളനും വളരെ അധികമുള്ള കാലങ്ങളിൽ വേലക്കാൎക്കും വളരെ അതൃപ്തിക്ക് ഇടയുള്ളതും അതിനാൽ ഈ സമ്പ്രദായത്തിൽ അവരുടെ മത്സരം തീരെ നശിക്കാത്തതും ആകുന്നു. ൟ ഏൎപ്പാടുകൾകൊണ്ട് ഇങ്ങനെയുള്ള ഗുണങ്ങൾ ഉണ്ടാകുമെന്നു പറയുന്നത് കേവലം സയുക്തികമായ വ്യവഹാരം മാത്രമാണെന്ന് ശങ്കിക്കേണ്ട. അനുഭവത്തിൽ പലരാജ്യങ്ങളിലും ഈ ഫലങ്ങൾ ഉണ്ടായിക്കാണുന്നു.

# ൯. നാണയം.

നാണയം എന്നുവച്ചാൽ വിശ്വാസ്യതയാകുന്നു. ഒരു കച്ചവടക്കാരനൊ മറ്റുവല്ല മുതലാളനൊ അശേഷം നാണയക്കുറവില്ലാത്തവനാണെന്ന് പറയുമ്പോൾ നാം മനസ്സിലാക്കുന്നത് അയാൾക്കു കടം വാങ്ങിയാൽ തിരിയെ കൊടുപ്പാനുള്ള ശക്തിയും സത്യവും ഉണ്ടെന്നാകുന്നു. നല്ല ബാങ്കുകളിലേക്കും നല്ലകച്ചവടക്കാൎക്കും ചുരുങ്ങിയ പലിശയ്ക്കു എത്രഎങ്കിലും ഉറുപ്പികകൊടുപ്പാൻ ജനങ്ങൾ തയാറാണു്. അതു് അവരുടെ നാണയം നല്ലതാകകൊണ്ടാകുന്നു. നാണയത്തിനു് അല്പം കുറവുണ്ടെങ്കിൽ ജനങ്ങൾ അധികപലിശ ആവശ്യപ്പെടും. നാണയം അശേഷം നന്നല്ലെങ്കിൽ കടംകൊടുക്കുക തന്നെ ചെയ്കയില്ല. ഇതുപോലെതന്നെ ഓരോ ഗവൎമ്മേണ്ടുകാരുടെ നാണയത്തിനും ഏറ്റക്കുറച്ചിലുണ്ട്. ഇംഗ്ലീഷ് ഗവൎമ്മേണ്ടിലെ സത്യത്തിലും സമൃദ്ധതയിലും ജനങ്ങൾക്കു പൂൎണ്ണവിശ്വാസമുള്ളതുകൊണ്ട് ആണ്ടിൽ നൂറ്റിനു ൩-വീതം പലിശയ്ക്കു ഉറുപ്പികകൊടുപ്പാൻ ആളുകൾ ധാരാളം. എന്നാൽ തുൎക്കിമുതലായ ചില ഗവൎമ്മേണ്ടുകളിലെ ദാരിദ്ര്യവും അവ്യവസ്ഥയും ഹേതുവായിട്ട് അവൎക്കു പന്ത്രണ്ടുവീതം പലിശയ്ക്കുകൂടി കടം കിട്ടുവാൻ പ്രയാസം. ഒരു നാട്ടിലുള്ള കച്ചവടക്കാരുടേയും മുതലാളന്മാരുടേയും വിശ്വാസ്യത വൎദ്ധിക്കുന്തോറും ധനോൽപാദനത്തിന് ഉപയോഗപ്പെടുത്താവുന്ന മൂലധനവും ആ രാജ്യത്തിൽ വൎദ്ധിച്ചുവരും. ഒരാൾക്കു മാസംതോറും മുന്നൂറുറുപ്പിക ശമ്പളമോ മറ്റുവല്ലവിധത്തിലുള്ള ആദായമൊ ഉണ്ടെന്നും അയാൾക്കു ചിലവു് നൂറ്റമ്പതു് ഉറുപ്പികയെ ഉള്ളു എന്നും ഇരിക്കട്ടെ. ബാക്കി ഉറുപ്പിക ധനോൽപാദനത്തിനായി അയാൾക്കു

തന്നെ ഉപയോഗിക്കുന്നതിന് തന്നെ സൌകൎയ്യമുണ്ടായിരിക്കയില്ല. എന്നാൽ ആ നാട്ടിൽ നല്ല വിശ്വസ്ഥന്മാരായ ബാങ്കുകാരൊ, കച്ചവടക്കാരൊ ഉണ്ടെങ്കിൽ ചിലവ് കഴിച്ച് ബാക്കിയുള്ള സംഖ്യ ആവശ്യമുള്ളപ്പോൾ ഏതാനുമോ മുഴുവനുമോ തരത്തക്കവണ്ണം വച്ച് അവൎക്ക് ചുരുങ്ങിയ പലിശയ്ക്കു് കൊടുക്കാം. അവർ ആ സംഖ്യ ഉറുപ്പ്യവാങ്ങി കച്ചവടത്തിലൊ കൃഷിപ്പണിയിലൊ മററാ ഏൎപ്പെട്ടിട്ടുള്ളവൎക്ക് കുറെ ജാസ്തി പലിശയ്ക്കു് കൊടുക്കും. അങ്ങിനെയാകുമ്പോൾ ആ സംഖ്യ ധനോൽപാദനത്തിന് ഉപയോഗപ്പെടുകയും എല്ലാ കക്ഷികൾക്കും ഉപകാരമാകയും ചെയ്യുന്നു. നാണയം അല്ലെങ്കിൽ വിശ്വാസ്യത കൊണ്ടുണ്ടാകുന്ന ഉപകാരങ്ങളിൽ ഇതാകുന്നു പ്രധാനമായിട്ടുള്ളതു്.

നാണയംകൊണ്ടു് മറെറാരു ഗുണമെന്തെന്നാൽ, അതുകൊണ്ടു് കൂട്ടുമുതൽ കമ്പനികളെ സ്ഥാപിപ്പാൻ കഴിയുന്നു. ഒരുനാട്ടിൽ പുകവണ്ടിനടപ്പാകുന്നതിന് അമ്പതു ലക്ഷം ഉറുപ്പിക വേണ്ടിവരുമെന്നിരിക്കട്ടെ. ഈ സംഖ്യ മുഴുവൻ ചിലവു് ചെയ്യുന്നതിന് ശക്തന്മാരായിട്ടുള്ളവരില്ലെന്ന് തന്നെ പറയാം. എന്നാൽ അതിൻെറ പ്രമാണികളായി പുറപ്പെടുന്നവർ നല്ല വിശ്വാസയോഗ്യന്മാരായ മുതലാളന്മാരായിരുന്നാൽ അതിൽ പണമിറക്കുന്നതിന് വളരെ ആളുകൾ തയ്യാറായിരിക്കും. ഓഹരി ഒന്നുക്ക് ഒരുനൂറുറുപ്പികവീതം അമ്പതിനായിരം ഓഹരിയായി പണം പിരിച്ചാൽ ഓഹരികൾ മുഴുവനും എടുപ്പാൻ ആളുകൾ ഉണ്ടാവാനിടയുള്ളതാണ്. അങ്ങിനെയാകുമ്പോൾ ആദായത്തിന് ഉപയോഗപ്പെടുത്തുവാൻ തരമില്ലാതെ അല്പസംഖ്യകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവൎക്ക് ആദായത്തിന് ഒരു വഴിയുണ്ടാകയും ബഹുജനങ്ങളുടെ ഉപകാരത്തിനും നാട്ടിലെ ധനവൃദ്ധിക്കും കൊള്ളുന്നതായ ഒരു വലിയ ഉദ്യമം സാദ്ധ്യമാകയും ചെയ്യുന്നു. നാണയത്തിൻെറ ഗുണംകൊണ്ടാകുന്നു, നോട്ടുകൾ ഉപയോഗിപ്പാൻ സാദ്ധ്യമാകുന്നതു്. നോട്ടെന്ന് പറയുന്നതു് അതു കൊണ്ടുവരുന്ന ആൾക്ക് ഇത്ര ഉറുപ്പിക കൊടുത്തുകൊള്ളാമെന്ന് ഒരു ബാങ്കിൽ നിന്ന് എഴുതി കൊടുക്കുന്ന ഒരു ഉടമ്പടി പത്രമാകുന്നു. ആരെങ്കിലും അതു് ആ ബാങ്കിൽ കൊണ്ടുകൊടുത്താൽ ഉടനെ ഉറുപ്പിക കിട്ടുമെന്നുള്ള പൂൎണ്ണവിശ്വാസം ജനങ്ങൾക്കുള്ളതിനാൽ നോട്ടുകളെ ജനങ്ങൾ നാണ്യങ്ങളെപ്പോലെതന്നെ ശങ്കകൂടാതെ കൈമാററം ചെയ്യുന്നു. ഒരു ബാങ്കിൽ നിന്ന് മുപ്പതുലക്ഷം ഉറുപ്പികയ്ക്കു് നോട്ടുണ്ടാക്കിയാൽ; അവശ്യക്കാൎക്ക് ഉറുപ്പികതന്നെ കൊടുക്കുന്നതിന് പത്തുലക്ഷം ഉറുപ്പിക മുടക്കിവച്ചാൽ മതിയെന്ന് അനുഭവസിദ്ധമാണ്. അതുകൊണ്ടു അ

നാട്ടിൽ മുമ്പുള്ളതിൽ ഇരുപതുലക്ഷം ഉറുപ്പികക്കൂടി വ്യാവൎത്തനത്തിന്നു് ഉപയോഗപ്പെടുന്നു. നാണയഗുണം കൊണ്ടു് മേല്പറഞ്ഞ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്. ഈ നാട്ടിൽ വ്യാപാരികളുടേയും മററും നാണയത്തിന്നു് ഗുണം മതിയാകാത്തതുകൊണ്ടു് ഈ വകയൊന്നും അത്ര സാദ്ധ്യമാകുന്നില്ല. നമ്മുടെ ഉണ്ടികക്കച്ചവടക്കാർ നോട്ടുണ്ടാക്കിയാൽ അതു നാണ്യങ്ങളെപ്പോലെ കൈമാററം ചെയ്യത്തക്കവണ്ണം ജനങ്ങൾക്കു അവരിൽ വിശ്വാസമുണ്ടാകയില്ലെന്നു് നിശ്ചയംതന്നെ. അതുപോലെതന്നെ നാലഞ്ചാളുകൾക്കൂടി ഒരു കൂട്ടുമുതൽ കമ്പനി ഏൎപ്പെടുത്തുവാൻ ഉത്സാഹിച്ചാൽ അതകെയുള്ള സംഖ്യ വളരെ വലിയതാണെങ്കിൽ ഓഹരിയെടുപ്പാൻ അധികം ആളുകൾ ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഇതിന്നു് ഒരു കാരണം സാധാരണ ജനങ്ങൾക്കു് വ്യവസായസംബന്ധമായ ജ്ഞാനവും ധൈൎയ്യവും കുറവാണെന്നുള്ള സംഗതിതന്നെയായിരിക്കാം. എന്നാൽ അതിന്റെ പ്രധാനകാരണം നമ്മുടെ വ്യാപാരികളുടെ നാണയക്കുറവു് തന്നെയാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. നാണയസംബന്ധമായി വളരെ സംഗതികളെ പറവാനുണ്ടു്. എന്നാൽ അതുകൾ കുറെ കാഠിന്യമുള്ള വിഷയങ്ങളാകകൊണ്ടു് ധനശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പ്രാഥമികഗ്രന്ഥത്തിൽ അതുകളെപ്പററി പ്രസ്താവിക്കുന്നതു് ആവശ്യമാകുമെന്നു് തോന്നുന്നില്ലാത്തതിനാൽ അതു് ഇവിടെ നിറുത്തിവച്ചിരിക്കുന്നു.

# ൫ം. നികുതി.

രാജ്യഭരണത്തിന്റെ ഉദ്ദേശവും രാജാക്കന്മാരുടെ കൃത്യവും പ്രജകളെ രക്ഷിക്കുകയാകുന്നു. പ്രജകളെ രക്ഷിക്കുക എന്നു വച്ചാൽ അവർ അന്യോന്യം ദേഹോപദ്രവമൊ ധനാപഹരണമൊ ചെയ്യാതെയും അന്യരാജ്യക്കാർ അവരെ ഉപദ്രവിക്കാതെയും സൂക്ഷിക്കുകയാകുന്നു. ഇതെല്ലാം ചെയ്യുന്നതിന്നു് ന്യായാധികാരികളും പോലീസുകാരും സൈന്യങ്ങളും മററും കൂടാതെയും അവരെ പോഷിപ്പിക്കുന്നതിന്നു് വളരെ ധനവ്യയം കൂടാതെയും കഴികയില്ലെന്നു് സ്പഷ്ടമാണല്ലൊ. ഈ ധനം പ്രജകൾക്കുവേണ്ടി ചിലവു ചെയ്യുന്നതിനാകകൊണ്ടു് അതു് അവരുടെ പക്കൽ നിന്നു തന്നെ

പിരിച്ചുവരുന്നു. അങ്ങിനെ പിരിക്കുന്ന ധനത്തെയാകുന്നു നികുതി എന്നുപറയുന്നത്.

നികുതി ഓരോ രാജ്യങ്ങളിൽ ഓരോ മാതിരിയാണ് പിരിക്കുന്നത്. ചില രാജ്യങ്ങളിൽ നികുതി പിരിക്കുന്നത് പ്രജകളുടെ അഭിപ്രായംപോലെയും, മററു ചിലതിൽ രാജാവിൻെറ ഇഷ്ടംപോലെയും ആകുന്നു. ചിലതിൽ പിരിക്കുന്ന സംഖ്യെക്കു വ്യവസ്ഥ ഇല്ലാതെയും മററുചിലതിൽ നേരെ മറിച്ചും ചിലതിൽ ഓരോരുത്തൻെറ വീതപ്രകാരമുള്ള സംഖ്യ വളരെ അധികമായും മററുചിലതിൽ വളരെ കുറഞ്ഞുമായിരിക്കും. ഏതുവിധമായാലും എല്ലാരാജ്യങ്ങളിലും നികുതികൂടാതെയും എല്ലാവരും ഒരുപോലെ കൊടുക്കാതെയും കഴികയില്ല. എന്നാൽ പ്രജകളുടെ ക്ഷേമത്തിൽതാല്പൎയ്യമുള്ള രാജാക്കന്മാർ അവൎക്ക് ദോഷവും അരിഷ്ടതയും കഴിയുന്നിടത്തോളം കുറഞ്ഞിരിക്കത്തക്കവണ്ണം നികുതി പിരിക്കുന്നതിന്നായിട്ട് ഉത്സാഹിക്കുന്നതാണ്. അങ്ങിനെ ചെയ്യുന്നതിന് പ്രധാനമായി അനുസരിക്കേണ്ടതായിട്ട് നാലുനിയമങ്ങൾ ഉണ്ടെന്ന് ധനശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. (ഒന്ന്) എല്ലാവരും അവരവൎക്ക് ഗവൎമ്മേണ്ടുരക്ഷയിലിരുന്നിട്ടുണ്ടാകുന്ന ആദായത്തിൻെറ അവസ്ഥപോലെ ഒരു ഓഹരി നികുതിയായി കൊടുക്കണം. (രണ്ട്) നികുതിപിരിക്കുന്നതിൽ നല്ല വ്യവസ്ഥ ഉണ്ടായിരിക്കണം. എന്നു വച്ചാൽ പിരിക്കുന്നതിന് ഇന്നപ്പോളെന്നും, ഇന്നമാതിരിയെന്നും, ഇന്ന സംഖ്യഎന്നും തിട്ടമായിരിക്കുകയും എല്ലാവരും അറിഞ്ഞിരിക്കുകയുംവേണം. (മൂന്ന്) പ്രജകൾക്ക് കൊടുപ്പാൻ ഏററവും സൌകൎയ്യമുള്ള സമയത്തും മാതിരിയിലുമായിരിക്കണം നികുതിപിരിക്കുന്നത്. (നാല്) നികുതിപിരിക്കുന്നതിനുള്ള ചിലവ് ആകുന്നിടത്തോളം കുറഞ്ഞിരിക്കണം.

൧. ഒന്നാമത്തെ നിയമം എല്ലാ കരങ്ങൾക്കും വെവ്വേറെ സംബന്ധിക്കുന്നതല്ല. വസ്തുവിൽനിന്നുമുള്ള കരം ഏകദേശംഅവരവരുടെ വസ്തുവിൻെറ അവസ്ഥപോലെ ആകകൊണ്ട്, ഇതു ആ കരത്തെ മാത്രം സംബന്ധിക്കുമെന്നു പറയാം. എന്നാൽ അയിരം ഉറുപ്പിക ആദായമുള്ളവനും നൂറു ഉറുപ്പിക ആദായമുള്ളവനും അവശ്യമുള്ള ഉപ്പ് ഏകദേശം ശരിയാകകൊണ്ടു അവർ ഉപ്പുനികുതി കൊടുക്കുന്നത് അവരുടെ ആദായത്തിൻെറ അവസ്ഥപോലെ അല്ലെന്നു സ്പഷ്ടമാണല്ലൊ. മിക്കവാറും കരങ്ങളെല്ലാം ഇതുപോലെയാകുന്നു. അതുകൊണ്ട് കരങ്ങളിൽ ഓരോന്നിനെ ആദായത്തിന് അനുരൂപമാക്കുവാൻ ഉത്സാഹിക്കുന്നതിൽ നല്ലത് കരങ്ങളെല്ലാം കൂടുമ്പോൾ ഒരു ഫലം വരുത്തുവാൻ നോക്കുകയാകുന്നു.

അതെങ്ങിനെയെന്നാൽ ഇപ്പോഴത്തെ സമ്പ്രദായപ്രകാരം ഭൂമിയുടെ മസ്ഥന്മാർ അവരുടെ ആദായത്തിൽ ഒരോഹരി സക്കാരിലേക്ക് കൊടുക്കണം; ദരിദ്രന്മാക്കുകൂടി ഉപ്പുകൂട്ടി ഉണ്ണണമെങ്കിൽ കരംകൊടുക്കാതെ നിവ്വാഹമില്ല. എന്നാൽ ആണ്ടുതോറും അയിരവും പതിനായിരവും സമ്പാദിക്കുന്ന കച്ചവടക്കാർ, വക്കീലന്മാർ, വൈദ്യന്മാർ മുതലായവർ സക്കാരിലേക്ക് യാതൊന്നും കൊടുക്കേണ്ടാ. രാജ്യരക്ഷ അനുഭവിക്കുന്നതു് എല്ലാവരും ഒന്നുപോലെ ആണ താനും; ഇതു് ഈ നിയമനത്തിന് വിരുദ്ധവും സ്പഷ്ടമായിട്ട അധമ്മവുമായിട്ടുള്ളതാണല്ലോ. നികുതി പിരിക്കുന്നതിൽ ഈ വലിയ അന്തരമുള്ളതിനെ പോക്കുന്നതിനാകുന്നു ഇംഗ്ലീഷുഗവമ്മേൻറുകാർ ആദായനികുതി എന്നൊരു കരം നിശ്ചയിച്ചിട്ടുള്ളതു്. അതുപ്രകാരം അവർ ഉദ്യോഗസ്ഥന്മാർ വക്കീലന്മാർ കച്ചവടക്കാർ മുതലായവരുടെ ആദായത്തിൽ നിന്നു് ഒരു സ്ഥിരഓഹരി ആണ്ടുതോറുംപിരിച്ചുവരുന്നു. അതുപോലെതന്നെ ആവശ്യവസ്തുക്കളല്ലാതെ സുഖവൃത്തിക്കും മററും വേണ്ടതായ പദാത്ഥങ്ങൾക്കും നികുതിനിശ്ചയിക്കുന്നുണ്ടു്. അതെല്ലാം ദരിദ്രന്മാരെ ഉപദ്രവിക്കാതെ ധനികന്മാരെ മാത്രമെ സംബന്ധിക്കയുള്ളൂ. ഇങ്ങിനെയാകുമ്പോൾ ഓരോരുത്തർ സക്കാരിലേക്ക് കൊടുക്കുന്നതു് അവരവരുടെ ആദായത്തിൻെറ അവസ്ഥപോലെ ആകുന്നതാണ്.

൨. നികുതിപിരിക്കുന്നതിൽ വ്യവസ്ഥഉണ്ടായിരിക്കണമെന്നുള്ള നിയമം വളരെ പ്രധാനമായിട്ടുള്ളതാണ്. കച്ചവടക്കാരും മററും സാമാനങ്ങൾക്ക് എന്തു വീതം ചുങ്കംകൊടുക്കണമെന്നു ക്ലിപ്തപ്പെടുത്താതെ അതാതു സമയത്തു് അവശ്യംപോലെ പിരിക്കുകയാണെങ്കിൽ വ്യാപാരങ്ങൾ എല്ലാം ശേക്കുകളിപോലെ ആകുന്നതാണ്. അപ്പോൾ കച്ചവടത്തിനും ചുററും അഭിവൃദ്ധിയുണ്ടാകുന്നതു് അവരുടെ സാമത്ഥ്യംകൊണ്ടും, ബുദ്ധികൊണ്ടും, ആലോചനകൊണ്ടും, ജാഗ്രതകൊണ്ടും മററും ആകുന്നതല്ല. എല്ലാം അവരവരുടെ ഭാഗ്യംപോലെ ഇരിക്കും. അങ്ങിനെയാകുമ്പോൾ രാജ്യത്തിൽ വ്യവസായങ്ങളുടെ വൃദ്ധിക്കൊ ജനങ്ങളുടെ അഭിവൃദ്ധിക്കൊ മാഗ്ഗം വളരെ കുറഞ്ഞുപോകുമെന്നു നിശ്ചയമാണല്ലൊ.

൩. നികുതിപിരിക്കുന്നതു് ജനങ്ങൾക്ക് അതു് കൊടുക്കുന്നതിനു് പ്രത്യേകം സൌകൎയ്യമുള്ളകാലത്തും മാതിരിയിലുമായിരിക്കണമെന്നാകുന്നു മൂന്നാമത്തെ നിയമം. കൊയ്ത്തുകാലത്താണു് വസ്തുക്കളുടെ നികുതികൊടുക്കാൻ ഉടമസ്ഥന്മാക്ക് അധികം സൌകൎയ്യമുള്ളതെന്നു് എല്ലാവക്കും അറിയാമല്ലൊ. അതുകൊണ്ടു് അ കാലത്താണ് ആ കരം പിരിക്കേണ്ടതു്. അതല്ലാതെ ദുഭിക്ഷമുള്ള

മാസങ്ങളിൽ പിരിക്കുന്നതായാൽ എല്ലാവക്കും പ്രത്യേകിച്ചു് ചില്ലറ കുടിയാനവന്മാക്കും വളരെ ബുദ്ധിമുട്ടു നേരിടുന്നതാണെന്നു് സ്പഷ്ടമാണല്ലൊ. കുറച്ചുകാലം മുമ്പുവരെ ബ്‌ളാത്തിയിൽനിന്നു് വന്നിരുന്ന നെയിത്തുചരക്കുകൾക്കു് നൂററിനു് അഞ്ചുറുപ്പികവീതം ചുങ്കം ഉണ്ടായിരുന്നു. അതു് വലിയ കച്ചവടക്കാരാണു് കൊടുത്തുവന്നിരുന്നതു്. എന്നാൽ സ്വന്താവശ്യത്തിനു് വസ്ത്രാദികൾ വാങ്ങുന്നവർ അതുകളുടെ വിലയിൽ ഈ നികുതിവകയ്ക്കു് വേണ്ടതു കൂടി കൂട്ടിക്കൊടുക്കേണ്ടിവരുന്നതുകൊണ്ടു് ആ നികുതി പിരിയുന്നതു് വാസ്തവത്തിൽ അവരുടെ കയ്യിൽ നിന്നാകുന്നു. ആ കരം ചരക്കു വാങ്ങുന്നവർതന്നെ ഗവമ്മെൻറിലേക്കു് നേരിട്ടു് ആണ്ടിൽ ഇന്നിന്നകാലങ്ങളിൽ കൊടുക്കണമെന്നുവച്ചാൽ അവക്കു് ബുദ്ധിമുട്ടിനു് ഇടയുണ്ടാകുന്നതാണല്ലൊ. ചരക്കു് വാങ്ങുന്നതു് കയ്യിൽ പണമുള്ളപ്പോൾ മതി എന്നു വയ്ക്കാം. നികുതി നേരിട്ടു കൊടുക്കുകയാണെങ്കിൽ അതു് നീട്ടിവയ്പാൻ പാടില്ലല്ലൊ. അതുകൊണ്ടാണു് കരം പിരിക്കുന്നതു്. അതുകൊടുക്കുന്നവക്കു് സൌകൎയ്യമുള്ള മാതിരിയിലായിരിക്കണമെന്നു് പറഞ്ഞതിൻെറ താല്പൎയ്യം. എന്നുതന്നെയല്ല കൊടുക്കുന്നവക്കു് സൌകൎയ്യമില്ലാത്ത സമയത്തു് കരം പിരിക്കുന്നതു് നാലാമത്തെ നിയമത്തിനും വിരോധമായിട്ടുള്ളതാണു്.

൪. നികുതി പിരിക്കുന്നതിനുള്ള ചിലവു് ആകുന്നിടത്തോളം കുറഞ്ഞിരിക്കണമെന്നാണല്ലൊ ആ നിയമം. പിരിക്കുന്നതിനു് വളരെ ചിലവു് വേണ്ടിവരുന്ന നികുതിയായാൽ ഗവമ്മെണ്ടിലേക്കു് പ്രത്യേകിച്ചു് ഒരു ഗുണവും സിദ്ധിക്കാതെ ജനങ്ങൾക്കു് അനാവശ്യമായ നഷ്ടത്തിനു് ഇടയുണ്ടാകുന്നതാണു്. ഒന്നാമത്തെ നിയമം എല്ലാകരങ്ങൾക്കും വെവ്വേറെ സംബന്ധിക്കുവാൻ പാടില്ലെന്നു പറഞ്ഞതിൻെറ കാരണം ഈ നിയമമാകുന്നു. ഉപ്പുനികുതി അവരവരുടെ മുതലിൻെറ അവസ്ഥപോലെ എല്ലാവരും കൊടുക്കണമെന്നുവച്ചാൽ ആ മുതലിൻെറ അവസ്ഥയെ അന്വേഷിക്കുന്നതിനു് സക്കാരിൽനിന്നു വളരെ ആളുകളെ നിശ്ചയിക്കേണ്ടിവരും. അങ്ങിനെയാകുമ്പോൾ അധികമായ ചിലവിനു് ഇടയാകുന്നതാണല്ലൊ. ഇപ്പോൾ പിരിയുന്ന നികുതിയിൽ പത്തിനൊന്നു് പിരിക്കുന്നതിനു് ചിലവാകുന്നുണ്ടെങ്കിൽ മേല്പറഞ്ഞ മാതിരിയാകുമ്പോൾ പത്തിനഞ്ചുവീതം വേണ്ടിവരും. ജനങ്ങളുടെ കയ്യിൽനിന്നു് പിരിക്കുന്ന സംഖ്യയിൽ കുറവു ചെയ്യുന്നില്ലെങ്കിലും ഗവമ്മേണ്ടിലെ ആവശ്യത്തിനു് വേണ്ട ഒൻപതു ഉറുപ്പികയിൽ അഞ്ചു ഉറുപ്പികയെ അവക്കു കിട്ടുകയുള്ളു. അപ്പോൾ ശേ

ഷമുള്ള നാലുറുപ്പികയുടെ ആവശ്യത്തിനായി വിശേഷാൽ വല്ല കരവും പിരിക്കേണ്ടിവരും. അങ്ങിനെ ചെയ്യുന്നതുകൊണ്ടു ജനങ്ങൾക്ക് അധികമായ നഷ്ടം നേരിടുമെന്നല്ലാതെ അതിനനുരൂപമായ യാതൊരു ആദായവും ഗവൎമ്മേണ്ടിലേക്ക് ഉണ്ടാകുന്നതല്ലല്ലൊ. വേറെ പല നികുതികാൎയ്യങ്ങളിലും ഈ ന്യൂനത വരാവുന്നതും ചിലതിൽ വന്നുകാണുന്നതുമാണെന്നു വായനക്കാൎക്ക് ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. ഓരോ നികുതി നിശ്ചയിപ്പാൻ ആലോചിക്കുമ്പോൾ മേല്പറഞ്ഞ നിയമങ്ങളെ പ്രത്യേകം ഓൎമ്മവെയ്ക്കേണ്ടതാണ്. ഇതുകൂടാതെ ചില ചില്ലറനിയമങ്ങൾ കൂടിയുണ്ട്.

നികുതി പിരിക്കുന്നത് ഏതുവിധത്തിൽ വേണമെന്നു വ്യവസ്ഥപ്പെടുത്തുന്നതായ നാലുപ്രധാനനിയമങ്ങളുള്ളവയെ ഇതിനു മുമ്പിൽ വിവരിച്ചിട്ടുണ്ടല്ലൊ. അങ്ങിനെ പിരിക്കുന്ന നികുതി രണ്ടു പ്രകാരത്തിലുണ്ട്. ഒരു സമ്പ്രദായത്തിൽ സൎക്കാരിൽനിന്നും നികുതി ആവശ്യപ്പെടുന്നതും ആ നികുതി കൊടുക്കുന്നതും ഒരേ ആളായിരിക്കും. മറേറ സമ്പ്രദായത്തിൽ സൎക്കാരിൽനിന്നു ആവശ്യപ്പെടുകയും വാങ്ങുകയും ചെയ്യുന്ന ആളുടെ പക്കൽ നിന്നല്ലാ നികുതി സൂക്ഷ്മത്തിൽ വരുന്നത്. ആദായനികുതി മുതലായതു ആദ്യം പറഞ്ഞ കൂട്ടത്തിലാണ്. ഒരു വക്കീലിന്റെയൊ കച്ചവടക്കാരന്റെയൊ ആദായത്തിൽനിന്നു ഒരു ഓഹരി സൎക്കാരിലേക്കു നികുതിയായി കൊടുക്കുമ്പോൾ ആ സംഖ്യയിൽ ഒരംശവും മററാരുടെ ധനത്തെയും സംബന്ധിക്കുന്നതല്ലാ. അതുപോലെതന്നെ സ്വന്ത സവാരിക്കായിട്ടു വാങ്ങിയ കുതിരവണ്ടി മുതലായവയ്ക്കു നികുതി നിശ്ചയിച്ചാൽ ആ നികുതി അതുകളുടെ ഉടമസ്ഥന്മാരെ മാത്രമെ സംബന്ധിക്കയുള്ളൂ. ഈ നികുതിക്കു പേരു് പ്രത്യക്ഷകരമെന്നാകുന്നു. പിന്നെ വസ്തു, മദ്യം, കച്ചവടസാമാനങ്ങൾ മുതലായവയുടെ നികുതി സൎക്കാരിൽനിന്നു ആരോടു വാങ്ങുന്നുവോ അവരുടെ കയ്യിൽനിന്നല്ലാ സൂക്ഷ്മത്തിൽ വരുന്നത്. വസ്തുവിന്റെ നികുതി വസ്തു ഉടമസ്ഥനും കച്ചവടസാമാനങ്ങളുടെനികുതി കച്ചവടക്കാരനമാണു കൊടുക്കുന്നത്. എങ്കിലും ആ കൊടുക്കുന്ന സംഖ്യക്കുടി അവർ ധാന്യങ്ങളുടേയും മററു സാമാനങ്ങളുടേയും വിലയിൽ കൂട്ടുന്നതാകകൊണ്ടു് അതു് അവസാനത്തിൽ അതുകളെ അനുഭവിക്കുന്നവരുടെ പക്കൽനിന്നാണു വരുന്നത്. ഈ നികുതിക്കുപേരു് പരോക്ഷകരമെന്നാകുന്നു. പ്രത്യക്ഷകരമാകട്ടെ, പരോക്ഷകരമാകട്ടെ എല്ലാകരങ്ങളും അനുഭോക്താക്കളുടെ കയ്യിൽനിന്നാണു വരുന്നത്. എന്നാൽ ചിലപദാൎത്ഥങ്ങൾക്കുള്ള നികുതി അതുകളെ അനുഭവി

ക്കുന്നവർ തന്നെയാണു കൊടുക്കുന്നതു്. മററുള്ളവയുടെ നികുതി കൊടുക്കുന്നതു് അതുകളെ അനുഭവിക്കുന്നവരല്ല.

പണ്ടു ഭാരതഖണ്ഡത്തിൽ സാധാരണയായിട്ടു പരോക്ഷകരം മാത്രമേ നടപ്പുണ്ടായിരുന്നൊള്ളു. ഭൂമിയിൽനിന്നുണ്ടാകുന്ന വിളവിൽ ഒരോഹരി (സാധാരണയായി അതു് ആറിലൊന്നൊ എട്ടിലൊന്നൊ ആയിരിക്കും) രാജാവു എടുക്കുകയും കച്ചവടച്ചരക്കുകൾക്കു ചുങ്കംവാങ്ങുകയും മററുമാണു രാജ്യഭരണത്തിന്റെ ആവശ്യത്തിനു ചെയ്തിരുന്നതു്. യുദ്ധം ഹേതുവായിട്ടോ മറെറാ അധിക സംഖ്യയ്ക്കു ആവശ്യം വന്നാൽ മാത്രം എല്ലാവരുടെ കയ്യിൽനിന്നും ഒരു ക്ലിപ്തപ്പെട്ട സംഖ്യ പിരിച്ചുവന്നിരുന്നു. ചില മതദുരഭിമാനികളായ മഹമ്മദീയരാജാക്കന്മാർ ഇതരമതക്കാരുടെപക്കൽനിന്നു് ഇങ്ങിനെ ഒരു നികുതി ചിലപ്പോൾ പിരിച്ചിരുന്നു. അപൂൎവമായി പിരിച്ചുവന്നിരുന്ന ഈ രണ്ടുനികുതിയല്ലാതെ പ്രത്യക്ഷകരം പണ്ടുണ്ടായിരുന്നില്ലാ. വെള്ളക്കാരുടെ രാജ്യസമ്പ്രദായത്തിലാണു പ്രത്യക്ഷകരം ധാരാളമായി നടപ്പായതു്. അതിൽ പ്രധാനമായിട്ടുള്ളതു് ആദായ നികുതിയാകുന്നു.

ആദായനികുതി എന്നു പറയുന്നതു് പ്രജകൾക്കു ഭൂമിയിൽ നിന്നുണ്ടാകുന്നതൊഴികെയുള്ള സകല ആദായങ്ങളിൽനിന്നും നൂററിൽ ഇത്രയെന്നു ക്ലിപ്തപ്പെടുത്തി സൎക്കാരിൽനിന്നു പിരിക്കുന്നതായ ഒരു സംഖ്യയാകുന്നു. ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യയിൽ പിരിച്ചുവരുന്നതു് നൂററിനു രണ്ടര ഉറുപ്പികവീതമാകുന്നു. എന്നാൽ ഈ നികുതി ആണ്ടിൽ അഞ്ഞൂറോ അഞ്ഞൂററിൽ അധികമോ ഉറുപ്പിക ആദായമുള്ളവരുടെ പക്കൽ നിന്നുമാത്രമേ പിരിക്കുന്നുള്ളു. ഈ നികുതി വളരെ ന്യായമായിട്ടുള്ളതും പിരിക്കാതെയിരിക്കുന്നതു അധൎമ്മവുമാകുന്നു. ഭൂമിയിൽ നിന്നുണ്ടാകുന്ന ആദായം എത്രതന്നെ സ്വല്പമായിരുന്നാലും അതിൽ ഒരോഹരി സൎക്കാരിലേക്കു കൊടുക്കണം. ഉദ്യോഗസ്ഥന്മാർ, വക്കീലന്മാർ, വൈദ്യന്മാർ, കച്ചവടക്കാർ മുതലായവൎക്കുണ്ടാകുന്ന ആദായം എത്രതന്നെ ഉണ്ടായിരുന്നാലും ആദായനികുതിയില്ലാത്ത രാജ്യങ്ങളിൽ അവൎക്കു കാൽ പൈസപോലും സൎക്കാരിലേക്കു കൊടുപ്പാനുള്ള ബാദ്ധ്യതയില്ലാ. എന്നാൽ രാജ്യഭരണംകൊണ്ടുണ്ടാകുന്ന ഗുണത്തിനു ആൎക്കും വ്യത്യാസമില്ലാതാനും. ഇതു ന്യായമായിട്ടുള്ളതല്ലെന്നു സ്പഷ്ടമാണല്ലോ. ഈ ന്യായരാഹിത്യത്തെ കുറെക്കൂടി സ്പഷ്ടമാക്കുന്നതിന്നു ഒരു ഉദാഹരണം കൂടി പറയാം. മൂന്നു ജ്യേഷ്ഠാനുജന്മാൎക്കു സ്വത്തവഴിക്കു പതിനായിരം, ഉറുപ്പികവീതം കിട്ടി എന്നും, അതിൽഒരാൾ ആ പണംകൊണ്ടു വസ്തു വാങ്ങിഎന്നും, രണ്ടാമത്തേവൻ കച്ചവടംതുടങ്ങിഎന്നും,മൂന്നാ

മത്തേവൻ അതു ബാങ്കിൽ പലിശയ്ക്കുകൊടുത്തു എന്നും ഇരിക്കട്ടെ. എല്ലാവൎക്കും ആ ധനം കിട്ടിയവഴി ഒന്നാണു്, എല്ലാവൎക്കും ആധ നത്തിന്റെ സ്വത്വത്തെ ഒരുപോലെതന്നെയാണു സൎക്കാരിൽ നിന്നു രക്ഷിച്ചുകൊടുക്കുന്നതു്. എന്നിരിക്കെ അതിൽ വസ്തുവാങ്ങിയ ഒരാൾ മാത്രമേ സൎക്കാരിലേക്കു നികുതികൊടുക്കേണ്ടു എന്നു വയ്ക്കുന്നതു ഏതുപ്രകാരത്തിൽ വിചാരിച്ചാലും അയുക്തവും അധൎമ്മവുമാണെന്നു നിസ്സംശയമാണല്ലോ.

ആദായനികുതി മുതലായതുപിരിച്ചാൽ മാത്രമേ എല്ലാവരുടെ പക്കൽനിന്നും അവരവരുടെ ആദായത്തിന്റെ അവസ്ഥപോലെ സൎക്കാരിലേക്കു നികുതികിട്ടുകയുള്ളൂ. ഇതാണല്ലോ നികുതികാൎയ്യത്തെ പററീട്ടുള്ള ഒന്നാമത്തെനിയമം. കച്ചവടച്ചരക്കുകളിന്മേൽ ചുങ്കം പതിക്കുമ്പോഴും ഈ സംഗതി ഓൎമ്മവയ്പാനുള്ളതാണു്. മനുഷ്യൎക്കു കൂടിയെകഴിയു എന്നുള്ള പദാൎത്ഥങ്ങൾക്കു ചുങ്കം നിശ്ചയിക്കാതെ സുഖാനുഭവത്തിനു മാത്രം വേണ്ട പദാൎത്ഥങ്ങൾക്കാണു് ചുങ്കം നിശ്ചയിക്കേണ്ടതു്. നെല്ലു, തുണി മുതലായവയ്ക്കു ചുങ്കം നിശ്ചയിച്ചാൽ അതുകളുടെ വിലകൂട്ടുകയും അതിനാൽ സാധുക്കൾക്കു വളരെ ബുദ്ധിമുട്ടു നേരിടുകയും ചെയ്യും. കറുപ്പു്, പുകയില, ചാരായം മുതലായതുകൾ അവശ്യംവേണ്ട പദാൎത്ഥങ്ങൾ അല്ലാത്തതിനാൽ അതുകൾക്കു കരം നിശ്ചയിക്കുന്നതുകൊണ്ടു സാധുക്കൾക്കു പദ്രവം തട്ടുന്നതല്ലാ. അതുകൾ കൊണ്ടുള്ള സുഖം അനുഭവിച്ചേ കഴിയു എന്നുള്ളവൎക്കു വലിയ പ്രയാസംകൂടാതെ ആ ചുങ്കം കൊടുപ്പാനുള്ള ശേഷിയും ഉണ്ടായിരിക്കും.

നികുതിയെപ്പററി രണ്ടു സംഗതികൾ കൂടിയേ പറവാനുള്ളൂ. അവ വളരെ പ്രധാനസംഗതികളാണെങ്കിലും ഭാരതഖണ്ഡത്തിൽ പണ്ടു് അവയുടെ ജ്ഞാനം വളരെ കുറവായിരുന്നു. ഒന്നാമതു നികുതി പിരിക്കുന്നതു ജനങ്ങൾക്കുവേണ്ടി ചിലവുചെയ്വാനാണു്. രാജാക്കന്മാരുടെ ആഡംബരത്തിനുവേണ്ടി അതിൽനിന്നു ചിലവുചെയ്വാൻ പാടില്ലെന്നല്ലാ ഞങ്ങൾ പറയുന്നതു്. ആ ചിലവു അമിതമായിപോകരുതു്. മൈസൂർ മഹാരാജാവിന്റെ ചിലവിനു ആണ്ടിൽ പതിമ്മൂന്നുലക്ഷം ഉറുപ്പികയും ഹൈദ്രാബാദ്ദ് രാജാവിന്റെ ചിലവിനു മുപ്പതുലക്ഷം ഉറുപ്പികയും ആണു്. ഈ സംഖ്യ ആ രാജ്യങ്ങളിൽ പിരിയുന്ന ഒട്ടുക്കു നികുതിയിൽ പത്തിലൊരുഭാഗമാകുന്നുണ്ടു്. എന്നാൽ മഹാരാജ്ഞിയുടെ ചിലവിനു് ആണ്ടിൽ നാല്പതുലക്ഷം ഉറുപ്പികയേ ആകുന്നൊള്ളൂ. അതു അവിടെ പിരിയുന്ന നികുതിയുടെ ഇരുപതിലൊരംശത്തിൽ വളരെ കുറവാണു്. ഹൈദരാബാദ്ദ് രാജാവിന്റേയും മഹാരാജ്ഞിയുടേയും അവസ്ഥയ്ക്കു

എത്ര അന്തരമുണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ അവരുടെ ചിലവിന്നു വച്ചിരിക്കുന്ന സംഖ്യ ഏകദേശം ശരിയാണു് ജനങ്ങളുടെ ഗുണത്തിന്നായിട്ടാണു് നികുതി പിരിക്കുന്നതെന്നുള്ള ജ്ഞാനം രാജാവിന്നും പ്രജകൾക്കും വളരെ കുറവാകകൊണ്ടാണു് ഇങ്ങിനെ സംഭവിക്കുന്നതു്.

രണ്ടാമതു നികുതിപിരിക്കുന്നതിനുള്ള നിശ്ചയങ്ങൾ പ്രജകളുടെ സമ്മതത്തോടുകൂടി ചെയ്യേണ്ടതാണു്. ഈ സംഗതി ബ്ലാത്തിയിൽ കുട്ടികൾക്കുകൂടി അറിയാവുന്നതാണെങ്കിലും ഈ നാട്ടിൽ അതു ഒരു അപൂർവ്വജ്ഞാനമാണു്. എന്നാൽ നികുതിപിരിക്കുന്നതു് ജനങ്ങൾക്കു സങ്കടംകൂടാതേയും യാതൊരു സിദ്ധാന്തം കൂടാതേയും വേണമെങ്കിൽ ഇങ്ങിനെ ചെയ്യാതെ സാധിക്കയില്ലെന്നു നിശ്ചയം തന്നെ. ജനങ്ങളുടെ അഭിപ്രായം അവരുടെ പ്രതിനിധികൾമുഖാന്തിരമാണു അറിയിക്കുന്നതു്. ഇതാകുന്നു ബ്ലാത്തിയിൽ പാർലിയമെണ്ടു സഭ നിശ്ചയിച്ചിരിക്കുന്നതിന്റെ പ്രധാനമായ ഉദ്ദേശം. പ്രതിനിധികളെ നിശ്ചയിക്കുന്നതിന്റെ സമ്പ്രദായവും, അവരുടെ അധികാരങ്ങളും മറ്റും ഇന്നിന്നതാണെന്നു് ആ സന്ദർഭത്തിൽ വഴിയെ പ്രസ്താവിക്കുന്നതാണു്.

# ൧൧. രാജ്യഭരണം.

രാജ്യഭരണത്തെക്കുറിച്ചു് പലസംഗതികളും ആലോചിപ്പാനുണ്ടു്. എന്തൊരാവശ്യത്തിന്നാണു് രാജ്യഭരണം എന്നൊരേർപ്പാടു് മനുഷ്യർ നിശ്ചയിച്ചിരിക്കുന്നതു്? ആ ഉദ്ദേശത്തെ നിർവ്വഹിക്കുന്നതിനു് പല രാജ്യങ്ങളും പല കാലങ്ങളിലുമായിട്ടു് എന്തെല്ലാം വിധത്തിലുള്ള ഏർപ്പാടുകളാണു് ചെയ്യപ്പെട്ടിട്ടുള്ളതു്? ഓരോ ഏർപ്പാടു് ആ ഉദ്ദേശത്തെ എത്രത്തോളം നിർവ്വഹിക്കുന്നുണ്ടു്? അതിൽ എന്തെല്ലാം ന്യൂനതകളാണുള്ളതു്? രാജ്യഭരണത്തിൽ ഏതുവിധത്തിലുള്ള ഏർപ്പാടുകൊണ്ടാണു് ന്യൂനതകൾ കഴിയുന്നേടത്തോളം കുറഞ്ഞുപോകുന്നതു്? എന്നും മറ്റുമുള്ള സംഗതികളെയാണു് നമുക്കു പ്രധാനമായി ആലോചിപ്പാനുള്ളതു്. ഈ ആലോചനയിൽ ഇംഗ്ലീഷ് പുസ്തകങ്ങളിലും, നമ്മുടെ സ്മൃതിപുരാണാദികളിലും ഈ

വിഷയത്തെപ്പററി പറഞ്ഞിരിക്കുന്നതിൻെറ ഗൌരവലാഘവങ്ങളും ഉൾപ്പെടുന്നതാകുന്നു.

എന്തെങ്കിലും ഒരു ക്രിയയുടേയോ ഏർപ്പാടിൻേറയോ സ്വഭാവത്തേയും ഗുണദോഷങ്ങളേയും കുറിച്ച് ആലോചിക്കുന്നതിന് മുമ്പിൽ അതിൻെറ ഉദ്ദേശം എന്താണെന്ന് ആലോചിക്കുന്നത് പ്രത്യേകം ആവശ്യമാണ്. ആ ഉദ്ദേശം എല്ലായ്പോഴും വിശദമായി നമ്മുടെ മനസ്സിലില്ലെങ്കിൽ നാം പറയുന്നത് ചിലപ്പോൾ കുറെ അപ്രസ്തുതമായി വന്നേക്കാം. അതുകൊണ്ട് രാജ്യഭരണത്തിൻെറ ഉദ്ദേശം എന്താണെന്നാകുന്നു നാം ആദ്യമായി ആലോചിപ്പാനുള്ളത്. എന്തൊരാവശ്യത്തിനായിട്ടാണ് ഈശ്വരനോ മനുഷ്യനോ രാജ്യഭരണം എന്നൊരേർപ്പാട് ചെയ്തിരിക്കുന്നത്? എന്ന ചോദ്യത്തിൻെറ യഥാർത്ഥമായ ഉത്തരമാകുന്നു രാജ്യഭരണത്തിൻെറ യഥാർത്ഥമായ ഉദ്ദേശം.

ഈ ചോദ്യത്തിന് പലരും പലവിധമായ ഉത്തരം പറഞ്ഞിട്ടുണ്ട്. ചിലർ രാജ്യഭരണം പ്രജാപരിപാലനത്തിനാണെന്നും, മററു ചിലർ ദുഷ്ടശിക്ഷണശിഷ്ടപരിപാലനത്തിനാണെന്നും, ചിലർ സത്വത്തേയും സ്വത്വത്തേയും രക്ഷിക്കുന്നതിനാണെന്നും മററു ചിലർ ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖത്തിനാണെന്നും, പിന്നെ ചിലർ പ്രജകളെ ഉല്ക്കർഷീകരിക്കുന്നതിനാണെന്നും മററും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായങ്ങൾ തമ്മിൽ സൂക്ഷ്മത്തിൽ വ്യത്യാസമൊന്നുമില്ലെന്ന് സാധിക്കാവുന്നതാണെങ്കിലും ഓരോ അഭിപ്രായം ഓരോ വഴിക്ക് പോകുന്നതാകകൊണ്ട് അവയിൽ ഓരോന്നിൻെറ സ്വഭാവത്തെ പ്രത്യേകമായി ആലോചിച്ചു നമ്മുടെ വ്യവഹാരത്തിൻെറ അടിസ്ഥാനമായി ഒന്നിനെ സ്വീകരിക്കേണ്ടതാണല്ലോ.

ഇതിൽ പ്രജാപരിപാലനമെന്നും ദുഷ്ടശിക്ഷണ ശിഷ്ടപരിപാലനമെന്നും പറയുന്നത് ഒന്നുതന്നെയാണ്. നമ്മുടെ ഇടയിൽ രാജ്യഭരണോദ്ദേശമായി പറഞ്ഞുവരുന്നത് ഇതാണ്. എന്നാൽ ഇതിന് വലിയൊരുന്യൂനതയുണ്ട്. ഉദ്ദേശമെന്നത് ശാസ്ത്രാനുരോധമായി വിചാരിക്കുമ്പോൾ മൂലത്തോളം പറവുന്നതായിരിക്കണം. ആ കാൎയ്യത്തിൻെറ ഉദ്ദേശം ഇന്നതാണെന്ന് പറയുമ്പോൾ ആ ഉദ്ദേശത്തിൻെറ ഉദ്ദേശം എന്താണെന്നുള്ള ചോദ്യത്തിന് ഇടവരരുത്. വൈദ്യശാസ്ത്രമുണ്ടാക്കിയിരിക്കുന്നത് രോഗികളെ ചികിത്സിക്കുന്നതിനാണെന്നു പറയുന്നത് ശരിയാണെങ്കിലും ശാസ്ത്രാനുരോധമായിട്ടില്ല. ചികിത്സിക്കുന്നതുകൊണ്ട് വേറെ ഒരു ഫലം സിദ്ധിക്കുന്നതിനാൽ വൈദ്യശാസ്ത്രം രോഗോപശാന്തിക്കും രോഗനിവാരണത്തിനുമാണെന്നാകുന്നു പറയേണ്ടതു്. ഇതുപോലെ

യാണ് ദുഷ്ടശിക്ഷണശിഷ്ടപരിപാലനമെന്നു പറയുന്നതു്. ഈ പ്രവൃത്തിക്കുതന്നെ വേറെ ഒരു സാദ്ധ്യമുണ്ടായിരിക്കുമ്പോൾ അതു തന്നെയാണു് രാജ്യഭരണോദ്ദേശമെന്നു് പറയുന്നതു് തൃപ്തികരമല്ല. അ സാദ്ധ്യമെന്തെന്നു് വഴിയേ പറയാം.

വെള്ളക്കാരുടെ ഇടയിൽ സാധാരണയായി പറഞ്ഞുവരുന്നതു് രാജ്യഭരണം സത്വത്തേയും സ്വത്വത്തേയും രക്ഷിപ്പാനാണെന്നാകുന്നു. ഇതിൻെറ താല്പൎയ്യം മനുഷ്യർ അന്യോന്യം ദേഹപീഡ ചെയ്യാതേയും മുതൽ അപഹരിക്കാതേയും രാജാവു് നോക്കണമെന്നാകുന്നു. മേല്പറഞ്ഞന്യൂനത ഈ മതത്തിനുമുണ്ടു്. സമ്പത്തേയും സ്വത്വത്തേയും രക്ഷിക്കുന്നതുകൊണ്ടുതന്നെ വേറെ ഒരു സാദ്ധ്യമുണ്ടു്. അതുകൊണ്ടു് അ സാദ്ധ്യത്തെയാണു് രാജ്യഭരണത്തിൻെറ ഉദ്ദേശമെന്നുപറയേണ്ടതു്.

ഇനിയൊരു മതമുള്ളതു് രാജ്യഭരണം ഭൂരിപക്ഷം ജനങ്ങളുടെ ഭൂരി സുഖത്തിനാണെന്നാകുന്നു. ദുഷ്ടശിക്ഷണവും ശിഷ്ടപരിപാലനവും സത്വസ്വത്വരക്ഷണവും സൂക്ഷ്മത്തിൽ ഭൂരിപക്ഷഭൂരിസുഖത്തിനാണ്. രാജാവു് ശിഷ്ടന്മാരെ രക്ഷിക്കുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും ചെയ്യുന്നതും, മനുഷ്യർ അന്യോന്യം ദേഹപീഡ ചെയ്യാതേയും, മുതൽ അപഹരിക്കാതേയും നോക്കുന്നതും ജനങ്ങൾ സുഖമായിരിക്കണമെന്നതിനല്ലാതെ മറെറാരുകാൎയ്യത്തിനാണെന്നു് പറവാൻ പാടില്ല. അതുകൊണ്ടു് ഭൂരിപക്ഷഭൂരിസുഖം മററു് ഉദ്ദേശങ്ങളെക്കാൾ അധികം മൂലത്തോടു് അടുത്തതാണെന്നുസാധിക്കുന്നു.

ഇതിനേക്കാൾ അടുത്തതായി വേറേ വല്ല ഉദ്ദേശവുമുണ്ടോ? എന്തിനാണു് ഭൂരിപക്ഷം ജനങ്ങൾക്കു ഭൂരിസുഖമുണ്ടാകുന്നതു് എന്നു ചോദിപ്പാൻ അവകാശമുണ്ടെന്നു് തോന്നുന്നില്ലാ. മനുഷ്യരുടെ സകല പ്രവൃത്തികളും സുഖപ്രാപ്തിക്കൊ ദുഃഖനിവൃത്തിക്കൊ വേണ്ടിയാണു് ചെയ്യപ്പെടുന്നതു്. ഈ രണ്ടിലൊരുദ്ദേശത്തോടുകൂടിയല്ലാതെ യാതൊരു പ്രവൃത്തിയുമില്ല. താല്ക്കാലിക സുഖമനുഭവിച്ചു് പിന്നീടു് ദുഃഖത്തിൽ അകപ്പെടുന്നതും ഉത്തരകാലസുഖത്തിനുവേണ്ടി താല്ക്കാലികദുഃഖമനുഭവിക്കുന്നതും അസാധാരണയല്ലാ. ഈ പ്രവൃത്തികളിൽ ബുദ്ധിക്കുറവുകൊണ്ടു് മനുഷ്യർക്കു പല തെററുകളും വരികയും വിചാരിച്ചതിനു വിപരീതമായ ഫലം സിദ്ധിക്കയും ചെയ്തേക്കാം. എങ്കിലും എന്തുപ്രവൃത്തിചെയ്യുമ്പോളും എല്ലാവരും സുഖപ്രാപ്തിയേയൊ ദുഃഖനിവൃത്തിയേയൊ ഉദ്ദേശിച്ചിട്ടാവാതിരിക്കയില്ല. അതിന്നെന്താണു കാരണമെന്നു ചോദിച്ചാൽ മനുഷ്യസ്വഭാവമെന്നല്ലാതെ ഈ സന്ദർഭത്തിൽ മറെറാന്നും പറയേണ്ട ആവശ്യം കാണുന്നില്ല. ഈ സ്വഭാവം കാരണമായിട്ടാണു്

രാജ്യഭരണംതന്നെ വേണ്ടിവന്നതു്. അതുകൊണ്ടു് രാജ്യഭരണത്തിന്റെ ഉദ്ദേശം ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖമാണെന്നു് പറയുന്നതു് ശാസ്ത്രാനുരോധമായിരിക്കുന്നതാണു്.

ഭൂരിപക്ഷ ഭൂരിസുഖമെന്നുവച്ചാലെന്താണെന്നാകുന്നു ഇനി ആലോചിപ്പാനുള്ളതു്. മനുഷ്യർ ചെയ്യുന്ന യാതൊരേർപ്പാടും എല്ലാവൎക്കും ഒരുപോലെ സുഖപ്രദമാവാൻ പാടില്ലെന്നു തന്നെയല്ല ചിലൎക്കു് അതു് നിശ്ചയമായും ദുഃഖകരംതന്നെയായിരിക്കും. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കണമെന്നുള്ള ഏർപ്പാടു് പരക്കെ ജനങ്ങൾക്കു് സുഖകരമാണെങ്കിലും കുറ്റം ചെയ്യാതെ കഴികയില്ലെന്നുള്ള അപൂർവം ചില ദുസ്സ്വഭാവികൾക്കു് അതു് ദുഃഖകരമായിരിക്കുമല്ലോ. അതുകൊണ്ടാണു് എല്ലാവൎക്കും എന്നു പറയാതെ ഭൂരിപക്ഷം ജനങ്ങൾക്കു് എന്നു പറഞ്ഞതു്. ഇതുപോലെ തന്നെ പരമാനന്ദമെന്ന അവസ്ഥ മനുഷ്യൎക്കു് അലഭ്യമായിട്ടുള്ളതാണു്. അതുകൊണ്ടു് ഉണ്ടാകാവുന്നെടത്തോളം സുഖം ഏതുവിധത്തിലാണു സമ്പാദിപ്പാൻ തരമെന്നേ നോക്കുവാൻ തരമുള്ളു. ഈ തത്വത്തെ വിചാരിച്ചിട്ടാണു് പരമസുഖം എന്നു പറയാതെ ഭൂരിസുഖമെന്നു പറഞ്ഞതു്. സകല ജനങ്ങളുടേയും പരമസുഖം തീരെ അപ്രാപ്യവും ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖം സാധിപ്പാൻ നോക്കേണ്ടതും ആകകൊണ്ടു് രാജ്യഭരണത്തിന്റെ ഉദ്ദേശം ഈ ഒടുവിൽ പറഞ്ഞതുതന്നെ ആകുന്നു എന്നാണു് വിചാരിക്കേണ്ടതു്.

ഇനി ഒരു മതംകൂടിയുണ്ടല്ലോ. രാജ്യഭരണം മനുഷ്യവൎഗ്ഗത്തെ ഉൽക്കർഷീകരിക്കുന്നതിന്നാണെന്നാകുന്നു ചിലർ പറയുന്നതു്. ആകൃതികൊണ്ടും, ബുദ്ധികൊണ്ടും, അറിവുകൊണ്ടും, ഒരു ബ്രാഹ്മണനും, ചെറുമനും തമ്മിലുള്ള അന്തരം മഹത്താണല്ലോ. എന്നാൽ മനുഷ്യപ്രയത്നത്താൽ തന്നെ അനേകകാലം കൊണ്ടെങ്കിലും ചെറുമക്കളെ ബ്രാഹ്മണരെപ്പോലെ ആക്കാവുന്നതാണു്. എന്നുതന്നെയല്ല ബ്രാഹ്മണരേയും വെള്ളക്കാരേയും മറ്റും എല്ലാ അവസ്ഥകൊണ്ടും ഇപ്പൊഴത്തെക്കാൾ ഉപര്യുപരി യോഗ്യരാക്കിത്തീർക്കാവുന്നതാണു്. സ്വപ്രയത്നംകൊണ്ടു് മനുഷ്യവൎഗ്ഗത്തിന്നു് എത്രത്തോളം വലിപ്പം വരാമെന്നു് നമുക്കു് ഊഹിപ്പാൻതന്നെ പാടില്ല. ഇങ്ങിനെ മനുഷ്യരെ സാദ്ധ്യമാകുന്നെടത്തോളം ഉൽകൃഷ്ടന്മാരാക്കുന്നതിന്നാണത്രെ രാജ്യഭരണം.

എന്നാൽ സൂക്ഷ്മത്തിൽ ഇതും ഭൂരിപക്ഷഭൂരിസുഖത്തിൽ അടങ്ങീട്ടുണ്ടു്. ശാകുന്തളം വായിക്കുമ്പോളുണ്ടാകുന്ന അവാച്യമായ സുഖം ഒരു ചെറുമന്നു് അനുഭവിപ്പാൻ തരമില്ല. ഭൂരിസുഖമെന്നു പറഞ്ഞതുകൊണ്ടു് ഇതുപോലെയുള്ള വലിയസുഖങ്ങളെ അനുഭ

വിപ്പാനുള്ള യോഗ്യത അവനും ഉണ്ടാക്കിക്കൊടുക്കണമെന്നു് വരുന്നതാണു്. മനുഷ്യൎക്കു് യോഗ്യത കൂടുന്തോറും ആസ്വാദ്യത അധികമുള്ള സുഖവും കൂടുന്നതാകകൊണ്ടു് ഭൂരിസുഖത്തെ ഉണ്ടാക്കുന്ന കൂട്ടത്തിൽ മനുഷ്യവൎഗ്ഗത്തെ ഉൽക്കർഷീകരിക്ക എന്നുള്ളതും അടങ്ങുന്നതാണു്.

ഭൂരിപക്ഷം ജനങ്ങൾക്കു് ഭൂരിസുഖമുണ്ടാക്കുന്നതിന്നു് രാജാവു് എന്തെല്ലാമാണു് ചെയ്യേണ്ടതെന്നും രാജ്യഭരണത്തിന്റെ സമ്പ്രദായം എങ്ങിനെ ആയിരിക്കണമെന്നുമാകുന്നു ഇനി ആലോചിപ്പാനുള്ളതു്. രാജകൃത്യങ്ങളെ ഒന്നൊന്നായി വിവരിക്കുന്നതിനു് ഇവിടെ സ്ഥലവും ആവശ്യവുമില്ല. കൃത്യങ്ങളുടെ സ്വഭാവത്തെ ആകപ്പാടെ ഒന്നു പറയുന്നതിനു് മാത്രമെ ഭാവിക്കുന്നുള്ളു. രാജകൃത്യങ്ങളെമാത്രം സംബന്ധിച്ചിടത്തോളം വളരെ അഭിപ്രായഭേദങ്ങളില്ല. എല്ലാരാജ്യക്കാരുടേയും മതം ഏകദേശം യോജിച്ചുതന്നെയിരിക്കും.

രാജാവു് പ്രധാനമായി മനസ്സുവയ്ക്കേണ്ടതായ സംഗതി രാജ്യഭരണം തന്റെ സ്വന്താഡംബരത്തേയും സിദ്ധാന്തങ്ങളെയും നിൎവ്വഹിക്കുന്നതിന്നല്ലെന്നാകുന്നു. രാജ്യഭരണത്തിന്റെ ഉദ്ദേശം പ്രജകളുടെ ക്ഷേമമൊന്നുമാത്രമാകകൊണ്ടു് അവരുടെ ആവശ്യത്തിന്നായി രാജാവിനെ ഉണ്ടാക്കിയിരിക്കുകയാണെന്നും, രാജാവിന്റെ ആവശ്യത്തിനു് പ്രജകളെ ഉണ്ടാക്കിയിരിക്കുകയല്ലെന്നും സ്പഷ്ടമാകുന്നുണ്ടു്. ജനങ്ങളുടെ കാൎയ്യങ്ങൾ അന്വേഷിക്കുന്നതിന്നായും, അവർ അന്യോന്യം ഉപദ്രവിക്കാതെ നോക്കുന്നതിന്നായും അവർ തന്നെ അധികാരപ്പെടുത്തി ആക്കിയിരിക്കുന്ന ഒരാളാണെന്നു മാത്രമെ രാജാവിനെ വിചാരിപ്പാൻ പാടുള്ളു എന്നാകുന്നു ഇംഗ്ലീഷുകാരുടേയും മററും അഭിപ്രായം. ഈ അഭിപ്രായത്തെ അവർ പലപുസ്തകങ്ങളിലും ഘോഷിച്ചിട്ടുള്ളതിന്നു പുറമെ പല രാജ്യഭരണവ്യവസ്ഥാപനരേഖകളിലും അവർ വെളിപ്പെടുത്തീട്ടുണ്ടു്. നമ്മുടെ ഗ്രന്ഥങ്ങളും ഈ അഭിപ്രായത്തെ അത്ര സ്പഷ്ടമായി ഘോഷിക്കുന്നില്ലെങ്കിലും പ്രജകളുടെ ക്ഷേമത്തെ വൎദ്ധിപ്പിക്കുക മാത്രമാണു് രാജാവിന്റെ കൃത്യമെന്നു് സ്പഷ്ടമായി പറയുന്നുണ്ടു്. എങ്കിലും ഈ അഭിപ്രായങ്ങൾ തമ്മിൽ ഒരുവലിയ വ്യത്യാസമുണ്ടു്. പ്രജകളുടെ കാൎയ്യങ്ങളെ അന്വേഷിപ്പാൻ രാജാവിനെ അവർ തന്നെ അധികാരപ്പെടുത്തി എന്നാണു് ഇംഗ്ലീഷുകാർ വ്യവഹരിക്കുന്നതു്. നമ്മുടെ പ്രമാണപ്രകാരം രാജാവിനു് ഈ അധികാരം കിട്ടിയതു് ഈശ്വരങ്കൽ നിന്നാണെന്നാകുന്നു. 'രക്ഷാൎത്ഥമസ്യസൎവ്വസ്യ രാജാനമസൃജൽപ്രഭു' എന്നും

‘മഹതീദേവതാഹ്യേഷാ നരരൂപേണതിഷ്ഠതി’ എന്നും മററും മനു
പറഞ്ഞിരിക്കുന്നതു നോക്കുമ്പോൾ നമ്മുടെ പ്രമാണപ്രകാരം രാജാ
വിനെ ഒരു ദിവ്യപുരുഷനായി വിചാരിക്കേണമെന്നു് സ്പഷ്ടമാകു
ന്നു. ഈ വിശ്വാസം ജനങ്ങൾക്കും രാജാവിനും ഉണ്ടാകുന്നതുകൊ
ണ്ടു് ഇംഗ്ലീഷുകാരുടെ പ്രമാണപ്രകാരമുള്ള രാജ്യഭരണത്തിൽനിന്നു്
വല്ലന്യൂനതവരുന്നതാണൊ എന്നു് മേലിൽ ആലോചിച്ചുകൊള്ളാം.
എല്ലാജ്ജനങ്ങളുടേയും രക്ഷയ്ക്കുവേണ്ടിമാത്രം ബ്രഹ്മാവു് രാജാവിനെ
സൃഷ്ടിച്ചു എന്നു് മനുപറഞ്ഞിരിക്കുന്നതിനാൽ രാജകൃത്യം ഇന്നതാ
ണെന്നുള്ള സംഗതിയെപ്പററി ഇംഗ്ലീഷുകാരും നമ്മളും തമ്മിൽ വ
ളരെ അഭിപ്രായഭേദമില്ല.

ഭൂരിപക്ഷഭൂരിസുഖത്തിന്നു് ഇനി പ്രധാനമായിട്ടൊന്നുവേണ്ട
തു് നിയമങ്ങൾക്കു് സർവ്വസാധാരണത്വമുണ്ടായിരിക്കുകയാകുന്നു.
എല്ലാനിയമങ്ങളും പ്രജകളിൽ എല്ലാപേരേയും ഒരുപോലെ സം
ബന്ധിക്കുന്നതായിരിക്കണം. ഇപ്പോൾ ഇൻഡ്യാരാജ്യത്തു് നടപ്പാ
യിരിക്കുന്ന ശിക്ഷാനിയമപ്രകാരം ഒരു കുററത്തിനു് ഒരു ജാതിക്കാ
ക്കു് ഒരുശിക്ഷയെന്നും മറെറാരുജാതിക്കാക്കു് മറെറാരുശിക്ഷയെ
ന്നുമല്ല വ്യവസ്ഥിതമായിരിക്കുന്നതു്. ആ കുററംചെയ്താൽ ശിക്ഷ
എല്ലാപേക്കും ഒന്നുപോലെയാണു്. എന്നാൽ നമ്മുടെ പഴയനിയ
മങ്ങൾക്കു് ഈ അപക്ഷപാതിത്വമില്ലാ. സ്മൃതികൾ ജാതികളുടെ ഭേ
ദംപോലെ ശിക്ഷയ്ക്കും ഭേദം കല്പിച്ചിട്ടുണ്ടു്. ഒരു ശൂദ്രൻ ബ്രാഹ്മണ
നെ അധിക്ഷേപിച്ചു പറഞ്ഞാൽ അവന്റെ നാവു് അറുത്തുകള
യണമെന്നും, ബ്രാഹ്മണൻ ശൂദ്രനെയാണു് അധിക്ഷേപിച്ചതെ
ങ്കിൽ ആ ബ്രാഹ്മണനു് സ്വല്പമായ ഒരു പിഴ കല്പിക്കേണമെന്നുമാ
കുന്നു മനുസ്മൃതിയാൽ വിധിക്കപ്പെട്ടിരിക്കുന്നതു്. ഇതു് ഒരു ഉദാ
ഹരണമായി പറഞ്ഞു എന്നേയുള്ളു. എല്ലാ ശിക്ഷകൾക്കും ഇപ്ര
കാരംതന്നെ ജാതിഭേദംപോലെ ശിക്ഷാഭേദത്തേയും കല്പിച്ചിട്ടുണ്ടു്.
ഈ പക്ഷപാതിത്വം ഭൂരിപക്ഷഭൂരിസുഖത്തിനു് വളരെ ബാധക
മായിട്ടുള്ളതാകുന്നു. അവരവരുടെ ബുദ്ധിയുടെ വൈഭവംപോലെ
യും, ഗുണംപോലെയും, അവരവക്കു ഐശ്വര്യവും, യോഗ്യതയും,
സിദ്ധിക്കുന്നതിനു് യാതൊരുപ്രതിബന്ധവുംഉണ്ടാകാത്തവിധത്തിലാ
യിരിക്കണം രാജനിയമം. ഓരോരുത്തക്കു് ഓരോനിയമമാകുമ്പോൾ
ചിലക്കു് സ്വാതന്ത്ര്യം അധികമായും ചിലക്കു് കുറവായും മററുചി
ലക്കു് ഇല്ലാതായും വരുന്നതാകകൊണ്ടു് അങ്ങിനെയുള്ളനിയമംഈ
പ്രതിബന്ധത്തെ ചെയ്യുന്നതാകുന്നു. അവരവക്കു സമ്പാദിക്കുന്ന
തിനു് സാദ്ധ്യമായ അവസ്ഥയെ സമ്പാദിക്കുന്നതു് മനഃപൂവ്വമാ
യി അസാദ്ധ്യമാക്കിത്തീത്താൽ ഭൂരിപക്ഷം ജനങ്ങൾക്കു് ഭൂരിസുഖ

മുണ്ടാകുന്നത് എങ്ങിനെ? ഇംഗ്ലീഷുകാരുടെ സകല നിയമങ്ങളും ഏൎപ്പാടുകളും ഗുണത്തിനാകട്ടെ ദോഷത്തിനാകട്ടെ എല്ലാവരേയും ഒരുപോലെ സംബന്ധിക്കുന്നതാകുന്നു. രാജനിയമങ്ങൾക്ക് ആൾ ഭേദമില്ലെന്നാകുന്നു നിയമനിൎമ്മാണ കാൎയ്യത്തിൽ അവർ മുഖ്യമായി അംഗീകരിച്ചിട്ടുള്ള പ്രമാണം.

രാജ്യഭരണത്തിന്റെ പ്രധാനോദ്ദേശ്യം ഭൂരിപക്ഷഭൂരിസുഖമാണെന്നും ആ ഉദ്ദേശ്യത്തെ നിൎവ്വഹിക്കുന്നതിനുള്ള ഏൎപ്പാടുകളുടെ അവസ്ഥപോലെയിരിക്കും രാജ്യഭരണത്തിന്റെ ഗുണദോഷങ്ങളെന്നും ഇതിനു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഭൂമിയിൽ പലകാലത്തിലായിട്ട് പല രാജ്യക്കാരും ഈ ഉദ്ദേശ്യത്തെ സാധിപ്പിക്കുന്നതിന് പലരാജ്യഭരണ രീതികളേയും അംഗീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായ ചില രീതികളുടെ ഗുരുലഘുത്വങ്ങളെ നമുക്ക് ആലോചിച്ചു നോക്കുക.

പൂൎവ്വകാലങ്ങളിൽ എല്ലാരാജ്യങ്ങളിലും, ഇപ്പോൾ പല രാജ്യങ്ങളിലും നടന്നുവരുന്നത് അനിയന്ത്രിത രാജ്യഭരണമാകുന്നു. പ്രജകളുടെ ഗുണത്തിനാകട്ടെ ദോഷത്തിനാകട്ടെ സ്വേച്ഛപോലെ പ്രവൎത്തിപ്പാൻ രാജാക്കന്മാൎക്ക് സ്വാതന്ത്ര്യമുള്ള രാജ്യഭരണത്തെയാകുന്നു അനിയന്ത്രിത രാജ്യഭരണമെന്നു പറയുന്നത്. മനുഷ്യബുദ്ധി അപരിമിതമല്ലാത്തതാകകൊണ്ട് പ്രജകളുടെ ക്ഷേമത്തിനാണെന്നുള്ള ഉത്തമവിശ്വാസത്തോടുകൂടി ചെയ്യുന്ന ചില പ്രവൃത്തികൾ ചിലപ്പോൾ ഫലത്തിൽ ദോഷകരങ്ങളായി വന്നേക്കാം. അതുകൊണ്ട് രാജ്യഭരണം അനിയന്ത്രിതമാകുന്നതല്ല. അതുപോലെതന്നെ രാജാക്കന്മാർ ജനങ്ങളെ അധികമായി ഉപദ്രവിപ്പാൻ തുടങ്ങിയാൽ ആ പ്രജകൾക്ക് ഐകമത്യമുണ്ടെങ്കിൽ രാജാക്കന്മാരുടെ നേരെ വെറുത്തു അവരെ രാജ്യഭ്രഷ്ടന്മാരാക്കുന്നതിനു സാധിച്ചേക്കാവുന്നതാകകൊണ്ട് രാജ്യഭരണം അനിയന്ത്രിതമല്ലാതാകുന്നതുമല്ല. രാജാക്കന്മാൎക്ക് മനഃപൂൎവ്വമായി പ്രജകളെ ഉപദ്രവിപ്പാൻ സ്വാതന്ത്ര്യമുണ്ടായിരിക്കുകയും, അങ്ങിനെ ഉപദ്രവിക്കുന്നതിനെ ന്യായമായി വിരോധിപ്പാൻ ആ രാജ്യത്തെ നിയമപ്രകാരം അവകാശമുള്ളവരായിട്ട് ആരും ഇല്ലാതെയിരിക്കുകയും ചെയ്യുമ്പോളാണ് രാജ്യഭരണം അനിയന്ത്രിതമാണെന്ന് പറയപ്പെടുന്നത്.

ഭാരതഖണ്ഡത്തിൽ എല്ലാകാലങ്ങളിലും രാജ്യംഭരിച്ചുവന്നിരുന്നതു ഈ രീതിയിലാണെന്നു മാത്രമല്ല സ്മൃതികളാൽ വിധിക്കപ്പെട്ടിരിക്കുന്നതും ഈ രീതിയാണ്. രാജാക്കന്മാരെ കേവലം മനുഷ്യരുടെ കൂട്ടത്തിൽ ഗണിച്ചാൽ പോരായെന്നും, അവരെ അഷ്ടദിക്പാലന്മാർ മുതലായ ദേവന്മാരുടെ അംശങ്ങളെക്കൊണ്ട് സൃഷ്ടിച്ചതാ

ണൊന്നും, അവർ എന്തുതന്നെ ചെയ്താലും ജനങ്ങൾ അവരോട്ട് വെറുക്കുന്നതു് മഹാപാതകങ്ങളിലൊന്നാണെന്നും, യാതൊരു കാൎയ്യത്തിലും അവരെ അസ്വതന്ത്രന്മാരായി വിചാരിപ്പാൻ പാടില്ലെന്നുമാകുന്നു സ്മൃതിസിദ്ധാന്തം. രാജാക്കന്മാർ ദേവാംശസംഭവന്മാരാണെന്നുള്ള അഭിപ്രായം ഒരു കാലത്തു വെള്ളക്കാരുടെ ഇടയിലും നടപ്പായിരുന്നു. എന്നാൽ ഇപ്പോൾ ആ അഭിപ്രായത്തെ പ്രാചീനന്മാൎക്കുണ്ടായിരുന്ന പല മൌഢ്യങ്ങളിൽ ഒന്നായിട്ടല്ലാതെ ആരും ഗണിക്കുന്നില്ല. രാജാക്കന്മാർ അതിമാനുഷന്മാരാണെന്നു് വിചാരിപ്പാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ലെന്നാണു് അവർ പറയുന്നതു്. ഈശ്വരകല്പന അങ്ങിനെ വിചാരിക്കണമെന്നായിരുന്നു എങ്കിൽ അവരുടെ സൃഷ്ടിയിൽ വിശേഷം വല്ലതും ഉണ്ടാവാൻ ഇടയുണ്ടായിരുന്നുവല്ലോ. അവരെല്ലാവരും ബുദ്ധികൊണ്ടും, മനോഗുണംകൊണ്ടും, മററു അവസ്ഥകൾകൊണ്ടും മററു് എല്ലാമനുഷ്യരേയും അതിശയിച്ചിരിക്കേണ്ടതായിരുന്നു. അങ്ങിനെ യാതൊരു വിശേഷവും കാണാത്തതുകൊണ്ടു് രാജാക്കന്മാരെ അമാനുഷന്മാരെന്നു വിചാരിപ്പാൻ പാടില്ലെന്നാണു് വെള്ളക്കാരുടെ സിദ്ധാന്തം.

ഇതുകൊണ്ടു് രാജാക്കന്മാരെ ബഹുമാനിക്കേണ്ടാ എന്നൊ, അവരോട്ട് വെറുക്കണമെന്നൊ, രാജദ്രോഹം അവിഹിതമല്ലെന്നൊ അവൎക്കു് അഭിപ്രായമുണ്ടെന്നു് ആരും ശങ്കിക്കേണ്ട. രാജദ്രോഹത്തെപ്പോലെ ഗൌരവമായിട്ടു് വേറെ യാതൊരു അപരാധവുമില്ലെന്നാണു് അവരുടെ അഭിപ്രായവും നിയമവും. എന്നാൽ രാജാക്കന്മാർ ദിവ്യന്മാരാണെന്നു് വിചാരിപ്പാൻ പാടില്ലെന്നുതന്നെയല്ല അവർ മററു മനുഷ്യരെപ്പോലെ തന്നെയുള്ളവരാണെന്നാകുന്നു ദൈവകല്പനയെന്നു വിചാരിപ്പാൻകൂടി കാരണം കാണുന്നുണ്ടെന്നു് മാത്രമാകുന്നു അവരുടെ വാദത്തിന്റെ താല്പൎയ്യം.

സ്മൃതികളിൽ പ്രജകളുടെ ക്ഷേമത്തിനുവേണ്ടി രാജാക്കന്മാർ ചെയ്യേണ്ട കൎമ്മങ്ങളെ വിസ്താരമായി പറഞ്ഞിട്ടുണ്ടു്. അതിൽ ചില സംഗതികളെക്കുറിച്ചു് അഭിപ്രായഭേദമുണ്ടാവാൻ ഇടയുണ്ടെങ്കിലും എല്ലാം കൂടി നോക്കിയാൽ രാജാക്കന്മാർ അതിൽ പറഞ്ഞിരിക്കുന്നമാതിരി അനുഷ്ഠിച്ചാൽ പ്രജകൾക്കു് ക്ഷേമകരമായിരിക്കുമെന്നു് നിസ്സംശയം തന്നെ. എന്നാൽ അതുപോലെ അവർ അനുഷ്ഠിക്കുമെന്നുള്ളതിനു് എന്തു് ഏൎപ്പാടാണുള്ളതു്? യാതൊരേൎപ്പാട്ടും ഇല്ലെന്നില്ല. അങ്ങിനെ ചെയ്യുന്നവൎക്കു് അവരുടെ ദുഷ്ടവൃത്തിയുടെ ഗുരു ലഘുത്വംപോലെ പരലോകത്തിൽ ശിക്ഷയുണ്ടാകുമെന്നു് പറയുന്നുണ്ടു്. അതുകൊണ്ടുമാത്രം സ്മൃതിയിൽ പറഞ്ഞിരിക്കുന്നപോലെ എല്ലാരാജാക്കന്മാരും എല്ലായ്പോഴും നടക്കുമൊ എന്നാ

ണു അതിന്ന് ഒരാക്ഷേപമുള്ളത്. ഒരുവന്ന് തന്റെ സഹജീവികളുടെമേൽ എന്തെങ്കിലും സ്വേച്ഛപോലെ ചെയ്യുന്നതിന്ന് അധികാരമുണ്ടായാൽ അത് ഭൂരിപക്ഷഭൂരിസുഖത്തിന്ന് ഹാനികരമായി തീരുമെന്നും, അതുകൊണ്ട് അത്യധികാരത്തിന്ന് അതിരിടേണ്ടതാണെന്നും ഇതിന്നുമുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇതിന്നുപലരാജ്യങ്ങളിൽ പലകാലങ്ങളിലായി പല ഏൎപ്പാടുകൾ ചെയ്കയുണ്ടായിട്ടുണ്ട്. അവയിൽ ചിലതിനെ താഴെ പ്രസ്താവിക്കാം.

ഒന്നാമതായി പറവാനുള്ളത് പ്രഭുസമുദായരാജ്യഭാരമാകുന്നു. ഇത് കുലംകൊണ്ടും, ധനംകൊണ്ടും വലിപ്പമുള്ള ഏതാനും ചില പ്രഭുക്കന്മാർ തന്നെ യോഗം കൂടിയൊ, അവരുടെ അഭിപ്രായത്തോടുകൂടി രാജാവുതന്നെയൊ രാജ്യാധികാരങ്ങൾ നടത്തുന്ന സമ്പ്രദായമാണ്. ഈ രീതിയിലുള്ള രാജ്യഭരണം ഇപ്പോഴെങ്ങും നടപ്പില്ലെങ്കിലും ഒരു കാലത്ത് യൂറോപ്പിൽ പലരാജ്യങ്ങളിലും നടന്നുവന്നിരുന്നു. ഇത് ഒരുമാതിരി ക്രമത്തിൽ നടന്നുവരുന്നകാലത്തോളം പ്രജകൾക്ക് അനിയന്ത്രിത രാജ്യഭരണത്തെക്കാളധികം ക്ഷേമകരമായിരിക്കുമെന്ന് നിൎവ്വിവാദമാണ്. ഒരുവന്റെ സ്വേച്ഛപോലെ കാൎയ്യങ്ങൾ നടത്തുവാൻ പാടില്ലെന്നു വരുമ്പോൾ തന്നെ രാജ്യകാൎയ്യങ്ങളിൽ സിദ്ധാന്തവും പ്രജകൾക്ക് ഉപദ്രവവും കുറവായി വരുന്നതാണ്. എന്നുതന്നെയല്ല, വലിയകാൎയ്യങ്ങൾ ഒരുവൻ തന്നെ ആലോചിച്ചു ചെയ്യുന്നതിനേക്കാൾ പലർകൂടി ആലോചിച്ചു ചെയ്യുന്നതിൽ നിൎദ്ദോഷത അധികമുണ്ടാവാനാണ് സംഗതി. ദുൎബ്ബുദ്ധികളും സ്വാൎത്ഥപരന്മാരും ഇവരുടെ ഇടയിലും ധാരാളമുണ്ടാവാം. എങ്കിലും പത്തുനൂറാളുകൾ കൂടുമ്പോൾ അതിൽ ചില ഗുണവാന്മാരുണ്ടാകാതിരിക്കയില്ലെന്നു തന്നെയല്ല ദുഷ്ടന്മാൎക്ക് അവരുടെ ദുൎബ്ബുദ്ധിയെ പ്രകടിപ്പിക്കുന്നതിന്നു കുറെ ജാള്യംകൂടിയുണ്ടാവാൻ സംഗതിയുള്ളതാണല്ലോ.

ഈ സമ്പ്രദായത്തിലുള്ള രാജ്യാധികാരം പാരമ്പൎയ്യവഴിക്ക് സിദ്ധിക്കുന്നതാണ്. രാജ്യഭരണത്തിന്നു പ്രാപ്തിയുള്ള പത്തോ നൂറോ ആളുകളെ തിരിഞ്ഞെടുക്കുകയല്ല ചെയ്യുന്നത്. ഈ അധികാരം പത്തോ നൂറോ കുടുംബങ്ങൾക്കുള്ളതാണ്. ഇങ്ങനെയാകുമ്പോൾ ചിലപ്പോൾ ചില മഹാദോഷന്മാൎക്കുകൂടി അധികാരം സിദ്ധിപ്പാൻ വഴിയുണ്ടെങ്കിലും ഇതിന്നു ഒരു ഗുണംകൂടിയുണ്ട്. രാജ്യാധികാരം നടത്തുന്നത് വംശപാരമ്പൎയ്യമാകുമ്പോൾ ആ കുടുംബങ്ങളിലുള്ളവൎക്ക് ചെറുപ്പകാലംമുതൽക്കുതന്നെ അതിന്നു വേണ്ട ജ്ഞാനം തന്നത്താൻ ഉണ്ടായി വരുന്നതിന്നു പുറമെ ആ ജ്ഞാനം സമ്പാദിപ്പാനുള്ള അഗ്രഹവും ശ്രമവുംകൂടി അതുപോലെതന്നെ ഉണ്ടാ

വാൻ ഇടയുണ്ടു്. ബുദ്ധിയും വിദ്യയുമുള്ളവരിൽ മിക്കവരും രാജ്യകാൎയ്യങ്ങളിൽ നിപുണന്മാരായി വരാവുന്നവരാണെങ്കിലും രാജ്യാധികാരം നടത്തുന്നവരുടെ ഇടയിൽ വളൎന്നുവന്നിട്ടുള്ളവൎക്കു് അതിനുള്ള സാമൎത്ഥ്യവും സൌകൎയ്യവും വേറെതന്നെയാണു്. ബുദ്ധിയും വിദ്യയുമുള്ളവരിൽ ചിലർ രാജ്യാധികാരം നടത്തുന്നതിൽ വളരെ മോശമായും ഈ ഗുണം അല്പം കുറവായിട്ടുള്ളവരിൽ ചിലർ വാസനകൊണ്ടും, ശീലംകൊണ്ടും, പരിചയംകൊണ്ടും ഇതിൽവളരെ നൈപുണ്യമുണ്ടായിട്ടും നാമെല്ലാവരും കണ്ടുവരുന്നുണ്ടല്ലോ. ഈ അവസ്ഥ ജനസമുദായ രാജ്യഭാരത്തോടു് ഉപമിക്കുമ്പോൾ പ്രഭുസമുദായ രാജ്യഭരണത്തിന്റെ പ്രധാനഗുണങ്ങളിലും ദോഷങ്ങളിലും ഒന്നാകുന്നു. അധികാരം പാരമ്പൎയ്യാവകാശമാകുമ്പോൾ ഭോഷന്മാർ അധികാരികളായി വന്നേക്കാം. അതുപോലെതന്നെ അധികാരികൾക്കു് അവരുടെ തൊഴിലിനു് പ്രത്യേകനൈപുണ്യം ഉണ്ടാകുവാനും ഇടയുണ്ടു്.

ഈ സമ്പ്രദായത്തിലുള്ള രാജ്യഭരണത്തിനു പ്രധാനമായി രണ്ടുദോഷങ്ങളുണ്ടു്. ഒന്നു മനുഷ്യരുടെ സ്വാൎത്ഥപരതകൊണ്ടു അനിയന്ത്രിത രാജ്യഭരണത്തിനുള്ളതുതന്നെയാണു്. പ്രഭുക്കന്മാർ ചെയ്യുന്ന ഏൎപ്പാടുകളെല്ലാം ആ വൎഗ്ഗത്തിന്റെ നന്മയെ ഉദ്ദേശിച്ചിരിക്കുന്നതാണു്. നിൎദ്ധനന്മാരും മററു സാധുക്കളും നിരാശ്രയന്മാരായിത്തീരുകയും, ധനവാന്മാരായ അധികാരികൾ അവരെ ഉപദ്രവിക്കുന്നതിനെക്കുറിച്ചു ചോദ്യമില്ലാതെവരികയും ചെയ്യാവുന്നതാണു. നിയമങ്ങൾ മിക്കതുംതന്നെ ഈയവസ്ഥയ്ക്കു അനുകൂലമായി വന്നേക്കാമെന്നുള്ളതിനു പുറമെ അധികാരികൾ നിയമവിരോധമായി പ്രവൎത്തിക്കുന്നതിനെക്കുറിച്ചു അവരുടെ കൂട്ടുകാർ അത്ര കലശൽ കൂട്ടുന്നതല്ലാ. ഈയവസ്ഥ സ്വാഭാവികമായിട്ടുള്ളതും ഇതിനു നമ്മുടെ ചില പുരാതനനിയമങ്ങൾ ദൃഷ്ടാന്തങ്ങളുമാണു്. പണ്ടു വിദ്യയുടെ ഏകാസ്പദം ബ്രാഹ്മണരായിരുന്ന കാലത്തു രാജാക്കന്മാരുടെ ഉപദേഷ്ടാക്കളും അധികാരികളും അവരായിരുന്നു. ആ കാലങ്ങളിലുണ്ടാക്കീട്ടുള്ള നിയമങ്ങൾ മിക്കതും നിയമകൎത്താക്കന്മാരുടെ ഗോത്രനന്മയെയാണു് പ്രധാനമായി ഉദ്ദേശിക്കുന്നതെന്നു അൎക്കും എളുപ്പത്തിൽ അറിയാവുന്നതാണു്. ആ ഗോത്രത്തിൽ ആരെങ്കിലും മററു വൎഗ്ഗത്തിലുള്ള വല്ലവരുടേയും മേൽ വല്ല കുററവും ചെയ്താൽ ഉപായത്തിൽ വല്ല പിഴയോ മറേറാ ചെയ്യുന്നതു ധാരാളമായിരിക്കുമെന്നും, മററുള്ളവർ ആ ഗോത്രത്തിലുള്ളവരുടെമേൽ ആ കുററം തന്നെ ചെയ്താൽ അതികഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും മററുമാണു നിയമം. ഇതുതന്നെയാണു പ്രഭുസമുദായ രാജ്യഭ

ഭരണത്തിൻെറ പ്രധാനദോഷങ്ങളിൽ ഒന്നാമതായിട്ടുള്ളത്.

രണ്ടാമത്തെ ദോഷം രാജ്യഭരണത്തിൻെറ അസ്ഥിരതതന്നെ. ഇതിൻെറ കാരണമെന്താണെന്നുള്ളതിനെക്കുറിച്ച പല അഭിപ്രായങ്ങളുണ്ടായേക്കാം. എന്നാൽ ഈ ദോഷമുണ്ടെന്നുള്ളത് അനുഭവസിദ്ധമായിട്ടുള്ളതാണ്. യൂറോപ്പിൽ ഒരു കാലത്ത പല രാജ്യങ്ങളിലും ഈ രീതിയിലുള്ള കോയ്മ നടന്നുവന്നിരുന്നു. എന്നാൽ അത് ഓരേടത്തെങ്കിലും രണ്ടു നൂററാണ്ടുപോലും നിലനില്ക്കുകയുണ്ടായിട്ടില്ല. രാജാവുകൂടാതെ പ്രഭുക്കന്മാർതന്നെ രാജ്യഭരണം നടത്തുന്നേടത്ത ഇങ്ങിനെ വരുന്നതു മുക്കാലും അധികാരികളുടെ സ്പർദ്ധകൊണ്ടാണ്. തുല്യാധികാരത്തോടുകൂടി പലരും ഉണ്ടാകയും അവൎക്ക് മേലധികാരിയായി ആരും ഇല്ലാതെ ഇരിക്കുകയും ചെയ്യുമ്പോൾ അസൂയയും സ്പർദ്ധയും വലിയ തമ്മിൽത്തല്ലും ഉണ്ടാകുന്നതു സഹജമാണ്. അങ്ങിനെ ലഹളയാകുമ്പോൾ രാജ്യാധികാരം മുഴുവൻ അവരുടെ കൂട്ടത്തിൽ രാജ്യതന്ത്രത്തിലും യുദ്ധവൈദഗ്ദ്ധ്യത്തിലും മറെറല്ലാവരേക്കാൾ കേമനായിട്ടുള്ളവൻെറ കയ്യിലാകുന്നതിനാണ് സംഗതി. അല്ലെങ്കിൽ രാജ്യം ബഹുനായകത്വംകൊണ്ടു ക്ഷീണിച്ചിരിക്കുന്നതിനാൽ എളുപ്പത്തിൽ മററുള്ള വല്ല രാജാക്കന്മാരുടെ കയ്യിലും അകപ്പെട്ടേക്കാം. രാജാവോടുകൂടി പ്രഭുക്കന്മാർ രാജ്യാധികാരം നടത്തുന്നേടത്തും ഇതുതന്നെയാണ് അവസാനം. എന്നാൽ ഈ അവസാനം രണ്ടുവഴിക്കായി വന്നുകണ്ടിട്ടുണ്ട്. രാജാവു തൻെറ അധികാരത്തിനു കൂടുതൽ വരുത്തുവാനും പ്രഭുക്കന്മാർ അതു കുറയ്ക്കുവാനും ശ്രമിക്കും. ഈ മത്സരം യുദ്ധത്തിൽ പൎയ്യവസാനിക്കുകയും അതിൻെറ ഗതിപോലെ രാജാവു രാജ്യഭ്രഷ്ടനായോ ഏകാധിപതിയായോ തീരുകയും ചെയ്യുന്നതാണ്. രാജാവു രാജ്യഭ്രഷ്ടനാകുന്നപക്ഷം മുൻപറഞ്ഞതുപോലെ കാലക്രമംകൊണ്ട് പ്രഭുക്കന്മാർ തമ്മിൽതല്ലി അതിലൊരുവനോ മററു വല്ല രാജാവോ ഏകാധിപതിയായി വരാവുന്നതാകുന്നു. യുദ്ധത്തിൽ രാജാവു ജയിക്കുന്നപക്ഷം അനിയന്ത്രിതരാജ്യഭരണമായി തീരുന്നതുമാണ്. അസ്ഥിരത എന്ന ദോഷം പ്രഭുസമുദായരാജ്യഭരണത്തിനുള്ളതുപോലെ മറെറാരു സമ്പ്രദായത്തിലുള്ള കോയ്മയ്ക്കുമില്ല. അതുകൊണ്ടാണ് ഓരോ കാലങ്ങളിൽ ഇതു പല രാജ്യങ്ങളിലും ഉണ്ടായിരുന്നു എങ്കിലും ഇപ്പോൾ ഒരേടത്തും ഇല്ലാതെയായിപ്പോയത്. എല്ലാംകൂടി നോക്കിയാൽ ഈ സമ്പ്രദായത്തിലുള്ള രാജ്യഭരണം അനിയന്ത്രിതരാജ്യഭരണത്തേക്കാൾ മേലെയാണെന്നു പറവാൻ പാടില്ലെന്നാണ് വെള്ളക്കാരിൽ മിക്കവരുടേയും അഭിപ്രായം. സ്പർദ്ധയും മററും കൂടാതെ നടക്കുന്നകാലത്ത് ഇതു അനിയന്ത്രിതരാ

ജ്യഭരണത്തെക്കാൾ വളരെ നന്നായിരിക്കുമെങ്കിലും രാജ്യഭരണത്തിന്റെ മുഖ്യമായി വേണ്ടതായ സ്ഥിരത ഇതിന്നില്ലാത്തതിനാൽ ഇതിന്നെ അത്ര പ്രധാനമായി ഗണിക്കുവാൻ പാടുള്ളതല്ല.

പ്രബലസമുദായരാജ്യഭരണം വേറെ ഒരു വിധത്തിൽ കൂടിയുണ്ട്. അതിന് മേല്പറഞ്ഞ രീതിയുടെ ഛായ അശേഷമില്ല. ഒരു കാലത്ത് യൂറോപ്പിൽ മിക്കരാജ്യങ്ങളിലും ഇതായിരുന്നു നടപ്പ്—പണ്ടു കൊച്ചിയിലും ഏകദേശം ഈ സമ്പ്രദായം നടന്നു വന്നിരുന്നതിനാൽ അതിന്റെ സ്വഭാവത്തെ പറഞ്ഞാൽ മററതെല്ലാം സ്പഷ്ടമാകുന്നതാണ്—കൊച്ചീ രാജാവിന്റെ കീഴിൽ പാലിയത്തച്ചൻ, മനക്കോട്ടച്ചൻ എന്ന് രണ്ടുപ്രധാനനാടുവാഴികളുണ്ടായിരുന്നു. അവരിൽ ഒരാൾക്കു വടക്കേഭാഗത്തിന്റേയും മററേ ആൾക്ക് തെക്കേഭാഗത്തിന്റേയും മേൽകോയ്മയായിരുന്നു. അവരിൽ ഓരോരുത്തരുടെ കീഴിൽ ഇരിപത്തിനാല് കാൎയ്യക്കാരന്മാരുണ്ടായിരുന്നു. ഇവർ ചില്ലറ നാടുവാഴികളായിരുന്നു. ഇവർ കരംപിരിച്ച് അതിൽ ഒരോഹരി മേല്ക്കോയ്മക്ക് കൊടുക്കുകയും യുദ്ധകാലത്ത് ഇത്രഭടന്മാരെ ഹാജരാക്കുകയും ചെയ്യണമെന്നാണ് നിയമം. ഇങ്ങിനെയുള്ള രാജ്യഭാരത്തിന്റെ ദോഷം സ്പഷ്ടമാണല്ലോ. പ്രഭുക്കന്മാരെക്കൊണ്ടുള്ള ശല്യത്തിന് കുറവുണ്ടാകയില്ലെന്നു തന്നെയല്ല പലർകൂടി ആലോചിച്ചു ചെയ്യുന്നതുകൊണ്ടുള്ള ഗുണവും സിദ്ധിക്കയില്ല. അവരവരുടെ അധികാരത്തിൻ കീഴിലുള്ള ദേശങ്ങളിൽ അവൎക്ക് ബോധിച്ചതുപോലെ ചെയ്യാം.

# ൧൨. ഭൂരിപക്ഷഭൂരിസുഖം.

രാജ്യഭരണത്തിന്റെ ഉദ്ദേശം ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖമാണെന്ന് ഇതിനു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ ഭൂരിപക്ഷ ഭൂരിസുഖമെന്ന പ്രമാണത്തിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് അറിയേണ്ടതാകകൊണ്ട് ആ സംഗതിയെപ്പററി ഇവിടെ അല്പം പറയേണ്ടിയിരിക്കുന്നു.

പല തത്വവാദികളുടേയും അഭിപ്രായത്തിൽ രാജ്യഭരണത്തിന്റേയും, നിയമനിൎമ്മാണത്തിന്റേയും, നീതിശാസ്ത്രത്തിന്റേയും അടിസ്ഥാനം ഭൂരിപക്ഷഭൂരിസുഖമായിരിക്കണം. നീതിശാസ്ത്രമെന്നു

പറയുന്നതു് നാം അൎത്ഥമായും, പരാൎത്ഥമായും ചെയ്യേണ്ടകൎമ്മങ്ങളെ കാണിച്ചു തരുന്നശാസ്ത്രമാകുന്നു. പരദ്രവ്യത്തെ കാംക്ഷിക്കരുതെന്നും 'സത്യത്തെ മറക്കൊലാമൃത്യുവന്നടുത്താലും' എന്നും, "സൎവ്വഭൂതങ്ങളേയും കാണേണം തന്നെപ്പോലെ," എന്നും മററുമുള്ള സദാചാരങ്ങളെ പററിയുള്ള ഉപദേശങ്ങളും വ്യവഹാരങ്ങളുമാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. ഈ കൃത്യാകൃത്യനിർദ്ദേശത്തിൻെറ ഉദ്ദേശവും ഭൂരിപക്ഷഭൂരിസുഖമാണു്. അസത്യംപറയുന്നതിലും മററും ദോഷമില്ലെന്നൊ, പരാൎത്ഥമായി യത്നിക്കുന്നതിനും മററും ഗുണമില്ലെന്നൊ കല്പിക്കുന്നതായാൽ ജനങ്ങൾക്കു് വളരെ ഉപദ്രവങ്ങളും അസൌകൎയ്യങ്ങളും നേരിടുന്നതാണല്ലോ.

നിയമങ്ങളുണ്ടാക്കുന്നതിൻെറയും ആവശ്യം ഇതുതന്നെയാണു്. നീതിശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന കൃത്യാകൃത്യങ്ങളെ രാജശാസനകൊണ്ടും അനുഷ്ഠിപ്പിക്കുകയൊ, ത്യജിപ്പിക്കുകയൊ ചെയ്യുന്നതിനാണു് നിയമം. ഇന്നതു ചെയ്യുന്നവരെ രാജാവു് രക്ഷിക്കുമെന്നും, ഇന്നതുചെയ്യുന്നവരെ ശിക്ഷിക്കുമെന്നും നിയമം വിധിക്കുന്നതുകൊണ്ടാണു് ജനങ്ങൾ അന്യോന്യം ഉപദ്രവങ്ങൾ ചെയ്യാതെ ഒരുവിധം അന്യോന്യസഹായത്തോടുകൂടെ ഉപജീവിക്കുന്നതു്. എന്നാൽ രാജ്യഭരണസമ്പ്രദായത്തിൻെറ ദോഷംകൊണ്ടൊ മനുഷ്യരുടെ ബുദ്ധിക്കുറവുകൊണ്ടൊ ചില നിയമങ്ങൾ ഈ ഉദ്ദേശത്തെ പൂൎണ്ണമായി നിവ്വഹിക്കുന്നതിനു് മതിയാകാതേയും മതിയാകുന്ന നിയമങ്ങളെ തന്നെയും വേണ്ടവിധത്തിൽ നടത്താതേയും വന്നേക്കാം. എങ്കിലും ഇതിനെ എല്ലായ്പോഴും ഓൎമ്മവച്ചു് രാജാവു് ഏതെങ്കിലും നിയമമുണ്ടാക്കുമ്പോൾ പ്രത്യേകം ആലോചിക്കേണ്ടതു് ആ ഭൂരിപക്ഷം ജനങ്ങൾക്കു് ഭൂരിസുഖത്തെ ഉണ്ടാക്കുന്നതാണൊ എന്നാകുന്നു. അതു് വരുത്തുന്നതിനു് നിയമങ്ങൾക്കു് പ്രത്യേകമായി വേണ്ടുന്ന ഗുണം സവ്വസാധാരണത്വമാകുന്നു. നിയമം സവ്വസാധാരണമായിരിക്കണമെന്നു് പറയുന്നതിൻെറ താല്പൎയ്യം ശിക്ഷാരക്ഷകൾക്കുവേണ്ടി അതിൽ ചേൎത്തിരിക്കുന്ന ഏൎപ്പാടുകളും ആ ഏൎപ്പാടുകളെ നടത്തുന്നതിനുള്ള സമ്പ്രദായങ്ങളും എല്ലാവരേയും ഒരുപോലെസംബന്ധിക്കേണമെന്നാകുന്നു. രാമൻ കൃഷ്ണനെഉപദ്രവിച്ചാൽ അയാൾക്കു ഒരു കൊല്ലത്തെ കഠിനതടവും ഉപദ്രവിച്ചതു് കൃഷ്ണനാണെങ്കിൽ അയാൾക്കു് അഞ്ചുറുപ്പിക പിഴയുമാണു് നിയമപ്രകാരമുള്ള ശിക്ഷയെങ്കിൽ ആ നിയമം ഭൂരിപക്ഷഭൂരിസുഖത്തെയുണ്ടാക്കുന്നതിനുപകരം കുറച്ചു ജനങ്ങൾക്കു ഭൂരിസുഖത്തേയും അധികംപേൎക്കു് അല്പസുഖത്തേയുമാണു് ഉണ്ടാക്കുന്നതു്. അതുപോലെതന്നെ നിയമപ്രകാരം രണ്ടുപേൎക്കും ശിക്ഷയൊന്നുതന്നെയായിരിക്കെ ആ നിയമം ന

ടത്തുന്നതിൽ ഒരു വകക്കാരുടെ നേരേ കാഠിന്യവും മററവരുടെ നേരേ ആർദ്രതയും എല്ലാപ്പോഴും ഒരു പോലെ കാണിക്കുന്നതായാലും അനുഭവം മേല്പറഞ്ഞതുതന്നെ. ഒന്നു നിയമത്തിൻേറയും മററതു ന്യായാധിപൻേറയും ദോഷമാണ്. എന്നാൽ രണ്ടും രാജ്യഭരണത്തിൻെറ ദോഷംതന്നെ. മേലിൽ രാജ്യഭരണരീതികളെക്കുറിച്ചുണ്ടാവാൻ പോകുന്ന ചില വ്യവഹാരങ്ങളുടെ ആവശ്യത്തിനായി ഈ സംഗതി വായനക്കാർ പ്രത്യേകം ഓർമ്മവെക്കേണ്ടതാകുന്നു.

രാജ്യഭരണസമ്പ്രദായം ഭൂരിപക്ഷഭൂരിസുഖത്തെ ഉണ്ടാക്കുന്നതിന് തക്ക വിധത്തിലായിരിക്കേണമെങ്കിൽ രാജാവു് എല്ലാവരുടെ നേരെയും ഒരുപോലെ ആചരിക്കുകതന്നെയാണ് പ്രധാനമായി വേണ്ടതു്. ഒരു ജാതിക്കാർക്കു കരംകൂടാതെ ഭൂമിയെ അനുഭവിപ്പാൻ കൊടുക്കുകയും, മററുള്ളവരുടെ പക്കൽനിന്നു് ആവശ്യമുള്ളെടത്തോളം ധനം പിഴിഞ്ഞെടുക്കുകയും, ഒരു ജാതിക്കാരെ ദുർഭിക്ഷസുഭിക്ഷ ചിന്തകൂടാതെ പോററുകയും, മററുജാതിക്കാർ എത്രതന്നെ ദരിദ്രന്മാരോ രോഗികളോ മററോ ആയാലും ദയാർഹന്മാരല്ലെന്നു് വിചാരിക്കുകയും മററും ചെയ്യുന്നതും അല്പം പക്ഷക്കാരുടെ ഭൂരിസുഖത്തെമാത്രമെ ഉദ്ദേശിക്കുന്നുള്ളൂ. രാജ്യഭരണത്തിനുള്ള ഏർപ്പാടുകൾ ഗുണത്തിനാകട്ടെ ദോഷത്തിനാകട്ടെ നിഷ്പക്ഷപാതമായി എല്ലാവരേയും ഒരുപോലെ സംബന്ധിക്കുന്നതായിരിക്കണം. രാജ്യഭരണമെന്നതു് എത്രതന്നെ നന്നായാലും മനുഷ്യകല്പിതമായ ഒരു ഏർപ്പാടാകകൊണ്ടു് അശേഷം ന്യൂനതയില്ലാതെ വരുവാൻ അസാദ്ധ്യമായിരിക്കെ ഏകപക്ഷീയമായ ഏർപ്പാടുകൾ മൂലമായി നിവാര്യങ്ങളായ ദോഷങ്ങളെ അറിഞ്ഞുകൊണ്ടുതന്നെ ചെയ്യുന്നതു് രാജ്യഭരണത്തിൻെറ പ്രധാനോദ്ദേശമായ ഭൂരിപക്ഷഭൂരിസുഖത്തിനു് തീരേ വിരോധമായിട്ടുള്ളതാണല്ലോ.

പ്രജാപരിപാലനത്തിന് ഓരോ രാജ്യങ്ങളിൽ ഓരോ കാലങ്ങളിലായിട്ടു് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും, ആ ഏർപ്പാടുകളിൽ എന്തെല്ലാം ന്യൂനതകളുണ്ടെന്നും മററും പരിശോധിക്കുന്നതിൽ ഭൂരിപക്ഷഭൂരിസുഖത്തെയാണ് അടിസ്ഥാനമായ പ്രമാണമായി സ്വീകരിക്കേണ്ടതു്. അതിനെ സാധിപ്പിക്കുന്നതിനു് മതിയാകാത്ത ഏർപ്പാടുകൾ സദോഷങ്ങളെന്നും സാധിപ്പിക്കുന്നവ പ്രശസ്തങ്ങളെന്നുമാണ് ഞങ്ങളുടെ അഭിപ്രായം.

# ൧൩. ഇംഗ്ലീഷ്ഗവൎമ്മേണ്ട്.

ഈ ലോകത്തിലുള്ള വേറെ ഓരോ രാജാക്കന്മാരുടെ മാതിരി നമ്മുടെ ചക്രവൎത്തിക്ക് രാജ്യഭരണവിഷയത്തിൽ പൂൎണ്ണസ്വാതന്ത്ര്യം ഉണ്ടെന്ന് പറഞ്ഞുകൂടാ. ശത്രുരാജാക്കന്മാരോട്ട് യുദ്ധത്തിന്ന പോകാനും അവരുമായി സമാധാനം ചെയ്വാനും തനിക്ക യുക്തമെന്ന തോന്നുന്നഭാഗം കുററക്കാൎക്ക മാപ്പ് കൊടുപ്പാനും മററുമുള്ള അധികാരം മാത്രമെ അദ്ദേഹത്തിനുള്ളു. എന്നാൽ യുദ്ധത്തിന്നൊ ന്യായമായ വേറെ വല്ല ആവശ്യത്തിന്നൊ അധികമായ പണം വേണമെങ്കിൽ പാർലീയമേൻറ് സഭക്കാരോട്ട ചോദിക്കണം. സൂക്ഷ്മത്തിൽ ഈ സഭക്കാരുടെ സഹായംകൂടാതെ ഇംഗ്ലണ്ടിലെ രാജാവിന്ന് യാതൊന്നും പ്രവൃത്തിച്ചുകൂടുന്നതല്ല. പാർലിയമേൻറ് എന്ന പ്രസിദ്ധമായ ഈ മഹാജനസഭ രണ്ട് ഭാഗമായിട്ടാണ്. പ്രഭുസമുദായം എന്ന് പറഞ്ഞുവരുന്നതായ ഒന്നാമത്തെ ഭാഗത്തിലെ സാമാജികന്മാർ സാധാരണയായി വലിയപ്രഭുക്കന്മാരും സ്ഥാനീകന്മാരുമായിരിക്കും. രണ്ടാമത്തെഭാഗമാകുന്ന "സാമാന്യജനസമാജ"ത്തിൽ അറുനൂററിൽ ചില്വാനം ആളുകളുണ്ട്. ഇവരെ അതാതുദേശക്കാർ ഓരോരുത്തരുടെ പഠിപ്പും സാമൎത്ഥ്യവും മററും നോക്കി നിശ്ചയിക്കുന്നതാകകൊണ്ട് അവരൊക്കെ അതിസമൎത്ഥന്മാരായിരിക്കും എന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലൊ. സ്വരാജ്യത്തിന്റെ ക്ഷേമാഭിവൃദ്ധിക്ക വേണ്ടുന്ന എല്ലാകാൎയ്യങ്ങളും ആലോചിക്കേണ്ടതിന്ന് ജനങ്ങളുടെ പ്രതിനിധികളായി ഈ സദസ്സിൽ ഇരിക്കുന്നത് എത്രയോ മാനമായിട്ടുള്ള ഒരുകാൎയ്യമായിരിക്കകൊണ്ട് പിന്നെയുംപിന്നെയും തങ്ങളെത്തന്നെ വിശ്വസിക്കുന്നതിന്ന് അവൎക്ക് പ്രജകളുടെ സ്നേഹവിശ്വാസങ്ങൾ എല്ലായ്പോഴും എത്രയും അത്യാവശ്യമാണ്. കാലദേശാവസ്ഥയ്ക്കനുസരിച്ച് ജനങ്ങൾക്ക് വേണ്ടുന്ന എല്ലാനന്മകളും ആലോചിച്ച് വേണ്ടത് ചെയ്വാനും ചെയ്യിക്കാനും കഴിയുന്നതു ശ്രമിച്ചല്ലാതെ അവരുടെ സ്നേഹവിശ്വാസങ്ങൾ ഉണ്ടാകുന്നതല്ല. എല്ലാകാൎയ്യങ്ങളും "സാമാന്യജനസമാജത്തിലെ" സാമാജികന്മാരുമായി ആലോചിച്ച് അവരിൽ ഭൂരിപക്ഷക്കാരുടെ സമ്മതം പ്രാപിച്ചതിന്റെശേഷം അവകകാൎയ്യങ്ങൾ പ്രഭുസമുദായക്കാർ" ആലോചിക്കുന്നതാണ്. അവരും മററവരും അഭിപ്രായത്തോട്ട സാധാരണയായി യോജിക്കുന്നു. അവരും മററവരുടെ അഭിപ്രായത്തോട്ട യോജിക്കുന്നതായാൽ ആ കാൎയ്യം അവസരംപോലെ മഹാ

രാജാവിൻെറ തിരുമനസ്സിൽ അറിയിക്കും. എന്നാൽ ഓരോരോകാൎയ്യങ്ങൾ നടത്തേണ്ടതിന് മുൻപ്രസ്താവിച്ച സഭസ്സുകളിൽനിന്ന് അവർതന്നെ യോഗ്യന്മാരായ ചിലരെ നിശ്ചയിക്കും. രാജ്യഭരണസംബന്ധമായ എല്ലാകാൎയ്യങ്ങളും അവരെ ഭരമേല്പിച്ചിരിക്കുന്നു. അതുകളോടെ നോക്കി മഹാരാജാവിന് തൻെറ മന്ത്രിമാരുടെ സഹായംകൂടാതെയാതൊന്നും പ്രവൎത്തിപ്പാൻ കഴിവില്ല. മന്ത്രിമാൎക്ക് പാർലിയമേൻറിലെ സാമാജികന്മാരുടെ അനുമതിയോടുകൂടി മാത്രമെസകലകാൎയ്യവും നിവൎത്തിച്ചുകൂട. സാമാജികന്മാർ ജനങ്ങളുടെ അഭിപ്രായത്തിന് വിരോധമായി യാതൊന്നും ചെയ്യുന്നതല്ല; എന്നുതന്നെയല്ല മഹാരാജാവിൻേറയും തൻെറ സന്താനങ്ങളുടേയും ചിലവിനുകൂടി പാർലിയമേൻറുകാരോടുചോദിച്ച് മേടിക്കേണ്ടതാണ്. ഇൻഡ്യയിലെ ചില മഹാരാജാക്കന്മാരുടെമാതിരി ആരോടുംകണക്ക് പറയാനായിട്ട് യാതൊരു ബാദ്ധ്യതയും ഇല്ലാത്തവിധത്തിൽ മഹാഭാഗ്യവനായിരിക്കുന്ന നമ്മുടെ മഹാരാജാവിന് തൻെറ രാജ്യത്തിൽനിന്ന് എടുക്കുന്നതായ അനേകവിധമുതലെടുപ്പിൽനിന്നും തനിക്കു തോന്നിയപോലെ എടുത്ത് ചിലവിടാമെന്ന് ചിലർ തെററായിധരിച്ച് വശായിട്ടുണ്ട്. പാർലിയമേൻറുകാർ മഹാരാജാവിൻെറ ചിലവിലേക്ക് കൊല്ലത്തിൽ മൂന്നുലക്ഷത്തെൺപത്തയ്യായിരംപവൻ കൊടുക്കുന്നുണ്ട്, ഇതിൽ രണ്ട് ലക്ഷത്തിമുപ്പതിനായിരംപവൻ രാജധാനിയിലുള്ള പലകാൎയ്യസ്ഥന്മാൎക്കുംമററും മാസപ്പടികൊടുത്തുകഴിയും. പതിമൂവായിരംപവൻ ധൎമ്മച്ചിലവിലേക്ക് നീക്കീട്ടുണ്ട്. എന്നാൽ വല്ലസംഗതിവശാലും ഇതിലധികം ചിലവ് വന്നുപോയാൽ അയതിൻെറ വകവിവരമായകണക്ക് അതാതുകൊല്ലം അവസാനിച്ചു മുപ്പതു് ദിവസത്തിനകം പാർലിയമേൻറുകാരെ ബോദ്ധ്യപ്പെടുത്തുന്നതായാൽ ആ വകചിലവുകൾ ന്യായമായിട്ടുള്ളതാണെന്ന് കാണുന്നഭാഗം അവർ വകവച്ചുകൊടുക്കുന്നതാണ്. ചിലവിലേയ്ക്ക് നിശ്ചയിച്ച ഈ സംഖ്യെയ്ക്കുപുറമെ "ലങ്കാസ്റ്റർ" എന്നപേരായ ബിലാത്തിയിലെ ഒരു വലിയതാലൂക്കിൽനിന്ന് പിരിയുന്നതായ തൊണ്ണൂറായിരം പവനും മഹാരാജാവിന് സമ്മതിച്ച് കൊടുത്തിട്ടുണ്ട്. സൎവ്വസൽഗുണസമ്പന്നയായ വിക്ടോറിയാമഹാരാജ്ഞി ചില അന്യരാജാക്കന്മാരെപ്പോലെ അമിതവ്യയം ചെയ്യാതെ ആവശ്യമുള്ള കാൎയ്യത്തിന് മാത്രം ഉചിതവ്യയം ചെയ്തുകൊണ്ട് ശരാശരിക്ക് കൊല്ലത്തിൽ നൂററിന് നാലു് പ്രകാരം ഒരുദിവസത്തിൽ ചുരുങ്ങിയത് ൫൦൦൦ പവൻ പലിശ വരാൻ തക്ക മുതൽ സമ്പാദിച്ചിട്ടുണ്ട്.

# ഫർ. ഭ്രസാത്ത്:

---

മനുഷ്യരുടെ മുഖ്യമായ പഠിപ്പ് മനുഷ്യവൎഗ്ഗത്തെപ്പറ്റി തന്നെയാണെന്നു യോഗ്യന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അതു യഥാൎത്ഥമാണ്. ആദ്യം അവനവനെ അറിഞ്ഞിട്ട് വേണമെല്ലൊ മററുള്ളവരെപ്പററി അറിഞ്ഞുതുടങ്ങുവാൻ. എന്നാൽ ഈ പഠിപ്പ് പ്രയാസം ഇല്ലാത്തതാണെന്നൊ വേഗത്തിൽ കഴിക്കാവൊന്നാണന്നൊ ആൎക്കും വിചാരിച്ചുകൂടാ. യോഗ്യന്മാരായ പലരും ഇപ്പൊഴും ഇതിൽ പരിശ്രമിച്ചു പുതിയതായ പല സംഗതികളും കണ്ടുപിടിക്കുന്നുണ്ട്. അവയെ എല്ലാം വിസ്താരമായി എഴുതുവാൻ ഇപ്പോൾ കഴിയാത്തതിനാലും, ഇപ്പോൾ വിവരിപ്പാൻ പോകുന്ന സംഗതികൾ അവയിൽ മുഖ്യമായിട്ടുള്ളവയാകയാലും, കുറച്ച് കാലങ്ങൾക്കിപ്പുറമായി മലയാളത്തിൽ ഉണ്ടായ പല തൎക്കങ്ങളും തീൎച്ചപ്പെടുത്തുവാൻ ഇതിൻെറ അറിവ് മുഖ്യാവശ്യമായിട്ടുള്ളതാണെന്ന് എനിക്ക് തോന്നുകയാലും, ചുരുക്കമായ ഒരു വിവരണമെങ്കിലും ഇതിനെപ്പററി ചെയ്യേണ്ടതാണെന്ന് ഞാൻ വിചാരിക്കുന്നതാണ്.

മനുഷ്യരുടെ ആദ്യകാലത്തിൽ അവർ ശുദ്ധമേ മൃഗപ്രായന്മാരായി ഗുഹകളിലും മററും താമസിച്ച് കണ്ണിൽ കാണുന്ന ജന്തുക്കളെ കൊന്നൊ, കായ്കനികൾ ശേഖരിച്ചൊ, ഭക്ഷണംകഴിച്ച് വന്നിരുന്നു എന്നും, അന്ന് അവൎക്ക മരംകൊണ്ടും കല്ലുകൊണ്ടും ഉണ്ടാക്കാൻ കഴിയുന്നതായ ആയുധങ്ങൾ അല്ലാതെ വേറെ യാതൊന്നും ഉണ്ടായിരുന്നില്ലെന്നും, ഓരോരുത്തൻ അവനവൻെറ കാൎയ്യം മാത്രം നോക്കി നടന്നിരുന്നു എന്നും മററും ആണു്, ഈ വിഷയങ്ങളിൽ പരിശ്രമിച്ച യൂറോപ്പിലെ ആധുനികപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. ഗുഹകളിലും മററു് ചില സ്ഥലങ്ങളിലും മനുഷ്യരുടെ എല്ലുകളും അവർ ഉപയോഗിച്ചുവന്നിരുന്നവയായ എത്രയോ അപരിഷ്കൃതങ്ങളായ ആയുധങ്ങളും സാമാനങ്ങളും ഒന്നിച്ച് കിടക്കുന്നതു് ഇപ്പൊഴും പലദിക്കിലും കാണാവുന്നതാണ്. ഇവയിൽനിന്നും വേറെ രേഖകളിൽനിന്നും വിശേഷിച്ച് ഇപ്പോഴും ഏതാദൃശമായ സ്വഭാവത്തോടുകൂടിയ മനുഷ്യരെ ഭൂമിയുടെ ചിലഭാഗങ്ങളിൽ കാണുമാറുള്ളതിൽ നിന്നും ആണ് ഇവർ ഇങ്ങനെ തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. ഈ നിലയിൽ ഈ കൂട്ടർ ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗം തങ്ങളുടെ സ്വന്തമാക്കി വിചാരിച്ച് വന്നിരുന്നുവോ എ

ന്ന് സംശയമാണ്. ഇവരിൽ ഒരാൾ വല്ലദിക്കിലും ചെന്നിരുന്നാൽ അയാൾ അവിടെനിന്നും പോകുന്നതുവരെ വേറെ ആരും അവിടെനിന്ന് അയാളെ ആട്ടിക്കളഞ്ഞില്ലെന്നു വന്നേക്കാം. അയാളിലും ബലവാനായ മറെറാരാൾ ഒരുസമയം അയാളെ സ്ഥാനഭ്രഷ്ടനാക്കി എന്നും വന്നേക്കാം. "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്നുതന്നെയായിരുന്നു അക്കാലത്തെ മര്യാദ. ഈ നിലയിൽ ആക്കെങ്കിലും ഭൂസ്വത്തുണ്ടെന്നുവിചാരിപ്പാൻ പാടുണ്ടോ? ഇല്ല.

മനുഷ്യവർഗ്ഗം ആദ്യം ഇങ്ങിനെ ഇരുന്നിരുന്നതിൽ നിന്നു ക്രമേണ പരിഷ്ക്കാരത്തെ പ്രാപിച്ചുവന്നു. മേൽ വിവരിച്ചവരിൽ നിന്ന് അല്പം ഭേദപ്പെട്ടവരും പരിഷ്ക്കാരം കുറച്ചൊന്നു ലഭിച്ചവരും ആയ രണ്ടാമത്തെ തരക്കാരുടെ സമ്പ്രദായം ഇനിപ്പറയാം. ഇവർ ഓരോരോ സംഘക്കാരായിച്ചേർന്നു പശു ആട്ട് മുതലായ ഇണക്കമൃഗങ്ങളെ ശേഖരിച്ച് ഓരോദിക്കിൽ താമസിച്ചും സഞ്ചരിച്ചും വന്നവരായിരുന്നു.

ഓരോരോസംഘത്തിൽ വളരെ ആളുകൾ ഉണ്ടായിരുന്നു, എങ്കിലും അവരെല്ലാം ഒരാളുടെ പുത്രപൌത്രസൌദര്യ്യന്മാരാണെന്നാണ് വിചാരിച്ചിരുന്നത്. വാസ്തവം ഏതുവിധമായിരുന്നാലും അവരുടെ വിചാരം അങ്ങിനെയായിരുന്നു. ഭൂമിയിൽ സ്ഥലം അധികരിച്ചും ആളുകൾ കുറഞ്ഞും ആയിരുന്നതിനാൽ പട്ടുമുളയായി ഉണ്ടാകുന്ന കായ്കനികൾതന്നെ അന്നത്തെ കാലത്തെ ആളുകൾക്ക് ഭക്ഷണത്തിന്ന് ധാരാളമായിരുന്നതുകൊണ്ട് വേറേവിധം ഉണ്ടാക്കേണ്ടുന്ന അദ്ധ്വാനം അവർ ചെയ്തിരുന്നില്ല.

ആ പ്രവൃത്തിശീലമുണ്ടായിരുന്നുവോ എന്നുതന്നെ വളരെ സംശയമാണ്. ഒരാൾ തനിച്ചുനടക്കുന്നതിനേക്കാൾ യാതൊരു പീനൽകോട്ടും ഇല്ലാത്ത അന്നത്തെക്കാലത്തു കൂട്ടംകൂട്ടമായി നടക്കുകതന്നെ ആണ് നല്ലത് എന്നു വിചാരിച്ചായിരിക്കണം ഇവർ കൂട്ടംകൂട്ടമായി സഞ്ചരിച്ചുവന്നിരുന്നത് എന്നാണ് ഊഹിക്കേണ്ടത്.

ഒരുദിക്കിൽതന്നെ വളരെക്കാലം താമസിക്കുന്നതായാൽ ഭക്ഷണത്തിന്ന് പ്രയത്നംകൂടാതെ കിട്ടുവാൻ ഞെരുക്കമായിരുന്നതുകൊണ്ടായിരിക്കാം ഇവർ സഞ്ചാരവൃത്തിയെ അനുഷ്ഠിച്ചിരുന്നത്. ഇവർ കുറച്ചുകാലം ഒരു ദിക്കിൽ താമസിച്ചാൽ അവിടം വിട്ടു തങ്ങൾക്കും കാലികൾക്കും സൌകര്യമായും അനായാസമായും ഭക്ഷണംകഴിപ്പാൻ തരമുള്ള പ്രദേശങ്ങളിലേക്ക് കെട്ടുകെട്ടും. അവിടെ കുറേക്കാലം താമസിക്കും. പിന്നെ വേറെ ഒരുസ്ഥലത്തേക്ക് മാറും. ഇങ്ങിനെയായിരുന്നു കഴിച്ചുവന്നിരുന്നത്. കാട്ടുമൃഗങ്ങളും

കായ്കനികളും തന്നെയായിരുന്നു ഇവരുടെ മുഖ്യഭക്ഷണം. എങ്കിലും അവ എപ്പോഴെങ്കിലും കിട്ടാതെ ബുദ്ധിമുട്ടിയാൽ അപ്പോഴത്തെ നിവൃത്തിക്ക് വേണ്ടിയും തങ്ങളുടെ സാമാനങ്ങൾ ചുമക്കുവാനും ആയിരുന്നു അവർ എണക്ക മൃഗങ്ങളെ വളൎത്തി വന്നിരുന്നതു്. ഇവർ ചെറിയ ചാളകളിലും കൂടാരങ്ങളിലും ആയിരുന്നു താമസിച്ചിരുന്നതു്. ഈ തരത്തിലുള്ളവരെ ഇപ്പോൾ ധാരാളം കാണ്മാനുണ്ടു്. എന്നാൽ ഭൂമിയെ സംബന്ധിച്ചേടത്തോളം ഇവരുടെസ്ഥിതിയും മുൻവിവരിച്ചവരുടേതുപോലെ തന്നെയായിരുന്നു എന്നാണു് ഊഹിക്കേണ്ടതു്. ഓരോരോ കൂട്ടർ ഓരോ ദിക്കിൽ സ്ഥിരമായി താമസിക്കാതെ മാറിമാറി താമസിച്ചുവന്നിരുന്നതിനാലും, ഒരുത്തർ വിട്ടസ്ഥലം മറെറാരുകൂട്ടർ യാതൊരു ബുദ്ധിമുട്ടും കുറവും കൂടാതെ സ്വാധീനമാക്കി ഉപയോഗിച്ചുവന്നിരുന്നതിനാലും ഇവക്കു് ഭൂസ്വത്തു് ഉണ്ടായിരുന്നുഎന്നു് വിചാരിപ്പാൻ പാടില്ല.

ഈ ദിക്കിൽ ഓരോരോ ഗോപുരങ്ങളിലും സത്രങ്ങളിലും വന്നു താമസിക്കുന്ന വൈരാഗിസംഘങ്ങൾക്കു് ആ വക ഗോപുരങ്ങൾക്കും സത്രങ്ങൾക്കും അവകാശമുണ്ടെങ്കിൽ മാത്രമെ മേൽ വിവരിച്ച കൂട്ടൎക്കും ഭൂസ്വത്തുണ്ടായിരുന്നു എന്നു് വിചാരിപ്പാൻ പാടുള്ളു. എന്നാൽ ഇവക്കു് മററുള്ളവരെക്കാൾ ഒരു വിശേഷം ഉണ്ടു്. എന്തെന്നാൽ അന്നന്നു് അദ്ധ്വാനിച്ചു് അന്നന്നു് കഴിഞ്ഞാൽപോരാ എന്നും, ഒരു ദിവസം ഒരുസാധനവും കിട്ടീട്ടില്ലെങ്കിൽകൂടി കുഴങ്ങാതെ കഴിവാൻ ഒരു കരുതൽ ആവശ്യമാണെന്നുള്ള ബോദ്ധ്യവും ഒരാൾ തൻെറ സ്വന്തംകാൎയ്യംമാത്രം നോക്കിയാൽ പോരാ എന്നും, ഭാൎയ്യ, പുത്രൻ, പൌത്രൻ മുതലായവരെക്കൂടി താൻ രക്ഷിക്കേണ്ടതാണെന്നും, സംഘമാണു് ബലം എന്നുള്ള അഭിപ്രായങ്ങൾ അവക്കും ഉണ്ടായിരുന്നു എന്നും നാം കാണുന്നു. ഇവക്കു് ഭൂസ്വത്തു് ഉണ്ടായിരുന്നില്ലാ എങ്കിലും ജംഗമസ്വത്തു് ഉണ്ടായിരുന്നു എന്നു് ദൃഷ്ടാന്തമാണല്ലോ. വേറെ പലകാൎയ്യങ്ങളിലും കൂടി ഇവർ മുൻവിവരിച്ചതരക്കാരെക്കാൾ എത്രയോ ഭേദമായിരുന്നു. ഇതു് പരിഷ്കാരവൎദ്ധനയുടെ ആദ്യത്തെ നിലയാണു്. ഇങ്ങിനെയുള്ള ഓരോ സംഘങ്ങളിൽ ആളുകൾ വൎദ്ധിച്ചുവൎദ്ധിച്ചുവന്നു ഭൂമിയിൽ പ്രയത്നംകൂടാതെ കണ്ടുണ്ടാകുന്ന ഭക്ഷണസാധനങ്ങളും കാട്ടുമൃഗങ്ങളും ഉപജീവനത്തിനു് പോരാതെ വന്നപ്പോൾ ഈ സഞ്ചാരികൾ അവരവർ തല്ക്കാലം താമസിക്കുന്നസ്ഥലം കൃഷിചെയ്യുവാൻ തുടങ്ങി. ഉടനെ അതു വളരെ ആദായമുള്ള പ്രവൃത്തിയാണെന്നു് കണ്ടു്, കൃഷിക്കു മുഖ്യമായി വേണ്ടവ ഭൂമി, അദ്ധ്വാനിക്കുവാനാളുകൾ, മൂലധനം, ഇവകളാണല്ലോ (മൂലധനം എന്നുവച്ചാൽ ഒരുതവണ വിളയിട്ടു അ

ത്തു് ഫലമായി അനുഭവിക്കാറാവുന്നതുവരെ അദ്ധ്വാനിക്കുന്നവക്കും വേറെ കൃഷിസാമാനങ്ങൾക്കുംവേണ്ടി ചിലവഴിക്കാനുള്ള ധനം, വിത്തു, വല്ലി, കന്നുകാലികൾ മുതലായവ) ഇവ മൂന്നും അവക്കു് ധാരാളമായി ഉണ്ടായിരുന്നു എന്നു് സ്പഷ്ടമാണല്ലോ. ഭൂമി ധാരാളം, പ്രവൃത്തികൾ എടുപ്പാൻ തങ്ങടെ കൂട്ടത്തിൽതന്നെ ആളു തയ്യാർ, എന്നുവേണ്ട കൃഷിക്കു വേണ്ടകാലികൾ അവരുടെ കൈവശം അനവധി. ഈ വക ആദായങ്ങൾ അവക്കു് ഉണ്ടായിരുന്നതിനാൽ കൃഷിപ്രവൃത്തിയിൽ അവക്കു് വളരെ ഗുണം സിദ്ധിച്ചു.

നമ്മുടെ ഈ നാട്ടിലുള്ള കൃഷിക്കാക്കു് അധികമായ ആദായം എന്തുകൊണ്ടാണു് ഉണ്ടാകാത്തതു് എന്നു് ഇതിൽനിന്നു് എളുപ്പത്തിൽ മനസ്സിലാക്കാം. അവക്കു് പരിഷ്കാരം അധികം വദ്ധിച്ചു് ഇപ്പോഴത്തെ കാലത്തെ പണിആയുധങ്ങൾകൂടി ഉണ്ടായിരുന്നെങ്കിൽ എത്രയൊ അധികമായിട്ടുള്ള ആദായം അനുഭവിക്കാമായിരുന്നു എങ്കിലും അവരുടെ അന്നത്തെ ആദായവും ഒട്ടും പോരാതെ ആയിരുന്നില്ല. അവരുടെ ആദായം കണ്ടാൽ ഭൂമിദേവി എത്രയോ ദയവുള്ള ഒരു അമ്മയായതിനാലും തന്റെ പുത്രന്മാർ കുറച്ചു അദ്ധ്വാനിക്കുന്നതുകണ്ടപ്പോഴും അതിന്നു് മുമ്പു് അങ്ങിനെ പതിവില്ലാതിരുന്നതിനാലും അവരെ ഉത്സാഹിപ്പിപ്പാനോ ഇത്ര നല്ലതായ സമ്മാനം അവക്കു കൊടുപ്പാനൊ ആ ദേവി നിശ്ചയിച്ചതു് എന്നു് സംശയിപ്പാൻ ഇടയുണ്ടു്.

നമ്മുടെ രാജ്യാവുകൂടി ഇപ്പോൾ അധികം പരിഷ്കാരം സിദ്ധിക്കാത്തവരുടെ ഉത്സാഹത്തിന്നു് അമിതമായ അനുഭവംകൊടുത്തുവരുന്നുണ്ടല്ലോ. കാലം കൊണ്ടു് ഈ സഞ്ചാരികൾ അവരുടെ സഞ്ചാരം നിറുത്തി എല്ലാം കൃഷിക്കാരായി തങ്ങൾക്കുള്ള മൃഗങ്ങളെ കൃഷിയിലേയ്ക്കു് ഉപയോഗിച്ചും കൊയ്ത്തു് കഴിയുന്നവരെ ഭക്ഷണത്തിന്നു വേണ്ടുന്ന മാംസം, പാൽ, നെയ്യു് മുതലായവയും വസ്ത്രങ്ങൾക്കു് തോൽ, രോമം മുതലായവയും അവയിൽനിന്നു് എടുത്തും അവയുടെ മലമൂത്രങ്ങൾ വളമായി ഉപയോഗിച്ചും കൃഷി തുടങ്ങി.

ഇങ്ങിനെ മനുഷ്യർസഞ്ചാരവൃത്തിവിട്ടു് ഓരോദിക്കിൽ സ്ഥിരതാമസക്കാരായി. ഇതു് പരിഷ്കാരത്തിന്റെ രണ്ടാമത്തെനിലയാണു്. ഭൂസ്വത്തിന്റെ ഉത്ഭവം ഇവിടെ നിന്നാണെന്നാണു് വിചാരിക്കേണ്ടതു്. ഒരു സംഘത്തിൽ ഉള്ളവരെല്ലാം ഒരാളുടെസന്തതികൾ ആണെന്നായിരുന്നു ഇവരുടെ വിശ്വാസവും. ഈ നിലയിൽ ഓരോസംഘത്തിലേക്കുള്ള മുതൽ ഒന്നായി ശേഖരിച്ചു വയ്ക്കുയല്ലാതെ അതിലെമെംബറന്മാക്കു് ഭാഗിച്ചുകൊടുത്തിരുന്നില്ല.

അതിനാൽ കൃഷിസാമാനങ്ങളും മററും സമുദായസ്വത്താക്കിവച്ചും, കൃഷിചെയ്തുണ്ടാവുന്ന മുതൽ എല്ലാവൎക്കും ഒപ്പൊപ്പംകൊടുക്കാതെ സംഘത്തിലെ തലവൻ സൂക്ഷിച്ചുവച്ചു അതിലെമെംബറന്മാൎക്കു ചിലവിന്നുകൊടുത്തും, ബാക്കിസമുദായസ്വത്താക്കിചേൎത്തും, അയിരുന്നു ഈ വൎഗ്ഗം കഴിഞ്ഞുവന്നിരുന്നതു്. വളരെ മെംബറന്മാരുള്ള ഇപ്പോഴത്തെ ഒരുമലയാളതറവാട്ടിലെ അനന്തിരവന്മാരുടെ കയ്യിൽ സ്വകാൎയ്യസ്വത്തില്ലെന്നു വിചാരിക്കുക. അതിലെകാരണവൻ അവരെ എല്ലാം പ്രയത്നംചെയ്യിച്ചു പുലൎത്തുകയും കൊല്ലത്താൽ ബാക്കി വല്ലമുതലുമുണ്ടെങ്കിൽ അതു തറവാട്ടുമുതലിൽ കൂട്ടിവച്ചും തറവാട്ടിലെ സകലആവശ്യങ്ങളും അന്വേഷിക്കുന്നുണ്ടെന്നു വിചാരിക്കുക. ഇതുതന്നെ അയിരുന്നു അന്നത്തെ ഒരു സംഘക്കാരുടെ ഏകദേശംസമ്പ്രദായം.

എന്നാൽ തറവാട്ടിൽ മെംബറന്മാർ വൎദ്ധിക്കുമ്പോൾ അവൎക്കുഎല്ലാപേൎക്കും കൂടിപാൎപ്പാൻ സാക്ഷാൽ തറവാട്ടുവീടുമതിയാകയില്ല. അപ്പോൾ അവർ പത്തായപ്പുര, പടിപ്പുരമാളിക, കളിപ്പുരമാളിക, മുതലായതു പണിചെയ്യിപ്പിക്കയൊ അല്ലാത്തപക്ഷം ചിലർ കളങ്ങളിൽ പോയി താമസിക്കുകയോ ചെയ്യും. എന്നാലും അവർ ആ തറവാട്ടിലെ മെംബറന്മാരല്ലാതെ ആവുകയോ തറവാട്ടുസ്വത്തിന്നു അവകാശമില്ലാതെ ആവുകയോ ചെയ്യുന്നില്ലെന്നുമാത്രമല്ല—തറവാട്ടുകാരണവൎക്കു് അവരുടെ മേൽഉള്ള അവകാശം പൊയ്പോകുന്നതുമല്ല. അവൎക്കു ആ തറവാട്ടിലെ കാരണവൻ ചിലവിന്നു നീക്കിക്കൊടുക്കുകയുംചെയ്യും. ഇതുപോലെ മേൽവിവരിച്ചസംഘക്കാരിൽ ആളുകൾവൎദ്ധിച്ചു ഒരുദിക്കിൽ താമസിപ്പാൻ സൌകൎയ്യമില്ലാതെവന്നപ്പോൾ അവരിൽതന്നെ പലരും പല കുടുംബക്കാരായി വെവ്വേറെ പാൎത്തുതുടങ്ങി. ഒരുമെംബറും തന്റെ ഭാൎയ്യയും കുട്ടികളും ഒരുവീടുകെട്ടും, ഇങ്ങിനെ അനേകവീട്ടുകാരായി ഒരു കുടുംബംതന്നെഭാഗിച്ചു എങ്കിലും അവൎക്കു സ്വകാൎയ്യസ്വത്തുണ്ടായിരുന്നില്ല. സംഘത്തിലെ വലിയആളുടെ കല്പനയനുസരിച്ചു എല്ലാപേരും നടന്നും, കൃഷിമുതലായപ്രവൃത്തികൾ ഒന്നായിയോജിച്ചു ചെയ്തും, സംഘത്തിൽ വലിയആൾ ശേഷംഉള്ള ആളുകൾക്കു ഭക്ഷണത്തിന്നും മററും ദിവസേന അളന്നുകൊടുത്തും, അദ്ദേഹം അവരെ എല്ലാരേയും രക്ഷിച്ചും, അററകുററങ്ങൾ അന്വേഷിച്ചും വന്നിരുന്നു.

കുറച്ചുകാലങ്ങൾക്കു മുമ്പുകൂടി യൂറോപ്പിൽ റഷ്യാരാജ്യത്തു ഈ നിലയിലുള്ള കുടുംബക്കാരേ കാണ്മാനുണ്ടായിരുന്നുപോൽ. ഇങ്ങിനെ അധികകാലം കഴിയുന്നതിന്നുമുമ്പായി അതാതു ദിവസം അളന്നുകൊ

ട്ടുക്കുന്ന സമ്പ്രദായം മാററി, ഒരുകാലത്തേക്ക് ഒന്നായി കൊടുത്തുതുടങ്ങി. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞതിന്നുശേഷം ഓരോരുത്തൎക്ക്വിഹിതമായികൊടുത്തുവന്നിരുന്ന നെല്ലുകിട്ടുവാനുള്ളസ്ഥലം ഭാഗിച്ചുകൊടുത്തു. ഓരോരുത്തർ അവനവനുള്ള ഭാഗംമാത്രം കൃഷിചെയ്യതന്നെ തുടങ്ങി. ഓരോരുത്തൎക്ക് പാൎപ്പാൻ പ്രത്യേകംവീടുണ്ടായപ്പോൾ സ്വകാൎയ്യസ്വത്തു ഉത്ഭവിച്ചു എങ്കിലും ഇപ്പോൾ അതു അധികം സ്പഷ്ടമായിക്കണ്ടുതുടങ്ങി. എല്ലാവരും എല്ലാസ്ഥലവും ഒരുപോലെ അനുഭവിക്കേണ്ടതാകകൊണ്ടു് കൊല്ലംതോറും ഓഹരിസ്ഥലങ്ങൾ മാററി മാററി ഓരോരോ തറവാട്ടുകാൎക്ക് കൊടുത്തുവന്നിരുന്നു. ഇങ്ങിനെയാവുമ്പോൾ കാലംകൊണ്ടു നല്ലസ്ഥലങ്ങൾ എല്ലാവരുടേയും കയ്യശത്തിലും വരുമല്ലോ.

ഇതുപ്രകാരമുള്ള ഗ്രാമസ്ഥലങ്ങൾ യൂറോപ്പിൽ ധാരാളം ഉണ്ടായിരുന്നു. ഈ രാജ്യത്തും ഉണ്ടായിരുന്നു എന്നു് ഊഹിക്കുവാൻ കാരണങ്ങളുണ്ടു്. പണ്ടത്തെക്കൂട്ടുസ്വത്തു സമ്പ്രദായത്തിന്റെ ഒരു ചിഹ്നമായി ഭൂമി ഊഴമിട്ടു കൃഷിചെയ്യുന്ന സമ്പ്രദായം ഇപ്പോഴും തീരെനശിച്ചിട്ടില്ലെന്നു് വയിഗ്രാംസായ്പ് അവർകൾ അദ്ദേഹത്തിന്റെ മലബാർലാ എന്നപുസ്തകത്തിൽ പ്രസ്താവിക്കുന്നുണ്ടു്. ഈ നിലയിലുള്ള ഒരുഗ്രാമസംഘത്തിന്റെ സ്ഥിതി ചുരുക്കത്തിൽ ഇവിടെ വിവരിക്കാം.

ഇങ്ങിനെ ഒരു ഗ്രാമസംഘം ഒരുദിക്കിൽ പാൎപ്പായാൽ ആ സംഘംവകയായഭൂമിമുഴുവൻ, ൧-ഗ്രാമസ്ഥലം, ൨-കൃഷിസ്ഥലം, ൩-തരിശു ഇങ്ങിനെ മൂന്നായിഭാഗിക്കും. ഗ്രാമസ്ഥലത്തിൽ ആ സംഘത്തിലുള്ള എല്ലാതറവാട്ടുകാൎക്കും ഓരോവീടുണ്ടാക്കുവാൻ അതിനെ ഒപ്പപ്പം ഭാഗിക്കും. കൃഷിസ്ഥലം എല്ലാവീട്ടുകാൎക്കും ഒപ്പം ഭാഗിക്കും എന്നാൽ ഒരേകൃഷിതന്നെ എല്ലാവരും ചെയ്യണമെന്നും, അതു് ഒരേസമയത്തു ആയിരിക്കണമെന്നും നിർബന്ധമുണ്ടായിരുന്നു. ഒരാൾക്കു കൊയ്യാൻ സമയമാവുമ്പോൾ മറെറാരാൾ വിതയ്ക്കുക മുതലായവ ഒന്നും പാടില്ല. തരിശുസ്ഥലത്തിൽ എല്ലാവരും തങ്ങടെ കാലികളെ മേയ്ക്കുക, വിറകു് വെട്ടുകമുതലായവചെയ്യും. ഇങ്ങിനെ ആയിരുന്നു അവരുടെ പാൎപ്പിന്റെ സമ്പ്രദായം. വളരെക്കാലം ഇപ്രകാരം കഴിയുന്നതിന്നു മുമ്പായി ഇങ്ങിനെയുള്ള സംഘങ്ങളിൽ ആളുകൾ വൎദ്ധിച്ചു കൊല്ലം കൊല്ലം നിലം ഭാഗംചെയ്തു് എല്ലാവരേയും സമാധാനപ്പെടുത്തുവാനും മററും വളരെ പ്രയാസമായിവന്നതിനാലും, സ്വകാൎയ്യസ്വത്തിന്റെ ഗുണം അനുഭവിച്ചു സ്വാദുകണ്ടതിനാൽ അതു് അധികം ഉണ്ടാക്കുവാൻ ആളുകൾക്കു മനസ്സുവ

നതുടങ്ങിയതിനാലും ആദ്യം ഭാഗംചെയ്യുന്നകാലം കുറെ നീട്ടിവച്ചു് തുടങ്ങി. ഒടുവിൽ ആ സമ്പ്രദായംതന്നെ ഇല്ലാതെയായി. ഓരോരുത്തർ കൈവശം വച്ചിരുന്ന വസ്തുക്കൾ അവരവർ സ്വകാര്യമാക്കി വച്ചുതുടങ്ങി. ഇപ്രകാരം ഓരോരുത്തൎക്ക് പ്രത്യക്ഷമായി സ്വകാൎയ്യം ഭൂമിസ്വത്തു് ഉണ്ടായി.

ഏകദേശം മേൽവിവരിച്ച മാതിരിയിൽ ആയിരിക്കാം എല്ലാക്കൂട്ടരുടെ ഇടയിലും സ്വകാൎയ്യസ്വത്തുണ്ടായതു് എന്നുള്ളതിലേക്ക ദൃഷ്ടാന്തവും രേഖയും ഉണ്ടെങ്കിലും അങ്ങിനെ ഉറപ്പായി പറവാൻ ശക്തിപോരാ എന്നും, എങ്കിലും ആൎയ്യന്മാരുടെ ഇടയിൽ ഇങ്ങിനെ വന്നതാണെന്നു് തീൎച്ചയായും പറയാമെന്നും ഈ വിഷയങ്ങളിൽ വളരെക്കാലത്തോളം പരിശ്രമംചെയ്ത യൂറോപ്പിലെ യോഗ്യന്മാർ അഭിപ്രായപ്പെടുന്നു.

കൂട്ടസ്വത്തിൽനിന്നു സ്വകാൎയ്യസ്വത്തു വരുവാൻ ഉള്ള വഴികളെ എളുപ്പമാക്കി ചെയ്തതു, ഓരോരോ തറവാട്ടുകാൎക്ക പ്രത്യേകം സ്ഥലങ്ങൾ ഗ്രാമസ്ഥലത്തും, കൃഷിസ്ഥലത്തും കൊടുത്തതും, കൃഷിസ്ഥലം മാററി മാററി കൊടുത്തിരുന്ന ചട്ടം ഇല്ലായ്മചെയ്തതും ആണെന്നും ഇങ്ങിനെ മാററിമാററി കൊടുത്തിരുന്നതിന്റെ ലക്ഷണങ്ങൾ ഇപ്പോഴും ആൎയ്യസംഘക്കാരുടെ ഇടയിൽ കാണ്മാനുണ്ടെന്നും, റഷ്യാ, ഇംഗ്ലണ്ടു്, ജൎമ്മനി മുതലായ രാജ്യങ്ങളിലും ഇവിടേയും ഈ സമ്പ്രദായത്തിൽ നിന്നുണ്ടായ പലേ നടപടികളും ഇപ്പൊഴും അനുഷ്ഠിച്ചുവരുന്നുണ്ടെന്നും കാണുന്നു.

മേൽവിവരിച്ചതിൽനിന്നു നോം അറിയുന്നതു് ഭൂമിയെ കൂട്ടസ്വത്തായിട്ടാണു് ആദ്യം വിചാരിച്ചുവന്നിരുന്നതു് എന്നും കാലംകൊണ്ടു് ആ നില വിട്ടു് സ്വകാൎയ്യസ്വത്തായി വന്നതാണെന്നും, കൂട്ടസ്വത്തു് സ്വഭാവത്തിന്നു അനുകൂലമായിത്തന്നെ ഉള്ളതാണെന്നും, എന്നാൽ ആദ്യംമുതൽക്കെ സ്വകാൎയ്യസ്വത്തു് ഉണ്ടാക്കുവാനുള്ള വാസന മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്നു എന്നും മററും ആകുന്നു.

എന്നാൽ ആൎയ്യന്മാരുടെ ഇടയിൽ ഇങ്ങിനെ വളൎന്നുണ്ടായതാണു് ഈ സ്വകാൎയ്യസ്വത്തു് എന്നു, പറയുമ്പോൾ ഒരു കൂട്ടത്തിൽനിന്നു മറെറാരോരുത്തർ കണ്ടെടുത്തതാണോ, ഈ സമ്പ്രദായമെന്നു് ഊഹിപ്പാനിടയുണ്ടു്. റഷ്യാ, ബിലാത്തി, ഇന്ത്യാ, ഇവിടങ്ങളിൽ ഒരേമാതിരി നടവടികാണുന്ന സമയം "ഇതു് എങ്ങിനെ ഈ മൂന്നുദിക്കിലും നടപ്പായി, ഏതുദിക്കിൽ ആദ്യം അതു കണ്ടുപിടിച്ചു, ഏതേതുകൂട്ടർ അതിനെ പിന്തുടൎന്നു?" എന്നൊക്കെ ആലോ

ചില്പാനിടയുണ്ട്. എന്നാൽ ഇതിൻെറ സ്വഭാവം അങ്ങിനെ ഒ ന്നും അല്ലാ. കൂട്ടസ്വത്തിൻെറ മൂലം ആൎയ്യന്മാർ ആൎയ്യം പിരിഞ്ഞു താവഴികളായി പോരുന്നതിന്നു മുമ്പായി തന്നെ അവരുടെ ഇടയിൽ നടപ്പായിരുന്നു എന്നും, പിന്നെ ഓരോരോ സംഘക്കാരുടെ ഇടയിൽ പ്രത്യേകം പ്രത്യേകം പരിഷ്കാരം വൎദ്ധിച്ച് ഈ നിലയിൽ വന്ന താണെന്നും, പരിഷ്കാരം വൎദ്ധിക്കുമ്പോൾ ഓരോരോ ജാതിക്കാരുടെ ഇടയിൽ ഇങ്ങിനെ വരുന്നതു അതിൻെറ സ്വഭാവമാണെന്നും അതു കൊണ്ട് ഒരു കൂട്ടരെ മറെറാരുകൂട്ടർ പിന്തുടൎന്നു എന്നു വിചാരിപ്പാൻ പാടില്ലെന്നുമാണ് വിദ്വാന്മാർ പറയുന്നത്.

യൂറോപ്പിൽ ഭൂമിയേയും അതിന്മേൽ ഉള്ള അവകാശങ്ങളേയും പററി ഓരോരോ അന്വേഷണങ്ങൾ നടത്തിവരുന്ന സമയം വരെ മുതൽ സ്വകാൎയ്യസ്വത്തായിട്ടാണ് ആദ്യം ഉത്ഭവിച്ചതു് എന്നും, പി ന്നെ അതു കൂട്ടസ്വത്തായതാണെന്നും ആയിരുന്നു ആളുകൾ വിചാ രിച്ചുവന്നിരുന്നതു്. നാല്പതുകൊല്ലങ്ങൾക്കിപ്പുറമായി ഈ വിഷ യത്തിൽ ചിലർ അതിയായിച്ചെയ്ത പ്രയത്നത്താൽ ഈ വിചാരം തെററാണെന്നു ദൃഷ്ടാന്തപ്പെടുകയും നേരേ വിപരീതമായ അഭിപ്രാ യം ജനങ്ങളുടെ ഇടയിൽ ഉണ്ടായിത്തീരുകയും ചെയ്തു.

ഈ രാജ്യത്തിൻെറ വടക്കപടിഞ്ഞാറു ഖണ്ഡം പിടിച്ചു സ്വാധീനമാക്കിയതിന്നു ശേഷം ഇവിടെ ഗ്രാമസംഘങ്ങളാ യിട്ടാണ് ആളുകൾ പാൎത്തുവന്നിരുന്നതു് എന്നു യൂറോപ്യൎക്കു മന സ്സിലായതു്. അവിടെ എപ്പോഴും ഈ നിലയിൽ ആളുകൾ പാ ൎത്തുവരുന്നുണ്ട്. ഈ രാജ്യത്തിൽ വളരെ സ്ഥലങ്ങളിൽ അതി ൻെറ ലക്ഷണങ്ങൾ മാഞ്ഞുപോയിരിക്കുന്നുവെങ്കിലും സൂക്ഷ്മമായി നോക്കിയാൽ ഈ കാൎയ്യം ദൃഷ്ടാന്തമാകുന്നതാണ്. ഈ സംഘക്കാ രുടെ ഇടയിൽ അതാതു രാജ്യത്തേയ്ക്കു പ്രത്യേകം സംബന്ധിക്കുന്ന ചില ചില്ലറ നിയമങ്ങളിൽ വ്യത്യാസമുണ്ടാകുമെങ്കിലും പരക്കെ ഉള്ളതും മുഖ്യമായതും ആയ നിയമങ്ങളിൽ വ്യത്യാസമില്ലാത്തതി നാലും അവയുടെ അറിവ് വളരെ ഉപയോഗമായിട്ടുള്ളതാകയാലും അവയെപ്പററി അല്പം ഇവിടെ പ്രസ്താവിക്കാം.

ഗ്രാമസംഘങ്ങളുടെ സ്ഥിതിയെപ്പററി മുമ്പു് വിവരിച്ചതിൽ എല്ലാ തറവാട്ടുകാൎക്കും പ്രത്യേകം സ്ഥലം ഗ്രാമത്തിൽ കൊടുത്തു വ ന്നിരുന്നു എന്നു മുൻപു് പറഞ്ഞുവല്ലോ. എന്നാൽ ഒരോ തറവാ ട്ടിലുള്ള എല്ലാപേൎക്കും രാജ്യത്തിലുള്ള അംഗങ്ങളുടെ അധികാരമു ണ്ടായിരുന്നില്ലാ. ഓരോ തറവാട്ടിലെ കാരണവനെ മാത്രമേ അ ങ്ങിനെ വിചാരിച്ചുവന്നിരുന്നൊള്ളു. ഓരോ കാരണവന്നു അയാളു

ടെ തറവാട്ടിലെ മെമ്പ്രന്മാരുടെയും ആ തറവാട്ടിലെ സ്വത്തുക്കളുടേയുംമേൽ സകല അധികാരങ്ങളും ഉണ്ടായിരുന്നു. രണ്ടുതറവാട്ടുകാർ തമ്മിലുള്ള തൎക്കങ്ങൾ അല്ലാതെ മെമ്പ്രന്മാർ തമ്മിലുള്ള തൎക്കങ്ങൾ അവരവരുടെ തറവാട്ടുകാരണവന്മാർ തീൎച്ചയാക്കുന്നതൊഴികെ സംഘക്കാർ തീൎച്ചയാക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ലാ.

രാജാവു്.—ഇവരുടെ ഇടയിൽ രാജ്യഭരണം നടത്തി വന്നിരുന്നതു പല പ്രകാരമായിരുന്നു. ചില സംഘങ്ങളിൽ അതാതുകളുടെ കാരണഭൂതന്മാരായ ആളുകളുടെ പ്രഥമപുത്രപാരമ്പൎയ്യത്തിൽ വരുന്നവൎക്കു ആ കാരണവൎക്കുണ്ടായിരുന്ന സ്ഥാനമാനങ്ങൾ കൊടുത്തു അവരെ രാജാക്കന്മാരാക്കി വന്നിരുന്നു. എന്നാൽ ഓരോതറവാട്ടുകാരണവന്മാൎക്കു അവരുടെ അനന്തിരവന്മാരുടെമേൽ ഉണ്ടായിരുന്ന പെട്രിന്വംപോടെ സ്റ്റാണ്ട് എന്ന സ്വാധികാരം ഉണ്ടായിരുന്നില്ലാ. രാജാക്കന്മാർ, സംഘക്കാരുടെ അററകുററങ്ങൾ അന്വേഷിച്ചു നേരെ നടത്തുവാൻ ഭാരവാഹിയാക്കി അവർ അധികാരം കൊടുത്തോ, തങ്ങളുടെ കാരണവന്മാർ മരിക്കുമ്പോൾ അവരുടെ സ്ഥാനം ഏല്പിച്ചുകൊടുത്തു കിട്ടിയതോ ആയ ഒരു മാനേജരുടെ നിലയിലായിരുന്നു. ഓരോരോ സംഘത്തിലെ രാജാവിനു സഹായിപ്പാനായി അതിലെ തറവാട്ടുകാർ എല്ലാപേരും കൂടിയതോ ആ സംഘം സ്ഥാപിച്ച ആളുടെ അടുത്ത കുടുംബങ്ങളിൽനിന്നു ആളുകളെ തിരഞ്ഞുഎടുത്തതോ ആയ ഒരു സഭയും ഉണ്ടായിരുന്നു. ചിലരുടെ ഇടയിൽ രാജാവിനെ തിരഞ്ഞു് എടുക്കുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഒരു തലവൻ എങ്ങിനെ ആയാലും എല്ലാപേരുടെ ഇടയിലും ഉണ്ടായിരുന്നു. എന്നാൽ തിരഞ്ഞെടുക്കുന്ന സമ്പ്രദായമുള്ള ദിക്കിലുംകൂടി ക്രമത്തിൽ പാരമ്പൎയ്യക്രമമാവാനാണു് സംഗതി.

ഒരു സംഘത്തിലുള്ള തറവാട്ടുകാൎക്കു തങ്ങൾക്കു സംഘത്തിൽനിന്നു കിട്ടീട്ടുള്ള ഭൂസ്വത്തു ബോദ്ധ്യംപോലെ ആൎക്കെങ്കിലും വില്പാൻ പാടില്ലായിരുന്നു. വില്പാൻതന്നെ സംഘക്കാരുടെ സമ്മതം വേണം. ആ ഗ്രാമക്കാൎക്കു ആൎക്കും ആവശ്യം ഇല്ലെങ്കിൽ മാത്രമെ വേറെ ഒരു ആൾക്കു കൊടുക്കാൻ പാടുള്ളു. വാങ്ങുന്ന ആളെ സംഘക്കാർ തങ്ങളുടെ കൂട്ടത്തിൽ എടുപ്പാൻ മനസ്സില്ലാത്തപക്ഷം വസ്തു ആയാൾക്കു കൊടുപ്പാൻ പാടുള്ളതല്ലാ. വാങ്ങുന്നയാൾ അവരുടെ കൂട്ടത്തിൽ ചേൎന്നു ഒരേ വംശ്യനാണെന്നുള്ള ഭാവത്തിൽ അവരുടെ നടപടികളെ അനുഷ്ഠിക്കയും ക്രിയാദികൾ, ഉത്സവങ്ങൾ മുതലായ അടിയന്തിരങ്ങളിൽ യോഗത്തിൽ ചേരുകയും വേണം. കുറെ

കാലം കഴിഞ്ഞപ്പോഴേക്കു ഇതിൽ പലതും ലോപിച്ചുതുടങ്ങി.

കൃഷി, നെയിത്തുമുതലായതു് എല്ലാപേക്കും ചെയ്യാൻ കഴിയാത്തതിനാലും അങ്ങിനെ ചെയ്യുന്നതായാൽ പ്രവൃത്തിക്കു ഗുണം പോരാതേയും മുതലും സമയവും അധികമായി ആവശ്യമായും വരുകയാൽ ഓരോരുത്തരെ ഓരോന്നിലേക്കു പ്രത്യേകം അവകാശികളാക്കിയും; മറേറവർ അവരെ സഹായിക്കേണമെന്നും നിശ്ചയിച്ചു. ഒരു ഗ്രാമത്തിലെ ആശാരി, അതിൽ വേണ്ടവർക്കെല്ലാം ആശാരി പണിയും മൂശാരി, കരുവാൻ, ചാലിയൻ മുതലായവർ അവരവക്കു നിയമിച്ച പ്രവൃത്തിയും എടുത്തു അതിന്നു പകരം കൃഷിചെയ്യുന്നവർ തങ്ങൾക്കുള്ള ലാഭത്തിൽനിന്നു ഓഹരി ഓഹരി ഇവക്കു കൊടുത്തുംവന്നുതുടങ്ങി. ഇതുപോലെതന്നെ ഗ്രാമമുൻസീഫ്, കാവൽക്കാരൻ, കോൽക്കാരൻ മുതലായ ഉദ്യോഗസ്ഥന്മാക്കും അനുഭവം നീക്കി കൊടുത്തിരുന്നു. ഇപ്പൊഴും പരദേശങ്ങളിൽ (മണിഗാരൻ) ചെട്ടി മുതലായ ഉദ്യോഗസ്ഥന്മാക്കു് അവരുടെ തറവാട്ടിലേക്കു പുരാതനമായി നീക്കിയ വസ്തുവും ഒന്നോ രണ്ടോ ഉറുപ്പികയും മാത്രമെ അനുഭവമുള്ളു.

കമ്മാളന്മാരുടെ സമ്പ്രദായവും ഇപ്പൊഴും ഒരു ദിക്കിൽ ഭേദപ്പെട്ടിട്ടില്ലാ. അവക്കു പണ്ടത്തെക്കാലത്തു നിയമിച്ചിട്ടുള്ള ഒരു കൂലിമാത്രമെ ഇപ്പൊഴും ചിലദിക്കിൽ കൊടുക്കുന്നുള്ളു. അവർ അധികം ചോദിപ്പാൻ തന്നെമടിക്കും. അടിയന്തിരങ്ങൾക്കെല്ലാം ഇപ്പൊഴും അവക്കു അനുഭവം വെച്ചുകൊടുക്കുന്നുണ്ടു്. ഒരു രാജ്യത്തു പാട്ടം, സാമാനവില മുതലായവയെല്ലാം മുൻപു നിശ്ചയിച്ച ഒരു തോതുപ്രകാരമാണു് ഇപ്പൊഴും കെട്ടിവരുന്നതു്. എന്നാൽ ഒരു ഗ്രാമത്തിലെ പ്രവൃത്തിക്കാർ വേറെ ഒരു ദിക്കിലത്തെ ആളുകൾക്കു പ്രവൃത്തിയെടുത്തുകൊടുത്താൽ അധികം കൂലിവാങ്ങുന്ന സമ്പ്രദായം അന്നുതന്നെ ഉണ്ടായിരുന്നു. അവർ ഒരു ഗോത്രക്കാരല്ലാഞ്ഞതിനാലായിരുന്നു ഇങ്ങിനെ ചെയ്തിരുന്നതു്.

വൈഗ്രാംസായ്പ് അവർകൾ അദ്ദേഹത്തിന്റെ മലബാർലാ, എന്ന പുസ്തകത്തിൽ ഒരു കാര്യത്തിൽ താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ടു്. തറ, എന്നതു ശൂദ്രരുടെ സംഘമായിരുന്നു. അതിലെ കാരണവന്മാർ ഒരു സഭ കൂടിയിരുന്നു. ബ്രാഹ്മണരുടെ യോഗവും ഇതിൽ നിന്നു് ഭേദപ്പെട്ടിരുന്നില്ലാ. അവരുടെ ഗ്രാമത്തിലെ അററകുററങ്ങൾ അന്വേഷിച്ചിരുന്നതു് അതിലെ വയസ്സുമൂത്ത ആളുകൾ ചേന്ന സഭായോഗമായിരുന്നു. തറയിൽ നിന്നു പിന്നിപ്പോയതു കോവിലകങ്ങളാണു്. പിന്നെ ഓരോ കുടുംബ

ങ്ങൾ വെവ്വേറെ തറവാടായി പാൎപ്പാൻ തുടങ്ങി. ശൂദ്രരുടെ ഇടയിൽ ഗ്രാമസംഘം ചിന്നി കൂട്ടസ്വത്തായി അനുഭവിക്കുന്ന ഓരോരൊ കുടുംബങ്ങളായപോലെ ബ്രാഹ്മണരുടെ ഇടയിലും ആയി.

ഈ വക സംഘങ്ങൾ ഈ ദിക്കിൽ ധാരാളം ഉണ്ടെങ്കിലും നമുക്കു ക്ഷണത്തിൽ അനുഭവമാവേണമെങ്കിൽ പാലക്കാട്ടെ സ്ഥിതി നോക്കിയാൽമതി. ഗ്രാമസ്ഥലം, കൃഷിസ്ഥലം, തരിശുമുതലായവയും മുൻവിവരിച്ച മററു ലക്ഷണങ്ങളും അവിടെ കാണാം. വടക്കന്തറ, കൊല്ലങ്കോടന്തറ മുതലായ വാക്കുകളും സംഘക്കാരുടെ കാൎയ്യാലോചനയ്ക്കുള്ള മന്ദു എന്ന സ്ഥലവും ഇതിനെ ദൃഷ്ടാന്തപ്പെടുത്തുന്നു. ഇതുവരെ വിവരിച്ച സംഗതികളിൽനിന്നു ഊഹിക്കാവുന്നതു പണ്ടത്തെ സമുദായങ്ങളിൽ ആളുകളെല്ലാം ഒരു വംശ്യരാണെന്നു വിചാരിച്ചു വന്നിരുന്നു എന്നും, ഈ വംശസ്മരണയായിരുന്നു അവൎക്കു സ്നേഹത്തിനും ഒരുമയ്ക്കും കാരണമായിരുന്നതെന്നും ആണു്. എന്നാൽ ഇപ്പോഴത്തെ കാലത്തു് ഇതിന്നു സ്ഥലസ്നേഹമാണു കാരണമായിട്ടു കാണുന്നതു്. ബിലാത്തിക്കാൎക്കുംമററും ഒരുമയുണ്ടാവാൻ കാരണം അവരുടെ നാടു ഒന്നാകകൊണ്ടാണെന്നും മറേറവിധമല്ലെന്നും സ്പഷ്ടമാണല്ലോ. ഈ വ്യത്യാസം എങ്ങിനെ ഉണ്ടായിയെന്നും, അതിൽ ഭൂമിസ്വത്തിന്റെ നിലയ്ക്കു എന്തെല്ലാംഭേദഗതികൾവന്നു എന്നും ആണു ഇനിവിചാരിക്കേണ്ടതു്.

൧

ആദികാലത്തിൽ ഓരോരോ രാജക്കന്മാർ അതാതുസംഘത്തിലെ മാനേജർമാത്രം ആയിരുന്നു എന്നു മുൻപ്രസ്താവിച്ചുവല്ലോ. എന്നാൽ സംഘംവകയായുള്ള തരിശുഭൂമികൾ കൈവശമാക്കി പുതിയതായ വേറെ ചിലരെ അവയിൽപാൎപ്പിച്ചും, അവൎക്കുസംഘക്കാൎക്കുള്ളപോലെ അധികാരം കൊടുക്കാതെ തങ്ങടെ ഇഷ്ടത്തിന്നു നടക്കുവാൻ തക്കനിലയിൽ സ്വാധീനിച്ചുവച്ചും, വല്ല യുദ്ധവും ഉണ്ടായാൽ ജയിച്ചരാജാക്കന്മാർ തോററവരെ തങ്ങൾക്കു യുദ്ധത്തിലും മററും സഹായിപ്പാനുള്ള കരാറോടുകൂടി കീഴടക്കിയും, വേറേ അനേകം കൌശലങ്ങളാലും അവർനാട്ടുകാരുടെ പിടിയിൽ നിന്നുവിട്ടു അധികം പരിഷ്കാരം സിദ്ധിക്കാത്ത അന്നത്തേക്കാലത്തു ആളുകൾ രസത്തിന്നു, കൊള്ളയിട്ടു പണവും ഭൂമിയും സമ്പാദിപ്പാനും തമ്മിൽ കലശൽ കൂടിയിരുന്നു എന്നും, ഓരോരാജക്കന്മാർ തന്റെ സംഘക്കാരോടുകൂടി മററൊരുദിക്കിൽ ചെന്നു അവരെ യുദ്ധത്തിൽ തോല്പിച്ചുവന്നുവെന്നും കാണുന്നു. മേൽവിവരിച്ചവിധത്തിൽ ഒരു കരാറോടുകൂടിയൊ കല്പത്തിൻമേലൊ തന്റെ കീഴിൽ നിൎത്തുകയോ തന്റെ കൂട്ടുക്കു തന്നെ മേൽപ്രകാരം ഭാഗംചെയ്തു കൊടുക്കുകയോ ചെയ്തിരുന്ന

പതിവു സാധാരണയായിരുന്നു എന്നും ചരിത്രപുസ്തകങ്ങളിൽ കാണ്മാനുണ്ടു.

ഇതിനാൽ ഒരു രാജാവും അദ്ദേഹത്തെ സഹായിപ്പാൻ കുറേ പ്രഭുക്കന്മാരും, അവൎക്കു ചില ഇടപ്രഭുക്കന്മാരും, അവൎക്കു അവരുടെ താഴെ ചില നാട്ടുവാഴികളും ഉള്ളതായ ഒരുമാതിരി ഭരണം നടപ്പായി. രാജാവു തന്റെ രാജ്യം മുഴുവൻ പ്രഭുക്കന്മാൎക്കും, അവർ താന്താങ്ങളുടെ ഇടപ്രഭുക്കന്മാൎക്കും, അവർ അതിൽ താണവൎക്കും, ഇങ്ങിനെ ഭാഗിച്ചു കൊടുത്തും അതിന്നുപകരം പ്രഭുക്കന്മാർ രാജാവിന്നും ഇടപ്രഭുക്കന്മാർ പ്രഭുക്കന്മാൎക്കും ഇങ്ങിനെ താണതരത്തിലുള്ളവർ താന്താങ്ങളുടെ മേലെയുള്ളവൎക്കുമാത്രം യുദ്ധം മുതലായ അവസരങ്ങളിലുംമററും അവശ്യപ്പെട്ടപ്പോൾ ദേഹം, പണം, ആൾ ഇവകൾകൊണ്ടുസഹായിച്ചും മേലേമേലേയുള്ളവർ താഴെതാഴെയുള്ളവരുടെ നന്മയ്ക്കായി സകല അററകുററങ്ങളും അന്വേഷിച്ചും സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുത്തും വന്നു. ഇതു് രാജാക്കന്മാൎക്കു് അത്ര്യം ഗുണമായിത്തന്നെതീൎന്നിരുന്നു. സദാ യുദ്ധമുണ്ടായിരുന്ന ആ കാലത്തു രാജാവു തന്നെ സൈന്യം മുതലായവ ശേഖരിക്കണമെങ്കിൽ വളരെ പ്രയാസമായിരുന്നു. ഇങ്ങിനെയുള്ള ചട്ടവും യൂറോപ്പിൽ പലദിക്കിലും-ബൎമ്മ, ജപ്പാൻ മുതലായദിക്കുകളിലും അഫ്രിക്കായിൽ- കാൺഗൊ അംഗോല, മുതലായദിക്കുകളിലും ഈ രാജ്യത്തും കാണ്മാനുണ്ടു്. ഇതും പരിഷ്കാരം വൎദ്ധിച്ചുവരുമ്പോൾ എല്ലാരാജ്യക്കാരുടെഇടയിലും സ്വാഭാവികമായി ഉണ്ടായിവരുന്ന ഒരു ചട്ടമാണെന്നാണ് ഓൎമ്മവയ്ക്കേണ്ടതു്.

ആ കാലത്തു ഭൂസമ്പത്തുവളരെ കാൎയ്യമാക്കിവിചാരിച്ചു വന്നിരുന്നതിനാൽ അധികം ഭൂമിയുള്ളവൻ വലിയപ്രമാണിയായിരുന്നു. മേൽ വിവരിച്ച ചട്ടത്തിൽനിന്നു കാലംകൊണ്ടുണ്ടായ അനുഭവം എല്ലാവൎക്കും സംഘത്തിൽ ഒരുപോലെ അധികാരങ്ങൾ ഉണ്ടായിരുന്നതു് ഇല്ലാതായതും, ഭൂമി ഓരോ പ്രവൃത്തികൾക്കു പ്രതിഫലമായി ഓരോരുത്തൎക്കു കൊടുത്തതാണെന്നുള്ള വിചാരം നാട്ടുകാരുടെ ഇടയിൽ ഉണ്ടാവാൻ സംഗതിവന്നതും ആകുന്നു. ഒരു പ്രഭുവിന്റെ കീഴിൽ ആരെല്ലാം ഭൂമി അനുഭവിക്കുന്നുവോ അവരെയെല്ലാം അയാൾ രക്ഷിച്ചു ഒരുപോലെ വിചാരിച്ചു് വന്നതിനാൽ അവരെല്ലാം വളരെ യോജിപ്പോടും സ്നേഹത്തോടും നിന്നിരുന്നു. ഇവൎക്കു് എല്ലാവൎക്കുംതമ്മിൽ സ്നേഹമുണ്ടാവാൻ ഗോത്രം ഒന്നാവേണമെന്നു സിദ്ധാന്തം ഇല്ലാതായി. ക്രമത്തിൽ ഭൂമിബന്ധം മാത്രം സ്നേഹത്തിന്നു കാരണമായിവന്നു.

എന്നാൽ ആദിയിൽ തന്നെ ഭൂമി ശാശ്വതമായി ഓരോരുത്തൎക്ക കൊടുത്തു എന്നു വിചാരിപ്പാൻ പാടില്ലെന്നും, ആദ്യം അവയെ രാജാവിൻെറ ബോദ്ധ്യംപോലെ കൊടുത്തും ഒഴിപ്പിച്ചും വന്നിരുന്നു എന്നും, ഓരോ തറവാട്ടിലേക്ക കാലംകൊണ്ടു അവ സ്ഥിരമായി സിദ്ധിച്ചതാണെന്നും, അതല്ലാ യോദ്ധാക്കളായ അന്നത്തെ കാലത്തെ ആളുകൾക്ക എത്രയൊ അസ്ഥിരമായ ഒന്നാമത്തെ മാതിരി കൈവശം സിദ്ധിപ്പാൻ സംഗതിയില്ലെന്നും, അതിനാൽ ആദ്യംതന്നെ ശാശ്വതമായി കൊടുത്തിരുന്നുവെന്നും രണ്ടഭിപ്രായമുള്ളതിൽ ഒന്നാമതായി വിവരിച്ചമാതിരിയാണ്, ഈ മാതിരി കൈവശം ഉണ്ടായി വന്നതെന്നാണ് എൻെറ പക്ഷം. യൂറോപ്പിൽ ഈ മാതിരി രാജ്യഭാരവും വസ്തു അനുഭവവും പതിനൊന്നാംനൂററാണ്ടിലാണ് തുടങ്ങിയതു് എന്നാണ് കാണുന്നതു്.

ഈ ചട്ടത്തിൽ പ്രഭുക്കന്മാർ തങ്ങടെ രാജാവിന്നു കീഴടങ്ങി നില്ക്കണമെന്നു തീൎച്ചപ്പെടുത്തീട്ടുണ്ടെങ്കിലും ഇടപ്രഭുക്കന്മാർ, നാട്ടുവാഴികൾ, മുതലായവർ തങ്ങടെ നേരെ മേലെയുള്ളവൎക്ക് ഒതുങ്ങി നില്ക്കണമെന്നല്ലാതെ എല്ലാവരും ഒരുപോലെ രാജാവിന്നു് അനുസരണയോടു കൂടി നില്ക്കണമെന്നു കാണുന്നില്ലാ. അതുകൊണ്ടു് ഒരു രാജ്യത്തിലുള്ള എല്ലാ പ്രഭുക്കന്മാരും അവിടത്തെ രാജാവിന്നു ഒതുങ്ങി നില്ക്കുനപക്ഷം ആ രാജാവിന്നു വളരെ ബലമുണ്ടെങ്കിലും നാലൊ അഞ്ചൊ പ്രഭുക്കൾ വിപരീതമായാൽ ആ രാജാവിൻെറ ശക്തി ക്ഷയിച്ചുപോകുന്നതാണ്.

ഇങ്ങിനെയുള്ള പ്രവൃത്തികളാൽ പ്രഭുക്കന്മാർ രാജാക്കന്മാരെ ക്ഷീണിപ്പിച്ചും, അവരുടെ ശക്തിയെ വൎദ്ധിപ്പിച്ചും, കോട്ടകൾ കെട്ടിച്ചു സൈന്യം ശേഖരിച്ചും, സഭകൾ കൂടി തമ്മിൽ തമ്മിൽ മത്സരിച്ചും, തങ്ങൾ പ്രത്യേകം നാണ്യം അടിപ്പിച്ചും, സ്വകാൎയ്യമായ നിയമങ്ങൾ ഉണ്ടാക്കിയും ഗൎവ്വിഷ്ഠന്മാരായി അവനവൻെറ ദിക്കിൽ രാജാവായി പാൎത്തുതുടങ്ങി. ഇങ്ങിനെ രാജാക്കന്മാരും പ്രഭുക്കന്മാരും തമ്മിൽ ശണ്ഠതുടങ്ങി.

അപ്പൊഴേയ്ക്കു് നാട്ടുകാരുടെ ഇടയിൽ കൃഷി, കച്ചവടം മുതലായ വ്യാപാരങ്ങൾ ചെയ്തു് അനവധി ധനികന്മാരുണ്ടായി; രാജാക്കന്മാരും ഇവരും തമ്മിൽ യോജിച്ചു് ഒരുവിധത്തിൽ പ്രഭുക്കന്മാരുടെ ശക്തിയെ നശിപ്പിച്ചു. യൂറോപ്പിൽ കഴിഞ്ഞ അവസ്ഥ ഇങ്ങിനെയാണ്. പതിമൂന്നാംനൂററാണ്ടിൽ ഈ ഭരണസമ്പ്രദായം ഇല്ലാതെയായിതുടങ്ങി. പതിനഞ്ചിൻെറ അവസാനമായപ്പോഴേക്ക് ഇതിൻെറ ലക്ഷണങ്ങൾ കൂടി തീരെ മാഞ്ഞുതുടങ്ങി. ഈ സ

മ്പ്രദായമുണ്ടായിരുന്ന ദിക്കിലെല്ലാം ഭൂമിസ്വത്തിന്മേൽ അവകാശമുള്ളവൎക്ക് സകല അധികാരങ്ങളും ഉണ്ടായിരുന്നൊള്ളു. ബംഗാത്തിയിൽ ഇപ്പൊഴും ഭൂമിയിന്മേലുള്ള ജന്മയവകാശം ഏകദേശം നമ്മുടെ മലയാളത്തിലെപ്പോലെ തന്നെയാണ്. എന്നാൽ ഇാഘട്ടത്തിൽനിന്നു് ഈ ഇൻഡ്യാരാജ്യത്തേക്കു ഒട്ടുക്കു പററിയിട്ടത്തോളമുള്ള ഭേദഗതിയെ പറയാം. മഹമ്മദുകാരുടെ ഗവൎമ്മേണ്ടിനു മുമ്പായി ഈ രാജ്യത്തും ഏതാദൃശമായ ഒരു ഭരണനടപ്പുണ്ടായിരുന്നു. എങ്കിലും ആ കാലത്തു ഭൂമി മുഴുവൻ ഗവൎമ്മേണ്ടിന്റെയാണെന്നായിരുന്നു വിചാരിച്ചുവന്നതു്. മഹമ്മദുകാർ നാട്ടുരാജാക്കന്മാരെ യുദ്ധത്തിൽ തോല്പിച്ചാണു് രാജ്യം കൈവശപ്പെടുത്തിയിരിക്കുന്നതു് എന്നും അതിനാൽ ഭൂമിയിന്മേൽ ഉടമസ്ഥന്മാൎക്കുണ്ടായിരുന്ന സകല അവകാശങ്ങളും മഹമ്മദുരാജാക്കന്മാൎക്കു സിദ്ധിച്ചിരുന്നു എന്നും മററും ആയിരുന്നു അവരുടെ വാദം. നാട്ടുകാരുടെ നില വെറും പാട്ടക്കാരുടേതുപോലെയായിരുന്നു. മലയാളത്തിൽ ഇവരുടെ രാജ്യഭരണം അധികം കാലത്തോളം ഉണ്ടാവാൻ ഇടവരാത്തതിനാലാണ് ജന്മമൎയ്യാദ ഇളകാതെ നിന്നുപോന്നതു്. ബ്രിട്ടീഷുഗവൎമ്മെൻറു മഹമ്മദുകാരുടെ റിക്കാർട്ടുനോക്കിയാണ് ഇവിടെ അധ്യം ഭരിപ്പാൻ തുടങ്ങിയതു്. അതുകൊണ്ടു് അവരുടെ പ്രവൃത്തിയെല്ലാം ഭൂമി ഗവൎമ്മെൻറിന്റെ ജന്മമാണെന്നുള്ള നിശ്ചയത്തിന്മേൽ ആയ. ഒന്നാമതായി വിവരിച്ച ഗ്രാമസംഘക്കാരുടെ നിലയിലൊ അതൊ രണ്ടാമതു വിവരിച്ച നിലയിലൊ എങ്ങിനെയാണ് ഭൂമിസ്വത്തിന്റെ സൂക്ഷ്മമായ സ്ഥിതി എന്നു് അറിയുവാൻ അന്നു് അവർ ബുദ്ധിമുട്ടിയില്ലാ. ഇതിന്റെ പരമാൎത്ഥം പിന്നെ അവൎക്കു് മനസ്സിലായി എങ്കിലും അതിനാൽ യാതൊരു ഗുണവും ഉണ്ടായില്ലാ. എങ്കിലും ഏകദേശം യൂറോപ്പിലെ മാതിരി ജന്മികളും അതുമാതിരി രാജ്യഭരണവും നമ്മുടെ നാട്ടിൽ ഉണ്ടായിയെന്നതു പ്രത്യക്ഷമായി കാണാവുന്ന ഒരു അവസ്ഥയാണ്.

യൂറോപ്പിലെ രാജാക്കന്മാരെപ്പോലെ ആയിരുന്നു നമ്മുടെ പൊന്നുതമ്പുരാക്കന്മാരെന്നും, അവിടെയും ഇവിടേയും ഉണ്ടായിരുന്ന പ്രഭുക്കന്മാരുടെ നില ഒന്നുതന്നെ ആയിരുന്നുവെന്നും ഉള്ളതു പതിനായിരത്തിൽ നായരു, അഞ്ഞൂറ്റിൽ പ്രഭു, കൎത്താവു മുതലായ സ്ഥാനികളുടെ പേരുകളുടെ അൎത്ഥവും ഇപ്പൊഴും നമ്മുടെ തമ്പുരാക്കന്മാരുടെ സ്ഥാനാരോഹണം മുതലായ അടിയന്തിരങ്ങൾക്കു് ഇവർ അന്നത്തെ മൎയ്യാദപ്രകാരം വന്നു് തങ്ങളുടെ ആദരവു കാണിക്കുന്ന സമ്പ്രദായവും നോക്കിയാൽ അറിയാവുന്നതാണ്.

ഇതിനെപററി കേരള പഴമയിൽ അവിടവിടങ്ങളിൽ പ്രസ്താവിച്ചിട്ടുമുണ്ട്.

ഇങ്ങിനെയാണ് ഭൂമിയിന്മേലുള്ള അവകാശക്രമം ഇപ്പൊഴത്തെ നിലയിൽ എത്തിയതു്.

ഭൂമി ആദ്യം ഏതുനിലയിൽ കിടന്നിരുന്നു എന്നും, അന്നത്തെ ആളുകൾ ഏതു തരക്കാരായിരുന്നു എന്നും, എങ്ങിനെ അവർ ഭൂമി ഉപയോഗപ്പെടുത്തി എന്നും, അതിനു കാരണങ്ങൾ എന്തെല്ലാമായിരിക്കാമെന്നും, ഭൂമി സ്വത്തിൻെറ ഉത്ഭവം എവിടെയാണെന്നും, കൂട്ടുസ്വത്തു് ഏതുപ്രകാരം സ്വകാര്യസ്വത്തായി വന്നു എന്നും, ഗ്രാമസംഘങ്ങളുടെ മാതിരി ഇന്നതാണെന്നും, ഇപ്പൊഴത്തെ ഓരോ അവകാശക്രമങ്ങളുടെ അസ്സൽ ഇന്നതാണെന്നും മററും സമഷ്ടിയായി ഇപ്പോൾ ഞാൻ പ്രസ്താവിച്ചുവല്ലോ. ഇക്കാലത്തെ അവകാശക്രമങ്ങളും നടപ്പുകളും എല്ലാവൎക്കും ഏറെക്കുറെ നിശ്ചയമുണ്ടാവാൻ സംഗതിയുള്ളതിനാൽ അവയെപററി ഇവിടെ അധികം വിവരിക്കുന്നില്ലാ.

---

# ൧൨. ദാരിദ്ര്യം.

മനുഷ്യർ എല്ലാവരും സുഖത്തോടും സന്തോഷത്തോടും കൂടെ ജീവിക്കേണമെന്നു് ആഗ്രഹിക്ക പതിവാണല്ലോ. എന്നാൽ ഈ ആഗ്രഹപ്രകാരം തന്നെ ജീവിപ്പാൻ എല്ലായ്പോഴും എല്ലാവൎക്കും സംഗതിവരുന്നതായി കാണുന്നില്ല. സുഖത്തേയും സന്തോഷത്തേയും ഇല്ലായ്മചെയ്യുന്നതിനുള്ള ഹേതുക്കൾ വളരെയുണ്ടെന്നുവരികിലും ദാരിദ്ര്യമാകുന്നു ഇവയിൽ മുഖ്യമായുള്ളതു്. 'സൎവ്വശൂന്യം ദരിദ്രതാ' എന്നുണ്ടല്ലോ.

ദാരിദ്ര്യദുഃഖത്തിൽ പരമായദുഃഖം ഉണ്ടെന്നു് തോന്നുന്നില്ല. അതിനാൽ ഈ ദോഷം ഇല്ലാതെയാകയോ, വൎദ്ധിക്കാതെയിരിക്കയോ ചെയ്യേണ്ടതിനു് കഴിവുള്ളയത്നങ്ങൾ എല്ലാം ചെയ്യേണ്ടുന്നതു് എത്രയും അത്യാവശ്യമായിരിക്കുന്നു. അതുകൊണ്ടു് ദാരിദ്ര്യം ഉത്ഭവിക്കുന്നതിനുള്ള ഹേതുക്കൾ എന്തെല്ലാമെന്നാകുന്നു ഇവിടെ ആ

ലോചിക്കേണ്ടിയിരിക്കുന്നത്. ഇതിനുള്ള മുഖ്യഹേതുക്കളിൽ ചിലതു് പറയാം.

൧. മടി—ഇതിനുള്ള ഹേതുക്കളിൽ ഒന്നാകുന്നു. 'എല്ലുമുറിയപ്പണിതാൽ പല്ലുമുറിയത്തിന്നാം' എന്നുണ്ട്. ഒരു കൂലിക്കാരൻ തനിക്കു കിട്ടുന്ന ഒരുദിവസത്തെ കൂലി മുഴുവനും ചെലവാകുന്നതുവരേയോ, ചെലവായതിന്റെ ശേഷം കുറെ കടംകൂടെ ഉണ്ടാകുന്നതുവരേയോ, യാതൊരു പ്രവൃത്തിയും ചെയ്യാതിരുന്നാൽ അവൻ ദാരിദ്ര്യം അനുഭവിക്കാതെ നിവ്വാഹമില്ലല്ലോ. തങ്ങൾക്ക് അർഹതയില്ലാത്ത കാര്യങ്ങളിൽ പ്രവേശിച്ച് തൊഴിൽ ഉപേക്ഷിച്ച് നടക്കുന്നവർ ദാരിദ്ര്യദുഃഖം അനുഭവിക്കാതിരിക്കുന്നതെങ്ങിനെ. മുടങ്ങാതെ യോഗ്യമാംവണ്ണം പണിയെടുക്കുന്നവർ അധികമായി ഈ ദുഃഖം അനുഭവിച്ചുകാണുന്നില്ല. അതിനാൽ ദാരിദ്ര്യദുഃഖം അനുഭവിക്കാതിരിക്കുന്നതിന് അഗ്രഹിക്കുന്നവരെല്ലാവരും ഒന്നാമതായി കുടികെടുക്കുന്നതായ മടിയെ വിടേണ്ടതാകുന്നു. 'ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം' എന്നുണ്ടല്ലോ.

൨. അമിതവ്യയം—വരവു നോക്കാതെ വരവിലധികമായി ചിലവുചെയ്യുന്നവൻ ദരിദ്രനാകാതിരിപ്പാൻ നിവൃത്തിയില്ല.

'അന്യംദൃഷ്ടാപാവ്യയംകുൎയ്യാ
ദായാദല്പതരോവ്യയഃ
അനായീവ്യയശീലശ്ച
ക്ഷിപ്രമേവവിനശ്യതി'

എന്നുണ്ട്. ധാരാളച്ചിലവു ചെയ്യുന്നതിൽ മിക്കപ്പൊഴും ഡംഭം അന്തൎഭവിച്ചിരിക്കുമൊ എന്നു സന്ദേഹിക്കുന്നു. വരവിലധികമായി ചെലവു ചെയ്കയില്ലെന്നുള്ളമനോനിശ്ചയം അത്യാവശ്യമാണ്. ചെലവു വരവിൽ അല്പമെങ്കിലു കുറഞ്ഞിരിക്കണം. 'അടിതെററിയാൽ ആനയുംവീഴും' എന്നുണ്ടല്ലോ. എല്ലാ കാൎയ്യത്തിലും മിതവ്യയം അവശ്യമെന്നറിയേണം.

൩. ആഭരണഭ്രമം—ആഭരണം നല്ലതും ഭംഗിയുള്ളതുമാണെങ്കിലും

'അരിമണിയൊന്നുകൊറിപ്പാനില്ല
തരിവളയിട്ടുകിലുക്കാൻമോഹം'

എന്നുള്ളതനുസരിച്ച് കടം വാങ്ങിച്ച് ആഭരണങ്ങൾ ചമയ്ക്കുന്നവരുടെ ഭവനങ്ങളിൽ ദാരിദ്ര്യം സ്ഥിരവാസംചെയ്യാതെയിരിക്കയില്ല 'കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം' എന്നുണ്ട്

ല്ലൊ. ആഭരണം, വസ്ത്രം മുതലായവയെ സംബന്ധിച്ച കാൎയ്യത്തിൽ ധനവാന്മാർ പ്രവൎത്തിക്കുന്നതുപോലെ പ്രവൎത്തിക്കണമെന്നുള്ള അഗ്രഹം നിൎദ്ധനന്മാൎക്ക് ഒരിക്കലും ശുഭകരമായിരിക്കയില്ല. ദ്രവ്യസംബന്ധമായ കാൎയ്യത്തിൽ തങ്ങളെക്കാൾ താഴെയുള്ളവരെ മാത്രം നോക്കി തൃപ്തിപ്പെടേണ്ടതാകുന്നു. 'കിടക്കുന്നതു കാവൽപ്പുര' 'സ്വപ്നംകാണുന്നതു് മച്ചും മാളികയും' എന്നപോലെയാകരുതു്.

൨. മദ്യപാനം—"മുലകുടിമാറിയാൽ ഒരുകുടിവേണം" എന്നു പറഞ്ഞുകൊണ്ടു് ചാരായം സേവിക്കുന്നവർ വളരെയുണ്ടു്. യൂറോപ്പുകാർ വിദ്വാന്മാരും ബുദ്ധിമാന്മാരും ആകകൊണ്ടു് അവർ സേവിക്കുന്ന മദ്യം സേവിച്ചാൽ ഗുണം സിദ്ധിക്കാതിരിക്കയില്ലെന്നു് വിചാരിച്ചിട്ടൊ എന്തൊ ബ്രാണ്ടിമുതലായ ലഹരിദ്രവ്യങ്ങൾ രഹസ്യമായി പാനം ചെയ്യുന്നവർ അധികം ഇല്ലെന്നില്ല. മദ്യത്തെ പാനംചെയ്യുന്നവർ സ്വന്തകുടുംബത്തെ നശിപ്പിക്കുകയാകുന്നു ചെയ്യുന്നതു്. 'കയ്യിൽ ഇരിക്കുന്ന കാശു കൊടുത്തു മുഖത്തു കടിക്കുന്ന നായയെ വാങ്ങുക' എന്നപോലെ പ്രവൎത്തിക്കുന്നതിൽ അന്തൎഭവിച്ചിരിക്കുന്ന രഹസ്യം എന്തെന്നു് മനസ്സിലാകുന്നില്ല. മാനത്തേയും സുഖബോധത്തേയും ദ്രവ്യത്തേയും നശിപ്പിക്കുന്ന മദ്യത്തെ പാനംചെയ്യുന്നതിൽ പരം അബദ്ധം മറ്റൊന്നുമില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മദ്യപാനദോഷം വൎദ്ധിക്കാതിരിക്കേണ്ടതിന്നു് പരിഷ്കൃതരാജ്യങ്ങളിൽ 'മധുവൎജ്ജനസമൂഹം, സ്ഥാപിച്ചുവരുന്നതായികാണുന്നു. മദ്യപാനിയെക്കുറിച്ചു് ഒരാൾ എഴുതിയിട്ടുള്ളതിന്റെ തൎജ്ജിമ താഴെചേൎക്കുന്നു.

## മദ്യപാനിയുടെ മരണപത്രം.

(൧.) 'നാശകരമായ നടപ്പിനേയും, നികൃഷ്ട ദൃഷ്ടാന്തത്തേയും, എന്നെക്കുറിച്ചു്, ക്ഷണത്തിൽ നശിച്ചുപോകുന്നതായ ഓൎമ്മയേയും ജനസമുദായത്തിന്നും,

(൨.) ബലഹീനവും പരിതാപയുക്തവും ആയ ഒരു അവസ്ഥയിൽ മനുഷ്യൎക്ക് അനുഭവിപ്പാൻ കഴിയുന്നെടത്തോളം ദുഃഖത്തെ എന്റെ മാതാപിതാക്കന്മാൎക്കും,

(൩.) എന്റെ സഹോദര സ്ഹോദരിമാൎക്ക് എത്രമേൽ നാശത്തേയും ഉപദ്രവത്തേയും വരുത്തുവാൻ എനിക്കു കഴിഞ്ഞുവോ അത്രമേൽ നാശത്തേയും ഉപദ്രവത്തേയും അവൎക്കും,

(ഝ.) ഒരുനുറുങ്ങിയ ഹൃദയത്തേയും, നികൃഷ്ടജീവിതത്തേയും, എന്റെ അകാലമരണത്തെക്കുറിച്ച് ദുഃഖിക്കുന്നതിലുള്ള ലജ്ജയേയും ഭാഗ്യദോഷം ഞാൻ സമ്പാദിച്ച് വച്ചിരിക്കുന്നു.'

(ഠ.) ദാരിദ്ര്യത്തേയും, അറിവില്ലായ്മയേയും, ഹീനസ്വഭാവത്തേയും, തങ്ങളുടെ പിതാവ് ഒരു ഭയങ്കരനായിരുന്നു എന്നുള്ള ഓർമ്മയേയും, ഞാൻ എന്റെ മക്കളിൽ ഓരോരുത്തർക്കും ഭാഗിച്ചു കൊടുക്കുന്നു; ഇത് ശരിയല്ലയോ?

ദ. കല്യാണാഘോഷം ചിലർ തങ്ങളുടെ സ്ഥിതിയേയും, അവശ്യത്തേയും അതിക്രമിച്ച് കല്യാണമാഘോഷിച്ച് വരുന്നതു കാണുമ്പോൾ, അനാവശ്യച്ചിലവു ചെയ്തില്ലെങ്കിൽ കല്യാണമല്ലെന്ന് വന്നേക്കുമെന്ന് കരുതി അപ്രകാരം പ്രവൃത്തിക്കുന്നതോ എന്നു തോന്നിപ്പോകും. ഈ ആവശ്യത്തിലേക്കായി കൂലികൊടുത്ത് സ്വർണ്ണാഭരണങ്ങൾ വാങ്ങിക്കുക കൂടി നടപ്പുണ്ട്. ആഭരണങ്ങൾ പണിയിക്കുന്നതിന് വകയില്ലാത്തവർ മേൽപ്രകാരം വാങ്ങി അണിയുന്നതുകൊണ്ടെന്തു പ്രയോജനം? തന്റേതല്ലാത്തത് തന്റേതാണെന്നു അന്യന്മാരെ ധരിപ്പിച്ചിരിക്കേണമെന്നുള്ള ഒരു ദുർമ്മോഹം വേണ്ടുവോളമുണ്ടെന്നാകുന്നു ഇതിനാൽ തെളിയുന്നത്. 'ഇരന്നു പൊന്നാണിട്ടുഞ്ഞെറം തെളിഞ്ഞീടൊല്ലാ' എന്നുണ്ടല്ലോ. 'കാണം വിററും ഓണം ഉണ്ണേണം' എന്നുള്ളതിനെ അടിസ്ഥാനമാക്കിക്കൊണ്ടും കടം വാങ്ങി സദ്യകഴിക്കുന്നവർ ഉണ്ടെന്നു വ്യസനത്തോടുകൂടെ പ്രസ്താവിച്ചുകൊള്ളുന്നു. തന്റെ സ്ഥിതിയെ അതിക്രമിച്ചു സദ്യകളും മററും കഴിക്കുന്ന ദുരഭിമാനികൾ സജ്ജനങ്ങളാൽ നിന്ദിക്കപ്പെടാതിരിക്കയില്ലാ.

'ആത്മപക്ഷം പരിത്യജ്യ
പരപക്ഷേഷുയോരതഃ
സപരൈർഹന്യതേമൂഢോ
നീലവർണ്ണസൃഗാലവൽ'

ന. കൈത്തൊഴിൽ പഠിപ്പിക്കായ്ക — ദാരിദ്ര്യത്തിനുള്ള ഹേതുക്കളിൽ ഒന്നാകുന്നു. ഇവിടങ്ങളിൽ കൈത്തൊഴിൽക്കാർ മിക്കവാറും ദാരിദ്ര്യം അനുഭവിച്ചുവരുന്നതായി സകലരും അറിഞ്ഞിരിക്കെ, കൈത്തൊഴിൽ പഠിപ്പിക്കാതിരിക്കുന്നതിനാൽ ദാരിദ്ര്യം വർദ്ധിക്കുന്നു എന്നു പറയുന്നത് അബദ്ധമെന്ന് ചിലർ വിചാരിക്കുമായിരിക്കാം. ഇവിടങ്ങളിലെ കൈത്തൊഴിൽക്കാർ ദാരിദ്ര്യമനുഭവിക്കുന്നുണ്ടെങ്കിൽ, അതു കൈത്തൊഴിലിന്റെ കുററം കൊണ്ടല്ലാ

ദാരിദ്ര്യത്തെ ആകൎഷിക്കുന്നതിന്നായി അവരെ ബാധിച്ചിരിക്കുന്ന മറ്റു കാരണങ്ങൾ കൊണ്ടത്രെ എന്നാകുന്നു വിചാരിക്കേണ്ടിയിരിക്കുന്നതു്. ഇതരദേശങ്ങളിൽ നിന്നു കൊണ്ടുവരുന്ന സാമാനങ്ങളും മറ്റും വാങ്ങിക്കേണ്ടതിന്നായി ഇവിടത്തുകാർ അനവധി ദ്രവ്യവ്യയം ചെയ്യുന്നുണ്ടല്ലൊ. അങ്ങിനെയുള്ള സാമാനങ്ങളിൽ ഇവിടെ ഉണ്ടാക്കാവുന്നതെല്ലാം ഇവിടെത്തന്നെ ഉണ്ടാക്കുകയെന്നു വന്നാൽ ഗുണമല്ലാതെ യാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്നു പറയേണ്ടതില്ലല്ലൊ. ഉദ്യോഗംകിട്ടേണ്ടതിന്നു് വേണ്ടുന്ന അറിവുസമ്പാദിക്കുന്നതുവരെ പഠിപ്പിപ്പാൻ നിവൃത്തിയില്ലായ്കനിമിത്തം ഉദ്യോഗവും കൈത്തൊഴിലും ഇല്ലാതെ അരിഷ്ടിക്കുന്നവർ വളരെയുള്ളതിനാൽ ആകുന്നു ഇവിടെ ഇപ്രകാരംപറയുന്നതു്. ഇങ്ങിനെയുള്ള ദോഷങ്ങളെ ഇല്ലായ്മചെയ്യേണ്ടതിന്നു് ജനകാൎയ്യോത്സാഹികളായ മഹാന്മാർ പ്രത്യേകം താല്പൎയ്യപ്പെടുവാനുള്ളതാകുന്നു.

൧. നിൎവ്വ്യാജസ്നേഹമില്ലായ്മ—ദാരിദ്ര്യത്തിന്നനുകൂലമാകുന്നു.

മനുഷ്യർ എല്ലാവരും പരസ്പരം നിൎവ്യാജമായി സ്നേഹിക്കുന്ന ദിക്കിൽ ദാരിദ്ര്യം ബലപ്പെടുകയില്ല. 'അകത്തുകത്തിയും പുറത്തു പത്തിയും' എന്നപോലെയുള്ളതിനെയല്ല ഇവിടെ നിൎവ്യാജസ്നേഹമെന്നു പറയുന്നതു്. സ്വസ്നേഹാധിക്യത്താലും പരശ്രീ കണ്ടുകൂടായ്കയാലുമാകുന്നു മനുഷ്യർ അന്യോന്യം നിൎവ്യാജമായി സ്നേഹിക്കാതിരിക്കുന്നതു്.

> ആത്മവൽസൎവ്വഭൂതാനി
> യഃ പശ്യതിസപണ്ഡിതഃ

എന്നുള്ളതു ഓൎക്കേണ്ടതാണു്.

> കൎമ്മവാക്കായങ്ങളാലന്യനെപാലിക്കേണം
> ധൎമ്മമൊന്നതുതന്നെപോരുമെന്നറിഞ്ഞാലും

എന്നുണ്ടല്ലോ 'കാലെടുത്തുവച്ചാൽ കാൽപണം കൂവി' കിട്ടണമെന്നു വിചാരിക്കുന്നവർ 'പരോപകാരാൎത്ഥമിദംശരീരം' എന്നുള്ളതിന്റെ വിലയറിയുന്നില്ല. മനുഷ്യർ അന്യോന്യം നിൎവ്യാജമായി സ്നേഹിപ്പാനുള്ളതാകുന്നു.

൨. ഈശ്വരഭക്തിയില്ലായ്മ മറ്റു ദോഷങ്ങളെ എന്നപോലെ തന്നെ ദാരിദ്ര്യത്തേയും ഉത്ഭവിപ്പിക്കുന്നു.

> 'തന്നുടെഭക്തരെരക്ഷിപ്പതിന്നുതാൻ
> തന്നെയുംകൂടെമറന്നുപോമീശ്വരൻ'

എന്നുണ്ടല്ലോ.

'ഈശ്വരാനുഗ്രഹമില്ലാതവന്നഹോ
നശ്വരമായ്വരും നിശ്ശേഷയത്നവും'

എന്നുള്ളതിനാൽ ഈശ്വരാനുഗ്രഹമില്ലാത്തവൻെറ പ്രവൃത്തികൾ ശുഭപ്പെടുകയില്ലെന്നു തെളിയുന്നു. പ്രവൃത്തികളിലൊന്നിലും ഗുണമില്ലെന്നു വന്നാൽ ക്ഷണേന ദരിദ്രനാകാതിരിക്കയില്ല.

അതുകൊണ്ടു് എല്ലാവരും ഈശ്വരഭക്തന്മാരായിരിക്കേണ്ടതാകുന്നു. മനുഷ്യരിൽ വഷളന്മാർ പ്രബലപ്പെടുമ്പോൾ ദുഷ്ടന്മാർ എല്ലാടവും സഞ്ചരിക്കുമെന്നുണ്ടെങ്കിലും ഈശ്വരനെ ഭയപ്പെടുന്നവക്കു് ഒരു നന്മയ്ക്കും കുറവു വരുന്നതല്ല. ഈശ്വരനെ ഭയപ്പെട്ടു് ഈശ്വരൻെറ അജ്ഞകളെ അനുസരിച്ചു നടക്കുന്നവക്കു് യാതൊരു നന്മയ്ക്കും കുറവു വരുന്നതല്ല എന്നല്ലാതെ, ദാരിദ്ര്യദുഃഖമനുഭവിക്കാതെ ഇരിക്കേണമെന്നുള്ള ഏക വിചാരത്തോടുകൂടെ ഈശ്വരനെ സേവിക്ക വിഹിതമെന്നു് ഞങ്ങൾ പറയുന്നില്ല.

ദാരിദ്ര്യഹേതുക്കളിൽ ചിലതു് മേൽ പ്രസ്താവിച്ചവയാകുന്നു. ഒരു വൃക്ഷത്തിൻെറ വേരെല്ലാം മുറിച്ചെടുത്താൽ ആ വൃക്ഷം ഉണങ്ങിപ്പോകുന്ന പ്രകാരംതന്നെ ദാരിദ്ര്യഹേതുക്കളെല്ലാം ഖണ്ഡിച്ചുകളഞ്ഞാൽ, ഈശ്വരകൃപയാൽ ദാരിദ്ര്യദരിദ്രത ഭവിക്കുന്നതാകുന്നു.

---

## ൯൩. കേരളത്തിലെ ദ്രവ്യപുഷ്ടി.

ഒരു രാജ്യത്തിലുള്ളവർ സമ്പാദനാത്ഥം നടത്തിപ്പോരുന്ന വ്യാപാരഭേദങ്ങളുടെ വൈശിഷ്ട്യത്തെ അശ്രയിച്ചു് ആ രാജ്യത്തേയ്ക്കുള്ള വരവും നിത്യവൃത്തിയുടേയും വിശേഷവിധികളുടേയും നിദാനത്തേയോ, അഡംബരത്തേയോ, അശ്രയിച്ചു ചെലവും നില്ക്കുന്നു എന്നു് നിരാക്ഷേപമാണു്. നമ്മുടെ രാജ്യത്തിൽ വരവോ ചെലവോഅധികരിച്ചു നില്ക്കുന്നതെന്നു ചിന്തിക്കേണ്ടതു് അത്യാവശ്യമായിട്ടു് അധിക കാലമായിരിക്കുന്നു. വരവിനു് അധിക്യമുണ്ടെങ്കിൽ അതിലഭിനന്ദിക്കുകയും, ചെലവിനു് അധിക്യമുണ്ടെങ്കിൽ അതു വരുന്നതു് ഇന്നിന്ന വഴിക്കാണെന്നു യുക്തിയുക്തമായി ജന

ങ്ങൾക്ക് ബോദ്ധ്യം വരുംവിധം പറഞ്ഞു് അതു നിദാനപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നതു് നാം സ്വരാജ്യത്തെയ്ക്കു വേണ്ടി വിഹിതമായി ചെയ്യേണ്ട പ്രവൃത്തികളിൽ ഒന്നുമാത്രമാണ്.

വർവെല്ലാം ഗണിക്കേണമെങ്കിൽ ഇപ്പോൾ ജനങ്ങൾ നടത്തിപ്പോരുന്ന വ്യാപാരഭേദങ്ങളെല്ലാം വിചാരിക്കേണ്ടിവരുന്നു. ഗുരുത്വമാലോചിച്ചു് പറയുന്ന പക്ഷം ഇപ്പോൾ കാണുന്നവയിൽ ഒന്നാമതായി പറയേണ്ടതു് കൃഷിപ്രവൃത്തിയാണ്. കേരളീയൎക്ക് പൂൎവ്വന്മാരുടെ പേരിൽ ഭക്തി കലശലാകയാൽ അവർ നിയമിച്ചിരിക്കുന്നതു് ഭേദപ്പെടുത്തുന്നതു് ഗുരുത്വക്ഷയമൊ അന്യായമൊ എന്നൊരുവിചാരം പ്രായേണ കണ്ടുപോരുന്നുണ്ടു്. ഇതു ഹേതുവായിപണ്ടു തിരുനാവായെ സഭായോഗംകൂടി ജനങ്ങൾ രാജ്യകാൎയ്യം നടത്തിയിരുന്ന കാലംമുതൽ ഇന്നേവരെ ഓരോ തൊഴിലുകൾക്ക് ആവശ്യങ്ങളായി ഉപയോഗപ്പെടുന്ന സാധനങ്ങൾക്ക് അന്നു മുതൽ ഇന്നേവരെ ഈഷൽ ഭേദംവരുത്താതെ തന്നെ ബഹുഭക്തിയോടെ രക്ഷിച്ചു പോരുന്നുണ്ടു്. കാളയുടെ നാവുപോലെയുള്ള കൊഴുവും, കാഞ്ഞിരംകൊണ്ടു കരിയും, പനയലകുകൊണ്ടു് കരിക്കോലും, മുളയിലംകൊണ്ടു നുകവും, പനങ്കഴികളും ഇന്നേവരെ ഭേദപ്പെട്ടിട്ടില്ലാ. വളം ചേൎക്കുന്നതും അന്നും ഇന്നും ഒന്നുതന്നെയാണ്. കാലിച്ചാണകവും ചില വൃക്ഷങ്ങളുടേയും മററും ഇലകളും മാത്രമെ കാണുന്നുള്ളു. കൊയിത്തു കഴിഞ്ഞു നെല്ലെല്ലാം അകത്തായാൽ ചെലവിനും വിത്തിനും കഴിച്ചുണ്ടാകുന്നതു കൎക്കടകത്തിൽ വില്പാനെന്ന നിലയിൽ സൂക്ഷിച്ചു ഒടുവിൽ നിശ്ചയിച്ച കാലം വരുന്നതിനു മുമ്പായി കിട്ടിയവിലയ്ക്കു എന്ന നിലയിൽ വിററുകളകയാണു്, ചെയ്തുകാണുന്നതു്. ലാഭമോ ചേതമോ ഉണ്ടാകുന്നതു ദൈവകൃത്യമെന്നു കരുതി സമാധാനിക്കയും ചെയ്തുപോരുന്നു. ഈ പറഞ്ഞതെല്ലാം നെല്ലിന്റെ കഥയാകുന്നു. വേറെ ധാന്യങ്ങളും കൃഷി ചെയ്യുമാറില്ലെന്നില്ല. സ്വന്താവശ്യാൎത്ഥം മററു ചില ധാന്യങ്ങളുംകൃഷിചെയ്യുന്നതിൽ ചിലപ്പോൾ യദൃച്ഛയാ അധികമുണ്ടാകുന്ന പക്ഷം അവയെല്ലാം ഇതുതന്നെയാണു് ഗതി. ഇതിൽ പ്രധാനങ്ങളായിരിക്കുന്നവ എള്ളു്, പയറു്, ഉഴുന്നുമുതലായവയാണു്.

മേൽപറഞ്ഞ ധാന്യങ്ങളെല്ലാം കൃഷി ചെയ്യേണ്ടമാതിരി പുരാതനകാലങ്ങളിലുണ്ടായിരുന്നതിനേക്കാൾ ഈ കാലത്തു് വളരെ പരിഷ്കാരപ്പെട്ടിരിക്കുന്നു. ജനോപകാരാൎത്ഥം വിദ്യാൎത്ഥികളിൽ മനസ്സുള്ളവരെ അഭ്യസിപ്പിക്കേണ്ട ആവശ്യത്തിലേക്കു ബ്രിട്ടീഷുഗവൎമ്മെൻറു് ഇതിനു പ്രത്യേകമായി ഒരു പാഠശാലയും പരീക്ഷകളും

ബഹുമാനങ്ങളും നിയമിച്ചിരിക്കുന്നു. തങ്ങളുടെ കുട്ടികളെ ഒരു പാഠശാലയിലയച്ചു സ്വരാജ്യത്തേയ്ക്കു പ്രത്യേകം ആവശ്യമായിരിക്കുന്ന ഒരു അറിവിനെ സമ്പാദിച്ചു രാജ്യത്തേക്കു അഭിവൃദ്ധിവരുത്തുവാൻ ജനങ്ങൾക്കു ഇനിയും തോന്നാത്തതു വളരെ കഷ്ടമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

കൃഷി പ്രവൃത്തി എന്നു പറയുന്നതിൽ അധികം ജനങ്ങൾക്കു ഇയ്യിടെ ഒരു ജാള്യമാണു കണ്ടുവരുന്നതു. ആൎയ്യകുലത്തിലാണു ജനനമെന്നു ഞെളിക്കയും ചെയ്യുന്നു—ആൎയ്യശബ്ദത്തിന്റെ ആഗമം ചിന്തിക്കുകതന്നെ ഇല്ലാതാനും. ധാതുവൎത്ഥപ്രകാരം ആൎയ്യശബ്ദത്തിന്റെ അൎത്ഥം കൃഷിക്കാരൻ എന്നു മാത്രമാണു. (കൃഷിചെയ്വാൻ ഭൂമിഉഴുന്നവൻ) ആദ്യകാലങ്ങളിൽ ധാന്യങ്ങൾ കൃഷിചെയ്തു വിളയിച്ചു ഭക്ഷിച്ചിരുന്ന സംഘക്കാർ ആൎയ്യന്മാർ മാത്രമായിരുന്നതിനാലും ഇതിനു അന്യസംഘക്കാരേക്കാൾ പരിഷ്കാരസിദ്ധി ആവശ്യമായിരുന്നതിനാലും ഈ ശബ്ദത്തിങ്കൽ ശ്രേഷ്ഠത്വം ആരോപിച്ചിരിപ്പാനെ കാരണം കാണുകയുള്ളു. ഇങ്ങിനെയിരിക്കുന്നമൂലം മറക്കയാൽ ഇപ്പോൾ വിസ്മൃതിയായതിനു ക്ലേശിക്കേണ്ടതില്ല.

കേരളത്തിൽ ബ്രിട്ടീഷ്ഗവൎമ്മെന്റു ഭരിക്കുന്നഭാഗങ്ങളിൽ ഒന്നു രണ്ടു താലൂക്കുകളൊഴികെ പ്രധാന ജന്മിത്വം നായന്മാൎക്കും നമ്പൂരിമാൎക്കും ആകുന്നു. ചില പ്രദേശങ്ങളിൽ സ്വത്തുപിച്ച ജന്മവസ്തുക്കളുള്ള ഊരിൽ പരിഷമൂസ്സതിന്മാരുമുണ്ടു. മേല്പറഞ്ഞ ഒന്നരണ്ടു താലൂക്കുകളിൽ ഒന്നിൽ പ്രായേണ നമ്പൂരിമാരും മറേതിൽ പരദേശബ്രാഹ്മണരുമാകുന്നു. ഈ ജന്മികളെല്ലാം നിലങ്ങൾ അധികവും പാട്ടത്തിനേല്പിക്കുകയാണു പതിവു. കൃഷി ഏതുവിധമായാലും ഇവൎക്കു ചോദ്യമില്ല. പാട്ടം ക്രമപ്രകാരം വസൂലാക്കേണമെന്നേ ശാഠ്യമുള്ളു. അഥവാ അവനവൻതന്നെ നടത്തുന്ന ഭാഗങ്ങളിൽപോലും സ്വന്തദൃഷ്ടി വയ്ക്കുക എന്ന നിയമമെ ഇല്ല. കൃഷിക്കാരനായി ഒരുവനെ നിയമിച്ചവന്റെ ഹിതംപോലെ കാൎയ്യമെല്ലാം നടത്തുക എന്നല്ലാതെ ഉടമസ്ഥനു വെയിലൊ മഴയൊ ഉള്ളപ്പോൾ പുറത്തിറങ്ങുന്നതു ലഘുത്വമായാണു വിചാരിച്ചുകാണുന്നതു. വെയിലും മഴയുമില്ലാതെ സമയവുമില്ല. അതിനാൽ ഉടമസ്ഥൻ നോക്കുകയുമില്ല. ഇത്ര ഉദാസീനതയോടുകൂടി കാൎയ്യാന്വേഷണം ചെയ്തിട്ടും ഇപ്പോഴുണ്ടാകുന്ന ആദായം നോക്കുമ്പോൾ വേണ്ട വിധത്തിലായിരുന്നാൽ ഉണ്ടാകത്തക്ക ആദായം ഗണിക്കാവുന്നതാണു.

൨. രണ്ടാമതായി പറയേണ്ടതു് നെയിത്തുപണിയാണ്. ഇതിൻെറ ഗുരുത്വം നമ്മുടെ നാട്ടിൽ ഇനിയും വേണ്ടവിധം അനുമാനിച്ചുതുടങ്ങീട്ടില്ല. വിദ്യാനൈപുണ്യംകൊണ്ടു് ബുദ്ധിക്ക് വികാസം സിദ്ധിച്ചവർ എന്തുതന്നെ ചെയ്തിരുന്നാലും അതെല്ലാം ശുദ്ധമേ മൂഢന്മാർ ചെയ്യുന്നതിൽ എത്രയോ അധികം വൈശിഷ്ട്യത്തോടെ സാധിക്കുമെന്നു് ലോകസമ്മതമാണ്. ഈ ബോദ്ധ്യം എല്ലാവർക്കുമുണ്ടെങ്കിലും ഈ വിഷയത്തിലേർപ്പെടുവാൻ മനസ്സിനു് ധൈര്യം വരുന്നില്ല. തൊട്ടിലിലെ ശീലം ചുടലയിൽ എന്നല്ലേ പ്രമാണം? നെയിത്തു തുടങ്ങിയാൽ ചാലിയനായിപ്പോകുമെന്നാണ് ഭയം. ഈ പ്രവൃത്തി കുലധർമ്മമായി പാലിച്ചുപോരുന്ന ചാലിയർക്ക് പതിത്വം കല്പിക്ക ഹേതുവായി വിജ്ഞാനസിദ്ധിക്ക് ഹേതുവരാതെ മൂഢന്മാരായിത്തന്നെ കഴിയുന്നു? എന്നുമാത്രമല്ല അവരെക്കൊണ്ടു് സ്വരാജ്യത്തേക്ക് ഉണ്ടാകേണ്ടുന്ന പുഷ്ടികൾക്ക് ശോഷണവും വരുന്നു. പിന്നെ ഈ സംഘക്കാരെക്കൊണ്ടു് രാജ്യത്തിലേക്ക് സാധിക്കുന്നതു് പരുക്കൻതോർത്തുമുണ്ടും പേററുകച്ചയും മാത്രമായതിനെക്കുറിച്ച് അതിശയിക്കാനില്ല. ഒന്നാമതു് ഓരോ പ്രവൃത്തിക്ക് ഓരോസംഘക്കാരെ പ്രത്യേകിച്ച് നിയമിച്ചതുതന്നെ അബദ്ധം. പിന്നെ പ്രവൃത്തികളുടെ ഗുരുലഘുത്വമാലോചിക്കാതെ അതാതു ചെയ്യുന്നവർക്ക് അവിഹിതമായി പതിത്വം കല്പിച്ചതിൽ പ്രഥമാബദ്ധം ആവർത്തിച്ച് എള്ളുകൃഷിചെയ്തു് വെട്ടിഉണക്കി തട്ടി മണിയാക്കുന്നതുവരെയുള്ള പ്രവൃത്തി ആർക്കെങ്കിലും ചെയ്യുന്നതിന് ആക്ഷേപമില്ല. അതിൽ നിന്നു് ജനങ്ങൾക്ക് അത്യാവശ്യവസ്തുവായ എണ്ണ എടുക്കുന്നതു് നികൃഷ്ടവൃത്തി എന്നും അതിനു് ചക്കാൻ എന്നു് ഒരു ജാതി വേറെവേണമെന്നുമല്ലേ പൂർവ്വന്മാരുടെ വിധി. ചകരികൊണ്ടു് കയർ പിരിപ്പാൻ പണ്ടു് പൂർവ്വന്മാർ കല്പിച്ച ജാതിയില്ലാത്ത പ്രദേശങ്ങളിൽ ദ്രവ്യമായിത്തീരുന്ന ഈ സാധനം കത്തിച്ചു ഭസ്മമായല്ലേ പോകുന്നതു്?

ചാലിയർ മൂഢരെങ്കിലും അവർക്ക് പരമ്പരയായി ഒരു തോത്തു കിട്ടീട്ടുണ്ടു്. അതുപ്രകാരം നടന്നു പോരുന്നതുമുണ്ടു്. ഇവർ ഉണ്ടാക്കുന്ന തോർത്തമുണ്ടു് ഉടുത്തു് യജമാനന്മാരായി ഞെളിവാൻ സാധിക്കാത്തതുകൊണ്ടു് നമ്മുടെ നാട്ടുകാർ എത്ര നഷ്ടപ്പെടുന്നുണ്ടെന്നു് ആരെങ്കിലും ഇതുവരെ ആലോചിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ നിവൃത്തി മാർഗ്ഗം കാണാതിരിക്കയുമില്ല. നമ്മുടെ യോഗത്തിൽ യോഗ്യതയിലിരിക്കുന്ന അമ്മമാരും കുട്ടികളും ഉപയോഗിച്ച് പോരുന്നവയും പാവു തരത്തിലുള്ളവയുമായ വിചിപിടിച്ച മുണ്ടുകളും വസ്ത്രങ്ങളും ആരു് എങ്ങിനെ എവിടെ വച്ചുണ്ടാക്കുന്നു, എന്നു് ഈ

നാട്ടിലാരും വിചാരിക്കുന്ന ചട്ടമേഇല്ല. "പത്തായം പ്രസവിക്കുക കാൎയ്യസ്ഥൻ അളക്കുക, ചക്കി കുത്തുക, കോമൻ വയ്ക്കുക അമ്മവിളമ്പുക" ഇത്രമാത്രമെ അറിവുള്ളൂ. ഈ ശീലത്തരങ്ങൾ നെയ്യുന്നതു് പാണ്ടിരാജ്യത്താണു്. ഇവൎക്കു് യൂറോപ്യന്മാരെപ്പോലെ നെയ്ത്തിനു് സൌകൎയ്യകരങ്ങളായ യന്ത്രങ്ങളും മററും അറിവുണ്ടോ എന്നുകൂടി സംശയമാണു്. ആ രാജ്യക്കാൎക്കു നാം ഉപയോഗിക്കുന്ന മാതിരി മുണ്ടുകൾ കൊണ്ടോ വസ്ത്രങ്ങൾ കൊണ്ടോ യാതൊരു പ്രയോജനവുമില്ല. എങ്കിലും ദേഹദണ്ഡം ചെയ്തു് ഈ തരത്തിൽ നെയ്തുണ്ടാക്കി സ്വന്തം ആൾവശം കേരളത്തിലേക്കയച്ചു് ഇവിടെ വിററഴിച്ചു് അതിയായ ലാഭം എടുത്തു ധനികന്മാരാകുന്നതു് നിത്യമായി കണ്ടുപോരുന്നുവല്ലോ.

നാട്ടുകാരിൽ ധനികന്മാർ യോഗംകൂടി ഓഹരിയെടുത്തു് യന്ത്രങ്ങൾ മുതലായ സാമാനങ്ങൾ വരുത്തി കേരളത്തിൽ വച്ചു തന്നെ ഈ പ്രവൃത്തി നടത്തുന്നതായാൽ നാലു ദിവസത്തേയ്ക്കുള്ള താത്രപ്പണ്ണിമാഹാത്മ്യമൊഴിച്ചു് മറെറല്ലാം സാധിക്കുന്നതിനു പുറമെ കേരളീയരുടെ ദ്രവ്യം 'ഇങ്ങിനെ വരാതവണ്ണം' കിഴക്കോട്ടു പോകേണ്ട അവശ്യം വരികയില്ല. ഇതിനുപുറമെ എത്രപണം ജഗന്നാഥൻ മലമൽ മുതലായവ വഴിയായി അന്യദേശത്തേക്കു പോകുന്നു? അൎജ്ജനത്തിനുള്ള മാൎഗ്ഗങ്ങളിൽ പ്രഥമതയും സൌകൎയ്യവും വ്യാപാരത്തിനാണെന്നു് സൎവ്വസമ്മതമായ കാൎയ്യമാകുന്നു. ഇഹലോകവൃത്തികളിൽ മിക്കവയും വ്യാപാരമെന്നു് ഒരുവിധേന പറയാമെങ്കിലും അവയൊന്നും യഥാൎത്ഥത്തിൽ അൎജ്ജനമാൎഗ്ഗങ്ങളായി അനുമാനിക്കപ്പെട്ടുകൂടാ. ഈ അൎത്ഥത്തിൽ ഗ്രഹിക്കേണ്ട വ്യാപാരം കേരളീയരിൽ എത്ര കണ്ടു നടപ്പുണ്ടെന്നാണു് ഇവിടെ ആലോചിക്കേണ്ടതു്. വല്ലതുമുണ്ടെങ്കിലല്ലെ ആലോചിക്കേണ്ട അവധാനമുള്ളൂ. ഈ നിലയിൽ കൃഷിയും സൎക്കാർ കീഴിലുള്ള ഉദ്യോഗങ്ങളുമൊഴികെ മറെറാന്നുമുള്ളതായി എനിക്കു് കേട്ടറിവില്ല. കൃഷിയുടെ കഥയെല്ലാം മുമ്പേതന്നെ പറഞ്ഞുപോയിരിക്കുന്നു. ഉദ്യോഗമാൎഗ്ഗമായ സമ്പാദനം എല്ലാവൎക്കും സാധിച്ചുകൊള്ളുവാൻ പ്രയാസം. ഉദ്യോഗം സാധിച്ചാൽപോലും ഒരുവിധം സുഖമായി കാലക്ഷേപം കഴിക്കാമെന്നു് ചിലരുടെ കാൎയ്യത്തിൽ മാത്രം പറയാം. അധികം വേണമെന്നു് മോഹം തുടങ്ങിയാൽ അതിനുള്ളമാൎഗ്ഗം ന്യായമൊ അന്യായമൊ എന്നു് ചിന്തിക്കാതെയായ്പ്പോന്നേക്കാം. ഇതു നിമിത്തം ശ്രേയസ്സും ദ്രവ്യപുഷ്ടിയും കൂടി ഉദ്യോഗസ്ഥരിൽ ചേൎന്നുനില്പാൻ അസാദ്ധ്യമെന്നു് പറഞ്ഞുവരുന്നു. "പണമില്ലാഞ്ഞാൽ പിണം" എന്നു തമിഴ്ഭാഷയിൽ ഒരു വചനമുണ്ടു്. ഇതിന്റെ അൎത്ഥം "ദ്ര

ച്യമില്ലാത്തവൻ ശവത്തിനു തുല്യൻ" എന്നാകുന്നു. ഈ പറയുന്നതു് ലൌകികാവസ്ഥയിൽ യഥാൎത്ഥമായാൽ ശവോപമത്വം വരാതിരിപ്പാൻ മാൎഗ്ഗമെന്തെന്നു് ഒരുവിധം ആലോചിക്കേണ്ടതാണു്. ഈ വഴിക്കു് ആലോചിക്കുന്നതിൽ പ്രാധാന്യം വ്യാപാരത്തിനെന്നു് മുമ്പേതന്നെ പറഞ്ഞിരിക്കയാൽ അതിനെപ്പറ്റി ഇവിടെ അല്പം പ്രസ്താവിക്കുന്നു.

വ്യാപാരത്തിനു വേണ്ട പദാൎത്ഥങ്ങളിൽ ഒന്നാമതായി പറയേണ്ടതു് ദ്രവ്യത്തെപ്പറ്റിയാകുന്നു. പിന്നെ വിവേകം, സൂക്ഷ്മം, ക്ഷമ, സത്യശൌചം, ഇങ്ങിനെ അനേകഗുണങ്ങളുണ്ടായിരുന്നാൽ പ്രവൃത്തിക്കു ശ്രീയും, അൎജ്ജനത്തിനു് സ്ഥൈൎയ്യവും, മനസ്സിനു് സൈ്വരവും, അന്യരുടെ ബഹുമാനവും ഉണ്ടായിവരുന്നതാണു്. ഒന്നാമതായി പറയേണ്ട ദ്രവ്യം നമ്മുടെ ഇടയിൽ പ്രയാസസ്ഥിതിയിലാണു് ഇരിക്കുന്നതു്. നമ്മുടെ രാജ്യത്തിൽ ദ്രവ്യപുഷ്ടിയുള്ള തറവാടുകളില്ലെന്നു ഞാൻ പറയുന്നില്ല. ലോകത്തിൽ നിക്ഷേപകുംഭങ്ങളെവിടെയെല്ലാമുണ്ടായിരിപ്പാനിടയുണ്ടു്. അവശ്യസമയങ്ങളിൽ കുഴിച്ചുനോക്കേണ്ട സ്ഥലങ്ങൾ വിവരമില്ലെന്നു് ഒരു വിഷമമേയുള്ളു. തറവാട്ടുസ്വത്തിൻേറയും സ്ഥിതി ഏകദേശം ഇതുതന്നെയാണു്. സ്വത്തുണ്ടെന്നു് അറിവുണ്ടെങ്കിലും കിട്ടേണ്ട മാൎഗ്ഗം അറിവിൽ പെടാതെ ഇരിക്കുന്നു. തൊഴുത്തിൽ കുത്തില്ലാതെ കുടുംബങ്ങളുണ്ടോ എന്നു വളരെ സംശയം. അഥവാ ഉണ്ടെങ്കിൽ വളരെ ചുരുക്കം. പക്ഷെ കാരണത്തിൻെറ അഭാവത്തിൽ ഇങ്ങിനെ വരുന്ന കുടുംബങ്ങളുടെ കാൎയ്യത്തിൽ ഐകമത്യത്തിനു വൈഷമ്യമില്ലല്ലൊ. ദ്രവ്യവഹാരത്തിനു് കേരളീയരുടെ സഹജത്വമുണ്ടെന്നു പറയുന്നതു് അസത്യവാദമായി വരികയില്ല. കിടാങ്ങൾ ഒന്നാമതായി ഉച്ചരിച്ചു പഠിക്കുന്നതു് അന്യായം, പ്രതി എന്നിങ്ങിനെയാണെന്നുകൂടി പറയാം. അമ്മയെന്നൊ അച്ഛനെന്നൊ ആയി വരുന്നപക്ഷം അതു് കാലാനുസാരമാകയില്ല. ഇതിനു് പുറമെ നമ്മുടെ രാജ്യക്കാൎക്കു ദുൎവ്വാശി അതികലശലുമാണു്. അതിനാൽ വ്യവഹാരമൊന്നു തുടങ്ങിപ്പോയാൽ അതിനു് അവസാനം പാളയിലാണു്. പാളയെടുക്കുന്നതുവരെ വ്യവഹാരം വച്ചുകളഞ്ഞു എന്നു വരികയില്ല. തമ്മിൽ പറഞ്ഞുതീരുന്നതു് ഇരുകക്ഷികൾക്കും വളരെ അപമാനമെന്നാണു് സാധാരണവിചാരം. അന്യായത്തിലെ പ്രതികൾ തമ്മിൽ ചേൎന്നു് വ്യവഹാരമില്ലെന്നാകുന്നതിനു് അങ്ങുമിങ്ങും കാൽപിടിക്കയാണെന്നും അതിനു് ജാള്യതയുണ്ടെന്നും മററുമാണു് ഭാവം. ഇതു് ഭാവമെന്നുതന്നെയല്ല അതിനെ വലിയ ഒരു വ്രതമായിട്ടാണു് രക്ഷിച്ചുപോരുന്നതു്. ഏ

തെങ്കിലും, അങ്ങുമിങ്ങും, കാൽപിടിപ്പാൻ മടിച്ചു വ്യവഹരിച്ചു വ്യവഹരിച്ച് സൎവ്വസ്വവും ക്ഷയിച്ച് ഒടുവിൽ കടക്കാരൻ കഴുത്തിലാണ് പിടികൂടുന്നതു്. ഇങ്ങിനെ വരുന്നതു് എത്ര പരിചിത്തി കണ്ടിരുന്നാലും ജനങ്ങൾക്ക് അതിൽ വിമുഖത വരാതിരിക്കുന്നതു് കേരളത്തിലെ സുകൃത ക്ഷയമെന്നുതന്നെ പറയേണ്ടിവരുന്നു. വ്യവഹാരങ്ങൾക്കുവേണ്ടി ദുൎവ്യയം ചെയ്തുപോരുന്ന ദ്രവ്യത്തിൽ ഒരംശം വല്ലപ്രകാരമുള്ള വ്യാപാരവിഷയത്തിൽ ഏൎപ്പെടുത്തുന്ന പക്ഷം ജനങ്ങൾക്ക് ദ്രവ്യപുഷ്ടിയും ആ വഴിക്ക് വരാവുന്ന സകല സുഖാനുഭവങ്ങളും സിദ്ധിച്ച് അവർ സുഖിക്കുമല്ലോ. നമ്മുടെ രാജ്യത്തിൽ എന്തെല്ലാം വ്യാപാരങ്ങൾ സൌകൎയ്യത്തോടുകൂടി നടത്തുവാൻ സാധിക്കുമെന്നു ആരെങ്കിലും ആലോചിച്ചിട്ടുണ്ടോ? നാം നെല്ലുകൃഷി ചെയ്തുണ്ടാക്കി, കിട്ടിയ വിലയ്ക്കു് വ്യാപാരികളായ മറ്റു ജാതിക്കാൎക്ക് വിററുകളയുന്നു. അവർ അരിയാക്കി മൂടകെട്ടിച്ച് അന്യായവില മേടിച്ച് നമ്മുടെ രാജ്യത്തുതന്നെ അതെല്ലാമഴിച്ച് അതിയായ ലാഭമെടുക്കുന്നുവല്ലോ. വിളയിക്കേണ്ട അദ്ധ്വാനം കൂടി ചെയ്തു് അവരവർതന്നെ വ്യാപാരം നടത്തുവാൻ നിശ്ചയിക്കുന്ന പക്ഷം ആ മുതൽ മലയാളം കടന്നു് പോകയില്ലല്ലോ. ഇങ്ങിനെ ഓരോ പദാൎത്ഥങ്ങളുടെ സ്ഥിതി വിവരിക്കുന്നതായാൽ ഈ രാജ്യത്തു് ഉണ്ടാവുന്ന അനേക പദാൎത്ഥങ്ങളെക്കൊണ്ടു് എങ്ങിനെയെല്ലാം ലാഭമെടുപ്പാൻ മാൎഗ്ഗമുണ്ടെന്നോ ആ വഴിക്ക് ശ്രമിക്കുന്നതു് രാജ്യത്തിനു് ശ്രേയസ്കരമെന്നോ നമ്മുടെ കൂട്ടരിലാരാൻ വിചാരിക്കുന്നുണ്ടോ? അനവധി സാധനങ്ങൾ കാട്ടിലുള്ള മുല്ലപ്പൂപോലെ വെറുതേയല്ലേ പോകുന്നതു? കുരുമുളകു് മരത്തിന്മേൽ നിന്നുതന്നെ കരാറുപറഞ്ഞു് വ്യാപാരികൾക്ക് കൊടുക്കുന്നു. ഇഞ്ചി കിളച്ചപാടേതന്നെ തൂക്കി വിററുകളയുന്നു. നാളികേരം ഇട്ടുവിച്ച ഉടനെ പൊളിച്ചും പൊളിക്കാതെയും മാപ്പിളമാരും എണ്ണക്കച്ചവടമുള്ള മററു വൎഗ്ഗക്കാരും എടുക്കുന്നു. ഇവയിലെല്ലാം മുതൽ യാത്രപറഞ്ഞു് ദേശാന്തരം പോകുന്നില്ലെന്നു് ആശ്വാസമുണ്ടു്. പരുത്തി ഈ നാട്ടിൽ പട്ടുമുളയായി ഉണ്ടാകുവാനെ പാടുള്ളു എന്നില്ലല്ലോ. അതു് കൃഷിചെയ്വാൻ തോന്നിത്തുടങ്ങീട്ടില്ല. പഞ്ഞി നൂലാക്കേണ്ടതിനും, നെയ്യേണ്ടതിനും ആവശ്യങ്ങളായ യന്ത്രങ്ങൾ കേരളീയരുടെ ദ്രവ്യം കൊടുത്താൽ കിട്ടുകയില്ലെന്നുണ്ടോ? പരിചയിച്ചാൽ യന്ത്രങ്ങൾ ഈ നാട്ടിൽതന്നെ ഉണ്ടാക്കുവാനും പ്രയാസമില്ല. ഇങ്ങിനെയെല്ലാം തുടങ്ങിയാൽ നാട്ടുകാരുടെ ഹിതം പോലെ വസ്ത്രങ്ങളുണ്ടാക്കാമല്ലോ. ഈവിധം അത്യാവശ്യമായ കാൎയ്യങ്ങളിൽ ശ്രമിപ്പാൻ തോന്നാതെ വിശേഷവസ്ത്രങ്ങൾക്കു് ആവ

ശ്ര്യം വരുമ്പോൾ ലക്ഷ്മീവിലാസം, ഉൎവ്വശീവിലാസം, ചോരായുമവി ലാസം എന്നിങ്ങിനെ പേരുകളെഴുതി തെക്കൻ കച്ചവടം ഞാൻ ഞാൻ മുതലാളിക്ക് ശീട്ടയച്ചു് അന്യായവിലവച്ചു് മേടിച്ചു് മേടി ച്ചു് അന്യായമുതല്വം അന്യായ പലിശയും കൂടി സംഖ്യ വലുതാക്കി വ്യവഹരിച്ചു് തറവാട്ടുകളും കൂടി വില്പിച്ചു് നിരപരാധികളായ അ നേകംപേരെ പാളയെടുപ്പിക്കുന്നതു് എന്തിനായിട്ടാണു്.

തനിക്കുതാൻപോന്നജനങ്ങളൊക്കയും
തനിക്കുവേണ്ടുകിലെളിയതും ചെയ്യും.

ഇങ്ങിനെ മഹദ്ഭാഗ്യമുള്ളതിനു് പുറമെ വ്യാപാരം എളിയ കാൎയ്യവുമല്ല. അതിനാൽ ധനികന്മാരെല്ലാം യോഗംകൂടി ധനം ഓ ഹരിനിയമിച്ചു് ശേഖരിച്ചു് തെക്കൻ, ജഗന്നാഥം, മലമൽ, മസ്ലീ നുതലായ മാതിരിയിൽ നെയ്തുതുടങ്ങുന്നതായാൽ ഇപ്പോൾ അന്യർ അനുഭവിച്ചു പോരുന്ന അതിയായ ലാഭം ഇവിടെ സ്ഥിരവാസിയാ യിവരുന്നതിനു പുറമെ സ്വദേശികൾക്ക് അദായവും സംഘക്കാ ൎക്ക് ദ്രവ്യവൎദ്ധനയും സ്വാഭിമാനസാദ്ധ്യവും അഗണ്യത്വപ്രസിദ്ധിക്കു മെന്നു് പറയുന്നതിൽ സംശയിപ്പാനിടയില്ല. ഇതു കൂടാതെ ബു ദ്ധികൌശലംകൊണ്ടും, ദേഹദണ്ഡംകൊണ്ടും ഈ വിഷയത്തിൽ സംഘക്കാരോടു് സഹകരണം ചെയ്യുന്നവൎക്ക് അന്യാശ്രയം കൂടാ തെ കാലക്ഷേപം ചെയ്യുന്നതിനും കഴിയും.

ഓടുണ്ടാക്കുന്നതു നീചനായ കുശവന്റെ പണിയാകയാൽ നമ്മുടെ നാട്ടുകാർ അതിൽ ബുദ്ധിവയ്ക്കുന്നില്ല. ഇതിനു് പുതുമാ തിരിയിൽ ഒരു യന്ത്രവും മററുമേൎപ്പെടുത്തി ഓട്ടുപണി തുടങ്ങിയശേ ഷം കുറച്ചു കാലത്തിനുള്ളിൽ പാതിരി സംഘക്കാർ എത്രലക്ഷം കരസ്ഥമാക്കി എന്നു് കേരളത്തിൽ കാണുമാറുള്ള ഗൃഹങ്ങളുടെ മേൽ പ്പുരകൾനോക്കി ക്ലിപ്തപ്പെടുത്തേണ്ടതാണു്. മലവാരങ്ങളുള്ള മ ഹായോഗ്യൎക്കു് മലകളിൽ പോകയെന്നു വിചാരിച്ചാൽ

ഝില്ലീഝംകാരനാദമണ്ഡിതസിംഹവ്യാഘ്ര
ശല്യാദിമൃഗഗണകീൎണ്ണമാതപഹീനം"

ഇതെല്ലാമാണു് ഓൎമ്മവരുന്നതു്. മരക്കച്ചവടക്കാരോടു് കല മേനിക്കു് കരാറു് എന്നു് തീൎച്ചപ്പെടുത്തി മുതലെല്ലാം നഷ്ടപ്പെട്ടു പോകുന്നുവല്ലോ. ഇങ്ങിനെ സൂക്ഷിച്ചാൽ ഉടമസ്ഥും, അദ്ധ്വാന ത്തിനും നമ്മുടെ രാജ്യക്കാർതന്നെ. അവിടുന്നു് അങ്ങോട്ടു് പറയു മ്പോൾ മാരാനും ചെണ്ടയും എന്ന കണക്കാണു്. തല്ലുകൊള്ളു വാൻ ചെണ്ടയെങ്കിലും പണംകെട്ടുവാൻമാരാൻ ഈ വചനംഉദാ

ഹരിക്കയാണ് യഥാൎത്ഥത്തിൽ നമ്മുടെ നിത്യവൃത്തി—യഥാൎത്ഥത്തിൽ കേരളീയരെന്ന് പറയേണ്ടവർ എന്തുപ്രയത്നമാണ് പ്രയത്നമെന്നനിലയിൽ ചെയ്യുന്നതും അസ്ഥിയുള്ളവർ ഈയ്യിടെ ഇംഗ്ലീഷുപഠിച്ചു എഴുത്തുപണിയൊ വക്കീൽപ്രവൎത്തിയൊ ആയും ചുരുക്കം ചിലർ ന്യായാധിപത്യം സാധിച്ചും കാണുന്നുണ്ടെങ്കിലും മാൎഗ്ഗമില്ലാതെ ഉഴലുന്നവർ പ്രായേണ അധികരിച്ചാണ് കാണ്മാനുള്ളതു്. കീഴ്കട, കീഴ്കട, എന്നമഹാകടൽ കടന്നാലല്ലാതെ ഊൎദ്ധ്വഗതിക്ക് മാൎഗ്ഗംകാണുന്നില്ല. ജനങ്ങൾ വൎദ്ധിക്കുമ്പോൾ പ്രയത്നങ്ങളും വൎദ്ധിക്കേണ്ടതാണ്. ഇതൊന്നും വിചാരിക്കാതെ

"അലംവൃഥാമോദനഖേദനാഭ്യാം
അലംഘനീയാകമലാസനാജ്ഞാ"

എന്നതും പ്രമാണിച്ചിരുന്ന് കുട്ടികൾക്ക് അന്തിയുഴിഞ്ഞ ശേഷം കുരുതിയും തിരിയും തെക്കോട്ട് ആശ കാണിച്ച് വടക്കോട്ടു ഒഴിച്ചു കളയുന്നതുപോലെ തറവാട്ടിലേയ്ക്കു വിഹിതംവരേണ്ടആദായങ്ങൾ അവിടേക്കെന്ന നിലയിൽപിരിച്ച് അവയെ ചിലവഴിക്കേണ്ട സമയത്തേക്ക് കൈത്തപ്പായി സ്ഥലംമാറി ചിലവുചെയ്ത വ്യവഹാരങ്ങളുണ്ടാക്കി കൈത്തപ്പും വ്യവഹാരവുമായി ഉള്ളതെല്ലാം നശിപ്പിക്കുന്നതിനെ നിത്യവും കണ്ടുകണ്ട് ജനങ്ങൾക്ക് അപകീൎത്തിയിലും ദാരിദ്ര്യത്തിലും അലംബുദ്ധി വരാതിരിക്കുന്നതിൽപരമായി എന്തു കഷ്ടാവസ്ഥയാണ് വരുവാനിരിക്കുന്നതു്.

പറഞ്ഞിടാതിത്ഥമറിഞ്ഞിടേണം
പറഞ്ഞറിഞ്ഞാലുമതൊട്ടുകൊള്ളാം
അറിഞ്ഞിടാചൊൽകിലുമെന്നുവന്നാൽ
പറഞ്ഞിടാനെന്തുനിനച്ചുകണ്ടാൽ!

# ൧൭. ആരോഗ്യരക്ഷ.

"ശരീരമാദ്യം ഖലുധൎമ്മസാധനം"

മനുഷ്യന്ന് സംഭവിക്കാവുന്ന ആപത്തുകളിൽ വച്ച് ഏററവും ദുസ്സഹമായത്തു രോഗമാണെന്നും ഇഹലോകസുഖങ്ങളിൽവച്ച് മുഖ്യമായിട്ടുള്ളതു് അരോഗതയാണന്നും എല്ലാവൎക്കും അനുഭവസിദ്ധമാണല്ലോ. അരോഗത അല്ലെങ്കിൽ ആരോഗ്യമെന്നുവച്ചാൽ ദേഹത്തിന്ന് ബാഹ്യമായും ആന്തരമായും യാതൊരുപദ്രവവുമില്ലാതെയുള്ള സ്ഥിതിയാകുന്നു. നാം ഭക്ഷിക്കുന്ന സാധനങ്ങളെ ദീപനം വരുത്തുന്നതിനുള്ള ആമാശയവും പക്വാശയവും ദീപനംവരുന്നതിൻെറ ശേഷം അതുകളെ ശരീരപോഷണത്തിന്നുവേണ്ടി രക്തത്തിൽക്കൂടെ എല്ലാഭാഗങ്ങളിലും കൊണ്ടുപോകുന്ന രക്തനാഡികളും നാം ശ്വസിക്കുന്ന വായുവിനെക്കൊണ്ടു് ആ രക്തത്തെ ശുദ്ധീകരിപ്പാനുള്ള ശ്വാസകോശവും മനസ്സിൻെറ ഇരിപ്പിടമായ മസ്തുലുംഗ (തലച്ചോറു്) വും ശേഷമുള്ള ഇന്ദ്രിയങ്ങളും യാതൊരു വൈകല്യം കൂടാതെയിരിക്കുകയും അതാതിൻെറ പ്രവൃത്തികളെ ക്രമമായി നടത്തുകയും ചെയ്യുമ്പോൾ നമുക്കു് യാതൊരു അസഹ്യതകളും ഇല്ലാതെയിരിക്കുകയും നമ്മുടെ പ്രവൃത്തികളെ വേണ്ടുംവണ്ണം ചെയ്യുന്നതിന്നു് ശക്തിയും ഉത്സാഹവും ഉണ്ടായിരിക്കുകയും ചെയ്യുന്നു. അതിഭാഗ്യംകൊണ്ടുമാത്രം ലഭിക്കാവുന്ന ഈ അവസ്ഥയെ ആകുന്നു നാം അരോഗതയെന്നു പറയുന്നതു്.

എന്നാൽ ഈ അവസ്ഥയ്ക്കു് പല കാരണങ്ങൾകൊണ്ടും പലവിധത്തിലുള്ള ന്യൂനതകൾ സംഭവിക്കാവുന്നതാണ്. അപ്പോൾ പലപ്രകാരത്തിലുള്ള രോഗങ്ങളും അരിഷ്ടതകളും ഉണ്ടാകുന്നു. ഈ വക രോഗങ്ങളും അരിഷ്ടതകളും ഉണ്ടാകാതെ ശരീരം സൂക്ഷിക്കത്തക്കവിധത്തിലാകുന്നു പരമകാരുണികനായ ഈശ്വരൻ നമ്മളെ സൃഷ്ടിച്ചിരിക്കുന്നതു്. അങ്ങിനെ ശരീരം സൂക്ഷിക്കേണ്ടതിന്നു് നാം അനുഷ്ഠിക്കേണ്ടതായി ദൈവകല്പിതങ്ങളായ ചില നിയമങ്ങളുംഉണ്ടു്. ആ നിയമങ്ങളെ മനസ്സിലാക്കി യഥാവിധി ആചരിച്ചാൽ ശരീരസുഖത്തോടുകൂടി കാലക്ഷേപം ചെയ്യാവുന്നതാണ്. നേരെമറിച്ച് അജ്ഞാനം കൊണ്ടോ ഉദാസീനതകൊണ്ടോ നാം അവയെ ലംഘിച്ചാൽ നമുക്കു അരോഗന്മാരായിരിപ്പാൻ അസാദ്ധ്യംതന്നെ. മനുഷ്യ

കല്പിതങ്ങളായ നിയമങ്ങളെ ലംഘിച്ചാൽ ശിക്ഷകൂടാതെ രക്ഷപ്പെടുന്നതിനു ചിലൎക്കു കഴിവുമായിരിക്കാം. മേല്പറഞ്ഞ നിയമങ്ങളെ ലംഘിക്കുന്നവൎക്കു ശിക്ഷയിൽ നിന്നു് വേർപെടുവാൻ അസാദ്ധ്യമാണെന്നു് പറയേണ്ടതില്ലല്ലൊ.

രോഗങ്ങൾ നാം തന്നെ വരുത്തിക്കൂട്ടുന്നതാണെന്നു പറഞ്ഞതു എല്ലാവൎക്കും സമ്മതമാകുമോ എന്നു് സംശയമാണു്. അരോഗതയും രോഗവും പൂൎവ്വജന്മത്തിൽ ചെയ്ത പുണ്യപാപങ്ങളുടെ ഫലമാണെന്നും, അതുകൊണ്ടു് മനുഷ്യയത്നംകൊണ്ടു രോഗങ്ങളെ നിവാരണം ചെയ്വാൻ അസാദ്ധ്യമാണെന്നും ചിലൎക്കു അഭിപ്രായമുണ്ടായിരിക്കാം. എന്നാൽ അവരുടെ അഭിപ്രായം അനുഭവവിരുദ്ധമാകയാൽ അത്ര ശരിയായിട്ടുള്ളതാണെന്നു വിചാരിപ്പാൻ പാടില്ല. എങ്ങിനെയെന്നാൽ നിയമേന അമിതഭക്ഷണം ചെയ്കയോ ദേഹപ്രകൃതിക്കു ചേരാത്ത പദാൎത്ഥങ്ങളെ ഭക്ഷിക്കുകയോ ചെയ്താൽ ഉടനേ തന്നെയൊ കാലക്രമംകൊണ്ടൊ ഉദരരോഗങ്ങളും അധികമായ വിചാരംകൊണ്ടും മനഃക്ലേശംകൊണ്ടും ബുദ്ധിക്കും ഹൃദയത്തിനും മറ്റു് രക്താശയങ്ങൾക്കും ഉപദ്രവവും മഴയത്തോ മഞ്ഞത്തോ നടന്നാൽ ജലദോഷവും അതുപോലെതന്നെ മറ്റോരോ കാരണങ്ങളാൽ വേറെ പലവ്യാധികളും ഉണ്ടാകുന്നതു എല്ലാവൎക്കും അനുഭവമല്ലേ? അതുകൊണ്ടു രോഗങ്ങളെ സാധാരണയായി സ്വയംകൃതദോഷങ്ങളുടെ കൂട്ടത്തിൽ ഗണിക്കേണ്ടതാണു്.

ആരോഗ്യരക്ഷാൎത്ഥമായുള്ള നിയമങ്ങളെ അനുഷ്ഠിക്കാത്തതിനാലുണ്ടാകുന്ന ദോഷങ്ങൾ എല്ലായ്പോഴും ഉടനേതന്നെ പ്രകാശിക്കുന്നതല്ല. ദരിദ്രന്മാരോ, ഉദാസീനന്മാരോ ആയ മാതാപിതാക്കന്മാർ തുമ്പില്ലാതെ വളൎത്തിക്കൊണ്ടുവരുന്ന കുട്ടികളിൽ ചിലരേയും, യൌവ്വനകാലത്തെ ചോരത്തിളപ്പുകൊണ്ടു പലപ്രകാരത്തിലുള്ള ദുർവൃത്തികൾ കാട്ടുന്ന യുവാക്കളിൽ ചിലരേയും കുറേക്കാലത്തേയ്ക്കു യാതൊരു രോഗപീഡയും ശക്തിക്ഷയവും കൂടാതെ കാണുന്നുണ്ടു്, എന്നാൽ അങ്ങിനെ ഉള്ളവർ വളരെ ചുരുക്കമാണെന്നു തന്നെയല്ല കാലക്രമേണ അവരും അവരുടെ അപഥ്യാചരണങ്ങളുടെ ഫലങ്ങളായ നാനാവിധരോഗങ്ങളും അകാലവാൎദ്ധക്യവും ശക്തിക്ഷയവും അകാലമരണം തന്നേയും അനുഭവിക്കാതിരിക്കയില്ല. ചിലരു മുപ്പതുവയസ്സാകുമ്പോഴേക്കും വൃദ്ധന്മാരായും അശക്തന്മാരായും മ്ലാനമനസ്സുകളായും തീരുന്നില്ലേ? അതു അവരുടെ ചെറുപ്പകാലത്തെ പ്രവൎത്തികളുടെ ഫലമെന്നല്ലാതെ വിചാരിപ്പാൻ പാടില്ല. അതുപോലെ തന്നെ, നല്ലവണ്ണം ദേഹശുശ്രൂഷ ചെയ്യുന്നവരെ

ഷഷ്ടിപൂൎത്തികഴിഞ്ഞാലും നല്ലയൌവനപുഷ്ടിയും ഉത്സാഹവും ഉള്ളവരായും കാണുന്നുണ്ടല്ലോ.

സാധാരണയായി രോഗങ്ങൾ അവരവരുടെ അപഥ്യാചരണങ്ങളെക്കൊണ്ടു് ഉണ്ടാകുന്നതാണെങ്കിലും ചിലക്ക് അതുകൂടാതേയും ഉണ്ടാകുന്നുണ്ടു്. മാതാപിതാക്കന്മാരുടെ പാരമ്പൎയ്യത്തെ അനുസരിച്ചു ചിലക്ക് വായുവിനാൽ വ്യാപിപ്പിക്കപ്പെടുന്നതോ സ്പൎശത്താൽ സംക്രമിക്കുന്നതോ ആയ പകരുന്നവ്യാധികൾ ഉണ്ടാകുന്നുണ്ടു്. അങ്ങിനെ രോഗങ്ങൾ ഉണ്ടാകുന്നതു് സാധാരണയായി അവരുടെ കുററമാണെന്നു് പറവാൻപാടില്ല. എന്നാൽ ആവകവ്യാധികളും മററുരോഗങ്ങളെപ്പോലെ തന്നെ ആദ്യമായി ഉത്ഭവിക്കുന്നതു മനുഷ്യരുടെ തെററുകൊണ്ടോ അജ്ഞാനംകൊണ്ടോ ആകുന്നു. പരമ്പരയായി രോഗമുണ്ടാകുന്നതു് ആ വംശത്തിൽ ആരുടെയെങ്കിലും വിചാരക്കുറവുകൊണ്ടായിരിക്കണം. ആദ്യം ആരെങ്കിലും ആരോഗ്യരക്ഷാനിയമങ്ങളെ വിധിപോലെ അനുഷ്ഠിക്കാതെ രോഗങ്ങൾ സമ്പാദിച്ചു് നിൎപരാധികളായ സന്താനങ്ങൾക്ക് കൊടുക്കുന്നതാണു്. പകരുന്ന രോഗങ്ങളുണ്ടാകുന്നതു് ജനങ്ങൾ ഓതമുള്ളതായും വായു സഞ്ചരിക്കാത്തതായും ഉള്ള ഭവനങ്ങളിലോ, വലിയ നഗരങ്ങളിൽ മലദൂഷിതങ്ങളായ ഭാഗങ്ങളിലൊ പാൎക്കുകയും, ദേഹത്തേയും ഭവനത്തേയും ശുചിയാക്കി വയ്ക്കാതെ ഇരിക്കുകയും ചെയ്യുന്നതുകൊണ്ടാകുന്നു. സാധാരണയായി ഈ വക രോഗങ്ങൾ മൂഢന്മാരുടേയും ദരിദ്രന്മാരുടേയും മലിനമായ വാസസ്ഥലങ്ങളിലാണു് ഉത്ഭവിക്കുന്നതു്. പിന്നെ അതു അറിവുള്ളവരുടേയും, ധനികന്മാരുടേയും വീടുകളിലും വ്യാപിച്ചു് എല്ലാപേരേയും ഒരുപോലെ ആപത്തിൽ അകപ്പെടുത്തുന്നു. അതുകൊണ്ടു് ആരോഗ്യരക്ഷാനിയമങ്ങളെ അവരവർ അനുഷ്ഠിക്കുന്നതുകൊണ്ടു് മാത്രം മതിയാകയില്ല. നമ്മുടെ സമസൃഷ്ടന്മാരെക്കൊണ്ടും അനുഷ്ഠിപ്പിക്കേണ്ടതിനു് നാമൾ യത്നിക്കുകയും ചെയ്യേണ്ടതാകുന്നു.

മനുഷ്യപ്രയത്നംകൊണ്ടു് ഈവക രോഗങ്ങളെ നിവാരണം ചെയ്വാൻ സാദ്ധ്യമാണോ എന്നു ചിലക്ക് സംശയമുണ്ടായിരിക്കാം. എന്നാൽ അതു് സാദ്ധ്യമാണെന്നുള്ളതിലേക്ക് പല അനുഭവങ്ങളും ഉണ്ടു്. ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ പണ്ടു് "പ്ലേഗ്" എന്നു പേരായ ഒരു നടപ്പുദീനം കൂടക്കൂടെ വ്യാപിക്കുകയും, അതിനാൽ അനേകജനങ്ങൾ മരിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അവിടങ്ങളിലുള്ള ഡാക്ടർമാരുടേയും മററും പരിശ്രമങ്ങൾ കൊണ്ടും, ആലോചനകൾകൊണ്ടും ഇപ്പോൾ ആ രോഗം നാമാവശേഷമായി തീൎന്നിരിക്കുന്നു. അതുപോലെതന്നെ മററു പല രോഗങ്ങളേ

യ്യും അവർ ഉൻമൂലനം ചെയ്തിട്ടുണ്ട്. തലെത്തട്ടി, വസൂരി മുതലായ മഹാരോഗങ്ങൾ ഇപ്പോഴും ധാരാളമായി നടപ്പുണ്ടെങ്കിലും അവയുടെ പ്രചാരത്തിനും അസഹ്യതയ്ക്കും പണ്ടത്തെക്കാൾ അല്പം കുറവു വന്നിട്ടുണ്ട്. അതുകളേയും തീരെ ഇല്ലായ്മ ചെയ്യുന്നതിന്നു വെള്ളക്കാർ ചെയ്തുവരുന്ന യത്നം കാലക്രമംകൊണ്ടു സഫലമാകുമെന്നു വിചാരിപ്പാൻ ധാരാളമായി വഴിയുണ്ട്.

മനുഷ്യപ്രയത്നംകൊണ്ടു രോഗങ്ങൾ നിവാൎയ്യങ്ങളായിരിക്കുംപോൾ ആരോഗ്യരക്ഷയ്ക്കുള്ള വഴികളെ അറിഞ്ഞു നാം അവയെ അനുഷ്ഠിക്കുകയും മറ്റുള്ളവരെക്കൊണ്ടു അനുഷ്ഠിപ്പിക്കുകയും ചെയ്യേണ്ടതു നമ്മുടെ കൎത്തവ്യകൎമ്മങ്ങളിൽ മുഖ്യമായിട്ടുള്ളവയാണെന്നു സ്പഷ്ടമാണല്ലോ. ആരോഗ്യരക്ഷയ്ക്കു പ്രത്യേകമായി ആവശ്യമുള്ളതു നിൎമ്മലമായുള്ള വായുവും ജലവും മിതമായും ഹിതമായും ഉള്ള ഭക്ഷണം, ദേഹശുദ്ധി, വിധിപോലെയുള്ള വ്യായാമം, വേണ്ടപോലെയുള്ള നിദ്ര ഇവകളാകുന്നു. ഇവയിൽ ഓരോന്നിനെക്കുറിച്ചു പ്രത്യേകമായി മേലിൽ പ്രസ്താവിക്കുന്നതാകുന്നു.

## ൨൯. നിദ്ര.

നമ്മുടെ ശരീരത്തിന്നും മനസ്സിന്നും ഇടവിടാതെ വളരെ നേരം അദ്ധ്വാനിക്കുന്നതിനുള്ള ശക്തിയില്ല. ശരീരവും മനസ്സും കുറേനേരം ശ്രമപ്പെട്ടാൽ പിന്നെ കുറേനേരത്തേയ്ക്കു യാതൊരു വ്യാപാരവും കൂടാതെ സ്വസ്ഥമായിരിക്കണം. ഇതു സ്വഭാവസിദ്ധമായ ഒരു അവസ്ഥയാണ്. ഈ സ്വാസ്ഥ്യത്തെ ഉണ്ടാക്കുന്നതാകുന്നു നിദ്ര. പകൽ മുഴുവൻ എല്ലാവരുടേയും ശരീരവും മനസ്സും ഏറെക്കുറെ ആയാസപ്പെടുന്നുണ്ട്. കൂലിക്കാരുടെയും മറ്റും ശരീരവും വിദ്വാന്മാരുടേയും മറ്റും മനസ്സുമാണ് പ്രത്യേകമായി ആയാസപ്പെടുന്നതു്. മടിയന്മാരായ ധനികന്മാരും ഓരോ ആവശ്യത്തിന്നായി ശരീരത്തെ വ്യാപരിക്കുകയും, മനോരാജ്യം വിചാരിക്കുകയും മറ്റും ചെയ്യുന്നതാകകൊണ്ടു സൂക്ഷ്മത്തിൽ അവരുടെ ശരീരത്തിന്നും മനസ്സിന്നും കൂടി ഒരുവിധം ശ്രമമുണ്ടാകുന്നുണ്ടു. ഈ അദ്ധ്വാനംകൊണ്ടു ശരീരത്തിന്നും മനസ്സിന്നും ഓജസ്സു കുറഞ്ഞുവരികയും, ഉറക്കത്തിൽ

യാതൊരു ശരീരമനോവ്യാപാരങ്ങൾ ഇല്ലാത്തതിനാൽ ഉറക്കം അത കുറവിനെ തീക്കുകയും ചെയ്യുന്നു. തേക്കുള്ള കിണററിൽ പകൽ സമയം വെള്ളം ക്രമേണ വററിപ്പോകുന്നതും രാത്രിയിൽ വെള്ളം ക്രമേണ പണ്ടത്തെ സ്ഥിതിയിൽ വന്നുകൂടുന്നതും നിങ്ങൾ കണ്ടിട്ടില്ലേ? അതുപോലെ തന്നെയാണ് പ്രായേണ നമ്മുടെ ഓജസ്സ് പകൽ കുറയുകയും രാത്രി കൂടുകയും ചെയ്യുന്നതു്.

അതുകൊണ്ടു് എല്ലാവരും സ്വഭാവാനുസരണമായി വേണ്ടിടത്തോളം, വഴിപോലെ ഉറങ്ങേണ്ടതാണ്. ഉറക്കം വേണ്ടതിൽ കുറഞ്ഞുപോയാൽ എല്ലാംകൂടി ഒരു സുഖക്കേട്ടുണ്ടാകുന്നതിന് പുറമെ ഇന്ദ്രിയങ്ങളുടേയും മററു അവയവങ്ങളുടേയും വ്യാപാരങ്ങൾക്ക് മന്ദതയും ദീപനത്തിനും ശോധനയ്ക്കും രുചിക്കും കുറവും ദേഹത്തിന് മെലിച്ചിലും ശക്തിക്ഷയവും മനസ്സിന് അക്ഷമയും കൂടി ഉണ്ടാകുന്നു. ഉറക്കം വേണ്ടതിൽ അധികമായാൽ ബുദ്ധിക്കും ഇന്ദ്രിയങ്ങൾക്കും മന്ദതയും രോഗം ദേഹത്തിന് ഹാനിയും ക്രമേണ ഉണ്ടാകുന്നതാണ്.

ഒരുവൻ ദിവസംതോറും എത്രനേരം ഉറങ്ങണമെന്നു് തിട്ടമായി എല്ലാവക്കും സംബന്ധിക്കുന്നതായ ഒരു നിയമം ഇല്ലെന്നു് തന്നെ പറയണം.

പ്രായം, ആരോഗ്യം, പകൽസമയത്തെ അദ്ധ്വാനം, ശീലം മുതലായവയുടെ അവസ്ഥപോലെ ആയിരിക്കണം ഉറക്കം. യൌവനയുക്തനായി രോഗഹീനനായിരിക്കുന്ന ഒരാൾ സാധാരണയായി ഒരു ദിവസത്തിൽ പതിനഞ്ചുനാഴികയിൽ കുറയാതെയും, പതിനെട്ടു് നാഴികയിൽ അധികമാകാതെയും ഉറങ്ങണം. ഇതിൽ കുറഞ്ഞുപോയാൽ ആ ഉറക്കം പകൽ ക്ഷയിച്ചു വരുന്ന ഓജസ്സിനെ പൂരിപ്പിക്കുവാൻ മതിയാകുന്നതല്ല. ഇതിൽ അധികമാകുന്നതായാൽ മുൻപറഞ്ഞ ദോഷങ്ങൾ ഉണ്ടാകുന്നതാണ്. എന്നാൽ കുട്ടികൾക്ക നാലഞ്ചുവയസ്സു പ്രായമാകുന്നതുവരെ ഇരുപത്തഞ്ചുനാഴികയിൽ കുറയാതെയും മുപ്പതുനാഴികയിൽ കൂടാതെയും ഇരിക്കണം. പിന്നെ പത്തുപന്ത്രണ്ടുവയസ്സുപ്രായമാകുന്നതുവരെ ഇരുപതു നാഴികയിൽ കുറയാതെയും ഇരുപത്തിനാലു നാഴികയിൽ കൂടാതെയും ഉറക്കംവേണം. വൃദ്ധന്മാരും വളരെനാൾ ദീനത്തിൽ കിടന്നു് നിവൎത്തിച്ചവരും ചെറിയ കുട്ടികളെപ്പോലെതന്നെ അധികം ഉറങ്ങേണ്ടതാണ്. ഗൎഭമുള്ള സ്ത്രീകളും കുട്ടികൾക്ക് മുലകൊടുക്കുന്ന സ്ത്രീകളും അതുപോലെതന്നെ മററു സ്ത്രീകളേക്കാൾ അധികം ഉറങ്ങേണ്ടതാണ്.

ഉറക്കം എത്രവേണമെന്നു് തീൎച്ചയാക്കുന്നതിന്നു് അവരവരുടെ സ്വഭാവത്തെ കൂടിയും ആലോചിക്കേണ്ടതാണു്. ശരീരം നന്നെ ആയാസപ്പെടേണ്ടതായ വേലകൾ ചെയ്യുന്നവർ സാധാരണയായി സ്വസ്ഥവൃത്തന്മാരെക്കാൾ അധികം ഉറങ്ങണം. അവർ ഉറങ്ങുന്ന സമയം ശരിയായാലും ഈ ഭേദഗതി ഉണ്ടാകുന്നതാണു്. പകൽ നല്ലവണ്ണം അദ്ധ്വാനിക്കുന്നവൻെറ ഉറക്കത്തിന്നു് ശക്തിയും സുഖവും അധികമുണ്ടായിരിക്കും. മടിയന്മാർ കിടക്കയിൽകിടന്നു് ഉരുളുകയും ഇടയ്ക്കിടെ കുറെ മയങ്ങുകയുംമാത്രം ചെയ്യുന്നു. അതുകൊണ്ടു് ശരീരസുഖത്തെ സംബന്ധിച്ചിടത്തോളം ഒരുവൻ പത്തുനാഴിക ഉറങ്ങുന്നതും മററവൻ പതിനഞ്ചുനാഴിക ഉറങ്ങുന്നതും ഒരുപോലെയാകുന്നു.

മനസ്സുവച്ചു് ജാഗ്രതയായിപഠിക്കുകയും മററും ചെയ്യുന്നതു് ദേഹംകൊണ്ടു് അദ്ധ്വാനിക്കുന്നതിനേക്കാൾ ഓജക്ഷയകരമാകകൊണ്ടു് വിദ്യ്യഅഭ്യസിക്കുന്നവരും അഭ്യസിപ്പിക്കുന്നവരും മററുശേഷമുള്ളവരെക്കാൾ അധികമുറങ്ങേണ്ടതാണു്. സ്കൂൾകുട്ടികളിൽ പലരും പരീക്ഷകളെല്ലാം ജയിക്കുന്നതോടുകൂടി സ്ഥായിയായി വല്ലരോഗവും സമ്പാദിക്കുന്നതു നാം സാധാരണയായി കാണുന്നുണ്ടല്ലോ അതിന്നു് മിക്കവാറും കാരണം വേണ്ട സമയത്തും, വേണ്ടിടത്തോളവും ഉറങ്ങാതെ മനസ്സിരുത്തി പഠിക്കുന്നതാകുന്നു.

ഉറക്കത്തിന്നു് വിധിച്ചിരിക്കുന്ന സമയം രാത്രിയാണെന്നുള്ളതിന്നു് സംശയമില്ല. എന്നാൽ രാത്രിയിൽ ഏതുസമയത്തു കിടക്കണമെന്നും, ഏതുസമയത്തു് എഴുന്നേല്ക്കണമെന്നും ഉള്ള സംഗതിയെപ്പററി അഭിപ്രായഭേദമുണ്ടു്. രാത്രി നേരം വയ്കിക്കിടന്നു് രാവിലെനേരം വൈകി എഴുന്നേൽക്കുന്നവർ ഇത്രനേരം ഉറങ്ങണമെന്നല്ലാതെ ഇന്നസമയത്തു ഉറങ്ങണമെന്നു് നിർബ്ബന്ധമില്ലെന്നു് വാദിക്കുന്നു. എന്നാൽ ഇതു് അത്രശരിയാണെന്നു് തോന്നുന്നില്ല. മനുഷ്യൎക്കു് വിശേഷബുദ്ധി കല്പിച്ചിട്ടുള്ളതിനാൽ ഏതുവിധമെങ്കിലുംപ്രവൎത്തിപ്പാനുള്ള ശക്തിയുള്ളതുകൊണ്ടു് അവരുടെ പ്രവൎത്തികൊണ്ടു് ഇന്നതു സ്വാഭാവികമാണെന്നും ഇന്നതു സ്വാഭാവിക വിരുദ്ധമാണെന്നും തീൎച്ചയാക്കുവാൻ പാടില്ല. പക്ഷിമൃഗാദികൾ വിശേഷബുദ്ധിയില്ലാത്തവയാകയാൽ സ്വഭാവത്തെ അനുസരിക്കുന്നതാകകൊണ്ടു് അവയുടെ പ്രവൎത്തികൊണ്ടു് മാത്രമേ അതു തീൎച്ചപ്പെടുത്തുവാൻ പാടുള്ളു. അതുകൊണ്ടു് പക്ഷിമൃഗാദികൾ സാധാരണയായി രാത്രിയിൽ നേരത്തെ ഉറങ്ങുകയും അരുണോദയത്തിങ്കൽ എഴുന്നേല്ക്കുകയും ചെയ്യുന്നതു കാണുമ്പോൾ രാത്രിയാണു് ഉറക്കത്തിനു

ള്ള കാലമെന്നും പ്രഭാതസമയത്തിൽ എഴുന്നേല്ക്കണമെന്നും ആകു ന്നു ദൈവകല്പനയെന്നു് നമുക്കു് തീച്ചയാക്കാം.

അതുകൊണ്ടു് ഒന്നാമതു് പകൽ ഉറങ്ങുന്നതു് സ്വഭാവവിരുദ്ധമായിട്ടുള്ളതും ആരോഗ്യഹാനികരമായിട്ടുള്ളതുമാകുന്നു നിശ്ചയം തന്നെ. രണ്ടാമതു് പുലച്ചയ്ക്കു് ഏകദേശം അഞ്ചുമണി സമയത്തു് എഴുന്നേല്ക്കുന്നതാണു് ശരീരത്തിനു് ഗുണമെന്നും നിസ്സംശയമാണു്. അഞ്ചുമണിക്കു് എഴുന്നേല്ക്കണമെങ്കിൽ അവരവക്കു് വേണ്ട അവസ്ഥപോലെ ഇന്ന സമയത്തു് കിടക്കേണ്ടതാണെന്നു് തീച്ചയാക്കാമല്ലോ.

സുഖനിദ്ര കിട്ടുന്നതിനുള്ള വഴികളെന്തെല്ലാമാണെന്നാകുന്നു ഇനി ആലോചിപ്പാനുള്ളതു്. ദേഹം ആയാസപ്പെടുത്തുന്നതുകൊണ്ടു് അങ്ങിനെ ചെയ്യുന്നവക്കു് ദേഹത്തെ ശ്രമപ്പെടുത്തുന്നതിനു് വ്യായാമം പ്രത്യേകം ആവശ്യമായിട്ടുള്ളതും അതുകൊണ്ടു് സുഖനിദ്രകിട്ടുന്നതുമാകുന്നു. വയറുനിറച്ചു് ഊണു കഴിച്ചു ഉടനെ ഉറങ്ങുന്നതു് ദീപനത്തിനു് ദോഷകരമാണെന്നുള്ളതിനു് പുറമെ ഉറക്കത്തിനും സുഖക്കേടു് ഉണ്ടാകുന്നതാണു്. മാറത്തു് ഒരാൾ വന്നിരുന്നു എന്നും കഴുത്തിൽ പിടിച്ചു് ഞെക്കി എന്നും മററുമുള്ള സ്വപ്നങ്ങൾക്കു് ഇതാണു് കാരണം. ഊണു കഴിഞ്ഞതിൻേറ ശേഷം കിടക്കുവാൻ വളരെ താമസിക്കുന്നതും സുഖനിദ്രയെ ഉണ്ടാക്കുന്നതല്ല. ഉറങ്ങുവാൻ പോകുന്ന സമയത്തിൽ നീക്കുപോക്കു വരുത്തുന്നതു സുഖനിദ്രയ്ക്കു് തരക്കേടായിട്ടുള്ളതാണു്. പതിവായിട്ടു് ഒരേസമയത്തു് കിടക്കുകയും ഒരേ സമയത്തു് എഴുന്നേല്ക്കുകയും ചെയ്താൽ സാധാരണയായി ഉറക്കം വരുവാൻ താമസമോ ഉറക്കത്തിനു് മററു വല്ല വിഘ്നമോ ഉണ്ടാകുന്നതല്ല. ഇതെല്ലാത്തിനും പുറമേ മനസ്സിൻെറ തൃപ്തിസുഖനിദ്രയ്ക്കു് ഒരു പ്രത്യേകകാരണമാകുന്നു. നാം ചെയ്യരുതാത്തതായ കഠിനപ്രവൃത്തികൾ ചെയ്യുന്നതുകൊണ്ടു് മനസ്സിനുണ്ടാകുന്ന ശല്യത്തെപ്പോലെ ഉറക്കത്തിന്നു് ദോഷകരമായിട്ടു മറെറാന്നില്ല. ഉറക്കം വരുവാൻ പ്രയാസമാണെന്നുതന്നെയല്ലാ ഒരുവിധം ഉറങ്ങിയാൽതന്നെ ദുസ്സ്വപ്നങ്ങൾ ഉണ്ടാകുവാൻ എളുപ്പവുമാണു്. അതുപോലെ തന്നെ നാം ചെയ്യേണ്ടുന്ന പ്രവൃത്തികളെന്നുതന്നെയല്ല വളരെ ഉദാരങ്ങളായ കർമ്മങ്ങൾ വല്ലതും കൂടി ചെയ്താലുണ്ടാവുന്ന കൃതാർത്ഥതയും മനസ്സിൻെറ സ്വാസ്ഥ്യവും അതിസുഖമായ നിദ്രയെ ഉണ്ടാക്കുന്നു.

# ൧൯. സ്നാനം.

ദിവസംതോറും ക്രമമായി കുളിക്കുന്നതു് ആരോഗ്യകരമായിട്ടുള്ളതാണെന്നും അതുകൊണ്ടു് എല്ലാവരും അങ്ങിനെ ചെയ്യണമെന്നും മലയാളികളോടു ആരും ഉപദേശിക്കണമെന്നില്ല. കുളിയുടെ കാൎയ്യത്തിൽ ഇത്ര നിഷ്കൎഷയും, നിഷ്ഠയും ഉണ്ടായിട്ടു അവരെപ്പോലെ മററു വല്ലജാതിക്കാരും ഉണ്ടോ എന്നു് സംശയമാണു്. എങ്കിലും സ്നാനംകൊണ്ടു ശാസ്ത്രസിദ്ധമായിട്ടുള്ള പ്രയോജനമെന്താണെന്നും അതു് ഏതെല്ലാം വിധത്തിലാണു് ചെയ്യേണ്ടതെന്നും അറിയുന്നതു് അശേഷം തന്നെ നിഷ്പ്രയോജനമാകയില്ലെന്നു് വിശ്വസിക്കുന്നു.

നാം ഭക്ഷിക്കുന്ന സാധനങ്ങളിലുള്ള പോഷകാംശങ്ങൾ രക്തത്തിൽകൂടിച്ചേൎന്നു നമ്മുടെ ശരീരത്തെ പോഷിപ്പിക്കുന്നു എന്നു് ഇതിനുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ അംശങ്ങളുടെ പോഷണശക്തിക്രമേണ കുറഞ്ഞുവന്നു് തീരെ ഇല്ലാതാകുമ്പോൾ അതുകൾശരീരത്തെ വിട്ടുപോകുവാൻ ഉത്സാഹിക്കുന്നു. ഇങ്ങിനെനാശിച്ചുപോകുന്ന അംശങ്ങളുടെസ്ഥാനത്തു വേറെ അംശങ്ങളെവയ്ക്കുന്നതിനാണു് നാം ഭക്ഷിക്കുന്നതു്. ഈ വിധത്തിൽ നിരന്തരമായി ശരീരത്തിനു് വ്യയവും ആയവുംസിദ്ധിക്കുന്നുണ്ടു്. ഇപ്രകാരം ക്ഷയിച്ചുപോകുന്ന അംശങ്ങൾ മൂത്രത്തിൽകൂടിയും ഉച്ഛ്വാസത്തിൽകൂടിയും ത്വക്കിൽ കൂടിയും ആണു് പ്രധാനമായി പുറത്തുപോകുന്നതു്. ഇതിൽ ത്വക്കിൽകൂടിയാണു് അധികം പോകുന്നതു്. സാമാന്യം മനുഷ്യരുടെശരീരത്തിൽനിന്നും ദിവസംതോറും ഏകദേശം രണ്ടുറാത്തൽഅനുപയുക്തങ്ങളായ അംശങ്ങൾ ത്വക്കിൽകൂടി പോകുന്നുണ്ടു്. അങ്ങിനെപോകുന്ന അംശങ്ങളിൽ അധികം വിയൎപ്പിൽകൂടിയാണു്പോകുന്നതു. കുളിക്കാതെ ഇരിക്കുമ്പോൾ ശരീരത്തിൽ വ്യാപിക്കുന്ന മാലിന്യം അകത്തു നിന്നുവരുന്ന അനുപയുക്തസാധനങ്ങളാകുന്നു.

മനുഷ്യ ശരീരത്തിൽ ഉപയോഗം കഴിഞ്ഞതിന്റെ ശേഷം അവശ്യമില്ലാതെ വരുന്ന സാധനങ്ങളെ കളയുന്നതിനു് പ്രതിബന്ധംചെയ്കയോ സഹായിക്കാതിരിക്കുകയോ ചെയ്യുന്നതു് ആരോഗ്യഹാനികരമാകുന്നു. മൂത്രവിസൎജ്ജനം ചെയ്യാതെയും ദേഹത്തിലുള്ള ചളികളയാതെയും മററും ഇരിക്കുന്നതു് ഈ കൂട്ടത്തിലാണു്. വൈദ്യശാസ്ത്രപ്രകാരം നാം കുളിക്കുന്നതു് പ്രധാനമായി ഈ ചെളികളയുന്നതിനാകുന്നു.

നമ്മുടെ ശരീരത്തിൽ മുഴുവൻ വളരെ സൂക്ഷ്മങ്ങളായ സുഷിരങ്ങൾ ഉണ്ട്. അവയെ ഭൂതക്കണ്ണാടികൊണ്ടോ മററൊ അല്ലാതെ മാംസചക്ഷുസ്സുകൊണ്ട് കാണാൻ പാടില്ല. ഈ സുഷിരങ്ങൾ ചിലഭാഗങ്ങളിൽ മററുഭാഗങ്ങളിലേക്കാൾ അധികമുണ്ടെങ്കിലും സാധാരണയായി ഒരിഞ്ച് ചതുരത്തിൽ ഏകദേശം രണ്ടായിരം വരെ ഉണ്ടായിരിക്കും. ഇതുകളിൽ കൂടിയാണ് വിയപ്പും വിയപ്പോടൊന്നിച്ചു ചില അനുപയുക്താംശങ്ങളും വരുന്നതു്. ആവക അംശങ്ങൾ കുറെവരുമ്പോൾ സുഷിരങ്ങളുടെമുഖം മൂടുകയും പിന്നെവരുന്നതിന്നു പ്രതിബന്ധമുണ്ടാക്കുകയും ചെയ്യുന്നു. കുളിക്കുന്നതുകൊണ്ടു് ദേഹത്തിൽ വ്യാപിച്ചിരിക്കുന്ന മാലിന്യങ്ങൾ പോകുന്നതിന്നു പുറമെ സുഷിരമുഖങ്ങൾ തുറക്കുകയും ചെയ്യുന്നു അപ്പോൾ പിന്നയും അനുപയുക്തസാധനങ്ങൾക്ക് പുറത്തുപോകുന്നതിന്ന് സൌകര്യമുണ്ടാകയും അതിനാൽ ചൊറിമുതലായ ത്വക്ക് രോഗങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്യുന്നു.

ഇതാകുന്നു കുളിക്കുന്നതുകൊണ്ടുള്ള പ്രധാനസാദ്ധ്യം ഇടയ്ക്കു് എണ്ണതേച്ചുകുളിക്കുന്നതുകൊണ്ട് ഈ ഗുണത്തിനു പൂർത്തിയുണ്ടാകുന്നതാണ്. എണ്ണ നല്ലവണ്ണംതേച്ചു കുറേ ഇരുന്ന് ഈഞ്ചയോമറേറാ തേച്ചു മിഴുക്കുകളഞ്ഞാൽ ദേഹത്തിലെ ചെളി വെറുംകുളികൊണ്ടു പോകുന്നതിനേക്കാൾ അധികം പോകുമെന്ന് അനുഭവമാണല്ലോ. ചെളി അധികം പോകുമ്പോൾ സുഷിരമുഖങ്ങൾ അധികം നല്ലവണ്ണം തുറക്കുന്നതാണ്. ഇതാകുന്നു തേച്ചുകുളികൊണ്ടുണ്ടാകുന്ന പ്രധാനഗുണം. എന്നാൽ തേച്ചുകുളിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ഓർമ്മവയ്ക്കേണ്ടതാണ്. കുളി കഴിയുമ്പോൾ ദേഹത്തിൽ മിഴുക്കും ചെളിയും ഒട്ടുംതന്നെ ഇരിക്കരുതു്. മെഴുക്കു നല്ലവണ്ണം കളയാതിരിക്കുന്നതിനേക്കാൾ നല്ലതു തേച്ചുകുളിക്കാതിരിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ മിഴുക്ക് നല്ലവണ്ണം പോകാതിരുന്നാൽ മിഴുക്കും ചെളിയുംകൂടി സുഷിരമുഖങ്ങളെ അടച്ച് വിയപ്പും മററ് അനുപയുക്താംശങ്ങളും പുറത്തുപോകുന്നതിന്ന് പ്രതിബന്ധംചെയ്യുന്നു.

നാം സാധാരണയായി കുളിക്കുന്നതു് പച്ചവെള്ളത്തിലോകാഞ്ഞവെള്ളത്തിലോ വേണ്ടതു് എന്ന സംഗതിയെപ്പററി പല അഭിപ്രായങ്ങൾ കേൾക്കാവുന്നതാണ്. പതിവായി കാഞ്ഞവെള്ളത്തിൽ കുളിക്കുന്നതു് ആരോഗ്യകരമാണെന്നും അതുകൊണ്ടു് കഴിയുന്നവരെല്ലാം അങ്ങിനെ ചെയ്യണമെന്നും നാട്ടുവൈദ്യന്മാരിൽ ചിലർ പറഞ്ഞുകേട്ടിട്ടുണ്ടു്. കാഞ്ഞവെള്ളത്തിൽ കുളിക്കുന്നതുകൊണ്ടു ശിരോരോഗങ്ങളുണ്ടാകുന്നതാണെന്നും അങ്ങിനെ ശീലിച്ചവ

ക്ക് ശീതകാലങ്ങളിൽ സംഗതിവശാൽ പച്ചവെള്ളത്തിൽ കുളിക്കേണ്ടിവന്നാൽ നീരിളക്കവും മററും ഉണ്ടാവാൻ ഇടയുണ്ടെന്നു മററു ചിലരും പറയുന്നുണ്ട്. എന്നാൽ ഈ രണ്ടു അഭിപ്രായവും അത്ര സ്വീകാരയോഗ്യമാണെന്ന് ഞങ്ങൾക്കു തോന്നുന്നില്ല. ദീനംകൊണ്ടോ, വാൎദ്ധക്യംകൊണ്ടോ ശക്തി ക്ഷയിച്ചിട്ടുള്ളവർ സാധാരണയായി കാഞ്ഞവെള്ളത്തിലും മററുള്ളവരെല്ലാം പച്ചവെള്ളത്തിലുമാണ് കുളിക്കേണ്ടതു.

മനുഷ്യശരീരത്തിലുള്ള ശീതോഷ്ണങ്ങൾക്ക് വലുതായി വല്ല ഏറെക്കുറച്ചൽ വന്നാൽ അതിന്റെ വിപരീതാവസ്ഥ ഉടനെ ഉണ്ടാകുന്നതാണ്. ഇതിന്റെ പേരു് പ്രതിഘാതം എന്നാകുന്നു. തലേത്തട്ടിയുണ്ടാകുമ്പോൾ ശരീരത്തിനു് സ്വതേയുള്ള ഉഷ്ണത്തിൽ വളരെ കുറവുണ്ടാകയും പനിയുണ്ടാകുമ്പോൾ അധികമാകയുംചെയ്യുന്നു. എന്നാൽ തലേത്തട്ടിമാറിയാൽ ഈ പ്രതിഘാതംകൊണ്ടു് ഉടനേ പനിയും പനി പൊട്ടന്നനെ നിറുത്തിയാൽ ശൈത്യാധിക്യമുള്ള വല്ല ദീനവും നിശ്ചയമായുണ്ടാകുന്നതാണ്. അത്യുഷ്ണമോ അതിശൈത്യമോ ശരീരത്തെ ബാധിച്ചാൽ പ്രതിഘാതം ഹേതുവായിട്ടു് പിന്നീടു ശൈത്യാധിക്യമോ ഉഷ്ണാധിക്യമോ ഉണ്ടാകുമെന്നുള്ള നിയമം എല്ലാവരും പ്രത്യേകം ഓൎമ്മവയ്ക്കേണ്ടതാകുന്നു.

പച്ചവെള്ളത്തിനു് മനുഷ്യശരീരത്തെക്കാൾ വളരെ അധികശൈത്യമുള്ളതിനാൽ അതിൽ കുളിക്കുമ്പോൾ തണുപ്പുകൊണ്ടു് നാഡികളും സിരകളും സങ്കോചിക്കുകയും രക്തസഞ്ചാരത്തിനു മന്ദതവരികയും ചെയ്തു് കുറെ സുഖക്കേടു് തോന്നുന്നതാണ്. പിന്നെ പ്രതിഘാതംകൊണ്ടു സങ്കോചിച്ചു് നാഡികൾ വലുതായിവന്നു് രക്തം നല്ലവണ്ണം സഞ്ചരിക്കുകയും, ദേഹം ഉഷ്ണിക്കുകയും, അപ്പോൾ വളരെ സുഖംതോന്നുകയും ചെയ്യുന്നതാണ്. വളരെ തണുപ്പുള്ളകാലത്തു് അരോഗദൃഢഗാത്രന്മാരായിട്ടുള്ളവൎക്കും കൂടി രാവിലെതന്നെ തണുപ്പുതോന്നുകയും അപ്പോൾ കുളിച്ചാൽപിന്നെ ആ തണുപ്പിനു് വളരെ കുറവുണ്ടാകയും ചെയ്യുന്നതാണെന്നു് പലൎക്കും അനുഭവമാണല്ലോ. അനുഭവമിങ്ങിനെ ആയിട്ടുള്ളവരെല്ലാം പച്ചവെള്ളത്തിൽതന്നെയാണ് കുളിക്കേണ്ടതു്.

എന്നാൽ എല്ലാവരുടേയും അനുഭവം ഇതല്ല. ദീനംകൊണ്ടോ, വാൎദ്ധക്യംകൊണ്ടോ ശക്തിക്ഷയം വന്നിട്ടുള്ളവർ തണുപ്പിൽ പച്ചവെള്ളത്തിൽ മുങ്ങിയാൽ സുഖക്കേടോ രോഗമോ വൎദ്ധിക്കുകയല്ലാതെ പ്രതിഘാതംകൊണ്ടു് സുഖപ്പെടാൻ വഴിയില്ല. ശരീരത്തിന്റെ ഓജസ്സുപോലെ മാത്രമേ പ്രതിഘാതം ഉണ്ടാവൂ. ഒരു കല്ലെടുത്തു് ചെളിയിൽ എറിഞ്ഞാൽ അതു് ചെളിയിൽ താണു

ച്ചോകയല്ലാതെ പ്രതിഫലിക്കയില്ല. അതു് ഒരു കട്ടിപ്പാറയിന്മേലാണു് എറിഞ്ഞതെങ്കിൽ ഏറിന്റെ ഊക്കപോലെ പ്രതിഫലിക്കുന്നതാണല്ലോ. അതുപോലെ തന്നെ വലിയ അശക്തന്മാരുടെ ശരീരത്തിൽ ഉഷ്ണാധിക്യമോ ശൈത്യാധിക്യമോ ഉണ്ടായാൽ പ്രതിഘാതംകൊണ്ടു് വിപരീതാവസ്ഥയുണ്ടാവാൻ തരമില്ല. അതുകൊണ്ടു് വൃദ്ധന്മാരും രോഗികളും പ്രത്യേകിച്ചും ശീതകാലത്തിൽ പച്ചവെള്ളത്തിൽ കുളിക്കരുതു്. വേനൽക്കാലത്താണെങ്കിൽ വളരെ വിരോധമില്ല. കുളിക്കുന്നതിനുള്ള കാഞ്ഞവെള്ളം അത്യുഷ്ണമായിരിക്കരുതു്. സാധാരണയായി വെള്ളത്തിനു് മനുഷ്യശരീരത്തിന്റെ ചൂടിനേക്കാൾ അധികം ചൂടുണ്ടായിരിക്കരുതു്. പച്ചവെള്ളത്തിൽ കുളിക്കുന്നതു് വെള്ളമൊഴിച്ചോ മുങ്ങിയോ ആവാം. എന്നാൽ നല്ല വെള്ളമാണെങ്കിൽ മുങ്ങിക്കുളിക്കുന്നതാണു് നല്ലതു്. മുങ്ങിക്കുളിക്കുന്നതു് കുളത്തിലോ നദിയിലോ സമുദ്രത്തിലോ ആണല്ലോ നടന്നുവരുന്നതു്. സാധാരണ കുളങ്ങളിലെ വെള്ളം വേനൽക്കാലത്തു് ചീത്തയായിട്ടാണു് കാണുന്നതു്. അങ്ങിനെയുള്ള കുളങ്ങളിൽ കുളിക്കുന്നതു് അത്ര നല്ലതെന്നു പറവാൻ പാടില്ല. ശുദ്ധിക്കുവേണ്ടി മുങ്ങിയേകഴിയൂ എന്നുള്ളവർ വേനല്ക്കാലത്തു് മുങ്ങിക്കുളിക്കുന്നതിനു പുറമേ ദിവസത്തിൽ ഒരിക്കൽ നല്ല വെള്ളം ഒഴിച്ചു് കുളിക്കുന്നതു് വളരെ ആവശ്യമാണു്. നദീസ്നാനവും സമുദ്രസ്നാനവും വളരെ ആരോഗ്യകരമാണു് അതുകൊണ്ടാണു് അവയ്ക്കു് നമ്മുടെ ശാസ്ത്രങ്ങളിൽ ഇത്ര പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. പ്രസിദ്ധ നദികളിലെ വെള്ളത്തിൽ ലോഹങ്ങളും ഓഷധികളും അലിഞ്ഞു് ചേർന്നിരിക്കുന്നതിനാലും മററു കാരണങ്ങളാലും നദികളിൽ കുളിക്കുന്നതു് എല്ലാവർക്കും വളരെ ആരോഗ്യകരമായിട്ടുള്ളതാണു്. സമുദ്രസ്നാനം ആരോഗ്യമുള്ളവർക്കാണു് അധികം നല്ലതു്. അതിലെ തിരമാലകൾ ശരീരത്തിന്മേൽ അടിക്കുന്നതുകൊണ്ടും മററും ദേഹത്തിനു തന്നെ ആയാസമുണ്ടാകും. അതുകൊണ്ടും വെള്ളത്തിൽ ഉപ്പുള്ളതുകൊണ്ടും പ്രതിഘാതം വേഗത്തിലും എളുപ്പത്തിലും ഉണ്ടാകുന്നതാണു്.

കുളിയുടെ കാൎയ്യത്തിൽ ഓൎമ്മവെയ്ക്കേണ്ടതായി ചില സംഗതികൾകൂടിയുണ്ടു്. ഭക്ഷണംകഴിഞ്ഞു് രണ്ടുമൂന്നു മണിക്കൂറിനിടയ്ക്കു് കുളിക്കരുതു്. അപ്പോൾ കുളിച്ചാൽ അഗ്നിമാന്ദ്യമുണ്ടാകുന്നതാണു്. ദേഹം ആയാസപ്പെട്ടു വിയൎത്തിരിക്കുമ്പോൾ കുളിക്കരുതു്. വിയൎപ്പു് തുടച്ചുകളഞ്ഞു് കുറേനേരം ഇരുന്നതിന്റെ ശേഷമേ കുളിക്കാവു. അല്ലെങ്കിൽ പനിവരുവാൻ എളുപ്പമാണു്. പതിവായിട്ടു കുളിക്കേണ്ടതു് രാവിലെ ആണു്. ഉച്ചയ്ക്കു് ദേഹം നന്നെ ആയാസ

പ്പെട്ടുന്നതായ വേലയുള്ളവർ വൈകുന്നേരമോ രണ്ടുനേരമോ കുളിക്കേണ്ടതാണു്.

കുളിക്കുമ്പോളെല്ലാം ശരീരം മുഴുവൻ നല്ലവണ്ണം തേയ്ക്കണം. എണ്ണതേയ്ക്കാതെ കുളിക്കുമ്പോൾ സോപ്പുതേയ്ക്കുന്നതാണു് ഉത്തമം. സോപ്പുതേയ്ക്കുന്നതുകൊണ്ടു് ചെളി നല്ലവണ്ണം പോകയും സുഷിരമുഖങ്ങൾ ശുദ്ധമാകയും ചെയ്യുന്നതിനു പുറമേ തൊലിക്കു മാർദ്ദവവും മിനുപ്പുംകൂടി ഉണ്ടാകുന്നതാണു്.

# ൨൦. സ്വയംഭരണം.

## (ആത്മഭരണം.)

തന്നത്താൻ ഭരിക്കുന്നതിനുള്ള ശക്തി ധൈര്യത്തിന്റെ ഒരു രൂപാന്തരമാകുന്നു. ഈ ശക്തി മനുഷ്യനേയും മൃഗത്തേയും വ്യത്യാസപ്പെടുത്തുന്നതും എല്ലാ സൽപ്രവൃത്തികളുടേയും ഉല്പത്തിസ്ഥാനവും ആകുന്നു.

ഓരോ മനോവികാരങ്ങളാൽ ജയിക്കപ്പെടാതെ മനോവികാരങ്ങളെ ജയിക്കുന്നവനെയാകുന്നു തന്നത്താൻ ഭരിക്കുവാൻ ശക്തിയുള്ളവനെന്നു പറയുന്നതു്. ഈ ശക്തിയില്ലാത്തവൻ ഒഴുക്കിന്റെ ഗതി അനുസരിച്ചു പോകുന്ന പൊങ്ങുതടിപോലെ ഇന്ദ്രിയവശനായും അതുള്ളവൻ ഒഴുക്കു മുറിച്ചുപോകുന്ന തീക്കപ്പൽപോലെ സ്വാധീനേന്ദ്രിയനായും കാലയാപനംചെയ്യുന്നു.

മിക്കജനങ്ങൾക്കും ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ സ്വഗൃഹങ്ങളിലുള്ളവരേയോ മററു വല്ലവരേയോ ഭരിക്കേണ്ടി വരുമെന്നുള്ളതു് നിസ്സംശയമാണല്ലോ. തന്നത്താൻ ഭരിക്കുന്നതിനു ശക്തിയില്ലാത്തവർ മററുള്ളവരെ ഭരിക്കുന്നതിനു് പ്രാപ്തന്മാരാകയില്ലെന്നുള്ളതും നിർവിവാദംതന്നെ. അതുകൊണ്ടാകുന്നു സ്വയംഭരണത്തിനു് ഇത്ര പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. എന്നാൽ കാമക്രോധാദികളെജ്ജയിക്കയെന്നുള്ളതു് അത്ര എളുപ്പമായ ഒരു കാര്യമല്ല. എന്നുതന്നെയല്ല തീരെ ജയിക്കയെന്നുള്ളതു് കേവലം അസാദ്ധ്യംതന്നെ എങ്കിലും 'നിത്യാഭ്യാസി ആനയെ എടുക്കും' എന്നുണ്ടല്ലോ. അതുകൊ

ന്റു് സ്വയംഭരണശക്തിയുണ്ടാവാൻ അനുഗ്രഹിക്കുകയും, ശ്രമപ്പെടുകയും ചെയ്യുന്നവന്നു് അതുംസമ്പാദിക്കാമെന്നുതന്നെയാണു് വിചാരിക്കേണ്ടതു്. മദ്യപാനം വ്യഭിചാരം മുതലായ ദുഷ്പ്രവൃത്തികൾ അധികമായിട്ടുണ്ടാകുന്നതു് തന്നത്താൻ ഭരിക്കുന്നതിനുള്ള ശക്തിയില്ലാത്തതുകൊണ്ടാകുന്നു. ഈ ദുഷ്പ്രവൃത്തികളിൽ പ്രവേശിക്കാതിരിക്കുന്നതിന്നു് വളരെ പ്രയാസമുണ്ടെന്നു് തോന്നുന്നില്ല. പ്രവേശിച്ചതിന്റെ ശേഷം അതിൽനിന്നു് നിവൎത്തിക്കുന്നതിനാണു് സ്വയംഭരണശക്തി മുഖ്യമായിട്ടുവേണ്ടതു്. അതു പ്രയത്നംകൊണ്ടു് സാധിക്കാവുന്നതാണെന്നാകുന്നു ഞങ്ങൾക്കു തോന്നുന്നതു്.

ഒരുവനെ മഹാനെന്നു പറയണമെങ്കിൽ അവന്നു് മുഖ്യമായിട്ടു വേണ്ടതു് തന്നത്താൻ ഭരിക്കുന്നതിനുള്ള ശക്തിയാകുന്നു. കാലദേശാവസ്ഥകൾ അറിഞ്ഞു് പ്രവൃത്തിക്കുന്നതിനും മററുമുള്ള വൈഭവം ഇതിൽനിന്നാകുന്നു പ്രധാനമായി സിദ്ധിക്കുന്നതു്.

"വികാരഹേതൌസതിവിക്രിയന്തെ യേഷാംനചേതാംസിതയേവധീരാഃ" എന്നുണ്ടല്ലൊ.

മനുഷ്യരെല്ലാവരും സ്വയംഭരണശക്തിയുള്ളവരായിരുന്നു എങ്കിൽ ഭൂമിയിൽ വ്യവഹാരങ്ങളും കലഹങ്ങളും മററുമുണ്ടാകുന്നതല്ലെന്നു്തന്നെപറയാം. അപ്പോഴാണു് മനുഷ്യരെല്ലാം ഭ്രാതാക്കന്മാരെപ്പോലെയും ഭൂമി സ്വൎഗ്ഗംപോലെയും ആയിത്തീരുന്നതു്. അതുകൊണ്ടു ദുരാഗ്രഹം കോപം രാഗദ്വേഷം മുതലായവയെ ആവുന്നിടത്തോളം അടക്കാറാകത്തക്കവണ്ണമായിരിക്കണം കുട്ടികളെ അദ്യംമുതൽക്കുതന്നെ അഭ്യസിപ്പിക്കുന്നതു്.

---

# ൨൫. സ്വയംപരിഷ്കാരം.

## (ആത്മപരിഷ്കാരം)

---

മനുഷ്യർ എല്ലാവരും പരിഷ്കാരപ്രിയന്മാരാണെന്നുള്ളതിന്നു് യാതൊരാക്ഷേപവുമില്ലല്ലോ. ഈ അവസ്ഥയെ നിവൎത്തിപ്പാൻ വേണ്ടുന്ന അറിവു് കിട്ടേണ്ടതിന്നു് രണ്ടു മാൎഗ്ഗങ്ങൾഉണ്ടെന്നും അവ

(൧) മററുള്ളവരിൽനിന്നു് നമുക്കു് കിട്ടുന്ന അറിവും (൨) നാം തന്നെ നമുക്കായി സമ്പാദിക്കുന്ന അറിവും ആകുന്നു എന്നും പ്രസിദ്ധനായ ഒരു ഗ്രന്ഥകത്താവു പറയുന്നു.

പുസ്തകങ്ങളിൽനിന്നും മററും നമുക്കു് കിട്ടുന്ന അറിവു് മററുള്ളവർ നമുക്കായി സമ്പാദിച്ചുവച്ചിട്ടുള്ള ധനത്തോടു തുല്യമാണെന്നുവരികിലും അതു് നമുക്കു പ്രയോജനകരമായിരിക്കകൊണ്ടു് നിസ്സാരമെന്നു വിചാരിച്ചുകൂട്ടുന്നതല്ലാ. ഭൂതക്കണ്ണാടി, കുഴൽക്കണ്ണാടി, എന്നിവയുടെ സഹായത്താൽ അനേകം നൂതനസംഗതികളെകണ്ടു് അതിശയിപ്പാൻ നമുക്കു് സംഗതിവരുന്നുണ്ടെങ്കിലും ഇതിന്നാധാരമായിരിക്കുന്നതു് നമ്മുടെ സ്വന്തം കണ്ണുകളാണെന്നുള്ള പരമാൎത്ഥവിവരം ഒരിക്കലും മറന്നുകളയത്തക്കതല്ല. "അന്ധനായുള്ളവൻദീപംകരത്തിങ്കലേന്തിനടന്നാൽവഴിയറിഞ്ഞീടുമൊ" എന്നുണ്ടല്ലോ. അറിവിൻെറ സാക്ഷാൽ ഉത്ഭവം സ്വജീവിതം, സ്വാനുഭവം, സ്വയമായിരിക്കുന്ന ആലോചന, സ്വപ്രവൃത്തി, എന്നിവയിൽ നിന്നത്രെ. "ഏട്ടിൽകണ്ടാൽപോരാ കൂട്ടിൽകാണണം" എന്നുള്ള പഴമൊഴി ഇവിടെ വളരെ യോജിച്ചുള്ളതായിരിക്കുന്നു. "ഒരുവൻതാൻതന്നെ തനിക്കായി സമ്പാദിക്കുന്ന അറിവാകുന്നു പഠിത്തത്തിൽ സാരമായുള്ള അംശം" എന്നു് ഒരു ഇംഗ്ലീഷ്പണ്ഡിതൻ പറഞ്ഞിട്ടുള്ളതു് "സ്വയംസഹായംസഹായം" എന്നതിനോടു ഏററവും യോജിച്ചിരിക്കുന്നു. പുസ്തകങ്ങളിൽനിന്നു് നാം അറിയുന്നസംഗതികൾ എത്ര സാരമേറിയവയായിരുന്നാലും "താൻനേടാപൊന്നിൻെറ മാറററിയാ" എന്നുള്ള ചൊല്ലിൻെറ താല്പൎയ്യപ്രകാരം മനുഷ്യർ അവയെ വിലമതിക്കാതിരുന്നേക്കാവുന്നതാകകൊണ്ടും, സ്വപ്രയത്നത്താൽ സിദ്ധിച്ചിട്ടുള്ളതിനെ മറക്കുക അത്ര എളുപ്പമല്ലായ്കകൊണ്ടും, ഇന്ധനംകൊണ്ടു പാവകൻ എന്നപോലെ ചിന്തനംകൊണ്ടു് ബുദ്ധിവൎദ്ധിക്കുന്നതാകകൊണ്ടും പരിഷ്കാരമാൎഗ്ഗങ്ങളിൽവച്ചു പ്രധാനമായിട്ടുള്ളതു് സ്വയംപരിഷ്കാരമാണെന്നു് പ്രത്യക്ഷപ്പെടുന്നു. ഈ സംഗതിയെക്കുറിച്ചു തന്നെയാകുന്നു ഇന്നേദിവസം നമുക്കു ചിന്തിപ്പാനുള്ളതു്.

ഒരുവൻ താൻതന്നെ വരുത്തുന്ന പരിഷ്കാരത്തെയാകുന്നു സ്വയം പരിഷ്കാരമെന്നുപറയുന്നതു്. ഈ പരിഷ്കാരത്തെ മാനസികപരിഷ്കാരം, കായികപരിഷ്കാരം, സാന്മാൎഗ്ഗികപരിഷ്കാരം എന്നിങ്ങിനെ മൂന്നായി വിഭാഗിച്ചുകൊണ്ടു് അവയിൽ ഓരോന്നിനെപ്പററി യഥാക്രമം പറവാൻ ആരംഭിക്കുന്നു.

സകലപ്രവൃത്തികളും മനോവിചാരത്തിൻെറ നിവൃത്തിയാക

കൊണ്ടു് മാനസിക പരിഷ്കാരം എത്രയും അത്യാവശ്യമെന്നല്ലൊ തെളിയുന്നതു്. ഈ പരിഷ്കാരം ഉത്തമമായി നിവൎത്തിക്കപ്പെടേണ്ടതിനു് അവശ്യമുള്ള സംഗതികളിൽ ചിലതു പറയാം.

൧-കാൎയ്യങ്ങളിൽ സൂക്ഷ്മനോട്ടമാകുന്നു മാനസിക പരിഷ്കാരത്തിന്റെ ഒന്നാമതായിവേണ്ടതു്. മനുഷ്യർ അനേകം വസ്തുക്കളേയും സംഗതികളേയും കാണുന്നുണ്ടെന്നു വരികിലും കാണേണ്ടുന്നവിധത്തിൽ അവയെ കാണുന്നവർ വളരെ ഉണ്ടൊ എന്നുള്ളതു സംശയഗ്രസ്തമായ ഒരുകാൎയ്യമാകുന്നു. കണ്ണുകളെ ഉപയോഗിക്കേണ്ടുന്നവിധത്തിൽ ഉപയോഗിക്കുന്നതിനുള്ള അറിവു് എല്ലാവൎക്കും സിദ്ധിച്ചിട്ടില്ലായ്കയാലാകുന്നു ഇപ്രകാരം പറയേണ്ടിവന്നിരിക്കുന്നതു്. പാഠശാലകളിൽ നിന്നു് നമുക്കു കിട്ടുന്ന അറിവു് നാം കാണുന്നതു എന്തെന്നും, അങ്ങിനെയുള്ള അറിവു നമുക്കു സിദ്ധിച്ചിട്ടില്ലെങ്കിൽ നാം കാണാതെ പോയേക്കാവുന്നതു് എന്തെല്ലാമെന്നും നമ്മെ അഭ്യസിപ്പിക്കുന്നതിനുള്ള അദ്ധ്യപാഠങ്ങൾ മാത്രമെ ആയിരിക്കുന്നുള്ളു. കാൎയ്യങ്ങളിൽ സൂക്ഷ്മനോട്ടം ഇല്ലെങ്കിൽ അവിവണ്ടി, മിന്നൽക്കമ്പി, മുതലായതു് നടപ്പായി കാണ്മാൻ സംഗതി വരികയില്ലായിരുന്നു, "സൂക്ഷിച്ചുനോക്കിയാൽ കാണാത്തതുംകാണാം" എന്നുണ്ടല്ലോ.

൨. വസ്തുക്കളേയും മററും സൂക്ഷ്മമായി നോക്കിക്കണ്ടതിന്റെ ശേഷം അവയെ തരംതിരിക്കുന്നതു അവശ്യമാകുന്നു. കാൎയ്യങ്ങളിൽ സൂക്ഷ്മനോട്ടം നല്ലതും അതിസൂക്ഷ്മനോട്ടം അധികം നല്ലതുമാണെങ്കിലും ഈ ഭൂമിയിൽ അനേകം വിഷയങ്ങളുള്ളതിനാൽ അവയെ എല്ലാം ക്രമമായി തരം തിരിക്കാത്തപക്ഷം നമ്മുടെ കണ്ണുകൾക്കു് അസ്വാസ്ഥ്യതയും പ്രയാസവും നേരിടുമെന്നുള്ളതിനു് സന്ദേഹമില്ലല്ലോ. ഈ ദോഷത്തെ നിവാരണംചെയ്യണമെങ്കിൽ ഓരോവസ്തുക്കൾ തമ്മിലുള്ള ചേൎച്ചയേയും അവ തമ്മിലുള്ള വ്യത്യാസത്തേയും പ്രത്യേകമായി നോക്കി അറിയേണ്ടതാണു്. ഈ ഗുണം ഇല്ലാത്ത ആളുകളെയാണു് വകതിരിവു് ഇല്ലാത്തവർ എന്നു് സാധാരണയായി പറയുന്നതു്. ജീവവൎഗ്ഗം, സസ്യവൎഗ്ഗം, ഇങ്ങിനെ മൂന്നു വകയുള്ളതിൽ ഓരോന്നിൽ അനേകം ഉപഭാഗങ്ങളുള്ളതിനാൽ അവയെ എല്ലാം ക്രമമായി തരംതിരിക്കാത്തപക്ഷം ഉണ്ടായേക്കാവുന്ന പ്രയാസങ്ങൾ എന്തെല്ലാമെന്നു പറയേണ്ടതില്ലല്ലോ. എല്ലാററിനേയും നോക്കുക മാത്രം ചെയ്യുന്നതിനാൽ ഒന്നിനെക്കുറിച്ചുമുള്ള ഓൎമ്മ ഇല്ലാതെ വരുന്നതായിട്ടാകുന്നു കാണുന്നതു്.

൩. കാൎയ്യകാരണജ്ഞാനം വേണ്ടതാകുന്നു. കാരണസഹി

തം കാൎയ്യം അറിഞ്ഞാൽ അത്ര വേഗം മാറകുന്നതല്ല. ഓരോ വ സ്തുക്കളുടെ പുറമേയുള്ള ഭാവം മാത്രം അറിഞ്ഞാൽ പോരാ. അവ എങ്ങിനെ ഉണ്ടായി എന്നും എന്തിനായിട്ട് ഉണ്ടായിരിക്കുന്നു എ ന്നും മററും കഴിയുന്നേടത്തോളം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇ തിനാലാകുന്നു കാൎയ്യാദികളിൽ സ്ഥിരത പ്രാപിക്കുന്നത്. കാൎയ്യ ത്തിന്റെ ഒരുവശം മാത്രം നോക്കുക, വേഗേന അഭിപ്രായം തീൎച്ച പ്പെടുത്തുക, ചിലരോടുള്ള പ്രത്യേക സ്നേഹമോ കോപമോ മററാ ഹേതുവായിട്ട് കാൎയ്യത്തെക്കുറിച്ച് നല്ലവണ്ണം ആലോചിക്കാതെ ക്ഷണത്തിൽ അഭിപ്രായം പറക, മുതലായ ദോഷങ്ങളാൽ കാൎയ്യ കാരണങ്ങളെ യോജിപ്പിക്കുന്നതിൽ തെററിപ്പോകുന്നതിന് എളു പ്പമാകകൊണ്ടു് ആവക ദോഷങ്ങളെ വൎജ്ജിക്കേണ്ടതാണ്. ഏ തെങ്കിലും ഒരു കാൎയ്യം സംഭവിച്ചാൽ അതിനടുത്ത് മുൻ സംഭവി ച്ച മറെറാരുകാൎയ്യത്തെ തൽക്കാരണമാക്കിക്കൊണ്ടു് പരസ്യമായി ഘോഷിക്കുന്നവർ വളരെയുണ്ടു്. ഒരു വാൽനക്ഷത്രംഉദിച്ചുകണ്ടാൽ ക്ഷാമമോ യുദ്ധമോ മറെറാ ഉണ്ടാകേണ്ടതിനുള്ള കാലം അടുത്തു എന്നുകരുതി വ്യസനിക്കുന്നവർ ദുൎല്ലഭമല്ല. പൂൎവ്വകാലത്ത് ഒരു വാൽനക്ഷത്രം ഉദിച്ചതിന്റെ ശേഷം തക്ക കാരണത്താൽ യുദ്ധ മോ ക്ഷാമമോ മറേറാ ഉണ്ടാകുകനിമിത്തം വാൽ നക്ഷത്രങ്ങളുടെ ഉദയം അപൽസൂചകമെന്നു് പൂൎവ്വന്മാർ (തങ്ങൾക്ക് അക്കാലത്തു ണ്ടായ അനുഭവത്തെ ഓൎത്ത്) അഭിപ്രായപ്പെടുകയും നിരുപദ്രവ കരങ്ങളായ മേല്പടി നക്ഷത്രങ്ങളെ സൎപ്പത്തെ എന്നപോലെ ഭയ പ്പെടുകയും ചെയ്തിരുന്നതുകൊണ്ടായിരിക്കാം ഇങ്ങിനെ ഒരു വി ശ്വാസമുണ്ടായത്. 'മുമ്പിൽ ഗമിച്ചീടിനഗോവുതന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം' എന്നതുപോലെയാണ് ചിലർ ഈ കാലങ്ങളിൽകൂടിയും വാൽനക്ഷത്രത്തേക്കുറിച്ച് ഈ വിധം പറ ഞ്ഞുകൊണ്ടിരിക്കുന്നത്. കാൎയ്യകാരണങ്ങളെ ഇപ്രകാരം യോജി പ്പിക്കുന്നതിൽ പരം അബദ്ധം വേറെയുണ്ടോ എന്നു് സംശയി ക്കുന്നു.

൨. മാനസസൃഷ്ടി (മനോധൎമ്മം) ആവശ്യമാണ്. നല്ല തോ ചീത്തയോ ആയിട്ടുള്ളതെന്നു് ഓരോരുത്തൎക്ക് തോന്നുന്ന സം ഗതികളെ ന്യായാനുസരണമായവിധത്തിൽ പരസ്യമാക്കേണ്ടതിന് ഓരോരോ രൂപങ്ങൾകല്പിച്ച് അവയെക്കൊണ്ടു് വെളിപ്പെടുത്തുന്ന തിനും മററുമുള്ള മനശ്ശക്തിയെ ആകുന്നു മാനസസൃഷ്ടിഎന്നു് ഞാൻ ഇവിടെ പറയുന്നത്. ഇതു് ദീൎഘാലോചനയുടെ രൂപാ ന്തരമാകുന്നു. ഇന്ദുലേഖ, മീനാക്ഷി മുതലായ നോവൽ പുസ്തക ങ്ങളിൽ പേർപറയപ്പെട്ടിട്ടുള്ള മാധവനും കൂട്ടരും തൽഗ്രന്ഥകൎത്താ

ക്കന്മാരുടെ കൃത്രിമമനുഷ്യരെന്നല്ലാതെ സാക്ഷാൽ മനുഷ്യരാണെന്നും അവയിൽ കാണുംപ്രകാരമുള്ള സംഭാഷണം വാസ്തവമായി ഉണ്ടായിട്ടുള്ളതാണെന്നും വിചാരിക്കുന്നവർ ഇല്ലല്ലൊ. കൈത്തൊഴിൽക്കാൎക്കും ഈ മാനസസൃഷ്ടി ആവശ്യകമാകുന്നു. ഇയ്യിടെ ഇവിടെ ഒരാൾ ഇന്ദുലേഖയുടേയും മാധവന്റേയും ചിത്രംഎഴുതീട്ടുള്ളതു് നാം കണ്ടിട്ടുള്ളതിനാൽ ഈ സംഗതിയെപ്പററി ഇവിടെ അധികമായി പറയേണമെന്നില്ലല്ലോ. മഴയേയും കാററിനേയും തടുക്കുന്നതും വെളിച്ചത്തെ ഉൾപ്രവേശിപ്പിക്കുന്നതുമായ ഒരു ഭവനം വൃത്തികേടായി കിടക്കുമ്പോഴത്തെ അവസ്ഥ ഏതു പ്രകാരമോ അപ്രകാരമാകുന്നു ഈ മാനസസൃഷ്ടിയോടുകൂടാതെ ജീവിക്കുന്ന മനുഷ്യന്റെ അവസ്ഥ.

൫. അതിശയിക്കത്തക്ക കാൎയ്യങ്ങളിൽ അതിശയിക്ക എന്ന ഗുണം പ്രയോജനകരമാണു്. നമ്മെ അതിശയിപ്പിക്കുന്ന കാൎയ്യങ്ങളെ പ്രവൎത്തിക്കയോ അവയോട്ട് അനുരൂപപ്പെടുകയോ ചെയ്യുന്നതിന്നു് നാം ഉത്സുകന്മാരായിരിക്കുമെന്നുള്ളതിന്നു് സംശയമില്ല. സകലവും തനിക്കറിയാമെന്നുള്ള ഭാവത്തോടുകൂടിയവൻ മാത്രമേ ഒന്നിങ്കലും അതിശയിക്കാതിരിക്കയുള്ളു. സകലത്തേയും അറിയുന്ന ആൾ ഒന്നുമാത്രമേ ഉള്ളു എന്നും അയതു് ഈശ്വരനാണെന്നും ഉള്ള ഉൽകൃഷ്ടസത്യത്തെ സ്വീകരിപ്പാൻ മതസംബന്ധമായ നാമങ്ങൾ യാതൊരുത്തൎക്കും യാതൊരു തടസ്ഥവും ചെയ്യുന്നില്ലായ്കയാൽ "ആത്മാഭിമാനിലോകാനാം വിപക്ഷോഭവതീശ്വരഃ കിന്തു തെ നൈവ നമ്രേഭ്യഃ പ്രസാദാൎത്ഥിയതെവരഃ" എന്നുള്ളതിനെ അടിസ്ഥാനമാക്കിക്കൊണ്ടു് മുൻപറഞ്ഞ ഭാവം ദോഷകരമെന്നു് സ്ഥാപിപ്പാൻ അധൈൎയ്യപ്പെടുന്നില്ല. അതിശയിക്കത്തക്ക കാൎയ്യങ്ങളിൽ അതിശയിക്കാതിരിക്കുന്നതു് അതിശയിപ്പാനുള്ള ബോധം ഇല്ലായ്കയാലാകുന്നു എന്നത്രെ വിചാരിക്കേണ്ടതു്. എന്തെങ്കിലും കണ്ടാൽ അതിൽ ഹസിക്കത്തക്ക ഭാഗത്തെ തിരഞ്ഞെടുക്കുന്നതു് ആഴമില്ലാത്ത മനസ്സിന്റെ ലക്ഷണമാകുന്നു. ഹസിക്കുന്നവൻ കാൎയ്യങ്ങളുടെ ബഹിൎഭാഗത്തു സ്ഥിതിചെയ്യുന്നവനാണന്നത്രെ അരിസ്റ്റോട്ടൽ പറയുന്നതു്.

൬. ധാരണാശക്തി ആവശ്യമാണു്. ധനത്തെ രക്ഷിപ്പാൻനിവൃത്തിയില്ലെങ്കിൽ സമ്പാദിച്ചിട്ടാവശ്യമില്ലാതിരിക്കുന്ന പ്രകാരംതന്നെ പഠിക്കുന്നതെല്ലാം മറക്കുകയെന്നുവച്ചാൽ പഠിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. "പഠിച്ചതും പഠിക്കാത്തതും ഒരുപോലെയായാൽ പഠിച്ചിട്ടു് കാൎയ്യമില്ല" എന്നു് ഒരാൾ പറഞ്ഞിട്ടുള്ളതിന്നു് രണ്ടൎത്ഥമുണ്ടെങ്കിലും ഒരൎത്ഥം സംഗതിയോടു വളരെ ചേ

ച്ചയുള്ളതുതന്നെ. ഓരോ കാൎയ്യങ്ങളെക്കുറിച്ച് അപൂൎണ്ണമായും അവ്യക്തമായും ഉള്ള അറിവാകുന്നു പെട്ടെന്നു് വിട്ടുപോകുന്നതു്. അറിയേണ്ടുന്ന സംഗതികൾ പൂൎണ്ണമായും വ്യക്തമായും അറികയും വസ്തുക്കളേയും മററും യുക്ത്യനുസരണമായി തരംതിരിക്കയും കാരണസഹിതം കാൎയ്യത്തെ ഗ്രഹിക്കയും ഒരേ സംഗതിയെത്തന്നെ ആവൎത്തിച്ചു ചിന്തിക്കയും മററും ചെയ്യുന്നതായാൽ ധാരണാശക്തി വൎദ്ധിക്കാതിരിക്കയില്ല. പല സംഗതികളെക്കുറിച്ച് അവ്യക്തമായി അറിയുന്നതിനേക്കാൾ ഒരു സംഗതിയെങ്കിലും വഴിപോലെ അറിഞ്ഞിരിക്കയാകുന്നു നല്ലതു് എന്നു് പ്രത്യേകം അറിയേണ്ടതാകുന്നു.

൧. മനുഷ്യൻ സംസാരിക്കുന്ന ഒരു സൃഷ്ടിയാകകൊണ്ടു് പരസ്പരം മനോവിചാരങ്ങളെ അറിയിക്കേണ്ടതിന് ഭാഷ ആവശ്യമാകുന്നു. എങ്കിലും ഭാഷ ഉണ്ടായാൽ മാത്രം പോരാ വാചകഭംഗി കൂടിയെ മതിയാവൂ. നാം സംസാരിക്കുകയോ എഴുതുകയോ ചെയ്യുമ്പോൾ ഒക്കയും നമ്മുടെ വാചകങ്ങൾ വളരെ ഭംഗിയായിരിക്കണം. അവ ഭാഷാരീതിയേയും വ്യാകരണസൂത്രങ്ങളേയും അനുസരിച്ചിരിക്കണം. സ്പഷ്ടത, സരളത, ശക്തി എന്നീ ഗുണങ്ങൾ വാചകങ്ങൾക്കു് പ്രത്യേകം ആവശ്യമാകുന്നു. "വല്ലതും പറവാനുണ്ടെങ്കിൽ അയതു് പറയേണ്ടുംവിധം അറിഞ്ഞിരിക്കണം" എന്നു് സാക്രെററീസ് പറഞ്ഞിട്ടുള്ളതു് ഇവിടെ ഓൎക്കേണ്ടിയിരിക്കുന്നു. മനസ്സിൽ യാതൊരു വിചാരവുമില്ലെങ്കിൽ വാചകമാവശ്യമില്ല. വാചകമാവശ്യമായി വരുന്ന പക്ഷം നിഷ്പ്രയാസമായി അൎത്ഥം ഗ്രഹിക്കത്തക്ക വിധത്തിൽ എഴുതുകയോ സംസാരിക്കയോ ചെയ്വാനുള്ളതാകുന്നു. സമൎത്ഥന്മാരായ ഗ്രന്ഥകൎത്താക്കന്മാർ എഴുതീട്ടുള്ളതും എഴുതുന്നതും ആയ പുസ്തകങ്ങൾ താല്പൎയ്യത്തോടുകൂടെ വായിക്കുന്നവൎക്കു് ഈ ഗുണം സിദ്ധിക്കാതിരിക്കയില്ല. ദ്വയാൎത്ഥവാചകപ്രയോഗം സാധാരണ സ്വീകാരയോഗ്യമല്ലെന്നറിയേണ്ടതാകുന്നു.

മാനസികപരിഷ്കാരം സഫലമായി തീരേണ്ടുന്നതിന് വേണ്ടുന്ന സംഗതികളെക്കുറിച്ച് ഇവിടെ ഇത്രമാത്രം പറഞ്ഞാൽ മതിയായിരിക്കുമെന്നു് വിശ്വസിക്കുന്നു.

ഇനി നമുക്കു് ചിന്തിപ്പാനുള്ളതു് കായികപരിഷ്കാരത്തെപ്പററിയാകുന്നു. കായികപരിഷ്കാരം ഒരു പ്രകാരത്തിലും ഉപേക്ഷണീയമല്ല. "ചുവരുണ്ടെങ്കിലെ ചിത്രമെഴുതിക്കൂട്ടു" എന്നുണ്ടല്ലോ. ദേഹസംബന്ധമായ പരിഷ്കാരത്തിന് ആവശ്യമുള്ള സംഗതികളെന്തെല്ലാമെന്നു് (ഏവൎക്കും വായിച്ചറിയത്തക്കവിധത്തിൽ) അ

ആരോഗ്യരക്ഷോപായം എന്ന പുസ്തകത്തിൽ വഴിപോലെ വിവരിച്ചിട്ടുണ്ടെങ്കിലും ഇത്ര സാരമേറിയ ഒരു സംഗതിയെക്കുറിച്ച് ഇവിടെ ഒന്നുംതന്നെ പറയാതിരിക്കുന്നതു് അവിഹിതം എന്നു നിശ്ചയിച്ചു കഴിയുന്നിടത്തോളം ചുരുക്കി കുറഞ്ഞൊന്നു പറഞ്ഞുകൊള്ളുന്നു.

൧. ദേഹസംബന്ധമായ പരിഷ്കാരത്തിന് വ്യായാമം ആവശ്യമാകുന്നു. വ്യായാമം രക്തസഞ്ചാരത്തിനുംമററും ആവശ്യമാകുന്നു. വ്യായാമത്തിൽ ഉൾപ്പെടുന്നതായ ചില കളികൾ ഉണ്ടു്. ആവക കളികളിൽ ഏർപ്പെടുന്നതു് നല്ലതാകുന്നു. ചതുരംഗക്കളിവ്യായാമത്തിൽ ഉൾപ്പെട്ടതാണെന്നു് ചിലർ അബദ്ധമായി വിചാരിക്കുന്നുണ്ടു്. ദിവസേന രണ്ടുനാഴിക വീതമെങ്കിലും പുറത്തിറങ്ങിനടക്കേണ്ടതാകുന്നു. വിദ്യ മനസ്സിനെ എന്നപോലെ വ്യായാമം ദേഹത്തെ പരിഷ്കരിക്കുമെന്നു് അറിയേണ്ടതാകുന്നു.

൨. ഭക്ഷിക്കുന്നതിലും പാനംചെയ്യുന്നതിലും ചിലനിയമങ്ങൾ വേണ്ടതാണ്. കിട്ടുന്നതൊക്കെയും കിട്ടുമ്പോൾ ഒക്കെയും ഭക്ഷിക്കാമെന്നു് വിചാരിക്കരുതു്. ദേഹരക്ഷയ്ക്കാവശ്യമായിരിക്കുന്ന സാധനങ്ങളെയാണ് ഭക്ഷിക്കേണ്ടതു്. ശീഘ്രത്തിൽ ഭക്ഷിക്കുന്നതിനാൽ ഭക്ഷിക്കുന്നതിലുള്ള സുഖവും ദഹനശക്തിയാലുള്ള ഗുണവും ഇല്ലാതെയാകുന്നു. ഭക്ഷിക്കുന്നസമയത്തു് വായിക്കുന്നതിനാൽ തലച്ചോറിനും ആമാശയത്തിനും ക്ഷീണം ഭവിക്കുന്നതാകകൊണ്ടു് ഈ വക രണ്ടുപ്രവൃത്തിയും ഒരേസമയത്തുതന്നെ നടത്തിക്കളയാമെന്നു് ആരും വിചാരിക്കരുതു്. നാം ചില പ്രത്യേകഭക്ഷണസാധനങ്ങൾക്കു് അടിമകളെന്നപോലെ ആയിത്തീരാതിരിപ്പാൻ സൂക്ഷിക്കേണ്ടതാകുന്നു. ആവകസാധനങ്ങൾ കിട്ടാത്ത രാജ്യത്തേയ്ക്കു് പോകേണ്ടിവന്നാൽ നാം വളരെ ബുദ്ധിമുട്ടേണ്ടിവരുമല്ലോ. പാനംചെയ്വാൻ ശുദ്ധജലംമതി. അതിനാൽ യാതൊരുദോഷവും ഉണ്ടാകുന്നതല്ല. മദ്യപാനം ദോഷകരമെന്നു് പറയേണ്ടതില്ലല്ലോ.

൩. രക്തത്തെ ശുദ്ധീകരിപ്പാൻ അശുദ്ധവായുവിനു് കഴിയുന്നതല്ല. അതുകൊണ്ടു് നമുക്കു് ശുദ്ധവായു എത്രയും അത്യാവശ്യമായിരിക്കുന്നു. അശുദ്ധവായു ദേഹസൌഖ്യത്തെ ഇല്ലായ്മചെയ്യാതിരിക്കയില്ല. അതിനാൽ ഇക്കാര്യത്തിൽ പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു.

൪. ദിവസേന ആറോ എട്ടോ മണിക്കൂറിൽ കുറയാതെ ഉറങ്ങേണ്ടതും അതികാലത്തു് എഴുന്നേല്ക്കേണ്ടതും ആകുന്നു. ഉറക്കമിളയ്ക്കുന്നതു് ദേഹസൌഖ്യത്തിനു് ഹാനികരമാണ്.

൫. ദിവസംതോറും കാലത്തു് കുളിക്കുന്നതു് ദേഹരക്ഷയ്ക്കു്

അത്യാവശ്യമാകുന്നു. എങ്കിലും കുളിക്കുന്നതു് ശുദ്ധജലത്തിലായിരിക്കണം.

കായികപരിഷ്കാരത്തെക്കുറിച്ചു് ഇനിയും അധികമായി അറിയണമെന്നു് ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ അവരോടുള്ള എന്റെ അപേക്ഷ "ആരോഗ്യരക്ഷോപായം" പഠിച്ചാൽ കൊള്ളാമെന്നാകുന്നു എന്നറിയിച്ചുകൊണ്ടു്, ഇനി ചിന്തിക്കേണ്ടതായി ശേഷിച്ചിരിക്കുന്ന മൂന്നാമത്തെ സംഗതിയായ സന്മാൎഗ്ഗികപരിഷ്കാരത്തെക്കുറിച്ചു് അല്പം പറവാൻ ഭാവിക്കുന്നു.

മനുഷ്യർ ശരീരസുഖത്തോടുകൂടിയവരായിരുന്നാൽ പോരാ. അവർ നല്ലവരായുമിരിക്കണം. "സുശീലമെന്നതു് ജീവിതത്തിന്റെ മഹത്വവും കിരീടവും ആകുന്നു." വിദ്യയുള്ളവൻ വിദ്വാൻ എന്നും ബുദ്ധിയുള്ളവൻ ബുദ്ധിമാൻ എന്നും ഉള്ള പേരിനല്ലാതെ ഉത്തമൻ എന്ന പേരിനു് അൎഹനായി ഭവിക്കുന്നില്ല. ആ പേർ സുശീലന്മാൎക്കുള്ളതാകുന്നു. അവരെയാകുന്നു ജനങ്ങൾ മനഃപൂൎവം സ്നേഹിക്കയും വിശ്വസിക്കയും ചെയ്യുന്നതു്.

"ദുൎജ്ജനഃപരിഹൎത്തവ്യോ വിദ്യയാലംകൃതോപിസൻ
മണിനാഭൂഷിതസ്സൎപ്പഃ കിമസൌനഭയംകരഃ"

എന്നുണ്ടല്ലോ. ബുദ്ധിയും വിദ്യയും ഉണ്ടായിട്ടും സുശീലമെന്ന ഏകഗുണം ഇല്ലായ്കനിമിത്തം അരിഷ്ടിക്കുന്നവർ വളരെയുണ്ടെന്നും, സുശീലമെന്ന ഒന്നിനെമാത്രം തങ്ങൾക്കുള്ള സകലവുമാക്കിക്കൊണ്ടു്, മാനത്തോടും സുഖത്തോടുംകൂടെ ഈ ലോകത്തിൽ ജീവിക്കുന്നവരുണ്ടെന്നും ഉള്ള സംഗതി ഒരിക്കലും മറന്നുകളയത്തക്കതല്ല. "ശീലം പ്രധാനം ന കുലം പ്രധാനം" എന്നുണ്ടു്. വിദ്യയേയും ബുദ്ധിയേയും ഞാൻ ധിക്കരിക്കുന്നില്ല. വിദ്യയും ബുദ്ധിയും എന്നപോലെ തന്നെ സന്മാൎഗ്ഗവും നമുക്കാവശ്യമെന്നത്രേ ഞാൻ പറയുന്നതു്.

മനുഷ്യർ എല്ലാവരും സന്മാൎഗ്ഗികളായിരിക്കേണ്ടതാകകൊണ്ടു് ആ ഗുണത്തിൽ വളൎന്നുവരേണ്ടതിന്നനുകൂലമായിരിക്കുന്ന ചില സംഗതികൾ പറയാം.

൧. സന്മാൎഗ്ഗികപരിഷ്കാരത്തിനു് ഒന്നാമതു് ആവശ്യമായിരിക്കുന്നതു് അനുസരണം ആകുന്നു. പ്രജകളെന്നമുറയ്ക്കു നമുക്കു് അനുസരണമാവശ്യമെന്നു് ഏവൎക്കും അറിയാമല്ലോ. ഏതെങ്കിലും ഒരു സഭയിലെ നല്ല അംഗമായിരിക്കേണമെന്നു് ആഗ്രഹിക്കുന്നവർ ഒന്നാമതായി പഠിക്കേണ്ടതു് അനുസരണമാകുന്നു. അനുസരണമെന്തെന്നു് സ്വാനുഭവത്താൽ അറിഞ്ഞിട്ടില്ലാത്തവൻ കല്പിക്കു

ന്നതിൽ സമൎത്ഥനായിരിക്കയില്ല. ഭരിക്കപ്പെട്ടവൻ മാത്രമേ ഭരിപ്പാൻ സമൎത്ഥനായിരിക്കയുള്ളു. രാജകല്പനകളെയും മാതാപിതാക്കന്മാരെയും ഗുരുക്കന്മാരെയും മേലധികാരികളേയും അനുസരിച്ചു് നടക്കുന്നതു് ഏവൎക്കുമുള്ള പദവിയും സ്വാതന്ത്ര്യവും ആകുന്നു എന്നത്രെ അറിയേണ്ടതു്. സൎവ്വജ്ഞനായ ഈശ്വരൻെറ കല്പനകളെ അനുസരിക്കുന്നതിൽ നാം എത്രമേൽ ശ്രദ്ധാൎത്ഥിയുള്ളവരായിരിക്കണമെന്നുള്ളതിനെപ്പററി ഇവിടെ പറഞ്ഞേകഴിയൂ എന്നില്ലല്ലോ. "പരമേശാല്ധിയാഭീതിസ്സൎപ്രജ്ഞായാഉപക്രമഃ" എന്നുണ്ടു്.

൨. സത്യം പ്രത്യേകം വേണ്ടതാണ്. സകല ദുഷ്പ്രവൃത്തികളും ഒരവസ്ഥയിൽ സത്യലംഘനമാകുന്നു. സത്യവാനായ ഒരീശ്വരൻ സത്യവാദികളെയാകുന്നു സ്നേഹിക്കുന്നതു്. "മൃഷാവിദ്വദ്ധരാൻലോകാൻ ഗൎഹതേപരമേശ്വരഃ" എന്നുണ്ടു്. ഈശ്വരനും മനുഷ്യരും അസത്യത്തെ പകയ്ക്കുന്നു എന്നു് പ്ലെറേറാ പറഞ്ഞിട്ടുള്ളതു് എത്രയും ശരിയായിട്ടുള്ളതാകുന്നു.

"വസ്തുക്കളുണ്ടനേകങ്ങൾ മൎത്ത്യന്മാൎക്കുസുഖത്തിനായ്
സത്യമെന്നൊന്നുപോരാഞ്ഞാൽ മിത്ഥ്യതന്നെയതൊക്കയും"

എന്നുള്ളതു് എപ്പോഴും ഓൎക്കേണ്ടതാണ്. "അസത്യമെന്നതു ഭീരുക്കളുടെ കോട്ടയും അടിമകളുടെ പരിചയവും, സ്ത്രീകളുടെ സങ്കേതവും ഏഷണിക്കാരുടെ വാളും ആകുന്നു" എന്നു് ഒരു ഗ്രന്ഥകൎത്താവു് പ്രസ്താവിച്ചിരിക്കുന്നു. മററുള്ളവരെ പാട്ടിലാക്കുന്നതിന്നു് മുഖസ്തുതിക്കാർ അസത്യത്തെയാണ് സിദ്ധൌഷധമായി പ്രയോഗിച്ചുവരുന്നതു്. നമ്മുടെ വാക്കു്, പ്രവൃത്തി, എന്നിവയെല്ലാം എല്ലായ്പോഴും സത്യത്തെ അനുസരിച്ചിരിക്കേണ്ടതാണ്. "സത്യാന്നാസ്തിപരോധൎമ്മഃ" എന്നുണ്ടല്ലോ.

൩. ഒരിക്കലും മടിയായിരിക്കരുതു് സമയത്തെ വൃഥാ നഷ്ടമാക്കിക്കളയാതെ പതിവായി എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ആളുകൾ അധികമായി ദോഷത്തിൽ ഉൾപ്പെട്ടുകാണുന്നില്ല. (അനാവശ്യകാൎയ്യങ്ങളിൽ ഏൎപ്പെടുവാൻ എനിക്കു് സമയമില്ല) എന്നു് മററുള്ളവരോടു് പറവാൻ സംഗതി വരുന്നതു് തന്നെ ഒരു വലിയ ഭാഗ്യമാകുന്നു. "പരിശ്രമശീലം ഭാഗ്യത്തിൻെറ മാതാവാകുന്നു" എന്നുള്ളതിനെ, ഏതുരാജ്യത്തുള്ളവർ തങ്ങളുടെപഴമൊഴികളിൽ ഒന്നാക്കി വെച്ചുകൊണ്ടിരിക്കുന്നുവോ ആ രാജ്യത്തുള്ളവൎക്കുണ്ടായിട്ടുള്ള ഉന്നതിയെക്കുറിച്ചു ചിന്തിക്കുമ്പോൾ "മടികുടികെടുക്കും" എന്നുള്ള പഴമൊഴിയുടെ സൂക്ഷ്മാൎത്ഥം വഴിപോലെ തെളിയാതിരിക്കയില്ല. "ഉദ്യമേനഹിസിദ്ധ്യന്തി കാൎയ്യാണിനമനോര

ഥൈഃ നഹിസുപ്തസ്യസിംഹസ്യ പ്രവിശന്തിമുഖെമൃഗാഃ" എന്നു ണ്ടല്ലൊ.

൫. എല്ലാവരേയും സ്നേഹിക്കണം. എല്ലാവരേയുംസ്നേഹിക്കയെന്നുള്ളതു് വിശാലഹൃദയത്തിന്റെ ലക്ഷണമാകുന്നു. ചൂൎണ്ണാദിഭിണ്ഡീഭാവഹേതുവായിരിക്കുന്ന ഗുണത്തെയാകുന്നു സ്നേഹമെന്നുപറയുന്നതു്. സ്നേഹിതന്മാരേയും ബന്ധുക്കളേയും മാത്രമല്ല നമ്മുടെ ശത്രുക്കളേയും നാം സ്നേഹിപ്പാനുള്ളതാകുന്നു. മററുള്ളവരിൽനിന്നു് നാം അഗ്രഹിക്കുന്ന പ്രകാരമുള്ള നന്മകളെ നാമും മററുള്ളവൎക്കു് ചെയ്യേണ്ടതാകുന്നു. ഇതു് അത്ര എളുപ്പമായ ഒരുകാൎയ്യമല്ലാ. എങ്കിലും "നിത്യാഭ്യാസി ആനയെ എടുക്കും" എന്നുണ്ടല്ലൊ. "സ്നേഹം ഇല്ലെങ്കിൽ ഞാൻ ഏതും ഇല്ലാ" എന്നു് ഒരു ഗ്രന്ഥകൎത്താവു് തന്നെക്കുറിച്ചു് താൻതന്നെ പറഞ്ഞിട്ടുള്ളതിനെപ്പററി പ്രത്യേകം ചിന്തിക്കേണ്ടതാകുന്നു.

൬. കാൎയ്യാദികളിൽ അതിശയിക്ക എന്നഗുണം സന്മാൎഗ്ഗസംബന്ധമായ പരിഷ്കാരത്തിനും അവശ്യമാണു്. ഇതിനെപ്പററി ആദ്യഭാഗത്തു പറഞ്ഞിട്ടുള്ളതുകൊണ്ടു് ഇവിടെ യാതൊന്നും പറയുന്നില്ല.

൭. പരിപാകം സന്മാൎഗ്ഗപ്രിയന്മാരായ സകലൎക്കും അവശ്യമാണു്. സന്തോഷസമയത്തും സന്താപസമയത്തും പരിപാകമായി ജീവിക്കയെന്നുള്ളതു് വിശാലമനസ്സുള്ള മനുഷ്യന്റെ ലക്ഷണങ്ങളിൽ ഒന്നാകുന്നു, ഈ ഗുണം ഇല്ലായ്കയാലുള്ള ദോഷം ചെറുപ്രായക്കാരെയാകുന്നു അധികമായി ബാധിച്ചു കാണുന്നതു്. ചെറുപ്രായക്കാർ ഈശ്വരകൃപയാൽ മാതാപിതാക്കന്മാരും, രക്ഷകൎത്താക്കന്മാരും സമുദായക്ഷേമപാലകന്മാരും ആയിത്തീരുവാനുള്ളവരാകകൊണ്ടു് അവരാകുന്നു ഇക്കാൎയ്യത്തിൽ അത്യധികം ശ്രദ്ധവയ്ക്കേണ്ടതു്. "അതിസൎവ്വത്രവൎജ്ജയേൽ" എന്നുണ്ടല്ലോ.

൮. ദ്രവ്യാൎജ്ജനൈകതല്പരത അയോഗ്യമാകുന്നു "പണമെന്നു പറഞ്ഞാൽ പിണവും വാതുറക്കും" എന്നൊരു പഴമൊഴി നമുക്കുണ്ടെന്നുവരികിലും, പണം സമ്പാദിപ്പാനായിട്ടാകുന്നു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു എന്നു് വിചാരിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. മനുഷ്യരെ വിലമതിക്കേണ്ടതു്, അവൎക്കുള്ള ദ്രവ്യത്തിന്റെ അധിക്യത്തേയോ, സ്ഥാനവലിപ്പത്തേയോ മാത്രം നോക്കീട്ടല്ല. അവരുടെ സ്വഭാവഗുണമാകുന്നു ഇതിന്നാധാരമായിരിക്കേണ്ടതു്. ദ്രവ്യം സമ്പാദിക്കുകയെന്നുള്ളതാകുന്നു തന്റെ

ഏകചൂതല എന്നു് വിചാരിക്കുന്നവർ തങ്ങളുടെ ആ അഗ്രഹം സാധിക്കേണ്ടതിന്നു് ന്യായവിരോധമായ പ്രവൃത്തികൾ കൂടെ ചെയ്യാതിരിക്കയില്ല. അങ്ങിനെയുള്ള പ്രവൃത്തികൾ ചെയ്യുന്നവരോടു് മനുഷ്യൎക്കും ഈശ്വരനും പ്രീതി ഉണ്ടാകയില്ല.

൮. സ്ഥിരോത്സാഹം അവശ്യമാണു്. ഉത്സാഹം നല്ലതുതന്നെ. എങ്കിലും ഏററവും അധികം അത്യാവശ്യമായിട്ടുള്ളതു സ്ഥിരോത്സാഹം ആകുന്നു. "യത്നം കൂടാതെ കാൎയ്യങ്ങൾ സാധിപ്പാൻ കഴിയില്ലല്ലോ" എന്നൊരു കവി പറഞ്ഞിട്ടുള്ളതു ഇവിടെ ഓൎക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു കാൎയ്യം ചെയ്വാൻ ഒന്നാമതായി ആരംഭിക്കുമ്പോൾ അതു് വളരെ പ്രയാസമായി തോന്നും. ആദ്യത്തിലുള്ള പ്രയാസത്തെക്കണ്ടു് ഭയപ്പെട്ടു് പിന്മാറിക്കളയുന്നതു അനുചിതമാകുന്നു.

"വങ്കടൽക്കരെച്ചെന്നുനിൽക്കുമ്പോൾശിവശിവ
സങ്കടംഅതിലിറങ്ങീടുവാനെന്നുതോന്നും
ഒട്ടുനാളിറങ്ങിയുംമുങ്ങിയുംതിരവന്നു
തിട്ടിയിട്ടലഞ്ഞുമിങ്ങൊരുട്ടടംചെന്നുംപോന്നും
പെട്ടെന്നുപരിചയിച്ചീടിനാലൊരുവഴി
കിട്ടുമങ്ങതിൽനീന്തിക്രീഡിച്ചുമേവീടുവാൻ"- എന്നുണ്ടല്ലോ

പ്രയത്നസാദ്ധ്യങ്ങളായ കാൎയ്യങ്ങളാകുന്നു ശ്ലാഘനീയങ്ങളായി കാണുന്നതു്. സ്ഥിരോത്സാഹത്തിൽ സമൎത്ഥന്മാരായിട്ടുള്ളവരാണു്, നൂതനകാൎയ്യങ്ങളെ കണ്ടുപിടിക്കുന്നതിൽ സമൎത്ഥന്മാർ എന്നുള്ള പേർ സമ്പാദിച്ചിട്ടുള്ളതു്. "അത്ഭുതകരങ്ങളായിരിക്കുന്ന നൂതനകാൎയ്യങ്ങളെ എങ്ങിനെയാണു് കണ്ടുപിടിക്കുന്നതു്." എന്നു് സർ. ഐസക്ക് ന്യൂട്ടൻ എന്ന ആളോടു് ചോദിച്ചതിനു് "അവയെക്കുറിച്ചു് എപ്പോഴും ചിന്തിക്കുന്നതിനാൽ തന്നെ" എന്നു് അദ്ദേഹം മറുപടി പറകയുണ്ടായി. ഈ മറുപടി വളരെ സാരമായിട്ടുള്ളതാണു്. സന്മാൎഗ്ഗസംബന്ധമായ പരിഷ്കാരത്തിനാവശ്യമുള്ള സംഗതികളിൽ സ്ഥിരോത്സാഹം എത്രയും സാരമേറിയതെന്നാണു് വിചാരിക്കേണ്ടതു്.

"മൎത്ത്യന്മാർമൂന്നുവിധമുണ്ടെന്നുബോധിക്കേണം
ഉത്തമനധമനുംമദ്ധ്യമനെന്നീവണ്ണം
എന്നതിലധമൻതാൻവിഘ്നത്തിൽഭയംകൊണ്ടു്
ഒന്നുമേതുടങ്ങാതെസ്വസ്ഥനായിരുന്നീടും
മദ്ധ്യമൻപിന്നെക്കാൎയ്യംതുടങ്ങുംമുടങ്ങുമ്പോൾ
ബുദ്ധിയുംകെട്ടുപാരംമടങ്ങിയടങ്ങീടും

ഉത്തമൻമദ്ധ്യമദ്ധ്യമുടക്കംവന്നെങ്കിലും
സിദ്ധമാവോളംകാൎയ്യംകൈവിടുകയുമില്ല”

എന്നു പ്രസിദ്ധനായ കുഞ്ചൻനമ്പ്യാർ പറഞ്ഞിട്ടുള്ളതിനെ ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ടു്, ഉത്തമന്മാർ എന്നുള്ള പേരിനെ സമ്പാദിപ്പാൻ യത്നിക്കേണ്ടതാകുന്നു. “ദോഷഭീതേരനാരംഭസ്തൽകാപുരുഷലക്ഷണം കൈരജീൎണ്ണഭയാൽഭ്രാതൎഭോജനം പരിഹീയതെ” എന്നുണ്ടല്ലോ.

൪. ഉത്തമന്മാരായ ആളുകളുടെ ജീവചരിത്രം ഇക്കാൎയ്യത്തിൽ വളരെ പ്രയോജനകരമാകുന്നു. അവർ പറഞ്ഞിട്ടുള്ളതും പ്രവൎത്തിച്ചിട്ടുള്ളതും നാം അറിയുമ്പോൾ, നമുക്കും ആ അവസ്ഥയിൽതന്നെ ജീവിക്കേണമെന്നുള്ള ഒരു നല്ല ആഗ്രഹം ഉണ്ടാകാതിരിക്കയില്ല. ‘വിദ്യ എന്നതു, വില്പനയോ ലാഭം സമ്പാദിക്കയോ ചെയ്യുന്നതിനുള്ള കച്ചവടപ്പുരയല്ല. അതു് സ്രഷ്ടാവിൻെറ മഹിമക്കായിട്ടുള്ള ഒരു ഭണ്ഡാരപ്പുരയത്രെ’ എന്നു തത്വജ്ഞാനിയായ ബേക്കൻ പറയുന്നു. ഒരുവൻെറ വാക്കു്, പ്രവൎത്തി എന്നിവയെ സൂക്ഷിക്കുന്നതായാൽ, അവൻെറ സഖികൾ എങ്ങിനെയുള്ളവരെന്നു പരാപേക്ഷ കൂടാതെതന്നെ നമുക്കു് അറിയാമല്ലോ. അപ്രകാരംതന്നെ, ഏതുവിധമുള്ള പുസ്തകങ്ങളാണു് ഒരുവൻ വായിക്കുന്നതെന്നും അവൻെറ പ്രവൎത്തികളേയും മററും സൂക്ഷിച്ചാൽ അറിയാവുന്നതാണു്. “വിദ്യകൊണ്ടറിയേണ്ടതറിയാതെ വിദ്വാനെന്നു നടിക്കുന്നിതു ചിലർ” എന്നു് ഒരു കവി പറഞ്ഞിട്ടുള്ളതിൻ പ്രകാരമുള്ള ആളുകൾ എഴുതുന്ന ചില പുസ്തകങ്ങൾ വായിക്കുന്നതിനാൽ യാതൊരു ഗുണവും ഉണ്ടാകുന്നില്ലെന്നുതന്നെയല്ല അതിനാൽ വല്ല ദോഷവുമുണ്ടായി എന്നുകൂടി വന്നേക്കാം. അതുകൊണ്ടു് വായിപ്പാൻ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന കാൎയ്യത്തിൽ അല്പം ആലോചനയും മററും വേണ്ടിയിരിക്കുന്നു. ജീവചരിത്രമെഴുതുകയെന്നുള്ള സമ്പ്രദായം ഇവിടങ്ങളിൽ വേണ്ടും വണ്ണം നടപ്പാകാതിരിക്കുന്നതു് എന്തുസംഗതിവശാലാണെന്നു അറിയുന്നില്ല.

മേല്പറഞ്ഞ സംഗതികൾ സന്മാൎഗ്ഗസംബന്ധമായ പരിഷ്കാരത്തിനു് ആവശ്യമുള്ളവയാണു്—മനുഷ്യർ എല്ലാവരും സന്മാൎഗ്ഗികളായിത്തീരുന്നകാലത്തു് ദുൎവ്യവഹാരങ്ങളും മററും ഉണ്ടാകയില്ല. സന്തോഷവും സമാധാനവും എങ്ങും ഉണ്ടാകും. വ്യഭിചാരം, മോഷണം, മുതലായ ദുഷ്പ്രവൃത്തികൾ നാമാവശേഷമായിത്തീരും. ചുരുക്കിപ്പറയുന്നതായാൽ, ഈ ഭൂമി സ്വൎഗ്ഗമോ എന്നു തോന്നില്ലേ

കം എന്നല്ലേ പറയേണ്ടു. കപ്പലുകളെ അപകടത്തിൽ നിന്നും മററും തിരിക്കുന്നതിന്നും മാലുമി എന്നപോലെ, ദോഷത്തിൽനിന്നും അതിൻെറ സകല ഛായയിൽനിന്നും നമ്മെ രക്ഷിക്കുന്നതിനും സന്മാൎഗ്ഗപ്രമാണങ്ങൾ നമുക്ക് അവശ്യമായിരിക്കുന്നു.

'സദാചാരപരിചയത്തിന്നേക്ക് ധൈൎയ്യപ്പെടുത്തുന്നതിലും, ദോഷകൃത്യങ്ങളെ വിരോധിക്കുന്നതിലും, ജ്ഞാനത്തെ ദാനംചെയ്യുന്നതിലും ഉണ്ടായിരിക്കേണ്ട താല്പൎയ്യവും വിശ്വസ്തതയും, അതുകൂടെ ശിഷ്യന്മാരോട്ട് ഗുരുക്കന്മാർ ചെയ്യേണ്ട കൎത്തവ്യകൎമ്മങ്ങൾ, എന്ന് ഒരു ഗ്രന്ഥകൎത്താവു് പറഞ്ഞിട്ടുള്ളതിനെപ്പററി അദ്ധ്യാപകന്മാരും അദ്ധ്യാപകന്മാരാകുവാനിരിക്കുന്നവരും പ്രത്യേകം ചിന്തിക്കേണ്ടതാണെന്നു് പറവാൻ സംശയിക്കുന്നില്ല. പ്രമാണത്തേക്കാൾ ദൃഷ്ടാന്തം അധികം ഫലപ്രദമാകകൊണ്ടു് 'ഞാൻ പറയുന്നതുപോലെയല്ലാതെ പ്രവൃത്തിക്കുന്നതുപോലെ പ്രവൎത്തിക്കരുതു്" എന്നുപറയുന്ന ഗുരുക്കന്മാരുടേയോ മാതാപിതാക്കന്മാരുടേയൊ അധീനത്തിൻ കീഴിരിക്കുന്ന കുട്ടികൾ നല്ലവരായിത്തീരുമെന്നു് വിചാരിപ്പാൻ ന്യായമില്ല. അതുകൊണ്ടു ഗുരുനാഥന്മാരും മാതാപിതാക്കന്മാരും സന്മാൎഗ്ഗസംബന്ധമായ കാൎയ്യങ്ങളിൽ ഉത്തമമാതൃകകളായിരിപ്പാനുള്ളതാകുന്നു. കുട്ടികളെ സന്മാൎഗ്ഗികളാക്കിത്തീൎപ്പാനുള്ള ഭാരം ഇവരെയാകുന്നു സംബന്ധിച്ചിരിക്കുന്നതു്.

'കണ്ടാലാനന്ദമന്തൎബ്ബഹിരപിചതഥാകണ്ടതേക്കാൾഗുരുത്വം
വേണ്ടുംവണ്ണംപ്രയോജ്യംവിലമുറിവിഷമംവിക്രയംദിക്കിലെല്ലാം
വേണ്ടാതില്ലാക്ഷമോരത്തളിയുമുരസിനാൽചേന്നവക്ഷോഭനേല്ക്കും
വേണ്ടാത്തോടത്തുകാണാകനകമിവഗുണംപത്തഹോസത്തുകൾക്ക്"

എന്നു് ഒരു കവി പറഞ്ഞിട്ടുള്ള അവസ്ഥയിൽ ജനങ്ങളെല്ലാമായിത്തീരേണ്ടതിന്നു് എല്ലാവരും തങ്ങളാൽ കഴിയുന്നവണ്ണമെല്ലാം താല്പൎയ്യപ്പെടേണ്ടതാണെന്നു പറയേണമെന്നില്ലല്ലോ.

മാനസികമായും,കായികമായും, സാന്മൎഗ്ഗികമായും ഉള്ള പരിഷ്കാരത്തിന്നു് അവശ്യമുള്ള സംഗതികൾ എന്തെല്ലാമെന്നു് ഇവിടെ സംക്ഷേപമായി പ്രസ്താവിച്ചുവല്ലോ. ഏൎപ്പെടുന്നസകലകാൎയ്യങ്ങളിലും, പ്രവൃത്തികളിലും സാമൎത്ഥ്യവും പ്രയോജനവും ഉള്ളവരായിരിക്കേണമെന്നു് അനുഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ അവൎക്കെല്ലാവൎക്കും ഈ പരിഷ്കാരം എത്രയും അത്യാവശ്യമാണെന്നുള്ളതിനു് സന്ദേഹമല്ല. സ്വയം പരിഷ്കാരത്തെ വിലമതിക്കയും, ആ ഗുണം വിദ്യാൎത്ഥികളിൽ ഉണ്ടാകേണ്ടതിന്നായി യത്നിക്കയുംഅദ്ധ്യാപകന്മാരുടെ ജോലിയുടെ ഒരു മുഖ്യഭാഗമാകുന്നു.

അവരെ ഉത്സാഹിപ്പിക്കയും ചെയ്യുന്ന ഗുരുനാഥന്മാരെയാണു് ഉത്തമഗുരുനാഥന്മാർ എന്നു് വിളിക്കേണ്ടതെന്നു് പ്രത്യയജനകരമായ പുസ്തകങ്ങൾ എഴുതീട്ടുള്ള ഒരു ഗ്രന്ഥകൎത്താവു് പറഞ്ഞിട്ടുള്ളതു് മേല്പറഞ്ഞ സംഗതിയുടെ സത്യതയെ സ്ഥിരീകരിക്കുന്നു.

ഈ പരിഷ്കാരത്തിനാവശ്യമുള്ള സംഗതികൾ എന്തെല്ലാമെന്നറിഞ്ഞു പരിശ്രമിച്ചിട്ടുള്ളവർ നിപുണന്മാരും, വിഖ്യാതന്മാരും ആയി തീൎന്നിട്ടുള്ളതായി കാണുന്നതുകൊണ്ടു്, നാം ഇക്കാൎയ്യത്തിൽ താല്പൎയ്യപ്പെടുന്നപക്ഷം, അപ്രകാരമുള്ള ഗുണങ്ങൾ നമുക്കും സിദ്ധിക്കാതിരിക്കയില്ലെന്നു് പ്രത്യക്ഷപ്പെടുന്നു. വിത്തിന്റെ മദ്ധ്യത്തിൽ ഇരിക്കുന്ന എന്തോ ഒരു സാരാംശത്തിൽനിന്നു് വൃക്ഷങ്ങളും മറ്റും മുളച്ചുണ്ടാകുന്ന പ്രകാരം തന്നെയാകുന്നു, മനസ്സിന്റെ അന്തൎഭാഗത്തു് ബീജഭൂതമായിരിക്കുന്ന സാരാംശത്തിൽനിന്നു മനുഷ്യന്റെ യോഗ്യതാംശം വൎദ്ധിക്കുന്നതു്. മറ്റുള്ളവരിൽനിന്നു് കിട്ടുന്ന അറിവു് ഇതിനു് സഹായമായിരിക്കുന്നതേ ഉള്ളൂ എന്നു് വീണ്ടും ഓൎമ്മപ്പെടുത്തുന്നു. "തങ്ങൾക്കുതന്നെ സഹായം ചെയ്യുന്നവരെയാകുന്നു ഈശ്വരൻ സഹായിക്കുന്നതു്" എന്നുള്ളതിനാൽ നാം ഇങ്ങിനെ ഉള്ള കാൎയ്യങ്ങളിൽ എത്രയും യോഗ്യമായവിധത്തിൽ പരിശ്രമിപ്പാനുള്ളതാകുന്നു. സകലനല്ല ആലോചനയുടേയും കാരണഭൂതനായ ഈശ്വരൻ നമ്മുടെ പ്രവൃത്തികളേയും വിചാരങ്ങളേയും അറിയുന്നുണ്ടെന്നുള്ള ദൃഢവിശ്വാസം, യോഗ്യമായ കാൎയ്യങ്ങൾ ചെയ്വാൻ മാത്രമെ നമ്മെ ഉത്സാഹിപ്പിക്കയുള്ളൂ. അതിനാൽ നാം എല്ലാവരും ഒന്നാമതായി ഈശ്വരഭക്തന്മാരായിരിക്കേണ്ടതാകുന്നു.

"സാരവാക്യംസമഗ്രംയൽതത്വംസ്മാഭിൎന്നിശമ്യതാം
പരമേശാൽവിഭീഹിത്വമാജ്ഞാസ്തസ്യ ച പാലയ
ഇദംയസ്മാന്മനുഷ്യസ്യസൎവ്വാൎത്ഥാനാമുപാൎജ്ജനം"

എന്നു് ജ്ഞാനിയായ ഒരു ഗ്രന്ഥകൎത്താവു് പറഞ്ഞിട്ടുള്ളതു് എല്ലായ്പോഴും ഓൎക്കേണ്ടതാണു്. നാടുനീങ്ങിയ വിശാഖം തിരുനാൾ മഹാരാജാവു് തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള ഒരു പ്രസംഗത്തിൽ മേല്പറഞ്ഞ സംഗതിയോടു് ചേൎച്ചയുള്ളതായി കാണുന്ന ഭാഗം അല്പം ഇവിടെ എടുത്തുപറയുന്നതു് സന്ദൎഭാനുസരണമായിരിക്കുമെന്നു് നിശ്ചയിച്ചു് താഴെ പറയുന്നു.

"ഈശ്വരൻ ഉണ്ടു്. നാം ചെയ്യുന്നതും വിചാരിക്കുന്നതും അദ്ദേഹം അറിയും. ഇഹലോകത്തിൽ ചെയ്യുന്നതിനു് പരലോകത്തു് ചെല്ലുമ്പോൾ ചോദ്യമുണ്ടാകയും ചെയ്യും. ആ വിസ്താരദി

വസത്തേയ്ക്കു് തയ്യാറാവുന്നതിനുവേണ്ടി നാം മുമ്പിൽക്കൂട്ടി ശീലിക്കണം. വലുതായും ശ്രേഷ്ഠമായും ഇരിക്കുന്ന ഈ പരമാത്മം നിങ്ങളുടെ ഹൃദയാംഗങ്ങളിൽ പ്രവേശിക്കട്ടെ. ആ സമയംമുതൽ പ്രകൃതിനന്നാകുമെന്നു് സഫലമായി ആശപ്പെടാം. പാരത്രികത്തെ സംബന്ധിച്ചു് ഇങ്ങിനെഉള്ള ഉറപ്പോടുകൂടെ ദേശചരിത്രങ്ങളും പ്രത്യേകം ജനചരിത്രങ്ങളും പഠിച്ചാൽ വളരെ പ്രയോജനമുണ്ടാകും" എന്നു് മേല്പടി പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതായി കാണുന്നു.

അതുകൊണ്ടു്, നാം എല്ലാവരും ഒന്നാമതായി ഈശ്വരനെ മനഃപൂർവ്വം സേവിക്കയും, ഈശ്വരപ്രസാദത്തെ പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു്, മററുനല്ലകാര്യങ്ങളിലെന്നപോലെതന്നെ സ്വയംപരിഷ്കാരത്തെ സംബന്ധിച്ചുള്ള കാര്യത്തിലും പരിശ്രമിക്കുന്നതായാൽ കൃപാലുവായ ഈശ്വരൻ നമുക്കു് സഹായിക്കുമെന്നും, തന്നിമിത്തം നമ്മുടെ അഭിഗ്രഹം സാധിച്ചുകാണ്മാൻ നമുക്കു് സംഗതിവരുമെന്നും ഉള്ള ഉത്തമവിശ്വാസത്തോടുകൂടെ ഇതിനെ സമർപ്പിക്കുന്നു.

---

# ൨൨. സത്യം.

---

സത്യമെന്നു പറയുന്നതു് ജനസമുദായത്തിന്റെ ക്ഷേമത്തിനു് അവശ്യം വേണ്ടതായ ഒരു ഗുണമാകുന്നു. ഒരുവൻ എത്ര തന്നെ വിദ്യയും ധനവും മാന്യതയും ഉള്ളവനായിരുന്നാലും സത്യം എന്നൊരുഗുണം അവനു് ഇല്ലാതിരുന്നാൽ അവനെ ജീവനില്ലാത്ത ശരീരംപോലെ വിചാരിക്കേണ്ടതാകുന്നു.

"വസ്തുക്കളുണ്ടനേകങ്ങൾ മർത്ത്യന്മാൎക്കു് സുഖത്തിനായ്
സത്യമെന്നൊന്നുപോരാഞ്ഞാൽ മിഥ്യതന്നെയതൊക്കയും"

ദുഷ്കൃതങ്ങളെ സാധാരണയായി ഓരോമാതിരി സത്യലംഘനങ്ങളായിട്ടാണു് വിചാരിക്കേണ്ടതു്. മോഷണം, വ്യഭിചാരം, മുതലായ പാതകങ്ങളുടെ അസ്ഥിവാരം സൂക്ഷ്മത്തിൽ അസത്യമാകുന്നു. അതുകൊണ്ടു് എല്ലാ സൽപ്രവൃത്തികളുടേയും ഉല്പത്തിസ്ഥാനം സൂക്ഷ്മത്തിൽ സത്യമാണെന്നാകുന്നു വിചാരിക്കേണ്ടതു്. "സത്യാന്നാ

സ്തിപരോധർമ്മഃ" എന്നും 'സത്യേനലോകംജയതി' എന്നും മററും വിദ്വജ്ജനങ്ങൾ പറഞ്ഞിരിക്കുന്നതിന്റെ താല്പര്യം ഇതാകുന്നു. ഈശ്വരൻ സത്യസ്വരൂപനാകുന്നു എന്നാണല്ലോ എല്ലാമതങ്ങളും ഘോഷിക്കുന്നതു്. അതുകൊണ്ടു് ഐഹികമായും, പാരത്രികമായുമുള്ള അഭ്യുദയത്തിന്നു് പ്രത്യേകമായി വേണ്ടതു് സത്യമാണെന്നു് തീർച്ചപ്പെടുന്നു. 'മൃഷാവാദ്യധരാൽ ലോകാൻ ഗവ്ിതെ' പരമേശ്വരാ എന്നുണ്ടല്ലോ.

സത്യത്തെ യഥാർത്ഥമെന്നും പരമാർത്ഥമെന്നും രണ്ടുവിധമായി വിഭാഗിക്കാം. ഒന്നു് വക്താവിന്റെ ജ്ഞാനത്തേയും മറേറതു കാര്യത്തേയുമാണു് ആശ്രയിക്കുന്നതു്. ഒരുവൻ ഒരുകാര്യത്തിന്റെ സത്യസ്ഥിതി അറിഞ്ഞു് അതിനെ പ്രസ്താവിക്കുമ്പോൾ അവൻ പറയുന്നതു് പരമാർത്ഥമാണു്. കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയാതെ താൻ ഗ്രഹിച്ചതു നേരെന്നു വിശ്വസിച്ചു് പറയുമ്പോൾ അവൻ പറയുന്നതു് യഥാർത്ഥമാണു്. എന്നാൽ എല്ലാവരും കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി അറിയുന്നതിന്നു് ഉത്സാഹിക്കുകയും, അറിഞ്ഞതുപോലെ പറകയും ഒരുപോലെ ചെയ്യേണ്ടതാകുന്നു. ഒരർത്ഥം സത്യവും മറേറതു് അസത്യവുമായ ദ്വയാർത്ഥവാക്യങ്ങളെ ചിലർ പ്രയോഗിക്കയും, തങ്ങൾ ചെയ്തതു് വളരെ മിടുക്കായി എന്നു് വിചാരിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ അതിന്റെ ഉദ്ദേശം വഞ്ചനയാകകൊണ്ടു് അതിനെ അസത്യവാദത്തിന്റെ കൂട്ടത്തിലാണു് ഗണിക്കേണ്ടതു്. രണ്ടു മുറിയുള്ള പത്തായത്തിൽ ഒരുവൻ നെല്ലിട്ടു സൂക്ഷിക്കുമ്പോൾ മററൊരുവൻ അതിൽ ഒരു നെല്ലിന്റെ മുറിയിട്ടു് "ഇരുമുറിപത്തായത്തിൽ ഒരുമുറിനെല്ലു് എന്റേതാണെന്നു് വാദിക്കുന്നതു് അസത്യവാദമെന്നല്ലാതെ വിചാരിപ്പാൻ പാടുണ്ടോ? സത്യമായ അർത്ഥമാണു് താൻ വിചാരിച്ചതെന്നു് അവൻപറയുന്നതായാലും അവന്റെ ഉദ്ദേശം ശ്രോതാവു് അസത്യാർത്ഥത്തെ ഗ്രഹിക്കണമെന്നാകകൊണ്ടു് അവനെ തീരെ അസത്യവാനെന്നുതന്നെ പറയണം. നേരംപോക്കിനും ചമൽക്കാരത്തിനും വേണ്ടി ദ്വയാർത്ഥം പ്രയോഗിക്കുന്നതിൽ തെററില്ല. ഉദ്ദേശം വഞ്ചനയാകുമ്പോഴാണു് അതു കുററകരമായിത്തീരുന്നതു്"

ഏതുസംഗതിയിലെങ്കിലും അസത്യം പറയുന്നതു സാധുവാകുമോ എന്ന വാദത്തിൽ കുറെ അഭിപ്രായഭേദമുള്ളതായി കാണുന്നുണ്ടു്. ഒരു സംഗതിയിലും തന്റെ ജീവനെ രക്ഷിക്കുന്നതിന്നുപോലും അതു് ശരിയല്ലെന്നാകുന്നു ചിലരുടെ അഭിപ്രായം. ഹരിശ്ചന്ദ്രൻ, ധർമ്മപുത്രൻ, മുതലായവരുടെ കഥകൊണ്ടും, മററു പലസംഗതികളെക്കൊണ്ടും നോക്കുമ്പോൾ ഈ അഭിപ്രായം ഹിന്തുക്കളുടെ

ഇടയിലും ഉണ്ടെന്നുതന്നെയാണ് വിചാരിക്കേണ്ടതു്. എന്നാൽ മഹാഭാരതത്തിൽ.

"കേളിയിൽ പ്രാണരക്ഷയ്ക്കും ഗോബ്രാഹ്മണഹിതത്തിനും
വേളിക്കും വൃത്തിരക്ഷയ്ക്കും പൊളി നിന്ദിതമല്ലെടൊ"

എന്നുപറഞ്ഞിട്ടുണ്ടു്. ഇതു് എല്ലാവരും അനുസരിക്കത്തക്കതായ ഒരു പ്രമാണമാണെന്നുള്ള വിശ്വാസം നടപ്പായാൽ നാട്ടു മുഴുവൻ കീഴ്മേൽ മറിയുവാൻ വേറെ ഒന്നും വേണമെന്നു തോന്നുന്നില്ല. ഏതുകാര്യത്തിനുവേണ്ടി പൊളിപറഞ്ഞാലും ഈ ശ്ലോകത്തിൽ പറഞ്ഞ സംഗതികളിൽ ഉൾപ്പെടുത്താം. അപ്പോൾ അസത്യവാദം ഒരു സംഗതിയിലും നിന്ദിതമല്ലെന്നു് വന്നുകൂടുന്നതാണു്. ഇംഗ്ലീഷുകാർ മുതലായ വെള്ളക്കാർ നമ്മളേക്കാൾ വളരെ സത്യസന്ധന്മാരാണെന്നു് എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണല്ലൊ. ഈവക ചില പ്രമാണങ്ങളാകുന്നു നമ്മുടെ ഇടയിലെ ഈ ശോചനീയാവസ്ഥയുടെ പ്രധാനകാരണം.

അതുകൊണ്ടു് അസത്യവാദം നാമാവശേഷമായി ഭവിക്കുകയും, സത്യവാദം നാട്ടിലെല്ലാം പ്രബലമായിത്തീരികയും ചെയ്യത്തക്കവിധത്തിൽ എല്ലാവരും തങ്ങളുടെ കുട്ടികളെ ബാല്യംമുതൽക്കു തന്നെ അഭ്യസിപ്പിച്ചു് വളർത്തേണ്ടതാകുന്നു.

"ബാലനായിമരുവുന്നകാലമെ
ചേലെഴുന്നവഴിയേനടത്തുകിൽ
കാലശേഷഗതിയോളമായവൻ
കാലുതെററിയടിയൊന്നുവച്ചിടാ"

—————

# ൨. സുശീലം. 2

മനുഷ്യർക്കു് വിദ്യയും ബുദ്ധിയും അത്യാവശ്യമായിട്ടുള്ളതാകുന്നു. ഈ ഗുണങ്ങളോടു കൂടിയവർ ഓരോ അവസരങ്ങളിൽ നടത്തുന്ന മഹത്തായ കാര്യങ്ങളെക്കുറിച്ചു് ജനങ്ങൾ സാധാരണയായി അത്ഭുതപ്പെടുന്നുണ്ടു്. എന്നാൽ ഇതുകളെക്കാൾ വലുതായ ഒരു ഗുണം മനുഷ്യർക്കു് സിദ്ധിക്കാവുന്നതായിട്ടുണ്ടു്. അതിന്നു പേർ സുശീലമെന്നാകുന്നു.

വിദ്യയും ബുദ്ധിയും ഉള്ളവർ സ്വയമേവ സുശീലന്മാരായി ഭവിക്കുമെന്നു് ചിലർ അബദ്ധമായി വിചാരിക്കുന്നുണ്ടു്. വിദ്യയും ബുദ്ധിയും ധാരാളമുള്ള ചിലർ ദുസ്സ്വഭാവികളായും ഈ വക ഗുണങ്ങളില്ലാത്ത ചിലർ സുശീലന്മാരായും തീർന്നു കാണുന്നതുകൊണ്ടു് സുശീലം വിദ്യയേയും ബുദ്ധിയേയും ആശ്രയിച്ചിരിക്കുന്നതാണെന്നു വിചാരിപ്പാൻ പാടില്ലാതെ വരുന്നു. മനുഷ്യരുടെ സ്വഭാവഗുണങ്ങളുടെ ഉത്ഭവം പ്രായേണ സ്വഭവനത്തിൽ തന്നെയാകുന്നു. ഒരു കുട്ടി പ്രത്യേകമായി സൂക്ഷിച്ചുനോക്കി മനസ്സിലാക്കുന്നതു് തന്റെ സ്വഭവനത്തിലുള്ളവരുടെ നടപടികളെയാകുന്നു എന്നുള്ളതു് നമ്മൾ എല്ലായ്പോഴും ഓർമ്മവെയ്ക്കേണ്ടതായ സംഗതിയാകുന്നു. സ്വഭവനത്തിലുള്ളവരുടെ നടപടി നല്ലതായാലും ചീത്തയായാലും കുട്ടി അയതിനെ പിന്തുടരുകയും അതിൻപ്രകാരം നടപ്പാൻ താല്പര്യപ്പെടുകയും ചെയ്യുന്നതിനാൽ ഒരുവന്റെ സ്വഭാവം നല്ലതോ ചീത്തയോ ആക്കിത്തീർക്കുന്നതു് പ്രത്യേകമായി അവന്റെ ഭവനത്തിലുള്ളവർ തന്നെയാണെന്നു് തെളിയുന്നു. "ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം" എന്നുണ്ടല്ലോ.

വിദ്യയും ബുദ്ധിയുമുള്ളവർക്കു് സുശീലം എന്ന പ്രത്യേക ഗുണം ഇല്ലാതെപോയാൽ ജനങ്ങളുടെ പ്രീതി സമ്പാദിപ്പാനൊ അവർക്കു് കൃത്യാകൃത്യബോധത്തെ അനുഭവസിദ്ധമാക്കിത്തീർത്തു് അവരുടെ മനസ്സിനെ സന്മാർഗ്ഗത്തിലേയ്ക്കു് നയിപ്പാനൊ സാധിക്കുന്നതല്ല.

"ദുർജ്ജനഃ പരിഹർത്തവ്യോ വിദ്യയാലംകൃതോപി സൻ
മണിനാ ഭൂഷിതസ്സർപ്പഃ കിമസൌ ന ഭയങ്കരഃ"

വിദ്യയുള്ളവനെ വിദ്വാനെന്നും, ബുദ്ധിയുള്ളവനെ ബുദ്ധിമാനെന്നും ആണു് ജനങ്ങൾ സാധാരണയായി വിളിച്ചുവരുന്നതു്. എന്നാൽ അവരെ ആരും മഹാന്മാരെന്നോ, മഹാത്മാക്കളെന്നോ, ഉത്തമന്മാരെന്നോ വിളിക്കാറില്ല. ആ സംജ്ഞകൾ സുശീലന്മാർക്കു് മാത്രമേ കിട്ടുന്നുള്ളു. അതുകൊണ്ടു് സുശീലം വളരെ വിലപിടിച്ചതാണെന്നും എല്ലാറ്റിലും വളരെ ആവശ്യമായിട്ടുള്ളതാണെന്നും സ്പഷ്ടമാകുന്നു. ഈ പറഞ്ഞതുകൊണ്ടു് വിദ്യയും ബുദ്ധിയും നിസ്സാരമോ അനാവശ്യമോ എന്നു് ഞങ്ങൾ ലവലേശം സൂചിപ്പിക്കുന്നില്ല. ഈ ഗുണങ്ങളുള്ളവരെല്ലാവരും പ്രത്യേകമായി സുശീലന്മാരായിരിക്കേണ്ടതാണെന്നു് മാത്രമേ ഞങ്ങൾ വ്യവഹരിക്കുന്നുള്ളു. വിദ്യയുംബുദ്ധിയും ഇല്ലാത്ത ദുസ്സ്വഭാവികളെക്കാൾ അധികം ഈ ഗുണങ്ങളുള്ള ദുസ്സ്വഭാവികൾ ജനസമുദായക്ഷേമത്തിനു് ഹാനി

മയ ചെയ്യുമെന്നതു നിരാക്ഷേപമായ ഒരു സംഗതിയാകുന്നു.

"ശാസ്ത്രംഗ്രഹിച്ചതുകൊണ്ടുമതിയല്ല
ശാസ്ത്രോക്തമാചരിക്കാതെഫലംവരാ"

എന്നുള്ളതിനാൽ ഒരുവൻ താൻ വായിച്ചോ കേട്ടോ അറിഞ്ഞിട്ടുള്ള ശാസ്ത്രവിധികളെ ആചരിക്കാതിരുന്നുവെങ്കിൽ ആ വിധികളെ അറികമാത്രം ചെയ്ക എന്നുള്ളതുകൊണ്ടു് അവന്നു് യാതൊരുഫലവും ഉണ്ടാകുന്നതല്ല. "ശീലംപ്രധാനം ന കുലംപ്രധാനം" എന്ന വചനം വളരെ യഥാൎത്ഥമായിട്ടുള്ളതാണു്. മനുഷ്യൻസാധാരണയായി സ്നേഹിക്കുന്നതും, ബഹുമാനിക്കുന്നതും, വിശ്വസിക്കുന്നതും, അനുസരിക്കുന്നതും സുശീലന്മാരെയാണെന്നു് എല്ലാവരും സമ്മതിക്കുമെന്നു് നിശ്ചയംതന്നെ. സൂൎയ്യന്റെ രശ്മി ചന്ദ്രനിൽ പ്രതിഫലിച്ചിട്ടു് ചന്ദ്രൻ നമുക്കു് വെളിച്ചംതരുംപോലെ ശാസ്ത്രവചനകിരണങ്ങൾ മനുഷ്യഹൃദയത്തിൽ പ്രതിഫലിച്ചിട്ടു് അവരെല്ലാവരും സുശീലമാകുന്ന ഗുണത്തെ ലോകത്തിലെല്ലാം വ്യാപരിക്കേണ്ടതാണു്.

"സത്സംഗാൽഭവതിഹിസാധുതാഖലാനാം
സാധൂനാംനഹിഖലസംഗമാൽഖലത്വം
ആമോദംകുസുമഭവംമൃദേവധത്തേ
മൃൽഗന്ധംനഹികുസുമാനിധാരയന്തി"

---

# വ. കേശവപിള്ളദിവാൻജി.

കേശവപിള്ള ദിവാൻജിയുടെ പ്രസിദ്ധി തിരുവിതാംകൂറിലല്ലാതെ മററങ്ങും വളരെ ഇല്ലെന്നുതന്നെ പറയാം. കൊച്ചീശ്ശീമയിലും ബ്രിട്ടീഷ് മലയാളത്തിലും അദ്ദേഹത്തിന്റെ പേരു് കേട്ടിട്ടുള്ളവർകൂടി വളരെ ദുർല്ലഭമാണു്. എന്നാൽ അദ്ദേഹത്തിന്റെ വൃത്താന്തമറിഞ്ഞിട്ടുള്ളവർ, രണഭൂമിയിലും രാജ്യസഭയിലും ഒരുപോലെ ഇത്ര അഗ്രഗണ്യനായിട്ടു് മററാരുമലയാളി ഉണ്ടായിട്ടുള്ളതായി കേട്ടിട്ടില്ലെന്നു് നിസ്സംശയമായി സമ്മതിക്കുന്നതാണു്. ദരിദ്രന്മാരായ മാതാപിതാക്കന്മാരുടെ സന്താനമായി ജനിച്ചു് സേവയും ശിപാർശയും കൂടാതെ തന്റെ ബുദ്ധിവൈഭവംകൊണ്ടും, സത്യംകൊണ്ടും, സ്വാമിഭക്തികൊണ്ടും ക്രമേണ വലുതായി ഒടുവിൽ,

൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവിൻെറ പ്രധാനമന്ത്രിയും പ്രധാനസേനാപതിയുമായി, അന്നത്തെ ബങ്കാൾ ഗവർണർ ജനറലുടെ പക്കൽനിന്നും രാജാകേശവദാസൻ എന്ന സ്ഥാനപ്പേർ സമ്പാദിച്ച ആൾ ഒരു അസാമാന്ന്യനായിരുന്നു എന്നു് പ്രഥമദൃഷ്ടിയിൽതന്നെ സ്പഷ്ടമാകുന്നതാണു്. ഇത്രമഹാനായുള്ള ഒരു മലയാളിയുമായി പരിചയമാകുന്നതിന്നു് സ്വദേശാഭിമാനികളായ എല്ലാ മലയാളികൾക്കും അഭിലാഷമുണ്ടാകുമെന്നുള്ള ഉത്തമവിശ്വാസത്തിന്മേലാണു് ഞങ്ങൾ ഈ വിഷയത്തെപ്പററി ഇവിടെ എഴുതുന്നതു്. എന്നാൽ ഇംഗ്ലീഷുകാരുടേയും മററും ഇടയിലുള്ളതുപോലെ മഹാന്മാരുടെ ചരിത്രങ്ങളെ വിസ്താരമായി എഴുതുന്ന സമ്പ്രദായം നമ്മുടെ പൂർവ്വീകന്മാരുടെ ഇടയിൽ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിൻെറ വൃത്താന്തം പൂർണ്ണമായി എഴുതുന്നതിന്നു് തരമില്ലാതെ വന്നിരിക്കുന്നു എന്നു് വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. താഴെ പറയുന്നിടത്തോളം സംഗതികളെ തിരുവനന്തപുരം കാളേജിൽ അദ്ധ്യാപകൻ അയ്യപ്പൻപിള്ള അവൎകൾ കേശവപിള്ളയെപ്പററി ഇംഗ്ലീഷിൽ ഒരു ചെറിയ പുസ്തകം എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളതിൽ നിന്നു് എടുത്തിരിക്കുന്നതാണു്.

കേശവപിള്ള ഏതുകൊല്ലത്തിൽ ജനിച്ചു എന്നു് തീർച്ചയായി പറയുന്നതിന്നു് യാതൊരുരേഖയും ഉള്ളതായി ഞങ്ങൾ അറിയുന്നില്ല. എങ്കിലും അതു് ൯൨൦-ാമാണ്ടിന് സമീപിച്ചായിരുന്നു എന്നു് ഏകദേശം ഊഹിക്കാവുന്നതാണു്. അദ്ദേഹത്തിൻെറ അമ്മ കുന്നത്തുക്കാരിയും ൧൩-വയസ്സുമുതൽ പത്മനാഭപുരം കൊട്ടാരത്തിൽ ഒരുതവണക്കാരിയുമായിരുന്നു. അങ്ങിനെ ദാസ്യപ്രവൃത്തി ചെയ്തു് താമസിക്കുമ്പോൾ ഒരു ജ്യോതിഷക്കാരൻ ആ സ്ത്രീക്കു് സംബന്ധമായി. ഉടനേ ഗർഭമുണ്ടായി. മേടമാസം ൧൦-ാംതീയതി ഒരു പുത്രനെ പ്രസവിച്ചു. അവനു് കേശവൻ എന്നു് പേരുമിട്ടു. കുട്ടിക്കു് അഞ്ചു വയസ്സായപ്പോൾ അവൻെറ ബുദ്ധിയേയും സാമൎത്ഥ്യത്തേയും കണ്ടു സന്തോഷിച്ചു് സമീപത്തിലുണ്ടായിരുന്ന ഒരു എഴുത്തുപള്ളിയിലെ ആശാൻ അവനെ ധൎമ്മമായി വിദ്യപഠിപ്പിച്ചുതുടങ്ങി. ആ ആശാനു് പഠിപ്പിക്കാനുള്ളതെല്ലാം അല്പകാലംകൊണ്ടു് പഠിക്കുകയും ബാല്യത്തിൽ തന്നെ കണക്കു് കൂട്ടുന്നതിൽ അസാമാന്ന്യനൈപുണ്യത്തെ പ്രകടിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ ൧൨-വയസ്സായപ്പോൾ ആ കുട്ടി തൻെറ കുടുംബത്തിലെദാരിദ്ര്യാതിരേകംകൊണ്ടു്, ഉപജീവനത്തിന്നു് വല്ല മാൎഗ്ഗവുമുണ്ടാകുമോ എന്നു് അന്വേഷിപ്പാൻവേണ്ടി തിരുവനന്തപുരത്തേക്കു് പുറപ്പെട്ടു.

പൂവ്വാറ് എന്ന ദിക്കിൽ എത്തിയപ്പോൾ അവിടെവെച്ച് ഒരു വലിയകച്ചവടക്കാരനെ കാണുകയും അയാൾ കുട്ടിയോടു വൎത്തമാനങ്ങളും ചില കണക്കുകളും ചോദിച്ചതിന് അവൻ മറുപടിപറഞ്ഞതു കേട്ട് സന്തോഷിച്ച് രണ്ടുറുപ്പിക ശമ്പളത്തിന്മേൽ തൻെറ ഒരു കണക്കെഴുത്തുകാരനായി അവനെ നിശ്ചയിച്ചു. കേശവൻ തൻെറ സത്യംകൊണ്ടും പ്രാപ്തികൊണ്ടും അല്പകാലത്താൽ അയാളുടെ വിശ്വാസത്തിനും ഇഷ്ടത്തിനും പാത്രമായിത്തീരുകയും തൻെറ സാമൎത്ഥ്യംകൊണ്ടും നിഷ്കൎഷകൊണ്ടും കച്ചവടത്തിന്ന് വളരെ അഭിവൃദ്ധി വരുത്തുകയുംചെയ്തു.

അങ്ങിനെഇരിക്കുമ്പോൾ ഒരു രാത്രിയിൽ ആ കച്ചവടക്കാരൻ മഹാരാജാവിനെ മുഖംകാണിക്കാൻപോയപ്പോൾ കേശവനും കൊട്ടാരത്തിലേക്ക് കൂടെ പോയിരുന്നു. മഹാരാജാവിന് കച്ചവടസംബന്ധമായി പല കാൎയ്യങ്ങളും അയാളോട് സംസാരിപ്പാനുണ്ടായിരുന്നതിനാൽ മുഖംകാണിച്ച് പുറത്തുവന്നപ്പോഴേക്ക് നേരം കുറെ അധികമായി. പള്ളിയറയുടെ പുറത്തു കിടന്ന് ഉറങ്ങിയിരുന്ന കേശവനെ വിളിക്കാതെ അയാൾ വീട്ടിലേയ്ക്കു പോയി. പിറേറന്നാൾ രാവിലെ രാജാവ് പള്ളിക്കുറുപ്പുണൎന്ന് വാതൽ തുറന്നു നോക്കിയപ്പോൾ നഗ്നനായിക്കിടന്നുറങ്ങുന്ന കേശവനെയാണ് കണി കണ്ടതു്. അദ്ദേഹം കോപിച്ചു ഈ അശുഭലക്ഷണമായ കണിക്ക് കാരണഭൂതനായ യുവാവിനെ പാറാവിൽ വയ്ക്കുവാൻ കല്പിച്ചു. എന്നാൽ ദൈവഗത്യാ അന്നത്തെ ദിവസഫലം അദ്ദേഹം വിചാരിച്ചതിന്നു നേരെ വിപരീതമായിട്ടാണ് കാണപ്പെട്ടതു്. കേശവനെ പാറാവിൽ വച്ച് ൨-നാഴിക കഴിഞ്ഞപ്പോൾ അനവധി വാണിജ്യത്തോടുകൂടിയ ഒരു കച്ചവടക്കപ്പൽ തുറമുഖത്തു എത്തിയിരിക്കുന്നു എന്ന് സന്തോഷകരമായ വൎത്തമാനംകേട്ടു. അദ്ദേഹം അതുകേട്ട് സന്തോഷിച്ചു കേശവനെ പാറാവിൽനിന്ന് വിടുവാനും, അയാൾക്ക കൊട്ടാരത്തിൽതന്നെ ഒരു ജീവനം കൊടുക്കുവാനും കല്പിച്ചു. അന്നുമുതൽ കേശവൻ ക്രമേണ മഹാരാജാവിൻെറ പ്രീതിക്ക് പാത്രമായിവരികയും, ഏറെ താമസിയാതെ കൊട്ടാരം സംപ്രതിയുടെ കീഴിൽ ഒരു ഗുമസ്തനായി നിശ്ചയിക്കപ്പെടുകയും ചെയ്തു. കാൎയ്യാദികളിലുള്ള നൈപുണ്യംകൊണ്ടും, ജാഗ്രതകൊണ്ടും, തൻെറ സ്വഭാവഗുണംകൊണ്ടും അയാൾ വേഗത്തിൽ എല്ലാവൎക്കും സമ്മതനായിത്തീൎന്നു. കൊട്ടാരം സമ്പ്രതിയെന്നുതന്നെയല്ല ദിവാൻജികൂടിയും കേശവപിള്ളയോടു കാൎയ്യങ്ങൾ ആലോചിച്ചുതുടങ്ങി.

കേശവപിള്ളയുടെ അഭ്യുദയകാലത്തു; രാജ്യഭാരം ചെയ്തുകൊ

ണ്ടിരുന്നതു് ൯൩൩-ൽ തിരുമുല്പ്പകിട്ടി ൯൭൩-ൽ നാടുനീങ്ങിയ മഹാരാജാവാകുന്നു. അതിവിദ്വാനും നീതിമാനും രാജ്യതന്ത്രജ്ഞനും പ്രജാവത്സലനുമായ അദ്ദേഹത്തിന്റെ രാജ്യഭരണം വളരെ ക്ഷേമകരമായിരുന്നു എന്നു് പ്രസിദ്ധമാണല്ലോ. അക്കാലത്തു കച്ചവടം കൃഷി മുതലായതിന്റെ വൎദ്ധനകൊണ്ടു് രാജ്യത്തു ധനസമൃദ്ധിയും വിദ്വൽസല്ക്കാരംകൊണ്ടു് വിദ്യാപ്രചാരവും പ്രജകൾക്കു് പലപ്രകാരത്തിലുള്ള ക്ഷേമവുമുണ്ടായിരുന്നു. കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ മുതലായ കവിതക്കാരും വിദ്വാന്മാരും അദ്ദേഹത്തിന്റെ രക്ഷയിലിരുന്നു് പ്രസിദ്ധന്മാരായവരാണു്. അതുകൊണ്ടു കേശവപിള്ള ക്രമേണ പ്രാപിച്ച ഉന്നതിയെക്കുറിച്ചു് വ്യവഹരിക്കുമ്പോൾ ആ മഹാരാജാവിന്നു് യോഗ്യതയെ കണ്ടുപിടിക്കാനും സമ്മാനിപ്പാനും ഉണ്ടായിരുന്ന ശക്തികൂടി ഗണിക്കപ്പെടുവാൻ അവകാശമുള്ളതാണു്.

കേശവപിള്ള കൊട്ടാരത്തിൽ ഗുമസ്തനായിരിക്കുമ്പോൾ കച്ചവടസംബന്ധമായ കാൎയ്യങ്ങളിൽ ചില ഏൎപ്പാടുകൾ ചെയ്വാൻ അദ്ദേഹത്തെ നിയോഗിച്ചു. ബുദ്ധിമാനായ അദ്ദേഹം കച്ചവടത്തിന്റെ അഭിവൃദ്ധികൊണ്ടു് രാജ്യത്തേക്കു് വളരെ ക്ഷേമമുണ്ടാകുമെന്നുകണ്ടു് അതിന്റെ പൂൎണ്ണമായും യഥാൎത്ഥമായുമുള്ള പരിജ്ഞാനം സമ്പാദിപ്പാൻവേണ്ടി സമീപത്തിൽ കച്ചവടശാലകൾകെട്ടി വ്യാപാരംചെയ്തുവന്നിരുന്ന ലന്തക്കാരോടും ഇംഗ്ലീഷുകാരോടും എഴുത്തുകുത്തുകൾ നടത്തിത്തുടങ്ങി. വളരെക്കാലത്തെ പരിചയംകൊണ്ടു് കച്ചവടകാൎയ്യത്തിൽ പ്രത്യേകനൈപുണ്യം സിദ്ധിച്ചിട്ടുള്ള ഈ യൂറോപ്യന്മാരുമായുള്ള സമാഗമംകൊണ്ടു് നാട്ടിലേക്കു് വളരെ ഗുണങ്ങളുണ്ടായി. തിരുവിതാംകൂറിൽ ധാരാളമായി ഉണ്ടാകുന്ന ചില സാധനങ്ങളെ കമ്പനിക്കാൎക്കു കൊടുക്കത്തക്കവണ്ണവും പകരം അവിടെ പ്രത്യേകം ആവശ്യമുള്ള സാധനങ്ങളെ അവർ വരുത്തിക്കൊടുക്കത്തക്കവണ്ണവും അദ്ദേഹം അവരുമായിട്ടു് കരാറുചെയ്തു. ആ രാജ്യത്തുനിന്നും കൊടുത്തിരുന്നതു് കുരുമുളകു്, ഏലം, ഏലവൎങ്ങം മുതലായതും; പകരം അവർ തയ്യാറുചെയ്തു കൊടുത്തിരുന്നതു് ഈയ്യവും, ചെമ്പും, പഞ്ചസാരയും പ്രത്യേകിച്ചു് തോക്കു വെടിമരുന്നു് മുതലായ യുദ്ധസാമഗ്രികളും ആയിരുന്നു. അന്നു മൈസൂരിലെ മഹാരാജാവായിരുന്ന ഹൈദർഅലി വളരെ ശക്തനും അക്രമിയും ആയിരുന്നതിനാൽ തിരുവിതാംകൂർരാജ്യരക്ഷയ്ക്കു നല്ലതായ ഒരു സൈന്യം ആവശ്യമായിരുന്നതുകൊണ്ടു ഈ ഏൎപ്പാടു വളരെ ഗുണപ്രദമായിരുന്നു എന്നു നിസ്സംശയമായി പറയാവുന്നതാണു്. ഈ ഏൎപ്പാടുകൊണ്ടു് നല്ലപോലെ സന്നദ്ധന്മാരായ യോദ്ധാക്കളെ തയ്യാറാക്കുന്നതിന്നു

ള്ളു മാൎഗ്ഗമുണ്ടായി.

അക്കാലത്തെ തിരുവിതാംകൂറിലെ സേനാപതി ഡിലനോയി എന്ന ഒരു യൂറോപ്യനായിരുന്നു. കേശവപിള്ള ചെറുപ്പത്തിൽ തന്നെ അയാളുടെ ഇഷ്ടനായി തീൎന്നതിനാൽ അയാളുടെ സമാഗമം കൊണ്ടു് അദ്ദേഹം നൂതനസംപ്രദായപ്രകാരമുള്ള യുദ്ധത്തിന്നു വേണ്ട നൈപുണ്യം സമ്പാദിച്ചു. അയാളുടെ കീഴിലുണ്ടായിരുന്ന ലന്തക്കാരുടേയും പറങ്കികളുടേയും അടുക്കൽനിന്നു് അവരുടെ ഭാഷകളും പട്ടാണിമാരുടെ അടുക്കൽനിന്നു് പാൎസിഭാഷയും ഹിന്ദുസ്ഥാനിയും അദ്ദേഹം പഠിച്ചു. ഈ ഭാഷകളുടേയും യുദ്ധത്തിന്റേയും പരിജ്ഞാനം പിന്നീടു് അദ്ദേഹത്തിനു വളരെ ഉപയോഗമായി വന്നു.

അക്കാലത്തു മൈസൂർപട്ടാളത്തിൽ നായകനായി ക്രമേണ ഉന്നതിയെ പ്രാപിച്ചു. ഒടുവിൽ തന്റെ മഹാരാജാവിനെ രാജ്യഭ്രഷ്ടനാക്കി ആ സ്ഥാനത്തിൽ കയറിയിരുന്നവനും ടിപ്പുവിന്റെ പിതാവുമായ ഹൈഡർ അലി ഉത്തരകേരളത്തെ ആക്രമിച്ചു് കീഴടക്കുകയും കൊച്ചീമഹാരാജാവിനെ കീഴടക്കി കപ്പം വാങ്ങുകയും ചെയ്തതിന്റെ ശേഷം തിരുവിതാംകൂർ രാജ്യത്തെ ആക്രമിപ്പാനായി പുറപ്പെട്ടു. എന്നാൽ അതൃത്തിയിങ്കൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി വ്യാപാരംചെയ്തുകൊണ്ടിരുന്ന ലന്തക്കാരുടെ തടസ്ഥംകൊണ്ടു് രാജ്യത്തിന്റെ പുറത്തുനിന്നു് കൊച്ചീരാജാവിനെപ്പോലെ കപ്പംകൊടുത്തു കീഴടങ്ങാൻ തിരുവിതാംകൂർ രാജാവിനോടു് ആവശ്യപ്പെട്ടു. താൻ കൎണ്ണാടക നബാവിന്റെ കീഴിലും കമ്പനിക്കാരുടെ സഖിയുമായിരുന്നതിനാൽ ഹൈഡരുടെ അധീനത്തിലാകുവാൻ പാടില്ലെന്നു അയാളുടെ ദൂതനോടു മഹാരാജാവു് മറുപടിപറഞ്ഞയച്ചു. അയാളുടെ അക്രമത്തെക്കുറിച്ചു് നബാവിനേയും കമ്പനിക്കാരെയും അറിയിക്കുകയും അതൃത്തിയിലുള്ള കോട്ടകളെ ബലപ്പെടുത്തുന്നതിനു് കല്പനകൊടുക്കുകയും ചെയ്തു.

ഈ അവസരത്തിൽ ദളവാ മരിച്ചു. ആ പണിക്കു കൊട്ടാരം സമ്പ്രതിയേയും സമ്പ്രതിപണിക്കു കേശവപിള്ളയേയും നിയമിച്ചു. ആ കാലങ്ങളിൽ കൊട്ടാരം സമ്പ്രതി രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാരിൽ മൂന്നാമനായിരുന്നു. പുതിയ ദളവായുടേയും സമ്പ്രതിയുടേയും സേനാധിപതിയുടേയും ഉത്സാഹത്തിന്മേൽ അസംഖ്യേയദ്രവ്യം ചിലവു ചെയ്തു അതൃത്തികോട്ടകളെ വളരെ ഉറപ്പാക്കി. എന്നാൽ ഈ ശ്രമങ്ങൾകൊണ്ടു തല്ക്കാലം ആവശ്യമൊന്നുമുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതുകഴിഞ്ഞ ഉടനെ ൯൪൩-ൽ ഹൈഡരും ഇം

ഗ്ലീഷുകാരും കൂടിയുണ്ടായ സമാധാന ഉടമ്പടിയിൽ ഹൈദർ തിരുവിതാംകൂറിനെ അക്രമിക്കാതിരിപ്പാൻ പ്രത്യേകം ഒരു വകുപ്പുചേൎത്തിട്ടുണ്ടായിരുന്നു. എങ്കിലും ഈ ഉടമ്പടിയുടെശേഷവും മഹാരാജാവു് ലന്തക്കാരുടേയും ഇംഗ്ലീഷുകാരുടേയും സഹായത്തോടുകൂടി അതൃത്തികൾ രക്ഷിക്കുന്നതിന്നു വേണ്ട ഉറപ്പുകൾ ചെയ്തുകൊണ്ടു തന്നെ ഇരുന്നു. ഇതുകൊണ്ടു ഉടനെതന്നെ ഫലംസിദ്ധിച്ചു. ഹൈദർ ഉത്താരകേരളത്തെപിന്നെയും അക്രമിച്ചു. സാമൂതിരിപ്പാടു മുതലായ രാജാക്കന്മാരെ രാജ്യഭ്രഷ്ടന്മാരാക്കി. അവർ തിരുവിതാംകൂറിലേക്കു ഓടിപ്പോകുകയും മഹാരാജാവു് അവരെ വളരെ സല്ക്കാരത്തോടുകൂടി സ്വീകരിക്കുകയും അവൎക്കു് അഭയം കൊടുക്കുകയുംചെയ്തു. അതുകേട്ടുകോപിച്ചു് ഹൈദർ വലുതായ ഒരു സൈന്യത്തോടുകൂടി തിരുവിതാംകൂറിലേയ്ക്കു് പുറപ്പെട്ടു. എന്നാൽ അയാൾ അവിടെ എത്തിയപ്പോഴേയ്ക്കു്, ഉടമ്പടിലംഘനം ചെയ്തതിന്നു ഇംഗ്ലീഷുകാർ അയാളുടെനേരെ യുദ്ധത്തിനായി വട്ടംകൂട്ടിത്തുടങ്ങിയെന്നുകേട്ടു് പിൻതിരിഞ്ഞു് തന്റെ നാട്ടിലേയ്ക്കു പോന്നു. പിന്നെയുണ്ടായയുദ്ധത്തിൽ ബ്രിട്ടീഷ്പട്ടാളത്തെ തിരുവിതാംകൂറിലെ നായർസൈന്യം വളരെ സഹായിച്ചു എന്നും അതിന്റെ നേതാവായിരുന്ന കേശവപിള്ള ഒരു സേനാപതിയുടെ മുഖ്യചിഹ്നങ്ങളെ പ്രകടിപ്പിച്ചു എന്നും ഇംഗ്ലീഷുസേനാനായകന്മാർ തന്നെ സമ്മതിച്ചിരിക്കുന്നു. മംഗലപുരത്തുവച്ചുണ്ടായ ഉടമ്പടിയോടുകൂടി ഈ യുദ്ധം കലാശിച്ചു.

യുദ്ധംകഴിഞ്ഞതിന്റെ ശേഷം മഹാരാജാവു് രാമേശ്വരത്തേക്കു് എഴുന്നള്ളി. ആ എഴുന്നള്ളത്തിന്നു വേണ്ടവട്ടങ്ങൾ കൂട്ടിയതു് കേശവപിള്ളയായിരുന്നു. തിരിച്ചെഴുന്നള്ളിയതിന്റെശേഷം ദളവായും കേശവപിള്ളയും ചെയ്ത യത്നത്തെക്കുറിച്ചു് സന്തോഷിച്ചു അവൎക്കു് എന്തു് പ്രതിഫലമാണു് വേണ്ടതെന്നു് മഹാരാജാവുചോദിച്ചു. ദളവാ മരണശേഷം തന്റെ ഭാൎയ്യാദികൾക്കു് തന്റെ മുതലനുഭവിക്കുന്നതിനു് യാതൊരുപദ്രവവും വരാതെ ഇരിക്കണമെന്നു അപേക്ഷിച്ചു. ഈ അപേക്ഷ ആ കാലങ്ങളിലുള്ള രാജാക്കന്മാരുടെ അനീതിയെ വെളിവാക്കുന്നു. കേശവപിള്ള, മഹാരാജാവു് ആയുരാരോഗ്യാദികളോടും അവിച്ഛിന്നപ്രീതിയോടും വളരെക്കാലം പ്രജാപരിപാലനംചെയ്യുമാറാകണമെന്നു് മാത്രമെ തനിക്കു പ്രാൎത്ഥനയുള്ളു എന്നുപറഞ്ഞു.

൧൭൮൯-ൽ ദളവാമരിച്ചു. സൎവ്വീസ്സ് ക്രമപ്രകാരം ആ സ്ഥാനത്തേയ്ക്കു് നിയമിച്ച ആൾ പ്രാപ്തനും ബുദ്ധിമാനും അല്ലായിരുന്നു എങ്കിലും സൎവ്വാധികാൎയ്യമായി കേശവപിള്ളയെ നിശ്ചയിച്ചതിനാ

വും അദ്ദേഹത്തിന്റെ ദൃഷ്ടി എല്ലായിടത്തും എത്തികൊണ്ടിരുന്നതിനാലും രാജ്യത്തിന്നു യാതൊരു ദോഷവും സംഭവിച്ചില്ല. അങ്ങിനെ ഒരുകൊല്ലം കഴിഞ്ഞപ്പോൾ ആ ദളവായും മരിച്ചു. ൯൬൫-കന്നി ൮-ാനു കേശവപിള്ളയെ പ്രധാനമന്ത്രിയാക്കി നിശ്ചയിച്ചു. അന്നുമുതൽ, ചില ഇംഗ്ലീഷുകാരുടേയും നബാവിന്റെ ഉദ്യോഗസ്ഥന്മാരുടേയും അഭിപ്രായപ്രകാരം ദളവാ എന്ന പേരുമാററി ദിവാൻ എന്നാക്കി.

കേശവപിള്ളയ്ക്കു ദിവാൻപട്ടംകിട്ടിയതിൽപിന്നെ വളരെ താമസിയാതെ തിരുവിതാംകൂറിന്നു വലിയൊരു അപത്തുനേരിട്ടു. അതിന്റെ നിവാരണത്തിന്നു അന്നു ഇത്രകേമനായ ഒരു മന്ത്രിഉണ്ടായിരുന്നതു് ആ നാട്ടിലെ ഭാഗ്യംതന്നെ. ൯൫൭-ൽ ഹൈഡർ മരിച്ചു. ഈ ദിക്കുകളിൽ ഇപ്പൊഴും വളരെ പ്രസിദ്ധിയുള്ള ടിപ്പു സിംഹാസനാരോഹണംചെയ്തു. അയാൾക്കു് തിരുവിതാംകൂർ രാജ്യം തന്റെ കീഴിലാക്കണമെന്നു വളരെ അഗ്രഹമുണ്ടായിരുന്നു. അതിന്നു ഓരോ ഉപായങ്ങൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ അയാളുടെ ശല്യം സഹിപ്പാൻ പാടില്ലാതെയായിട്ടു് ഉത്തരകേരളത്തിൽനിന്നു് പലരാജാക്കന്മാരും തിരുവിതാംകൂറിലേയ്ക്കുപോയി. അപ്പോൾ ടിപ്പു അവരെ അയാളുടെ അധീനത്തിലേയ്ക്കു് തിരിച്ചയയ്ക്കുന്നതിന്നു് ആവശ്യപ്പെട്ടതിനെ മഹാരാജാവു് കൈക്കൊണ്ടില്ല. എന്നാൽ ഇംഗ്ലീഷുകാരുമായുള്ള ഉടമ്പടി ഹേതുവായിട്ടു് തല്ക്കാലം യുദ്ധത്തിന്നു് പുറപ്പെടുന്നതിനും തരമില്ലായിരുന്നു. അതുകൊണ്ടു് തന്റെ കീഴിലിരുന്ന കൊച്ചീരാജാവു് മുഖാന്തിരം തിരുവിതാംകൂർ രാജാവുമായി സഖ്യമാകുന്നതിന്നു് തനിക്കു് അഗ്രഹമുണ്ടെന്നു് അദ്ദേഹത്തെ അറിയിച്ചു. ഈ അഗ്രഹത്തെ അദ്ദേഹം സ്വീകരിച്ചില്ലെന്നുതന്നെയല്ല ആ വിവരമൊക്കെയും ഇംഗ്ലീഷുകാരെ അറിയിക്കുകയുംകൂടിചെയ്തു. അവർഅദ്ദേഹത്തിന്റെ അപേക്ഷപ്രകാരം സകല കാര്യങ്ങളും ആലോചിക്കുന്നതിന്നു് ഒരു ഇംഗ്ലീഷുദ്യോഗസ്ഥനേയും രാജ്യരക്ഷയ്ക്കുവേണ്ടി രണ്ടുമൂന്നു് ബ്രിട്ടീഷ് പട്ടാളത്തേയും അയച്ചുകൊടുത്തു. ഈ വൎത്തമാനങ്ങൾ എല്ലാംകേട്ടു് ടിപ്പു രഹസ്യമായിയുദ്ധത്തിന്നു് ഒരുങ്ങിത്തുടങ്ങി. തിരുവിതാംകൂറിലെ അതൃത്തിയിൽ ലന്തക്കാരുടെ വകയായി കൊടുങ്ങല്ലൂക്കു് സമീപം ജയക്കോട്ടാ എന്നും കൃഷ്ണൻ കോട്ടാ എന്നും രണ്ടുകോട്ടയുണ്ടായിരുന്നതു് അവരുടെ പക്കൽനിന്നും വാങ്ങുന്നതിന്നു് അയാൾ ഉത്സാഹിക്കുന്നുണ്ടെന്നു് കേട്ട ഉടനെ കേശവപിള്ള ആ ക്രയംകൊണ്ടു് രാജ്യരക്ഷയ്ക്കു വളരെ ദോഷം വരുമെന്നറിഞ്ഞു് ആ കോട്ടകളെ തിരുവിതാംകൂറിലേക്കു വാങ്ങി. ഈ കോട്ടകൾ തന്റെ കീഴിലായിരുന്ന കൊ-

ശ്രീമഹാരാജാവിൻെറ വകയായിരുന്നതിനാൽ ലന്തക്കാൎക്ക് അതു കൈം കൊടുപ്പാനൊ തിരുവിതാംകൂറിലേയ്ക്ക് അതു് വാങ്ങുവാനോ അവകാശമില്ലായിരുന്നതിനാൽ ആ ക്രയം സാധുവല്ലെന്നുള്ള കാരണം പറഞ്ഞു് ടിപ്പു യുദ്ധയാത്രയ്ക്കൊരുങ്ങി. അറുപതാണ്ടുമാണ്ടത്തെ പാളയമെന്നു് ഇപ്പോഴും ഈ ദിക്കുകളിൽ ജനങ്ങൾ പറഞ്ഞുവരുന്നതു് ഈ യുദ്ധയാത്രയിലുണ്ടായതാണ്.

ടിപ്പു ഒരു വലിയ സൈന്യത്തോടുകൂടി യുദ്ധത്തിനായി പുറപ്പെട്ടു മുമ്പിൽകൂട്ടി ഒരു ദൂതനെഅയച്ചു് ഉത്തരകേരളത്തിൽനിന്നു് അവിടെ വന്നു താമസിക്കുന്നവരെ അയാളുടെ അധീനത്തിലേക്ക് അയയ്ക്കണമെന്നും, തിരുവിതാംകൂർ സൈന്യത്തെ കൊടുങ്ങല്ലൂരിൽനിന്നും പിൻവലിക്കണമെന്നും, അതിൎത്തി കോട്ടകളിൽ ചിലതിനെ തകൎത്തു് കളയണമെന്നും മഹാരാജാവിനോടാവശ്യപ്പെട്ടു. അദ്ദേഹം അതിനെ സമ്മതിക്കാഞ്ഞതിനാൽ ടിപ്പു കുപിതനായി ആ കോട്ടകളെ അക്രമിച്ചു. ഇതിന്നു് കുറേദിവസം മുമ്പിൽ മഹാരാജാവു് കേശവപിള്ളയെ സേനാപതിയായി നിശ്ചയിച്ചിരുന്നതിനാൽ കോട്ടകളെ അക്രമിച്ചപ്പോൾ അദ്ദേഹമായിരുന്നു ടിപ്പുവിനോടു് നേരിട്ടതു്. ആ യുദ്ധത്തിൽ അദ്ദേഹവും അദ്ദേഹത്തിൻെറ താഴെ ഉണ്ടായിരുന്ന നായർസൈന്യവും വളരെ യുദ്ധസാമൎത്ഥ്യത്തേയും പരാക്രമത്തേയും പ്രകടിപ്പിക്കുകയും, അതിനാൽ തല്ക്കാലം ടിപ്പുവിൻെറ സൈന്യം പിൻവാങ്ങേണ്ടിവരികയും ചെയ്തു. അങ്ങിനെ പിൻതിരിഞ്ഞു് ഓടിപ്പോകുന്ന ലഹളയിൽ ടിപ്പുവിൻെറ വിലപിടിച്ച വാളും പരിചയും ചില കൈമോതിരങ്ങളും മെയ്യാഭരണങ്ങളും പോൎക്കളത്തിൽനിന്നു് കൊണ്ടുപോകുവാൻ കഴിഞ്ഞില്ല. അതുകളെ ജയചിഹ്നങ്ങളായി കേശവപിള്ള മഹാരാജാവിന്നു് അയച്ചുകൊടുത്തു.

അന്യോന്യസഹായത്തിനായി തമ്മിൽ സഖ്യംചെയ്തിരിക്കുന്ന രാജാവിൻെറ രാജ്യത്തെ ഇങ്ങിനെ അക്രമിച്ച വൎത്തമാനം കേട്ടിട്ടു് മദ്രാശി ഗവർണർ ടിപ്പുവിനു് ഇങ്ങിനെ ചെയ്തതു നന്നായില്ലെന്നു ഒരു എഴുത്തയച്ചതല്ലാതെ യാതൊന്നും ചെയ്തില്ല. ഇതുകണ്ടു് ടിപ്പു ധൈൎയ്യപ്പെട്ടു് മൈസൂരിൽനിന്നു് പിന്നെയും സേനകളെവരുത്തി രണ്ടാമതും കോട്ടകളെ അക്രമിച്ചു. തിരുവിതാംകൂർസൈന്യത്തിന്നു് ഈ പുതിയ സൈന്യത്തോടു് നേരിടുന്നതിന്നു് ശക്തിമതിയാകയില്ലെന്നു കണ്ടു് കേശവപിള്ള സൈന്യത്തോടുകൂടി പിന്തിരിഞ്ഞു. ഈ അവസരത്തിൽ ടിപ്പു തിരുവിതാംകൂർ രാജ്യത്തിൽ കടന്നു കാണുന്നവരെയെല്ലാം കൊല്ലുകയൊ മാൎഗ്ഗത്തിൽ കൂട്ടുക

യൊ ചെയ്കയും ഭവനങ്ങളിൽ കടന്നു് കൊള്ളയിടുകയും തീവയ്ക്കുകയും മററു പല പ്രകാരത്തിലുള്ള അക്രമങ്ങൾ നടത്തുകയും ചെയ്തു. ആലുവാവരെ എത്തിയപ്പോൾ വിചാരിക്കാത്തതായ ഒരു പ്രതിബന്ധമുണ്ടായി. മദ്രാശി ഗവർണരുടെ ഉദാസീനത മനസ്സിലായപ്പോൾ ബങ്കാളത്തെ ഗവർണർ ജനറൽ മദ്രാശിക്കു വരികയും ഗവർണരുടെ പ്രവൃത്തി അതൃപ്തികരമാണെന്നു് കണ്ടു് അയാളെ പണിയിൽ നിന്നു് പിരിച്ചു് വേറെ ഒരാളെ നിശ്ചയിക്കുകയും ടിപ്പുവിനോടു് യുദ്ധത്തിന്നായി പുറപ്പെടുകയും ചെയ്തു. ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിലുണ്ടായ യുദ്ധത്തെക്കുറിച്ചു ഈ പ്രകൃതത്തിൽ വിസ്തരിക്കേണ്ട ആവശ്യമില്ല. എന്നാൽ ടിപ്പു ആ യുദ്ധത്തിൽ തോല്ക്കുകയും രാജ്യത്തിൽ പകുതി ഇംഗ്ലീഷുകാൎക്കു കൊടുക്കേണ്ടിവരികയും ചെയ്തു എന്നും ഇംഗ്ലീഷുകാരുടെ സഹായത്തിന്നായി ഒരു നായർ പട്ടാളത്തോടുകൂടി കേശവപിള്ള മൈസൂരിലേക്കു് പോയി വളരെ കീൎത്തിയേയും മാന്യതയേയും സമ്പാദിച്ചു് തിരിച്ചുവന്നു എന്നും മാത്രം ഇവിടെ പറയുന്നു.

ഇപ്പോൾ മലയാളജില്ലയെന്നു പറയുന്ന ഉത്തരകേരളത്തെ ടിപ്പു അക്രമിച്ചപ്പോൾ അവിടത്തെ നാടുവാഴികളും മററും തിരുവിതാംകൂറിൽ ശരണം പ്രാപിച്ചു എന്നു് ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. അനാഥസ്ഥിതിയിൽ കിടന്നിരുന്ന ആ രാജ്യത്തെ കാൎയ്യങ്ങളെല്ലാംവഴിപ്പെടുത്തുന്നതിന്നു് ഇംഗ്ലീഷുകാർ മഹാരാജാവിനെയും അദ്ദേഹം ആ ചുമതല കേശവപിള്ളയേയും ഏല്പിച്ചു. ടിപ്പു അവിടത്തെ ഭൂമിയെല്ലാംതന്റെ സേവന്മാൎക്കു് ഭാഗിച്ചുകൊടുക്കയും മുമ്പിലുണ്ടായിരുന്ന അതിരുകളേയും ആധാരങ്ങളേയും നശിപ്പിച്ചുകളകയും ചെയ്തിരുന്നതിനാൽ ആവലാധിവരാത്ത വിധത്തിൽ യഥാക്രമമായി അതാതു ആളുകൾക്കു് അവരവരുടെ ഭൂമി തിരിച്ചുകൊടുക്കുന്നതിന്നു് കേശവപിള്ള ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. അദ്ദേഹം ഏതെല്ലാം വിധത്തിലാണു് കാൎയ്യങ്ങൾ നടത്തിയതു് എന്നു് ഇവിടെ പറയുന്നതിന്നു് സ്ഥലമില്ല. എന്നാൽ അദ്ദേഹം എല്ലാവരേക്കും സമ്മതമാകത്തക്കവണ്ണം അവരവരുടെ ഭൂമി അവരവൎക്കു തിരിച്ചുകൊടുക്കുകയും കമ്പനിക്കാൎക്കു വേണ്ടഗുണങ്ങൾ സിദ്ധിക്കുന്നതിന്നു് പല ഏൎപ്പാടുകൾ ചെയ്കയും ചെയ്തു തിരിച്ചുപോന്നു എന്നുമാത്രം പറഞ്ഞാൽ മതിയല്ലോ.

യുദ്ധമെല്ലാം കഴിഞ്ഞതിന്റെ ശേഷം നാട്ടിലെ ക്ഷേമാഭിവൃദ്ധിക്കു് വേണ്ട കാൎയ്യങ്ങൾ ആലോചിപ്പാൻ സാവകാശമുണ്ടായപ്പോൾ കേശവപിള്ള അതിനുവേണ്ടി പല ഏൎപ്പാടുകളും ചെയ്തു്.

നാട്ടിൽധനപുഷ്ടിയുണ്ടാക്കുന്നതിന്നു് കച്ചവടം വൎദ്ധിപ്പിപ്പാനാണു് അദ്ദേഹം പ്രധാനമായി യത്നിച്ചതു്. കച്ചവടത്തിന്നു് യോഗ്യതയുള്ളതും കപ്പലുകൾക്കും മററും നിൎബാധമായി വന്നു നില്ക്കാവുന്നതുമായ സ്ഥാനങ്ങളെ തീൎച്ചപ്പെടുത്തുന്നതിന്നു വേണ്ടി കന്യാകുമാരിമുതൽ വൈക്കംവരെയുള്ള സമുദ്രതീരത്തെ അദ്ദേഹം പരിശോധിപ്പിച്ചു്, കൊളച്ചൽ വിഴിഞ്ഞം എന്ന സ്ഥലങ്ങളിൽ കച്ചവടസ്ഥലങ്ങളുണ്ടാക്കിയതിൻെറ ശേഷം ആലപ്പുഴ എന്ന പ്രദേശത്തെ പ്രധാന തുറമുഖമാക്കി. ആലപ്പുഴ അന്നു ഒരു കുറുങ്കാടായിരുന്നു. ആ സ്ഥാനം കച്ചവടത്തിന്നു വളരെ സൌകൎയ്യമുള്ളതാണെന്നുകണ്ടു് അവിടെ സൎക്കാർചിലവിന്മേൽ കച്ചവടസ്ഥലങ്ങളുണ്ടാക്കി ബോംബയിൽനിന്നും മററും കച്ചിക്കാരെയും വന്യാന്മാരെയുംതിരുനൽവേലിയിൽനിന്നു് ബ്രാഹ്മണരേയുംവ്യാപാരത്തിന്നായി കൊണ്ടുവന്നു പാൎപ്പിക്കുകയും അവിടെ കൊണ്ടുവന്നു് കച്ചവടം ചെയ്യത്തക്കവണ്ണം കരാറു ചെയ്തു് നാട്ടിലെ മരമെല്ലാം പാറായിത്തരകനെ കുത്തകയായി ഏല്പിച്ചുകൊടുക്കയും ചെയ്തിരുന്നു. പുറമെ ആ സ്ഥലത്തിന്നു പ്രാധാന്യമുണ്ടാകുവാൻവേണ്ടി ഒരമ്പലവും കൊട്ടാരവും കച്ചേരിയും പണിയിച്ചു് തമ്പുരാനും ദിവാൻജിയും കൂടക്കൂടെ അവിടെവന്നു താമസിക്കയും ചെയ്തുവന്നു. ഇങ്ങിനെയാണു് ആലപ്പുഴെ തുറമുഖമുണ്ടായതു്. ഇപ്രകാരംതന്നെ കോട്ടാർ, തിരുവനന്തപുരം മുതലായ ദിക്കുകളിലും കച്ചവടം വൎദ്ധിക്കുന്നതിന്നു പല ഏൎപ്പാടുകൾചെയ്തു. ഇതിന്നു പുറമെ നാഞ്ചിനാട്ടിലും മററും കൃഷിപ്പണിക്കു് സൌകൎയ്യത്തിന്നുവേണ്ടി തോടുകളുണ്ടാക്കുകയും മററും ചെയ്കയും പ്രധാനപ്രചാരത്തിന്നു് പുതിയ നാണ്യങ്ങൾ പലതുണ്ടാക്കുകയുംചെയ്തു.

ടിപ്പുവിനോടു യുദ്ധംനടന്നുകൊണ്ടിരുന്നപ്പോൾ തിരുവിതാംകൂർ വടക്കെ അതിൎത്തിയിങ്കൽ സ്ഥാപിച്ചിരുന്ന ഇംഗ്ലീഷുസൈന്യത്തിൻെറ ചിലവു യുദ്ധം കഴിഞ്ഞതിൻെറ ശേഷവും നടത്തുന്നതു്അനാവശ്യവും പ്രയാസവുമാണെന്നു കണ്ടു് കേശവപിള്ള ആ സൈന്യത്തെ പിൻവലിക്കുന്നതിന്നു് മദ്രാശിഗവൎണ്ണൎക്കു് എഴുതി എന്നാൽ അയാൾ അതു സമ്മതിച്ചില്ല. അപ്പോൾ ദിവാൻജി വിവരമെല്ലാം ഗവൎണ്ണർജനറലിനേയും മററു് യോഗ്യരേയും അറിയിക്കുകയും അദ്ദേഹത്തിൻെറ വാദത്തെ സമ്മതിച്ചു് മേലിൽ നടക്കേണ്ടക്രമങ്ങൾക്കു് കമ്പനിക്കാർ ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുകയുംചെയ്തു. കേശവപിള്ളയുടെ പ്രയത്നംകൊണ്ടു് സിദ്ധിച്ചതും തിരുവിതാംകൂർ, ബ്രിട്ടീഷ് എന്നീ ഗവൎമ്മേൻറുകൾ തമ്മിലുള്ള സംബന്ധത്തെ നിൎണ്ണയിക്കുന്നതുമായ ൯൭൦ ഉടമ്പടി പ്രകാരം തന്നെയാ

ണ്ട് ഠരം രണ്ടുരാജ്യങ്ങളും തമ്മിൽ സഖ്യമായി ഇപ്പോഴും പ്രധാന സംഗതികളിലും നടന്നുവരുന്നതു്.

ഠരം ഉടമ്പടി ഉണ്ടായതു് ൯൭൦-ാമാണ്ടിലായിരുന്നു. അതിന്റെ ശേഷം മഹാരാജാവും കേശവപിള്ളയും കൂടെ മൂന്നു കൊല്ലമെ രാജ്യഭാരമുണ്ടായുള്ളു. ഇതിന്നു മുമ്പിലും പ്രത്യേകിച്ചു് ഈ മൂന്നു കൊല്ലവും അദ്ദേഹം ജനങ്ങളുടെ ക്ഷേമത്തിന്നുവേണ്ടി രാപ്പകൽ ഒരുപോലെ യത്നിക്കുകയും ജനങ്ങളുടെ ബഹുമാനത്തിന്നും കൃതജ്ഞതയ്ക്കും പാത്രമാകയും ചെയ്തു. ബങ്കാളത്തെ ഗവർണർജനറലാൽ അദ്ദേഹത്തിന്റെ രാജ്യഭരണകൌശലത്തേയും യുദ്ധസാമർത്ഥ്യത്തേയും കണ്ടു സന്തോഷിച്ചു് "രാജാകേശവദാസൻ" എന്ന സ്ഥാനം കൊടുത്തു. അവരവരുടെ മാഹാത്മ്യത്തെ ഉൽഘോഷിക്കുന്നതിന്നും ഇംഗ്ലീഷു അധികാരികളുടെ സേവ പിടിക്കുന്നതിന്നും വളരെ സൌകര്യമുള്ള ഠരം കാലങ്ങളിലും വളരെ ദുർല്ലഭമായ ഈ സ്ഥാനം അന്നത്തെക്കാലത്തു് അദ്ദേഹത്തിനു് സിദ്ധിച്ചതുതന്നെ അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു് പ്രബലമായ ഒരു തെളിവാകുന്നു. മഹാരാജാവും അദ്ദേഹത്തിന്നുവേണ്ടി എന്തുചെയ്യുന്നതിന്നും തയ്യാറായിരുന്നു എന്നുതന്നെയല്ല വളരെ ഭൂമി കരമൊഴിവായി കൊടുപ്പാനും തീർച്ചയാക്കി. എന്നാൽ അദ്ദേഹം തന്റെ അഭ്യുദയത്തെക്കാൾ അധികം കാംക്ഷിച്ചിരുന്നതു് തന്റെ സ്വാമിയുടെ യശസ്സിനേയും നാട്ടിന്റെ ക്ഷേമത്തേയും ആയിരുന്നതിനാൽ ആ സമ്മാനത്തെ സ്വീകരിച്ചില്ല. മേല്പറഞ്ഞ സംഗതികൾ ആലോചിക്കുമ്പോൾ, അദ്ദേഹത്തെ തിരുവിതാംകൂറിലുള്ളവർ നന്ദിപൂർവ്വം ഇപ്പോഴും വിചാരിക്കുന്നതിനേയും ഇപ്പോഴും അദ്ദേഹത്തെ "വലിയദിവാൻജി" എന്നു വിളിച്ചുവരുന്നതിനെയും കുറിച്ചു് ഒട്ടുംതന്നെ അത്ഭുതപ്പെടുവാനില്ലല്ലോ.

൯൭൩-ാമാണ്ടിൽ മഹാരാജാവു് നാടുനീങ്ങി. ഠരം സംഭവം കേശവപിള്ളയ്ക്കു വളരെ ദോഷകരമായിരുന്നു. മഹാരാജാവിന്നു് അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പ്രവൃത്തികളുടേയും ഗുണങ്ങളെ അറിഞ്ഞു് അദ്ദേഹത്തിന്റെ ആലോചനകളെ അനുസരിക്കുന്നതിന്നും സഹായിക്കുന്നതിന്നും ഉള്ള ഗുണവും ബുദ്ധിയും ഉണ്ടായിരുന്നതിനാലാകുന്നു കേശവപിള്ളയ്ക്കു് ഇത്രത്തോളം രാജ്യത്തിന്നു് അഭിവൃദ്ധിയുണ്ടാക്കുവാൻ സാധിച്ചതു്. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം സിംഹാസനാരോഹണംചെയ്ത ബാലരാമവർമ്മമഹാരാജാവു് ൧൬-വയസ്സായ ഒരു യുവാവും കുറെ മന്ദബുദ്ധിയും ആയിരുന്നതിനാൽ അദ്ദേഹം സ്വാർത്ഥപരന്മാരും ദുർവൃത്ത

ന്മാരുമായ സേവന്മാരുടെ പാട്ടിലായി- ൟ സേവന്മാരിൽ പ്രധാനി ശങ്കരൻ നമ്പൂരി എന്നൊരാളായിരുന്നു. അദ്ദേഹത്തിന്നു് കേശവപിള്ളയുടെ അഭ്യുദയം നശിപ്പിച്ചു് ആ സ്ഥാനത്തു് കയറണമെന്നായിരുന്നു മോഹം. ഇതു നിമിത്തം അദ്ദേഹം ഓരോദുൎബോധനകൾ ചെയ്തു് മഹാരാജാവിനെ ദിവാൻജിയുടെ പരമശത്രുവാക്കിത്തീൎക്കുകയും അദ്ദേഹം കൊട്ടാരത്തിൽ കടക്കുവാൻതന്നെ പാടില്ലെന്നു് വരുത്തുകയും ചെയ്തു. അങ്ങിനെ കുറെ നാൾ കഴിഞ്ഞപ്പോൾ ഒരു ദിവസം അദ്ദേഹത്തെ പണിയിൽ നിന്നു് തീരെ പിരിച്ചു് എന്നു തന്നെയല്ല കൊട്ടാരത്തിൽ പാറാവിൽ വയ്ക്കുകയും കൂടി ചെയ്തു. അവിടുന്നു് ൧൦-ദിവസം കഴിഞ്ഞപ്പോൾ കേശവപിള്ള കാരാഗൃഹത്തിൽ കിടന്നു് പെട്ടെന്നു് മരിച്ചു എന്നു് നമ്പൂരി ജനങ്ങളെ അറിയിച്ചു. എന്നാൽ അതു് കാലമൃത്യു അല്ലെന്നും ഈ ദുഷ്ട നമ്പൂരിയുടെ കല്പനപ്രകാരം പരിചാരകന്മാർ അദ്ദേഹത്തെ വിഷംകൊടുത്തു് കൊന്നതാണെന്നുമാകുന്നു ഇപ്പൊഴും ജനങ്ങളുടെ വിശ്വാസം. അദ്ദേഹം മരിച്ചഉടനെ മഹാരാജാവു് നമ്പൂരിയെ ദിവാൻജിയാക്കി. ദിവാൻ പട്ടം കിട്ടിയതിൻെറ ശേഷം അദ്ദേഹം മുമ്പിൽ ചെയ്ത പ്രവൃത്തി കേശവപിള്ളയുടെ സകല മുതലിനെയും സൎക്കാരിലേക്കു് അടക്കുകയായിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യ നിത്യം ധരിച്ചിരുന്ന ആഭരണങ്ങളെയും കൂടി പിടിച്ചുപറിച്ചു എന്നല്ലെ പറയേണ്ടു.

തൻെറ സ്വാമിയുടേയും നാട്ടുകാരുടേയും ഐശ്വൎയ്യത്തിന്നും ഖ്യാതിക്കും വേണ്ടി സ്വാൎത്ഥചിന്തകൂടാതെ രാപ്പകൽ പ്രയത്നംചെയ്തതിന്നുണ്ടായ ൟ പ്രത്യുപകാരത്തെപ്പററി എന്താണു് പറയേണ്ടതു്-

ഇതുകൊണ്ടു്

"മൂൎച്ചയുള്ളൊരുകത്തി ലേഹനംചെയ്തീടാമൊ
മൂൎഖപ്പാമ്പിൻെറമുഖം ചുംബനംചെയ്തീടാമൊ
സിംഹത്തെച്ചെന്നു പരിരംഭണംചെയ്തീടാമൊ
സിദ്ധമാമിതെങ്കിലും സിദ്ധിയാ നൃപാൎച്ചനം"

എന്നു പറഞ്ഞിട്ടുള്ളതു് ഒരു അതിശയോക്തിയല്ലെന്നു് സ്പഷ്ടമാകുന്നു. ൟ സംഗതിയെപ്പററി പ്രസിദ്ധമായ ഒരു ശ്ലോകമുള്ളതിനെ ഇവിടെ എഴുതി ഇതിനെ അവസാനിപ്പിക്കുന്നു.

ക്ഷോണീകോണശതാംശപാലനകലാദുൎവ്വാരഗൎവ്വാനല
ക്ഷുഭ്യല്ലുബ്ധനരേന്ദ്രചാടുരചനാംധന്യാംനമന്യാമഹെ

ദേവംസേവിതുമേവനിശ്ചിനമഹൈയൊരൌസൗദയാലുഃപുരാ
ധാരാമുഷ്ടിമുചേകചേകചേലമുനയെ ദത്തേസ്മവിത്തേശതാം.

## ൨൭. വെണ്മണിഅച്ഛൻനംപൂരിപ്പാട്.

ഈയിടെ മരിച്ചുപോയ വെണ്മണി അച്ഛൻനംപൂരിപ്പാട് ഒരു വലിയ കവിയായിരുന്നു എന്ന് മലയാളികളിൽ മിക്കപേരും കേട്ടിട്ടുണ്ടായിരിക്കാമെങ്കിലും അദ്ദേഹം ഉണ്ടാക്കിയ കവിതകൾ കേട്ടിട്ടുള്ളവർ വളരെ ഉണ്ടോ എന്നു സംശയമാണ്. പ്രഥമദൃഷ്ടിയിൽ ഇതു് അന്യോന്യവിരുദ്ധമാണെന്നു് തോന്നുമെങ്കിലും യഥാൎത്ഥമായിട്ടുള്ളതാകുന്നു. നംപൂരിപ്പാട് ഒരു വലിയ കവിയായിരുന്നതിന് പുറമേ നവീന സമ്പ്രദായത്തിലുള്ള ഭാഷാകവിതയുടെ ആദികൎത്താക്കന്മാരിൽ ഒരാളും ആയിരുന്നു. അതുകൊണ്ടു കവിതാവിഷയത്തിൽ അദ്ദേഹത്തിന്നു് ഒരു പ്രസിദ്ധിയുണ്ടായതിനെക്കുറിച്ചു് അത്ഭുതപ്പെടുവാനില്ല. എന്നാൽ അദ്ദേഹം വളരെ ഒററശ്ലോകങ്ങളുണ്ടാക്കീട്ടുള്ളതല്ലാതെ വലിയ കൃതികൾ വളരെ ദുർല്ലഭമായിട്ടെ ഉണ്ടാക്കീട്ടുള്ളൂ. ആ കൃതികൾതന്നെയും ഇപ്പോൾ ആരുടേയും കൈവശത്തിലുള്ളതായി അറിയുന്നില്ലാത്തതിനാൽ അതുകളും തീരെ നശിച്ചുപോയി എന്നാണ് തോന്നുന്നതു്. ഇതുകൊണ്ടാണ് അദ്ദേഹത്തിൻെറ കവിതകൾ വായിച്ചിട്ടുള്ളവർ വളരെ ചുരുക്കമായിരിക്കുന്നതു്.

നവീനസമ്പ്രദായത്തിലുള്ള ഭാഷാകവിതയുടെ ആദികൎത്താവെന്നു് സൂക്ഷ്മത്തിൽ പൂന്തോട്ടത്തു നംപൂരിയെയാണ് പറയേണ്ടതു്. അച്ഛൻനംപൂരിപ്പാട്ടിലേക്കു് കവിതാഭ്രാന്തുണ്ടായതുകൂടി അദ്ദേഹത്തിൻെറ കവിതകൾ കണ്ടിട്ടാണെന്നാകുന്നു പറഞ്ഞുകേട്ടിട്ടുള്ളതു്. എന്നാൽ നംപൂരിയായിട്ടു തുടങ്ങിയ സമ്പ്രദായത്തെ പരിഷ്കരിച്ചു് അതിനുവേണ്ട ഗുണങ്ങളെ പൂൎത്തിയാക്കിയതു് നംപൂരിപ്പാടാണ്. അതുകൊണ്ടാണ് അദ്ദേഹത്തെ നവീനസമ്പ്രദായത്തിൻെറ ആദികൎത്താക്കന്മാരിൽ ഒരാളായി പറഞ്ഞതു്. ഈ നവീനരീതിയുടെ സ്വഭാവം എന്തെന്നറിഞ്ഞിട്ടുള്ളവർ വളരെ ഉണ്ടെന്നു് തോന്നുന്നില്ല. ഇപ്പോൾ പുതുതായി ഉണ്ടാക്കിക്കാണുന്ന കവിതക

ളിൽ മിക്കതും ആ രീതിയെ അനുസരിച്ചു കാണാത്തതുകൊണ്ടും, അതുകളെ വളരെജ്ജനങ്ങൾ കൊണ്ടാടുന്നതുകൊണ്ടും മിക്കവരും ആ രീതിയുടെ സ്വഭാവത്തെ അറിഞ്ഞിട്ടില്ലെന്നുതന്നെ വിചാരിക്കണം. അതുകൊണ്ടു് അതിൻെറ സ്വഭാവം ഇന്നതെന്നു് ഇവിടെ ചുരുക്കത്തിൽ പ്രസ്താവിക്കുന്നതു അനാവശ്യമാവില്ലെന്നു് വിശ്വസിക്കുന്നു.

ശബ്ദഭംഗി വരുത്തുന്നതിനു് ചില നിഷ്കർഷകൾ ചെയ്തതിനാലാകുന്നു ഈ നവീനസമ്പ്രദായം ഉണ്ടായതു്. അൎത്ഥത്തെ സംബന്ധിച്ചേടത്തോളം അതുകൊണ്ടു് വിശേഷവിധിയൊന്നും ഉണ്ടായിട്ടില്ല. മണിപ്രവാളത്തിൻെറ ശുദ്ധി, പദങ്ങളുടെ സ്നിഗ്ദ്ധത, കൎണ്ണസുഖത്തെ വിശേഷമായി ഉണ്ടാക്കുന്ന പ്രാസം—ഇതുകളെ വരുത്തുന്നതിന്നാകുന്നു ഈ നിഷ്കർഷ പ്രധാനമായി ചെയ്യപ്പെട്ടതു്. ഇതിൽ ഓരോന്നിനെ പൂൎണ്ണമായി വിവരിക്കുന്നതിന്നു് ഇവിടെ സ്ഥലം മതിയാവില്ല. അതുകൊണ്ടു് അതുകളുടെ സ്വഭാവം ഇന്നതെന്നുമാത്രം കാണിക്കുന്നതിനെ ഞങ്ങൾ വിചാരിക്കുന്നുള്ളു. അപ്രസിദ്ധങ്ങളല്ലാത്ത സംസ്കൃതപദങ്ങളും മലയാളപദങ്ങളും ഇടകലൎന്നു പാലുംവെള്ളവുംകൂടി ചേൎന്നപോലെ യോജിച്ചുവരുമ്പോളാകുന്നു മണിപ്രവാളത്തിന്നു് ശുദ്ധിയുണ്ടാകുന്നതു. അപ്രസിദ്ധസംസ്കൃതപദങ്ങളുടെ രണ്ടുപുറത്തും പച്ചമലയാളപദങ്ങളെ ഉപയോഗിച്ചു് എല്ലാംകൂടി നെല്ലും മോരുംകൂട്ടിയ മാതിരിയാകുമ്പോൾ അതു ശുദ്ധിയില്ലാത്ത മണിപ്രവാളമാകുന്നു. പ്രാചീനന്മാരിൽ ഈ ശുദ്ധി വളരെ കുറവാണു്. എഴുത്തച്ഛൻെറയും കുഞ്ചൻനമ്പ്യാരുടെയും ഒഴിച്ചു് മററാരുടെയും കവിതയിൽ ഈ നിഷ്കർഷയില്ലെന്നുതന്നെ പറയണം. ആ കൂട്ടത്തിൽ എല്ലാവരെക്കാൾ വലിയ അപരാധി ഉണ്ണായിവാരിയരാണു്. "അങ്ങോട്ടടൻ ചരിച്ചീലിങ്ങോട്ടടൻ" എന്നും "ആകൃതി കണ്ടാൽ അതിംഗഭേയം അരാലിവൾതൻ ആധരംപേയം" എന്നും "നീതാനെല്ലിനെ ചിന്തിച്ചുഴൽവില്ലവസി" എന്നുംമററും നളചരിതം ആട്ടക്കഥയിൽധാരാളം. "കുമാരിയെത്താൻപ്രസവിച്ചുശേതെ" എന്നും "ശ്രീരാമചന്ദ്രൻ ഖരദൂഷണാദീൻ ഘോരാളിവീരൻസമരേനിഹത്യ" എന്നും "സുരാസദൃശാംവിഭ്രമംചൊല്ലാവല്ലെ" എന്നും "അമൎത്ത്യരുടെ സൌഹിത്യമതുസ്വതാദ്ര്യവരുവനഹമദ്യം" എന്നും മററും പ്രയോഗിക്കുന്നതിന്നു് നമ്മുടെ പ്രാചീനകവികൾക്കു് ഒരു കൂസലുണ്ടായിരുന്നില്ല. നമ്പൂരിപ്പാട്ടിലെ മണിപ്രവാളത്തിൻെറ ശുദ്ധിയാണു് ഈ വികൃതഭാഷാപ്രയോഗത്തിൻെറ അഭംഗിയെ ജനങ്ങൾക്കു് അത്യം സ്പഷ്ടമാക്കിക്കൊടുത്തതു്.

അഖിലംബോച്ചാരണത്തിന്നു സുകരമാകുംവണ്ണം പദങ്ങൾ ഘടിപ്പിക്കപ്പെട്ടുമ്പോളാകുന്നു പദങ്ങൾക്ക് സ്നിഗ്ദ്ധതയുണ്ടാകുന്നതു്. ഭാഷയുടെ സ്വാഭാവത്തെയനുസരിച്ച് വേണ്ടിടത്തെല്ലാം അക്ഷരങ്ങൾക്ക് ദ്വിത്വം വരുത്തുകയും അർദ്ധാക്ഷരസംയുക്തമായ അക്ഷരങ്ങൾക്ക് മുകളിൽ വരുന്ന അക്ഷരങ്ങളുടെ സ്വഭാവംപോലെ ഗുരുലഘുത്വം കല്പിക്കുകയുമാകുന്നു ഇതിന്നു് വേണ്ടതു്. ചന്ദ്രകല നക്രതുണ്ഡി എന്ന പദങ്ങളെ സാധാരണയായി മലയാളത്തിൽ ചന്ദ്രക്കല, നക്രത്തുണ്ഡി എന്നാണു് ഉച്ചരിച്ചുവരുന്നതു്. അതുകൊണ്ടു് സംസ്കൃതത്തിൽ ദ്വിത്വം വേണ്ടാത്തിടത്തുകൂടി ഭാഷയിൽ ദ്വിത്വം വേണമെന്നു് സ്പഷ്ടമാകുന്നു. ഭാഷയുടെ ഈ സ്വഭാവത്തെ അനുസരിക്കാതെ കവിതയുണ്ടാക്കുന്നതു് ശ്രവണസുഭഗമാവാൻ പാടില്ലല്ലോ. “വദനതാരേശൻ” “നീലതോയദകചെ” എന്നും മററും സംസ്കൃതത്തിൽ സാധുവാണെന്നുവച്ച് “വദനതിങ്കൾ” എന്നും “നീലതഴക്കുഴലി” എന്നും മററുംഭാഷയിൽ പ്രയോഗിച്ചാൽ കണ്ണശൂലംതന്നെ. ഭാഷയിൽ “വദനത്തിങ്കൾ” “നീലത്തഴക്കുഴലി’ എന്നായിരിക്കണം. അതുപോലെതന്നെ ൽ, ൾ, എന്ന അർദ്ധാക്ഷരങ്ങളോടുകൂടിയ ഹ്രസ്വാക്ഷരങ്ങൾ മുകളിൽ ചില അക്ഷരങ്ങൾ വരുമ്പോൾ ഗുരുക്കളും മററു ചിലതു് വരുമ്പോൾ ലഘുക്കളും ആവും. സംസ്കൃതത്തിൽ ഇങ്ങിനെ വരുന്നതെല്ലാം ഗുരുവായിരിയ്ക്കും. അതിനെ അനുസരിക്കകൊണ്ടാണു് ഭാഷാകവിതയിൽ ചിലപ്പോൾ ഈ തെററുവരുന്നതു് “മന്മഥകഥാഗന്ധം ഗ്രഹിക്കാത്തവർ താനൊ” “മന്നിൻവാനവനോടിവണ്ണമരുളി” ഇവിടെ ‘വർ’ ‘ന്നി’ ഇതുകളെ ഗുരുവാക്കിയതു് അഭംഗിയാണു് (.) ലഘുവായിതന്നെയിരിക്കണം. എന്നാൽ “പോക്കളത്തിൽ ജയമാൻമേവീടും” എന്നതിൽ ‘ത്തിൽ’ എന്ന ലഘു അഭംഗിയാണു്. ഗുരുവായിട്ടാണു് ഇരിക്കേണ്ടതു്. പിന്നെ ഭാഷയിലുള്ള ഹ്രസ്വ ‘എകാരത്തെ’ അവശ്യം നീട്ടുന്നസമ്പ്രദായവും കുറെ മല്ല്യമമാണു്. “ബന്ധക്ലേശമൊഴിക്കു മച്യുതനുടെബന്ധം” എന്നും മററുമുള്ള പ്രയോഗം അത്ര സ്വീകാരയോഗ്യമല്ല. നവീനസംപ്രദായപ്രകാരം ഇതുപോലെ വളരെ സംഗതികളിൽ നിഷ്കർഷചെയ്യാനുണ്ടു്.

പ്രാചീനസമ്പ്രദായത്തിൽ ശ്ലോകങ്ങളിലും മററും രണ്ടാമത്തെ അക്ഷരങ്ങൾക്ക് മാത്രമെ പ്രാസംവേണ്ടു. എന്നാൽ കണ്ണനസുഖത്തെ സംബന്ധിച്ചിടത്തോളം ഇതുകൊണ്ടു് വലിയ ശ്ലോകങ്ങളിൽ പറയത്തക്കതായ ഫലപ്രാപ്തിയൊന്നുമില്ല. അതുകൊണ്ടു് പുതിയമട്ടിൽ അനുപ്രാസത്തെയാണു് അധികമായി ദീക്ഷിക്കുന്ന

ട്ട്. ഈ അനുപ്രാസം പലപ്രകാരത്തിലുണ്ട്. “പത്മജാതാത്മ ജായെ” “അതെപാത്തുസമ്പത്തുമൊ” “വിശിഖാംബോധേനവിശാലേക്ഷണ” എന്നു പദാന്തത്തിലും “കോടക്കാർവർണ്ണനോടക്കുഴലോട്ട്” “ശൈലാത്മജാഭജനമോജനമോഹനാംഗി” എന്നു പാദത്തിന്റെ ഇടയിലും “കണ്ണൻകല്യാണചൂർണ്ണൻകളകമലദളക്കണ്ണനെൻകണ്ണിലാമൊ” എന്ന് പദാരംഭത്തിലും ഉള്ള അക്ഷരങ്ങളുടെ ഐക്യംകൊണ്ടും മറ്റും പലപ്രകാരത്തിൽ അനുപ്രാസമുണ്ട്.

മെല്പറഞ്ഞ മൂന്നുസംഗതികളാണ് പുതിയമട്ടായ കവിതയുടെ പ്രധാന ലക്ഷണങ്ങൾ. ഇതുകൂടാതെ വേറെ ചില്ലറയായ സംഗതികളുമുള്ളതിനെ ഇവിടെ പറയുന്നില്ല. ഇതുകളെക്കൊണ്ട് കവിതയ്ക്കുണ്ടാകുന്ന രസികത്വം ആ മാതിരിയിലുള്ള കവിതയിൽ പരിചയിച്ചല്ലാതെ മനസ്സിലാക്കുവാൻ പ്രയാസം. അങ്ങിനെ പരിചയിക്കാത്തവർ ഇതെല്ലാം നിസ്സാരമാണെന്ന് പറഞ്ഞേക്കാം. എന്നാൽ ഇവരേയും സംഗീതം നിസ്സാരമാണെന്ന് പറയുന്ന സംഗീതരസികതയില്ലാത്തവരേയും പറഞ്ഞു തോല്പിക്കുന്നതിന്നു ഞങ്ങൾ തയ്യാറില്ല. അനുഭവരസികന്മാർ അറിഞ്ഞുകൊള്ളും എന്ന് മാത്രമെ ഞങ്ങൾ പറയുന്നുള്ളു.

അച്ഛൻനമ്പൂരിപ്പാട്ടിലേയ്ക്ക്, കവിതയുണ്ടാക്കുന്നതിൽ പ്രത്യേകമായിട്ട് ഒരു നിഷ്കർഷകൂടിയുണ്ട്. ഒരു ശ്ലോകത്തിലെ വാക്യം ഒരിക്കൽ കേൾക്കുമ്പോൾതന്നെ മനസ്സിലാകത്തക്കവണ്ണം അതുന്നിടത്തോളം സരളമായിരിക്കണം. അങ്ങുമിങ്ങുമിരിക്കുന്ന പദങ്ങളെ യഥാവലെ, ചെരുന്നപടിക്ക് ചേർക്കുന്നത് അദ്ദേഹത്തിന് അത്ര സമ്മതമല്ല. ശ്ലോകങ്ങൾ കഴിയുന്നിടത്തോളം അന്വയക്രമത്തിലായിരിക്കണം. “ഏറ്റം ഘോഷിപ്പതെല്ലാം പരിചിനോടെതൃഭാഗത്തെഴും മാനുഷാണാം മെറ്റെറ്റിടുന്ന കണ്ണീർ ക്രുതമഴ ചൊരിയുന്നുണ്ടഹോ കാൺകമൂലം” എന്ന ശ്ലോകാർദ്ധത്തിൽ ഘോഷിപ്പതെല്ലാം കാൺകമൂലം” എന്നാണത്രേ അന്വയം. ഇതു കേട്ടാൽ നമ്പൂരിപ്പാട്ടിലെ ദഹിപ്പിച്ചുണ്ടായ വെണ്ണീറുകൂടി ശ്മശാനത്തിൽ കിടന്നൊന്നു ഞെട്ടുമെന്നാണ് തോന്നുന്നതു.

മേൽവിവരിച്ച സംഗതികളെക്കൊണ്ട് നവീനസമ്പ്രദായത്തിലുള്ള കവിതയുടെ സ്വഭാവം ഏകദേശം വായനക്കാർക്ക് മനസ്സിലായിരിക്കുമെന്ന് വിശ്വസിക്കുന്നു. ഇങ്ങിനെ ഒരു മട്ടിട്ട ഒരാൾക്ക് താൻ ഒരു വലിയകവിയല്ലെങ്കിലും കവിസമുദായത്തിൽ ഒരു മാന്യസ്ഥാനത്തിന്ന് അവകാശമുണ്ട്. അങ്ങിനെയിരിക്കുമ്പോൾ അദ്ദേഹം ഒരു മഹാകവിയുമായിരുന്നാൽ ഈ അവകാശത്തിന്നു ബ

ലം വളരെ അധികമായുമെന്നു് നിശ്ചയമാണല്ലോ. ഇതാണു് വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ടിലെ അവസ്ഥ. അദ്ദേഹത്തിന്റെ പിന്തുടൎച്ചക്കാർ വളരെയുണ്ടു്. അവരിൽ ചിലർ അദ്ദേഹത്തെക്കാൾ വലിയ കവികളുമാണു്. എന്നാൽ അവർ കവിതകൊണ്ടു് സമ്പാദിച്ചിട്ടുള്ള യശസ്സിൽ ഒരു ഓഹരിക്കു് അദ്ദേഹം എന്നും അവകാശിയായിത്തന്നെയിരിക്കും. ഇതിനു പുറമെ മലയാളസാഹിത്യം അദ്ദേഹത്തിനു് കുറെക്കൂടി കടപ്പെട്ടിട്ടുണ്ടു്. ഇപ്പോൾ കവികൾക്കു് ഈ പുതിയമട്ടു് പിന്തുടൎച്ച അവകാശമായി കൊടുത്തിട്ടുള്ളതിനു് പുറമെ അദ്ദേഹത്തിന്റെ കവിതാവാസനയെ തന്റെ പുത്രന്മാരായ മകൻ നമ്പൂരിപ്പാട്ടിലേക്കും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്കും പ്രദാനം ചെയ്തിട്ടുമുണ്ടു്.

---

# ഗന്നം വെണ്മണികടംബൻ.

## നമ്പൂരിപ്പാട്ടു്.

---

ഫ. ഭാഷാകവിശ്രേഷ്ഠനായ വെണ്മണിമകൻനമ്പൂരിപ്പാട്ടു് ഈ മാസം ൮-ാംനു രാത്രി ഒരുമണിക്കു് പരലോകപ്രാപ്തനായ വിവരം ഞങ്ങൾ എത്രയും വ്യസനത്തോടുകൂടി വായനക്കാരെ അറിയിക്കുന്നു. അദ്ദേഹം രണ്ടു നാലു മാസമായിട്ടു് കൊടുങ്ങല്ലൂരായിരുന്നു താമസിച്ചിരുന്നതു്. അവിടെ വെച്ചു് ധനുമാസം ൨൰-ാംനു വസൂരിയിലകപ്പെട്ടു. ദീനം വൈഷമ്യം ആകുമെന്നു് ആദ്യം ആരും ശങ്കിച്ചിരുന്നില്ല; എന്നാൽ അദ്ദേഹം സ്വതെ അശക്തനും ഉദരരോഗിയുമായിരുന്നതിനാൽ ആ രോഗം ഇങ്ങിനെ വ്യസനകരമായി പൎയ്യവസാനിച്ചു. അദ്ദേഹത്തിന്റെ യോഗ്യത അറിഞ്ഞു കൊണ്ടാടുന്നതിനുള്ള അവസ്ഥയും അദ്ദേഹത്തിന്റെ പേരിൽ ഭ്രാതൃസ്നേഹവുമുള്ള കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരായിരുന്നു അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്നതു്. അതുകൊണ്ടു് അവസാനകാലത്തിൽ അദ്ദേഹത്തിനു് മനുഷ്യപ്രയത്നംകൊണ്ടു് നിവാൎയ്യങ്ങളായ ശല്യങ്ങളൊന്നും ഉണ്ടായിട്ടില്ല. ഊൎദ്ധ്വൻ വലിക്കുന്നതുവരെ നല്ല ബോധമുണ്ടായിരുന്നതിനാൽ വളരെ ഈശ്വരസ്മരണയോടുകൂടിയാണു് മരിച്ചതു്.

ഈ സംഗതിയെപ്പററി തല്ക്കാലം ഞങ്ങൾ എന്തുപറയേണമെന്നറിയുന്നില്ല. പതിനഞ്ചു് കൊല്ലത്തോളം അദ്ദേഹത്തെക്കുറിച്ചു് നിഷ്കളങ്കമായ ബഹുമാനത്തോടും സ്നേഹത്തോടുംകൂടി കഴിഞ്ഞിട്ടു് ഞങ്ങൾക്കു് അദ്ദേഹം മരിച്ചുപോയി എന്നു് മനസ്സുകൊണ്ടു് ഇതുവരെ തികച്ചും സങ്കല്പിക്കാറായിട്ടില്ല. അതുകൊണ്ടു് അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കവിതയേയും കുറിച്ചു് ഇനി ഒരിക്കൽ വിസ്താരമായി പറഞ്ഞുകൊള്ളാം. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ മരണത്തെപ്പററി ഞങ്ങൾക്കു് എഴുതിയയച്ചതിൽ നിന്നു് രണ്ടു് സംഗതി മാത്രം ഇവിടെ ചേൎക്കുന്നു.

“നമ്പൂരിപ്പാട്ടിലെ ജാതകം ഉണ്ടാക്കി എഴുതിയപ്പോൾ കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ എന്ന പ്രസിദ്ധനായ ജ്യോതിഷിവൎയ്യൻ കവിതാദി പല ഗുണങ്ങളുണ്ടാകുമെന്നു പറഞ്ഞിട്ടു് ഒടുവിൽ സൎവ്വകാൎയ്യങ്ങളിലും മന്ദതയും എന്നു പറഞ്ഞിട്ടുള്ളതു് മിക്ക വിഷയത്തിലും ഒത്തു കണ്ടിട്ടുണ്ടെങ്കിലും പരലോകനിൎയ്യാണ കാൎയ്യത്തിൽ മാത്രം മലയാളികളുടെ ഭാഗ്യക്ഷയംകൊണ്ടു് കുറച്ചു തെററിപ്പോയി എന്നു് സങ്കടത്തോടുകൂടി പറയേണ്ടിയിരിക്കുന്നു……ഇദ്ദേഹം വസൂരിദീനത്തിലകപ്പെടുന്ന ദിവസം “രസികരഞ്ജിനീ” നാടകയോഗക്കാൎക്കുണ്ടാക്കിക്കൊടുത്ത താഴെയെഴുതിയ പദ്യമാകുന്നു സ്വയംകൃതമായ ചരമശ്ലോകമെന്നു് പറയേണ്ടതു.

അഭ്യോനല്ലോരരങ്ങത്തഭിനയത്തിന്നൊത്തകാലോചിത
ക്കഭ്യോരോന്നുതുടൎന്നുനല്ലനടനെന്നാപ്പേരുകേൾപ്പാനഹം
പീയൂഷാംശുകലാകലാപതനയേശൈലപ്രിയേനിൻകൃപാ
പീയൂഷത്തിന്നുകൈതൊഴുന്നുജഗദാലംബേകുരുംബേശ്വരി”

വസൂരിദീനം കണ്ടുതുടങ്ങിയ ദിവസം ചില കുട്ടികളുടെ നിൎബ്ബന്ധത്തിന്മേൽ ഉണ്ടാക്കിക്കൊടുത്തതായ ഒരു പാട്ടിന്റെ ചില അംശങ്ങളും താഴെ ചേൎക്കുന്നു.

കണ്ണനുണ്ണീകരഞ്ഞീടൊല്ലേ—കഷ്ടമീവണ്ണം
കണ്ണാനീരൊലിപ്പിച്ചീടൊല്ലേ
വെണ്ണപാലിപ്പോളപ്പംറൊട്ടിതിന്നുമിവശൎക്കരക്കിട്ടി
അണ്ണനുള്ളതിലിരട്ടിയെണ്ണിയേകാമെന്റെകുട്ടി
ഇനിയുംകുറച്ചുകൂടിയുണ്ടെന്നുകേട്ടു———ഞങ്ങൾക്കു് കിട്ടില്ല.

## ചരമശ്ലോകങ്ങൾ.

കൊണ്ടാടിശ്രോത്രപേയാലമവചനസുധാ
ദാനദക്ഷൻകവീന്ദ്ര
ക്കുണ്ടായാവെണ്മണിക്ഷ്മാസുരനജമഹിഷീ
സൽകദംബങ്കദംബൻ
അണ്ടോർനാട്ടിന്നുപോയാനലകിലിനിനൂണാം
പായസംപോൽക്കുഴമ്പീ
രണ്ടുംനാവാഗ്രഹിക്കുംകലിയുടെകളിയി
ക്കമ്മമേററംകഠോരം.

(കൊടുങ്ങല്ലൂര് കൊച്ചുണ്ണിതമ്പുരാൻ)

ശ്രീയെന്നുംവാരജില്പൂങ്കലിതുവിധമഹോ
വെണ്മണിശ്ലോകവിതാ
ക്കയ്യെന്നെല്ലാവരുംചൊൽവൊരുസുകവിവളർ
ക്ഷോപലക്ഷോണിദേവൻ
പയ്യെന്നിപ്പാരിൽവാസംപരമിവനിനിമേ
ലെന്തിനെന്നോർത്തുവാനിൽ
വയ്യിന്നുംതൻപുകൾക്കുംധവളതവെളിവിൽ
പാർക്കുവാൻപോയിപോലും.

(ടി-കുഞ്ഞിക്കുട്ടൻതമ്പുരാൻ)

---

(വെണ്മണികദംബൻ

നമ്പൂരിപ്പാട് തുടച്ച്)

---

കവിതാവിഷയത്തിൽ മലയാളികളുടെ ഇടയിലെല്ലാം വെണ്മണിനമ്പൂരിപ്പാട്ടിലെ പ്രസിദ്ധിതുടങ്ങീട്ടിപ്പോൾ അൻപതിൽ ചില്വാനം കൊല്ലമായി. ൧൦൧൭-ാമാണ്ടിന് മുമ്പിൽ അച്ഛൻനമ്പൂരിപ്പാട്ടിലെ കവിതയ്ക്ക് ധാരാളമായി പ്രചാരം തുടങ്ങി. അദ്ദേഹത്തിൻെറയശസ്സ് എല്ലാദിക്കിലും വ്യാപിച്ചതിൻെറ ശേഷം മകൻ അതിനെ വദ്ധിപ്പിപ്പാൻ തുടങ്ങി. ഇങ്ങിനെ കുറേക്കാലമായിട്ടു അവരുടെ പേരു കേൾക്കാത്തതായി അക്ഷരജ്ഞാനമുള്ള മലയാളി

കൾ ചുരുക്കമായി. കവിതയുടെ ഗുണദോഷം അറിഞ്ഞുകൂടാത്തവരും "വെണ്മണിനമ്പൂരിപ്പാടോ, അദ്ദേഹത്തിന് സമം ഭാഷാകവികളുണ്ടോ" എന്നുപറയുന്നതു വളരെ സാധാരണയാണ്. നവീനകവികളുടെകൂട്ടത്തിൽ മററാരുടേയും കീർത്തിക്കു ഇത്രപ്രചാരമുണ്ടായിട്ടില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്.

ഇതു് ആശ്ചര്യപ്പെടത്തക്ക ഒരുസംഗതിയാണ്. എന്തുകൊണ്ടെന്നാൽ, അവരുടെ യാതൊരുകൃതിയും ഇതുവരെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടില്ല. അച്ചടിയന്ത്രത്തിൻെറ മിടുക്കുകൊണ്ടാണ് ഇപ്പോഴത്തെ ഭാഷാകവികളിൽ പലരുടേയും പേരുകേട്ടുതുടങ്ങിയതു്. അതിൻെറ സഹായംകൂടാതെ നമ്പൂരിപ്പാട്ടിലെ കീർത്തിമലയാളത്തിലെല്ലാം ഒരുപോലെ വ്യാപിച്ചിരിക്കുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിൻെറ കവിതയ്ക്കു അസാധാരണങ്ങളായ ചില ഗുണങ്ങളുണ്ടെന്നു് തീർച്ചയാക്കാം. അവയിൽ ചിലതിനെ ഇവിടെപറയാം.

അച്ഛൻെറയും മകൻെറയും കവിതയിലെ മണിപ്രവാളശുദ്ധിയാണ് ജനങ്ങളെ ഒന്നാമതായി ഇത്രരസിപ്പിക്കുന്നതു്. മണിപ്രവാളത്തിന്നു വളരെ ശുദ്ധിവരുത്തി, അദ്യമായി ഭംഗിയിൽ പ്രയോഗിച്ചു കാണുന്നതു എഴുത്തച്ഛൻെറ ഭാരതത്തിലാണ്. കുഞ്ചൻ നമ്പിയാർ തുള്ളലുണ്ടാക്കിയിരിക്കുന്നതു് അതിനെ അനുസരിച്ചിട്ടാണ്. മററു പ്രാചീനകവികളാരും ഈ കാര്യത്തിൽ അശേഷം നിഷ്കർഷചെയ്തിട്ടില്ല. "അങ്ങോട്ടടൻപരിചിലിങ്ങോട്ടടൻ" എന്നും ശ്രീരാമചന്ദ്രൻ ഖരദൂഷണാദീൻ പോരാളിവീരൻസമരേനിഹത്യ" എന്നും മററും അപ്രസിദ്ധസംസ്കൃതപദങ്ങളേയും സംസ്കൃതപ്രത്യയങ്ങളേയും പച്ചമലയാളപദങ്ങളേയും ഇടകലർത്തി നെല്ലുംമോരുംകൂട്ടിയമാതിരിയാക്കി പ്രാചീനകവിതകളിൽ മിക്കതിലും പ്രയോഗിച്ചു് കാണാം. അവരുടെഭാഷ സംസ്കൃതവുമല്ല മലയാളവുമല്ല, എളുപ്പത്തിൽ കവിതയുണ്ടാക്കുന്നതിന്നായി നിർമ്മിച്ച ഒരുവികൃതഭാഷ എന്നേപറവാൻ പാടുള്ളൂ. അവരുടെ കവിതയ്ക്കു് എഴുത്തച്ഛൻെറയും നമ്പ്യാരുടേയും കൃതികൾക്കുള്ളതിൽ ഒരു ശതാംശമെങ്കിലും പ്രചാരമില്ലാതിരിക്കുന്നതിൻെറ പ്രധാനകാരണം ഇതാണ്. നവീനകവിതകളിൽ എഴുത്തച്ഛൻെറ രീതിയെ അദ്യമായി അനുസരിച്ചു് തുടങ്ങിയതു് പൂന്തോട്ടത്തുനമ്പൂരിയാണ്. വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ടു് അതിന്നു് വളരെ പരിഷ്കാരംവരുത്തി. മകൻ നമ്പൂരിപ്പാടായിട്ടു് അതിന്നു് ഗുണങ്ങളെല്ലാംപൂർത്തിയാക്കി. ആ ഗുണങ്ങളെന്തെല്ലാമാണെന്നു് വിവരിപ്പാൻ പ്രയാസമാണ്. അനുഭവംകൊണ്ടു് മനസ്സിലാക്കുവാനെ തരമുള്ളൂ. അപ്രസിദ്ധങ്ങളല്ലാത്ത സംസ്കൃത

പദങ്ങളും മലയാളപദങ്ങളും ഇടകലൎന്ന് പാലും വെള്ളവും കൂടിച്ചേൎന്നപോലെ യോജിച്ച് വരുമ്പോളാണ് മണിപ്രവാളത്തിന് ശുദ്ധിയുണ്ടാകുന്നതു് എന്നു മാത്രമേ ഇവിടെ പറയുന്നുള്ളു. ഈ കാൎയ്യത്തിലുള്ള നിഷ്കൎഷയാണ് മകൻനമ്പൂരിപ്പാട്ടിലെ കവിതയുടെ ഒരു പ്രധാനഗുണം.

കൎണ്ണസുഖത്തെ ഉണ്ടാക്കുന്നതിനുള്ള നിഷ്കൎഷ മറ്റൊരു കവിയും അദ്ദേഹത്തെപ്പോലെ ചെയ്തിട്ടില്ല, അതുകൊണ്ടു് അദ്ദേഹത്തിന്റെ കവിതയിലുള്ളതുപോലെ പദങ്ങൾക്ക് സ്നിഗ്ദ്ധത മറ്റൊരുടേതിലും കാണുവാൻ പ്രയാസം. അവിളംബോച്ചാരണത്തിന്ന് സുകരമാകുംവണ്ണം പദങ്ങളെ ഘടിപ്പിക്കുമ്പോളാണ് അതുകൾക്ക് സ്നിഗ്ദ്ധത ഉണ്ടാകുന്നതു്. ഭാഷയുടെ സ്വഭാവത്തെ അനുസരിച്ച് വേണ്ടിടത്തെല്ലാം അക്ഷരങ്ങൾക്ക് ദ്വിത്വംവരുത്തുകയുംഅൎദ്ധാക്ഷരസംയുക്തമായ അക്ഷരങ്ങൾക്ക് മുകളിൽ വരുന്ന അക്ഷരങ്ങളുടെ സ്വഭാവംപോലെ ഗുരുലഘുത്വം കല്പിക്കുകയുമാകുന്നു ഇതിനു വേണ്ടതു്. ചന്ദ്രകല, നക്രതുണ്ഡി, എന്നപദങ്ങളെ സാധാരണയായി മലയാളത്തിൽ ചന്ദ്രക്കല, നക്രത്തുണ്ഡി എന്നാണ് ഉച്ചരിക്കുന്നതു്. അതുകൊണ്ടു് സംസ്കൃതത്തിൽ ദ്വിത്വം വേണ്ടാത്തേടത്തുകൂടി ഭാഷയിൽ ദ്വിത്വം വേണമെന്ന് സ്പഷ്ടമാകുന്നു. ഭാഷയുടെ ഈ സ്വഭാവത്തെ അനുസരിക്കാതെ കവിതയുണ്ടാക്കുന്നതു് ശ്രവണസുഭഗമാവാൻ പാടില്ല. അതുപോലെതന്നെ ൽ, ൾ, എന്ന അൎദ്ധാക്ഷരങ്ങളോടു കൂടിയ ഹ്രസ്വാക്ഷരങ്ങൾ, മുകളിൽ ചില അക്ഷരങ്ങൾവരുമ്പോൾ ലഘുക്കളുമാവും. സംസ്കൃതത്തിൽ ഇങ്ങിനെ വരുന്നതെല്ലാം ഗുരുവായിരിക്കും. അതിനെ അനുസരിക്കുകകൊണ്ടാണ് ഭാഷാകവിതയിൽ ചിലപ്പോൾ ഈ തെറ്റുവരുന്നതു്; ഈവക സംഗതികളിൽ നമ്പൂരിപ്പാട്ടിലേക്കുണ്ടായിരുന്ന നിബന്ധനകൾക്ക് അവസാനമില്ല. അവയെ മുഴുവൻ ഇവിടെ പറവാൻ അസാദ്ധ്യമാണ് മുഴുവൻ ഓൎമ്മവയ്പാനും ധരിപ്പാൻകൂടിയും പ്രയാസം. അദ്ദേഹത്തോടുകൂടി എടപെട്ടാലെ മുഴുവൻ അറിവാനും അതുകൊണ്ടു് കവിതയ്ക്കുണ്ടാകുന്ന സുഖം അനുഭവിക്കാനും പൂൎണ്ണമായി സാധിക്കൂ. അതുകൊണ്ടു് അവയുടെ സ്വഭാവം കാണിപ്പാൻമാത്രം കുറെ ഉദാഹരണങ്ങളെ ഇവിടെ പറയാം "വദനതാരേശൻ" "നീലതോയദകചേ" എന്നുംമറ്റും സംസ്കൃതത്തിൽ സാധുവാണെന്നുവച്ച് "വദനതിങ്കൾ; 'നീലതഴക്കുഴലി എന്നും മറ്റും ഭാഷയിൽ പ്രയോഗിച്ചാൽ കൎണ്ണശൂലംതന്നെ. ഭാഷയിൽ "വദനത്തിങ്കൾ" 'നീലത്തഴക്കുഴലി' എന്നായിരിക്കണം "മന്മഥകഥാഗന്ധം ഗ്രഹി

ക്കാത്തവൾ താൻ'നാ" മന്നിൽ വാനവനോടീവണ്ണമരുളി" ഇവിടെ 'വൾ,' 'ന്നിൽ' എന്നതു് ഗുരുവാക്കിയതു് അഭംഗിയാണു്. അതു പോലെതന്നെ "പോക്കളത്തിൽ ജയമാന്നമേവിട്ടം" എന്നതിൽ "ത്തിൽ" എന്നതു് ലഘുവാക്കിയതും അഭംഗിയാണു്. നവീനസമ്പ്രദായപ്രകാരം ഇങ്ങിനെ പലസംഗതികളിൽ നിഷ്കർഷചെയ്യാനുണ്ടു്.

നമ്പൂരിപ്പാട്ടിലെ ശ്ലോകങ്ങൾ കേൾക്കുമ്പോൾ ഒരു പ്രത്യേകസുഖംതോന്നുന്നതിന്നു് മറെറാരുകാരണം അദ്ദേഹത്തിൻെറ പ്രാസപ്രയോഗമാണു്. സാധാരണകവികൾ ശ്ലോകത്തിലുംമററും രണ്ടാമത്തെ അക്ഷരത്തിൽ മാത്രമെ പ്രാസംവരുത്താറുള്ളു. കൎണ്ണസുഖത്തെ സംബന്ധിച്ചിടത്തോളം ഇതുകൊണ്ടു് വലിയ ശ്ലോകങ്ങളിൽ പറയത്തക്കതായ ഫലപ്രാപ്തിയൊന്നുമില്ല. നമ്പൂരിപ്പാട്ടു് അന്ത്യപ്രാസത്തെ ആണു് അധികം ദീക്ഷിച്ചിരിക്കുന്നതു്. "പത്മജാതാത്മജായേ" "അമ്പൊത്തുസമ്പത്തുമേ", "വിശിഖാംഭോധൌവിശാലേക്ഷണേ" എന്ന പാദാന്തത്തിലും "കോടക്കാൎവ്വണ്ണനോടക്കുഴലോട്ടു്" "ശൈലാത്മജാഭജനമോജനമോഹനാംഗി" എന്ന പാദമദ്ധ്യത്തിലും മററുമുള്ള പ്രാസത്തിന്നാണു് അദ്ദേഹം അധികം നിഷ്കർഷിക്കുന്നതു്.

"ചോപ്പും ചോരത്തിളപ്പും ചൊകചൊക വിലസിത്തത്തു മത്തപ്പൂതങ്കക്കോപ്പും കൊണ്ടൽക്കറുപ്പുള്ളണി കുഴലുമംഗിത്തിങ്കളും തിങ്ങൾതോറും" ഇങ്ങിനെ പദാരംഭത്തിലും ഉള്ള അക്ഷരങ്ങളുടെ ഐക്യംകൊണ്ടാണു് അദ്ദേഹം സവിശേഷമായികൎണ്ണസുഖം ജനിപ്പിക്കുന്നതു്. ഈ വിദ്യയില്ലാത്തതായിട്ടു് അദ്ദേഹം ഒരു ശ്ലോകമെങ്കിലും ഉണ്ടാക്കീട്ടുണ്ടോ എന്നു് സംശയമാണു്. നമ്പൂരിപ്പാട്ടിലെ കവിതയിലെല്ലാം ഹാസ്യരസമാണു് പ്രധാനം. കേൾക്കുമ്പോൾ ചിരിക്കത്തക്കതായിട്ടു് ഒരു പൊടിക്കയ്യില്ലാത്തശ്ലോകം അദ്ദേഹം ഉണ്ടാക്കീട്ടുണ്ടെന്നു് തോന്നുന്നില്ല. ഇതു കൊണ്ടു് ചിലപ്പോൾ മററു രസങ്ങൾക്കു് ന്യൂനതവരികയും ചെയ്യുന്നുണ്ടു്. എന്തായാലും ഫലിതംകൂടാതെ സംസാരിപ്പാനും കവിതയുണ്ടാക്കാനും അദ്ദേഹത്തിന്നു് പ്രയാസമാണു്. വിഷയം എന്തായാലും അദ്ദേഹം ചിരിക്കാൻ വഴിയുണ്ടാക്കും. അദ്ദേഹത്തിൻെറ കവിത വായിച്ചിട്ടുള്ളവൎക്കു് ഇതു് അനുഭവമായിരിക്കും. അതുകൊണ്ടു് ഇവിടെ ഉദാഹരണമൊന്നും ചേൎക്കുന്നില്ല. നമ്പൂരിപ്പാട്ടു് വളരെ നിഷ്കളങ്കനായ ഒരാളായിരുന്നു. എടപെടുംതോറും എല്ലാവൎക്കും അദ്ദേഹത്തെക്കുറിച്ചു് സ്നേഹവും വൎദ്ധിച്ചുവരുന്നതാണു്. അദ്ദേഹം പലരെക്കുറിച്ചും ശ

കാരമായി ശ്ലോകങ്ങൾ ഉണ്ടാക്കീട്ടുള്ളതിനാൽ ചിലക്ക് അദ്ദേഹത്തോട്ട് മുഷിച്ചിലുണ്ടായിരുന്നു എങ്കിലും അദ്ദേഹത്തെക്കണ്ട് കുറേനേരം സംസാരിച്ചാൽ ആ കവിതയുണ്ടാക്കിയതു് ദുഷ്ടവിചാരത്തിന്മേലല്ല, നേരംപോക്കിന്നു് മാത്രമായിട്ടാണു് എന്നു ബോദ്ധ്യംവന്നു അവരുടെ മുഷിച്ചിൽ തീൎന്നുപോകുന്നതാണു്.

മലയാളത്തിലെല്ലാം ഇത്ര പ്രസിദ്ധിയുള്ള ഈ മഹാകവിയുടെ യാതൊരുകൃതിയും ഇതുവരെ പ്രസിദ്ധപ്പെടുത്തീട്ടില്ല. അദ്ദേഹത്തിന്റെ കൃതികളിൽ ചിലതു ഞങ്ങളുടെ കൈവശത്തിൽ കിട്ടീട്ടുണ്ട്. വേറെ ചിലതുകൂടി ഇല്ലത്തു് കിടപ്പുണ്ടെന്നു് ഒരു വൎത്തമാനംകേട്ടു, അതുകളേയും കൂടി സമ്പാദിപ്പാൻ ഉത്സാഹിക്കുന്നുണ്ട്. ഈ കൃതികൾ ഒന്നെങ്കിലും മുഴുവനായിട്ടില്ല. അവയെ ഉണ്ടാക്കികിടക്കുന്നമട്ടിൽ കഴിയുന്നതും വേഗത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ വിചാരിക്കുന്നുണ്ട്. പല ചില്ലറക്കവിതകളും ഊഞ്ഞാൽപാട്ടും കുറിയാററപ്പാട്ടും മററും ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്ന ഈ കാലത്തു ഈ മഹാകവിയുടെ കൃതികൾ അച്ഛന്റെ കൃതികളെപ്പോലെ ആരും കാണാതെകിടന്നു് നശിച്ചുപോകുന്നതു വലിയ കഷ്ടമായിരിക്കുമല്ലോ. എന്നാൽ അദ്ദേഹമുണ്ടാക്കിയിരിക്കുന്ന ഗ്രന്ഥങ്ങൾ ഓലയിലും കടലാസിലും അവിടേയും ഇവിടേയും എഴുതിയിരിക്കുന്നതാകകൊണ്ട് എല്ലാം നേരെയാക്കി അച്ചടിക്കുന്നതിന്നു് കുറെ താമസം വേണ്ടിവരുമെന്നു തോന്നുന്നു. എങ്ങിനെ ആയാലും അതുകൾ മലയാളികൾ ഉപയോഗിക്കത്തക്ക സ്ഥിതിയിൽ പുറത്തുവരുന്നതാണു്. അവയുടെപേരും സ്വഭാവത്തെക്കുറിച്ച് ഒരു സംക്ഷേപവിവരണവും വരുന്ന വിദ്യാവിനോദിനിയിൽ കാണാവുന്നതാണു്.

നമ്പൂരിപ്പാട്ടിലെക്കുറിച്ച് അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ഓരോപ്രകൃതത്തിൽ പലശ്ലോകങ്ങൾ ഉണ്ടാക്കീട്ടുള്ളതിൽനിന്നു് രണ്ടു ശ്ലോകം താഴെച്ചേൎക്കുന്നു. അതിൽ നിന്നു് അദ്ദേഹത്തിന്റെ ആകൃതിയും പ്രകൃതിയും ഒരുവിധം മനസ്സിലാക്കാവുന്നതാണു്.

കോഴക്കാറണിനേർനിറംഫലിതമാമ്പ്പാരംപതുക്കെപ്പറ
ഞ്ഞീടുംവാക്ക് വലിപ്പമുള്ളനയനംചിന്തുന്നമാന്തംപരം
നാടെല്ലാംനിറയുന്നകീൎത്തികവിതാസാമൎത്ഥ്യമിസ്സൽഗ്ഗുണം
കൂടീടുംചെറുതായൊരീനരനിഴഞ്ഞെത്തുന്നാലാത്തുംവിധം

(കൊച്ചുണ്ണിത്തമ്പുരാൻ)

ഉന്മേഷത്തോടുതാൻമുറുക്കിയരികത്തല്പംമുറുക്കാനുമായ്
ചുമ്മാതെമണിപത്തടിപ്പതുവരെമൂടിപ്പുതച്ചങ്ങിനെ
ബ്രഹ്മസ്വംമഠമായതിന്റെപടിയിൽപ്പൂണ്ണാനുമോദംപര-
ബ്രഹ്മംകണ്ടമരുന്നവെണ്മണിമകൻനമ്പൂരിയെകണ്ടുഞാൻ.

(കുഞ്ഞിക്കുട്ടൻതമ്പുരാൻ)

വെണ്മണിനമ്പൂരിപ്പാട്ടിലേയ്ക്കു് കവിതയുണ്ടാക്കുകയും ഫലിതം പറകയുമല്ലാതെ മറെറാരുവേലയും ഉണ്ടായിരുന്നില്ല. ഒരു ജീവകാലം മുഴുവനും ഇങ്ങിനെ കഴിച്ചിട്ടും അദ്ദേഹം ഒരു ഗ്രന്ഥമെങ്കിലും മുഴുവനാക്കീട്ടില്ല. കവിത്വംകൊണ്ടുണ്ടാകുന്ന യശസ്സിന് അദ്ദേഹത്തിന് മോഹമില്ലാഞ്ഞിട്ടല്ല ഇങ്ങിനെ വന്നതു്. സാക്ഷാൽ കവികൾക്കു് വിഹിതമായിട്ടുള്ള ഈ മോഹം അദ്ദേഹത്തിന് ധാരാളമുണ്ടായിരുന്നു. തന്റെപേരു് നിലനിറുത്തത്തക്കതായി ഏതെങ്കിലും ഒന്നു് രണ്ടു് ഗ്രന്ഥങ്ങൾ മുഴുവനാക്കണമെന്നുള്ള വിചാരം അദ്ദേഹത്തിന് എല്ലായ്പ്പോഴും ഉണ്ടായിരുന്നു. എന്നാൽ നമ്പൂരിപ്പാട്ടിലെ സഹജശത്രുവായ അമാന്തം നിമിത്തം അദ്ദേഹത്തിന് അതു് സാധിച്ചില്ല. ഈ അമാന്തം എത്രത്തോളം ഉണ്ടായിരുന്നു എന്നു് അദ്ദേഹത്തെ നല്ലവണ്ണം അറിഞ്ഞവർക്കേ അറിഞ്ഞുകൂടു. ൧൫-ാംനു- തൃശ്ശിവപേരൂർ എത്തുവാൻ അടിയന്തിരമായി ഒരാവശ്യമുണ്ടെന്നു് ൫-ാംനു- അറിഞ്ഞാൽ അന്നു മുതല്ക്കു് യാത്രപുറപ്പെട്ടു് തുടങ്ങും. ൧൦-ാംനു-യോടുകൂടിയെങ്കിലും ഇല്ലത്തുനിന്നു് പുറപ്പെടാൻ സാധിച്ചാൽ അത്ഭുതമായി, വഴിക്കു് കൊടുങ്ങല്ലൂർ കയറും. ഒന്നു രണ്ടു് ദിവസം അവിടെ താമസിച്ചാലും ആവശ്യത്തിന് തൃശ്ശിവപേരൂരു് എത്താൻ പ്രയാസമില്ലല്ലോ എന്നു് സമാധാനിച്ചു് അവിടെ താമസം തുടങ്ങും. ഒന്നു് രണ്ടു് ദിവസംപോയി പതിരുപത്തു് ദിവസം ആകും. പിന്നത്തെ മാസം ൧൫-ാംനു- തൃശ്ശിവപേരൂർ എത്തിയാൽ ഭാഗ്യം. അത്ര അമാന്തക്കാരനായിരുന്നു അദ്ദേഹം. മററുദോഷങ്ങളെല്ലാം എത്രയോ കുറവായിരുന്നു. അദ്ദേഹത്തിന്റെ ഈ ദോഷം തനിക്കുണ്ടായിരുന്ന അനേകം ഗുണങ്ങൾക്കു് ഒരു പുഴുക്കുത്തായിരുന്നു.

കവിതയുടെ കാൎയ്യത്തിൽ ഈ അമാന്തത്തെ സഹായിപ്പാൻ ഒരു സംഗതികൂടി ഉണ്ടായിരുന്നു. ദ്രുതകവിതയിൽ നമ്പൂരിപ്പാട്ടിലേക്കു ഭ്രമമുണ്ടായിരുന്നില്ല. കവിതയുണ്ടാക്കുന്നതു് കഴിയുന്നിടത്തോളം നന്നായിരിക്കണം, എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു ശ്ലോകമുണ്ടാക്കുവാൻ ഒരുനാഴികയോ ഒരുദിവസ

മോ ഒരു മാസമോ ആയിരിക്കട്ടെ. കവിവിചാരിച്ചാൽ അതിലും നന്നാക്കുവാൻ പാടില്ല എന്നുള്ളവിധത്തിലായി തീരണം. ഇങ്ങിനെ പൊടിയിട്ടു വിളക്കിമിനുക്കുന്ന ഒരു കവി വളരെ അമാന്തക്കാരനുംകൂടിയായാൽ ഗ്രന്ഥങ്ങൾ മുഴുവനാവാത്തതു അത്ര അത്ഭുതമല്ലല്ലൊ. താഴെപ്പറയുന്ന കൃതികൾ അദ്ദേഹം ഉണ്ടാക്കീട്ടുള്ളതായി ഞങ്ങൾ അറിയുന്നു.

൧. ഭ്രുതിഭ്രഷ്ടചരിതം ഇതു് അറുനൂററിച്ചില്വാനം ശ്ലോകത്തിൽ ഒരു കൃത്രിമകഥയാണ്. ഇതിലെ കഥയ്ക്കു് വളരെ ചമല്ക്കാരമുണ്ടെന്നു് പറവാൻ പാടില്ല. എന്നാൽ വളരെ സ്വാരസ്യവും മാധുര്യവുമുള്ള ശ്ലോകങ്ങൾ അനവധിയുണ്ട്. കഥ മുഴുവനായിട്ടില്ലെങ്കിലും തീരാത്ത ബാക്കി കുറച്ചെ ഉള്ളു. കുറെ ഓലയിലും കുറെ കടലാസിലും അങ്ങുമിങ്ങുമായിട്ടാണ് അതു് എഴുതിഇട്ടിരിക്കുന്നതു്. ൟ തൂലാമാല നേരെ കോക്കുന്നതിന് കുറെ പ്രയാസമുണ്ട്. എല്ലാംകൂടി നോക്കി നേരേയാക്കി എഴുതിവന്നുണ്ട്.

൨. പൂരസഹസ്രം ഇതു് തൃശ്ശിവപേരൂർ പൂരത്തെക്കുറിച്ചു് "അയിരം ശ്ലോകമാണ്, അയിരം നമ്പൂരിപ്പാട്ടിലേതാണ്", എന്നുവച്ചാൽ അയിരം വേണമെന്ന് വിചാരിച്ചു. എഴുനൂററിചില്വാനമേ അയിട്ടൊള്ളു. ഇതിൽ നിന്നു് ൧൨൦-ശ്ലോകം 'മനോരമ' അച്ചുക്കൂടത്തിൽ നിന്നു് അച്ചടിച്ചിട്ടുണ്ട്.

നമ്പൂരിപ്പാട്ടിലെ കൃതികളിൽ ഇതിലെ ൟ ഭാഗം മാത്രമെ ഇതുവരെ വെളിച്ചത്തായിട്ടുള്ളു. ഇതിലും വിശേഷമായ ശ്ലോകങ്ങൾ ധാരാളം ഉണ്ട്. പൂരദിവസം താൻ തൃശ്ശിവപേരൂര് കണ്ട കാഴ്ചകളുടേയും പലരോടും സംസാരിച്ചതിന്റേയും വിവരമാണ് ൟ ഗ്രന്ഥം. ഇതിലെ എല്ലാഭാഗവും അച്ചടിപ്പിക്കുവാൻ പാടുണ്ടോ എന്നു് സംശയമാണ്.

൩. നാടകങ്ങൾ ഇവയെക്കുറിച്ചു് അധികമൊന്നും പറവാനില്ല. ൩. നാടകം ഉണ്ടാക്കിത്തുടങ്ങീട്ടുണ്ട്. "അതിമോഹം" എന്നു പേരായ് ഒന്നിലെ രണ്ടങ്കത്തോളം കഴിഞ്ഞിട്ടുണ്ട്. ശേഷം രണ്ടും അത്രതന്നെയും ആയിട്ടില്ല. കഴിഞ്ഞേടത്തോളം ഉള്ളതിലെല്ലാം ഫലിതം ധാരാളമായിട്ടുണ്ട്. ശ്ലോകങ്ങളും വളരെ മിനുസമാണ്.

൪. പാഞ്ചാലീസ്വയംബരം ഇതു് ഒരു ഓട്ടൻതു

ള്ളലാണ്. കഥാവിസ്താരം വളരെ കലശൽതന്നെ. കവിതയ്ക്ക് കുഞ്ചൻനമ്പിയാരുടേയും നമ്പൂരിപ്പാട്ടിലേയും രസികത്വങ്ങളെല്ലാമുണ്ട്. ഇതിൻെറ രചനാഭംഗിയും ലാളിത്യവും പ്രാസവും ഫലിതവും ഇന്നപ്രകാരമെന്ന് പറവാൻ പ്രയാസം. അനുഭവിച്ചവൎക്ക് മാത്രം അറിയാം.

൭. കുചേലോപാഖ്യാനം ഇതു് ഒരു ശീതങ്കനാണ്. ഇതിലും മേല്പറഞ്ഞതിലുള്ളപോലെയുള്ള ഗുണങ്ങളെല്ലാമുണ്ട്. കഥാവിസ്താരം കുറെ അധികമായില്ലേയോ എന്നുമാത്രം ഞങ്ങൾ സംശയിക്കുന്നു.

൮. ജൂബിലിതുള്ളൽ കൊച്ചിശീമയിൽ ജൂബിലിമഹോത്സവം ഘോഷിച്ചതിനെപ്പററിയുള്ള ഒരു ഓട്ടൻതുള്ളലാകുന്നു. അകപ്പാടെ ഇതും വളരെ നന്നായിട്ടുണ്ട്. എങ്കിലും മുൻപറഞ്ഞ തുള്ളലുകളുടെ കൂട്ടത്തിൽ കൂട്ടുവാൻ തക്ക യോഗ്യതയില്ലെന്നാണു ഞങ്ങൾക്ക് തോന്നുന്നതു്.

൯. അജ്ഞാതവാസം ഇതു് ഒരു ആട്ടക്കഥയാണ്. ഇങ്ങിനെ താൻ ഒരു ഗ്രന്ഥം ഉണ്ടാക്കീട്ടുണ്ടെന്ന് നമ്പൂരിപ്പാട്ട് പറഞ്ഞ് കേട്ടിട്ടുള്ളതല്ലാതെ ഞങ്ങൾ അതു് കണ്ടിട്ടില്ല. അതിൽ നിന്നു് മൂന്നു് നാലു് ശ്ലോകങ്ങൾ കേട്ടിട്ടുണ്ടെന്നു് മാത്രമേയുള്ളു.

൰. ഭാണം ൧ം ഭാണത്തിൻെറ പേരു ഞങ്ങൾ തല്ക്കാലം ഓൎക്കുന്നില്ല. ഭാണത്തിൻെറ ലക്ഷണങ്ങളും മററും അദ്ദേഹം പൂൎണ്ണമായി ധരിച്ചിട്ടില്ലാത്തതിനാൽ ഇതിൽ പല ന്യൂനതകളുമുണ്ട്. എങ്കിലും ഒരു വിടനെ നായകനായി നമ്പൂരിപ്പാട്ടിലെ കയ്യിൽകിട്ടിയാൽ പിന്നെ അമാന്തംവരുവാൻ പാടുണ്ടോ. ലക്ഷണങ്ങൾക്ക് എന്തു് ന്യൂനതവന്നാലും അകപ്പാടെ ആസ്വാദ്യതയ്ക്ക് കുറവുവരാൻ സംഗതിയില്ല.

൰൧. പലവക ഇതുകൂടാതെ ചില്ലറ കവിതകൾ പലതും ഉണ്ട്. അമ്പതും അറുപതും നൂറും ശ്ലോകങ്ങളായിട്ട് പല ചെറിയപ്രബന്ധങ്ങളും കൈകൊട്ടിപ്പാട്ടുകളും ഒററപ്പാട്ടുകളും ഒരു പറയൻതുള്ളലിലെ ഗണപതിയും മററുപലതും ഉണ്ടാക്കീട്ടുണ്ട്. അതെല്ലാം എവിടെയുണ്ടെന്നു് അറിയുന്നില്ല. ഓരോ സന്ദൎഭത്തിൽ കവിതന്നെ പറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ അവയെക്കുറിച്ച് ഞങ്ങൾക്ക് വേറെ അറിവൊന്നുമില്ല.

൧൰. ഒററശ്ലോകങ്ങൾ നമ്പൂരിപ്പാട്ടിലെ യോഗ്യത മുഴുവൻ കാണിച്ചിരിക്കുന്നതു് ഒററശ്ലോകങ്ങളിലാണ്. അദ്ദേഹത്തി

ൻെറ അസാമാന്യമായ പ്രസിദ്ധിക്ക് കാരണവും ഇതുകളാണ്. അ ദ്ദേഹത്തിനു കഥാരചനയ്ക്കു സാമൎത്ഥ്യം കുറവായിരുന്നു. കഥയുടെ അവയവങ്ങൾക്ക് വേണ്ടപോലെയുള്ള താരതമ്യം കല്പിക്കുന്നതിൽ അദ്ദേഹം മനസ്സിരുത്തിയിരുന്നില്ല. അതിനാൽ ചിലപ്പോൾ വി രലുകൾ കയ്യിനേക്കാൾ വലുതായിട്ടും കണ്ടേക്കാം. എങ്കിലും ഏ തുകഥയിലേയും ശ്ലോകങ്ങൾ ഒന്നൊന്നായി നോക്കുമ്പോൾ മററു ന്യൂനതകൾ എല്ലാം മറന്നുപോകും. ഒററശ്ലോകങ്ങളിൽ മററാലോ ചനകൾക്ക് അവകാശമില്ലാത്തതിനാൽ ഭംഗിമാത്രമേയുള്ളു. ഈ വക ശ്ലോകങ്ങൾ അദ്ദേഹം ഓരോ പ്രകൃതത്തിൽ അനവധിയുണ്ടാ ക്കീട്ടുണ്ട്. അവയിൽ പലതിനും ശ്രോത്രപരമ്പരയായി വളരെ പ്ര ചാരവുമുണ്ടായിട്ടുണ്ട്.

# വെണ്മണിനമ്പൂരിപ്പാട്.

(വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അഭിപ്രായം)

വെണ്മണിനമ്പൂരിയുടെ "ഭൂതിഭൂഷചരിതം" ഒട്ടു മുക്കാലും വായിച്ചു. ഇതു ഫലിതമുള്ള ഒരു ഭാഷാകവിത കണ്ടിട്ടില്ലാ. കു ഞ്ചൻനമ്പ്യാരുടെ തുള്ളക്കഥകൾ ചിലതു തുള്ളക്കാരുംമററും ചൊ ല്ലിക്കേട്ടിട്ടുള്ളതിനും ഇതിനുമായി മാധുൎയ്യത്തിൻെറ താരതമ്യവിവേ ചനം അത്ര എളുപ്പമല്ലാ. അതിലളിതങ്ങളായ പദ്യങ്ങളിലാണ് നമ്പൂരിപ്പാട്ടു ഒരു അനിതരസാധാരണമായ മാധുൎയ്യം വരുത്തിയി രിക്കുന്നതെന്നുള്ളതു് ഒരു വിശേഷംതന്നെ—ഇദ്ദേഹത്തിൻെറ മ നോധൎമ്മത്തിൻെറ അപ്രതിഹതമായ പ്രവാഹത്തിന്നു് ഒരു പ്രകാര ത്തിലും ഒരിടത്തും തട്ടുവരുന്നില്ലാ. മററൊരു കവി ശങ്കിക്കുന്ന ദി ക്കിൽ ഇദ്ദേഹം എന്തെങ്കിലും "തട്ടിമൂളിക്കും" സരസ്വതീപ്രസാദ വിശേഷത്താൽ അതു ബഹു രസമായിരിക്കുകയും ചെയ്യും. ഗ്രാ മ്യമോ അഗ്രാമ്യമോ എന്നും മററും ഉള്ള വിചാരം കൂടാതെ "തോ ന്നിയതു പറയുന്ന" മാതിരിയാണു് ഇദ്ദേഹത്തിൻെറ പോക്ക്. പ്രാ യേണ മനസ്സിനെ ഇളക്കാൻ കഴിഞ്ഞിട്ടുള്ള കവികളൊക്കയും അ ങ്ങിനെതന്നെയായിരുന്നു. ഭാഷാകവിതയിൽ ഈ ഒരു രീതിക്കു

വളരെ സാരള്യമുണ്ടു. എന്നാൽ ചില ഭാഷ കുറെ കന്നമാക്കീട്ടുണ്ടു്. "ഭ്രതിഭ്രഷ്ടചരിതം" ൧൯൮-ാം ശ്ലോകത്തിൽ "കേതികേടോ?" എന്നു പ്രയോഗിച്ചിരിക്കുന്നതു "ഗതികേടോ? എന്നുതന്നെ ആയിരിക്കാമെന്നു തോന്നുന്നു. അനേകഭാഷാഭേദങ്ങൾ ഈ കൃതിയിൽനിന്നു ഇപ്പോൾ എനിക്കു് മനസ്സിലാകാൻ ഇടയാകുന്നു. വാക്കിലുള്ള ഭംഗിയിൽ ഒട്ടും കുറവല്ലാ. അൎത്ഥത്തിലെ ചമല്ക്കാരം "കഥപറകിലുറങ്ങും നീയഹോ പിന്നെ മൂളുന്നതിന്നിവിടെ"-ഇതിൻെറ ശേഷത്തെ മറെറാരു കവിയും നമ്പൂരിപ്പാട്ടുണ്ടാക്കീട്ടുള്ളതു പോലെ ഫലിതമായും ചമല്ക്കാരമായും പൂരിപ്പിക്കാൻ ശക്തനാകയില്ല. അതിനടുത്ത ശ്ലോകത്തിൽ സ്ത്രീയുടെ വാക്കിൽ "ഏഷ ഞാൻ" എന്നുള്ളതു ഭാഷയെ മാത്രം നോക്കിയിരിക്കുന്ന അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ദോഷമല്ലാ-"സീതഞാൻ" എന്നപോലയെ അദ്ദേഹം വിചാരിച്ചിട്ടുള്ളൂ. "മന്നൻെറമുന്നിലൊരുമന്നനമന്നയാനേ" ഇങ്ങിനെയുള്ള പ്രയോഗങ്ങളെ വിലമതിക്കാൻ പാടില്ലാ. ഇതുപോലെ സൌന്ദൎയ്യമകരന്ദം ഒഴുകുന്ന ഭാഗങ്ങൾ പല ഘട്ടങ്ങളിലുമുണ്ടു്. അതെല്ലാം എടുത്തു് കാണിച്ചും അഭിപ്രായഭേദത്താലോ രുചിഭേദത്താലോ ഭംഗിയില്ലെന്നു തോന്നുന്ന ചില രീതികളെ നിർദ്ദേശിച്ചും ഒരു വിവരണമെഴുതാൻ രസമുണ്ടു്. പക്ഷെ അതിനു വേണ്ടുന്ന സമയം കിട്ടുന്നില്ലാ. എട്ടോ പത്തോ കൃതികൾ അഭിപ്രായത്തിന്നായി ഓരോരുത്തരു അയച്ചിട്ടുള്ളതു ഓരോന്നായി നോക്കിവരുന്നു. അത്രയും തീൎന്നിട്ടു എൻെറ ഇഷ്ടാനുസാരേണ എന്തെങ്കിലും ഒന്നെഴുതാമെന്നു വിചാരിക്കുന്നതു "തെരനീങ്ങി കടലാടാം" എന്നു കരുതിയിരിക്കുന്നതുപോലെ തന്നെ ആയിതീൎന്നിരിക്കുന്നു. ഇന്നു് ഭ്രതിഭ്രഷ്ടചരിതം വായിച്ചപ്പോൾ ഉണ്ടായ രസത്തെ ഇങ്ങിനെ ചുരുക്കത്തിലെങ്കിലും നിങ്ങളെ അറിയിക്കേണ്ടതു യുക്തമാണെന്നു തോന്നി അല്പമായ ശരീരസുഖക്കേടിൻെറ മദ്ധ്യത്തിലും ഇത്രയും എഴുതിയതാണു്.

# ൯. സാഹിത്യവിവേചനം.

ഏതുഭാഷയുടേയും അഭിവൃദ്ധിക്കും ശുദ്ധിക്കും മുഖ്യമായി ആവശ്യമായിട്ടുള്ളതു് ആ ഭാഷയിലെ സാഹിത്യഗ്രന്ഥങ്ങളുടെ ഗു

ണാഗുണങ്ങളെ ചിന്തിക്കുന്നതിന്ന് സഹായിക്കുന്നതായ സൂത്രങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളാകുന്നു. ഈവക ഗ്രന്ഥങ്ങൾ ഇല്ലാഞ്ഞാൽ പുതുതായി ഉണ്ടായിവരുന്ന ഗ്രന്ഥങ്ങളെപ്പററി ഗുണമാകട്ടെ ദോഷമാകട്ടെ ഒരഭിപ്രായം ഖണ്ഡിച്ചു പറവാൻ സാധാരണജനങ്ങൾക്കു സാധിക്കുന്നതല്ലാ. ഒരു സമയം സഹൃദയന്മാരായ വിദ്വാന്മാർക്ക് അതു സാധിക്കുന്നതാണെങ്കിൽ തന്നെ പ്രമാണപുരസ്സരം പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ കഴിയുന്നതല്ലല്ലോ. അതിനാൽ സഹൃദയഹൃദയാഹ്ലാദകരമായിരിക്കുന്ന ചമല്ക്കാരങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഉത്തമകാവ്യങ്ങൾക്കും 'ചവൈതുഹിചവൈതുഹി' എന്നും മററും കുറെ വലിച്ചെഴുതിക്കൂട്ടിയ പൊട്ടക്കാവ്യങ്ങൾക്കും ഒരുപോലെ പ്രചാരം വന്നേക്കാമെന്നുമാത്രമല്ലാ ചിലപ്പോൾ കള്ളപ്പണം വെള്ളിപ്പണത്തേക്കാൾ വിലപോയി എന്നും വന്നേക്കാം. ഈ വിധം ഉത്തമകവനകൎത്താക്കന്മാരെ പ്രോത്സാഹിപ്പിക്കുന്നതായ സഹൃദയവിവേചനം ശൂന്യമായി വരുമ്പോൾ സൽക്കവനം ക്ഷയിക്കയും ദുഷ്കവനം വൎദ്ധിക്കയും എന്നുവേണ്ടാ ഭാഷാഭിവൃദ്ധിയും ശുദ്ധിയും നശിച്ചുപോകയും ചെയ്യുന്നതാകുന്നു. അതുകൊണ്ടു ഭാഷാപോഷണതല്പരന്മാരായവർ ഒന്നാമതു ദൃഷ്ടിവയ്ക്കേണ്ടതു സാഹിത്യവിവേചനവിഷയത്തിലാകുന്നു.

നമ്മുടെ ഭാഷയിലാകട്ടെ ഈ വിഷയത്തിൽ ഒരുഒററഗ്രന്ഥം പോലും ഇപ്പോൾ ഇല്ലെന്നു വളരെ വ്യസനത്തോടെ പറയേണ്ടിയിരിക്കുന്നു. കാവ്യലക്ഷണങ്ങളും ദോഷങ്ങളും സവിസ്തരം വൎണ്ണിക്കുന്ന സാഹിത്യദൎപ്പണം, മുതലായ ഗ്രന്ഥങ്ങൾ അനവധി സംസ്കൃതത്തിലും മാത്ത്യൂ അർണാൾഡ് മുതലായ പണ്ഡിതശ്രേഷ്ഠന്മാർ ഉണ്ടാക്കീട്ടുള്ളതായ ഗ്രന്ഥങ്ങൾ വളരെ ഇംഗ്ലീഷിലും ഉണ്ടാകകൊണ്ടു ആ ഭാഷകളിൽ സാമാന്യം അറിവുള്ള ഒരുത്തന്നു അവയിലുള്ള ഗ്രന്ഥങ്ങളെ വായിച്ചുരസിക്കുന്നതിനുള്ള ശക്തിയുണ്ടു്. മലയാളഭാഷയിൽ ഈ വക യാതൊരുഗ്രന്ഥവും ഇല്ലായ്കയാൽ ഇന്നഗ്രന്ഥത്തിന്നു ഇന്നഗുണങ്ങളൊ ദോഷങ്ങളോ ഉണ്ടെന്നോ ഉത്തമകാവ്യങ്ങൾക്കു വേണ്ട ലക്ഷണങ്ങൾ ഇന്നിന്നവയാണെന്നോ കാവ്യദോഷങ്ങൾ ഇന്നിന്നവയെന്നോ ക്ലിപ്തമായി അറിഞ്ഞിട്ടുള്ളവർ ചുരുക്കം. "കാവ്യം" എന്നവാക്കിന്റെ അൎത്ഥംപോലും ശരിയായിമനസ്സിലാക്കീട്ടുള്ളവർ നമ്മുടെ നാട്ടിൽ അധികം ഉണ്ടെന്നു തോന്നുന്നില്ലാ.

"കാവ്യം" എന്നുവച്ചാലെന്താണു് എന്നു ആരോടെങ്കിലും ചോദിച്ചുനോക്കിയാൽ മിക്ക ആളുകളും 'ശ്രീരാമോദന്തം' 'കൃഷ്ണവിലാസം' ഇതൊക്കെയാണു് എന്നാണു് പറയുക. മററുചിലർ 'കാ

വ്യം' എന്നു വച്ചാൽ ഗീർവാണഭാഷയിൽ പുരാണകഥകളെ ശ്ലോക രൂപേണ വർണ്ണിക്കുന്ന ഗ്രന്ഥങ്ങളാകുന്നു എന്നു പറഞ്ഞേക്കാം. എന്നാൽ ശരിയായ അഭിപ്രായക്കാർ പത്തിലൊന്നുപോലും ഇല്ലെന്നു നിശ്ചയം തന്നെ. നമ്മുടെ കൂട്ടരിൽ മിക്കവരും 'അദ്ധ്യാത്മരാമായണം കിളിപ്പാട്ട്' ഒരു കാവ്യമാണെന്നു പറയുമോ? നിശ്ചയമായുംഇല്ലാ. 'ഇന്ദുലേഖ' ഒരു കാവ്യമാണെന്നു പറയുമോ? നിശ്ചയമായും ഇല്ല. 'വാക്യം രസാത്മകം കാവ്യം' എന്നു ധരിച്ചിട്ടുള്ളവർ വളരെ വളരെ ചുരുക്കം. പദ്യമാകട്ടെ ഗദ്യമാകട്ടെ സംസ്കൃതഭാഷയിലാകട്ടെ, വേറെ ഒന്നിലാകട്ടെ, കഥ പ്രാചീനമാകട്ടെ, നവീനമാകട്ടെ, എഴുതിയതു കടലാസിലാകട്ടെ, ഓലയിലാകട്ടെ, ശൃംഗാരാദി രസങ്ങൾ അടങ്ങിയ ഏതു് സാഹിത്യപ്രബന്ധവും കാവ്യമാകുന്നു. നാടകമാകട്ടെ, ആഖ്യായികയാകട്ടെ, കിളിപ്പാട്ടാകട്ടെ, മണിപ്രവാളമാകട്ടെ, പാനയാകട്ടെ, തുള്ളലാകട്ടെ എന്നുവേണ്ടാ എല്ലാ വകപ്രബന്ധങ്ങളും (ശൃംഗാരം മുതലായ രസങ്ങൾ അടങ്ങിയവയായിരുന്നാൽ) കാവ്യങ്ങളാകുന്നു. കേവലം രസശൂന്യങ്ങളായ കൊഴുപ്പിറക്കം പണയാധാരം, ഹൈക്കോടതിവിധി എഴുത്തുകിട്ടി വസ്തുത വായിച്ചുമനസ്സിലാക്കി, എന്നു തുടങ്ങിയ സന്ദേശപത്രങ്ങൾ ഇവയെല്ലാം പ്രബന്ധങ്ങളാണെങ്കിലും കാവ്യങ്ങളാകുന്നതല്ലാ. എന്നു പറയേണ്ടതില്ലല്ലോ.

മേൽ കാണിച്ചപ്രകാരം നമ്മുടെ ഇടയിൽ സാഹിത്യവിവേചനവിഷയമായ അറിവും അറിവുസമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഇല്ലായ്കകൊണ്ടു് മലയാളഭാഷ വലിയവലിയ കഷ്ടദശയിലായിരിക്കുന്നു. ഉത്തമവാക്യങ്ങളെ വായിച്ചു് രസിപ്പാനുള്ള ശക്തി മുഴുവനും മനുഷ്യനു് പ്രകൃതിസിദ്ധമായിട്ടുള്ളതല്ലാ. പഞ്ചസാരയുടെ മാധുര്യവും, പനിനീർ പുഷ്പത്തിൻെറ സൌരഭ്യവും, അനുഭവിച്ചു രസിപ്പാൻ അക്ഷരജ്ഞാനംപോലും ഇല്ലാത്തവനും കഴിയുന്നതാണെങ്കിലും 'ഇന്ദുലേഖ' വായിച്ചു് അതിലുള്ള രസങ്ങളെ പൂർണ്ണമായി അനുഭവിക്കേണ്ടതിനു് ചുരുങ്ങിയപഠിപ്പുകാരെക്കൊണ്ടു് മതിയാകുന്നതല്ലെന്നു് വിദ്വാന്മാർക്കു് അറിയാം. അതുകൊണ്ടു് സാഹിത്യവിവേചനഗ്രന്ഥങ്ങൾ മലയാളത്തിൽ ഇല്ലാതെയിരിക്കെ വിവേചനശക്തി മലയാളികൾക്കു കുറെ കുറവായിക്കാണുന്നതുകൊണ്ടു് ആശ്ചര്യപ്പെടുവാനില്ലാ. അച്ചടിച്ചുവരുന്ന പുസ്തകങ്ങൾക്കെല്ലാം (നല്ലതാകട്ടെ ചീത്തയാകട്ടെ) ഒരുപോലെ പ്രചാരം ഉണ്ടായിക്കാണുന്നു. എന്നുതന്നെയല്ല കഷ്ടിച്ചു പുസ്തകത്തിൻെറപേർ വായിപ്പാൻ കഴിയുന്ന ചിലവിദ്വാന്മാർ ചാടിപ്പുറപ്പെട്ടു് പുസ്തകം വളരെ സരളവും, ലളിതവും, മട്ടുളവും, ചെണ്ടയുംആകുന്നു. എന്നുംമററും പറ

വാൻമടിക്കുന്നതുമില്ലാ. ‘ഇന്ദുലേഖ’ യും സ്ത്രീയാണു്, ‘മീനാക്ഷി’ യും സ്ത്രീയാണ്, പിന്നെ എന്താണുതമ്മിൽ വ്യത്യാസം എന്നാണു അളുകൾ പറയുക; മലയാളികളായ വായനക്കാൎക്ക് ഗ്രന്ഥങ്ങളുടെ ഗുണദോഷം ചിന്തിപ്പാനുള്ള ശക്തി ജലദോഷം പിടിച്ചമൂക്കുപോലെയായിട്ടാണ് കാണുന്നതു്. ഇതുകൊണ്ടാണു് മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും കഠിനമായ തരക്കേടു വന്നിരിക്കുന്നതെന്നൊ വരുവാൻ പോകുന്നതെന്നൊ ഞാൻ ഭയപ്പെടുന്നതു്. വല്ലമുക്കിലോ മൂലയിലോ സഹൃദയന്മാരായവരാരെങ്കിലും ഉണ്ടെങ്കിൽ അവർ വല്ല പുസ്തകത്തെപ്പററിയും അഭിപ്രായപ്പെടുന്നതിൽ മുമ്പറഞ്ഞ വിഡ്ഢ്യാന്മാരോടു് യോജിച്ചില്ലെന്നുവരുകിൽ അതും അപകടം ആയി. സാഹിത്യവിവേചനഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള ഈ വക ദോഷങ്ങളെ ഒഴിക്കുന്നതു മലയാളഭാഷാപരിഷ്കാരതല്പരന്മാരുടെ ഒന്നാമത്തെ ചുമതലയാണെന്നും ഞാൻ ഇവിടെ പറഞ്ഞുകൊള്ളുന്നു.

ദുഷ്കവിതയുടെ പ്രചാരം കൊണ്ടുള്ള ദോഷങ്ങൾ എത്രത്തോളം ഘനപ്പെട്ടവയാണെന്നും, അവയെ ഒഴിക്കുന്നതിനുവേണ്ട ഏൎപ്പാടുചെയ്യുന്നതു് എത്ര അവശ്യമാണെന്നും പ്രാചീനന്മാർ അറിഞ്ഞിരുന്നു എന്നു പലെ സംഗതികളാലും ദൃഷ്ടാന്തപ്പെടുന്നു. മുന്നൂററിൽ ചില്വാനം കൊല്ലം മുമ്പു ഇംഗ്ലാണ്ടിൽ ആൎക്കെങ്കിലും വല്ല പുസ്തകവുമെഴുതി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതല്ലായിരുന്നു. ഗവൎമ്മേൻറു നിശ്ചയിച്ചിരുന്ന ഒരു പണ്ഡിതസംഘം പരിശോധിച്ചു അനുമതി കൊടുത്തതല്ലാതെ യാതൊരു പുസ്തകവും പ്രസിദ്ധപ്പെടുത്തിക്കൂടായിരുന്നു. ഗ്രീക്കരാജ്യത്തിൽ പണ്ടാരെങ്കിലും വല്ലപുസ്തകവുമുണ്ടാക്കിയാൽ നാട്ടുകാരെല്ലാപേരും ഒത്തു കൂടുന്നതായ മഹോത്സവസ്ഥലങ്ങളിൽ കൊണ്ടുപോയി യോഗ്യന്മാരായ വിദ്വാന്മാരുടെ സദസ്സിൽവെച്ചു വായിച്ചുകേൾപ്പിക്ക പതിവായിരുന്നു. അ വിദ്വാന്മാരുടെ അഭിപ്രായപ്രകാരമായിരുന്നു പുസ്തകത്തിൻെറ പ്രചാരവും. നമ്മുടെ ഇൻഡ്യാരാജ്യത്തുതന്നെ പണ്ടത്തെകാലത്തു ഭോജപ്രഭൃതികളുടെ സദസ്സിലുണ്ടായ അഭിപ്രായത്തെ അനുസരിച്ചേ ഏതു പുസ്തകത്തിനും പ്രചാരം ഉണ്ടായിരുന്നുള്ളു, എന്നു പലെ ലക്ഷ്യങ്ങളിൽ നിന്നും തെളിവാകുന്നുണ്ടു്. ഇക്കാലത്തു നമ്മുടെ ഇടയിലുള്ളതുപോലെ നല്ലഗ്രന്ഥങ്ങൾക്കും ചീത്തഗ്രന്ഥങ്ങൾക്കും ഒരുപോലെ പ്രചാരം ഉണ്ടാവുകയും സാഹിത്യവിവേചനം കേവലം ശൂന്യമാകയും ചെയ്യുന്നതു് ലോകത്തിൽ യാതൊരു ദിക്കിലും യാതൊരു കാലത്തും ഉണ്ടായിട്ടുള്ളതായി ചരിത്രത്തിൽ കാണ്മാൻ പ്രയാസം. സാഹിത്യരാജ്യത്തിലുള്ള ഠരം വിധമായ അരാജകതപ

ത്തെ കഴിയുന്നതും വേഗത്തിൽ ദൂരീകരിച്ചു ഈ വിധം ബാധകളും അഴിമതികളും മേലാൽ ഉണ്ടാകാതെയിരിപ്പാൻവേണ്ടി, ആവശ്യമുള്ളതായ നിയമങ്ങളെ നിൎമ്മിക്കുന്നതു അത്യാവശ്യമാകുന്നു.

വിഷമുള്ള ഭക്ഷണപദാൎത്ഥങ്ങളുടെ പ്രചാരത്താൽ പ്രജകൾക്കു ഏതുപ്രകാരം പ്രാണനാശം വരുന്നുവൊ അതുപോലെ തന്നെ ദുഷ്ടകവിതയുടെ പ്രചാരം സാഹിത്യചമൽക്കാരങ്ങളെ ആസ്വദിക്കുന്നതിന്നു് അവൎക്കുള്ള ശക്തിയെ കെടുക്കുന്നു.

സാഹിത്യവിവേചനാഭാവം മലയാളഭാഷയുടെ അഭിവൃദ്ധിക്കും ശുദ്ധിക്കും ഇതുവരെ എത്രത്തോളം ബാധകമായി ഭവിച്ചിട്ടുണ്ടെന്നും ഈ ദോഷത്തെ നിവാരണം ചെയ്യുന്നതിന്നു വിവേചനവിഷയമായ അറിവു പൊതുവിൽ ജനങ്ങൾക്കുണ്ടാക്കിത്തീൎപ്പാൻ ശ്രമിക്കുന്നതു് എത്ര ആവശ്യമാണെന്നും ഇതിന്നു മുമ്പു കാണിച്ചിട്ടുണ്ടല്ലൊ. അതുകൊണ്ടു മലയാളഭാഷാസാഹിത്യത്തിന്റെ പലപിരിവുകളെയും അവയുടെ ഉത്ഭവം, സ്വഭാവം, മുതലായവയേയും വിവരിക്കുന്നതു ഈ സന്ദൎഭത്തിൽ ആവശ്യമായിതീൎന്നിരിക്കുന്നു.

ലോകത്തിലുള്ള മിക്ക ഭാഷകളിലും ഉള്ളതുപോലെ മലയാളത്തിലും സാഹിത്യത്തിന്നു 'പദ്യം' 'ഗദ്യം' എന്നിങ്ങിനെ രണ്ടുപിരിവുകൾ ഉണ്ടു്. നമ്മുടെ ഭാഷയിൽ ഇതുവരെ ഉണ്ടാക്കിയതൊ ഇനി ഉണ്ടാക്കുന്നതൊ ആയ സകല കാവ്യങ്ങളും പദ്യമൊ ഗദ്യമൊ ആയിരിക്കുന്നതാണു്. പദ്യം, എന്ന വാക്കുകൊണ്ടു പദങ്ങളെകൊണ്ടു രചിച്ചിട്ടുള്ളതെന്നു മാത്രമെ സിദ്ധിക്കുന്നുള്ളു എന്നു വരികിലും അതിന്റെ സാങ്കേതികാൎത്ഥം ഇതിൽ നിന്നു കുറെ ഭേദപ്പെട്ടിട്ടാണു്. മാത്രകളെ ഏതാനും ക്രമങ്ങളെ അനുസരിച്ചു വിന്യസിക്കുന്നതിനാൽ താളം ഏതുവിധം ഉണ്ടാക്കുന്നുവൊ അതേപ്രകാരം ഗുരുലഘുക്കളായ അക്ഷരങ്ങളെ ചില ക്രമപ്രകാരം വിന്യസിച്ചു കൎണ്ണാനന്ദപ്രദമാകുംവണ്ണം ഉണ്ടാക്കുന്നതാകുന്നു 'പദ്യം' വിന്യാസഭേദംകൊണ്ടു പഞ്ചാരി, ത്രിപുട മുതലായ അനേകവിധതാളങ്ങൾ ഉണ്ടാകുന്നതുപോലെ തന്നെ, കാകളി, കളകാഞ്ചി, മുതലായ പലമാതിരി വൃത്തങ്ങൾ പദ്യത്തിലുണ്ടു്. ഗദ്യത്തിനാകട്ടെ, പദങ്ങൾ കൂട്ടിചേൎക്കുന്നതിൽ ഈ വക യാതൊരു ക്ലിപ്തവും ഇല്ലാ. അതിൽ അൎത്ഥം വിശദമായി പുറപ്പെടണമെന്നല്ലാതെ പദ്യത്തിലുള്ളപോലെ മാത്രാസങ്കലനം വേണമെന്നുള്ള നിൎബന്ധമില്ലാ. ഇതിൽ നിന്നു പദ്യരചന ഗദ്യരചനയെക്കാൾ പ്രയാസമേറുന്നതാണെന്നു അറിയാമല്ലൊ. അതുകൊണ്ടു മലയാളത്തിൽ പ്രഥമമായി ഉണ്ടായതു ഗദ്യമാണെന്നും അതിൽപിന്നെ ഏറിയൊരുകാലം കഴിഞ്ഞശേഷം മാത്രമെ പദ്യം ഉണ്ടായിരിപ്പാൻ പാടുള്ളു എന്നും ചിലർ അനുമാനി

ച്ചേക്കാം. എന്നാൽ യഥാർത്ഥം ഇങ്ങിനെയല്ലാ.

സാധാരണയായി ജനസമുദായത്തിൻേറയും, ഭാഷയുടേയും ആരംഭത്തിൽ പദ്യംതന്നെ പ്രധാനം എന്നു പല വിദ്വാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ൟ പദ്യം ഏതുപ്രകാരത്തിലുത്ഭവിച്ചു വളൎന്നുവന്നു എന്നുനോക്കുക. പുരാതനകാലങ്ങളിൽ മനുഷ്യവൎഗ്ഗം മുഴുവനും പരിഷ്കാരലേശംപോലും ഇല്ലാതെ വേട്ടയാടിയോ കാലിമേച്ചു നാട്ടുതെണ്ടിയോ നടക്കുന്ന പരിഷകളായിരുന്നു എന്നും ൟ പരിഷകൾ പരസ്പരവൈരത്തോട്ടുകൂടി ഇരുന്നുഎന്നും ചരിത്രഗ്രന്ഥങ്ങളിൽ നിന്നു അറിയാമല്ലൊ. ഇങ്ങിനെ ഒരു പരിഷയിൽ അല്പം സരസ്വതിപ്രസാദംഉള്ള വല്ലവനും തിന്നുപുളച്ചുംകൊണ്ടിരിക്കുന്നതിൻമദ്ധ്യെ തൻെറപരിഷക്കാർഎതിർപരിഷക്കാരുടെ കാലികളെ എത്ര സമൎത്ഥതയോടെ കവൎന്നു കൊണ്ടുവന്നുകളഞ്ഞു എന്നൊ, തൻെറ പരിഷയുടെ നേതാവു് അതിശക്തന്മാരായി എത്ര എതിരാളികളെ തൻെറ ഗദകൊണ്ടടിച്ചുകൊന്നു് എന്നൊ മററൊ പാടുകയും കൎണ്ണാനന്ദപ്രദവും ഗ്രഹണധാരണാദികൾക്കു് ഏററവും എളുപ്പവും ജാത്യാഭിമാനോദ്ദീപകവും ആയ ൟ പാട്ടു മററുള്ളവർകേട്ടു കൊണ്ടാടി പഠിച്ചു ചൊല്ലി നടക്കുകയും കാലാന്തരംകൊണ്ടു് ഇതിനും, പരിഷ്കൃതമായി വേറേവിധത്തിലുണ്ടാകുന്ന പാട്ടുകൾക്കും പരക്കെ പ്രചാരമുണ്ടായി വരികയും ചെയ്തിരിക്കണം. ലോകത്തിലുള്ള മിക്കജനസമുദായങ്ങളുടെ ഇടയിലും പദ്യം ഇങ്ങിനെ ജനിച്ചു വളൎന്നതാണെന്നു് ഓരോ ഗ്രന്ഥങ്ങളിൽ കാണുന്നതിനെ യുക്തിയും അനുഭവവും സ്ഥിരപ്പെടുത്തുന്നു. ഗ്രീക്കു;ലാററിൻ, സംസ്കൃതം, ഇംഗ്ലീഷ് മുതലായ മഹാഭാഷകളിലെല്ലാം ആദ്യം ഉണ്ടായതു് പദ്യമാണെന്നു് മാത്രമല്ലാ അവയിലുള്ള പ്രധാനകവനങ്ങളും പദ്യരീതിയിലുള്ളവയാകുന്നു. ഇതുപോലെതന്നെ മലയാളത്തിലും ആദ്യം ഉണ്ടായ കവനങ്ങൾ പദ്യരീതിയിലാകുന്നു. പരദേശത്തുനിന്നു കേരളത്തിൽവന്നു കുടിയേറിയനമ്മുടെ പൂൎവന്മാർ ദുൎദ്ദേവതാദിബാധകളെ നിവാരണംചെയ്വാൻവേണ്ടി ഭദ്രകാളി, ശാസ്താവു, മുതലായ ദൈവങ്ങളെ ഭജിക്കേണ്ടിവന്നതിൽ ഉപയോഗിപ്പാൻ വേണ്ടി പലവിധ കീൎത്തനങ്ങൾ, തോററങ്ങൾ, ഇവയും, തച്ചോളിഒതേനൻ മുതലായ പരാക്രമശാലികളുടെ ചരിതങ്ങളെ ഘോഷിക്കുന്ന പാട്ടുകളും, കൃഷിപ്പാട്ടുകൾ, കോലടിപ്പാട്ടുകൾ ൟ വക വിനോദകരങ്ങളായ ഗാനങ്ങളും ഉണ്ടാക്കീട്ടുണ്ടായിരിക്കണമെന്നു നിൎവിവാദമാണു്. ഇങ്ങിനെ കീൎത്തനം, പാന, തുള്ളപ്പാട്ടു, കിളിപ്പാട്ടു,മണിപ്രവാളം മുതലായപലവക ശാഖകളായി നാനാവിഷയങ്ങളേയും പററി പദ്യകാവ്യങ്ങൾ എണ്ണത്തിലും വണ്ണത്തിലും വൎദ്ധിച്ചു

വന്നു. ഗദ്യമാകട്ടെ മലയാളത്തിൽ നന്നാകുറച്ചുമാത്രമേയുള്ളൂ. എന്നുമാത്രമല്ല, ഉള്ളതു നൂററിൽതൊണ്ണൂററിഒൻപതും നൂതനകൃതികളും ആണ്. ആദ്യകാലം മുതല്ക്കുതന്നെ മലയാളികളുടെ ഇടയിൽ കത്തെടപാടുകൾ ഉണ്ടായിരുന്നതിനാൽ ഒരു വിധം ഗദ്യം നടപ്പുണ്ടായിരുന്നു എന്നു തീർച്ചയാണെങ്കിലും ചിറയ്ക്കൽ, തലശ്ശേരി, കോഴിക്കോട്ട്, കൊച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ ഗ്രന്ഥവരികൾ എഴുതുവാൻ തുടങ്ങിയതുവരെ ഗദ്യപ്രബന്ധങ്ങൾ യാതൊന്നും ഉണ്ടായതായി കാണുന്നില്ല. അതിൽപിന്നെ തച്ചുശാസ്ത്രം, വ്യവഹാരം, വൈദ്യം, കാണം, ജന്മമര്യാദ ഇങ്ങിനെ പലവക വിഷയങ്ങളെ പററിയും ഗദ്യഗ്രന്ഥങ്ങൾഉണ്ടായിത്തുടങ്ങി. എന്നാൽ ഇവയൊന്നും കാവ്യം എന്നു പറഞ്ഞുകൂടത്തക്കവയല്ലല്ലോ. ഗദ്യരീതിയിൽ ഉത്തമകവനം മലയാളത്തിലുണ്ടായതു ശക്തൻസാമൂതിരിപ്പാട്ടു തമ്പുരാന്റെ കാലത്തു മാത്രമാണ്. അക്കാലത്തുണ്ടായ മഴമങ്ങലം നമ്പൂരിയുടെ 'ഭാഷാനൈഷധം' 'പുനംനമ്പൂതിരിയുടെ പാഞ്ചാലിസ്വയംബരം' ഈ രണ്ടു ചമ്പുക്കളിലുള്ള ഗദ്യത്തിൽ സംസ്കൃതപദങ്ങൾ കുറെ അധികമാണെന്നുണ്ടെങ്കിലും ഇതു രണ്ടും ചമല്ക്കാരസാഗരങ്ങളാണെന്നു സഹൃദയന്മാരെല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. ശുദ്ധമെ ഗദ്യരീതിയിൽ കാവ്യങ്ങൾ 'കുന്ദലതാ' വരുന്നതിന്നു മുമ്പു ഉണ്ടായിട്ടില്ലെന്നുതന്നെ പറയണം. അതിന്നിപ്പുറമാകട്ടെ ഗദ്യകാവ്യങ്ങൾ നമ്മുടെ ഭാഷയിൽ അസാധാരണമായ പുഷ്ടിയെ പ്രാപിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം ഇംഗ്ലീഷ്ഗദ്യസാഹിത്യത്തിന്റെ പ്രധാന അംഗമായ 'നോവൽ' എന്ന കാവ്യരീതിയെ അനുകരിച്ചുള്ളതാകയാൽ മലയാളഭാഷ ഗദ്യത്തിനെ സംബന്ധിച്ചേടത്തോളം ഇംഗ്ലീഷ്സാഹിത്യത്തിന്നു മുഖ്യമായി കടപ്പെട്ടിരിക്കുന്നു എന്നു് പറയേണ്ടിയിരിക്കുന്നു.

മലയാളത്തിലുള്ള പദ്യങ്ങൾ കാകളി, അന്നനട, മുതലായ ചില വൃത്തങ്ങളിൽ എഴുതിയ കിളിപ്പാട്ട്, തുള്ളപ്പാട്ട് ഈ വകകളെ സംബന്ധിച്ചേടത്തോളം തമിഴുമട്ടിനെ അനുസരിച്ചും സ്രഗ്ദ്ധരാ,ഗീതി, ഈ വക വൃത്തങ്ങളിലുള്ള ശ്ലോകങ്ങളെസംബന്ധിച്ചേടത്തോളം സംസ്കൃതരീതിയെ അനുസരിച്ചും ആകുന്നു. ഭാഷയുടെ ഉത്ഭവത്തെപ്പററി ആലോചിക്കുമ്പോൾ വൃത്തങ്ങൾ തമിഴിൽനിന്നു കടം വാങ്ങുവാനാകുന്നു അധികം അവകാശമുള്ളതെന്നു് വരികിലും തുഞ്ചത്തെഴുത്തച്ഛനല്ലാതെ ആരുംതന്നെ തമിഴുസമ്പ്രദായങ്ങളിലുള്ള വൃത്തങ്ങളെ മലയാളത്തിൽ ഏൎപ്പെടുത്തിയതായി കാണുന്നില്ലാ. ഇതുകൊണ്ടാകുന്നു മലയാളത്തിൽ പദ്യരചന മിക്കതും സംസ്കൃതസമ്പ്രദായത്തെ അവലംബിച്ചിരിക്കുന്നതു. എന്നാൽ

സംസ്കൃതവും മലയാളവും തമ്മിൽ ഈ സംഗതിയിൽ ചില സാരമായ വ്യത്യാസങ്ങൾ ഉള്ളതു മറന്നുകളയത്തക്കതല്ലാ. ഒന്നാമതു് സംസ്കൃതത്തിൽ ശബ്ദാലങ്കാരം ഉത്തമകവനങ്ങൾക്കു് അപരിത്യാജ്യമായ ഒരു ലക്ഷണമാണെന്നു വച്ചിട്ടില്ലാ. എന്നാൽ മലയാളത്തിൽ പ്രാസം (ചുരുങ്ങിയപക്ഷം ദ്വിതീയാക്ഷരപ്രാസമെങ്കിലും) കൂടാത്തതു ശ്ലോകമാണോ എന്നുതന്നെ ചിലർ സംശയിച്ചേക്കും. ഈ വക നിഷ്കർഷകൾ ഒരേ അർത്ഥത്തെ കുറിക്കുന്ന അനവധി പര്യായശബ്ദങ്ങൾ അടങ്ങിയ സംസ്കൃതത്തിലുംകൂടി കവിയുടെ ഭാവനാശക്തിയുടെ അപ്രതിബന്ധമായ പാച്ചലിന്നും തന്മൂലം അർത്ഥകല്പനയ്ക്കും വളരെ ബാധകമായി വരുന്നു എന്നിരിക്കെ മലയാളത്തിലുള്ള പദദൌർല്ലഭ്യത്തിന്റെ അവസ്ഥയ്ക്കു ഇതുകൊണ്ടുള്ള തരക്കേടു എത്ര അധികമുണ്ടാകണമെന്നു് ഏവനും ആലോചിച്ചാലറിയാം. അറിയാത്തവരുണ്ടെങ്കിൽ അവ ഉണ്ണായിവാരരുടെ 'നളചരിതം' ആട്ടക്കഥ ഒന്നു വായിച്ചു് നോക്കട്ടെ. ഇങ്ങിനെയെല്ലാമിരിക്കെ ഈ നിഷ്കർഷ ഉണ്ടാവാൻ സംഗതി എന്തായിരിക്കണമെന്നു് ആലോചിച്ചുനോക്കുമ്പോൾ ഇതു് ഗീർവ്വാണഭാഷയിൽ അധികമായ താല്പര്യത്തോടും പച്ചമലയാളത്തിൽ കേവലം നിന്ദയോടുംകൂടിയ ചില പ്രാചീന വിദ്വാന്മാർ വെച്ച വഴ്പാണെന്നാണു് തോന്നുന്നതു്. മലയാളത്തിൽ കവിത്വപക്ഷം ശബ്ദഭംഗിയല്ലാതെ എന്താണുള്ളതു്? അർത്ഥഗാംഭീര്യം ഉണ്ടോ? ഉണ്ടാവാൻ പാടുണ്ടോ? എന്നു് അഭിപ്രായം മുറുക്കെപിടിച്ചും ഉദ്ദണ്ഡശാസ്ത്രികളുടെ

'ഭാഷാകവിനിവഹോയം
ദോഷാകരവദ്വിഭാതിഭുവനതലെ
പ്രായേണാവൃത്തഹീന
സൂര്യാലോകേനിരസ്തഗോപ്രസരഃ'

എന്ന ശ്ലോകത്തെ ഉരുവിട്ടുകൊണ്ടു ഇരിക്കുന്ന സംസ്കൃതപണ്ഡിതന്മാർ ഇന്നും നമ്മുടെ കൂട്ടത്തിൽ അനേകംപേർ ഉണ്ടു്. മലയാളപദ്യരചനയിൽ അഭിവൃദ്ധി വരണമെങ്കിൽ മേല്പറഞ്ഞ നിഷ്കർഷയെ ഒന്നാമതു് തള്ളിക്കളയണം. എന്നാൽ പ്രാസം ദീക്ഷിക്കാതെ തല്ക്കാലം മലയാളത്തിൽ ശ്ലോകം ഉണ്ടാക്കുവാൻ തുടങ്ങിയാൽ അതു പൊതുജനങ്ങൾക്കു അത്ര രുചിക്കയില്ല എന്നതു വസ്തുതതന്നെ. എങ്കിലും അർത്ഥത്തിന്നു ബാധകമാകുംവണ്ണമുള്ള പ്രാസാപേക്ഷ ഒരു ദൂഷ്യമാണെന്നും അതു കാലക്രമേണ വിട്ടുകളയേണ്ടതാണെന്നും കവികളുടെ മനസ്സിൽ ഒരു ഓർമ്മയുണ്ടായിരിക്കട്ടെ.

‘പച്ച’ മലയാളത്തിൽ ഉള്ള പരിഹാസം ഹേതുവായി പ്രാചീന വിദ്വാന്മാർ ഉണ്ടാക്കീട്ടുള്ള നിശ്ചയത്തെ ആസ്പദമാക്കി അൎത്ഥത്തെ കൊന്നു ശബ്ദത്തിന്ന് വളമിടുന്ന സമ്പ്രദായം ഒരു ദൂഷ്യമാണെന്ന് ആധുനികഭാഷാകവികൾക്ക് ഒരു ബോദ്ധ്യംവന്നാൽതന്നെ വലിയ കാൎയ്യമായി.

രണ്ടാമത്തുള്ള വലിയൊരു വ്യത്യാസം സംസ്കൃതപദ്യത്തിൽ പദങ്ങൾ യാതൊരു ക്രമവും കൂടാതെ എവിടെ എങ്കിലും ചേൎക്കുന്നതിന്നു വിരോധമില്ലാ. മലയാളത്തിലൊ അങ്ങിനെ ചെയ്യുന്നതു് അഭംഗിയായിത്തീരുമെന്നു തന്നെയല്ലാ, അതുകൊണ്ടു് ക്ലിഷ്ടത, സന്നിദ്ധത മുതലായ കാവ്യദോഷങ്ങൾക്കിടയാകുന്നതുമാണു്. സംസ്കൃതത്തിൽ ‘ഒന്നായ് ചേൎക്കുമാംപദങ്ങളിടവിട്ടെങ്കിലും ചേൎത്തിടാം’ എങ്കിലും, കേരളഭാഷയിങ്കലതുപോലല്ല എന്നു ഘോഷിക്കുന്ന കവിതന്നെ.

‘എന്നല്ലലുണ്ടായ്വരുമത്രരാമൻ
തന്നുത്ഭവെകൌതുകമെത്രയുണ്ടോ,

‘ഇന്ദിരൈസൌരമയെകളിക്കുകചിരിച്ചെന്നോതുമാളീജനം

എന്നും മററും പ്രയോഗിച്ചതു കാണുമ്പോൾ ആധുനികകവികൾ ഈ വിഷയത്തിൽ എത്ര അപരാധികളാണെന്നു് ദൃഷ്ടാന്തപ്പെടുന്നതാണല്ലൊ. സംസ്കൃതത്തിലുള്ളതുപോലെ മലയാളത്തിൽ വിശേഷണവിശേഷ്യങ്ങൾ തമ്മിലും ആഖ്യാഖ്യാതങ്ങൾ തമ്മിലും പൊരുത്തം ഇല്ലാത്ത അവസ്ഥ അറിയുന്ന ഏവനും മലയാളത്തിൽ ദുരാന്വയം തരക്കേടാകുന്നു എന്നു അറിയാം.

പിന്നെ മൂന്നാമത്തു ഒരു വ്യത്യാസം പ്രയോഗിക്കുന്ന പദങ്ങളെ പററിയെടത്തോളമാകുന്നു. സംസ്കൃതശ്ലോകങ്ങളിൽ ഉപയോഗിക്കുന്ന പദങ്ങളുടെശ്ശുദ്ധി, സന്ധി, ഈ സംഗതികളെപ്പററി വലിയനിഷ്കൎഷയുണ്ടെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ മലയാളത്തിലാകട്ടെ സന്ധിചേൎക്കുന്നതിനെ പററിയും, മണിപ്രവാളശ്ശുദ്ധിയെ പററിയും വളരെ തെററായ ഒരു ധാരണ പരക്കെയുണ്ടു. പദങ്ങൾ (ഭാഷയാകട്ടെ സംസ്കൃതത്തിൽ നിന്നും എടുത്തവയാകട്ടെ)കൂട്ടിചേൎക്കുന്നതിൽ എങ്ങിനെയെങ്കിലും തരംപോലെ ചെത്തിക്കുറയ്ക്കുകയോ തച്ചുനീട്ടുകയോ ചെയ്വാനും ഗുരുലഘുവാക്കുകയും ലഘുഗുരുവാക്കുകയും ചെയ്വാനും തങ്ങൾക്കു പൂൎണ്ണാധികാരം ഉണ്ടെന്നാകുന്നു ഇപ്പോഴുള്ള പലകവികളുടേയുംധാരണ. ഈ വക പ്രയോഗങ്ങളാൽഅശ്രാവ്യതവരുന്നുണ്ടോഎന്നുള്ള ആലോചനഅവൎക്കു ലേശംപോലും

ഇല്ല. 'വരിഷ്ഠമമസോദരീ' എന്നതിനാൽ'വരിഷ്ഠ' എന്നതിന്നുപകാരം അകാരാന്തം ലോപിച്ചു പ്രയോഗിച്ചതും 'ഉദയഗിരിചുകന്നു' എന്നതിലെ അന്ത്യസ്വരം ദീർഘിച്ചതും ഭാഷാരീതിക്ക് അനുസരിച്ചാണെന്നു മാത്രമല്ലാ അതുകൊണ്ടു അശ്രാവ്യതവരുന്നതും ഇല്ല. എന്നാൽ 'പൊന്നോലാ പലവിധഭൂഷണങ്ങളാലും' എന്നതിൽ 'ഓലാ' എന്ന അന്ത്യസ്വരംദീർഘിച്ചതും "പാരിന്നധീശതവനന്ദനനല്ലേരാമൻ" എന്നുപ്രയോഗിച്ചതിൽ അല്ലേ, എന്ന പദത്തിലടങ്ങിയ ഏ, അവ്യയത്തെ വാൻമുറിച്ചതും ചുരുങ്ങിയകുററമല്ലെന്നു തന്നെയല്ല, അതു വായിക്കുമ്പോൾ കണ്ണുകഠോരമായിതോന്നുന്നുഎന്നും സഹൃദയന്മാർ പറയാതിരിക്കയില്ല. 'പോയാദിദം' (=പോയാൽ+ഇദം) മുതലായ പുതിയ സന്ധികളും ഉണ്ണായിവാരിയരുടെ 'ചാമിവ' (=ചാകും+ഇവ) മുതലായപ്രയോഗങ്ങളും അനുകരിക്കത്തക്കവയല്ല. മണിപ്രവാളശുദ്ധിയുടെ കാൎയ്യത്തിൽ വേണ്ടതക്ക നിഷ്കൎഷ ചെയ്യുന്നവരായ് അധുനികഭാഷാകവികളിൽ ചിലരുണ്ടെന്നുവരികിലും അനേകം അളുകൾ അപൂൎവ്വങ്ങളായ സംസ്കൃതപദങ്ങളും അരനാഴികനീളമുള്ള സമാസങ്ങളും ഒന്നോ, അരയോ മലയാളവാക്കുകളോടൊന്നിച്ച് തിലതണ്ഡുലന്യായേനകൂട്ടി കവത്തി മണിപ്രവാളമെന്ന പേരുമിട്ടു ചിലശ്ലോകങ്ങളുണ്ടാക്കുന്നവരാണ്. അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങളും, സുബന്തപ്രത്യയങ്ങളും, തിങന്തക്രിയകളും, സംസ്കൃതാവ്യയങ്ങളുംമററും മലയാളത്തിൽഉപയോഗിച്ചുപോകരുതെന്നു ഇൻഡ്യൻ ശിക്ഷാനിയമത്തിൽ ഒരുവകുപ്പു ചേൎത്താൽ വേണ്ടില്ലെന്നുതോന്നുന്നു. കഴിഞ്ഞ എഫ്. ഏ. പരീക്ഷക്കു പഠിപ്പാൻ വച്ചിരുന്ന 'രുഗ്മിണീപരിണയം' എന്ന മണിപ്രവാളകാവ്യത്തിൽ പകുതിയോളം ശ്ലോകങ്ങൾ ശുദ്ധസംസ്കൃതംതന്നെയാണ്. ഈ വക ശുദ്ധസംസ്കൃതശ്ലോകങ്ങൾ അടങ്ങിയപുസ്തകങ്ങൾക്ക് 'മണിപ്രവാളം' എന്നു പേരിടുന്നതു കാണുമ്പോൾ ഇതുഅരുപത്തഞ്ചാമത്തെ ഒരു അനാചാരമോ എന്നു ശങ്കിക്കേണ്ടിവരുന്നു.

# ൨൪. കാവ്യോദ്ദേശം.

കാവ്യങ്ങൾ വായിക്കുകയും അതുകളിൽ രസിക്കുകയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിൽ പലരുമുണ്ടെങ്കിലും അതുകളുടെ ഗുണാ

ഗുണങ്ങളെ സൂക്ഷ്മമായി അറിയുന്നവർ വളരെ ഉണ്ടോഎന്നു് സംശയമാണ്. വായിക്കുന്നവരിൽ പലരും ഓരോ കവിതകളെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്നതു് ഏകദേശം സംഗീതജ്ഞാനമുണ്ടെന്നുള്ള അഭിമാനം മാത്രമുള്ളവർ അകാലത്തിൽ താളംപിടിക്കുകയും തലകുലുങ്ങുകയും ചെയ്യുന്നതുപോലെ ആയിക്കാണുമ്പോൾ അവർ എത്രത്തോളം സൂക്ഷ്മംഅറിയുന്നുണ്ടെന്നു് ഏകദേശം തീർച്ചയാക്കാം. എന്നാൽ ഇതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. സാധാരണ മലയാളികൾക്കു കാവ്യങ്ങളുടെ ഗുണാഗുണങ്ങളെ അറിയുന്നതിന്നു് ബ്രഹ്മാവുകൊടുത്ത ബുദ്ധിയല്ലാതെ വേറെ ഒരു സഹായവുംഇല്ല. സംസ്കൃതത്തിൽ കാവ്യപ്രകാശം, സാഹിത്യദർപ്പണം, മുതലായ അനേകഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ ഈ വിഷയത്തെപ്പററി അസംഖ്യം പുസ്തകങ്ങളും ഉള്ളതുകൊണ്ടു് ആ ഭാഷകളിൽ പാണ്ഡിത്യമുള്ളവൎക്കു് കാവ്യങ്ങളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിയുന്നതിന്നു് വേണ്ട സഹായങ്ങളുണ്ടു്. മലയാളത്തിൽ ഈ വക ഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടും, ഇപ്പോൾ അച്ചടിച്ചു കാണുന്ന കവിതകളിൽ അധികവും, കാവ്യലക്ഷണം കുറഞ്ഞവയാകകൊണ്ടും, ഈ വക കവിതകളിൽ മാത്രംപരിചയിക്കുകയും, ഇതരഭാഷകൾപഠിക്കാതിരിക്കയും ചെയ്തിട്ടുള്ള മലയാളികളുടെ രസികതയ്ക്കു കൌടില്യമുണ്ടാകുന്നതു സ്വാഭാവികമാണ്. അതുകൊണ്ടു് ഈ വിഷയത്തിൽ ജനങ്ങൾക്കു് നേരായവഴി കാണിച്ചുകൊടുക്കുന്നതിന്നു് സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള ഗ്രന്ഥങ്ങളുടെ രീതിയെ അനുസരിച്ചു സാഹിത്യത്തെക്കുറിച്ചു ഇവിടെ കുറെ പ്രസ്താവിക്കുന്നതിന്നു് ഞങ്ങൾ തുനിയുന്നു.

കാവ്യം എന്നുവച്ചാൽ സൂക്ഷ്മത്തിൽ എന്താകുന്നു എന്നാണ് നാം ആദ്യമായിഅറിയേണ്ടതു്. എന്നാൽ എന്തിൻെറ എങ്കിലും സ്വഭാവത്തേയോ ഗുണദോഷങ്ങളേയോ കുറിച്ചു ആലോചിക്കുന്നതിന്നുമുമ്പിൽ അതിൻെറ ഉദ്ദേശമെന്താണെന്നു് ആലോചിക്കുന്നതു പ്രത്യേകം ആവശ്യമാണ്. ആ ഉദ്ദേശം എല്ലാപ്പോഴും വിശദമായിനമ്മുടെ മനസ്സിൽ ഇല്ലെങ്കിൽ നാംപറയുന്നതു ചിലപ്പോൾ കുറെ അപ്രസ്തുതമായി വന്നേയ്ക്കാം. ഒരു രാജ്യത്തെ രാജ്യഭരണത്തിൽ എന്തെല്ലാം ഗുണദോഷങ്ങളുണ്ടെന്നോ, ഏതുരീതിയിലുള്ള രാജ്യഭരണമാണ് എല്ലാത്തിലും നല്ലതെന്നൊ നിരൂപിക്കുന്നതിന്നു മുമ്പിൽ രാജ്യഭരണത്തിൻെറ ഉദ്ദേശമെന്താണെന്നു് അറിയുന്നതു് ആവശ്യമല്ലെ? അതുപോലെതന്നെ കാവ്യമെന്നുവച്ചാൽ എന്താണെന്നും അതിന്നു എന്തെല്ലാം ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നുംതീൎച്ചയാക്കുവാൻ പുറപ്പെടുന്നതിന്നു മുമ്പിൽ കാവ്യത്തിൻെറ ഉദ്ദേശ

മെന്താണെന്നും, അതു് മനുഷ്യർക്കു് ഏതുവിധത്തിൽ ഉപകരിക്കുന്നതാണെന്നും നാം മനസ്സിലാക്കേണ്ടതാണു്.

വേദം, ശാസ്ത്രം, കാവ്യം ഇതുകളാകുന്നു നമ്മുടെ അദ്ധ്യയനത്തിന്റെ പ്രധാനവിഷയങ്ങൾ. ഇതിൽ ഓരോന്നിന്റെ മുഖ്യമായ ഉദ്ദേശം ഓരോന്നാണെങ്കിലും എല്ലാത്തിനും സാധാരണമായ ഉദ്ദേശം ഇന്നതുചെയ്യണമെന്നും ഇന്നതു് ചെയ്യരുതെന്നുമുള്ള കൃത്യാകൃത്യോപദേശമാകുന്നു. എന്നാൽ ഇതിൽ ഓരോന്നു് ആ ഉദ്ദേശത്തെസാധിപ്പിക്കുന്നതു് ഓരോപ്രകാരത്തിലാണു്. വേദം കൃത്യാകൃത്യങ്ങൾ ഇന്നതാണെന്നും, അതുകളെ ലംഘിച്ചാൽ ഇന്നിന്ന ശിക്ഷകൾ അനുഭവിക്കേണ്ടിവരുമെന്നും രാജശാസനപോലെ കല്പിക്കയാണു് ചെയ്യുന്നതു്. ശാസ്ത്രം യുക്തിയുക്തമായി അതാതിന്റെ കാരണങ്ങളെ പ്രതിപാദിച്ചു് ഒരു സുഹൃത്തിനെപ്പോലെ നമ്മളെപറഞ്ഞു സമ്മതിപ്പിച്ചു് നമുക്കു് കൃത്യാകൃത്യബോധമുണ്ടാക്കുന്നു. കാവ്യം ഒരു ഇഷ്ടഭാര്യയെപ്പോലെ സരസവാക്കുകളെക്കൊണ്ടു കൎത്തവ്യകൎമ്മങ്ങളിൽ നമുക്കു് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ജനിപ്പിക്കുന്നു.

കാവ്യശാസ്ത്രങ്ങൾക്കു് ഉഭയസാധാരണമായ ഉദ്ദേശം മേല്പറഞ്ഞതാണെങ്കിലും അതുകൾ പഠിക്കുന്നതുകൊണ്ടു് നമ്മുടെ ബുദ്ധിക്കുണ്ടാകുന്ന പ്രഭാവം രണ്ടുപ്രകാരത്തിലാണു്. ശാസ്ത്രാദ്ധ്യയനംകൊണ്ടു്, ബുദ്ധിക്കു് തീക്ഷ്ണതയും, ശക്തിയും, കാവ്യാദ്ധ്യയനം കൊണ്ടു് ബുദ്ധിക്കു് ഗുണവുമാണു് ഉണ്ടാകുന്നതു്. ശാസ്ത്രം മനുഷ്യരെ ബുദ്ധിമാന്മാരും, കാവ്യം ഗുണവാന്മാരുമാക്കിത്തീൎക്കുന്നു. ശാസ്ത്രത്തിന്നു് ഒരു ഗുണമുണ്ടെന്നു പലൎക്കും സമ്മതമാണെങ്കിലും കാവ്യത്തിന്നു മേല്പറഞ്ഞ ഗുണമുണ്ടെന്നു് ധരിച്ചിട്ടുള്ളവർ വളരെ ഉണ്ടോ എന്നു് സംശയമാണു്. ഇതിന്നു കാരണമെന്തെന്നാൽ, കാവ്യം മനോഗുണത്തിന്നു് ആസ്പദമായ കൃത്യാകൃത്യബോധത്തെ ഉണ്ടാക്കുന്നതു് ഇന്നതു ചെയ്യണമെന്നും, ഇന്നതു് ചെയ്യരുതെന്നും സ്പഷ്ടമായിപറയുന്നതുകൊണ്ടല്ല. കൃത്യാകൃത്യങ്ങളെ നമുക്കു് അനുഭവസിദ്ധങ്ങളാക്കിത്തീൎക്കുന്നതു കൊണ്ടാണു്. സാധാരണയായി ഉൽകൃഷ്ടങ്ങളായ കാവ്യങ്ങളിൽ ഇന്നതു് കൃത്യമെന്നും, ഇന്നതു് അകൃത്യമെന്നും, പ്രത്യേകം വിവരിക്കുന്നില്ലെങ്കിലും അതുകളെ വായിക്കുമ്പോൾ കൃത്യാകൃത്യവിചാരമാണു് നമുക്കു് മുഖ്യമായുണ്ടാകുന്നതു്. കാവ്യാദ്ധ്യയനംകൊണ്ടു രാവണദുര്യോധനാദികളെപ്പോലെയല്ല രാമയുധിഷ്ഠിരാദികളെപ്പോലെയാണു് നാം പ്രവൃത്തിക്കേണ്ടതു് എന്നു് നമുക്കു് അനുഭവമാകയും, അതുനിമിത്തമായി ശുഭകൎമ്മങ്ങളിലും, സൽഗുണങ്ങളിലും അഭിരുചിയും, അശുഭകൎമ്മങ്ങളിലും, ദുൎഗ്ഗുണങ്ങളിലും വിമുഖതയും,

ഉണ്ടാകുന്നതാണ്. പലപ്പൊഴും പല സൽകവിതകളിൽ പരിചയിച്ച് ഠരം അനുഭവമുണ്ടാകുമ്പോൾ ഠരം അഭിരുചിയും വിമുഖതയും സ്ഥായിയായിവരികയും അതിനാൽ ബുദ്ധിക്ക് ഗുണോൽകൎഷമുണ്ടാകയും ചെയ്യുന്നു. ഏതെങ്കിലും ഒരു മനോവികാരം കൂടക്കൂടെ ഉണ്ടാകുമ്പോൾ ആ വിചാരം ക്രമേണസ്ഥായിയാകുമെന്നുള്ളതിലേക്ക് സജ്ജനസംസൎഗ്ഗംകൊണ്ടു് മനുഷ്യർ ശിഷ്ടന്മാരാകുന്നതും ദുൎജ്ജനസംസൎഗ്ഗംകൊണ്ടു് ദുഷ്ടന്മാരാകുന്നതും ദൃഷ്ടാന്തമാണ്.

രാജ്യവും വസ്തുക്കളും ദേഹവും ഭാൎയ്യയേയും
പൂജ്യരാംഭ്രാതൃസുതന്മാരെയുമെന്നല്ലഹോ
ഇക്ഷിതിതന്നിലിനിക്കുള്ളതൊക്കെയുംധൎമ്മ
രക്ഷാൎത്ഥമുപേക്ഷിപ്പാനുദ്യുക്തനാകുന്നു ഞാൻ.

എന്നു് ധൎമ്മപുത്രൻ പറയുന്നതും,

“പട്ടാഭിഷേകത്തിനായ്വിളിച്ചപ്പൊഴും
കാട്ടിലേക്കെന്നു് പറഞ്ഞയച്ചപ്പൊഴും
ദൃഷ്ടമായീലഹോ ഞങ്ങളാലാരാലു
മൊട്ടുമേഭാവഭേദംരാമഭദ്രനിൽ”

എന്നു് ശ്രീരാമനെക്കുറിച്ചുപറയുന്നതും, അതാതുപ്രകൃതത്തിൽ വായിക്കുമ്പോൾ തൽക്കാലമെങ്കിലും, കുറെ ധൎമ്മബുദ്ധിയും, ഗാംഭീൎയ്യവും അക്കാണ് ഉണ്ടാകാത്തതു്. ഇങ്ങിനെ പലപ്പോഴും ഉണ്ടാകുമ്പോൾ, ബുദ്ധിക്ക് ഗുണവും, ഗാംഭീൎയ്യവും, കുറെഎങ്കിലും സ്ഥായിയാകാതിരിക്കയില്ല.

വേദശാസ്ത്രങ്ങളിൽ കൃത്യാകൃത്യങ്ങളെക്കുറിച്ച് ധാരാളമായിപറഞ്ഞിട്ടുള്ളപ്പോൾകാവ്യത്തിൽനിന്നു് പ്രത്യേകമായി എന്തൊരുഫലമാണ് നമുക്ക് സിദ്ധിക്കുന്നതെന്നു് ആരെങ്കിലും ആക്ഷേപിച്ചേക്കാം. എന്നാൽ മേല്പറഞ്ഞ ഉദ്ദേശത്തെ മാത്രം സംബന്ധിച്ചിടത്തോളം കാവ്യത്തിന്നു് വേദശാസ്ത്രങ്ങളെക്കാൾ അധികം പ്രാബല്യമുണ്ടു. കാവ്യങ്ങളുടെ ചമൽകാരം കൊണ്ടും, സ്വാരസ്യംകൊണ്ടും അതുകൾ വായിക്കുന്നതിന്നു് വേദശാസ്ത്രങ്ങളേക്കാൾ വളരെ രസമുള്ളതും, കൃത്യാകൃത്യനിരൂപണത്തിൻെറ സമ്പ്രദായഭേദം കൊണ്ടു് അതുകളെക്കുറിച്ച് അനുഭവം അധികംവരുത്തുന്നതും ആകയാൽ കാവ്യങ്ങൾക്ക് നമ്മുടെ ബുദ്ധിയെ നയിക്കുന്നതിനുള്ള ശക്തി വേദശാസ്ത്രങ്ങളേക്കാൾ അധികമുണ്ടു്. വേദശാസ്ത്രങ്ങൾ പഠിക്കുന്ന

ത്ത് സന്മാൎഗ്ഗോപദേശം കേൾക്കുന്നതുപോലെയും കാവ്യങ്ങൾവായിക്കുന്നത് സത്തുക്കളായിട്ട് സംസൎഗ്ഗംചെയ്യുന്നതുപോലെയും ആകുന്നു. മനുഷ്യരെ സദ്വൃത്തന്മാരാക്കുന്നതിന്നു് ഇതിലേതിന്നാണ് പ്രാബല്യമധികമുള്ളതെന്നതിനേപ്പററി അഭിപ്രായഭേദമുണ്ടാവാൻ വഴിയില്ലല്ലോ.

കാവ്യങ്ങളുടെ സൂക്ഷ്മമായ ഉദ്ദേശം കൃത്യാകൃത്യോപദേശമാണെങ്കിലും അതുകളുടെ തൽക്കാലഫലം മനസ്സുഖമാകുന്നു. സഹൃദയന്മാൎക്കും ഉൽകൃഷ്ടകാവ്യങ്ങൾ വായിക്കുമ്പോൾ മനസ്സിന്നു് അവാച്യമായ ഒരു ആനന്ദമുണ്ടാകുന്നതാണ്. മിക്കവരും അവരുടെ വിഭാവനകൂടാതെ ഉത്തരകാലഫലം അനുഭവിക്കുന്നുണ്ടെങ്കിലും ഈ തൽക്കാലഫലത്തിന്നു് മാത്രമാണ് സാധാരണയായി കവിതകൾ വായിക്കുന്നതു്. എന്നാൽ ഈ തൽക്കാലഫലംതന്നെ ഉത്തരകാലഫലാപേക്ഷകൂടാതേയും മനസ്സിന്നു് ഗുണപ്രദമാകുന്നു. സദ്വിഷയങ്ങളിൽ പലപ്പോഴും മനസ്സിന്നു് സുഖലയമുണ്ടാകുന്നതുതന്നെ അതിന്നു് ശുദ്ധിയും ശാന്തതയും ഉണ്ടാകുന്നതിന്നു് ഒരു വഴിയാണെന്നു് പല മഹാന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംഗീതം മുതലായ ചില കലാവിദ്യകളുടേയും ഫലം ഇതുതന്നെയാകുന്നു.

ഇതുകൂടാതെ വേറെ പല ഫലങ്ങളേയും കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. യശസ്സ്, ധനലാഭം, വ്യവഹാരജ്ഞാനം, മുതലായതുകളേയും കാവ്യഫലങ്ങളുടെ കൂട്ടത്തിലാണ് ഗണിക്കുന്നതു്. എന്നാൽ യശസ്സ് ധനലാഭം മുതലായതു വേറെ പലതുകൊണ്ടും ഉണ്ടാകാവുന്നതാകയാൽ അതുകൾ വാസ്തവത്തിൽ കാവ്യത്തിന്റെ സഹജഫലങ്ങളല്ല. ഔപാധികഫലങ്ങളുടെ കൂട്ടത്തിലെ വിചാരിപ്പാൻ പാടുള്ളൂ. അതുകൊണ്ട് അതുകളെക്കുറിച്ച് ഇവിടെ പ്രസ്താവിക്കേണമെന്നില്ല. പ്രതാപരുദ്രീയത്തിൽ ഈ വിഷയത്തെപ്പററി വളരെ സാരമായ ഒരു ശ്ലോകമുള്ളതിനെ താഴെ ചേൎക്കുന്നു.

യദ്വേദാൽപ്രഭുസമ്മിതാദധിഗതംശബ്ദപ്രധാനാച്ചിരം
യച്ചാൎത്ഥപ്രവണാൽപുരാണവചനാദാപ്തംസുഹൃത്സമ്മിതാൽ
കാന്താസമ്മിതയായയാസരസതാം ആപാദ്യകാവ്യശ്രിയാ
കൎത്തവ്യേകുതുകീബുധോവിരചിതസ്തസ്യൈസ്പൃഹാംകുൎമ്മഹേ.

# ൨൯. കാവ്യം.

കാവ്യം എന്നുവെച്ചാൽ എന്താണ്? കൃത്യാകൃത്യങ്ങളെ നമുക്ക് അനുഭവമാക്കി നമ്മുടെ മനസ്സിന്ന് ഗുണമുണ്ടാക്കുകയാകുന്നു കാവ്യത്തിന്റെ പ്രധാനമായ ഉദ്ദേശമെന്ന് ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതിന്ന് ഒരു കാവ്യത്തിന്നു പ്രധാനമായി എന്തു ഗുണമാണ് ഉണ്ടായിരിക്കേണ്ടതു്. എന്നാൽ ആ ഗുണംതന്നെയാണ് കാവ്യത്തിന്റെ പ്രധാനമായ ലക്ഷണവും. രാവണനെപ്പോലെയല്ലാ രാമനെപ്പോലെയാണ് നാം പ്രവൎത്തിക്കേണ്ടതു് എന്ന് പറഞ്ഞതുകൊണ്ട് മാത്രം നമുക്ക് ഒരനുഭവം തോന്നുന്നതല്ല. അനുഭവം തോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമന്റെ പ്രവൃത്തികൾക്കും വാക്കുകൾക്കും അനുകൂലമായും, രാവണന്റെ പ്രവൃത്തികൾക്കും വാക്കുകൾക്കും വിരോധമായും ഉള്ള മനോവികാരങ്ങളുണ്ടാകണം. അങ്ങിനെയുള്ള മനോവികാരങ്ങളുണ്ടാകണമെങ്കിൽ കവിതയിൽ അതാതു് പ്രകൃതത്തിന്ന് അനുരൂപമായ സ്വഭാവം നല്ലവണ്ണം പുറപ്പെടണം. സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്ന് പറയുന്നതു് ഇങ്ങിനെ സ്വഭാവം പുറപ്പെടുന്നതിനാകുന്നു. അതുകൊണ്ട് കാവ്യോദ്ദേശസിദ്ധിക്ക് പ്രധാനമായി വേണ്ടതു് രസമാണെന്ന് സ്പഷ്ടമാകുന്നു.

"വാക്യം രസാത്മകം കാവ്യം" കാവ്യത്തിന്റെ ജീവനായതു് രസമാണ്. ഒരു വാക്യത്തിന്ന് എന്തുഗുണമുണ്ടെങ്കിലും രസശൂന്യമായാൽ അതിന്ന് കാവ്യത്വമില്ലെന്നുതന്നെ പറയാം. അതുപോലെ തന്നെ മറ്റെന്തുഗുണം കുറവായാലും രസംസമൃദ്ധിയായിട്ടുണ്ടെങ്കിൽ അതിനെ ഉത്തമകാവ്യമെന്ന് പറയാവുന്നതാണ്. അലങ്കാരം, ഗുണം, രീതിമുതലായതു് കവിതയ്ക്കു വളരെ ആവശ്യമാണെങ്കിലും അപരിത്യാജ്യമല്ല. ഇതെല്ലാം രസത്തിന്ന് ഉൽക്കൎഷമുണ്ടാക്കുന്നതിന്നായിട്ടുള്ളതാണ്. കവിതയ്ക്കു് കൂടിയേകഴിയു എന്നു പറയത്തക്കതായിട്ട് രസംമാത്രമേയുള്ളു. സാധാരണയായി ഭാഷാകവിതയായിക്കുന്നവരിൽ മിക്കവരും ശബ്ദാൎത്ഥങ്ങളുടെ ഉൽക്കൎഷത്തിന്നു മാത്രം കാരണഭൂതങ്ങളായ അലങ്കാരാദികളെയാണ് കാവ്യത്തിന്റെ പ്രധാനലക്ഷണങ്ങളായി ഗണിക്കുന്നതു്. ഈ അഭിപ്രായം തെറ്റായിട്ടുള്ളതാണെന്ന് കാണിക്കുന്നതിന്ന് അവയിൽ ഓരോന്നിന്റെ സ്വഭാവത്തെ പറ്റി ഇവിടെ കുറച്ച് പ്രസ്താവിക്കുന്നതു് ആവശ്യമാകുന്നു.

കാവ്യം രസാത്മകമായ വാക്യമാണെന്നു് പറഞ്ഞതുകൊണ്ടുതന്നെ അതു് പദ്യരൂപമാകണമെന്നു് നിർബ്ബന്ധമില്ലെന്നു് സാധിക്കുന്നു. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നുപറയാം. ബാണകവിയാൽ ഉണ്ടാക്കപ്പെട്ട കാദംബരീ എന്ന ഗ്രന്ഥം ഗദ്യരൂപമാണെങ്കിലും അതിനെ ഉത്തമകാവ്യങ്ങളുടെ കൂട്ടത്തിലാണു് സഹൃദയന്മാർ ഗണിക്കുന്നതു്. അതുകൊണ്ടു് പദ്യരൂപമായിട്ടുള്ളതെല്ലാം കാവ്യമാണെന്നും, അതിൻെറ കർത്താക്കന്മാരെല്ലാം കവികളാണെന്നും, ഗദ്യരൂപമായിട്ടുള്ളതൊന്നും കാവ്യമല്ലെന്നും സാധാരണയിൽ പലരും വിചാരിച്ചുവരുന്നതു് അബദ്ധമാണെന്നു് പറയേണ്ടതില്ലല്ലോ. രസശൂന്യമായ പദ്യവും കാവ്യമാണെങ്കിൽ അമരകോശം, അഷ്ടാംഗഹൃദയം മുതലായ ഗ്രന്ഥങ്ങളും ശാകുന്തളം, നൈഷധം മുതലായ ഗ്രന്ഥങ്ങളും തമ്മിൽ എന്താണു് വ്യത്യാസം? പദ്യവും കാവ്യവും തമ്മിലുള്ള ഭേദം മനസ്സിലായിട്ടുള്ളവർക്കു് ഇപ്പോൾ കവികൾ വളരെ ചുരുക്കമാണെന്നും, കവിതക്കാരെന്നു് പറയുന്നവരായി വളരെ ജനങ്ങളുള്ളവരെ പദ്യകൃത്തുക്കളെന്നേ പറവാൻ പാടുള്ളു എന്നും ബോധംവരും. എന്നാൽ പദ്യം ഗദ്യത്തെക്കാളധികം കർണ്ണസുഖപ്രദമാകകൊണ്ടും, മറ്റുകാരണങ്ങളെക്കൊണ്ടും കാവ്യത്തിന്നു് അധികം യോഗ്യമായിട്ടുള്ളതും അധികമായി ഉപയോഗിക്കപ്പെട്ടുവരുന്നതുമാകുന്നു. അതുകൊണ്ടു് ഇതു ഉൽക്കർഷഹേതുക്കളിൽ ഒന്നാണെന്നു് വിചാരിക്കേണ്ടതാണു്.

രസോൽക്കർഷഹേതുക്കളിൽ പ്രധാനമായിട്ടുള്ളതു് അലങ്കാരമാകുന്നു. ഇതു് കാവ്യത്തിന്നു് വളരെ ആവശ്യമായിട്ടുള്ളതാണെന്നു തന്നെയല്ല ചിലരുടെ അഭിപ്രായത്തിൽ കവിതക്കു് അലങ്കാരം കൂടിയേ കഴിയൂ എന്നു് നിർബ്ബന്ധംതന്നെയുണ്ടു്. എന്നാൽ ഈ അഭിപ്രായം അത്ര സ്വീകാരയോഗ്യമാണെന്നു് തോന്നുന്നില്ല.

പൂമെത്തേലെഴുനീററിരുന്നുദയിതേപോകുന്നുഞാനെന്നുകേ-
ട്ടോമൽക്കണ്ണിണനീരണിഞ്ഞവദനപ്പൂവോടുഗാഢംതദാ
പൂമേനിത്തളിരോടുചേർത്തഹമിനിക്കാണുന്നതെന്നെന്നക-
പ്പൂമാലോടളിവേണിചൊന്നമധുരച്ചൊല്ലിന്നുകൊല്ലുന്നമാം.

(പൂന്തോട്ടത്തു നമ്പൂരി)

ഈ ശ്ലോകത്തിൽ സ്ഫുടമായ അലങ്കാരമൊന്നുമില്ലെങ്കിലും ഇതിന്നു് ഉത്തമകാവ്യലക്ഷണമില്ലെന്നു് സഹൃദയന്മാർ പറയുന്നതല്ല. സൂക്ഷ്മത്തിൽ കവിതക്കു് അലങ്കാരം സ്ത്രീകൾക്കു് ആഭര

ണാദികളെപ്പോലെയാണ്, കടകകുണ്ഡലാദികൾ സ്ത്രീകളുടെ സൌന്ദൎയ്യത്തിന്നു് എങ്ങിനെയോ അങ്ങിനെതന്നെ കവിതാരസത്തിന്നു് ഉപമാദ്യലങ്കാരങ്ങൾ ഉൽക്കൎഷത്തെ ഉണ്ടാക്കുന്നതാകുന്നു. രസഹീനങ്ങളായ ശ്ലോകങ്ങളിൽ അലങ്കാരം പ്രയോഗിക്കുന്നതു് അശേഷം സൌന്ദൎയ്യമില്ലാത്ത സ്ത്രീകൾ ആഭരണങ്ങളണിയുന്നതുപോലെ ആയിരിക്കും. ഇപ്പോൾ നടപ്പുള്ള കവിതകളിൽ ചിലതു് അലങ്കാരപ്രധാനവും ചിലതു് രസപ്രധാനവുമാണു്. അനുഭവത്തിൽ ഇതു രണ്ടും തമ്മിലുള്ള വ്യത്യാസമെന്തെന്നുവച്ചാൽ, അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ കവിയേയും രസപ്രധാനമായിട്ടുള്ളതു് വായിക്കുമ്പോൾ കവിതാവിഷയത്തേയുമാണു് നമുക്കു് ഓൎമ്മയുണ്ടാകുന്നതു്. പൂന്തനത്തിൽ നമ്പൂരിയുടെ കവിത അലങ്കാരപ്രധാനവും കുഞ്ചൻനമ്പ്യാരുടെ കൃതികൾ രസപ്രധാനവുമാകുന്നു. "കൃഷ്ണഗാഥ" വായിക്കുമ്പോൾ കവി മഹാ കേമൻതന്നെ എന്നുള്ള വിഭാവനയാണു് നമുക്കുണ്ടാകുന്നതു്. 'നളചരിതം' ഓട്ടൻതുള്ളൽ വായിക്കുമ്പോൾ നളന്റേയും ദമയന്തിയുടേയും മററും ഗുണങ്ങളെക്കുറിച്ചും മററുമാണു് നമുക്കു് മനസ്സിൽ തോന്നുന്നതു്. ഇതിൽ കാവ്യത്തിന്റെ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഏതിനാണു് പ്രബലത അധികമുള്ളതെന്നു് പറയേണ്ടതില്ലല്ലോ.

ഗുണങ്ങളും രീതികളും കാവ്യത്തിന്റെ ഉൽകൃഷ്ടഹേതുക്കളിൽ കൂടിയവയാണെന്നു് പറഞ്ഞുവല്ലോ. കാവ്യത്തിന്നു് മാധുൎയ്യാദിഗുണങ്ങൾ മനുഷ്യന്നു് ധൈൎയ്യാദി ഗുണങ്ങളെപ്പോലെയും രീതികൾ അവയവസംസ്ഥാന വിശേഷങ്ങളെപ്പോലെയുമാകുന്നു. ഇപ്പോഴുള്ള ഭാഷാകവികളിൽ പലരും മററെല്ലാററിലും അധികമായി രീതിയുടെ കാൎയ്യത്തിലാണു് നിഷ്കൎഷ ചെയ്യുന്നതു്. കാവ്യത്തിന്റെ ആത്മാവു് രീതിയാണെന്നു് വാമനൻ എന്നൊരുവിദ്വാൻ പറഞ്ഞതായി കാണുന്നതുകൊണ്ടു് പണ്ടും ചിലൎക്കു് ഈ അഭിപ്രായം ഉണ്ടായിരുന്നു എന്നു് തോന്നുന്നു. എന്നാൽ രീതി ഒരു രചനാവിശേഷം മാത്രമാകകൊണ്ടു് ശബ്ദാൎത്ഥങ്ങൾക്കു് ഉൽക്കൎഷത്തെ ഉണ്ടാക്കുന്നു എന്നല്ലാതെ കാവ്യത്തിന്റെ ജീവനാണെന്നു് പറയുന്നതു് സാധുവായിരിക്കയില്ല.

കാവ്യത്തിന്റെ സ്വഭാവത്തെ വിവരിക്കുന്നതായിട്ടു് കുറെ പ്രസിദ്ധിയുള്ള ഒരു ഭാഷാശ്ലോകമുള്ളതിനെ താഴെ ചേൎക്കുന്നു. മേല്പറഞ്ഞ സംഗതികളെല്ലാം വായിച്ചവൎക്കു് ഈ വിവരണം എത്രത്തോളം ശരിയായിട്ടുള്ളതാണെന്നു് തീൎച്ചയാക്കാമല്ലോ.

കൊൽതേനോലേണമോരോപദമതിനെന്നറും
　　പാലിൽനീരെന്നപോലെ
ചേൎത്തീടേണംവിശേഷിച്ചുടനതിലൊരല
　　ങ്കാരമുണ്ടായ്വരേണം
ചേൎത്തുംചിന്തിക്കിലൎത്ഥംനിരുപമരുചിതോ
　　ന്നേണമെന്നിത്രവന്നെ
തീൎത്തീടാവൂ ശിലോകംശിവശിവകവിതാ
　　രീതിവൈഷമ്യമത്രെ.

# ൩൦. സംഗീതം.

സരിഗമപധനികൾമീട്ടിസ്സരസം വീണാശ്രുതിക്കശരികൂട്ടി
സരസിജഭവകൃതിപാടുംസരസ്വതീദേവിമമതുണയ്ക്കട്ടെ.

'സംഗീതമപിസാഹിത്യം സരസ്വത്യാസ്തനദ്വയം'

എന്നിങ്ങിനെ മാന്യസഹൃദയന്മാർ വാഴ്ത്തിവരുന്നതിൽ ഒന്നാമത്തതായിട്ടുള്ള സംഗീതത്തെക്കുറിച്ചു സഹൃദയന്മാരെ രസിപ്പിക്കുന്നവിധത്തിൽ ഒരു പ്രസംഗം ചെയ്യുന്നതിന്നു ഒരു സഭയിൽ ഭാരമേററുപുറപ്പെടുന്നതിൽ "പാട്ടെന്നുള്ളതിലുള്ളതായ ഗുണദോഷജ്ഞാനമില്ലാത്തോരാ കൂട്ടത്തിൽ പെട്ടമിജ്ജനം സദിരു കേൾക്കുമ്പോളുറക്കംവരും" എന്നിങ്ങിനെ സ്വാനുഭവത്തെ ഒരുവിഷയത്തിൽ ഉൽഘോഷിച്ചിട്ടുള്ള നീരസികൻ തയ്യാറാവുന്നതും, ജന്മം മുതൽക്കേ കണ്ണുകാണാത്ത ഒരു മനുഷ്യൻ കറുപ്പ്, വെളുപ്പ്, ചുവപ്പു മുതലായ നിറഭേദങ്ങളെ പററി പറവാനൊരുമ്പെടുന്നതും തമ്മിൽ അധികം ഭേദമില്ലെന്നുള്ളതു ഞാൻ അന്നുംഇന്നും ഒട്ടും ഓൎക്കായ്കയില്ലാ, എന്നാൽ എന്നിൽ ഈ ഭരമേല്പിച്ചാൽ നന്നായിരിക്കുമെന്നു നിശ്ചയിച്ച മഹാന്മാരുടെ അഭിപ്രായത്തെ എങ്ങിനെ എങ്കിലും സഫലമാക്കുന്നതിനുള്ള അത്യാഗ്രഹമാണു് എന്നെ ഇങ്ങിനെത്തുവാൻ മയക്കുന്നതിലേക്കുദ്യമിപ്പിച്ചതു് എന്നുള്ളതു മുൻകൂട്ടിതന്നെ മാന്യസഭാവാസികളെ അറിയിച്ചു കൊള്ളുന്നു.

അക്ഷരാത്മികയായ സരസ്വതീദേവിയുടെ സ്തനങ്ങളിൽ ഒന്നായിട്ടുള്ള ഗാന്ധൎവ്വവേദം (അല്ലെങ്കിൽ സംഗീതശാസ്ത്രം) സാമവേദത്തിന്റെ ഒരു ഉപവേദമാണെന്നു പറയുന്നതുകൊണ്ടുതന്നെ അ

തിൻെറ മാഹാത്മ്യം അനിർവചനീയമാണെന്നു സിദ്ധിക്കുന്നു.

അങ്ങിനെയുള്ള സംഗീതത്തിൻെറ മൂലം സപ്തസ്വരങ്ങളാകയാൽ അവയുടെ സ്വഭാവത്തെയാണു ആദ്യമെ ആലോചിക്കേണ്ടതു്. വാണിദേവിയുടെ മറെറകുചമെന്നുതന്നെ പറഞ്ഞുവരുന്ന സാഹിത്യത്തിന്നു സപ്തവിഭക്തികൾ എങ്ങിനേയൊ അതുപോലെയാണിവിടെ സപ്തസ്വരങ്ങൾ എന്നും, സ്വരങ്ങൾപോലെയാണിവിടെ വിഭക്തികൾ എന്നും പരസ്പരം ഇതുകളെ മാത്രമേ ദൃഷ്ടാന്തങ്ങളാക്കി പറയുന്നതിനു കാണുന്നുള്ളു.

സംഗീതത്തിൻെറയും, സാഹിത്യത്തിൻെറയും മൂലം അറിഞ്ഞുകൂടാത്ത മൂഢമനുഷ്യനെ 'സാ' എന്നും, 'സു' എന്നും അറിഞ്ഞുകൂടാത്ത പശു എന്നു് ഇന്നും പറഞ്ഞു വരുന്നതിൻെറ സാരം ആലോചിച്ചാൽ സാധാരണജനങ്ങൾക്കും ഇതുകളുടെ മാഹാത്മ്യം അറിയാവുന്നതാണല്ലൊ.

ഇനി ഈ ഏഴുസ്വരങ്ങളുടെയും പേരുപറയുന്നതിന്നുമുമ്പിൽ ഈ പേരുകളുടെ ആദ്യാക്ഷരച്ഛായകളെ ആണു് സ, രി, ഗ, മ, പ, ധ, നി എന്നിങ്ങിനെ സംഗീതാരംഭത്തിൽ ഉപദേശിച്ചു വരുന്നതെന്നും ഓൎമ്മിച്ചു കൊണ്ടു ഇതുകളുടെ നാമങ്ങളെ പദ്യരൂപേണ ഞാൻ തന്നെ ഉണ്ടാക്കീട്ടുള്ളതു വായിച്ചുകൊള്ളുന്നു.

'സാ' എന്നുള്ളതു് ഷഡ്ജമാ, വൃഷഭമാം 'രീ' യെന്നു ഗാന്ധാരമാം.

'ഗാ' യെന്നുള്ളതു മദ്ധ്യമസ്വരമതാം 'മാ' എന്നുപാടുന്നതും 'പ' എന്നുള്ളതു പഞ്ചമം, പരമഹൊ 'ധാ' എന്നതൊധൈവതം 'നി' യെന്നുള്ളതുതാൻ നിഷാദ, മിവനൽ സത്തായസപ്തസ്വരം.

എന്നാൽ ഇങ്ങിനെയുള്ള സപ്തസ്വരങ്ങളുടെ ഉച്ചാരണംമനുഷ്യരുടെ ഇടയിൽ മാത്രമല്ലാ ജന്തുക്കളുംകൂടി ജന്മം മുതൽക്കേ അഭ്യസിച്ചുവരുന്നുണ്ടെന്നുള്ളതു വെളിപ്പെടുത്തുന്നതായും അവയുടെ ച്ഛായയെ കാണിക്കുന്നതായും വേറെ ഒരു ശ്ലോകവുംകൂടി ഇവിടെ ചൊല്ലുന്നു.

'ഷഡ്ജത്തിൽ കുകമല്ലാമയിൽ' പശു വൃഷഭത്തിൽ കരഞ്ഞീടു,മാടൊ,

ഗൎജ്ജിക്കും നല്ല ഗാന്ധാരമതിൽ, മുറവിട്ടും ക്രൌഞ്ചമൊമദ്ധ്യമത്തിൽമെച്ചത്തിൽ പഞ്ചമത്തിൽ കുയിൽ മധുസമയെപാടിട്ടും, ധൈവതത്താ,

ലശ്വാശബ്ദിക്കുമെന്നും, കരിമുരളുവതേവം നിഷാദത്തിലത്രൊ

സാഹിത്യത്തിൽ ഏഴുവിഭക്തികളോടുകൂടി പലപല പദങ്ങളും അവസാനമില്ലാത്തവിധത്തിൽ നടപ്പുള്ളതുപോലെ സംഗീത

ത്തിൽ ഏഴു സ്വരങ്ങളോടുകൂടി പലവിധത്തിലും അനവധിരാഗങ്ങളെ ഉപയോഗിച്ച് വരാറുണ്ടെന്നുള്ളത് പറയേണ്ടതില്ലല്ലൊ.

സാഹിത്യത്തിൽ പദങ്ങൾക്കുള്ളതുപോലെ ഇവിടെ രാഗങ്ങൾക്കും ലിംഗഭേദങ്ങൾ ഉണ്ടു്. മാളവപ്രഭൃതികളായ രാഗങ്ങൾ പുരുഷന്മാരും 'കല്യാണി' 'കാമോദരി' മുതലായവ സ്ത്രീരാഗങ്ങളും, 'മോഹനം' തുടങ്ങിയവ നപുംസകങ്ങളുമാണെന്നുമാത്രം ചുരുക്കിപ്പറയുന്നതല്ലാതെ വിസ്തരിക്കുന്നതായാൽ പദങ്ങളുടെ ലിംഗഭേദവ്യവസ്ഥയ്ക്കു് നിബന്ധനകളുള്ളതുപോലെ ഇവിടേയും ഒന്നു് വേണ്ടിവരും. അയതുകൊണ്ടു് ഞാൻ ആ വിഷയത്തിൽനിന്നും പിൻവലിച്ചുകൊള്ളുന്നു.

സാഹിത്യത്തിൽ ഏഴു് വിഭക്തികൾക്കും മുമ്മൂന്നു വചനങ്ങൾപോലെ ഇവിടെ ഏഴുസ്വരങ്ങൾക്കും 'നീചം' 'മദ്ധ്യമം' 'ഉച്ചം' എന്നു മൂന്നുസ്ഥാനങ്ങൾ ഉണ്ടു്. പിന്നെ ഷഡ്ജ്ഗ്രാമം, മദ്ധ്യമഗ്രാമം, ഗാന്ധാരഗ്രാമം, എന്നു് മൂന്നുഗ്രാമങ്ങൾ ഉണ്ടു്. ഈ മൂന്നുഗ്രാമങ്ങൾക്കും ആരോഹാവരോഹങ്ങളോടും ഏഴേഴു മൂർഛനകളുമുണ്ടു്, എന്നു് മാത്രം പറയുന്നതല്ലാതെ അവകളെ വിസ്തരിക്കുന്നതായാൽ ഈ പ്രസംഗം അധികം ദീർഘമായിപോകുമെന്നു ഭയപ്പെടുന്നു.

സാഹിത്യത്തിനു് വലിയ സഹായികളായി 'വസന്തതിലകം' മാലിനിമുതലായി പലമാതിരി വൃത്തങ്ങൾ അസംഖ്യമുള്ളതുപോലെ സംഗീതത്തിനു 'ഏകതാളം' 'ധംഭ' തുടങ്ങി അനവധി താളങ്ങളുംഉണ്ടു്. ഇവയെ പലമാതിരിയാക്കിത്തീർക്കുന്നതും മാത്രകളാണു്. സമുദ്രത്തിലെ തിരമാലകളുടെ കണക്കെടുക്കുന്നതിന്നു ഒരു സമയം വല്ല സമർത്ഥന്മാരും ഉണ്ടായേക്കാം. എന്നാലും ഇവയുടെ സംഖ്യ നിർണ്ണയപ്പെടുത്തുവാൻ കഴിയുമെന്നു വിചാരിപ്പാൻ പോലും ഒരാളും ഉണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. 'വൃത്തരത്നാകരം' മുതലായ ഛന്ദശ്ശാസ്ത്രങ്ങളിൽ വൃത്തങ്ങളെ വിസ്തരിച്ചു വർദ്ധിപ്പിപ്പാനുപദേശിച്ചിട്ടുള്ളതുപോലെ താളങ്ങളും വിസ്തരിച്ചു യഥേഷ്ടം വർദ്ധിപ്പിക്കുന്നതിന്നു പല സംഗീതശാസ്ത്രഗ്രന്ഥങ്ങളുംകൌശലംവിശദീകരിച്ചിട്ടുണ്ടു്. ഭാരതിയുടെ സ്തനങ്ങളായ ഈ സംഗീതസാഹിത്യങ്ങൾക്കു മുൻകാണിച്ച മട്ടിൽ പലസാദൃശ്യങ്ങളുമുണ്ടാകുന്നതത്ഭുതമല്ലല്ലൊ.

ഇനി സാഹിത്യത്തിൽനിന്നും അധികമായി ചില മാഹാത്മ്യങ്ങൾ നമ്മുടെ സംഗീതത്തിനുള്ളതിൽ ചിലതെനിക്കോർമ്മയുള്ളതുകൂടി ഇവിടെ കാണിച്ചുകൊള്ളുന്നു.

ഇതു രണ്ടിനും കണ്ഠത്തിൽ നിന്നാണുത്ഭവമെങ്കിലും സംഗീ

തം പലമാതിരിയന്ത്രങ്ങളെക്കൊണ്ടും സാധിക്കാവുന്നവിധത്തിൽ പണ്ടുപണ്ടേയുള്ള പണ്ഡിതന്മാർ പരിഷ്കരിച്ചു പരക്കെ നടപ്പാക്കിവച്ചിട്ടുണ്ടു്. എന്നാൽ കണ്ഠവും, യന്ത്രവുംകൂടി യോജിച്ചിട്ടുള്ള സംഗീതം അധികം രസാവഹമായിത്തീരുന്നതാകുന്നു. യന്ത്രങ്ങൾ ഓരോദേശങ്ങളിൽ ഓരോകാലത്തു ഓരോമാതിരിയിൽ പരിഷ്കരിച്ചുവന്നുകൊണ്ടിരിക്കുന്നതാണു്. അവകളെ ഒക്കെ പറയുന്നതും അസാദ്ധ്യംതന്നെ എന്നാൽ ചില വിശിഷ്ടയന്ത്രങ്ങളെയെങ്കിലും പറയാതെയിരിക്കുന്നതും ഉചിതമാകുമെന്നു തോന്നുന്നില്ലാ.

വീണ, ഫിഡിൽ, കുഴൽ, എടയ്ക്ക, കപാലഹസ്തം, സംഗീതപ്പെട്ടി എന്നു തുടങ്ങി പലയന്ത്രങ്ങളും ഉള്ളതിൽ ഒന്നാമതായി ഗണിക്കാവുന്നതു വീണയാകുന്നു. സരസ്വതി, നാരദൻ തുംബുരുമുതലായ പല സംഗീതപണ്ഡിതന്മാർ ദിവ്യലോകങ്ങളിലും ഈ യന്ത്രത്തെ തന്നെയാണല്ലോ അധികം ആദരിച്ചുവരുന്നതു്. ഈ ഭൂലോകത്തിലും ഈ യന്ത്രത്തിൽ പാടവം കാണിച്ചിട്ടുള്ളവർ പലരുമുണ്ടായിരുന്നു. എന്നാൽ ഇയ്യിടെയുള്ളവരിൽ, സരസ്വതിയുടെയും നാരദന്റെയും അംശങ്ങളെക്കൂടി ചേർത്ത ദാരദാരകവത്സലനായ ബ്രഹ്മാവു് സൃഷ്ടിച്ചിട്ടുള്ള മൂർത്തിയാണു് ഇദ്ദേഹമെന്നു ഒരു മഹാനുഭാവൻ അഭിപ്രായപ്പെട്ടിട്ടുള്ള സാക്ഷാൽ കല്യാണകൃഷ്ണൻ എന്നു പ്രസിദ്ധനായ മഹാനായിരുന്നു വീണാവാദനവിദ്യയിൽ പാണ്ഡിത്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച യോഗ്യപുരുഷൻ എന്നുള്ളതു സർവ്വസമ്മതമായ ഒരു കാര്യമാണല്ലോ. ആ മഹാനുഭാവന്റെ വീണയിലുള്ള വിരുതുകാണുന്നതിലേക്കായി തിരിയെ വരാത്തവിധത്തിൽ സത്യലോകത്തിലേയ്ക്കു ബ്രഹ്മാവുതന്നെ അദ്ദേഹത്തെ കൊണ്ടുപോയതു നമ്മുടെ ഒക്കെ കർണ്ണങ്ങളുടെ ഭാഗ്യക്ഷയമെന്നു് സങ്കടത്തോടുകൂടി പറയാമെന്നല്ലാതെ മറെറാന്നും നമ്മൾ വിചാരിച്ചാൽ കഴിയില്ലല്ലോ. പിന്നെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതലായി പല വൈണികന്മാർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്.

ഫിഡിൽ എന്നുള്ളതു ഒരു നവീനയന്ത്രമാകയാൽ ഇതിൽ പണ്ടുള്ള പണ്ഡിതന്മാർക്കു പരിചയമുണ്ടാകുവാനിടയില്ലാ. ഇദാനീന്തനന്മാർ പലരും ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരുള്ളതിൽ ഈ ദിക്കുകാരിൽ മഹാദേവനെന്ന മഹാനുഭാവനാണു് പ്രഥമഗണനീയനായിട്ടുള്ളതെന്നു പല സംഗീതരസജ്ഞന്മാരും പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നാൽ സർവ്വമോഹനമായ സംഗീതമധുവിന്റെ ലഹരികൊണ്ടോ മറേറാ എല്ലായ്പോഴും മത്തനായ ഒരു ദരിദ്രബ്രാഹ്മണൻ തന്റെ ഭിക്ഷാടനത്തിൽ ചില പഴയമ്പലങ്ങളിലും ഊട്ടുപുരകളിലുമിരുന്നു ഈ യന്ത്രത്തിൽ ചില കൈപ്പെരുമാററം ചെയ്തിരുന്നതു

കേൾക്കാനിടയാവാത്തവരുടെ പക്ഷത്തിൽ മാത്രമേ മഹാദേവൻ ഒന്നാംക്ലാസിൽ സ്ഥലം കിട്ടുകയുള്ളുവെന്നുകൂടി പറവാൻ എനിക്കു സംഗതിവന്നിട്ടുണ്ടു്.

കുഴൽ; ഈ യന്ത്രം മേൽ കാണിച്ച രണ്ടു യന്ത്രങ്ങളിൽ നിന്നും കുറച്ചു ഭേദപ്പെട്ടിട്ടുള്ളതാകുന്നു. ഇതു കണ്ഠത്തിൻെറ സഹായത്തോടുകൂടി സാമൎത്ഥ്യം കാണിക്കുന്നതാണു്. ഇതിന്നെ നെടുംകുഴൽ (നാഗസ്വരം) എന്നും കുറുംകുഴൽ എന്നും ഓടക്കുഴൽ എന്നും മൂന്നുമാതിരിയിൽ കാണുന്നുണ്ടു്. അവയിൽ നാഗസ്വരമാണു് മുഖ്യമായിട്ടുള്ളതു്. ഇതിൻെറ പ്രചാരം ചോളദേശം മുതലായ സ്ഥലങ്ങളിൽ അധികമായിക്കാണുന്നുണ്ടു്. (കൊല്ലംകോട്ടു സുബ്രഹ്മണ്യൻ) മുതലായ ചില മഹാന്മാർ മലയാളത്തിലും ഇതുകൊണ്ടു പേരുകേട്ടവരില്ലെന്നില്ല. നമ്മുടെ ക്ഷേത്രങ്ങളിൽ മൂന്നു സന്ധ്യയ്ക്കും ദൈവങ്ങൾക്കും തൊഴുവാൻ വരുന്ന ജനങ്ങൾക്കും കൎണ്ണശൂലമായിത്തീരുന്നതും, സംസൎഗ്ഗദോഷംകൊണ്ടു കഷ്ടപ്പെട്ടു് അപസ്വരക്കുട്ടികളെ പ്രസവിക്കുന്നതും ഈ നാഗസ്വരംതന്നെയാണെന്നു കൂടി വ്യസനപൂൎവ്വം പറയേണ്ടിവന്നിരിക്കുന്നു. (കുറുങ്കുഴൽ) മേളങ്ങൾക്കിടയിൽ ചെണ്ടകളുടെ കൂട്ടത്തിൽ പ്രയോഗിക്കുന്നതിന്നു പുറമെ കുഴൽപററുകളിലും ഉപയോഗിച്ചുവരുന്നുണ്ടു്. എങ്കിലും അപൂൎവ്വമേയുള്ളൂ. (തിരുവില്വാമല ശങ്കരപ്പണിക്കർ) തുടങ്ങി ചില യോഗ്യന്മാർ ഇതിലും പേരുകേട്ടവർ, ഒരം ദിക്കിലുണ്ടു്. ഓടക്കുഴൽ ഊതുന്നവരായിട്ടു് നമ്മുടെ ഗൃഹങ്ങൾതോറും പലകുട്ടികളേയും കാണ്മാനിടയുണ്ടു്. പക്ഷെ ഇത്രവളരെ പ്രചാരമുണ്ടെങ്കിലും ഈ യന്ത്രത്തിൽ അത്ര വിദഗ്ദ്ധന്മാരായ സംഗീതരസികന്മാർ എൻെറ അറിവിൽ വല്ലോൾ അധികമുണ്ടോ എന്നു് സംശയമാണു്.

'ഇടയ്ക്ക' എന്നുള്ളതു മലയാളത്തിൽ എല്ലാ ക്ഷേത്രംതോറും പതിവായി ഉപയോഗിച്ചു വരാറുണ്ടെങ്കിലും ഇപ്പോൾ ഇതുകൊണ്ടു ഉപയോഗിക്കുന്നവർ ഇതു് നിത്യകൎമ്മത്തിന്നുള്ളതെന്നല്ലാതെ സംഗീതത്തിന്നുള്ളതാണെന്നുപോലും ധരിച്ചിട്ടുണ്ടോ എന്നു സംശയമാണെന്നു പറഞ്ഞാലും അവൎക്കു മുഷിച്ചിലുണ്ടാകേണ്ടകാലം കഴിഞ്ഞുപോയി എന്നുതന്നേയുള്ളു നിലയിലായിത്തീൎന്നിരിക്കുന്നു.

'കപാലഹസ്തം' എന്നുള്ളതു വളരെ നടപ്പുള്ള യന്ത്രമല്ലാ. ഇതിൽ പാണ്ഡിത്യമുള്ളവരിൽ പ്രസിദ്ധന്മാരായിട്ടാരേയും എനിക്കു അറിവില്ലാ ഒരിക്കൽ ഒരു സരസൻ വായിക്കുന്നതു കേട്ടിട്ടുണ്ടു്.

'സംഗീതപ്പെട്ടി' ഈ യന്ത്രം വളരെ വിശേഷപ്പെട്ടിട്ടുള്ള ഒരെണ്ണമാണു്. സംഗീതത്തിൽ ഒട്ടും ശീലമില്ലാത്തവരായ എന്നെപ്പോലെയുള്ളവൎക്കും താക്കോൽ കൊട്ടുക്കാൻ മാത്രം പഠിച്ചാൽ ഇ

ത്തുകൊണ്ടു സംഗീതം പ്രയോഗിക്കാം.

ഇനി വേറെ ചിലമാതിരിയന്ത്രങ്ങളുമുണ്ടു്. അവകൾ ശ്രുതി ശരിയാക്കുവാൻമാത്രം ഉപയോഗിക്കുന്നവയാണു്. 'കുഴിത്താളം' 'തംബുരു' 'തിത്തി' മുതലായി ഇവയും പലവിധത്തിൽ കണ്ടുവരുന്നുണ്ടു്. താളം പിടിക്കുന്നതിനുള്ള അനേകവിധ വാദ്യങ്ങളും ഈ കൂട്ടത്തിൽ ഗണിക്കേണ്ടവയാണു്. പക്ഷെ അവ അസംഖ്യമുള്ളതിനാൽ നേരം അതിക്രമിക്കുമെന്നു വിചാരിച്ചു തല്ക്കാലം വിസ്തരിക്കുന്നില്ലാ.

ഇനി സംഗീതത്തിനു വേറെ ഒരു ഗുണമുണ്ടു്. ശ്രുതിയോജിപ്പിച്ചു രണ്ടോ മൂന്നോ കണ്ഠങ്ങളാകട്ടെ യന്ത്രങ്ങളാവട്ടെ കൂട്ടിയിണക്കി പാടുന്നതായാൽ ഒററയ്ക്കുള്ളതിനേക്കാൾ അധികം രസംപിടിക്കുന്നതാകുന്നു.

ഒരു സംഗീതത്തിൻെറ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നതായ ഒരു ചെറിയ കഥകൂടി ഇപ്പോൾ ഇവിടെ പ്രസംഗിക്കുന്നതു ഒട്ടും രസഭംഗമായി തീരുകയില്ലെന്നുവച്ചു് ഇനി ഞാൻ അതിലേക്കായി തുനിഞ്ഞുകൊള്ളുന്നു.

പണ്ടു അതിയോഗ്യനായ ഒരു ബ്രാഹ്മണൻ സംഗീതവിദ്യകൊണ്ടു വിഷ്ണുഭഗവാനെ ഭജിച്ചു വളരെക്കാലം ഇഹലോകസുഖം അനുഭവിച്ചും, അനവധി സജ്ജനങ്ങളെ ഈ സുഖം അനുഭവിപ്പിച്ചും ജീവകാലാവസാനത്തിൽ ദിവ്യദേഹത്തോടുകൂടി വൈകുണ്ഠലോകത്തിലെത്തി. അദ്ദേഹത്തിൻെറ അനുയാത്രികന്മാരായി ബ്രഹ്മാദി സകല ദേവകളും, തുംബുരുനാരദൻ ചിത്രരഥൻ മുതലായ സകല ദിവ്യഗായകന്മാരും കൂടെ ഉണ്ടായിരുന്നു. ആ മഹാ ബ്രാഹ്മണൻെറ വൈകുണ്ഠപ്രവേശമഹോത്സവത്തിൽ വിഷ്ണുഭഗവാൻ അവിടെ ഒരു വലിയ സംഗീതപ്രയോഗം നിശ്ചയിച്ചു. ആ സംഗീതസദസ്സിൽ പ്രധാനഗായകൻ ആ ഉത്തമബ്രാഹ്മണൻതന്നെ അല്ലാതെ മററാരുമായിരുന്നില്ലാ. 'വളരെ ദിവ്യഗായകന്മാർ നിറഞ്ഞിട്ടുള്ള ആ സദസ്സിൽ സാക്ഷാൽ ലക്ഷ്മീഭഗവതിയും എഴുന്നെള്ളി. ആ എഴുന്നെള്ളത്തിൽ അകമ്പടിക്കാരായഹരിക്കാരന്മാർ മുതലായ നിഷ്കണ്ടകപുരുഷന്മാർ ബ്രഹ്മാദി ദേവകളിലും, തുംബുരു നാരദാദികളായ പഴയ ദിവ്യഗായകന്മാരിലും, ആളെ മാററുവാൻ അവക്കുള്ള അധികാരം നിസ്സംശയമായി കാണിച്ചുവെങ്കിലും അതു ഏററവും ഉചിതമാകയാൽ ആക്കും അത്ര വൈമനസ്യമുണ്ടായില്ലാ. പിന്നെ ശ്രീഭഗവതിയുടെ കല്പന പ്രകാരം ദിവ്യഗായകന്മാരിൽ വച്ചു തുംബുരുവിനെ മാത്രം അകത്തേക്കു കൊണ്ടുപോയതു് ഭക്തനാണെന്നും, വീണ എടുത്തവരിൽ ഒന്നാമനാണെന്നും, തുംബുരുവിനേ

ക്കാൾ അധികം സംഗീതവിദഗ്ദ്ധനാണെന്നും മററും അഭിമാനമുള്ള നാരദനു് ഒട്ടും രസമായില്ലെന്നല്ലാ, കോപം വർദ്ധിച്ചു് മൂലം മറ ന്നിട്ടു, ഇങ്ങിനെ പന്തിയിൽ പക്ഷപാതം കാണിച്ചതിനാൽ ശ്രീ ദേവി രാക്ഷസിയായി ഭവിക്കട്ടെ' എന്നു ശപിക്കാൻപോലും അന്നാ രദൻ ഒട്ടും മടിച്ചില്ലാ. ആ ശാപംകൊണ്ടു് മഹർഷിമാരുടെ രക്ത ത്തിൽ മണ്ഡോദരിയുടെ ഗർഭത്തിലുണ്ടായ ലക്ഷ്മിദേവിയാണു് സീ താദേവിയെന്നുള്ള കഥ ഇവിടെ ചുരുക്കുന്നു.

പിന്നെ വിഷ്ണുഭഗവാൻ തന്നെ എഴുന്നള്ളി നാരദനെ നല്ല നല്ല യുക്തികൾ പറഞ്ഞു സമാധാനപ്പെടുത്തിയ കൂട്ടത്തിൽ, "അ ങ്ങേയ്ക്കു് അഭ്യാസവും കേൾവിയും തുംബുരുവിനോളമില്ലാ. മേരു പർവ്വതത്തിന്റെ ഗുഹയിൽ സംഗീതസർവ്വജ്ഞനായ ഒരു ഊമനിരി പ്പുണ്ടു്. അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു നല്ലവണ്ണം അഭ്യസി ക്കൂ" എന്നാൽ പിന്നെ തുംബുരുവിനോടു തുല്യനാകും എന്നു ഉപദേ ശിച്ചുകൊടുത്തു.

നാരദനും അങ്ങിനെതന്നെ ആ ഊമന്റെ അടുക്കൽ ചെന്നു യഥാവിധി വളരെക്കാലമഭ്യസിച്ചു. കൃതാർത്ഥഭാവത്തോടുകൂടി മത്സ രം സഫലീകരിപ്പാൻ തുംബുരുവിന്റെ ആശ്രമത്തിൽ ചെന്നു. അ പ്പോൾ ആ ആശ്രമദ്വാരത്തിൽ കണ്ണില്ലാതെയും, കാതില്ലാതെയും, കയ്യൊടിഞ്ഞും, കാലൊടിഞ്ഞും എന്നുവേണ്ടാ പലമാതിരി അംഗ വൈകല്യമുള്ള സ്ത്രീകളെയും, പുരുഷന്മാരെയും ഷണ്ഡന്മാരെയും കണ്ടിട്ടു 'നിങ്ങളാരാണു്? എന്താണിവിടെ നില്ക്കുന്നതെന്നു' ചോദി ച്ചു. 'ഞങ്ങൾ രാഗപുരുഷന്മാരും, രാഗസ്ത്രീകളും രാഗപുംസകങ്ങ ളുമാണു്" അങ്ങു പാടുമ്പോൾ പതിവായി ഇങ്ങിനെ ഞങ്ങൾക്കു അംഗവൈകല്യം വരികയും, തുംബുരു പാടി അതു തീക്കുകയും പ തിവാണു്. അതുകൊണ്ടു അദ്ദേഹത്തിന്റെ അവസരം കാത്തുനി ല്ക്കുകയാണു എന്നു അവരുടെ മറുപടികേട്ടു മത്സരംവിട്ടു ലജ്ജിച്ചു തുംബുരുവിനെ കാണാതെതന്നെ വിഷ്ണുവിന്റെ അടുക്കൽ പോയി ഈ വിവരം അറിയിച്ചു.

ശ്രീനാരായണനാകട്ടെ, "ഇതുകൊണ്ടുമായില്ലാ. അങ്ങു ഇ നിയും കുറച്ചുകാലം അഭ്യസിക്കണം—ഞാൻതന്നെ അഭ്യസിപ്പി ക്കാം പക്ഷെ അതിനുള്ള യോഗ്യത ഇപ്പൊഴും വന്നുകഴിഞ്ഞിട്ടില്ലാ. അതുകൊണ്ടു പലപല ദിവ്യഗായകന്മാരുടെയും കൂടെ നടന്നു കേ ൾവി നന്നായി സമ്പാദിക്കു—അങ്ങിനെ കുറെ കഴിയട്ടെ പിന്നെ ഞാൻ യദുകുലത്തിൽ ശ്രീകൃഷ്ണനായിട്ടു അവതരിച്ചു ഭൂഭാരം തീർത്തു ദ്വാരകയിൽ വിശ്രമിക്കുന്ന കാലത്തു എന്റെ അടുക്കൽ വന്നു ഈ കഥ ഓർമ്മപ്പെടുത്തു. അന്നു അഭ്യസിപ്പിക്കാം" എന്നു പറഞ്ഞതായ

ച്ചു. പിന്നേയും നാരദൻ ദിവ്യലോകങ്ങളിൽ സഞ്ചരിച്ചു സാമാന്യം കേൾവി സമ്പാദിച്ചു എന്നുള്ള ഭാവത്തോടുകൂടിഭാരതയുദ്ധാദി കോലാഹലം കഴിഞ്ഞതിൻെറശേഷം ശ്രീകൃഷ്ണൻെറ സമീപത്തു ചെന്നു് ഇക്കാൎയ്യം ഓൎമ്മപ്പെടുത്തി. അപ്പോൾ ഭഗവാൻ ജാംബവതിയുടെ അടുക്കൽ ഒരുവർഷം അഭ്യസിച്ചു വരുവാൻ കല്പിച്ചു. അങ്ങിനെ ഒരുവത്സരം കഴിഞ്ഞു ചെന്നപ്പോൾ, ഇനിയൊരു കൊല്ലം സത്യഭാമ അഭ്യസിപ്പിക്കും, എന്നായി. അതുംകഴിച്ചു ചെന്നപ്പോൾ രുഗ്മിണിയുടെ അടുക്കലേക്കുവിട്ടു. അവിടെ ചെന്നപ്പോൾ പാടുന്ന സമയങ്ങളിൽ, നാരദ! 'താളം തെററിയല്ലൊ', അല്ലാ മഹർഷിക്കു രാഗം രൂപമില്ലെന്നുണ്ടോ, എന്നും മററും രുഗ്മിണിയുടെ ശിഷ്യത്തികളുടെ പരിഹാസം കേൾക്കാറായി. എന്നിട്ടു രണ്ടു കൊല്ലം അവിടെ അഭ്യസിച്ചു. പിന്നെ ബാല്യത്തിൽതന്നെ ഓടക്കുഴലിൽ പേരുകേട്ടിട്ടുള്ള സംഗീതസാര സൎവ്വജ്ഞനായ വാസുദേവസ്വാമിയുടെ അടുക്കലും രണ്ടു് ആണ്ടു അഭ്യസിച്ചു. അപ്പോൾ കാമ, ക്രോധ, ലോഭ, മോഹ, മദ, മാത്സൎയ്യാദി സകല ദോഷങ്ങളും നീങ്ങി സംഗീതസ്വരൂപവും നാരദനിൽ വിളങ്ങി. തുംബുരുവിനോടുള്ള മാത്സൎയ്യമശേഷം അടങ്ങി. അൎജ്ജുനൻ മുതലായവർ ഈ മഹർഷിയുടെ പാട്ടുകേട്ടു കൊണ്ടാടിത്തുടങ്ങി. നാരദൻ പിന്നെ ബ്രഹ്മാനന്ദം അനുഭവിച്ചു പണ്ടത്തെ മട്ടൊക്കെ വിട്ടു ജീവന്മുക്തനായിനടന്നും തുടങ്ങി.

ഇങ്ങിനെ അപാരമായിട്ടുള്ള സംഗീതശാസ്ത്രസമുദ്രത്തിൻെറ മറുകര കണ്ടവർ ദിവ്യലോകത്തുതന്നെ ഒന്നോ രണ്ടോ യോഗ്യരേയുള്ളു. ഇനി ഭൂലോകത്തിലെ കഥ പറവാനുണ്ടോ? എന്നാലും ഇപ്പോൾ ഇററലി, ജൎമ്മനി, ഇംഗ്ലണ്ടു് മുതലായ ദ്വീപാന്തരങ്ങളിൽ കാലാവസ്ഥാനുരൂപം ഈ വിദ്യയ്ക്കു പ്രചാരമുണ്ടു്. നമ്മുടെ ഭാരതഖണ്ഡത്തിലും ഉത്തരദേശത്തു നല്ല നടപ്പുണ്ടു്. മഹമ്മദീയന്മാരിലും നല്ല സംഗീതസമൎത്ഥന്മാർ ആ ദിക്കിലുണ്ടെന്നു് കേട്ടിട്ടുണ്ടു്. ദക്ഷിണദേശത്തും 'തഞ്ചാവൂർ ശരഭോജി' രാജാവിൻെറ സംഗീതവിദ്യ പ്രചാരവൈദഗ്ദ്ധ്യം ഇന്നും സ്ത്രീകളിലും പുരുഷന്മാരിലും പ്രതിഫലിച്ചുതന്നെ കിടക്കുന്നു. മലയാളത്തിൽ വച്ചു തിരുവനന്തപുരത്താണു അധികം ഈ വിഷയത്തിൽ വിദഗ്ദ്ധന്മാരുള്ളതു്.

൧൦൨൨-ാമാണ്ടു് നാടുനീങ്ങിയ മഹാരാജാവിൻെറ സംഗീതപ്രിയതയാണു് ഇതിനെ ഇങ്ങനെ രക്ഷിച്ചതെന്നു് നിസ്സംശയം പറയാവുന്നതാണു്.

ഇനി കൊച്ചിശ്ശീമയിലെ സ്ഥിതി ആലോചിക്കുന്നതായാൽ തൃശ്ശിവപേരൂരാണു് ഉള്ളതിൽ വച്ചുഭേദം. ഇവിടെ വിദഗ്ദ്ധയുവ

തികളാണ് ഒരം വിദ്യയിൽ പേരുനേടിയവരുള്ളത്, എന്നതുകൊണ്ടു യന്ത്രവും കണ്ഠവും യോജിപ്പിച്ചുപാടി, കേൾക്കുന്നവരെ മോഹിപ്പിക്കുവാൻ ഇവർക്ക് പ്രയാസമില്ലെന്ന് പലക്കും അനുഭവംവന്നിട്ടുള്ളതാണല്ലോ.

മലയാളത്തിൽ ഈ സംഗീതം നാടനെന്നും ദേശികമെന്നും രണ്ടുമാതിരി നടപ്പുണ്ട്. അതിൽ 'നാടൻ' ആട്ടക്കഥകളിലും, തിരുവാതിരക്കളികളിലും മററുമാണ് നടപ്പുള്ളത്.

ഓരോരസങ്ങൾക്ക ഓരോജാതിരാഗങ്ങൾയോജിക്കും. ശൃംഗാരത്തിന്ന് തോടി, കാമോദരി, മുതലായതും വീരത്തിനു ഭൈരവി തുടങ്ങിയതും, കരുണത്തിന്ന് അനന്ദഭൈരവിപ്രഭൃതിയും അത്ഭുതത്തിനു നവരസം മുതലായതും ഹാസ്യത്തിന്നു പന്തുവരാളി തുടങ്ങിയതും ഭയാനകത്തിന്ന് നാഥനാമക്രിയാദിയും ബീഭത്സത്തിന്ന് ആഠാണപ്രഭൃതിയും രൌദ്രത്തിന്ന് ആഹരിതുടങ്ങിയതും ശാന്തത്തിന്നു മോഹനം മുതലായതും അധികം അനുരൂപങ്ങളാണെന്ന് അനുഭവേ രസികന്മാക്ക് അറിയാവുന്നതാണല്ലോ.

നാടന്മാതിരിയേക്കാൾ 'ദേശിക' മാതിരിയാണ് അധികംരസംകൊടുക്കുന്നത്. അയതുകൊണ്ട് നാടകാഭിനയാദികളിൽ ദേശികവഴിക്ക് അതാതുരസങ്ങൾക്ക് അനുരൂപങ്ങളായ രാഗങ്ങളെ ഉപയോഗിക്കുന്നതായാൽ പിന്നത്തെക്കഥ പറയേണ്ടതില്ലല്ലോ.

വിസ്താരഭയംകൊണ്ട് എല്ലാം ചുരുക്കിപ്പിടിച്ചിട്ടുള്ള ഈ പ്രസംഗം അവസാനിപ്പിച്ചു കൊള്ളുന്നു.

വാണീനാരദമുഖസുര
വീണക്കാർകളുടെ ഗാനരംഗത്തിൽ
ചേണാന്നരുദ്ര നടനം
കാണുംകല്യാണിഗൌരിതുണചെയ്ക.

# ൬൧. ഭൂകമ്പം.

മലയാളത്തിൽ ഭൂകമ്പം വളരെ അപൂർവ്വവും വളരെക്കാലത്തിനിടയ്ക്കു് ഉണ്ടായിട്ടുള്ള ഭൂകമ്പങ്ങൾ എല്ലായിടത്തും ഒരുപോലെ വ്യാപിക്കാത്തവയും ആകകൊണ്ടു് അതിൻെറ സ്വഭാവം അനുഭവിച്ചറിഞ്ഞിട്ടുള്ളവർ മലയാളികളുടെ ഇടയിൽ വളരെ ചുരുക്കമായിരിക്കും. ൧൦൭൦-ൽ കോഴിക്കോട്ടും അതിൻെറ സമീപ ദേശങ്ങളിലും ഒരു ഭൂകമ്പമുണ്ടായി. അന്നു് ഇതെഴുതുന്നയാൾ അവിടെയുണ്ടായിരുന്നു. രാവിലെ എഴുന്നേററു് കിടക്കയിൽ ഇരുന്നു, കണ്ണുതുറക്കുമ്പോൾ ശരീരവും ഇരിക്കുന്നടവും മററുമെല്ലാം മന്ദമായി ചലിയ്ക്കുന്നതുപോലെ തോന്നി. ആ ചലനം രണ്ടു മിനിട്ടുനേരം നിലനിന്നു. തലതിരിച്ചൽ കൊണ്ടുണ്ടായ ഭ്രാന്തിയാണെന്നാകുന്നു ആദ്യം വിചാരിച്ചതു്. കുറച്ചുകഴിഞ്ഞപ്പോളെ ഭൂകമ്പം എന്നുള്ള ജ്ഞാനം ഉണ്ടായുള്ളൂ.

സാധാരണഭൂകമ്പങ്ങളെല്ലാം ഇങ്ങിനെ ഉപായത്തിൽ പോകുന്നവയല്ലാ. ചിലദിക്കുകളിൽ ഭൂകമ്പങ്ങൾ കൂടക്കൂടെ ഉണ്ടാകുമെന്നുതന്നെയല്ലാ, ഉണ്ടാകുന്നതെല്ലാം വളരെ ഉഗ്രമായും ഇരിക്കും. ഇവയുടെ ആധിക്യവും തീക്ഷ്ണതയും ജപ്പാൻ എന്ന രാജ്യത്തുള്ളതുപോലെ മററധികം സ്ഥലങ്ങളിലില്ലാ. ൧൮൯൧-ൽ അവിടെ പത്തൊമ്പതുപ്രാവശ്യം ഭൂകമ്പം ഉണ്ടായിപോൽ. അവ വളരെ നാശകരമായിരുന്നുഎങ്കിലും ൯൧-ാമാണ്ടു് അക്ടോബർമാസത്തിൽ ഉണ്ടായതിനോടൊത്തുനോക്കുമ്പോൾ മറെറതെല്ലാം വളരെ നിസ്സാരമെന്നുതന്നെപറയാം. ഇരുപത്തയ്യായിരം ചതുരശ്രമൈതസ് വിസ്താരത്തിന്നുള്ളിലെല്ലാം ഉറപ്പില്ലാത്ത ഭവനങ്ങൾ ഇടിഞ്ഞു വീഴത്തക്കവിധത്തിൽ ഇളക്കമുണ്ടായി. ഇതിൻെറ മദ്ധ്യഭാഗത്തിൽ ഏകദേശം നാലായിരം ചതുരശ്രമൈതസ് വിസ്താരമുള്ള ദിക്കുകളിലുണ്ടായ ചലനം വിശേഷിച്ചും ഭയങ്കരമായിരുന്നു. അധികം പൊക്കമുള്ള കെട്ടിടങ്ങൾ, എല്ലാം, പൊക്കം കുറഞ്ഞവയിൽ ഉറപ്പില്ലാത്ത കെട്ടിടങ്ങൾ; പാലങ്ങൾ, അണകൾ മുതലായവ ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും അതിനാൽ അസംഖ്യം ജനങ്ങൾ മരിക്കുകയും ചെയ്തു. ഏകദേശം തിരുവിതാംകൂർ രാജ്യത്തോളം വലുതായ ഒരു ഭൂഭാഗത്തിലാണു് ഇത്രയും നാശമുണ്ടായതു് എന്നുകൂടി ഓ

ത്താൽ പ്രകൃതഭൂകമ്പത്തിൻെറ ഭയങ്കരസ്വഭാവം കുറേക്കൂടി സ്പഷ്ടമാകുന്നതാണ്.

ഈ ഭയങ്കരമായ സംഭവത്തിൻെറ കാരണമെന്താണെന്നു് അറിയുന്നതിൽ വായനക്കാൎക്കു് രസമില്ലാതിരിക്കയില്ലെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അതുണ്ടാകുന്നതു എങ്ങിനെ എന്നു് അനുഭവംകൊണ്ടു് തെളിയിപ്പാൻ മാൎഗ്ഗമില്ലാ. സാദൃശ്യംകൊണ്ടും യുക്തികൊണ്ടും അനുമിപ്പാനേ തരമുള്ളു. ഈ വിഷയം നല്ലവണ്ണം മനസ്സിലാകുന്നതിനു് ഭൂമി നാരങ്ങപോലെ ഒരു ഗോളമാണെന്നും അതിൻെറ ചുററളവു് ഇരുപത്തയ്യായിരം നാഴികയും വ്യാസദൈൎഘ്യം എണ്ണായിരം നാഴികയും ആണെന്നു നന്നായി ഓൎമ്മവയ്ക്കേണ്ടതാണു്.

ഭൂമിയുടെ മേൽഭാഗംമുഴുവൻ മണ്ണും വെള്ളവും ആണല്ലോ. ഭൂമി ഒരുനാഴികയോളം മനുഷ്യർ കിളച്ചുതാഴ്ത്തീട്ടുണ്ടു് അതുവരെ ഈ ബഹിൎഭാഗത്തിൽ കാണുന്ന ഒരു സ്വഭാവത്തിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടു കണ്ടിട്ടില്ലാ. എന്നാൽ ഉള്ളിലേയ്ക്കു പോകുംതോറും ചൂടുമാത്രം അധികമായി കാണുന്നുണ്ടു്. അയ്യായിരത്തിലധികംകോൽ താഴ്ചയുള്ള കുഴൽക്കിണറുകളിൽനിന്നു് വരുന്ന ജലം മന്ദോഷ്ണമായി കാണുന്നു. അതുപോലെ തന്നെ രണ്ടായിരം കോൽ താഴ്ത്തീട്ടുള്ള കൽക്കരി എടുക്കുന്ന ആകരങ്ങളിൽ ബഹിൎഭാഗത്തിലുള്ളതിനേക്കാൾ ചൂടു വളരെ അധികമുണ്ടെന്നു് അനുഭവസിദ്ധമാണ്. ഇങ്ങിനെ ഉള്ളിലേയ്ക്കുപോകുന്തോറും ചൂടുവൎദ്ധിച്ചു വരികയാണെങ്കിൽ ഭൂമിയുടെ സ്വഭാവത്തിനും വളരെ വ്യത്യാസം ഉണ്ടാകാതിരിപ്പാൻ പാടില്ലാ. മുപ്പതു നാല്പതുനാഴികയ്ക്കധികം ഉള്ളിലേയ്ക്കു പോയാൽ അവിടെയെല്ലാം അഗ്നിമയമായി കാണുമെന്നുവിചാരിപ്പാൻ മാൎഗ്ഗമുണ്ടു്. ലോഹങ്ങളുംമററും ഉരുകി കുഴമ്പായിജ്വലിച്ചു കിടക്കുകയാണെന്നാകുന്നു ശാസ്ത്രജ്ഞന്മാരുടെ ഊഹം.

എന്തെങ്കിലും ഒരു വസ്തുവിൻെറ അന്തൎഭാഗത്തിൽ ചൂടുള്ള വല്ല സാധനവും ഉണ്ടെങ്കിൽ ആ ചൂടു് എന്നെന്നും അവിടെ നില്ക്കുകയല്ലാചെയ്യുന്നതു്. അതു് പുറത്തേയ്ക്കു് പുറപ്പെടുകയും ക്രമേണ ബഹിൎഭാഗത്തിലെല്ലാം വ്യാപിക്കുകയും ബഹിൎഭാഗത്തുനിന്നു് അനന്തമായ ആകാശത്തിൽ പ്രസരിക്കുകയും ചെയ്തു്, സൂൎയ്യരശ്മിയിൽ ലയിച്ചുപോകുന്നു. ഇങ്ങിനെയുള്ള ഉഷ്ണപ്രസരത്തിൽ ആ സാധനത്തിൻെറ ബഹിൎഭാഗത്തിൽ എല്ലാസമയവും ചൂടുണ്ടായിരിക്കും. എന്നാൽ അന്തൎഭാഗത്തിലേയ്ക്കു് വരുന്തോറും ചൂടു വൎദ്ധിച്ചും ഇരിക്കും. ഇതുപോലെ തന്നെ എല്ലായ്പ്പോഴും ഭൂമിയുടെ അന്തൎഭാഗത്തു

ന്നിന്നു ബഹിർഭാഗത്തേയ്ക്കും ബഹിർഭാഗത്തുനിന്നു ആകാശത്തിലേയ്ക്കും ഉഷ്ണം പ്രസരിച്ചുകൊണ്ടിരിക്കയാണു് ചെയ്യുന്നതു്.

മേൽ കാണിച്ച ഊഹങ്ങളും അനുമാനങ്ങളും ശരിയാണെങ്കിൽ ഭൂകമ്പത്തിൻെറ കാരണം സ്പഷ്ടമാണു്. സാധാരണയായി ഉഷ്ണം വസ്തുക്കളെ വലുതാക്കുകയും, ശീതം ചെറുതാക്കുകയും ചെയ്യുന്നതു് അനുഭവസിദ്ധമാണല്ലോ. ഒരു ദ്വാരത്തിൽക്കൂടി തിക്കിക്കടത്താവുന്ന ഒരു ഇരിമ്പുപടി നല്ലവണ്ണം ചൂടുപിടിപ്പിച്ചാൽ ആ ദ്വാരത്തിൽക്കൂടി കടത്തുവാൻ പാടില്ലാത്തവിധത്തിൽ വണ്ണംവയ്ക്കും. വണ്ടി ചക്രത്തിൻെറ പട്ട ഇറക്കുന്നതു വായനക്കാരിൽ പലരും കണ്ടിട്ടുണ്ടായിരിക്കാം. പട്ട നല്ലവണ്ണം പഴുപ്പിച്ചാണു് ഇറക്കുന്നതു്. പിന്നെ അതുതണുക്കുമ്പോൾ ഊരിപ്പോകാത്തവിധത്തിൽ കുടുങ്ങിയിരിക്കും. അതുപോലെതന്നെ ഭൂമിയുടെ ഉൾഭാഗത്തുനിന്നു് എല്ലായ്പ്പൊഴും ഉഷ്ണം പോയിക്കൊണ്ടിരിക്കുമ്പോൾ ചില ഭാഗങ്ങൾക്രമേണ തണുത്തുവരികയും അങ്ങിനെ തണുക്കുമ്പോൾ ഒരുദിവസംആ ഭാഗങ്ങളിൽ പെട്ടെന്നു സങ്കോചം ഉണ്ടാവുകയും ചെയ്യുന്നതാണു്. ഉൾഭാഗത്തിൽ ഒരേടത്തു സങ്കോചമുണ്ടാകുമ്പോൾ അതിന്നുനേരെ മേലെയുള്ള ഭാഗങ്ങൾക്കു ഒരു ചലനം ഉണ്ടാകുന്നതാണല്ലോ. ആ ചലനം ആകുന്നു ഭൂകമ്പംഎന്നു് പറയപ്പെടുന്നതു്. സങ്കോചത്തിൻെറ അവസ്ഥപോലെ ഇരിക്കും ഭൂകമ്പത്തിൻെറ ഗൌരവം. കുറച്ചുഭാഗംമാത്രം ചുരുങ്ങിയാൽ ഭൂകമ്പം വളരെ ഉപായമായി കുറച്ചു ഭാഗത്തുമാത്രമേ ഉണ്ടാകയുള്ളു. സങ്കോചം അധികഭാഗത്തിൽ നല്ലവണ്ണം ഉണ്ടായാലാണു് ൯൧-ൽ ജപ്പാനിൽ ഉണ്ടായതുപോലെയുള്ള ഭൂകമ്പം ഉണ്ടാകുന്നതു്. ഈ ചലനം എപ്പോൾ ഏതുദിക്കിൽ ഉണ്ടാകുമെന്നു് കാലെ അറിയുവാൻ ഒരു നിവൃത്തിയുമില്ല. ചില രാജ്യങ്ങളിൽ വളരെക്കാലം ഭൂകമ്പം ഇല്ലാതെ ഇരിക്കുകയും മററുചില രാജ്യങ്ങളിൽ അതുക്കൂടക്കൂടെ ഉണ്ടാകുകയും ചെയ്യുന്നതിനുള്ള കാരണം എന്തെന്നു് ഊഹിപ്പാൻ വഴി ഇതുവരെ കണ്ടുപിടിച്ചിട്ടില്ല.

ഭൂമിയുടെ അന്തർഭാഗത്തിലുള്ള അഗ്നിജ്വലനം ബഹിർഭാഗത്തുണ്ടാകുന്ന മററു ചില അത്ഭുതസംഭവങ്ങൾക്കും കാരണമാകുന്നുണ്ടു്. ചില ഭാഗങ്ങളെ സമുദ്രം വന്നുമൂടിയതായും ചില ദിക്കുകളിൽ സമുദ്രം പിൻവാങ്ങി ഭൂമിപൊങ്ങിയതായും കേൾവിയുണ്ടല്ലോ. ഠരം സംഭവങ്ങൾ ഭൂകമ്പംപോലെതന്നെ അന്തരഗ്നിജ്വലനംകൊണ്ടുണ്ടാകുന്ന ചേഷ്ടകളാണെന്നു സ്പഷ്ടമായി ഊഹിപ്പാൻവഴിയുള്ളതാണു്. സമുദ്രത്തിനു സമീപത്തിലുള്ള ഭൂമി ഇടുങ്ങുമ്പോൾ

ആ ഭാഗത്തെ സമുദ്രംവന്നു് ആക്രമിക്കുകയും ഉള്ളിലുള്ള അഗ്നിയുടെ ശക്തികൊണ്ടു് സമുദ്രത്തിന്റെ അടിയിലുള്ള ഭൂമി എകന്നു ജലനിരപ്പിന്റെ മേലെ ആകയും ചെയ്യുന്നതിനാലാകുന്നു ഈ സംഭവം ഉണ്ടാകുന്നതു്. കേരളം സമുദ്രത്തിന്റെ കീഴിൽ കിടന്നിരുന്ന ഭൂമിയാണെന്നും അന്തരഗ്നിയുടെ ചേഷ്ടകൊണ്ടു രണ്ടുനാലായിരം കൊല്ലത്തിനു മുൻപായി സമുദ്രം പിൻവാങ്ങി കരവച്ചതാണെന്നും സ്പഷ്ടമായി കാണ്മാനുണ്ടെന്നു് ഭൂപ്രകൃതിവിജ്ഞന്മാർ പറയുന്നു. ഭൂമിയിൽ ചില ദിക്കുകളിൽ അഗ്നിപർവ്വതങ്ങളുണ്ടെന്നു് വായനക്കാർ കേട്ടിട്ടുണ്ടായിരിക്കാം. അഗ്നിപർവ്വതമെന്നു് പറയുന്നതു് ബഹിർഭാഗത്തുള്ള വൃക്ഷങ്ങളും മററും തീപ്പിടിച്ചു കത്തുന്ന പർവ്വതമല്ല. ഭൂമിയുടെ ഒരു ഭാഗം പെട്ടെന്നു് പൊട്ടിത്തുറന്നു വളരെ മഹത്തായ ഒരു അഗ്നിജ്വാല പുറത്തുകാണുന്നതിനെയാകുന്നു അഗ്നിപർവ്വതമെന്നുപറയുന്നതു്. അങ്ങിനെ പൊട്ടിത്തുറക്കുമ്പോളുണ്ടാകുന്ന ദ്വാരത്തിൽ നിന്നു പുറപ്പെടുന്ന ദ്രവവും മററും അഗ്നിപർവ്വതത്തിന്റെ നാലുപുറത്തും വ്യാപിക്കുന്നതിനാൽ വളരെ നാശം സംഭവിക്കാവുന്നതാണു്. യൂറോപ്പിൽ ഇററലി എന്ന രാജ്യത്തു ഇങ്ങിനെ ഒരു അഗ്നിപർവ്വതത്തിന്റെ പൊട്ടൽ ഉണ്ടായതോടുകൂടി ചുററുമുള്ള നാടെല്ലാം മണ്ണുകൊണ്ടും വെണ്ണീറുകൊണ്ടും മററും മൂടി വലുതായ രണ്ടു പട്ടണങ്ങളും വളരെ ഗ്രാമങ്ങളും അതിലുള്ള ജനങ്ങളും തീരെ നശിച്ചുപോയി. ഭൂമിയുടെ അന്തർഭാഗത്തുള്ള ചൂടുകൊണ്ടാണു് അഗ്നിപർവ്വതമുണ്ടാകുന്നതെന്നു പറഞ്ഞുവല്ലോ. ഇങ്ങിനെ പൊടുന്നനെ അഗ്നിപർവ്വതം പൊട്ടുന്നതു് അന്തർഭാഗത്തിൽ മഹത്തായ ചൂടുണ്ടെന്നുള്ളതിനും ഒരു തെളിവാണു്. അഗ്നിജ്വാലയിൽ കൂടിവരുന്ന പദാർത്ഥങ്ങളെ പരിശോധിച്ചു നോക്കിയതിൽ നിന്നാണു് ഭൂമിയുടെ അന്തർഭാഗത്തിൽ ലോഹങ്ങളും മററും ഉരുകി കുഴമ്പായി ജ്വലിച്ചു കിടക്കുകയാണെന്നു ഊഹിക്കുന്നതെന്നുള്ളതിന്നു വേറെ ഒരു തെളിവുകൂടിയുണ്ടു്. ഭൂമിയിൽ ചില ഭാഗങ്ങളിൽ ഉഷ്ണജലപ്രവാഹം കാണ്മാനുണ്ടു്. ഭൂമി പൊട്ടിത്തുറന്നു് അഗ്നിപർവ്വതം പുറപ്പെടുന്നതുപോലെ ഉറവായി വെള്ളംവളരെ പൊക്കത്തിൽ പുറത്തേക്കു ചാട്ടുന്നു. ആ വെള്ളം സാധാരണ തിളച്ച വെള്ളംപോലെ ചൂടുള്ളതായി കാണുന്നതു ഭൂമിയുടെഅന്തർഭാഗത്തിൽ ചൂടുണ്ടെന്നുള്ളതിന്നു വളരെ പ്രബലമായ തെളിവാണല്ലോ.

# ൩൨. കച്ചവടം.

---

ധനശാസ്ത്രത്തിൻെറ പ്രധാനാംഗങ്ങളായ ധനോല്പാദനവിനിമയവ്യംശനങ്ങളെക്കുറിച്ച് സംക്ഷേപമായി ഇതിനുമുമ്പു പ്രസ്താവിച്ചു കഴിഞ്ഞുവല്ലൊ. ഈ ശാസ്ത്രത്തിൽ ഉൾപ്പെടേണ്ടവയായി വേറേ ചില സംഗതികൾകൂടെയുണ്ട്. അവ അന്യരാജ്യക്കാരോട്ട് കൂടിയുള്ള ക്രയവിക്രയവും രാജാവ് കച്ചവടക്കാർ മുതലായവരുടെ നാണ്യവും നികുതിപിരിക്കുന്നതിൻെറയും ചിലവുചെയ്യുന്നതിൻെറയും ക്രമങ്ങളും ആകുന്നു. ഇതുകൾ സൂക്ഷ്മത്തിൽ ധനവിനിമയഘട്ടത്തിൽ വരേണ്ടതാണ് എന്നാൽ അങ്ങിനെ ചെയ്യുന്നതുകൊണ്ട് ആ ഘട്ടത്തിന് അധികവിസ്താരവും അതിനാൽ വായനക്കാൎക്ക് മുഷിച്ചലും വരുമെന്ന് ശങ്കിച്ചു ആ സംഗതികളെ ധനശാസ്ത്രത്തിൻെറ ഒരു അനുബന്ധമായി ചേൎക്കുന്നു. അതിൽ ആദ്യത്തെ സംഗതിയെക്കുറിച്ചാണ് ഇവിടെ പ്രസ്താവിക്കുന്നത്.

കച്ചവടം സ്വദേശീയമെന്നും, വിദേശീയമെന്നും രണ്ടുപ്രകാരത്തിലുണ്ട്. ഒരു രാജ്യത്തിലുണ്ടാകുന്ന പദാൎത്ഥങ്ങളെ അവിടെയുള്ളവർ തമ്മിൽതന്നെ ക്രയവിക്രയം ചെയ്യുന്നത് സ്വദേശീയവാണിജ്യവും മററു രാജ്യക്കാരുമായ ക്രയവിക്രയം ചെയ്യുന്നത് വിദേശീയവാണിജ്യവും ആകുന്നു. ഇതിൽ സ്വദേശീയവാണിജ്യത്തെക്കുറിച്ചു ധനവിനിമയഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. വിദേശീയവാണിജ്യം രണ്ടുസമ്പ്രദായത്തിലാണ് ഇപ്പോൾ നടന്നുവരുന്നത്. ചില രാജ്യങ്ങളിൽ നിന്നും കൊണ്ടുവരുന്ന ചരക്കുകൾക്ക് ചുങ്കമുണ്ട്. മററുരാജ്യങ്ങളിൽ അതില്ല. ഈ ചുങ്കം പിരിക്കുന്നതിൻെറ ഒരുദ്ദേശം സൎക്കാരിലേക്കുള്ള മുതലെടുപ്പാണെങ്കിലും പ്രധാനമായ ഉദ്ദേശം ആ രാജ്യത്തിലുള്ള മുതലാളന്മാരേയും വേലക്കാരേയും സഹായിക്കുകയാകുന്നു. ഒരു രാജ്യത്തു് ഒരു സാധനമുണ്ടാക്കുന്നതിന്ന് സൌകൎയ്യം അധികമുണ്ടെങ്കിൽ ആ രാജ്യക്കാൎക്ക് അതിന് സൌകൎയ്യം കുറവായ രാജ്യത്തുണ്ടാക്കുന്നതിനേക്കാൾ ചുരുങ്ങിയവിലയ്ക്കു് വില്ക്കാവുന്നതാണ്. അങ്ങിനെയാകുമ്പോൾ ആ മററുരാജ്യങ്ങളിൽ ആ സാധനമുണ്ടാക്കുന്നതിൽ ഏൎപ്പെട്ടിരിക്കുന്ന മുതലാളന്മാൎക്കും വേലക്കാൎക്കും നഷ്ടത്തിന് ഇടയുണ്ടാകും. അതിനെ പ്രതികരിപ്പാനാണ് ഈ ചുങ്കം ഏൎപ്പെടുത്തിയിരിക്കുന്നത്. ആ ചുങ്കത്തോ

ട്ട കൂട്ടുമ്പോൾ എല്ലാ രാജ്യക്കാരുണ്ടാക്കുന്നതിന്റെയും വില ഏറെക്കുറെ ശരിയാകും. ഈ പറഞ്ഞത് വിശദമാകുന്നതിന് ഒരുദാഹരണം പറയാം. ബ്രിട്ടീഷ് മലയാളത്തിൽ ജനങ്ങളുടെ ഉത്സാഹംകൊണ്ടോ, സാമൎത്ഥ്യംകൊണ്ടോ, മണ്ണിന്റെ ഗുണംകൊണ്ടോ കൊച്ചിയിൽ ഉണ്ടാവുന്നതിലധികം കുരുമുളകുണ്ടാകുന്നുണ്ട്. അതുകൊണ്ട് അവിടെ കുരുമുളകിന്റെ വില കൊച്ചിയിലുണ്ടാകുന്നതിനേക്കാൾ കുറവായിരിക്കണം. അത് യാതൊരു പ്രതിബന്ധവുംകൂടാതെ കൊച്ചിക്ക് കൊണ്ടുവരാമെങ്കിൽ കൊച്ചിയിൽ കുരുമുളക് കൃഷിചെയ്യുന്നവൎക്ക് ദോഷമായിത്തീരും. മലയാളത്തിൽനിന്നും കൊണ്ടുവരുന്നതിനെ ഇവിടെ പറയ്ക്ക് അഞ്ചുറുപ്പികയായിവിററാൽ മുതലാകുമെന്നും ഇവിടെ ഉണ്ടാകുന്നത് ആറുറുപ്പികയായിവിററാലെ മുതലാവൂ എന്നും ഇരിക്കട്ടെ. അഞ്ചുറുപ്പികയ്ക്കുകിട്ടുമ്പോൾ സ്വദേശാഭിമാനംകൊണ്ട് ആറുറുപ്പികകൊടുത്ത് വാങ്ങുന്നജനങ്ങൾ ഉണ്ടാകുമെന്ന് തോന്നുന്നില്ല. അപ്പോൾ ഇവിടെ ഉണ്ടാകുന്നതിനേയും അഞ്ചുറുപ്പികയ്ക്ക് വില്ക്കേണ്ടിവരികയും അതിനാൽ നഷ്ടത്തിനിടയാകയും ചെയ്യുന്നു. ഇങ്ങിനെ ഇരിക്കുമ്പോൾ മലയാളത്തിൽനിന്നും വരുന്നമുളകിന് കൊച്ചീസൎക്കാരിൽനിന്ന് പറയ്ക്ക് ഒരുറുപ്പികവീതം ചുങ്കംനിശ്ചയിച്ചാൽ ഇവിടത്തെ മുളകു കൃഷിക്കാൎക്ക് ഒരു രക്ഷയായല്ലോ. ഇങ്ങിനെ അതാതുരാജ്യത്തുള്ള വ്യവസായികളെ സഹായിക്കുന്നതിന് സൎക്കാരിൽനിന്നും ചുങ്കംപിരിച്ചുവരുന്ന കച്ചവടത്തിന്ന് രക്ഷിതവാണിജ്യമെന്നും മററതിന് അരക്ഷിതവാണിജ്യമെന്നും പേരാകുന്നു.

രക്ഷിതവാണിജ്യം ഉപയുക്തസാധനങ്ങളുടെ ഉൽപാദകന്മാൎക്ക് ഗുണകരമാണെങ്കിലും ജനസമുദായത്തിന് ദോഷകരമായിട്ടുള്ളതാണ്. കുരുമുളകിന് കൊച്ചീരാജ്യത്ത് ചുങ്കം നിശ്ചയിക്കുന്നതുകൊണ്ട് അവിടെയുള്ള കുരുമുളകു കൃഷിക്കാൎക്ക് ഗുണമുണ്ടാകുമെന്ന് നിശ്ചയംതന്നെ. എന്നാൽ അവിടെ കുരുമുളകിന് ആവശ്യമുള്ളവൎക്കെല്ലാം കുറച്ച് ജനങ്ങളുടെ ആദായത്തിനുവേണ്ടി പറയ്ക്ക് ഒരു ഉറുപ്പികവീതം വെറുതെ അധികച്ചിലവ് ചെയ്യേണ്ടതാണല്ലോ. അതുപോലെതന്നെ അന്യരാജ്യത്തുനിന്നുവരുന്നഎല്ലാസാധനങ്ങൾക്കും ചുങ്കംനിശ്ചയിച്ചാൽ സാധാരണജനങ്ങൾക്ക് ദിവസവൃത്തിക്ക് ചിലവുകൂടിവരുന്നതാണ്. എന്നാൽ ഉല്പാദകന്മാൎക്കുള്ള ദോഷം താൽക്കാലികവും സ്ഥായിയായിനില്ക്കാത്തതുമാകുന്നു. കുരുമുളകുകൃഷിക്കാർ അവരുടെ പരിശ്രമം ആദായമില്ലാത്തതാണെന്ന് കാണുമ്പോൾ അതിൽ നിന്നു പിൻവാങ്ങി ആദായമുള്ള പരിശ്രമത്തിൽ

പ്രവേശിക്കുമെന്നു് നിശ്ചയമല്ലേ? ഒരു പരിശ്രമം സഫലതെ ആദായമുള്ളതാകേണമെങ്കിൽ അതിന്നു് ആ ദിക്കിൽ പ്രത്യേകസൌകൎയ്യമുണ്ടായിരിക്കണം. അങ്ങിനെയാകുമ്പോൾ ഓരോരാജ്യത്തുള്ള ജനങ്ങൾ അതാതുരാജ്യത്തെ ഉല്പാദനത്തിന്നു് എല്ലാംകൊണ്ടും സൌകൎയ്യമുള്ള പദാൎത്ഥങ്ങളെ മാത്രമുണ്ടാക്കും. അപ്പോൾ എല്ലാരാജ്യങ്ങളിലുമുള്ള ജനങ്ങൾക്കു് ഒരുപോലെഗുണം സിദ്ധിക്കുന്നതാണു്. പ്രയത്നവിഭജനം ധനോല്പാദനത്തിന്നു് ഒരു പ്രധാനകാരണമാണെന്നു് ഇതിന്നുമുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. അരക്ഷിതവാണിജ്യം ഈ പ്രയത്നവിഭജനത്തെ ഉണ്ടാക്കുന്നതാണു്. ഒരു കസാലപണിയുമ്പോൾ കടച്ചിൽപണി, ചെത്തുപണി, ചൂരലിടുക, മുതലായതിൽ ഓരോന്നിന്നു് പ്രത്യേകവാസനയും പരിചയവും ഉള്ളവർ അതാതു പണിചെയ്യുന്നതായാൽ ആ കസാല ഉണ്ടാക്കുന്നതിന്നു് വളരെ സൌകൎയ്യവും വേഗവും ഉണ്ടാകുന്നതുപോലെയും കൃഷിക്കാർ മറെറാരുപണിനോക്കാതെ കൃഷിപ്പണിയിൽതന്നെ പരിശ്രമിക്കുകയും ചക്കാന്മാർ എണ്ണആട്ടുന്നതിൽമാത്രം ശ്രദ്ധ വയ്ക്കുകയും നെയ്ത്തുകാർ അവരുടെ വേലയിൽതന്നെ മനസ്സുവയ്ക്കുകയും മററും ചെയ്താൽ അതാതുവേലസുകരവും ഫലവത്തുമായി തീരുന്നതുപോലെയും ഓരോരാജ്യങ്ങളിലുള്ളവർ അതാതു രാജ്യത്തു് ഉല്പാദനസൌകൎയ്യമുള്ള പദാൎത്ഥങ്ങളെമാത്രം ഉണ്ടാക്കുന്നതിൽ പ്രവേശിച്ചാൽ ഭൂമിയിൽ എല്ലാം അധികമായ ധനോല്പാദനത്തിനും ജനസമുദായത്തിന്നു് ക്ഷേമത്തിനും കാരണമാകുന്നതാണു്. അതുകൊണ്ടു് എല്ലാരാജ്യങ്ങളിലും കച്ചവടത്തിനു് ചുങ്കംമുതലായ ബാധകൾ ഇല്ലാതാക്കുന്നതിനാൽ ഭൂമിയിൽ ധനോല്പാദനവും എല്ലാനാട്ടുകാൎക്കും ജീവനസൌകൎയ്യവും വൎദ്ധിക്കുന്നതാണു് എന്നിരിക്കെ തൽക്കാലികമായി ഓരോരുത്തൎക്കുണ്ടാകുന്ന ദോഷങ്ങളെ നിസ്സാരങ്ങളായിട്ടല്ലേ ഗണിക്കേണ്ടതു്?

കച്ചവടം ഒരുരാജ്യത്തിൻെറ അഭിവൃദ്ധിക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നാകുന്നു. കച്ചവടംകൊണ്ടു് അന്യരാജ്യങ്ങളിൽമാത്രമുണ്ടാകുന്നതും നമുക്കു അവശ്യമുള്ളതുമായ സാധനങ്ങളെ ധാരാളമായി നമുക്കു് കിട്ടുന്നതാണെന്നുള്ള ഒരു പ്രയോജനത്തെ മാത്രമെ സാധാരണജനങ്ങൾ ധരിച്ചിട്ടുള്ളു. എന്നാൽ അതിന്നു് ഇതിൽ വലുതായ അനേകഗുണങ്ങൾ ഉണ്ടു്. അവയിൽ ൟ ശാസ്ത്രത്തിൽ പ്രധാനമായി പറയേണ്ടതു് കച്ചവടത്തിൻെറ ധനോല്പാദകശക്തിയാകുന്നു. ചുങ്കം മുതലായ ബാധകൾകൂടാതെ പല രാജ്യങ്ങൾ തമ്മിൽ ക്രയവിക്രയം നടത്തുന്നതായാൽ ഓരോ രാജ്യങ്ങളിൽ

ഉൽപാദനത്തിന് പ്രത്യേക സൌകൎയ്യമുള്ള സാധനങ്ങളെ മാത്രമെ ഉണ്ടാക്കയുള്ളു. അങ്ങിനെയാകുമ്പോൾ എല്ലാ ഉപയുക്തസാധനങ്ങളുടേയും ഉൽപാദനം വൎദ്ധിച്ചുവരികയും ഉൽപാദനവ്യയം കുറഞ്ഞു വരികയും അതുനിമിത്തം ലോകത്തിലുള്ള ധനം അധികമായി വരികയും ചെയ്യുന്നതാണല്ലൊ. ഇതുകൂടാതെ കച്ചവടവഴിക്ക് പല രാജ്യക്കാർ തമ്മിലുണ്ടാകുന്ന സമ്മേളനംകൊണ്ട് അവർ തമ്മിൽ ഐകമത്യവും പലപ്രകാരത്തിലുള്ള പരിഷ്കാരവും വൎദ്ധിക്കുകയും കലഹങ്ങളും മററും കുറയുകയും ചെയ്യുന്നതാണ്. ഈ സംഗതികളെക്കുറിച്ചു ഈ പ്രകൃതത്തിൽ അത്ര വിസ്തരിക്കണമെന്നില്ല.

വിദേശവാണിജ്യം ഇരുകക്ഷികൾക്കും ഗുണകരമാവേണമെങ്കിൽ കൈമാററം ചെയ്യുന്ന സാധനങ്ങളുടെ വിലയുടെ താരതമ്യം രണ്ടുരാജ്യത്തിലും ഒരുപോലെ ആയിരിക്കുന്നതു മലയാളത്തിലും കോയമ്പത്തൂരും ഒരുപറ കുരുമുളകിൻെറ വില അറുപറ തോരപ്പരിപ്പാണെങ്കിൽ കോയമ്പത്തൂരിൽനിന്നും ഇവിടേക്കു തോരപ്പരിപ്പുകൊണ്ടുവരികയും ഇവിടുന്നു അങ്ങോട്ട് കുരുമുളകുകൊണ്ടുപോകയും ചെയ്യുന്നതുകൊണ്ടു ഇരുകക്ഷികൾക്കും ലാഭമുണ്ടാകുന്നതല്ല. ഒരുപറമുളകിൻെറ വില ഇവിടെ അറുപറ പരിപ്പും കോയമ്പത്തൂര് എട്ടുപറപ്പരിപ്പുമാണെങ്കിൽ കോയംപത്തൂക്കാൎക്ക് അറരപ്പറപ്പരിപ്പു മലയാളത്തിൽ കൊണ്ടുവന്നു കൊടുത്തു ഒരുപറക്കുരുമുളകു വാങ്ങിയാലും തരക്കേടില്ല. അറരപ്പറപ്പരിപ്പു ഇവിടെ കൊണ്ടുവരുന്നതിനും ഒരുപറ കുരുമുളകുകൊണ്ടു പോകുന്നതിനുമുള്ള കൂലി ഒരുപറപ്പരിപ്പിൻെറ വിലയാണെങ്കിൽ ഈ കൈമാററംകൊണ്ടു രണ്ടുകക്ഷികൾക്കും അരപ്പറപ്പരിപ്പിൻെറ വിലയോളമുള്ള ലാഭമുണ്ടാകുന്നതാണ്.

വിലയിൽ വ്യത്യാസമുണ്ടാകാനുള്ള കാരണം കുരുമുളകു കൃഷിക്കു മലയാളത്തിലും പരിപ്പുകൃഷിക്കു കോയമ്പത്തൂരുമുള്ള പ്രത്യേകസൌകൎയ്യമാകുന്നു. കോയമ്പത്തൂർക്കാർ ഒരുപറ മുളകിന് അറരപ്പറപരിപ്പുകൊടുപ്പാൻ തയാറാണെന്ന് കാണുമ്പോൾ മലയാളത്തിലെപ്പരിപ്പുകൃഷിക്കാർ അതു വെടിഞ്ഞു് കുരുമുളക് ഉണ്ടാക്കുവാൻ തുടങ്ങും. അതുപോലെതന്നെ ഏഴരപ്പറപ്പരിപ്പിന്ന് ഒരുപറകുരുമുളകുകിട്ടിത്തുടങ്ങുമ്പോൾ കോയംപത്തൂരും മുളകുകൃഷിക്കാർ അതുവെടിഞ്ഞു പരിപ്പുകൃഷിക്കു ഉത്സാഹിച്ചുതുടങ്ങും. ഇതിൽ ഓരോന്നിന് ഓരോരാജ്യത്തിൽ സൌകൎയ്യമധികമുള്ളതിനാൽ പരിപ്പുംമു

ളകും പണ്ടു രണ്ടുരാജ്യത്തും കൂടി ഉണ്ടാകുന്നതിലധികം ഉണ്ടായിത്തുടങ്ങുന്നതാണല്ലോ.

ലാഭമില്ലാതെ ആരും കച്ചവടത്തിൽ പ്രവേശിക്കയില്ലെന്നു് മേല്പറഞ്ഞതു കൊണ്ടു് സ്പഷ്ടമാകുന്നുണ്ടു്. എന്നാൽ ഈ ലാഭം എത്രത്തോളമുണ്ടാകുമെന്നു് ആലോചിപ്പാനുള്ളതാണു്. പാണ്ടിയിൽനിന്നു് ആദ്യം ഈ ദിക്കുകളിൽ പാവുകൊണ്ടുവന്നപ്പോഴത്തേപ്പോലെ ആദ്യമായി പുതുചരക്കുകൾകൊണ്ടു വരുന്നവൎക്കു അധികലാഭമുണ്ടാകുന്നതാണു്. എന്നാൽ അങ്ങിനെ ലാഭം കാണുമ്പോൾ വളരെ ആളുകൾ ആ ചരക്കുകൊണ്ടുവന്നുതുടങ്ങും. ഉൽപാദനം അധികമാകുംതോറും വിലകുറഞ്ഞുവരുമെന്നു മുൻപെ ഒരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ ആ ചരക്കുകൊണ്ടു വരുന്നതിനാലുള്ള ലാഭം കുറഞ്ഞുതുടങ്ങും. ഇവിടെ ആവശ്യമുള്ളതിലധികം, ആ ചരക്കുകൊണ്ടുവന്നാൽ അശേഷം ലാഭമില്ലാതെ ആകുന്നതുകൊണ്ടു വരവിന്നു് ഒരു അതിരില്ലാതെ വരാൻ പാടില്ലാ. എത്രത്തോളം ചുരുങ്ങിയലാഭംകൊണ്ടു് തൃപ്തിപ്പെടാമോ ആ ലാഭമാകുന്നു വരവിന്റെ അതിരു. ആ ലാഭമെന്തായിരിക്കും? അതു കച്ചവടത്തിൽ ഇറക്കിയിരിക്കുന്നധനം ഉറപ്പുവാങ്ങി പലിശയ്ക്കുകൊടുത്താൽ കിട്ടുന്ന ആദായത്തിൽ കുറയാൻ പാടില്ലല്ലോ. പിന്നെ പലിശയ്ക്കുകൊടുത്തിരിക്കുന്ന പണത്തിന്നു ഉറപ്പു അധികമുള്ളതിൽ കച്ചവടത്തിലെ നഷ്ടസംഭാവ്യതയുടെ അവസ്ഥയ്ക്കു തക്കതായി ഒരു പ്രതിഫലവും ഉണ്ടായിരിക്കണം. ഇതു രണ്ടും ചരക്കുകൾ കൊണ്ടുപോകുന്നതിലുള്ള കൂലിയുമാണു്. കച്ചവടക്കാരുടെ ലാഭത്തിന്റെ അതിരു അതിലധികമായി എത്രയെങ്കിലും കിട്ടിക്കോട്ടെ. അതിൽ കുറഞ്ഞാൽ കച്ചവടം നടക്കുന്നതല്ല.

---

ഒരു രാജ്യത്തുനിന്നു പുറത്തേക്കു പോകുന്ന ചരക്കുകളുടേയും അവിടേയ്ക്കു വരുന്ന ചരക്കുകളുടേയും വില ശരിയായിരിക്കും. ചിലകാലങ്ങളിൽ ഒന്നു അധികമായി എന്നുവരാം എന്നാൽക്രമേണ രണ്ടും ശരിയായിവരുന്നതാണു്, കൊച്ചിയും തിരുവിതാംകൂറുംതമ്മിൽകച്ചവടം നടക്കുന്നുണ്ടെന്നും ഈ രാജ്യങ്ങൾക്കു് മററു യാതൊരുരാജ്യവുമായി കച്ചവടമില്ലെന്നും ഇരിക്കട്ടേ. എന്നാൽ കൊച്ചിയിൽ നിന്നു തിരുവിതാംകൂറിലേക്കു് പോകുന്നതിനേക്കാൾ അധികം ചരക്കുതിരുവിതാംകൂറിൽനിന്നു് കൊച്ചിയിലേക്കു് ചിലകാലങ്ങളിൽ വന്നേക്കാം. അങ്ങിനെആകുമ്പോൾ ചരക്കു കൈമാററംകഴിച്ചു ബാക്കിയുള്ളതിന്റെ വില നാണ്യമായിത്തന്നെ കൊച്ചിയിൽനിന്നും തിരു

വിതാംകൂറിലേക്ക് പോകും. അപ്പോൾ നാണ്യം തിരുവിതാംകൂറിൽ വദ്ധിക്കകയും കൊച്ചിയിൽ നാണ്യം കുറയുകയും ചെയ്യും. മററു സാധനങ്ങളെപ്പോലെ നാണ്യവും വദ്ധിക്കുന്തോറും വിലകുറയുകയും കുറയുംതോറും വിലവദ്ധിക്കകയുംചെയ്യും. നാണ്യത്തിൻെറവില കുറഞ്ഞുവരുമ്പോൾ തിരുവിതാംകൂറിൽ ഒരു ഉറുപ്പികയ്ക്കു കിട്ടിയിരുന്നപദാൎത്ഥത്തിന്ന് ഒന്നര ഉറുപ്പികയോമററോ കൊടുക്കേണ്ടിവരും. കൊച്ചിയിൽ നേരേമറിച്ചും ആവും. അപ്പോൾ തിരുവിതാംകൂറിൽനിന്നും സാധനങ്ങളെ കൊച്ചിക്കു കൊണ്ടുവരുന്നതു നഷ്ടമായും കൊച്ചിയിൽനിന്നു അങ്ങോട്ടുകൊണ്ടുപോകുന്നതു അതിലാഭമായും തീരുകയും അതിനാൽ കൊച്ചിയിൽ നിന്നു ചരക്കുകളുടെ പോക്കു കൂട്ടുകയും തിരുവിതാംകൂറിൽനിന്ന് വരവു ചുരുങ്ങുകയും ചെയ്യും. അങ്ങിനെ പോക്കുവരവുകൾ ശരിയായിത്തീരും. നമ്മുടെരാജ്യത്തുനിന്നു കച്ചവടക്കാർ പണമധികമായി അന്യരാജ്യത്തേക്കു കൊണ്ടുപോകുന്നതിനാൽ ഇവിടെ ദാരിദ്ര്യം വദ്ധിച്ചു വരുന്നു എന്നു നാം സാധാരണയായി ജനങ്ങൾ പറഞ്ഞുകേൾക്കാറുണ്ടല്ലോ. എന്നാൽ ഇതു ഒരുതെററായ അപവാദിയാണെന്ന് മേല്പറഞ്ഞതുകൊണ്ട് സ്പഷ്ടമാകുന്നുണ്ട്. ഒരുനാട്ടിൽനിന്നു ഉറുപ്പികപോകുന്നതുകൊണ്ടു അവിടെ ദാരിദ്ര്യമുണ്ടാകുന്നതല്ല. മറുനാട്ടുകാരെപ്പോലെ പ്രയത്നംചെയ്യാതെയാകുമ്പോഴാണ് ദാരിദ്ര്യംവദ്ധിക്കുന്നതു. ശുദ്ധമലയാളികൾ മററുജാതിക്കാരെപ്പോലെ പരിശ്രമശീലന്മാരല്ലെന്ന് നമുക്ക് അനുഭവമല്ലേ? ഈ പരിശ്രമശൂന്യതയാകുന്നു മലയാളികളുടെ അഭിവൃദ്ധിയെ ദിവസംതോറും ക്ഷയിപ്പിച്ചുവരുന്നതു. ഇതിനു മുമ്പിൽ പറഞ്ഞിട്ടുള്ള സംഗതികളെയെല്ലാംകൂടി ആലോചിച്ചാൽ ഈ പറഞ്ഞതു യഥാൎത്ഥമാണെന്ന് വെളിപ്പെട്ടുന്നതാണ്.

# ൩൩. സ്വപ്നം.

ഇതു മിക്കവാറും ജനങ്ങൾക്ക് നിത്യപരിചയമാണെങ്കിലും ആനയെ സ്വപ്നംകണ്ടാൽ ഗണപതിക്ക് വഴിപാടുകൊടുക്കണമെന്നും മരിച്ചു എന്നു കണ്ടാൽ ദീനംസുഖമായി എന്നും സ്വപ്നംകണ്ടതിൻെറശേഷം ഉറങ്ങിയാൽ ഫലിക്കില്ലെന്നും മററുമല്ലാതെ ഇതിൻെറ കാരണം എന്താണെന്നോ സ്വപ്നം വിശ്വസിക്കത്തക്കതാണോ എന്നോഉള്ള സംഗതികൾ ആലോചിക്കുന്നവർ നമ്മുടെ ഇടയിൽ കുറയുമെന്നു തോന്നുന്നു. ഇതുവരെ അറിയാത്തതുകൊണ്ടു് ദോഷമൊന്നും ഉണ്ടായില്ലാ. ഇനി അറിഞ്ഞില്ലെങ്കിൽ എന്തു? എന്നുള്ള വിചാരം എല്ലാടിക്കിലും പ്രത്യക്ഷംതന്നെ. മിക്കവാറും ജനങ്ങൾ ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ അനുഭവിച്ചിട്ടുള്ളസംഗതിയാകകൊണ്ടു് താഴെ പറയുന്നവിവരങ്ങൾ വായനക്കാൎക്ക് രസകരമായി തീരുമെന്നു് വിശ്വസിക്കുന്നു.

സ്വപ്നത്തേക്കുറിച്ചു് താഴെ പറയുന്നതു നല്ലവണ്ണം ഗ്രഹിപ്പാൻ അതിനെ സംബന്ധിച്ചതായ രണ്ടു സംഗതികളെക്കുറിച്ചു് അല്പം പറയുന്നതു അത്യാവശ്യമെന്നു് വിചാരിക്കുന്നു. ഒന്നാമതായി ഗ്രഹിക്കേണ്ടതു മനസ്സിൻെറ ഇരിപ്പിടത്തെപ്പററിയാണു്. സാധാരണയായി നാം മനസ്സ എന്നു പറയുമ്പോൾ കൈവയ്ക്കുന്നതു നെഞ്ഞത്തു് ആണെങ്കിലും അതിൻെറ ഇരിപ്പ തലയിൽ ആണെന്നു് പറയേണ്ടിവന്നിരിക്കുന്നു. ഇതിനെ തെളിയിപ്പാൻ പലലക്ഷ്യങ്ങളുംഉണ്ടു്. മുഖ്യമായുള്ള ചില തെളിവുകളെ താഴെ ചേൎക്കുന്നു.

൧. അധികംനേരം മനസ്സവച്ചു് ഒരു പ്രവൃത്തിചെയ്താൽ കുരു തലവേദന തുടങ്ങുന്നു.

൨. തലച്ചോറിനു് വല്ലകേടും പററിയാൽ ബുദ്ധിഭ്രമം ഉണ്ടാകുന്നു. തലയുടെ പിൻഭാഗത്തു് പിൻകഴുത്തിൻെറ മുകളിലായിട്ടു ഇടിക്കയോ മറേറാ ചെയ്താൽ തൽക്കാലത്തേക്ക് ബോധക്ഷയവും ചിലപ്പോൾ മരണവുംസംഭവിക്കുന്നു.

൩. തലച്ചോറിൻെറവലിപ്പവും ബുദ്ധിശക്തിയും തമ്മിൽ വളരെ സംബന്ധമുണ്ടു്. തലച്ചോറു് അധികമുണ്ടായാൽ ബുദ്ധി അധികമായി സാധാരണകാണുന്നുണ്ടു്. അതിന്നും പുറമേ ഭ്രാന്തന്മാൎക്ക് തലച്ചോറു വളരെ കുറഞ്ഞതായും കാണുന്നു. ഈ സംഗതികൾ ആലോചിച്ചാൽ മേല്പറഞ്ഞസംബന്ധം തെളിവാകുമെന്നുതോന്നുന്നു.

രണ്ടാമതായി ഓൎമ്മവെയ്ക്കേണ്ടസംഗതി ധാരണ എന്നതിന്റെ അൎത്ഥവും മാതിരിയും ആകുന്നു. കഴിഞ്ഞ കാൎയ്യത്തെ നാം രണ്ടാമതും ഓൎമ്മവെയ്ക്കുമ്പോൾ അതു് നമ്മുടെധാരണാശക്തികൊണ്ടാണെന്നു് പറയുന്നു. ഈ ധാരണയുണ്ടാവുന്നതു് എങ്ങിനെയാണെന്നാണ് ഇനി ആലോചിപ്പാനുള്ളതു്.

ഇതിനെക്കുറിച്ചു് നാലു് അഭിപ്രായങ്ങൾ ഉണ്ടു്.

൧. പഞ്ചേന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെട്ടിട്ടുള്ള സകലങ്ങളുടെയും പ്രതിച്ഛായകൾ നമ്മുടെ മനസ്സിലുണ്ടു്.

൨. പഞ്ചേന്ദ്രിയങ്ങളാൽ സ്പൎശിക്കപ്പെടുമ്പോൾ തലച്ചോറിന്റെ ഞരമ്പുകൾക്കും മററും ചില വികാരങ്ങൾ (മാററങ്ങൾ) ഉണ്ടാകുന്നു (ഒരു പെൻസിൽകൊണ്ടു് കടലാസിൽ വരച്ചതുപോലെ എന്നു വിചാരിക്കാം.)

൩. പ്രതിച്ഛായ മനസ്സിൽ ഉണ്ടു് എന്നാൽ അതു നമ്മൾക്കു എല്ലായ്പോഴും ഓൎമ്മയില്ലാ.

൪. ഓൎമ്മ എന്നതു് മനസ്സിന്റെ ഒരു സ്വഭാവമാണു്. ഇതിൽ ഒടുക്കം പറഞ്ഞതിനു വളരെ അൎത്ഥം ഉണ്ടെന്നു് തോന്നുന്നില്ലാ. എന്തുകൊണ്ടെന്നാൽ മനസ്സിന്റെ സ്വഭാവം എന്നു പറഞ്ഞതുകൊണ്ടു നമുക്കു് അതിനെക്കുറിച്ചു് ഒരറിവും ഉണ്ടാകുന്നില്ലാ. ഒന്നും മൂന്നും അഭിപ്രായങ്ങൾക്കു് ഒരു വലുതായ കുറവുണ്ടു്. അവയെസമ്മതിക്കുന്നതായാൽ നാം മനസ്സു് എന്നു പറയുന്നതിനെയാതൊരു ശക്തിയല്ലാത്തതായും ഒരുപാത്രംപോലെയും സങ്കല്പിക്കേണ്ടിവരുന്നു.

ആയതിനാൽ നാലിലുംവെച്ചു് നല്ലതു രണ്ടാമത്തേതാണെന്നു തോന്നുന്നു. മിക്കവാറും ജനങ്ങൾ സമ്മതിക്കുന്ന അഭിപ്രായവും അതുതന്നെയാണു്.

ഇനി സ്വപ്നം ഉണ്ടാവുന്നതിന്റെ മാതിരികൂടി പറഞ്ഞാൽ താഴെ ചേൎത്തിരിക്കുന്ന ചില അത്ഭുതകരമായ ദൃഷ്ടാന്തങ്ങൾ സംഭവിക്കുന്നതാണെന്നും, അവയിൽ ഗണപതിയും കുട്ടിച്ചാത്തനുംമററും ചേൎന്നിട്ടില്ലെന്നും ദൃഷ്ടാന്തമാവുമെന്നു് വിശ്വസിക്കുന്നു.

ധാരണയേപ്പററി നാലഭിപ്രായങ്ങൾ പറഞ്ഞതിൽ രണ്ടാമത്തേതാണു് സാധുവെന്നു പറഞ്ഞുവല്ലോ. നമ്മുടെ മനസ്സിന്നു് എന്തെങ്കിലും ഒരുവികാരംവരുമ്പോൾ തലച്ചോറിൽ കുറച്ചു് ഒരു മാററം ഉണ്ടാകുന്നു. മാററം ഇന്നവിധമാണെന്നു് പറയുന്നതുപ്രയാസമാണു്. നമുക്കു് ഊഹിക്കാനെ വഴിയുള്ളു. കടലാസിൽ പെൻസിൽകൊണ്ടുവരച്ചതുപോലെ എന്നോ, ചുമരിന്മേൽ കരിക്കട്ടകൊണ്ടു വരച്ചതുപോലെ എന്നോവിചാരിച്ചാൽ മതിയാവുന്നതാണു്.

ശരീരത്തിന്റെ സകലഭാഗത്തിൽനിന്നും ഞരമ്പുകൾ പലവഴിയായി തലച്ചോറിനോടു സംബന്ധിക്കുന്നതുകൊണ്ടു് ഏതുഭാഗത്തു് സ്പർശമുണ്ടായാലും തലച്ചോറിൽ എത്തുന്നതാണു്. (ചിലചേഷ്ടകൾ മനസ്സിന്റെ സഹായംകൂടാതേയും നടന്നുവരുന്നുണ്ടു്. അവയെക്കുറിച്ചു് ഇവിടെ പറഞ്ഞിട്ടാവശ്യമില്ലെന്നു വിചാരിച്ചുപറയുന്നില്ലാ) ഈ വ്യത്യാസം വന്നിരിക്കുന്നഭാഗത്തിനു രണ്ടാമത്തും ഇളക്കംതട്ടുമ്പോളാണു് വ്യത്യാസത്തിനു കാരണമായ സംഗതി ഓർമ്മവരുന്നതു്. ഈ ഇളക്കം പലതുകൊണ്ടുംവരാം. ചോരയോട്ടംകൊണ്ടും അമച്ചുകൊണ്ടും മറ്റുംവന്നേക്കാം. വ്യക്തതയ്ക്കുവേണ്ടി ഞാൻ ഒരു ദൃഷ്ടാന്തത്തെ എടുത്തുപറയാം.

ഇതിനെക്കുറിച്ചു് പുരാതനകാലത്തുണ്ടായിരുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ ഒന്നിനോടൊന്നു യോജിക്കുന്നില്ലാ. എല്ലാവരിലും പ്രസിദ്ധനായ അരിസ്റ്റോട്ടലിന്റെ അഭിപ്രായം ഇതാകുന്നു.

"പഞ്ചേന്ദ്രിയങ്ങളാൽ ദർശിക്കാവുന്നതായ സകലവസ്തുക്കളും മനുഷ്യന്റെ മനസ്സിൽ ഒരുവികാരത്തെ ഉണ്ടാക്കുന്നു എന്നാൽ ആ വസ്തു മാറ്റിയാലും ഈ വികാരം അനസാരംനേരവുംകൂടിനില്ക്കുന്നു. ഇവയെ ഉറക്കത്തിൽ മനസ്സിന്റെവിഷയഗ്രഹണശക്തികൊണ്ടു് അന്തസ്ഥിതമായിട്ടു ഇവയുടെ പ്രതിമകൾമനസ്സിൽ ഉദിക്കുന്നു. "ഇതാണു് സ്വപ്നം" ഡിസ്ടുവാട്ടു് എന്ന ആളാണു് ഇതിന്നുചില നിയമങ്ങളെക്കണ്ടുപിടിച്ചതു്. നമ്മുടെ ശരീരചേഷ്ടകളിൽ നിന്നു ജനിക്കാവുന്ന എല്ലാമനോവികാരങ്ങളും ഉറക്കത്തിലില്ലാ. നമ്മുടെ ഉറക്കസമയത്തെ ഇച്ഛ എന്നതിന്നു് മനസ്സിന്മേലും മറ്റുംഉള്ള ശക്തിപോകുന്നു. ഇതു് ശരിയാണെന്നുതോന്നുന്നു.

രണ്ടാമതു് മനോവികാരങ്ങളുടെക്രമം ഉറക്കത്തിലും ജാഗ്രത്തിലും വ്യത്യാസപ്പെട്ടിട്ടുള്ളതാണു്. എന്തെന്നാൽ, ഒന്നിൽനാം മനസ്സുവയ്ക്കുന്നുണ്ടു് മറ്റേതിൽ ഇല്ലാ ഇതുസാധാരണംകാണുന്നുണ്ടു് പിന്നെ സ്വപ്നത്തിൽ നമുക്കു് സമയത്തെ തെറ്റിധരിക്കുന്നതിനുംഉള്ള കാരണം ഇതുതന്നെയാണു്.

സ്വപ്നത്തിൽ മനോവേഗം ഇടിമിന്നലിന്നു തുല്യമാണു്. ഒരു നിമിഷത്തിൽ എണ്ണമില്ലാത്തവിചാരങ്ങൾ മനസ്സിൽ വരുന്നു. രണ്ടോ മൂന്നോകൊല്ലംകൊണ്ടു സാധിക്കാവുന്ന പ്രവൃത്തി ഒരുനിമിഷത്തിൽ ചെയ്തതായിക്കാണുന്നു. എന്നാൽ ഉറക്കത്തിൽ കാണുന്നതു ശരിയാണെന്നു വിചാരിക്കുന്നു. അയതുകൊണ്ടു് സാധാരണ നമുക്കു ആ പ്രവൃത്തിചെയ്യുന്നതിനുള്ള സമയമല്ലാ നോക്കുന്നതു്. മനസ്സിൽ ധരിക്കുന്നതിന്നു് എത്ര സമയംവേണമെന്നതു്മാത്ര

മെ നോക്കുന്നുള്ളൂ. ഉറക്കത്തിൽ മനസ്സ സ്വാസ്ഥമല്ലാ. നല്ല ഉറക്കത്തിൽ പുറമെ ഉള്ള വസ്തുക്കളെ ഒന്നും അറിയുന്നില്ലാ. ഇതിൽ മുഖ്യമായ സംഗതി എന്തെന്നാൽ, സ്വപ്നത്തിൽ നമ്മുടെ മനോവികാരങ്ങളെ ശരിയായി കൊണ്ടുപോകാൻ നമുക്ക ശക്തിയില്ലാ. നമ്മൾ സ്വപ്നത്തിൽ പലതും ചെയ്യുന്നു. അടുക്കെ ആളുകൾ ഉണ്ടെന്നും മററും വിചാരിക്കമാത്രമല്ലാ അവർ സംസാരിക്കുന്നു എന്നു വിചാരിച്ച് അവരോടു മറുപടികൂടി പറയുന്നു.

സ്വപ്നത്തിൽ വരുന്ന സംഗതികൾ മുമ്പിൽഏതുവിധമെങ്കിലും മനസ്സിൽ ഉണ്ടായതായിരിക്കണം. അവ രണ്ടാമതു വരുമ്പോൾ യാതൊരുക്രമവും അനുസരിക്കുന്നതല്ലാ. അതിനാലാണ് വരുവാൻ വയ്യാത്ത കാൎയ്യങ്ങൾ സ്വപ്നത്തിൽ കാണുന്നതു്.

ഡാക്ടർ ഗ്രെഗരി എന്നാൾക്ക ഒരു സ്വപ്നം ഉണ്ടായി. എന്തൊ ഒരു ദീനശാന്തിക്കായി ഒരു ദിവസം ചൂടുള്ളവെള്ളം നിറച്ച കുപ്പി കാലിന്മേൽ വയ്ക്കേണ്ടിവന്നു. അന്ന് രാത്രി കിടന്നുറങ്ങുമ്പോൾ എററ്നാ എന്ന മലയുടെ മുകളിൽ ആണ് താൻ എന്നും ഭൂമിയുടെ ചൂടുസഹിപ്പാൻ പാടില്ലാത്തതാണന്നും സ്വപ്നംകണ്ടു.

വേറെ ഒരാൾ ഒരുദിവസം തന്റെ ശരീരം മുഴുവനും ഓന്തുകളെക്കൊണ്ടു നിറഞ്ഞിരുന്നു എന്നു സ്വപ്നംകണ്ടു. കാലത്തു എഴുന്നേററു ഇതിനെക്കുറിച്ചു അയാൾ ആലോചിപ്പാൻ തുടങ്ങി. ഒരു കാരണവും കണ്ടില്ലാ. മുന്നുദിവസം ആലോചിച്ചു. ഒന്നും ഉണ്ടായില്ലാ. ഒരം വൎത്തമാനം പറയാനായി തന്റെ ഇഷ്ടനായ ഒരുത്തന്റെ അടുക്കൽപോയി അപ്പോൾ അയാളുടെ മേശയിൻമേൽ കല്ലുകൊണ്ടുണ്ടാക്കിയ ഒരു ഓന്തിനെകണ്ടു സ്വപ്നംകണ്ടതിന്റെ തലേദിവസം ഇയാൾ അവിടെപോയിരുന്നു. എന്നാൽ അയാൾ ഈ കഥ തീരെ മറന്നു. തലയിൽ പൊള്ളിക്കാൻ മരുന്നു ഇട്ടിട്ടുള്ള ആളുകൾ ചിലപ്പോൾ തലമുറിച്ചു കൊല്ലുന്നു എന്നു സ്വപ്നംകണ്ടിട്ടുണ്ട്. ഒരു പുഷ്പത്തിന്റെ ഗന്ധംകൊണ്ടു ഒരു പൂന്തോട്ടത്തിലാണെന്നും മററും സ്വപ്നംകണ്ടേക്കാം.

മിക്കവാറും സ്വപ്നങ്ങൾ ഏതുവിധത്തിലെങ്കിലും മനസ്സിൽ മുമ്പിൽ ഉണ്ടായ വികാരങ്ങളാണെങ്കിലും ചില സംഗതികളിൽ മുമ്പിൽ ഉണ്ടാവാത്തതും ബുദ്ധി ഏററവും അധികമായി ഉപയോഗിക്കേണ്ടതും ആയ പ്രവൃത്തികൾ സ്വപ്നത്തിൽ ചെയ്തതായി ദൃഷ്ടാന്തമുണ്ട്. ഡാക്ടർ ഗ്രെഗരി, സ്വപ്നത്തിൽ തനിക്കുണ്ടായവിചാരങ്ങളും അപ്പോൾ അവയെപ്പററി തോന്നിയ വാചകങ്ങളും ഉറക്കം ഉണൎന്നപ്പോൾ വളരെ ശരിയാണെന്നു തോന്നിയതിനാൽ തന്റെ പ്രസംഗങ്ങളിലും മററും ഉപയോഗിച്ചിട്ടുണ്ടെന്നു പറയുന്നു. കൊൽറിഡ്ജ്

എന്നയാൾ കുബ്ളഖാൻ എന്ന കവിതയെ ഉറക്കത്തിലാണ് ഉണ്ടാക്കിയത്. മുഴുവൻ അയുന്നതിനുമുമ്പെ ഉണൎന്നു പിന്നെ മുഴുവനാക്കാനും കഴിഞ്ഞില്ലാ. സ്വാസ്ഥിതിയിൽ ഏതുപ്രകാരം വരുമെന്നും മററും പറയാൻ ബുദ്ധിമുട്ടായി. കണ്ടിട്ടുള്ള രാജ്യകാൎയ്യങ്ങൾ ചിലപ്പോൾ സ്വപ്നത്തിൽ ഇന്നപ്രകാരമെന്നു തോന്നീട്ടുണ്ട് എന്നും മററും ഡാക്ടർ ഫ്രാംക്ലിൻ പറയുന്നു. ഒരാൾ ഉറക്കത്തിൽ ഫ്രെഞ്ചു ഭാഷയിലെ ഒരു ക്രിയാപദം കണ്ടുപിടിച്ചു. സ്വപ്നത്തിൽ അയാളും അനവധി ആളുകളും ഒരു കുടുതായ സ്ഥലത്താണെന്നും കാററു വരാൻ പാടില്ലാത്തതിനാൽ ശ്വാസംമുട്ടി ചാവുമെന്നും തോന്നി, അപ്പോൾ അയാൾ "ഇൻഫാട്ട് ഡിട്ടായിട്ടർ" എന്നു നിലവിളിച്ചു ഡിട്ടായിട്ടർ എന്നു ഒരു വാക്കില്ലാ. ട്ടായിട്ട് എന്നുണ്ടു. മോന്തായം എന്നൎത്ഥമാണ്. ജാഗ്രത്തിൽ ഓൎമ്മയില്ലാത്തതും മനസ്സുവയ്ക്കാത്തതുമായ പല കാൎയ്യങ്ങളും സ്വപ്നത്തിൽ ഓൎമ്മവന്നു എന്നുംവരും. താഴെപറയുന്നത് ഒരു അത്ഭുതകരമായ ദൃഷ്ടാന്തമാകുന്നു. സ്കാട്ലൻറിൻെറ വടക്കെ അററത്തു ഒരു ദിക്കിൽവച്ചു ഒരു കച്ചവടക്കാരനെ ഒരുത്തൻ കൊന്നു. മരിച്ചവൻ ഒരു പെഡ്ളർ ആയിരുന്നു.

(ഒരു പെട്ടിയിൽ ചില്ലറസാമാനങ്ങൾ എടുത്തുനടന്നു കച്ചവടം ചെയ്യുന്നവൻ) ഇവൻെറ പെട്ടിയും മററും ഒരുദിക്കിൽ കുഴിച്ചിട്ടു വിസ്താരം നടന്നുതുടങ്ങി യാതൊരുതെളിവും ഇല്ലാ. അങ്ങിനെ ഇരിക്കുമ്പോൾ ഒരുത്തൻ വന്നു തനിക്കു ഒരു സ്വപ്നം ഉണ്ടായി എന്നും സ്വപ്നത്തിൽ ഒരു വീടുകണ്ടു എന്നും അതിൽനിന്നും ഒരാൾ മരിച്ചയാളുടെ പെട്ടി ഇന്നദിക്കിലുണ്ടെന്നു പറഞ്ഞിരിക്കുന്നു എന്നും പറഞ്ഞു. ഇതുകേട്ടു ആളുകൾ പെട്ടിതിരഞ്ഞു കണ്ടെത്തി, ഇതു അയാൾ പറഞ്ഞ സ്ഥലത്തായിരുന്നിരുന്നില്ലാ. അതിനു സമീപമായിരുന്നു. അതുകണ്ടപ്പോൾ ഒന്നിലൊ ഇവൻതന്നെ കൊന്നതു അല്ലെങ്കിൽ ഇവൻ കൊന്നവൻെറ കൂട്ടുകാരൻ എന്നായിരുന്നു, ആളുകൾ ശങ്കിച്ചതു. അതിനാൽ ഇവനെ വിസ്തരിച്ചു തൂക്കാൻ വിധിച്ചു.

തൂക്കുന്നതിന്നുമുമ്പെ കൊന്നവൻതന്നെ വന്നു കുററം സമ്മതിച്ചു. ഇയാൾ യാതൊരുവിധത്തിലും ഇതിൽ കൂട്ടുകയൊ ഒത്താശനിൽക്കുകയൊ ചെയ്തിട്ടില്ലെന്നു ദൃഷ്ടാന്തപ്പെടുത്തി. ഈ അത്ഭുതമായ സംഗതിക്കു ഒരു കാരണം മാത്രമെ കണ്ടുകിട്ടീട്ടുള്ളൂ. ഈ കുലചെയ്തതിൻെറ ശേഷം കൊന്നവനും സ്വപ്നക്കാരനും വളരെ ദിവസം ഒന്നിച്ചിരിക്ക ഉണ്ടായിട്ടുണ്ടു്. ഇങ്ങിനെ രണ്ടാളും ഒന്നിച്ചുകൂടിയതു രണ്ടാളും കള്ളുകുടിച്ചസമയത്താണ്. അയതുകൊണ്ടുകൊ

ന്നവൻ ഇതിനെ കുറിച്ചുള്ള വൎത്തമാനങ്ങൾ ആ സമയത്തു മറ്റേ യാളോടു പറഞ്ഞിരിക്കാം. അതു ഇയ്യാൾക്കു സ്വപ്നത്തിൽ തോന്നി എന്നാൽ യഥാസ്ഥിതിയിൽ ഓൎമ്മയും ഉണ്ടായിരുന്നില്ലാ.

കാൎയ്യങ്ങൾ ഉടനെ സംഭവിക്കുമെന്നോ അല്ലെങ്കിൽ സംഭവിക്കുന്നുവെന്നോ സ്വപ്നത്തിൽ കണ്ടിട്ടു ശരിയായി വന്നിട്ടുള്ള ദൃഷ്ടാന്തങ്ങൾ ഉണ്ടു്. ചിലതു വായനക്കാൎക്കുതന്നെ അനുഭവമുണ്ടായിരിക്കാം. ഇതിൽ അത്ഭുതകരമായി ഒന്നുംതന്നെയില്ലാ. അസാമാന്യമായ ദൈവശക്തിയും ഒന്നും ഇതിലില്ലാ. സാധാരണയായി സ്വപ്നത്തിനുള്ള കാരണംപോലെതന്നെയാണു് ഇതിന്റെയും കാരണം താഴെപറയുന്നതു് ഒരു വിശ്വസിക്കത്തക്കദൃഷ്ടാന്തമാണു്.

സ്കാട്ട്ലന്റിലെ ഒരു പാതിരിസായ്പു് തന്റെ ഉൾനാട്ടിലുള്ള വീടുവിട്ടു് പട്ടണത്തിൽ വന്നു താമസിച്ചിരുന്നു. ഒരു ദിവസം രാത്രി അയാൾക്കു ഒരു സ്വപ്നം ഉണ്ടായി. തന്റെ വീട്ടിന്നു് തീപിടിച്ചിരിക്കുന്നുവെന്നും തന്റെ ഒരു കുട്ടി അഗ്നിമദ്ധ്യത്തിൽ പെട്ടിരിക്കുന്നുവെന്നും ആയിരുന്നു സ്വപ്നം. ആ നിമിഷംതന്നെ അയാൾ അവിടെ നിന്നും വീട്ടിലേയ്ക്കു് പുറപ്പെട്ടുപോയി. അവിടെചെന്നപ്പോൾ വീട്ടിനു തീപിടിച്ചിരിക്കുന്നു. ഒരു കുട്ടിയെ തീയ്യിന്റെ ഇടയിൽ നിന്നും ഇയ്യാൾ രക്ഷപ്പെടുത്തുകയുംചെയ്തു. പാതിരിഅകകൊണ്ടു് ഇതു് ഈശ്വരവിലാസംതന്നെ. സംശയമില്ലാ എന്നാണു് ആളുകൾ വിചാരിച്ചതു്. അതു എങ്ങിനെ എങ്കിലും ആകട്ടെ. ഇതിന്നു ചുരുക്കത്തിൽ ഒരു കാരണം പറയാമുന്നതാണു്. ഇയാൾക്കു ഒരു വാലിയക്കാരൻ ഉണ്ടായിരുന്നു. അയാൾ അശേഷവും സൂക്ഷ്മമില്ലാത്തവനായിരുന്നു. പ്രത്യേകിച്ചു തീയിന്റെ കാൎയ്യത്തിൽ ഇതു ഈ പാതിരിക്കു മനസ്സിന്നു അസ്വസ്ഥതയെ ഉണ്ടാക്കിയിരുന്നു. അതിലും വിശേഷിച്ചു് അപ്പോൾ ഇയ്യാൾ വീട്ടിലില്ലായിരുന്നതുകൊണ്ടു് അധികം ഭയത്തിനു് ഹേതുവായിത്തീൎന്നു. അപ്പോൾ അയാൾക്കു് തീപിടിച്ചാലത്തെ വൈഷമ്യങ്ങളും കുട്ടികളെനോക്കാൻ ആളില്ലായ്കയും മററും ഓൎമ്മവന്നേയ്ക്കാം. ഇയ്യാൾ അവിടെ ഇല്ലാതിരുന്നതിനാൽ ആ വാലിയക്കാരൻ രാത്രി കൂട്ടുകാരെ ഒന്നിച്ചു കള്ളുകുടിച്ചു അവിടെ വന്നേയ്ക്കാം. ഈ സംഗതികൾ എല്ലാംകൂടി മുൻപറഞ്ഞപ്രകാരം ഒരു സ്വപ്നമായിത്തീൎന്നു.

ഒരു കുട്ടി തന്റെ വീട്ടിൽനിന്നും ഏകദേശം ൧൦൦-നാഴികദൂരമുള്ള ഒരു സ്കൂളിൽ പഠിച്ചു താമസിച്ചിരുന്നു. ഒരു ദിവസം രാത്രി അയാൾക്കു ഒരു സ്വപ്നം ഉണ്ടായി. അയാൾ തന്റെ അച്ഛന്റെ വീട്ടിൽചെന്നു നേരേയുള്ള വാതലിൽകൂടി കടക്കാൻനോക്കി. അതു പൂട്ടിയിരുന്നതിനാൽ പിന്നാപുറത്തെ ഒരു വാതലിൽകൂടി അകത്തു

കടന്നു. എല്ലാവരും ഉറങ്ങുന്നതായി കണ്ടിട്ട് "അവന്റെ അമ്മ കിടന്നിരുന്ന മുറിയിലേയ്ക്കുചെന്നു. അമ്മ ഉണൎന്നിരിക്കുന്നതായി കണ്ടിട്ട് അമ്മേ ഞാൻ ഒരു വലിയ യാത്രയ്ക്കായി പോകുന്നു. ഞാൻ നിങ്ങളോടു യാത്രപറയാനാണ് വന്നതു്" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ അമ്മ "അയ്യോ മകനെ നീ ചതിരിക്കുന്നു" എന്നു വളരെ പരിഭ്രമത്തോടു മറുപടി പറകയും ചെയ്തു. ഇതു കഴിഞ്ഞയുടനെ അയാൾ ഉണൎന്നു ഠരം സ്വപ്നത്തെപ്പറ്റി അധികമൊന്നും വിചാരിച്ചില്ലാ. നാലുദിവസംകഴിഞ്ഞപ്പോൾ ഇവന്റെ ശരീരസ്ഥിതിയെപ്പററി സൂക്ഷ്മമായി അറിവാൻ അച്ഛന്റെ ഒരു എഴുത്തുവന്നു. അതിൽ അയാളുടെ അമ്മയ്ക്കു ഒരു സ്വപ്നമുണ്ടായിഎന്നും (ഇയാൾ കണ്ടമാതിരിതന്നെ) അതിനാൽ അവർ പരിഭ്രമിച്ചിരിക്കുന്നുഎന്നും മററും കണ്ടു് രണ്ടാൾക്കും സ്വപ്നം ഒരു ദിവസം തന്നെയായിരുന്നു. അവളുടെ സ്വപ്നത്തിൽ നേരെയുള്ള വാതൽ തുറക്കാൻ ആരൊ ശ്രമിക്കുന്നതായി ശബ്ദം കേട്ടു. പിന്നെ ശബ്ദം പിൻപുറത്തു വാതുക്കലായി. ഒടുക്കം ഒരാൾ താൻ കിടക്കുന്ന മുറിയലേക്കുവന്നു. അപ്പോൾ തന്റെ മകനാണെന്നു മനസ്സിലായി. മുൻപറഞ്ഞമാതിരി അവൻ യാത്രയും അമ്മ മറുപടിയും പറഞ്ഞു. എന്നാൽ ഇതുകൂടാതെ അസാമാന്യമായ സംഭവം ഒന്നും ഉണ്ടായില്ല. ഇതിന്റെ കാരണം ആലോചിക്കുവാൻ രസമുള്ളതാണ്. എന്തൊ വളരെ ശക്തിയുള്ളതായ മനോവികാരങ്ങൾ രണ്ടാൾക്കും ഒരേ സമയം ഉണ്ടായിരിക്കണം. ൧൮൫൭-ലെ ലഹളക്കാലത്തു ഇംഗ്ലാണ്ടിൽ പല ആളുകൾക്കും അത്ഭുതങ്ങളായ സ്വപ്നങ്ങളുണ്ടായിട്ടുണ്ടു്. അവയിൽ ചിലതിൽ അവരവരുടെ ബന്ധുക്കളും ചാൎച്ചക്കാരു മരിക്കുമെന്നു് മുൻകൂട്ടി അറിഞ്ഞിട്ടുണ്ടു് ഇതിലൊന്നിലുമത്ഭുതമില്ലാ. സാധാരണയായി വരാവുന്നതാണ്. ഒരു സ്ത്രീയുടെ മകൻഇൻഡ്യൻപട്ടാളത്തിൽഉണ്ടായിരുന്നുവെന്നുവിചാരിക്കു. അന്നത്തെവൎത്തമാനക്കടലാസിഇൻഡ്യയിൽഒരു ലഹളയുണ്ടായിട്ടുണ്ടു എന്നുംനാട്ടുകാരു എല്ലാ ഇംഗ്ലീഷുകാരെയും കൊല്ലണമെന്നു തീൎച്ചയാക്കിയിരിക്കുന്നുവെന്നും വായിച്ചിരിക്കാം. അല്ലെങ്കിൽ ഈ വൎത്തമാനം വല്ലവരുംപറഞ്ഞുകേട്ടിരിക്കാം. എന്നാൽ എല്ലാപ്പൊഴും ഓൎമ്മയുണ്ടാകുന്ന കാൎയ്യം തീൎച്ചയില്ലാ. എന്നിട്ടാണ് ഞാൻ അറിഞ്ഞില്ലാ എന്നും മററുംപറയുന്നതു്. അങ്ങിനെയിരിക്കുമ്പോൾ സാധാരണയായി തന്റെ മകനെക്കുറിച്ചുള്ളവിചാരമായിരിക്കുംമനസ്സിൽ മുഖ്യമായിട്ടുള്ളതു്. അപ്പോൾ ഇങ്ങിനെ സ്വപ്നം കാണുന്നതു് അത്ഭുതമല്ലാ. ചത്തു എന്നൊ ചാവുമെന്നൊ കണ്ടിട്ടു് ഉണൎന്നു ഈ വൎത്തമാനം വേറെ വല്ലവരോടും പറഞ്ഞിരിക്കാം. ഠരം ക

കൻ ഒന്നും സംഭവിച്ചില്ലെങ്കിൽ വൎത്തമാനം പുറത്തേക്കു വരികയില്ലാ, ശരിയായാൽ ഈശ്വരവിലാസമായിട്ടു നാട്ടുമുഴുവനും പരക്കും. ഇങ്ങിനെ ഉദാഹരണങ്ങൾ കിട്ടിയാൽ അവയുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനു രസമുള്ളതാണ്. ഒരു ഉദാഹരണംകൂടി പറയാം. ഒരു പള്ളിയിലെ പാതിരി പൊതുവിൽ ജനങ്ങൾക്കു ഉപകാരത്തിന്നായി എന്തൊ ഒരു പ്രവൃത്തി ചെയ്വാൻ കുറെ പണം വരിയിട്ടുണ്ടാക്കാൻ നിശ്ചയിച്ചു. ഇതിൽഅയാൾക്കുഅസാമാന്യമായി താല്പൎയ്യമുണ്ടായിരുന്നു. ഒരുദിവസം പള്ളിയിലെ കൎമ്മം കഴിഞ്ഞപ്പോൾ ഈ വസ്തുത സാമാജികന്മാരോടു പറഞ്ഞു പണം പിരിക്കുവാനായി ഒരുത്തനെ ഒരു പാത്രവും കൊടുത്തു, ഇവരുടെ ഇടയിലേക്കു അയച്ചു. ഈയാൾ മടങ്ങിവന്നതിൽ പിന്നെ പാത്രത്തിലെ നാണ്യങ്ങൾ നോക്കിയപ്പോൾ ആ പാതിരി വിചാരിച്ചതിൽ വളരെ കുറവായി കണ്ടു. അയാൾക്കു വളരെ ബുദ്ധിക്ഷയം ഉണ്ടായി. അന്നുമുഴുവനും അയാൾ അതിനെക്കുറിച്ച് വളരേ വ്യസനമായി പറഞ്ഞുകൊണ്ടിരുന്നു. രാത്രി കിടക്കാൻപോയി. ഉറക്കത്തിൽ സ്വപ്നം ഉണ്ടായി. പണംമേടിച്ച പാത്രത്തിന്റെ ഒരുമൂക്കിൽ ഓരോ പവന്റെ മൂന്നു നോട്ടുകൂടി കിടക്കുന്നുണ്ടു. എന്നും പണം അതിന്റെ മീതെ ഇട്ടപ്പോൾ അമൎന്നുകൊണ്ടു പാത്രം കമത്തിയപ്പോൾ താഴത്തു വീഴാതെ ഇരുന്നതാണെന്നും ആയിരുന്നു സ്വപ്നം. അയാൾക്കു ഇതിൽ വളരെ അതിശയംതോന്നി. നേരംപുലൎന്നു പള്ളിയിൽചെന്നു പാത്രം നോക്കിയപ്പോൾ മൂന്നു നോട്ടുകിട്ടി. ക്രിസ്തുതന്നെയാണ് ഇതുകൊണ്ടിട്ടതു എന്നു പാതിരി തീൎച്ചയാക്കി എങ്കിലും അങ്ങിനെ അല്ലാതെയും വേറെ ഒരു നല്ലവഴി പറയാം. പണം പിരിച്ചതിന്റെ തലേദ്ദിവസം വൈകുന്നേരം അയാൾ ഏകദേശം എത്രകിട്ടുമെന്നു കണക്കുകൂട്ടി. ഇതിൽ ഇന്നിന്ന ആളുകൾ ഏകദേശംഒരു പവൻ കുറയാതെ തരുമെന്നു അയാൾ തീൎച്ചയാക്കി. ഇങ്ങിനെ ഇരിക്കുമ്പോൾ അവരുടെ അടുക്കൽ കൊണ്ടുപോയ പാത്രം ഇയാളുടെ മുമ്പിൽ വെച്ചു നോക്കിയപ്പോൾ നോട്ടു കാണുമെന്നു വിചാരിച്ചതു് കണ്ടില്ലായിരിക്കാം. അപ്പോൾ അയാൾക്കു ബുദ്ധിക്ഷയം തോന്നിയിരിക്കാം എന്നാൽ തരുമെന്നു് നിശ്ചയമുണ്ടായിരുന്നതിനാൽ വല്ല മൂക്കിലും കാണാതെ കിടക്കുന്നുണ്ടൊ എന്നും മറ്റും സംശയിക്കാൻ വഴിയുണ്ടു. ഇതു അയാൾ പിന്നെ ഓൎത്തില്ലെങ്കിലും സ്വപ്നത്തിൽ തോന്നിയിരിക്കാം. സംഗതിവശാൽ അതു സത്യമായി വന്നേക്കാം.

വെറെയൊരുമാതിരി സ്വപ്നം ഉണ്ടു. ഇതിന്റെ സംഗതികളും ആലോചിപ്പാൻ രസമുണ്ട്. അതിൽ മുഖ്യമായ മാതിരി

ഇതാകുന്നു. വരാൻപോകുന്ന മനോവികാരത്തെയൊ ചെയ്യാൻ പോകുന്ന പ്രവൃത്തിയെയോ സംഭവിച്ചതായിമുൻകൂട്ടിത്തന്നെ സ്വപ്നമുണ്ടാവുക. ഒരു കുലക്കുററക്കാരൻ താൻ ഒരു കുലക്കുററംചെയ്യുമെന്നു ചെയ്യുന്നതിനു നാലുകൊല്ലം മുമ്പെ സ്വപ്നംകണ്ടു. യൂജിൻ ആറാം എന്നവൻെറ സ്വപ്നം ഇതിനു ദൃഷ്ടാന്തമാണു്.

ചിത്തഭ്രമത്തിനും ഇതിന്നു വളരെ സാമ്യമുണ്ടു്. ഡാക്ടർ അബർക്രാംബിയുടെ അഭിപ്രായത്തിൽ ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം ഇതാകുന്നു. ഭ്രാന്തിൽ തെററായ വിചാരം ദീനമുള്ള കാലം മുഴുവനും നിലനിൽക്കുന്നു. അതിനാൽ തൻെറ നടപടി അതിന്നനുസരിച്ചതായിരിക്കും. സ്വപ്നത്തിൽ ഉള്ളതു ഉണൎന്നാൽ ഇല്ലാത്തതിനാൽ ഇതു വരുന്നില്ലാ. ഒരു വൈദ്യൻ ഒരു ഭ്രാന്തനെ കുറെക്കാലം ചികിത്സിച്ചു അവൻെറ ദണ്ഡം മാറി. മാറിട്ടു ഒരാഴ്ചവട്ടംവരെയും ഭയങ്കരമായ സ്വപ്നവും അതിന്നനുസരിച്ചു ശരീരചേഷ്ടകളും ഉണ്ടായിരുന്നു. (ഭ്രാന്തുള്ളപ്പോൾ ഉള്ളമാതിരിതന്നെ)

സ്വപ്നത്തിൻെറ കാരണം ഞാൻ മുൻപു പറഞ്ഞതു ഓൎക്കുന്നുണ്ടെങ്കിൽ മേൽപറഞ്ഞ ഉദാഹരണങ്ങൾ സംഭവിക്കാൻ പ്രയാസമില്ലെന്നറിവാൻ സംഗതിയുള്ളതാണു്. ഈ ഉദാഹരണങ്ങളെക്കൊണ്ടുതന്നെ സ്വപ്നം വിശ്വസിക്കത്തക്കതല്ലെന്നു് തീൎച്ചയാകുന്നു. ചില സംഗതികളിൽ ശരിപ്പെടുന്നതുകൊണ്ടു് അത്ഭുതപ്പെടാനില്ലാ. വസ്തുത ആലോചിക്കുമ്പോൾ ശരിയാകുന്ന സ്വപ്നങ്ങൾ ചുരുങ്ങുന്നതിനെക്കുറിച്ചാണു് ആലോചിപ്പാനുള്ളതു്. ഹിന്ദുക്കളുടെ ശാസ്ത്രപ്രകാരം ചിലസമയത്തു കാണുന്ന സ്വപ്നം ശരിയായിവരണം എന്നുണ്ടെന്നു എന്നോടു ഒരു ശാസ്ത്രജ്ഞൻ പറഞ്ഞതായി ഓൎമ്മയുണ്ടു്. അങ്ങിനെ തീൎച്ചയായി പറവാൻ തരമുണ്ടെന്നു എനിക്കു തോന്നുന്നില്ലാ. അതിൻെറ കാരണങ്ങളുംകൂടി കേട്ടല്ലാതെ ശരിയോ തെററോ എന്നു് പറഞ്ഞാൽ അപകടത്തിൽ ചാടാനാണു് എളുപ്പം. അതുകൊണ്ടു് അവയെ കേൾപ്പാനുള്ള ആഗ്രഹത്തോടുകൂടി ഈവിഷയത്തെപ്പററിയുള്ള എൻെറ പ്രബന്ധത്തെ അവസാനിപ്പിക്കുന്നു.

പി. കേ. എം.

---

# നർ. യോഗം.

മലയാളബ്രാഹ്മണർ ത്രിശിവപേരൂര് യോഗമെന്നും തിരുനാവായ യോഗമെന്നും ഇങ്ങിനെ രണ്ടുയോഗമായിഭാഗിക്കപ്പെട്ടിട്ടുണ്ട്. അതു് ഋഗ്വേദികളെ സംബന്ധിച്ചിടത്തോളംമാത്രമാണ്. മലയാളത്തിൽ മൂന്നുവേദത്തെയും അനുസരിക്കുന്ന ബ്രാഹ്മണരുണ്ട് എങ്കിലും സാമവേദികൾ വളരെ ചുരുക്കമേയുള്ളു. പറഞ്ഞാലുംകിടങ്ങരും കൂടിയാൽ പത്തിരുപതിൽഅധികം ഇല്ലങ്ങൾ ഉണ്ടെന്നുതോന്നുന്നില്ല. യജുൎവ്വേദികൾഇരിങ്ങാലക്കുട, പെരുമനം, ഠരണ്ടുഗ്രാമങ്ങളിലാണ് അധികമായിട്ടുള്ളത്. പെരിഞ്ചെല്ലൂർമുതലായ ഉത്തരഗ്രാമങ്ങളിലും യജുസ്സുകൾ ധാരാളമായിട്ടുണ്ടെന്നു അറിയുന്നുണ്ട്. മേല്പറഞ്ഞ രണ്ടുവകക്കാരും ഒഴികെ ശേഷം മലയാളത്തിലുള്ള എല്ലാനമ്പൂരിമാരും (ഓത്തില്ലാത്തവനൊച്ചാണൊന്ന് പറയേണ്ടതില്ലല്ലോ) ഋഗ്വേദികളും ഇവരിൽ എല്ലാവൎക്കും അവശ്യം പറഞ്ഞിട്ടുള്ള രണ്ടിൽ ഒരുയോഗത്തിൻെറ വാല്ധ്യാൻെറ അടുക്കൽ അഭിവാദ്യംവേണ്ടതും അണ്ട്. ഇങ്ങിനെ രണ്ടുയോഗമായി പിരിഞ്ഞതിന്നു് ആഗമം എന്താണെന്ന് പറവാനാകുന്നു ആരംഭിക്കുന്നതു്.

മലയാളത്തിൽ വേദാന്തശാസ്ത്രജ്ഞനായി ശങ്കരാചാൎയ്യർ എന്നു പേരോടുകൂടിയ ഒരു പ്രസിദ്ധപുരുഷൻ ജനിച്ചതായി നമുക്ക് എല്ലാവൎക്കും അറിയാമല്ലോ. അദ്ദേഹം പരദേശിയായിരുന്നു എന്ന് ഒരുപക്ഷമുണ്ട്. എന്നാൽ ആപക്ഷം ശരിയല്ലെന്നും തിരുവിതാംകൂറിൽ കാലടിയാണ് അദ്ദേഹിൻെറജന്മഭൂമിയെന്നും അദ്ദേഹം അഭിജാത്യമുള്ള ഒരു നമ്പൂരിയായിരുന്നു എന്നും ഇപ്പോൾ എല്ലാരും സമ്മതിക്കുന്ന ഒരു കഥയാണ്. അദ്ദേഹം നിത്യബ്രഹ്മചാരിയായിരുന്നു എന്നും ബാല്യത്തിൽതന്നെ സന്ന്യസിച്ചു എന്നും നോം പ്രസിദ്ധമായി പറഞ്ഞുകേട്ടിട്ടുണ്ടല്ലോ. ഒരിടയ്ക്കു് ബൌദ്ധ മതത്തിന്ന് ഭാരതഖണ്ഡത്തിൽ വളരെ പ്രാബല്യം ഉണ്ടായിവന്നു. ബൌദ്ധമതം എന്നു പറഞ്ഞതു് ക്രിസ്തുമതത്തേയോ മഹമ്മദു മതത്തേയൊ അനുസരിക്കുന്നതുവരെ സംബന്ധിച്ചല്ലാ ഇവിടെ പറഞ്ഞിരിക്കുന്നതു് എന്നും ബുദ്ധമുനിയുടെ മതത്തെ പിന്തുടരുന്നവരെകുറിച്ചാണെന്നും പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അതിൽ അന്നുണ്ടായിരുന്ന ശാസ്ത്രജ്ഞന്മാരുടേയും ഗ്രന്ഥകാരന്മാരുടേയും

വാഗ്വൈഭവംകൊണ്ടും പ്രയോഗചാതുൎയ്യംകൊണ്ടും ഉത്തരദേശങ്ങളിൽ എന്നുവേണ്ട ദക്ഷിണദേശങ്ങളിലും ഉള്ള രാജാക്കന്മാരും ഇടപ്രഭുക്കന്മാരും അധികവും ബുദ്ധമതാനുസാരികളായിതീൎന്നു. അങ്ങിനെയിരിക്കുന്ന കാലത്താണ് ശങ്കരാചാൎയ്യരുടെ ജനനം. ഇദ്ദേഹം ഒരു അവതാരപുരുഷനായിരുന്നു എന്നു നമ്മുടെ ഇടയിൽ ഒരു പക്ഷമുണ്ട്. അതില്ലെങ്കിലും അദ്ദേഹം ഒരു അതിമാനുഷനായിരുന്നു എന്ന് എല്ലാവരും സമ്മതിക്കാതെ കഴികയില്ല. പൂൎവ്വകാലങ്ങളിൽ അതിബുദ്ധിയെ‌ാ അതിശക്തിയൊ കാണുന്നിടത്തു ദിവ്യത്വം കല്പിക്കുന്നതു വലിയ അത്ഭുതമല്ലെന്നു നമ്മുടെ ഇന്നത്തെ അനുഭവംകൊണ്ടുതന്നെ അറിയാവുന്നതാണ്. ഇദ്ദേഹത്തിന്റെ അറിവും ബുദ്ധിസാമൎത്ഥ്യവുംകൊണ്ടാണു ബൌദ്ധന്മാരെ ഭാരതഖണ്ഡത്തിൽ നിന്ന് ആട്ടിപ്പായിച്ചു കളഞ്ഞതു്. സന്ന്യാസിമാരുടെ സന്തതിയും സമ്പത്തും ശിഷ്യകളാണല്ലൊ. ശങ്കരാചാൎയ്യരുടെ ശിഷ്യകളിൽ നാലുപേർ പ്രധാനികളായിട്ടുണ്ടായിരുന്നവരിൽ ഒരാൾ പരദേശിയും ശേഷം മൂന്നുപേർ മലയാളികളും ആയിരുന്നു. അതിൽ പരദേശിയായ ശിഷ്യനെയാകുന്നു തന്നാൽസ്ഥാപിക്കപ്പെട്ടതും മൈസൂർ രാജ്യത്തുള്ളതും ആയ ശൃംഗേരിമഠത്തിലേക്ക് അവരോധിച്ചതു്. ശേഷം മൂന്നു ശിഷ്യകളും മലയാളത്തിൽതന്നെയാണ് സ്ഥാനംപിടിച്ചുതാമസിച്ചതു്. തെക്കേമഠം നടുവിലേമഠം വടക്കേമഠം എന്നു പറയുന്ന മൂന്നു സ്ഥലങ്ങൾ സന്ന്യാസിമാരുടെയും ശങ്കരാചാൎയ്യരുടെ മലയാളശിഷ്യകളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ആകുന്നു. ഇതിൽ വടക്കെ മഠത്തിൽ ഒഴികെ ശേഷം രണ്ടുമഠങ്ങളിലും ഇന്നും സ്വാമിയാന്മാരുണ്ടെന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ വടക്കേമഠത്തിൽ മാത്രം സന്ന്യാസം നിന്നു പോകുന്നതിനുള്ള കാരണം പറയാം.

ഒരു കാലത്തു വടക്കേ മഠത്തിൽ ഒരു എമ്പ്രാൻ സ്വാമിയാരുണ്ടായിരുന്നു. പണ്ടു ഈ മഠങ്ങളിൽ എമ്പ്രാന്മാൎക്ക സാധാരണയായി സന്ന്യാസം കൊടുത്തിരുന്നതുപോലെ ഇക്കാലത്തു കൊടുക്കുമൊ എന്നു സംശയമാണ്. അക്കാലത്തു അദ്ദേഹം ഒരാൾമാത്രമെ ആ മഠത്തിലേക്കു സന്ന്യസിച്ചിട്ടുണ്ടായിരുന്നുള്ളു. ബാല്യത്തിൽതന്നെസന്ന്യസിച്ചിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ വൃദ്ധയായ അമ്മയ്ക്കു വളരെ വ്യസനവും കുണ്ഠിതവും ഉണ്ടായിരുന്നു. ഒരിക്കൽ പൂൎവ്വാശ്രമത്തിൽ ചെന്നിരുന്നസമയം ഇതുപോലെ ഉള്ള വ്യസനം ഇനി ഒരമ്മമാൎക്കും ഉണ്ടാകാൻ സംഗതിവരാതിരിക്കണമെന്നു സ്ത്രീബുദ്ധിയോടു തന്റെ മകനെവിളിച്ചു മേലിൽ ആൎക്കും സന്ന്യാസംകൊടു

ക്കുതന്നെ കാലുപിടിച്ചു സത്യംചെയ്യിപ്പിച്ചു. ഒരു സന്ന്യാസി സന്ന്യാസംകൊടുത്തല്ലാതെ ഒരു സ്വസ്ഥന്നു സന്ന്യാസിയാകുവാൻ തരമില്ല. വടക്കെമഠത്തിലുണ്ടായിരുന്ന സ്വാമിയാരു ഒരാൾമാത്രമായി ശേഷിച്ചിരുന്നതിനാലും അദ്ദേഹത്തിന്നു സത്യംനിമിത്തം മററാൎക്കും സന്ന്യാസം കൊടുപ്പാൻ നിവൃത്തിയില്ലാതെ വന്നതിനാലും ഈ മഠത്തിൽ എമ്പ്രാൻസ്വാമിയാരോടു കൂടെ സന്ന്യാസം കലാശിച്ചു. ഇപ്രകാരം വന്നു സംഭവിപ്പാൻ ശാപമുണ്ടെന്നു കൂടി ഒരു പഴമയുണ്ടു്.

ഈ എമ്പ്രാൻസ്വാമിയാരു സഞ്ചരിച്ചുകൊണ്ടിരുന്ന കാലത്തു പെരുമനംഗ്രാമത്തിൽ ചേൎന്ന പെരുമ്പടപ്പുവൈദികന്റെ ഇല്ലത്തു ചെല്ലുകയും അന്നു അവിടെയുള്ളവർ അദ്ദേഹത്തെ വേണ്ടുംവണ്ണം സല്ക്കരിക്കാതിരിക്കുകയും ചെയ്തുനിമിത്തം സന്തതിയില്ലാതെ പോകട്ടെ എന്നു ശപിച്ചു. ആലത്തിൽ. സന്ന്യാസികളുള്ള സ്ഥാനത്തിൽ ഇരുത്തിയില്ലത്രെ. സ്വാമിയാരു് എമ്പ്രാൻ ആണു് എന്നുള്ള നീരസംകൊണ്ടായിരിക്കണം ഇങ്ങിനെ ചെയ്തതു. ഇന്നുകാണുന്ന അഭിജാത്യഭ്രമവും അതുനിമിത്തം ഉണ്ടാകുന്ന സൌന്ദൎയ്യപ്പിണക്കങ്ങളും ദ്രവ്യനാശവും പഴമയിൽതന്നെ അഭ്യസിച്ചുപോന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. സ്വാമിയാരെപ്പോലെതന്നെ വൈദികനും നല്ല തപശ്ശക്തിയും സാധുത്വവും ശുദ്ധിയും ഉള്ള ആളായിരുന്നതിനാൽ തന്നെ ശപിച്ചപ്രകാരം തന്നെ താൻ സ്വാമിയാരെയും ശപിച്ചു. രണ്ടു ശാപവും ഫലിച്ചു എന്നാണു വെപ്പു. എത്ര തന്നെ ദത്തു് എടുത്താലും പെരുമ്പടപ്പിൽ സന്തതിഭാഗം എല്ലാകാലത്തും കഷ്ടിതന്നെ. വടക്കെ മഠത്തിലൊ സന്ന്യാസവും ഇല്ലാതായി തീൎന്നുവെല്ലോ.

തനിക്കുമേലിൽ മററാൎക്കും സന്ന്യാസംകൊടുപ്പാൻ നിവൃത്തിയില്ലാതെ തീൎന്നപ്പോൾ ശിഷ്യപാരമ്പൎയ്യം നശിച്ചുപോകുന്നുവല്ലോ എന്നുള്ള വ്യസനത്തോടെ മാപ്പുറം വകയായ സകല സ്വത്തുക്കളും ഓതിക്കന്മാരുടെ ചിലവിലേക്കായി ബ്രാഹ്മണൎക്കായിക്കൊണ്ടു എഴുതിക്കൊടുത്തു. ഇതിന്നു മുമ്പിൽതന്നെ പഠംചൊല്ലുന്നതിന്നു സാധാരണമായി നമ്പൂരിമാർ തൃശ്ശിവപേരൂരുവന്നു താമസിച്ചിരുന്നു. എന്നാൽ ആ കാലത്തു ചിലവിന്നുവകയില്ലാതെ ബുദ്ധിമുട്ടി ഭക്തപ്രിയത്താണു് ഓതിക്കന്മാൎക്കുള്ള വാസസ്ഥലം ഉണ്ടായിരുന്നതു. ആ പഴമ മറക്കാതിരിപ്പാനായി തൃശ്ശിവപേരൂരു് ഓതിക്കന്മാരെ ഇന്നും ഭക്തപ്രിയത്തു് ഓതിക്കന്മാരെന്നും പറഞ്ഞുവരുന്നുണ്ടു്. വടക്കെ

മഠംവക സ്വത്തുക്കൾ ബ്രഹ്മസ്വത്തിലേയ്ക്കു് എഴുതിക്കൊടുത്തകാലത്തു ചാങ്ങലിയോട്ടു നമ്പൂരി എന്ന ഒരാൾ നല്ലഓതിക്കോനായിത്തീൎന്നിരുന്നതുകൊണ്ടു് അദ്ദേഹത്തിനെ യോഗഗുരുവായും നിശ്ചയിച്ചു. അതിൽ പിന്നെ ഠരം ബ്രഹ്മസ്വം മഠം കൊച്ചീരാജാക്കന്മാരുടെ അധീനതയിലും രക്ഷയിലും ആയിരുന്നതിനാൽ ക്രമേണ മഠത്തിലേയ്ക്കു് പുഷ്ടിയും അഭിവൃദ്ധിയും ഉണ്ടാവാൻ ഇടയായി.

കൊച്ചിയിലെ മേലന്വേഷണവും പോഷണവും സാമൂതിരിരാജാവിന്നു് സുഖമായില്ലെന്നു് പറയേണ്ടതില്ലല്ലോ. അക്കാലത്തിൽ മലയാളത്തിൽ പ്രാധാന്യം എല്ലാംകൊണ്ടും നമ്പൂരിമാൎക്കായിരുന്നതിനാൽ അവരെ കൊണ്ടാടുവാൻ തങ്ങൾ തങ്ങൾ വേണം എന്നു് അഭിമാനം രണ്ടുരാജാക്കന്മാൎക്കും ഒരുപോലെയുണ്ടായിരുന്നു. എന്നാൽ ഇവർ തമ്മിലുള്ള സ്വരച്ചേൎച്ചയോ—

"കേട്ടാലുംപണ്ടുകേളിപ്പുതുമയൊടുമിണക്കത്തെഴുംകൊച്ചി
കോഴിക്കോട്ടാ രണ്ടുഴികൾക്കുള്ളുടയവർകളിടഞ്ഞായിരുന്നുനടപ്പു്"

ഈ മത്സരംനിമിത്തം നമ്പൂരിമാർതന്നെ രണ്ടുപക്ഷമായിപിരിഞ്ഞുപിരിഞ്ഞുപോയവർ കോഴിക്കോട്ടുചെന്നാശ്രയിച്ചു ഭാരതപ്പുഴവക്കത്തു തിരുനാവായ എന്നസ്ഥലത്തു സഭാമഠവുംപണിയിച്ചു. വേറെ ഒരു യോഗഗുരുവിനേയും (എക്കര എന്നാണു് ഈവാധ്യാന്റെ ഇല്ലപ്പേരു്)സ്വീകരിച്ചു പാൎപ്പാൻതുടങ്ങി. ആഭിജാത്യംകുറഞ്ഞ ഒരു നമ്പൂരിയെക്കൊണ്ടു് ഓത്തു തുടങ്ങിക്കുക കൊണ്ടാണു്. യോഗം രണ്ടായിപിരിയുവാൻ കാരണമെന്നു് ഒരുസംഗതിപറയുന്നതു അത്ര ശരിയാണെന്നു് തോന്നുന്നില്ല. ഇതു് അഥവാ തെററാണെങ്കിൽ തന്നെയും അതു് എളുപ്പത്തിൽ നിവൃത്തിക്കാവുന്ന ഒരു പിഴയാകയാൽ ശാശ്വതമായി യോഗംപിരിയുവാൻ സംഗതിയായതു രാജാക്കന്മാരുടെ മത്സരമായിരിക്കണമെന്നുള്ളതിലേയ്ക്കു് സംശയമില്ല. ഏതു വിധമായാലും രണ്ടുയോഗവും രണ്ടുപക്ഷവും ഉണ്ടാകനിമിത്തം മലയാളത്തിൽ വേദപാഠം അശേഷം നശിക്കാതെ കിടപ്പാൻ ഇടയായി എന്നു് സന്തോഷത്തോടെ പറയേണ്ടതായിവന്നിരിക്കുന്നു.

# ഗദ്യമാലികയെപ്പററി ചില മഹാന്മാരുടേയും പൊതുജനപ്രതിനിധിസ്ഥാനം വഹിക്കുന്ന ചില മാന്യപത്രങ്ങളുടെയും അഭിപ്രായ സംക്ഷിപ്തം.

—

... ... ... ... ...

൧. ഇവയെ തിരിഞ്ഞെടുത്തതു ഇദാനീന്തനഭാഷാഭിമാനികളിൽ പ്രഥമഗണനാൎഹന്മാരായ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ. മുതലായ അഞ്ചുയോഗ്യന്മാരടങ്ങിയ ഒരുകമ്മററിയാണ്. ഇത്രയുംകൊണ്ടുതന്നെ പ്രസാധകൻ ഈ ഗദ്യമാലിക പ്രസിദ്ധപ്പെടുത്തുന്നതിൽ തന്റെ കൃത്യത്തെ എത്ര ബുദ്ധിപൂൎവ്വം നിറവേററിയിരിക്കുന്നുവെന്നും എത്ര വിശ്വാസത്തോടുകൂടി ഞങ്ങൾക്കിതിനെ ശുപാർശചെയ്വാൻ കഴിയുമെന്നും വെളിവാകുന്നുണ്ടല്ലോ... ... ... ...

"വിവേകോദയം."

൨. അച്യുതമേനോൻ അവർകൾ ദുർഗ്രഹങ്ങളായ ധനശാസ്ത്രതത്വങ്ങളേയും സാഹിത്യതത്വങ്ങളേയും സാധാരണന്മാൎക്കുകൂടി സുഗ്രഹമാകത്തക്കവണ്ണം അതിലളിതമായി എഴുതീട്ടുള്ള ഉപന്യാസങ്ങൾ മലയാളഭാഷയുള്ള കാലമത്രയും ഗദ്യസാഹിത്യത്തിനുബഹുമാനസ്തംഭങ്ങളായിരിക്കുന്നതാണ്. ഈ നല്ല ഉപന്യാസങ്ങളെ വായിക്കണമെന്നു അത്യാഗ്രഹമുള്ള പലെ ആളുകളുടെയും ആശയെ സാധിക്കുന്നതിന് ബി. വി. ബുക്ക് ഡിപ്പോകാൎയ്യസ്ഥന്മാർ ഉദ്യമിച്ചതിനെപ്പററി മലയാളികൾ എല്ലാവരും അഭിനന്ദിക്കേണ്ടതു തന്നെ.

"ശാരദ."

ഞങ്ങൾ ശ്രദ്ധാപൂൎവ്വം വായിച്ചു നോക്കിയതിൽ ഗദ്യമാലികയെപ്പോലെ മലയാളഭാഷാസാഹിത്യപരിപോഷകങ്ങളായ പുസ്തകങ്ങൾ ഉത്ഭവിച്ചിട്ടില്ലെന്നു ഞങ്ങൾക്കു തോന്നിയിരിക്കുന്നു. സവ്

കലാശാലക്കാർ ഇതിനെ ഒരു പാഠപുസ്തകമായി സ്വീകരിച്ചിരിക്കുന്നു എന്നു കാണുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്.

"മനോരമ."

ഗദ്യമാലിക സ്കൂളുകളിൽ പാഠപുസ്തകമായി നിയമിക്കേണ്ട വകയിൽ എല്ലാവിധത്തിലും ശ്രേഷ്ഠമായ ഒന്നാകുന്നു.

"കേരളസഞ്ചാരി."

ബി. വി. ബുക്കഡിപ്പോക്കാരുടെ വകയായി ഭാഷയ്ക്കു അത്യുപകാരപ്രദമായ ചില പുസ്തകങ്ങൾ അച്ചടിച്ചു പരസ്യം ചെയ്തുവരുന്നു.........അവർ ഇപ്പോൾ ഞങ്ങൾക്കു അഭിപ്രായത്തിനായി അയച്ചുതന്നിട്ടുള്ളതു് ഗദ്യമാലിക ഒന്നാംഭാഗമാകുന്നു. ഇതിൽ വിദ്യാവിനോദിനിയുടെ 1064—1070 വരെയുള്ള ലക്കങ്ങളിലെ ചിലവിശേഷപ്പെട്ട ഉപന്യാസങ്ങളാകുന്നു അടങ്ങിയിരിക്കുന്നതു്. അക്കാലത്തു് വിദ്യാവിനോദിനിയുടെ പത്രാധിപർ ശാസ്ത്രീകവിഷയങ്ങളെ കാഠിന്യം കളഞ്ഞു ലളിതപ്പെടുത്തി കവിസൂക്തിസുലഭമായ മാധുര്യത്തോടുകൂടി എഴുതുന്നതിൽ വിശേഷസാമർത്ഥ്യം ഉള്ള അച്യുതമേനോൻ അവർകളായിരുന്നു എന്നും അക്കാലത്തെ വിദ്യാവിനോദിനി സർവരാലും സമ്മതിക്കപ്പെട്ടിരുന്നു എന്നുള്ളതും ഞങ്ങൾ പറയേണമെന്നില്ലല്ലോ. അച്യുതമേനോൻ അവർകളുടെ ഉപന്യാസങ്ങൾ വായിക്കാറില്ലപ്പോഴും ആഗ്രഹിക്കാത്ത രസികന്മാർ ഉണ്ടായിരിക്കയില്ല. ...............ഇതു് പരസ്യംചെയ്ത ബി. വി. ബുക്കഡിപ്പോക്കാർ മലയാളഭാഷയ്ക്കും മലയാളികൾക്കും വലിയ ഒരുപകാരമാണു ചെയ്തതു്. ഉപന്യാസങ്ങളൊക്കെത്തിരിഞ്ഞെടുത്തതു് കേരളത്തിലെ പ്രസിദ്ധന്മാരായ ചില ഗദ്യമെഴുത്തുകാരാണു്. കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്സ്. ഐ. തിരുമനസ്സിലെ ഒരവതാരികയും കൊച്ചീ രാമവർമ്മ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ ഒരു മുഖവുരയും ഈ പുസ്തകത്തിന്റെ ആദ്യഭാഗങ്ങളെ നല്ലതിന്നണ്ണം അലങ്കരിച്ചിരിക്കുന്നു. പുസ്തകത്തിന്റെ അച്ചടിയുംമററും വളരെനന്നായിട്ടുണ്ടു്............ഇതിന്റെ പ്രകടനാധികൃതനായ കുളക്കുന്നത്തു ഗോപാലമേനോൻ അവർകളുടെ ഉദ്യമത്തെഞങ്ങൾ സർവാത്മനാ അഭിനന്ദിക്കുന്നു.

"മിത്രവാദി."

തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോ പ്രവർത്തകന്മാരാൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം ചിരകാലം വിചികിർഷിതമായ ഒരാവശ്യത്തെ നിറവേററിയിരിക്കുന്നു............ഈ പുസ്തകത്തെ സർവകലാശാലയിൽനിന്നു് പാഠ്യപുസ്തകമാക്കിയതായി അറിയുന്നതിൽ ഞങ്ങൾക്കു് സന്തോഷമാണുള്ളതു്. പാഠപുസ്തകമാക്കിയില്ലെങ്കിൽതന്നെയും സാധാരണ ജനങ്ങൾ വാങ്ങി പഠിക്കേണ്ടതാണു് ഈ പുസ്തകമെന്നു് ഞങ്ങൾ വിചാരിക്കുന്നു.

"സ്വദേശാഭിമാനി."

........വിനോദിനിയിലെ നല്ലനല്ല ഉപന്യാസങ്ങൾ തിരഞ്ഞെടുത്തു ഒന്നാക്കിച്ചേർത്തിട്ടുള്ള ഒരു പുസ്തകമാണു് ഈ 'ഗദ്യമാലിക'. ഇതിൽ തിരഞ്ഞെടുത്തു ചേർത്തിട്ടുള്ള ഉപന്യാസങ്ങൾ അനേകവിധസാരഗർഭങ്ങളോടുകൂടി നല്ലമലയാളഭാഷയിൽഎഴുതീട്ടുള്ളവയാണു്. ഈ വകപുസ്തകങ്ങൾ പാഠപുസ്തകമാക്കുന്നതായാൽ വിദ്യാർത്ഥികളുടെ ഭാഷ വഷളാകാതെ കഴിച്ചുകൂട്ടാവുന്നതും അനേകതത്വങ്ങൾ ഗ്രഹിക്കാവുന്നതുമാകുന്നു.

"കേരളപത്രിക."

വിദ്യാവിനോദിനി മാസികയുടെ നല്ലകാലത്തു അറിവുള്ളവർ മനസ്സിരുത്തി എഴുതീട്ടുള്ള നല്ലനല്ല ലേഖനങ്ങളെ ഇദാനീന്തനഭാഷാഭിമാനികളിൽ പ്രഥമഗണനീയന്മാരായ ചിലർ ചേർന്നു തിരഞ്ഞെടുത്തതും ബി. വി. ബുക്കുഡിപ്പോവകയായി പ്രസിദ്ധപ്പെടുത്തിയതുമാകുന്ന 'ഗദ്യമാലിക' എന്ന ഈ പുസ്തകം എന്നുപറഞ്ഞാൽ പിന്നെ ഇതിന്റെ ഗുണപൌഷ്കല്യത്തെക്കുറിച്ചു് ഞങ്ങൾ ഒന്നുംതന്നെ പ്രസ്താവിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. നല്ല ഗദ്യഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ദുർല്ലഭമായി ഇരിക്കുന്ന ഇക്കാലത്തു ഇതിന്റെ പ്രസാധകനായ രാ. രാ. കുളക്കുന്നത്തു ഗോപാലമേനോൻ അവർകളുടെ ഉചിതകൃത്യത്തെ എത്രതന്നെ ശ്ലാഘിച്ചാലും മതിയാകുന്നതല്ല.

"ലക്ഷ്മീഭായി."

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സകല വിഷയങ്ങളും എല്ലാക്കുട്ടികളും ഹൃദിസ്ഥമാക്കേണ്ടവയാണെന്നു പറവാൻ ഞാൻ ഒട്ടും സംശയിക്കുന്നില്ല എന്നുതന്നെയല്ല കുട്ടികൾ അങ്ങനെ ചെയ്താൽ അവൎക്കു നല്ല മലയാളത്തിൽ എഴുതുവാൻ കഴിയുന്നതിന്നു പുറമേ ലൌകീകവിഷയപരിജ്ഞാനം സമ്പാദിക്കയും അതു നിമിത്തം ഇഹലോകത്തിൽ തങ്ങൾ ചെയ്യേണ്ടുന്ന കൃത്യങ്ങൾ ഇന്നവയെന്നറിഞ്ഞു പ്രവൃത്തിക്കുകയും ചെയ്വാൻ അവൎക്കു സാധിക്കും. ഇങ്ങിനെ പലലേഖനങ്ങളും കൂട്ടിച്ചേൎത്തു ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതിൽ പ്രസാധകനും ഇതിലേക്കായി ഉത്സാഹിച്ചിട്ടുള്ള മററുള്ളവരും മലയാളഭാഷയ്ക്കു് വലുതായ ഉപകാരം ചെയ്തിരിക്കുന്നു.

KERALA VARMA,

*9th Prince of Cochin.*

"ഇങ്ങനെ ഒരു പുസ്തകം തീൎക്കുവാൻ തോന്നിയ നിങ്ങളുടെ മനോധൎമ്മത്തെ പ്രശംസിക്കാതെയിരിപ്പാൻ നിവൃത്തിയില്ല."

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

"നിങ്ങളുടെ ഈ ഉദ്യമം ഏററവും ശ്ലാഘ്യമാകുന്നു."

അഴകത്തു പത്മനാഭക്കുറുപ്പ്.

..............................ഭാഷാപോഷണവിഷയത്തിൽ നിങ്ങൾ ഏറിയനാളായി ചെയ്തുവരുന്ന പരിശ്രമത്തിൽ ഒരം ഉദ്യമം മലയാളഭാഷയിൽ ശരിയായ ഒരു ഗദ്യപുസ്തകം ഇല്ലെന്നുള്ള ന്യൂനതയെ ഇതു നിശ്ശേഷം നശിപ്പിച്ചിരിക്കുന്നു എന്നു് നിശ്ശംകം പറയാവുന്നതാണു്. ഇത്രത്തോളം സമയത്തേയും, ധനത്തേയും, വ്യയംചെയ്തിട്ടുള്ള നിങ്ങളുടെ ഒരം പ്രവൃത്തി സൎവ്വവിജയത്തെ പ്രാപിക്കട്ടെ.

കെ. ഗോപാലമേനവൻ

എക്സൈസ് ഇൻസ്പെക്ടർ.

കൊല്ലം.

ഇങ്ങനെയുള്ള ഒരു പുസ്തകം നമ്മുടെ ഭാഷയിലില്ലെന്നുള്ള അ വലിയന്യൂനതയെ പരിഹരിക്കേണ്ടതിനായി താങ്കൾ ചെയ്തിട്ടുള്ള ശ്രമം ശ്ലാഘനീയമായിത്തന്നെയിരിക്കുന്നു. പ്രസിദ്ധമാസികയായിരുന്ന വിദ്യാവിനോദിനിയിൽ നിന്നും ഇദാനീന്തനഭാഷാഭിമാനികളിൽ പ്രഥമഗണനാൎഹന്മാരായ മഹാന്മാർ പൎയ്യാലോചന ചെയ്ത് തിരിഞ്ഞെടുത്തിട്ടുള്ള ഉപന്യാസങ്ങളാണ് ഇപ്പുസ്തകത്തിലുള്ളത് എന്നുള്ള സംഗതി പഞ്ചസാര തേനിൽ കുഴച്ചതുപോലെയുള്ള ഒരനുഭവത്തെ വരുത്തിയിരിക്കകൊണ്ട്, ഇതിന്നു, അസാമാന്യമായ പ്രചാരമുണ്ടാകുമെന്ന്, ന്യായമായി വിചാരിക്കാവുന്നതാണ്. അങ്ങനെയിരിക്കെ അയതിന്നു പുറമേ ഭാഷാസംബന്ധമായ കാൎയ്യത്തിൽ എല്ലാംകൊണ്ടും പ്രത്യേകമായി പ്രശംസാൎഹമാംവണ്ണം അത്യുന്നതാവസ്ഥയിലിരിക്കുന്ന വിശ്വവിശ്രുതനായ മഹാമഹിമശ്രീ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സഹജവാങ്മാധുൎയ്യാദി ഗുണപൂരിതമായിരിക്കുന്ന ഒരവതാരികയും രസികരഞ്ജിനിയുടെ ജനയിതാവെന്ന നിലയിൽ ഭാഷാസംബന്ധമായിപലതും പ്രവൃത്തിച്ച ഭാഷാഭിമാനികളുടെ ഹൃദയത്തെ ആകൎഷിച്ച വിശേഷകീൎത്തി സമ്പാദിച്ചിട്ടുള്ള കൊച്ചി ൧൧-ാംകൂറു തമ്പുരാൻ തിരുമനസ്സിലെ ഒരു മുഖവുരയും ഇപ്പുസ്തകത്തിനു പ്രത്യേകഭൂഷണമായിരിക്കയാൽ ഇതിനുണ്ടാകാവുന്ന പ്രചാരത്തെപ്പററി ഇനിഞാൻ എന്താണ് ഇവിടെ ഒന്നു പറയേണ്ടതു. സൎവ്വകലാശാലക്കാർ ഇപ്പുസ്തകത്തെ ഇതക്ഷണത്തിൽ പാഠപുസ്തകമായി സ്വീകരിച്ചിട്ടുള്ളതുതന്നെ ഇതിന്റെ ഭാവ്യവസ്ഥയുടെ മാഹാത്മ്യത്തെ സൂചിപ്പിക്കുന്ന ഒരു പ്രത്യക്ഷലക്ഷ്യമായിരിക്കുന്നു എന്നത്രേ എന്റെ വിചാരം. അതുകൊണ്ടീക്കാൎയ്യത്തിൽ താങ്കളുടെ ആലോചനയും അ ആലോചനയെ സഫലമാക്കിച്ചെയ്യുന്നതിനു പ്രയോഗിച്ചിട്ടുള്ള മാൎഗ്ഗങ്ങളും വളരെ യോഗ്യമായിരിക്കുന്നുവെന്നു പറയാതിരിപ്പാൻ യാതൊരുനിവൃത്തിയുമില്ല. അതിനാൽ ഇതുപോലെയുള്ള സംഗതികളിൽ ഇനിയും പ്രവൃത്തിപ്പാൻ താങ്കൾക്കു ഉത്സാഹവും ധൈൎയ്യവും അധികമായി വൎദ്ധിക്കുന്നതിന്നു ഒരു പ്രാരംഭം ബലമായി സഹായിക്കുമെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. താങ്കൾക്കു സകല വിജയവും ഭവിപ്പൂതാക.

സി. ഡീ. ഡേവിഡ്.

..................I need hardly assure you that it is a publication which will meet with every encouragement from the Public, and it opens the door for a useful series of the kind being further pursued...

..................Palliyil Gopala Menon, B. A.,

I am glad to know that the University has adopted it as a Text-book. The book is every way admirable.

..................K. Paramu Pillai, M A.,

Gadyamalika is the name of a useful publication that the very enterprising firm B. V. Book Depot of Trivandrum has recently brought out. Vidyavinodini, a magazine, published about a decade ago from Trichur had a wide circulation and reputation as the best among the numerous Malayalam Journal that then existed or are in circulation to-day. The publication under notice is a series of selections from Vidyavinodini, of articles considered best by some of the wellknown Prose-writers of the day and is a volume that for purity of language and elegance of style, will find hardly any rival in the Malayalam literary world. H. H. Kerala Varma, C. S. I., the acknowledged father of malayalam prose and H. H. Rama Varma, the 9th Prince of Cochin, a critical scholar of chaste repute, have written fitting introductions to the publication which are, at once, a guarantee to its innate value and an index of the estimation it may receive at the hands of the scholars of the time. The Madras University has already prescribed it as a text-book for the F. A., Examination and we have no doubt that the Government of Travancore and Cochin will find it advisable to make use of the publication in school—a recognition which it so well deserves.

........The Indian Patriot.

The essays cover a wide variety of subjects such as wealth, money, currency, self-improvement, proverty. We have gone through some of these short essays and are in a position to say that they are written with care and in fine and idiomatic Malayalam Prose. It would be to the advantage of the the students undergoing instruction in the schools in Malabar, Cochin and Travancore if the educational authorities find

their ... ay to make this a permanent fealure of the school curricu... We draw the attention of the Madras Text-Book committ... o their interesting publication.

The Madras Standard.

The Prop...tor of the B. V. Book depot has done well in making a com...lation from "Vidyavinodini" which supplies at once a Text-Bo... for one of the several examinations in Travancore or else...here and a reading book for such as desire for short and well in...rming essays written in chaste language. The essays have been ...elected by such as are acknowledged to be among some of the ...st prose writers of the day and their connection is an additi...al guarantee to the acceptability of the Publication.

The Western Star.

Indic Digital Archive Foundation
gpura.org